580

KOTTAYAM PUBLIC LIBRARY

Call No. M380.    Acc. No. 35182

Author... നാരായണൻ സി

Title... സാമ്പത്തികാസൂത്രണം

# സാമ്പത്തികാസൂത്രണം

പ്രസാധകന്മാർ
**സാഹിത്യപ്രവത്തക സഹകരണ
സംഘം ലിമിററഡ്**

# SAMPATHIKASOOTHRANAM

(PLANNING)

BY

*C. Narayanan M. A., L. T.*

FIRST IMPRESSION SEPTEMBER 1954

Rights Reserved

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL

POST BOX 40, KOTTAYAM.

Rs. 2—0—0

# സാമ്പത്തികാസൂത്രണം

35132

ഗ്രന്ഥകർത്താ:

**സി. നാരായണൻ**

എം. എ., എൽ. റ്റി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

നാഷനൽ ബുക്ക്സ്റ്റാൾ

[illegible]ക്കൽബസാർ കോട്ടയം.

വില 2 രൂപ.

## സി. നാരായണൻെറ

### കൃതികൾ

പരസ്പരസഹായപ്രസ്ഥാനം

സാമ്പത്തികാസൂത്രണം

35132

330.

PRINTED AT
INDIA PRESS, KOTTAYAM

# സമൎപ്പണം

സ്വന്തം കുടുംബത്തെയെന്നപോലെ തന്നെ സമുദായത്തേയും അജ്ഞതയുടെ അന്ധകാരത്തിൽനിന്നു വിജ്ഞാനത്തിന്റെ വെളിച്ചത്തിലേയ്ക്കു നയിക്കുകയും സമുദായോദ്ധാരണത്തിനുവേണ്ടി അവിശ്രമം പരിശ്രമിക്കുകയും ചെയ്തു്, യശോമാത്രശേഷനായിരിക്കുന്ന എന്റെ വന്ദ്യപിതാവു് ശ്രീ. ചോയിരാമനെഴുത്തച്ഛന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ഈ എളിയ ഉപഹാരത്തെ ഭക്ത്യാദരപൂൎവ്വം സമൎപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ.

# മുഖവുര

നാമിന്നു് സാമ്പത്തികാസൂത്രണത്തിൻെറ കാലഘട്ടത്തിലാണു ജീവിക്കുന്നതു്. ലോകത്തിലെ പ്രമുഖരാഷ്ട്രങ്ങളെല്ലാം തന്നെ സാമ്പത്തികാസൂത്രണകാര്യത്തിൽ കൈവെച്ചിട്ടുണ്ടു്. ആസൂത്രണം സോവിയററ്‌റഷ്യയിൽ പിറവിയെടുക്കുകകാരണം ഇതരരാഷ്ട്രീയവ്യവസ്ഥിതിക്കൊന്നുംതന്നെ പററാത്തതാണു് അതെന്നായിരുന്നു ആദ്യകാലത്തെ വിശ്വാസം. എന്നാൽ കാലം ഈ അഭിപ്രായത്തെ മാററി. യുദ്ധവിവശമായ സമ്പദ്‌വ്യവസ്ഥയെ സമുദ്ധരിക്കുവാൻ നാസിജമ്മനി ഈ മുറ സ്വീകരിച്ചു. സാമ്പത്തികാധഃപതനത്തിൻെറ കെടുതിയിൽനിന്നു് രാജ്യത്തെ വിമോചിപ്പിക്കുവാൻ റൂസ്‌വെൽററിൻെറ അമേരിക്ക ആസൂത്രണനടപടികൾ കൈക്കൊണ്ടു്, ഇതരപ്രജായത്തരാഷ്ട്രങ്ങൾക്കു് മാർഗ്ഗദർശനം നല്കി. ലോകമഹായുദ്ധകാലത്തെ നിയന്ത്രണങ്ങൾ ഇതരരാജ്യങ്ങളിലും ആസൂത്രണത്തിന്നു കളമൊരുക്കി. യുദ്ധഹേതുകമായ സാമ്പത്തികത്തകർച്ച വിവിധരാജ്യങ്ങളിലും ആസൂത്രണം അനുപേക്ഷണീയമാക്കിത്തീർത്തു. അങ്ങനെ കമ്മ്യൂണിസത്തിൽ അധിഷ്ഠിതമായ റഷ്യയും ചൈനയും ഒരുവശത്തു്, മുതലാളിത്തപ്രജായത്തരാഷ്ട്രങ്ങളായ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നിവ മറുവശത്തു്, ഇവയ്ക്കു മദ്ധ്യേയായി

മററുള്ള പല രാജ്യങ്ങളും—ഇപ്രകാരമാണു് സാമ്പത്തികാസൂത്രണകാര്യത്തിൽ ലോകരാഷ്ട്രങ്ങളുടെ നില്പ്. ഒന്നുകിൽ യുദ്ധംനിമിത്തം തകൎന്ന സമ്പദ്‌വ്യവസ്ഥയെ പുനഃസംവിധാനം ചെയ്യാൻവേണ്ടി, അല്ലെങ്കിൽ, രാജ്യത്തിൻെറ സാമ്പത്തികവികസനം സാദ്ധ്യമാക്കാൻവേണ്ടി, ആസൂത്രണമുറ ഇന്നു് മിക്ക രാഷ്ട്രങ്ങളും അവലംബിച്ചിരിക്കയാണു്.

പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല, പൌരസ്ത്യദേശങ്ങളിൽക്കൂടി അടുത്തകാലത്തു് സാമ്പത്തികാസൂത്രണം വേരൂന്നിവന്നിട്ടുണ്ടു്. ബൎമ്മ 1946-ൽത്തന്നെ ഒരാസൂത്രണഡിപ്പാർട്ടുമെൻറു് ആരംഭിക്കുകയുണ്ടായി. (തദനന്തരം ഒരു അഷ്ടവത്സരപദ്ധതിരൂപവല്ക്കരിച്ചിട്ടുണ്ടു്.) 1947-ൽ ഫിലിപ്പൈൻസ് വ്യാവസായികപുനഃസംവിധാനത്തിന്നും വികസനത്തിന്നുമുള്ള ഒരു പദ്ധതി പ്രസിദ്ധീകരിച്ചു. 1948-ൽ സിലോൺ ഒരു ഷഡ്‌വത്സരപദ്ധതി വെളിക്കിറക്കി. 1949-ൽ ഇന്തോ-ചീന സാമ്പത്തികപുനർനിൎമ്മാണത്തിന്നും ഉപകരണനവീകരണത്തിന്നുമുള്ള ഒരു പദ്ധതി തയ്യാറാക്കി. 1950-ൽ തായ്‌ലണ്ടിൽ ആസൂത്രണാൎത്ഥം ഒരു ദേശീയസാമ്പത്തികസമിതി രൂപവല്ക്കരിക്കപ്പെട്ടു. അതേകൊല്ലംതന്നെയാണു് ഇന്ത്യയിലും പ്ലാനിങ്ങ് കമ്മീഷൻ നിയമിക്കപ്പെട്ടതു്. 1951-ൽ ഇന്ത്യ ആസൂത്രിതസമ്പദ്‌വ്യവസ്ഥയിലേയ്ക്കു് കാലെടുത്തുവെച്ചു. 1953 ജനവരിയിൽ കമ്മ്യൂണിസ്റ്റ് ചൈനയിൽ ഒരു പഞ്ചവത്സരപദ്ധതി പ്രായോഗികരൂപം കൈക്കൊണ്ടു. 1953 ജൂലായിൽ പാകിസ്ഥാനം ഒരു പ

ഞ്ചവത്സരപദ്ധതി രൂപവൽക്കരിക്കുവാനായി ഒരു ദേശീയാസൂത്രണസമിതിയെ നിയമിച്ചിരിക്കുന്നു. ഇപ്രകാരം ഏഷ്യയുടെ നാനാഭാഗത്തും ആസൂത്രണത്തിൻെറ അലയടി കേൾക്കുമാറായിട്ടുണ്ടു്.

എന്നാൽ സാമ്പത്തികാസൂത്രണം ഒരു ജനകീയരാഷ്ട്രത്തിൽ വിജയപ്രദമാവണമെങ്കിൽ അതിന്നു ജനങ്ങളുടെ പൂർണ്ണമായ സഹായസഹകരണങ്ങൾ അവശ്യം ലഭിക്കേണ്ടതുണ്ടു്. അതിന്നു പ്രാരംഭമായി ജനങ്ങൾ പദ്ധതിയുടെ സ്വഭാവവും, ലക്ഷ്യവും, സൽഫലസാദ്ധ്യതകളും സുവ്യക്തമായി ഗ്രഹിച്ചിരിക്കണം. ഈ നില കൈവരണമെങ്കിൽ പദ്ധതിയെപ്പററി ജനങ്ങൾക്കു വായിച്ചു ഗ്രഹിക്കാവുന്ന പ്രസിദ്ധീകരണങ്ങൾ അവരുടെ മാതൃഭാഷയിൽത്തന്നെ ധാരാളമായി ഉണ്ടായിരിക്കണം. നമ്മുടെ നാട്ടിലാണെങ്കിൽ ഇത്തരം പ്രസിദ്ധീകരണങ്ങൾ എത്രയും വിരളമാണു്. മലയാളഭാഷയെ സംബന്ധിച്ചേടത്തോളം ഈ കുറവു് നികത്തുവാൻ എൻെറ എളിയ പരിശ്രമം തെല്ലെങ്കിലും പ്രയോജനപ്പെട്ടുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

ഈ പുസ്തകത്തിൽ സാമ്പത്തികാസൂത്രണത്തിൻെറ അടിസ്ഥാനതത്വങ്ങളും, അതു നടപ്പിലാക്കീട്ടുള്ള പ്രമുഖരാജ്യങ്ങളുടെ അനുഭവവും വായനക്കാരെ ഗ്രഹിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. അങ്ങനെയുള്ളൊരു പശ്ചാത്തലത്തിൽ വെച്ചുവേണമല്ലൊ നമ്മുടെ പദ്ധതിയുടെ പ്രവൎത്തനഫലത്തിന്റെ വിലയിരുത്തുവാൻ എന്നു കരുതിയാണു് ഇപ്രകാരം ചെയ്തിട്ടുള്ളതു്. വിസ്തരഭയംനിമിത്തം ആ

സൂത്രണത്തിൻെറ പ്രധാന മാതൃകകൾ മാത്രമേ ഇതിലുൾക്കൊള്ളിച്ചിട്ടുള്ളൂ.

'പരസ്പരസഹായപ്രസ്ഥാനം' എന്ന എൻെറ പുസ്തകത്തിന്ന് സഹൃദയരിൽനിന്നു ലഭിച്ച ഹാർദ്ദമായ സ്വീകരണമാണ് ഇപ്രകാരം മറെറാരു പ്രസിദ്ധീകരണത്തിലേയ്ക്കു പ്രവേശിക്കുവാൻ എനിക്കു പ്രേരകമായി ഭവിച്ചതു് എന്നുള്ള വസ്തുതകൂടി ഇവിടെ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ടു് 'സാമ്പത്തികാസൂത്രണം' ഇതാ പൊതുജനഹസ്തങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ സദയം സമ്മതിച്ചു് പരിപൂർണ്ണമായി സഹകരിച്ച 'സാഹിത്യപ്രവർത്തകസഹകരണസംഘ'ത്തിന്ന് എൻെറ അകമഴിഞ്ഞ നന്ദി.

'ശാന്തിസദനം',<br>
തലശ്ശേരി.<br>
18-6-1954.

—ഗ്രന്ഥകർത്താ

# വിഷയവിവരം


| | പേജ് |
|---|---|
| സാമ്പത്തികാസൂത്രണം—അതിൻെറ അത്ഥവും വ്യാപ്തിയും | 13 |
| ആസൂത്രണംകൊണ്ടുള്ള ഗുണങ്ങൾ | 22 |
| ആസൂത്രണത്തിൻെറ സാമാന്യതത്വങ്ങൾ | 27 |
| ആസൂത്രണം വിജയിക്കേണമെങ്കിൽ | 32 |
| ആസൂത്രണത്തിൻെറ പുരോഗതി | 36 |
| ആസൂത്രണത്തിൻെറ വകഭേദങ്ങൾ | 41 |
| ഇന്ത്യയിൽ സാമ്പത്തികാസൂത്രണത്തിൻെറ ആവശ്യകത | 43 |
| ഇന്ത്യയിലെ സാമ്പത്തികാസൂത്രണത്തിൻെറ ചരിത്രം | 56 |
| ബോംബെപ്ലാൻ | 60 |
| ജനകീയപദ്ധതി | 66 |
| വിശേപശ്വരയ്യയുടെ പദ്ധതി | 71 |
| ഗാന്ധിയൻ പദ്ധതി | 74 |
| ദേശീയാസൂത്രണക്കമ്മിററിറിപ്പോർട്ട് | 85 |
| ഇന്ത്യാഗവമ്മെണ്ടിൻെറ പ്ലാൻ | 88 |
| ഇന്ത്യയുടെ പുതിയ പഞ്ചവത്സരപദ്ധതി | 94 |
| സോവിയററ് റഷ്യയിലെ സാമ്പത്തികാസൂത്രണം | 163 |
| സോവിയററ്വലയരാജ്യങ്ങളിലെ ആസൂത്രണം | 188 |
| ജമ്മനിയിലെ സാമ്പത്തികാസൂത്രണം | 195 |
| അമേരിക്കയിലെ സാമ്പത്തികാസൂത്രണം | 215 |
| ഫ്രാൻസിലെ സാമ്പത്തികാസൂത്രണം | 233 |
| ബ്രിട്ടനിലെ സാമ്പത്തികാസൂത്രണം | 244 |
| ചൈനയിലെ സാമ്പത്തികാസൂത്രണം | 259 |

# സാമ്പത്തികാസൂത്രണം—
# അതിൻെറ അത്ഥവും വ്യാപ്തിയും

നമുക്ക നിത്യജീവിതത്തിൽ പല ആവശ്യങ്ങളും നിവ്വഹിക്കേണ്ടതായിട്ടുണ്ടു്. എന്നാൽ എല്ലാ ആവശ്യങ്ങളും നിവ്വഹിക്കവാനുള്ള ധനപരമായ കഴിവു് നമുക്കു് ഉണ്ടായിരിക്കുകയില്ല. വാസ്തവത്തിൽ മനുഷ്യൻെറ ആവശ്യങ്ങൾ അപരിമിതങ്ങളാണു്. അവ നിറവേററുവാനുള്ള കഴിവു് പരിമിതവും. ഈ പരിമിതമായ കഴിവു കൊണ്ടു് അപരിമിതങ്ങളായ ആവശ്യങ്ങളെ എങ്ങനെ നിവ്വഹിക്കാം എന്നുള്ളതാണു് ദൈനംദിനജീവിതത്തിലെ അതിപ്രധാനമായ പ്രശ്നം. ഈ പ്രശ്നത്തിനുള്ള പരിഹാരം എന്തു്? നമ്മുടെ ആവശ്യങ്ങളിൽ ഏററവും മുന്നിട്ടുനില്ക്കുന്നവയെ നമ്മുടെ കഴിവിനനുസരിച്ചു നിറവേററുവാൻ ശ്രമിക്കുക; മററുള്ളവയെ ഒഴിച്ചുനിത്തുക. അപ്പോൾ നമ്മുടെ പരിമിതമായ വരുമാനം നമ്മുടെ ആവശ്യങ്ങളുടെ പ്രാധാന്യമനുസരിച്ചു വീതിക്കേണ്ടതായിവരും. അന്യഥാ പറയുകയാണെങ്കിൽ കയ്യിലുള്ള പണം, അഥവാ ഒരു നിശ്ചിതകാലത്തേക്കു കയ്യിൽ കിട്ടുമെന്നു പ്രതീക്ഷിക്കുന്ന പണം, സുനിശ്ചിതമായ ഒരു പദ്ധതി (പ്ലാൻ) അനുസരിച്ചു ചെലവുചെയ്യേണ്ടിവരും.

അങ്ങനെ ചെയ്യാത്തപക്ഷം നമ്മുടെ പരിമിതമായ വരുമാനത്തിൽ ഒരുഭാഗം നമ്മുടെ നോട്ടക്കുറവിനാൽ അപ്രധാനമായ ചില കാര്യങ്ങൾക്കുവേണ്ടി ചെലവാക്കിപ്പോയേക്കും. പ്രധാനപ്പെട്ട ചില ആവശ്യങ്ങൾ ബാക്കിയായുമിരിക്കും. അപ്പോൾ അനിവാര്യങ്ങളായ ഈ ആവശ്യങ്ങളുടെ നിർവ്വഹണാർത്ഥം പണം മററുവല്ലവരിൽനിന്നും കടം വാങ്ങേണ്ടിവരും. അതു തിരിച്ചുകൊടുക്കുന്നതെങ്ങിനെയെന്നകാര്യം ഒരു ചോദ്യചിഹ്നമായി അവശേഷിക്കുകയും ചെയ്യും. ഇങ്ങനെയുള്ള വിഷമത്തിന്നു വഴിവെയ്ക്കാത്തവിധത്തിൽ വരുമാനത്തിനൊപ്പിച്ച് ചെലവിനങ്ങളെ അവയുടെ പ്രാധാന്യത്തിന്നനുസരിച്ചു ക്രമപ്പെടുത്തുന്നതിന്ന് ആസൂത്രണം എന്നു പറയാം.

ഇത്തരം ആസൂത്രണം സ്വകാര്യവ്യക്തികൾക്കു മാത്രമല്ല, വ്യക്തികളടങ്ങിയ ജനസമുദായത്തിൻെറ പൊതുവെ ഉള്ള ആവശ്യങ്ങൾ നിറവേററിക്കൊടുക്കുന്ന ഒരു ഗവൺമെൻറിനും അത്യന്താപേക്ഷിതമാണ്. നികുതിമാർഗ്ഗമായും മററും ഗവൺമെൻറിനുണ്ടാകുന്ന വരുമാനത്തെ ജനസഞ്ചയത്തിന് ഏററവും തിട്ടക്കമുള്ള ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഉതകുന്ന വിധത്തിൽ ചെലവഴിക്കുന്ന സുചിന്തിതമായ ഒരു പരിപാടിയനുസരിച്ചായിരിക്കണം വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങളും മുന്നോട്ടു പോകുന്നതു്. ധനകാര്യമന്ത്രി പൊതുധനത്തിൻെറ ഒരു 'ട്രസ്റ്റി' മാത്രമാണല്ലോ. ആ ധനം ഒട്ടുംതന്നെ ദുർവ്വ്യയപ്പെട്ടുപോകാതെ ജനങ്ങൾക്ക് ഏററവും അധികം ക്ഷേമം കൈവരുത്തക്കവിധത്തിൽ വിനിയോഗിക്കുക എന്നുള്ള ഉത്തരവാദിത്വമേറിയ ചുമതലയാണ് അദ്ദേഹത്തിന്നു നിർവ്വഹിക്കുവാനുള്ളതു്. ഇങ്ങനെ, പ്രൊഫസർ ലയണൽ റോബ്ബിൻസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ, "കണിശമായി പറയുകയാണെങ്കിൽ എല്ലാതരം സാമ്പത്തികജീവിതത്തിലും ആസൂത്രണം അവശ്യമാണ്." *

---

* Lionel Robbins: Economic Planning and Industrial Order—P. 4.

എന്നാൽ പൊതുഫണ്ടുകൊണ്ടു ഭരണകാൎയ്യം നിൎവ്വഹിക്കുക എന്നതു് മാത്രമല്ല ആധുനിക ഗവൎമ്മെണ്ടിന്റെ ലക്ഷ്യം. ഇന്നത്തെ രാഷ്ട്രം ക്ഷേമരാഷ്ട്രമാണു്. നിയമവും സമാധാനവും പാലിക്കുക മാത്രം ചുമതലയായിക്കരുതിയിരുന്ന 'പോലീസു രാഷ്ട്രത്തിന്റെ' കാലം പോയ്ക്കഴിഞ്ഞിരിക്കുന്നു. ജനസമുദായത്തിന്നു സൎവ്വതോമുഖമായ അഭ്യുന്നതി കൈവരുത്തുക എന്നതാണു് ഇന്നത്തെ ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യം. എന്നാൽ സമ്പൽസമൃദ്ധിയാണല്ലോ ക്ഷേമപൂൎണ്ണമായ ജീവിതത്തിന്നു നിദാനം. അപ്പോൾ രാജ്യത്തിൽ സാമ്പത്തികാഭിവൃദ്ധിയുളവാക്കി ജനങ്ങളുടെ ധനപരമായ കഴിവു് വൎദ്ധിപ്പിക്കുന്നതിൽ ഗവൎമ്മെണ്ടു ബദ്ധശ്രദ്ധരായിരിക്കേണമെന്നു വരുന്നു. ഇപ്രകാരം സാമ്പത്തിക വികസനം സാധിതപ്രായമാകണമെങ്കിൽ രാജ്യത്തിലെ നാനാവിധ ധനോല്പാദനോപാധികളെ ഏററവും ഫലപ്രദമായ വിധത്തിൽ ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. ഇതിന്നു കാൎഷികരംഗത്തിലും വ്യാവസായികരംഗത്തിലും സുവ്യവസ്ഥിതമായ വിധം ഉല്പാദനം വൎദ്ധിപ്പിക്കുകയും, വ്യാപാരം അഭിവൃദ്ധിപ്പെടുത്തുകയും, എല്ലാവൎക്കും തൊഴിൽ നൽകുകയും ചെയ്യാനുള്ള ഒരു സമഗ്രമായ പദ്ധതി അത്യാവശ്യമാണു്. ഇതു ഗവൎമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ രൂപവല്ക്കരിക്കുകയും ഗവൎമ്മെണ്ടിന്റെ മേൽനോട്ടത്തിൽ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണു്. ഇതിന്നാണു് 'സാമ്പത്തികാസൂത്രണം' എന്നു പറയുന്നതു്.

1950 ഏപ്രിൽ മാസത്തിൽ ഇന്ത്യയിലെ സംസ്ഥാന മുഖ്യമന്ത്രിമാരും കോൺഗ്രസ്സ് കമ്മററി പ്രസിഡണ്ടുമാരുംചേൎന്ന സമ്മേളനത്തിൽവെച്ചു പ്രഖ്യാപിച്ചതു് ഇപ്രകാരമായിരുന്നു: "സാമ്പത്തികവികസനത്തിന്നുള്ള ഒരു സമഗ്രമായ പദ്ധതി, നിലവിലുള്ള മനുഷ്യശക്തിയെ അങ്ങേയററത്തോളം ഉപയോഗപ്പെടുത്തുന്ന വിധത്തിൽ ഭൂമിയിൽ നിന്നുള്ള ഉല്പാദനവും നിൎമ്മിതസാധനങ്ങളുടെ ഉല്പാദനവും വൎദ്ധിപ്പിക്കുമാറു് വിഭവങ്ങളുടെ പൂൎണ്ണമായ വിനിയോഗം വിഭാവനം ചെയ്യുന്ന ഒന്നായിരിക്കണം."

ലോർവിൻ എന്ന ധനകാര്യവിദഗ്ദ്ധൻെറ അഭിപ്രായത്തിൽ, "ഒരു നിശ്ചിത കാലത്തിനുള്ളിൽ ഒരു ജനതയുടെ ആവശ്യങ്ങൾ ഏററവും അധികം നിറവേററപ്പെടേണ്ടതിലേയ്ക്കു, നിലവിലുള്ള എല്ലാ വിഭവങ്ങളേയും ഉപയോഗപ്പെടുത്തുമാറു്, സ്വകാര്യനിലയിലും പ്രത്യേകമായും പ്രവർത്തിക്കുന്ന എല്ലാ യന്ത്രോപകരണങ്ങളേയും, സംരംഭങ്ങളേയും വ്യവസായങ്ങളേയും ഒരു കേന്ദ്രസംഘടനയുടെ സംയുക്ത ഘടകങ്ങളായി പരിഗണിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതി"യെയാണു സാമ്പത്തികാസൂത്രണംകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്.

ചുരുക്കത്തിൽ ഇങ്ങനെയുള്ള വിഭവവിനിയോഗവും സാമ്പത്തിക പ്രവർത്തനങ്ങളുടെ സംയോജനവും സാധിക്കുവാനുള്ള അടിസ്ഥാനോപാധി ഏതാദൃശവിഭവങ്ങളെപ്പററിയും ഉല്പാദന രംഗത്തെപ്പററിയുമുള്ള സവിസ്തരമായ സ്ഥിതിവിവരങ്ങളാണു്. അതിനാലാണു് ഡിക്കെൻസൺ ഇപ്രകാരം നിർവചിച്ചിരിക്കുന്നതു്: "സാമ്പത്തികാസൂത്രണം എന്നതു സമ്പദ്‌വ്യവസ്ഥയുടെ മുഴുവൻ സമഗ്രമായ ഒരു വസ്തുസ്ഥിതിപരിശോധനയുടെ അടിസ്ഥാനത്തിന്മേൽ പ്രധാനമായ സാമ്പത്തികതീരുമാനങ്ങൾ ചെയ്യുക എന്നതാണു്—എന്താണു് ഉല്പാദിപ്പിക്കേണ്ടതെന്നും, എത്രത്തോളം ഉല്പാദിപ്പിക്കേണമെന്നും, ഒരു നിർണ്ണായകാധികാരിയുടെ ബോധപൂർവ്വമുള്ള തീരുമാനമനുസരിച്ചു് അതു് ആർക്കാണു വീതിച്ചു കൊടുക്കേണ്ടതെന്നും."* പ്രൊഫസർ ഹായക്ക് പ്രസ്താവിച്ചിരിക്കുന്നതുപോലെ, "ഒരു കേന്ദ്രാധികാരസ്ഥാനത്തിൽനിന്നു സാമ്പത്തികോല്പാദനത്തിന്നു മാർഗ്ഗനിർദ്ദേശം നൽകുന്നതിന്നാണു സാമ്പത്തികാസൂത്രണം എന്നു പറയുന്നതു്."

## ഉദ്ദേശ്യങ്ങൾ

സാമ്പത്തികാസൂത്രണത്തിന്നു മൂന്നുവിധം ഉദ്ദേശ്യങ്ങൾ ഉള്ള

*H. Dickenson: Economics of Socialists, 1939, P. 41.

തായി പറയാം: (1) നിലവിലുള്ള സർവ്വവിധവിഭവങ്ങളുടേയും വിനിയോഗം, (2) ഉപഭോഗവും ഉല്പാദനവും തമ്മിൽ പൊരുത്തമുളവാക്കൽ, (3) ജനങ്ങളുടെ ആവശ്യങ്ങളെ അങ്ങേഅററത്തോളം സാധിപ്പിക്കൽ. ആസൂത്രണത്തിൻെറ പരിണതഫലം: കാര്യക്ഷമമായ ഉല്പാദനം, സുസ്ഥിരമായ സാമ്പത്തികജീവിതം, നീതിപൂർവ്വമായ ധനവിതരണം എന്നിവയായിരിക്കണം.* ഈ ത്രിവിധോദ്ദേശ്യങ്ങളെ സാദ്ധ്യമാക്കേണ്ടതിന്നു നാനാവിധം സാമ്പത്തിക പ്രവർത്തനങ്ങളേയും ഒരു കേന്ദ്രത്തിൽനിന്നു കൂട്ടിയിണക്കി യോജിപ്പിക്കേണ്ടതാണ്.

എന്നാൽ ഇത്രയും അധികാരശക്തിയുള്ള കേന്ദ്രസ്ഥാനം ഏതാണ്? അതു ഗവർമ്മെണ്ടുതന്നെ. പക്ഷേ, ഗവർമ്മെണ്ടിന്നു നിലവിലുള്ള ഭരണവകുപ്പുകൾ മുഖേന ഈ കൃത്യം നിർവ്വഹിക്കുവാൻ സാദ്ധ്യമാണോ? അല്ല. രാജ്യവ്യാപകമായ ഒരു സാമ്പത്തികവികസനപദ്ധതി ആസൂത്രണം ചെയ്യാനോ, അതിൻെറ നടത്തിപ്പിൻെറ നേരിട്ടുള്ള മേൽനോട്ടം വഹിക്കുവാനോ അതിന്നു സാദ്ധ്യമല്ല. ഈ ആവശ്യത്തിന്നു് ഒരു പ്രത്യേക സ്ഥാപനമോ സമിതിയോ ഏർപ്പെടുത്തുകതന്നെ വേണം. ആ സ്ഥാപനമോ സമിതിയോ പ്രവർത്തിക്കുന്നതു് ഒരു ഗവർമ്മെണ്ടു ഡിപ്പാർട്ടുമെൻറുപോലെ ജനങ്ങളിൽ നിന്നകന്നു ഒററപ്പെട്ടുനിന്നുകൊണ്ടായിരിക്കരുതു്. ഉല്പാദകരുടേയും ഉപഭോക്താക്കളുടേയും സഹകരണം തേടിക്കൊണ്ടായിരിക്കണം അതിൻെറ മുന്നോട്ടുള്ള ഓരോ അടിവെയ്പും. എങ്കിൽ മാത്രമേ അതിന്നു വിജയം കരഗതമാവുകയുള്ളൂ. എന്നാൽ അതേ അവസരത്തിൽ പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച പ്രധാന തീരുമാനങ്ങളെടുക്കുന്ന കാര്യത്തിൽ പരമമായ ഉത്തരവാദിത്വം ഗവർമ്മെണ്ടിൻേറതു തന്നെയായിരിക്കണം.

എന്നാൽ ഗവർമ്മെണ്ടു് ഇങ്ങനെ സ്വകാര്യസാമ്പത്തികരംഗ

---

* N. S. Subba Rao: Some Aspects of Economic Planning.—P. 5.

ത്തിൽ കൈ കടത്തുന്നതു ന്യായീകരിക്കാമോ? ജനങ്ങളുടെ പ്രതിനിധികൾ ഭരണം നടത്തുന്ന ഒരു പ്രജായത്തരാഷ്ട്രത്തിൽ തീർച്ചയായും ന്യായീകരിക്കാം. അത്തരമൊരു രാഷ്ട്രത്തിൽ ജനസഞ്ചയത്തിൻെറ പൊതുവെയുള്ള സാമ്പത്തികക്ഷേമമാണല്ലോ ഗവൺമെണ്ടിൻെറ പരമമായ ലക്ഷ്യം. വ്യക്തികളുടെ സാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള സ്വാതന്ത്ര്യത്തിന്മേൽ ചില നിയന്ത്രണങ്ങൾ ചുമത്തപ്പെട്ടേയ്ക്കും. എന്നാൽ അതു ജനസമുദായത്തിൻെറ പൊതുവെ ഉള്ള അഭ്യുന്നതിയെ ഉദ്ദേശിച്ചാണു്. പൊതുക്ഷേമത്തിൻെറ നിദാനമെന്ന നിലയിൽ വ്യക്തിയുടേയും സമുദായത്തിൻെറയും താല്പര്യങ്ങൾ തമ്മിൽ സാമാന്യമായൊരു പൊരുത്തമുളവാക്കാനാണു് ആസൂത്രണംകൊണ്ടു ശ്രമിക്കുന്നതു്. ഗവൺമെണ്ടിൻെറ കൈ ചെലുത്തലും നിയന്ത്രണവുമില്ലാതെ ഇന്നത്തെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിലുള്ള ദോഷങ്ങളെ ദൂരീകരിക്കുവാൻ സാദ്ധ്യമല്ലെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഹാരിസ്സ് എന്ന ധനതത്വശാസ്ത്രജ്ഞൻ പറയുന്നതു നോക്കുക: "അനാസൂത്രിത മുതലാളിത്ത വ്യവസ്ഥിതി സമ്പൽസമൃദ്ധിയുള്ള ഒരു രാജ്യത്തിന്നുമാത്രം നിലനിത്താനാവുന്ന ഒരു സുഖഭോഗവസ്തുവായിട്ടാണു് ഒരു സാധാരണ യൂറോപ്യൻ കരുതിവരുന്നതു്."*

എന്തൊക്കെയാണു് ഇന്നത്തെ സമ്പദ്‌വ്യവസ്ഥയിലുള്ളദോഷങ്ങൾ?

ഒന്നാമതായി ധനവിതരണത്തിലുള്ള വമ്പിച്ച ഉച്ചനീചത്വങ്ങൾ. മുതലാളിത്തവ്യവസ്ഥിതിയിൽ ധനോല്പാദനം വൻതോതിൽ നടക്കുന്നുണ്ടു്. എന്നാൽ ഉല്പാദിതധനത്തിൻെറ ഭൂരിഭാഗവും പോകുന്നതു ചുരുക്കം ചില വ്യവസായ ഉടമകളുടെ പണപ്പെട്ടിയിലേക്കാണു്. ഉല്പാദനത്തിൽ ഭാഗഭാക്കുകളായ മററുള്ളവക്കു് അതിൻെറ തുച്ഛമായൊരംശം മാത്രമേ ലഭിക്കുന്നുള്ളു. ഇതു വമ്പിച്ച അസമത്വങ്ങൾക്കു ഹേതുവായിത്തീരുന്നു. അങ്ങനെ ഇതു സാ

*Seymour E. Harris: Economic Planning—P. 6.

മൂഹ്യക്ഷേമത്തിന്നു വിലങ്ങുതടിയായി നില്ക്കുന്നു. സമുദായശരീരം ഒരവയവം മാത്രം—ശീഷ്മെന്നുതന്നെപറയുക—വിജൃംഭിച്ചു ഭീമാകാരം പ്രാപിച്ചിട്ടുള്ള ഒരു വികൃതരൂപം കൈക്കൊള്ളുന്നു.

രണ്ടാമതായി പറവാനുള്ളതു തൊഴിലുടമകൾ തൊഴിലാളികളുടെമേൽനടത്തുന്ന ചൂഷണമാണു്. ആവുന്നത്ര ലാഭമുണ്ടാക്കുവാനുള്ളകൊതിമൂലം കഴിയുന്നത്ര ചുരുങ്ങിയകൂലിയാണു് അവർതൊഴിലാളികൾക്കു നൽകുന്നതു്. അനാരോഗ്യകരമായ പരിസരത്തിൽ അവരെക്കൊണ്ടു കഠിനാദ്ധ്വാനം ചെയ്യിക്കുകയും പല അസ്വാതന്ത്ര്യങ്ങളും അവരുടെമേൽ വെച്ചുകെട്ടുകയും ചെയ്യുന്നു. അങ്ങനെ അവരുടെ വളർച്ചയ്ക്കുള്ള വഴി മുടക്കുന്നു. "കൂലിവേലക്കാരൻ സാമ്പത്തികവും, സാമൂഹ്യവും രാഷ്ട്രീയവുമായ അവശതകൾക്കു കീഴ്പ്പെട്ടു ഞെരുങ്ങുന്നു. രാഷ്ട്രം ഇതുനോക്കി മിഴിച്ചുനില്ക്കുന്നു."[1]

മറെറാരു ന്യൂനത ഉല്പാദകരുടെ ലാഭക്കൊതിയാണു്.[2] തങ്ങൾക്കു മതിയായ ലാഭം കിട്ടുമെന്നുറപ്പില്ലാത്ത സംരംഭങ്ങളിൽ അവർ പ്രവേശിക്കുന്നില്ല. തന്മൂലം ധാരാളം സാമ്പത്തികവിഭവങ്ങൾ ഉപയോഗപ്പെടുത്താതെ വ്യർത്ഥമായിപ്പോകുന്നു. അങ്ങനെ വിഭവങ്ങളുടെ പൂർണ്ണമായ വിനിയോഗമോ പരമമായഉല്പാദനമോ സാദ്ധ്യമാവുന്നില്ല. ഇതിൻെറ ഫലമായി ജനസാമാന്യത്തിന്നു് അവരുടെ പ്രാഥമികാവശ്യങ്ങൾപോലും നിറവേററുവാനുള്ള സാധനങ്ങൾ ലഭ്യമാകുന്നില്ല. ഉല്പാദനോപകരണങ്ങൾ ചുരുക്കം

---

1 V. Vithal Babu: Towards Planning- P. 10.

2 "മുതലാളിത്ത വ്യവസായമെന്നതു സ്വകാര്യവ്യക്തികൾ ഉല്പാദനോപകരണങ്ങളെ സ്വായത്തമാക്കുകയോ കൂലിക്കുവാങ്ങുകയോ ചെയ്തു് അവയുടെ സഹായത്തോടുകൂടി നിർമ്മിക്കുന്ന സാധനങ്ങളോ ഉപയോഗിത (Service) യോ ലാഭത്തോടുകൂടി വില്ക്കുവാനുള്ള ഉദ്ദേശത്തോടുകൂടി, അവരുടെ ആജ്ഞപ്രകാരം, പ്രവൃത്തിനടത്തുന്ന ഒന്നാണു്. ഒരു മുതലാളിത്ത സമ്പദ്ഘടന അഥവാ മുതലാളിത്തവ്യവസ്ഥിതി എന്നതു് ഉല്പാദകവിഭവങ്ങളുടെ മുഖ്യഭാഗം മുതലാളിത്ത വ്യവസായങ്ങളിലേയ്ക്കു തിരിച്ചുവിട്ടിട്ടുള്ള ഒന്നാണു്."—Pigon: Socialism Vs. Capitalism.

ചില ധനികന്മാരുടെ സുഖഭോഗവസ്തുക്കൾ നിർമ്മിക്കുന്നതിലേയ്ക്കു് ഉപയോഗിക്കപ്പെടുന്നു. (മാത്രമല്ല, വ്യാപാരം മന്ദീഭവിക്കുകയും, തന്മൂലം ഓരോ ഘട്ടത്തിൽ സാമ്പത്തിക കുഴപ്പങ്ങൾ വന്നുചേർന്നു് ഉല്പാദനംതന്നെ നിലച്ചുപോവുകയും, ഇതു വമ്പിച്ച തൊഴിലില്ലായ്മയ്ക്കും കഷ്ടപ്പാടിനും കാരണമായിത്തീരുകയും ചെയ്യുന്നു.) എന്നു മാത്രമല്ല, വ്യാവസായിക രാജ്യങ്ങളിൽ ഉല്പാദനം നടക്കുന്നതു വൻതോതിലാണു്. സാധനങ്ങൾ നിർമ്മിക്കപ്പെടുന്നതു ജനങ്ങളുടെ ആവശ്യത്തിന്നു കണക്കാക്കീട്ടില്ല. ആവശ്യക്കാരുണ്ടാകുമെന്ന പ്രതീക്ഷയിന്മേലാണു്. അതാതു രാജ്യത്തിൽ മാത്രമല്ല പുറരാജ്യങ്ങളിലും ഇങ്ങനെ നാനാഭാഗങ്ങളിലുമുള്ള ഉല്പാദകർ സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതു് ഒാറയ്ക്കൊററയ്ക്കു് ഓരോരുത്തരും ചെയ്യുന്നതിനെപ്പററി പരസ്പരം അറിവില്ലാതെയാണുതാനും. ഇതു കാരണം ഇടയ്ക്കിടെ അമിതോല്പാദനസ്ഥിതി വന്നുചേരുന്നു. ഇതു സാമ്പത്തികക്കുഴപ്പമുളവാക്കുന്നു. സാധനങ്ങൾ കുന്നുകൂടി കിടക്കുന്നു; ജനങ്ങൾക്കു് അവ ധാരാളമായി ആവശ്യമുണ്ടുതാനും; എന്നാൽ ഉൽപാദകർക്കും വ്യാപാരികൾക്കും ശരിയായ ലാഭം കിട്ടായ്ക കാരണം അവ വില്ക്കപ്പെടുന്നില്ല. അപ്പോൾ ഉല്പാദനം വെട്ടിച്ചുരുക്കപ്പെടുന്നു. വളരെപ്പേർക്കു തൊഴിലില്ലാതാകുന്നു. തൊഴിലില്ലായ്മ ജനങ്ങളുടെ ക്രയശക്തിയും ചുരുക്കുന്നു. ഇതു കാരണം അവർക്കു മുൻതോതിൽതന്നെ സാധനങ്ങൾക്കു വില കൊടുക്കുവാനാവുന്നില്ല. അപ്പോൾ വിലതന്നെ ഇടിയുന്നു. ഉല്പാദകർക്കും വ്യാപാരികൾക്കും ചേതംപററുന്നു. കൂടുതൽ ഉല്പാദനം അസാദ്ധ്യമായിത്തീരുന്നു. അങ്ങിനെ ഉല്പാദനവും, വിനിമയവും, വിതരണവുമെല്ലാം ഒരു നിശ്ചലാവസ്ഥയെ പ്രാപിക്കുന്നു. നാടെങ്ങും പട്ടിണിയും കഷ്ടപ്പാടും നടമാടുന്നു.

മേൽപറഞ്ഞ പ്രകാരമുള്ള ഉല്പാദനോപഭോഗങ്ങൾ തമ്മിലുള്ള പൊരുത്തക്കേടും, വ്യാപാരമാന്ദ്യവും തൊഴിലില്ലായ്മയും അസമത്വപരമായ ധനവിതരണവും വന്നുചേരാതിരിക്കുവാനും, ജനങ്ങൾക്കു തൊഴിൽകാര്യത്തിൽ സമാവസരം ലഭിക്കുമാറാകു

വാനും, ധനവിതരണത്തിലുള്ള അസമത്വങ്ങളെ നിമ്മാർജ്ജനം ചെയ്യുവാനുമാണ് സാമ്പത്തികാസൂത്രണം നടത്തുന്നതു്. "സാമ്പത്തിക ജനാധിപത്യത്തിൻെറ നെട്ടുംതൂണുകളായി നിലകൊള്ളുന്ന ആദർശങ്ങൾ —സാമ്പത്തികസമത്വം, പരമമായ ഉല്പാദനം, പരമാവധി തൊഴിൽ, അവികസിതപ്രദേശങ്ങളുടെ അഭിവൃദ്ധിക്കു പരമാവധിസഹായം എന്നിവ—തന്നെയാണ് സാമ്പത്തികാസൂത്രണത്തിൻെറയും അടിസ്ഥാനോദ്ദേശ്യങ്ങൾ. ആധുനിക യുഗത്തിൽ രാജ്യത്തിലെ വിവിധ തുറകളിലുള്ള ഭൂരിപക്ഷം ജനങ്ങൾക്കും സമാവസരവും പരിപൂർണ്ണ പ്രവത്തനസ്വാതന്ത്ര്യവും ജനാധിപത്യത്തിൻെറ സവിശേഷതകളായിട്ടാണു പരിഗണിക്കപ്പെട്ടുവരുന്നതു്. അവരുടെതന്നെ താല്പര്യങ്ങളെ ഉദ്ദേശിച്ചുകൊണ്ടു ചുമത്തപ്പെടുന്ന ഏതാനും നിയന്ത്രണങ്ങളോടുകൂടിയാണെങ്കിലും * പരിപൂർണ്ണമായ വരുമാനസമത്വം ഉളവാക്കുക സാദ്ധ്യമായിരിക്കുകയില്ല—എന്നാൽ പൂർണ്ണമായ അവസരസമത്വം സാമ്പത്തിക ജനാധിപത്യത്തിന്നു് അത്യന്താപേക്ഷിതമാണ്. ഇത്തരത്തിലുള്ള സാമ്പത്തികസമത്വം സാമ്പത്തിക സംരക്ഷയ്ക്കും വഴിതെളിക്കുന്നു—"സാമ്പത്തിക സംരക്ഷ" എന്നതിലന്തർഭവിക്കുന്നതു ജനങ്ങളുടെ കായികവും മാനസികവുമായ കഴിവുകൾക്കു മുഴുവൻ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമാറു് ജോലി, തൊഴിലാളികൾക്കു ന്യായമായ കൂലി, തൊഴിലുടമകൾക്കു ന്യായമായ ലാഭം എന്നിവയെ സംബന്ധിച്ചേടത്തോളമുള്ള ഉറപ്പു് (guarantee) ആണ്. ഈ ഉദ്ദേശ്യങ്ങൾ സാമ്പത്തികാസൂത്രണംകൊണ്ടു സഫലീകൃതമാവണം—"പരിപൂർണ്ണ തൊഴിൽ സാമ്പത്തികാസൂത്രണത്തിൽ സ്വതേ തന്നെ അന്തർഭവിച്ചിരിക്കുന്നു. പരിപൂർണ്ണമായ തൊഴിൽസൌകര്യം ഏർപ്പെടുത്തുകയോ, അതിൻെറ അടുത്തെത്തുകയെങ്കിലും ചെയ്യാൻ ശ്രമിക്കുകയോ ചെയ്യാത്ത ഒരു ആസൂത്രിത സമ്പദ്വ്യ

* Vithal Babu: Towards Planning–P. 16.

Ferdynand Zweig: Planning of Free Societies P.72

വസ്ഥ നമ്മുടെ അറിവിൽ പെട്ടിട്ടില്ല." പരമമായ ഉല്പാദനം സാധിക്കുവാനെന്നപോലെ, ജനങ്ങൾക്കു ബുദ്ധിമുട്ടില്ലാതെ നിത്യവൃത്തി കഴിക്കുവാനും ഇതു് അത്യാവശ്യമാണു്. അതുപോലെതന്നെ തൊഴിലിലേർപ്പെട്ട എല്ലാവക്കും ന്യായമായ വേതനം ലഭിക്കേണ്ടതാണു്. ഓരോരുത്തക്കും സ്വന്തം അദ്ധ്വാനശക്തി നശിച്ചുപോകാത്ത വിധത്തിൽ ഉപജീവനം കഴിക്കുവാനും, കുടുംബം പുലത്തുവാനും, തൻെറ വരുമാനംകൊണ്ടു സാധിക്കണം; മാത്രമല്ല, അപായങ്ങൾ, തൊഴിലില്ലായ്മ, രോഗം എന്നിവ നേരിടുമ്പോൾ അവക്കു ധനസഹായം നൽകുവാനുള്ള ഏർപ്പാടുകൂടി ഉണ്ടായിരിക്കണം. ഇതിനുള്ള ചെലവു് ഒരു ദുർവ്വ്യയമായിരിക്കയില്ല. കാരണം, അതു തൊഴിലാളികളിൽ ഒരു രക്ഷാബോധമുളവാക്കുകയും, കൂടുതൽ ഉത്സാഹപൂർവ്വം പ്രയത്നിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും, തന്മൂലം ഉല്പാദനം വർദ്ധിക്കുകയും ചെയ്യും. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ സാമൂഹ്യരക്ഷാർത്ഥമുള്ള ഇത്തരം നടപടികളാണു് അധികം ആവശ്യമായിരിക്കുന്നതു്. അങ്ങിനെതന്നെ വ്യവസായ ഉടമകൾക്കു്, അഥവാ സംഘാടകക്കു്, അവരുടെ പരിശ്രമങ്ങൾക്കനുയോജ്യമായ ഒരു വേതനം—ഇതിന്നു ലാഭമെന്നാണല്ലോ പറയാറു്—കിട്ടേണ്ടതാണു്. അല്ലാത്തപക്ഷം നൂതനവ്യവസായങ്ങൾ ആരംഭിക്കപ്പെടുകയോ, നിലവിലുള്ളവ വികസിക്കപ്പെടുകയോ ചെയ്യുകയില്ല. ഇങ്ങിനെ ആസൂത്രണാധികൃതന്മാർ ഉദ്ദേശിക്കുന്ന ഉല്പാദനവർദ്ധന സാദ്ധ്യമാകേണമെങ്കിൽ അവർ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും അനുകൂല്യസാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുത്തു് അവരുടെ സഹകരണം നേടേണ്ടതാണു്.

## ആസൂത്രണംകൊണ്ടുള്ള ഗുണങ്ങൾ

മേല്പറഞ്ഞ ഉദ്ദേശങ്ങളെ ലക്ഷ്യംവെച്ചുകൊണ്ടു സാമ്പത്തികാസൂത്രണം നടത്തുകയാണെങ്കിൽ അതുകൊണ്ടു പലതരത്തിലുമുള്ള ഗുണങ്ങൾ ഉണ്ടായിത്തീരുമെന്നതു നിസ്തക്കമാണു്. വിത്തൽബാബു ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ, * ആസൂത്രിത

* Vithal Babu: Towards Planning–P. 11–13.

സാമ്പത്തികവ്യവസ്ഥയ്ക്കു് മൂന്നു മെച്ചങ്ങളാണു് ഉള്ളതു്. ഒന്നാമതായി, രാജ്യത്തിലെ പ്രാകൃതികവും, മാനുഷികവുമായ വിഭവങ്ങളെ രാജ്യത്തിൻെറ ഉത്തമതാല്പര്യമനുസരിച്ചു് സംഘടിപ്പിക്കുവാൻ സാധിക്കും. മുകളിൽനിന്നു ശരിയായ നിയന്ത്രണമുള്ളതുകൊണ്ടു് വിഭവങ്ങളുടെ വിതരണവും വിനിയോഗവും ഏററവും ശാസ്ത്രീയമായ രീതിയിലായിരിക്കും. അവ ഉപയോഗിക്കപ്പെടാതെ പാഴായിപ്പോവുകയില്ല. എന്നുതന്നെയുമല്ല, ദുർവ്യയം ചുരുങ്ങുകയും ചെയ്യും. തൊഴിലില്ലായ്മ അപ്രത്യക്ഷമാകും, വ്യവസായശാലകളുടെ നടത്തിപ്പു് ശാസ്ത്രീയമായിരിക്കും. പ്രാപ്തിപൂർവ്വം നടത്തപ്പെടാത്ത ഉല്പാദനശാലകൾ തിരോധാനം ചെയ്യും. ചെറു ചെറു സ്ഥാപനങ്ങൾ സംയോജനംമൂലം ശക്തിയാർജ്ജിക്കും. ഉല്പാദനകേന്ദ്രങ്ങൾ തമ്മിൽ അടുത്ത സഹകരണം സംജാതമാകും. വ്യവസായങ്ങൾ ഏററവുമധികം പ്രാകൃതിക സൌകര്യമുള്ളിടങ്ങളിൽ വളൻവരും. പ്രൊ. ഡർബിൻ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക: "ഒരു കേന്ദ്രാധികാരശക്തിക്കു്—അതു കേന്ദ്രാധികാരിയാകയാൽ അതിന്നു് വ്യാവസായിക രംഗത്തെ സംബന്ധിച്ചു മുഴുവൻ വസ്തുസ്ഥിതിപരിശോധന നടത്തുവാൻ സാധിക്കുന്നതുകൊണ്ടു്, വ്യക്തിപരമായി പ്രവൎത്തിക്കുന്ന ഒരു ഉല്പാദകന്നു് ഒരിക്കലും കാണുവാൻ സാധിക്കാത്ത സംഗതികൾ കാണുവാനും, പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്നവരുടെ പരിഗണനകളിൽ പെടാൻ വഴിയില്ലാത്ത പല കാര്യങ്ങൾക്കും പ്രാധാന്യം കല്പിക്കുവാനും സാധിക്കും. പടക്കളത്തിൻെറ മുന്നണിയിലെ പതാകധാരിയേക്കാൾ ഉപത്യകയിലുള്ള സേനാനായകന്മാൎക്കാണല്ലോ അധികമായി കാണുവാൻ സാധിക്കുക." * ഇതുപോലെതന്നെ ഒരു സ്വകാര്യവ്യവസായിക്കു് മുൻകൂട്ടി കാണാൻ കഴിയാത്ത പലതും ഒരു കേന്ദ്രാധികാരിക്കു കാണുവാൻ കഴിയുന്നതുകൊണ്ടു സാ

* E. F. M. Durbin: Problems of Economic Planning-P. 51

മ്പത്തിക പ്രവത്തനങ്ങളുടെ മാഗ്ഗനിർദ്ദേശം ദീർഘദൃഷ്ടിയോടു കൂടി ചെയ്യാൻ സാധിക്കുന്നതാണ്. അങ്ങനെയായാൽ അസംസ്കൃതസാധനങ്ങളുടെയും പ്രകൃതിവിഭവങ്ങളുടെയും ദുർവ്വ്യയത്തേയും മനുഷ്യസമ്പത്തിൻെറ വിനാശത്തേയും തടുക്കുവാൻ സാധിക്കുന്നതാണ്. രാജ്യത്തിൻെറ വിവിധവിഭാഗങ്ങളിലേയും സൌകയ്യവും ആവശ്യവും അനുസരിച്ചു് ക്രമപ്പെടുത്തിയ വിധത്തിൽ വ്യവസായങ്ങളെ വളത്തിക്കൊണ്ടുവരുവാൻ സാധിക്കുന്നതാണ്.

"അനാസൂത്രിതസമ്പദ്‌വ്യവസ്ഥയിൽ ഉല്പാദനത്തിൻെറ സമ്പ്രദായവും തോതും (പരോക്ഷമായി) ഒട്ടുമുക്കാലും നിശ്ചയിക്കുന്നതു് ഉപഭോക്താവാണ്. ഈ വ്യവസ്ഥയുടെ മൂലക്കല്ലുതന്നെ ഉപഭോക്താക്കളുടെ അധീശാധികാരമാണ്; ഉപഭോക്താക്കളുടെ ആവശ്യങ്ങളും അഗ്രഹങ്ങളും മുൻകൂട്ടി ഊഹിച്ചറിയുക ഉല്പാദകരുടെ ചുമതലയാണ്."—(ഹാരിസ്സ്). ഉപഭോക്താക്കളുടെ ആവശ്യപ്പെടലനുസരിച്ചു മാക്കററിൽ സാധനങ്ങളുടെ വില നിശ്ചയിക്കപ്പെടുന്നു. ഈ വിലകൊണ്ടു് ഉല്പാദനച്ചെലവും ന്യായമായ ലാഭവും ലഭിക്കുമെങ്കിൽ ഉല്പാദനം തുടന്നു നടക്കുന്നു. അങ്ങനെ ഏതേതു സാധനങ്ങൾ എന്തെന്തു തോതിൽ ഉല്പാദിപ്പിക്കണമെന്നു—അതു തല്ക്കാലം നിശ്ചയിക്കുന്നതു് ഉല്പാദകരാണെങ്കിലും—അവസാന തീരുമാനം ചെയ്യുന്നതു്, വിലവ്യവസ്ഥയിൽ കൂടി, ഉപഭോക്താക്കളാണ്.

എന്നാൽ, ഉപഭോക്താക്കളുടെ ഇഷ്ടവും സമുദായത്തിൻെറ പൊതുക്ഷേമവും ഒരേ വഴിക്കായെന്നു വരുന്നതല്ല. ഉപഭോക്താക്കൾ അത്യാവശ്യരഹിതവും ആഡംബരപ്രധാനവും, ചിലപ്പോൾ ദോഷകരവുമായ പല സാധനങ്ങളും ആവശ്യപ്പെട്ടേയ്ക്കും—അവരുടെ അഭിരുചി മാറിമാറിക്കൊണ്ടുവരികയും ചെയ്യും. അപ്പോൾ ഉല്പാദിതസാധനങ്ങൾ ചില കാലങ്ങളിൽ വിററഴിയാതെ ദുർവ്വ്യയപ്പെട്ടുപോവുകയും ചെയ്യും. ഈ വിധത്തിലുള്ള ദുർവ്വ്യയമില്ലാതെയും, പൊതുക്ഷേമത്തിന്നാവശ്യമായ വിധത്തിലും ഉല്പാദനം നടത്തുവാൻ പരിപൂണ്ണമായി ആസൂത്രിതമായ സമ്പദ്‌വ്യവസ്ഥയിൽ

35132

സാധിക്കും. കാരണം, ഇതിൽ പരമമായ തീരുമാനം—ഉപഭോക്താക്കൾക്കതിൽ ഗണ്യമായൊരു പങ്കുണ്ടെങ്കിലും—ഗവൺമെണ്ടിന്റേതാണ്. അതുകൊണ്ടു വേണ്ടപ്പെട്ട സാധനങ്ങൾ മാത്രം—അധികമോ കുറവോ വരാതെ—ഉല്പാദിപ്പിക്കപ്പെടും.

മൂന്നാമതായി, ഒരു മുൻഗണനാസമ്പ്രദായം ഏർപ്പെടുത്തി കൂടുതൽ അടിയന്തിരമായ പ്രശ്നങ്ങളുടെ പരിഹാരത്തിന്ന് ആദ്യം ശ്രമിക്കാം—ഭക്ഷണക്ഷാമമുള്ള രാജ്യത്താണെങ്കിൽ ഭക്ഷ്യോല്പാദന വർദ്ധനയ്ക്കു മുൻഗണന നൽകാം. അല്ലെങ്കിൽത്തന്നെ ഒരു കാർഷിക രാജ്യത്തിൽ വിത്ത്, വളം, കൃഷിയായുധങ്ങൾ എന്നിവയുടെ വിതരണം, കിണർ നിർമ്മാണം, കൃഷിക്കാർക്ക് ധനപരമായ സഹായം എന്നിവയ്ക്കെല്ലാം മുൻഗണന നല്കപ്പെടേണ്ടതാണ്. വ്യവസായവല്ക്കരണത്തിന്നും സമുന്നതമായ ഒരു സ്ഥാനം ലഭിക്കണം. എങ്കിൽ മാത്രമേ ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുവാൻ സാദ്ധ്യമാവുകയുള്ളൂ. താഴ്ന്നജീവിതനിലവാരമുള്ള ഒരു രാജ്യത്തിൽ ജനങ്ങൾക്കത്യാവശ്യമായ ഉപഭോക്തൃസാധനങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്കായിരിക്കണം മുൻഗണന. പണ്ഡിററ് നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽച്ചേർന്ന 1938-ലെ ദേശീയാസൂത്രണസമിതി പ്രസ്താവിച്ചതുപോലെ, "രാജ്യത്തിലെ കാർഷികവും വ്യാവസായികവുമായ ഉല്പാദനങ്ങളെക്കൊണ്ട് ഒന്നാമതായി സാധിക്കേണ്ടതു് ഭക്ഷണം, അസംസ്കൃതപദാർത്ഥങ്ങൾ, നിർമ്മിതസാധനങ്ങൾ എന്നിവയുടെ കാര്യത്തിലുള്ള അഭ്യന്തരാവശ്യങ്ങൾ നിർവ്വഹിക്കുകയായിരിക്കണം." അതായതു് സാമ്പത്തികാസൂത്രണംകൊണ്ടു ദേശീയമായ സാമ്പത്തിക സ്വയംപര്യാപ്തത നേടുവാൻ ശ്രമിക്കാവുന്നതാണ്.

നാലാമതായി, അവികസിതപ്രദേശങ്ങൾ ഒരു രാജ്യത്തുണ്ടെങ്കിൽ അവ വികസിപ്പിക്കുന്നതിന്നുള്ള പരിപാടികൂടി ആസൂത്രണത്തിന്റെ പരിധിയിൽപ്പെടുത്താവുന്നതാണ്. ഇത്തരം പുരോഗതിയില്ലായ്മ വർദ്ധിച്ച ജനസംഖ്യ കാരണമായിട്ടാണെങ്കിൽ, ജനസംഖ്യ നിയന്ത്രിക്കുന്ന നടപടികൾ അതിലുൾപ്പെടണം. സാമ്പ

35132

ത്തികാസൂത്രണത്തിൻെറ ഒരു പ്രധാന ഉദ്ദേശ്യംതന്നെ അവികസിത പ്രദേശങ്ങളെ അഭിവൃദ്ധിപ്പെട്ടുത്തുകയാണു്. ഏതെങ്കിലുമൊരു പ്രദേശത്തു ദാരിദ്ര്യമുണ്ടെങ്കിൽ നാട്ടിൽ പൊതുക്ഷേമം വളത്തുക സാദ്ധ്യമല്ല. അവയെ വികസിതപ്രദേശങ്ങളുടെ നിലയിലേയ്ക്കു് ഉയത്തിക്കൊണ്ടുവരുവാൻ ആസൂത്രണംകൊണ്ടു സാധിക്കും. ഫർഡിനാൻഡ് സ്വീഗ് തൻെറ 'സ്വതന്ത്രസമുദായങ്ങളുടെ ആസൂത്രണം' എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ, "രാജ്യത്തിലെ ഏററവുമധഃപതിച്ച പ്രദേശത്തെ അഭിവൃദ്ധിപ്പെട്ടുത്തുന്നതുകൊണ്ടു നമുക്കു രാജ്യത്തിൻെറ ആകമാനമുള്ള പൊതുനിലവാരത്തെതന്നെ ഉയത്തുവാൻ സാധിക്കും."*

എന്നാൽ അതുമാത്രം പോര; സാമാന്യജനത്തിൻെറ ജീവിതത്തോതു് ഉയത്തേണ്ടതിലേയ്ക്കായി ദേശീയസമ്പത്തിൻെറ അകത്തുക വദ്ധിപ്പിക്കുവാൻ പിന്നണിപ്രദേശങ്ങളുടെ മാത്രമല്ല, മുന്നണിപ്രദേശങ്ങളുടെ വികസനംകൂടി ആസൂത്രണംകൊണ്ടു സാദ്ധ്യമാകണം.

അഞ്ചാമതായി, രാജ്യംതന്നെ സാമ്പത്തികമായി അവികസിതമാണെങ്കിൽ ശരിയായ ആസൂത്രണംകൊണ്ടു വ്യവസ്ഥിതമായ വിധത്തിലുള്ള സാമ്പത്തികാഭിവൃദ്ധി കൈവരുത്തുവാൻ സാധിക്കും—ഇതു വിവിധ ഭാഗങ്ങളെയും കൂട്ടിയിണക്കിക്കൊണ്ടു പരസ്പരം ഹാനികരമല്ലാത്ത വിധത്തിലും, ദുർവ്യയം വരാത്തവിധത്തിലും, തന്നെ ചെയ്യാൻ സാധിക്കും. മനുഷ്യൻെറ കരസ്പർശമേല്ക്കാതെ, പ്രകൃതിയുടെ കലവറയിൽ ആക്കും പ്രയോജനപ്പെടാതെ, കിടക്കുന്ന വിഭവങ്ങളെ എല്ലാം, ആവശ്യ പദാത്ഥങ്ങൾ വേണ്ടുംവിധം ലഭിക്കാതെ വിഷമിക്കുന്ന ജനസാമാന്യത്തിൻെറ പട്ടിണിയും വറുതിയും പരാധീനതയും, അകററുമാറു് ഉപയോഗപ്പെട്ടുത്തുവാൻ സാധിക്കും. അങ്ങനെ സമുദായത്തിൻെറ അധസ്ഥിതമായ ജീവിതത്തോതു ഉയത്തുവാൻ സാദ്ധ്യമാവും.

---

* The Palnning of Free Societies—P. 69.

ആറാമതായി, വിനാശകരമായ യുദ്ധംകൊണ്ടു തകർച്ച പററിയ സമ്പദ്‌വ്യവസ്ഥയെ വേണ്ടവിധത്തിൽ പുനഃസംഘടിപ്പിക്കുവാൻ ആസൂത്രണംകൊണ്ടു സാദ്ധ്യമാണ്. മിക്ക യൂറോപ്യൻരാജ്യങ്ങളും സാമ്പത്തികാസൂത്രണം ആരംഭിച്ചിരിക്കുന്നതുതന്നെ, ഈ ആവശ്യത്തിന്നുവേണ്ടിയാണ്. പ്രൊഫസ്സർ ഹാരിസ്സ് പ്രസ്താവിച്ചിരിക്കുന്നതു നോക്കുക: "ആസൂത്രണം ദൌർഭാഗ്യത്തിൻെറ ഭവിഷ്യത്താണ്. യുദ്ധം ഒരു ജനസമുദായത്തിൻെറ ജീവശ്ശക്തി തകക്കുകയും, ക്ഷയിപ്പിക്കുകയും, മൂലധനവും സമ്പത്തുക്കളും നശിപ്പിക്കുകയും, തന്നിമിത്തം ഏററവും ചുരുങ്ങിയവിധത്തിലുള്ള ജീവിതത്തോതുതന്നെ സാദ്ധ്യമാകാതെവരികയും ചെയ്യുമ്പോൾ ദുരിതബാധിതർ ഗവമ്മെൻറിൻെറ നേരെ ദ്ദഷ്ടിതിരിക്കുന്നു. അവർ ഉല്പാദന പരിമിതീകരണത്തിനും തൃപ്തികരമായ വിതരണത്തിനും വില നിർണ്ണയവ്യവസ്ഥ[1]യെയും വ്യവസായ ഉടമകളുടെ പരസ്പരബന്ധമില്ലാത്തതും യോജിപ്പില്ലാത്തതുമായ തീർപ്പുകളെയും ആശ്രയിച്ചു സംതൃപ്തരായിരിക്കുവാൻ തയാറില്ല...............ആസൂത്രണം ഏററവുമധികം പുരോഗതി പ്രാപിക്കുന്നതു് പ്രത്യേകിച്ചും ഉല്പാദനം തകരുകയും, വില വാനോന്മുഖമായി കുതിച്ചുകയറുകയും, വിതരണം കുഴപ്പത്തിലാവുകയും ചെയ്യുന്ന പ്രദേശങ്ങളിലാണ്[2]."

## ആസൂത്രണത്തിൻെറ സാമാന്യതത്വങ്ങൾ

മേല്പറഞ്ഞ നേട്ടങ്ങൾ കൈവരേണമെങ്കിൽ ആസൂത്രണം ചില സാമാന്യതത്വങ്ങളെ അനുസരിക്കേണ്ടതാണ്. ആസൂത്രണം

---

1 മുതലാളിത്ത വിലനിർണ്ണയവ്യവസ്ഥയിൽ ആവശ്യത്തെ മുൻനിർത്തി ദൌർലഭ്യമുള്ള സാധനങ്ങൾക്ക വലിയവിലയും സുലഭമായ മററു സാധനങ്ങൾക്ക ചുരുങ്ങിയവിലയും നിശ്ചയിക്കുന്നു. ഈ വിലനിരക്കനുസരിച്ചു് ക്രേതാക്കൾ സാധനങ്ങൾ വാങ്ങുന്ന തോതിനെ മാർഗ്ഗദർശകമായെടുത്തു നാനാസാധനങ്ങളുടേയും അടുത്തകാലത്തെ ഉല്പാദനം വർദ്ധിപ്പിക്കുകയോ ചുരുക്കുകയോ ചെയ്യുന്നു.

2 Harris: Economic Planning—P. 27.

മൂലം മുതലാളിത്തത്തെക്കൊണ്ടു നാം ഉദ്ദേശിക്കുന്നവിധത്തിൽ പ്രവൎത്തിപ്പിക്കണം. അങ്ങനെ നിശ്ചിത പന്ഥാവിൽക്കൂടി ചരിപ്പിക്കുകയാണു് സ്റ്റേററിൻെറ അഥവാ ഗവമ്മേണ്ടിൻെറ കൎത്തവ്യം. അതിനെക്കൊണ്ടു പ്രവൎത്തിപ്പിക്കാൻ പററാത്ത രംഗങ്ങളിൽ മാത്രമേ സ്റ്റേററു് നേരിട്ടു പ്രവൎത്തനം നടത്താവൂ. ഈ അടിസ്ഥാനത്തിൽ ഒരു മുതലാളിത്തപ്രജായത്തരാഷ്ട്രത്തിൽ ആസൂത്രണം നടത്താൻ പ്രധാനമായി അഞ്ചുതത്വങ്ങളെ അനുവൎത്തിക്കേണ്ടതുണ്ടെന്നു പ്രൊഫസ്സർ മേയേഴ്സ് ചൂണ്ടിക്കാണിക്കുന്നു*:—

(1) ഒന്നാമതായി ഉപഭോക്താക്കളുടെ വ്യക്തിപരമായ ക്ഷേമത്തിന്നു് എന്താണു് ഏററവും നല്ലതെന്നു നിശ്ചയിക്കുവാനുള്ള അധികാരികൾ അവർതന്നെയാണെന്നു കരുതണം. ഇതു സ്വതന്ത്രവിപണിയിൽ അവർ ആവശ്യപ്പെടുന്ന സാമാനങ്ങളുടെയും വേലകളുടെയും (സൎവ്വീസുകൾ) മാതിരിയിൽനിന്നു മനസ്സിലാക്കാം. ഇക്കാൎയ്യത്തിലുള്ള അവരുടെ തീരുമാനത്തിൽ പ്രചാരവേലകൊണ്ടും വിദ്യാഭ്യാസംകൊണ്ടും സ്വാധീനത ചെലുത്താം. പക്ഷെ, സാധനങ്ങൾ റേഷൻചെയ്തോ ഉല്പാദകവിഭവങ്ങളുടെ വിനിയോഗത്തെ സ്വേച്ഛാപരമായി നിയന്ത്രിച്ചോ അവരെ നിർബ്ബന്ധത്തിനു വിധേയരാക്കരുതു്.

(2) ഒരു ജനകീയ തീരുമാനമനുസരിച്ചു ചില സാധനങ്ങളുടേയോ സൎവ്വീസ്സുകളുടേയോ വിപുലമായ വിനിയോഗം സാമൂഹ്യമായി അഭിലഷണീയമാണെന്നു കാണുകയാണെങ്കിൽ അവ വിലയോ കൂലിയോ വസൂലാക്കാതെയോ, അല്ലെങ്കിൽ, സ്വകാൎയ്യവ്യവസായികൾ വസൂലാക്കുന്നതിൽ കുറഞ്ഞ തോതിൽ വസൂലാക്കിയോ ഗവമ്മേണ്ടു് സപ്ലൈ ചെയ്യേണ്ടതാണു്. പ്രൊഫസ്സർ പീഗു പറയുന്നു: "ഇവ ഒരു മുതലാളിത്തസമുദത്തിലെ സോഷ്യലിസ്റ്റ് ദ്വീപുകളാണു്. ഇവ വളരെ അധികമാവുകയാൽ മുതലാ

* Albert L. Meyers: Modern Econ. Problems, 1952, P. 321—'2.

ളിത്ത തടാകങ്ങളോട്ടുകൂടിയ ഒരു സോഷ്യലിസ്റ്റ് വൻകരയുണ്ടായിത്തീരും."*

(3) വ്യക്തിപരമായ സമ്പാദ്യത്തിൻെറ തുക തീർച്ചപ്പെടുത്തുവാൻ വ്യക്തികളെത്തന്നെ അനുവദിക്കണം; അതു പലിശത്തോതു്, വത്തമാനകാലത്തേയും ഭാവികാലത്തേയുമുള്ള ഉപഭോഗാവശ്യങ്ങൾ എന്നിവയനുസരിച്ചു തീരുമാനിച്ചുകൊള്ളട്ടെ.

(4) മൂലധനനിക്ഷേപത്തിൻെറ മാൎഗ്ഗനിൎണ്ണയം നിലവിലുള്ള പലിശനിരക്കിൽ കിട്ടുന്ന മൂലധനംകൊണ്ടു ലാഭമുണ്ടാക്കുവാനുള്ള സാദ്ധ്യതകൾ അനുസരിച്ചായിരിക്കണം—പക്ഷെ, നിക്ഷേപത്തോതു് സമ്പാദ്യത്തോതിനോടു തുല്യമാകുവാൻവേണ്ടി പലിശനിരക്കോ, പണത്തിൻെറ ആകത്തുകയോ ഗവമ്മേണ്ടു് നിയന്ത്രിക്കുന്നതിന്നു് ഇതു തടസ്സമല്ല.* (പക്ഷേ നേരിട്ടുള്ള മൂലധനനിക്ഷേപത്തിൻെറ ഭൂരിഭാഗവും സ്വകാൎയ്യസ്ഥാപനങ്ങൾ ചെയ്യാതെ ഗവമ്മേണ്ടാണു ചെയ്യുന്നതെങ്കിൽ "സോഷ്യലിസ്റ്റ്ദ്വീപുകൾ" വീണ്ടും ഭൂഖണ്ഡമായി മാറുവാനുള്ള ഭാവം കണ്ടേയ്ക്കും.)

(5) കഴിയുന്നേടത്തോളം സ്വാതന്ത്ര്യമത്സരംകൊണ്ടുതന്നെ വില നിൎണ്ണയിക്കപ്പെടണം. ഇതു സാദ്ധ്യമല്ലാത്തിടത്തു മാത്രം ഗവമ്മേണ്ടു് വില നിയന്ത്രിക്കുകയോ നിൎണ്ണയിക്കുകയോ ചെയ്യണം. പക്ഷെ, ഇതുകൊണ്ടു് ലാഭത്തെ ഇല്ലായ്മചെയ്യരുതു്; ഉല്പാദനത്തിന്മേലുള്ള കുത്തകനിയന്ത്രണത്തെ തടയുകയേ ചെയ്യാവൂ.

## ആസൂത്രണത്തിൻെറ സാമാന്യസ്വഭാവം

സാമ്പത്തികാസൂത്രണം എല്ലാവിധ ഭരണവ്യവസ്ഥയിൻകീഴിലുമാവാം. ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിലായാലും ഫാസിസ്റ്റ് രാഷ്ട്രത്തിലായാലും അതിന്നു സ്ഥാനമുണ്ടു്. എന്നാൽ, ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ സ്വകാര്യവ്യവസായികൾക്കു സ്ഥാ

* A. C. Pigou: Socialism Versus Capitalism- P. 10.

നമില്ല. ഉല്പാദനം നടത്തുന്നതുമുഴുവൻ സ്റ്റേററിൻെറ അഭിമുഖ്യ ത്തിൽതന്നെയായിരിക്കും. ഉല്പാദനോപകരണങ്ങൾ സ്റ്റേററിൻെറ ഉടമയിൽതന്നെയായിരിക്കും. ഒരു ഫാസിസ്റ്റ് രാഷ്ട്രത്തിൽ ആ ണെങ്കിൽ സ്വകാര്യവ്യവസായികൾക്കു തീരെ സ്വാതന്ത്ര്യവുമി ല്ല. എല്ലാം ഗവമ്മെണ്ടിൻെറ കർശനമായ ആജ്ഞാനുസരണം ചെയ്തുകൊള്ളണം. എന്നാൽ സ്വകാര്യസ്വത്തനുവദിക്കുന്ന (മുത ലാളിത്ത) പ്രജായത്തരാഷ്ട്രത്തിൽ സാമ്പത്തികാസൂത്രണം ഇവ ര ണ്ടിൻെറയും മദ്ധ്യേമാർഗ്ഗമാണ് അവലംബിക്കുന്നതു്. അതിൽ നിലവിലുള്ള സമ്പദ്‌വ്യവസ്ഥയെ തീരെ പുറംതള്ളുകയോ വി പ്ലവപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. അ തിൽ സ്വകാര്യസംരംഭങ്ങളെ നിലവിലുള്ള സമ്പദ്‌വ്യവസ്ഥയു ടെ അടിസ്ഥാനവിശേഷതയായിത്തന്നെ കരുതുന്നു. അവയ്ക്കുള്ള വൈകല്യങ്ങളെ പരിഹരിക്കുകയാണ് ആസൂത്രണംകൊണ്ടുദ്ദേശി ക്കുന്നതു്. പൊതുതാല്പര്യത്തെ മുൻനിത്തി ഇവയുടെ മേൽ ചില നിയന്ത്രണങ്ങൾ ചുമത്തുന്നതായിരിക്കും. അത്യാവശ്യമായ ചില രംഗങ്ങളിൽ ഇതിന്നുപകരം പൂർണ്ണമായോ ഭാഗികമായോ പൊ തുവുടമതന്നെ ഏർപ്പെടുത്തുകയും ചെയ്യും. ഇപ്രകാരം പൊതു വെ ഉല്പാദനവർദ്ധന ഉളവാക്കുകയും, ധനവിതരണത്തിലുള്ള അസ മത്വങ്ങൾ ദൂരീകരിക്കുകയുമാണു ചെയ്യുന്നതു്. ആസൂത്രണം നട പ്പിൽ വരുത്തുന്നതു പ്രജായത്തമുറയനുസരിച്ച് ആയിരിക്കും; അധി കാരസ്ഥാനത്തു (മുകളിൽ)നിന്നു നിർബ്ബന്ധപൂർവ്വം ഒരു പ്ലാൻ വെച്ചുകെട്ടുകയല്ല ചെയ്യുക. വേണ്ടപ്പെട്ട കൂടിആലോചനകൾ ക്കും വാദപ്രതിവാദങ്ങൾക്കും ശേഷം ജനപ്രതിനിധികൾ സ്വീക രിച്ച രൂപത്തിലുള്ള പദ്ധതി മാത്രമേ നടപ്പിൽ വരുത്തുകയുള്ളു. സ്തംഭം പൊട്ടിപ്പുറത്തുവന്ന നരസിംഹമൂർത്തിയെപ്പോലെ, പരിപൂ ർണ്ണരൂപത്തിലല്ല ഒരു പ്ലാൻ നടപ്പിൽ വരുന്നതു്. സാമ്പത്തികരം ഗത്തിലെ ഗതിവിശേഷങ്ങളേയും സമ്പ്രദായങ്ങളേയും സ്ഥാപന ങ്ങളേയും മെല്ലെമെല്ലെ കൂട്ടിയിണക്കിക്കൊണ്ടു്, നിയന്ത്രണങ്ങളു ടെ പന്ഥാവുകളിൽക്കൂടി മുന്നോട്ടു കൊണ്ടുപോകുകയാണു ചെയ്യു

ന്നതു്.[1] തന്നിമിത്തം അതിന്റെ പ്രവൎത്തനം ദ്രുതഗതിയിലാവാൻ നിവൃത്തിയില്ല. സർ ആർദർ സാൾട്ടർ സൂചിപ്പിച്ചിരിക്കുന്നതു പോലെ, ഓരോരോ അംശം സ്വീകരിക്കുകയും നടപ്പിൽ വരുത്തു കയും ചെയ്യുന്നതനുസരിച്ചു് അതിന്റെ ഗതി മന്ദമായിത്തന്നെ ഇരിക്കും.[2] അങ്ങിനെ അതൊരു നീരൊഴുക്കുപോലെ തുടർച്ച യായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കും. മാറിമാറി വരുന്ന പ രിതസ്ഥിതികൾക്കനുസരിച്ചു് അതിൽ ഭേദഗതി വന്നുകൊണ്ടുമി രിക്കും. ഡർബ്ബിൻ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക: "ആസൂത്ര ണത്തിന്റെ ഭാവിയെ സംബന്ധിച്ചേടത്തോളം ഒരു സിദ്ധാന്തപര മായ തീർപ്പു വേണമെന്നില്ല, അതരുതുതാനും. മാനുഷീകാഭിരു ചിക്കും, സാങ്കേതിക കണ്ടുപിടുത്തങ്ങൾക്കും, പൊതുഭദ്രതയുടേ യും ക്ഷേമത്തിന്റെയും നിലവാരങ്ങൾക്കും എന്തു സംഭവിക്കുമെ ന്നു വിശദമായി പറയുക സാദ്ധ്യമല്ല. തന്നിമിത്തം മാറിക്കൊ ണ്ടുവരുന്ന സാമൂഹ്യാവശ്യങ്ങൾക്കനുസരിച്ചു ഭേദഗതി ചെയ്യാൻ സാധിക്കാത്ത പദ്ധതികൾ തയ്യാറാക്കുന്നതു് അങ്ങേഅററത്തെ മൂ ഢതപമായിരിക്കും. ഭൌതികശാസ്ത്രങ്ങളിലെന്നപോലെ, അത്ര തന്നെ കണിശമായും ശരിയായും മാനവവർഗ്ഗത്തിന്റെ പ്രവൎത്തന ങ്ങളെ പ്രവചിക്കുവാൻ സാദ്ധ്യമാക്കുന്ന യാതൊരു ശക്തിയെപ്പ ററിയും മനുഷ്യനു് ഇന്നേവരെ അറിവില്ല. ഇന്നേവരെ ഒരു സാമ്പ ത്തികജ്യോത്സ്യൻ പ്രത്യക്ഷപ്പെട്ടിട്ടുമില്ല........"[3]

ഓരോ പതനത്തിലും പരീക്ഷണത്തിന്റെ വിജയമാണു് അ തിന്റെ പുരോഗതിക്കാസ്പദം. ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ ഗവൎണ്ണറായിരുന്ന എ. സി. കോൾ പ്രസ്താവിച്ചതുപോലെ: "സാ മ്പത്തികജീവിതത്തിന്റെ വൈവിദ്ധ്യമാന്ന നീരൊഴുക്കിനെ ഇരു

---

[1] Rowse: Where Stands Socialism Today- P. 112.

[2] Sir Arthur Salter: Recovery- P. 42.

[3] Durbin: Problems of Economic Planning-P. 49.

ന്യമൂശകളിലാക്കി ഫലീഭവിപ്പിക്കുക സാദ്ധ്യമല്ല.” * പരിണാമ മാർഗ്ഗത്തിൽക്കൂടി കടന്നുകടന്നുമുന്നോട്ടുപോയി പരിപൂർണ്ണതനേടുക എന്നതാണ് ആസൂത്രണത്തിൻെറ പ്രധാന വിശേഷത എന്നദ്ദേഹം ഊന്നിപ്പറയുന്നു. അങ്ങിനെ മാറിവരുന്ന പരിതസ്ഥിതികൾക്കനുസരിച്ച് സാമ്പത്തികപ്രവർത്തനമുറകളെ നവീകരിക്കുവാനുള്ള ഒരു പരിശ്രമമാണ് ആസൂത്രണം.

## ആസൂത്രണം വിജയിക്കണമെങ്കിൽ

പദ്ധതി പ്രഥമവും പ്രധാനവുമായി കുററമററ ഒന്നായിരിക്കണം. പ്രകൃതിവിഭവങ്ങളുടെ ശരിയായ സ്ഥിതിപരിശോധനയുടേയും സൂക്ഷ്മമായ ഗണനയുടേയും, അവഗാഢമായ ഗവേഷണത്തിൻേറയും ഫലമായി ജന്മമെടുത്തതായിരിക്കണം അതു്; യാഥാർത്ഥ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായിരിക്കണം. അതിൽ മുഖ്യകാര്യങ്ങൾക്കു് അവയുടെ പ്രാധാന്യമനുസരിച്ചു മുൻഗണന നൽകിയിരിക്കണം.

പദ്ധതിയുടെ ലക്ഷ്യം സുവ്യക്തവും സുനിശ്ചിതവുമായിരിക്കണം. ഗവൺമെണ്ടു് മാറുന്നതോടുകൂടി അതു മാറിക്കൊണ്ടിരിക്കരുതു്. അങ്ങിനെയാണെങ്കിൽ ആസൂത്രണത്തിനു സ്ഥിരതയുണ്ടായിരിക്കയില്ല. അതു കാലൂറപ്പോടുകൂടി മുന്നോട്ടു നീങ്ങുകയുമില്ല. അതിനാൽ സാമ്പത്തികാസൂത്രണം രാഷ്ട്രീയമായ കക്ഷിവഴക്കുകൾക്കതീതമായിരിക്കണം. അതു് ഒരു പ്രത്യേക വിഭാഗത്തിൻെറ ഹിതംമാത്രം നടപ്പിൽ വരുത്തുവാനുള്ളതായിരിക്കരുതു്. അതുപോലെതന്നെ സാമ്പത്തികരംഗത്തിൽ സർക്കാരിൻെറ പ്രവർത്തനപരിധിയും സ്വകാര്യവ്യക്തികളുടെ പ്രവർത്തനപരിധിയും വ്യക്തമായി തിട്ടപ്പെടുത്തിയിട്ടുണ്ടായിരിക്കണം. പദ്ധതിയുടെ പൂർത്തീകരണത്തിന്നു് ഒരു കാലനിർണ്ണയം അത്യാവശ്യമാണു്. ഇതിന്നു് ഉല്പാദനവും വിതരണവും നിശ്ചിതസമയത്തു നടക്കണം.

---

* A. C. Kole: Evidence before the Royal Commission on Indian Finance and Currency, 1913.

വിജയകരമായ ആസൂത്രണത്തിന്നു് ഒരു കേന്ദ്രസമതി അത്യാവശ്യമാണു്. ഈ സമിതിക്കു കൃഷി, വ്യവസായം, പണമിടപാടു് എന്നിവയുടെമേൽ ഉന്നതാധികാരം ഉണ്ടായിരിക്കണം. വിവിധ വിഭവങ്ങളുടെ പ്രവൎത്തനങ്ങളെ നിയന്ത്രിക്കുന്ന ചെറുസമിതികൾ അതാതുവിഭാഗത്തിൻെറ പ്രത്യേക താല്പൎയ്യങ്ങളെമാത്രം മുൻനിൎത്തി ഉല്പാദനം കുറയ്ക്കുകയോ, വില കയററുകയോ, വില കുറയ്ക്കാതിരിക്കയോ ചെയ്യേക്കാം. ഇങ്ങനെയുള്ള അനാശാസ്യവാസനകളെ അമൎത്തി, ഉല്പാദനവും വിലയും മൂലധനനിക്ഷേപത്തോതും മററും നിൎണ്ണയിക്കുവാനധികാരമുള്ള ഒരുന്നതാധികാരകേന്ദ്രസമിതി ആവശ്യമാണു്. പ്രത്യേകിച്ചും ബാങ്കുകളുടെ വ്യാപാരത്തേയും പണമിടപാടുനയത്തേയും നിയന്ത്രിക്കാതെ ആസൂത്രണം വിജയപ്രദമാവുകയില്ല. "നാണയപ്രശ്നത്തിന്നു തക്കതായ പരിഹാരം കാണുകയാണെങ്കിൽ മററു പല രംഗങ്ങളിലും വിപുലവും സവിസ്തരവുമായ ആസൂത്രിതപദ്ധതി കൂടാതെ കഴിക്കാം. അത്രയ്ക്കുവ്യാപകമായ സ്വാധീനശക്തിയാണു പണത്തിന്നു് എല്ലാവിധം സാമ്പത്തിക പ്രവൎത്തനങ്ങളുടെയും മേലുള്ളതു്."—(മേയേഴ്സ്സ്). [1] ഉല്പാദനവികസനവും തൊഴിൽവൎദ്ധനയും വ്യാപാരവൎദ്ധനയും എല്ലാം ബാങ്കുകളുടെ അനുകൂലനയത്തെ അനുസരിച്ചിരിക്കുന്നു. ഡർബ്ബിൻ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ, "ഒരു പ്രജായത്തവ്യവസ്ഥയിൻകീഴിൽ ആസൂത്രിത സമ്പദ്‌വ്യവസ്ഥയ്ക്കു ജനസമ്മതിയും സ്ഥൈൎയ്യവും കൈവരേണമെങ്കിൽ കേന്ദ്രനിയന്ത്രണത്തിൻെറആദ്യഘട്ടത്തിന്നുശേഷം തൊഴിൽവൎദ്ധനയും, ഉന്നതതലത്തിൽ ഒരു ദൃഢതയും ഉളവാക്കുവാൻ ശ്രദ്ധിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്."[2] ഇന്നത്തെ വ്യവസ്ഥിതിയിൽ കൂടെക്കൂടെ ഉണ്ടാകുന്ന വ്യാപാരമാന്ദ്യവും, തൊഴിലില്ലായ്മയും നിൎമ്മാൎജ്ജനം ചെയ്ക എന്നതായിരിക്കണം പുതിയ സമ്പദ്‌വ്യവസ്ഥകൊണ്ടു് സാധിക്കേണ്ടുന്ന പരമപ്രധാനമായ മാററം.

---

[1] Mayers: Modern Econ. Problems— P. 328.
[2] Durbin: Problems of Econ. Planning—P. 55.

പദ്ധതിയുടെ പ്രവൎത്തനം അതിനുപ്രാപ്തിയുള്ളവരുടെ കൈയിലായിരിക്കണം. അവർ ശരിയായ പരിശീലനം ലഭിച്ചവരായാൽമാത്രം പോരാ, ആത്മാൎത്ഥതയും സത്യസന്ധതയും ഉള്ളവർ കൂടിയായിരിക്കണം. തങ്ങളുടെ കൎത്തവ്യം യഥാൎത്ഥമായ ഉത്തരവാദിത്വബോധത്തോടുകൂടി അവർ നിൎവ്വഹിക്കണം. ഏതുപ്രതിബന്ധത്തേയും മല്ലിട്ടു ജയിക്കത്തക്ക ഒരു സമരമനസ്ഥിതിയോടും ശുഭാപ്തി വിശ്വാസത്തോടും കൂടിയായിരിക്കണം അവരുടെ മുന്നോട്ടുള്ള ഓരോ കാൽവെയ്പും.

തൊഴിലാളികളുടെ പൂൎണ്ണമായ സഹകരണം ഉണ്ടായിരിക്കേണ്ടതാണ്. ഇതിന്നു അവൎക്ക് തൊഴിൽഭദ്രതയും ന്യായമായ കൂലിയും ലഭിക്കേണ്ടതാണ്. അത്യാവശ്യസാധനങ്ങളുടെ വില കുറച്ചും നികുതിഭാരം ലഘൂകരിച്ചും അവരുടെ സഹകരണം നേടാം. അതുപോലെ അധികം അദ്ധ്വാനശീലവും ഉല്പാദനക്ഷമതയും പ്രദർശിപ്പിക്കുന്നവൎക്ക് പ്രത്യേകവേദനം കൊടുത്തു പ്രോത്സാഹനം നല്കണം. ഇത്തരം പ്രേരകങ്ങൾ ആസൂത്രണത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. തൊഴിലാളികൾ എപ്പോഴും അധികം കൂലിക്കു ശഠിച്ചുകൊണ്ടിരിക്കരുതു്. ന്യായമായ കൂലികൊണ്ടു് അവർ തൃപ്തിപ്പെടണം. അല്ലാത്തപക്ഷം ഉല്പാദനവൎദ്ധന സാദ്ധ്യമല്ല. സമുദായത്തിന്റെ പൊതുതാല്പൎയ്യങ്ങൾക്കു് തങ്ങളുടെ സ്വകാൎയ്യതാല്പൎയ്യങ്ങളെ കീഴൊതുക്കിനിൎത്തുവാൻ അവർ സന്നദ്ധരാവണം. നാം സമുദായത്തിൽ ജനിച്ചവരാണ്; നാം സമുദായത്തിനുവേണ്ടി ജീവിക്കണം. ഒരു പ്രജാധിപത്യവ്യവസ്ഥിതിയിൽ വ്യക്തികൾ തങ്ങളുടെ ജീവിതവൃത്തിയെ ജനസമുദായത്തിന്റെ കേന്ദ്രീകൃത നിയന്ത്രണത്തിന്നു വിധേയമാക്കണം. “നമ്മുടെയെല്ലാവരുടെയും ക്ഷേമം കൈവരുത്തുകയെന്നതു സമുദായത്തിന്റെ കൎത്തവ്യമാണ്; അപ്രകാരം ചെയ്യണമെങ്കിൽ നമ്മുടെ ഓരോരുത്തരുടേയും ക്ഷേമത്തിന്റെ പരിധികൾ നിശ്ചയിക്കുവാൻ അതിന്നു സാധിക്കണം.” (ഡർബ്ബിൻ). *

---

* Durbin: Problems of Economic Planning. P. 57.

അതുപോലെതന്നെ വ്യവസായ ഉടമകളുടെ ആത്മാൎത്ഥമായ സഹകരണവും അത്യാവശ്യമാണു്. സ്വകാൎയ്യസമ്പദ്‌വ്യവസ്ഥ നിലവിലുള്ള ഒരു പ്രജായത്തരാഷ്ട്രത്തിൽ ഉല്പാദനവികസനം സാധിക്കേണ്ടതു പ്രധാനമായും സ്വകാൎയ്യവ്യവസായികൾ മുഖേനയാണു്; വ്യവസായങ്ങൾ മുഴുവനും ദേശസാല്ക്കരിക്കുവാനുള്ള ശ്രമം അവിടെ നടക്കുന്നതല്ല. അതിനാൽ കൂടിയാലോചനകൾകൊണ്ടും, അസംസ്കൃതപദാൎത്ഥങ്ങൾ ലഭിക്കുന്ന കാൎയ്യത്തിലും, വില്പനയുടെ കാൎയ്യത്തിലും മററും അനുകൂല പരിതസ്ഥിതികൾ സൃഷ്ടിച്ചുകൊടുത്തുകൊണ്ടും ഗവൎമ്മേണ്ടു സ്വകാര്യവ്യവസായികളുടെ സഹകരണം നേടേണ്ടതാണു്. കൂടുതൽ മൂലധനമിറക്കാനും വ്യവസായം വികസിപ്പിക്കുവാനും അവരെ പ്രേരിപ്പിക്കേണ്ടതാണു്. ഇതിന്നു പല ആനുകൂല്യങ്ങളും അവൎക്കനുവദിച്ചുകൊടുക്കണം. അനാവശ്യമായ നിയന്ത്രണങ്ങൾകൊണ്ടും ദുൎവ്വഹമായ നികുതിഭാരംകൊണ്ടും അവരെ വിഷമിപ്പിക്കരുതു്.

ഇതേപ്രകാരംതന്നെ പൊതുജനങ്ങളുടെ സഹായസഹകരണങ്ങളും ലഭിച്ചെങ്കിൽ മാത്രമേ സാമ്പത്തികാസൂത്രണം ഉദ്ദിഷ്ടലക്ഷ്യം പ്രാപിക്കുകയുള്ളു. പ്രത്യേകിച്ചും ഒരു ജനകീയരാഷ്ട്രത്തിൽ ഭൂരിപക്ഷാനുകൂല്യമില്ലാതെ ഒന്നുംതന്നെ നടത്തുക സാദ്ധ്യമല്ലല്ലോ. ഇതിനു് ഒന്നാമതായി പ്രചാരവേല ആവശ്യമാണു്. പദ്ധതിയുടെ ഉദ്ദേശവും അതുകൊണ്ടു ജനങ്ങൾക്കു കൈവരാൻപോകുന്ന നന്മകളും അവരെ നല്ലപോലെ ധരിപ്പിക്കേണ്ടതാണു്. പദ്ധതിയുടെ വിവിധഭാഗങ്ങളും അവൎക്കു വിവരിച്ചു മനസ്സിലാക്കിക്കൊടുക്കുകയും വേണം. ആസൂത്രണത്തിൻെറ ആവശ്യം വിശദമാക്കത്തക്കവിധം രാജ്യത്തിൻെറ സാമ്പത്തികവ്യവസ്ഥ വെളിപ്പെടുത്തുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധപ്പെടുത്തണം. അതുപോലെതന്നെ പദ്ധതിയുടെ പ്രവൎത്തനത്തിൻെറ പുരോഗതികാണിക്കുന്ന കണക്കുകളും ഇടയ്ക്കിടെ പ്രസിദ്ധപ്പെടുത്തേണ്ടതാണു്. പ്രസിദ്ധീകരണങ്ങൾ ജനസാമാന്യത്തിന്നു് മനസ്സിലാക്കുവാൻ സാധിക്കുമാറു പ്രാദേശികഭാഷകളിൽ വേണ്ടതാണു്. അതേ അവസര

ത്തിൽ വളൎന്നുവരുന്ന തലമുറയിൽ ആസൂത്രണമനസ്ഥിതിയും സാമാന്യമായ ഉത്തരവാദിത്വബോധവുമുളവാക്കുവാൻ ഉതകുന്ന വിധത്തിൽ വിദ്യാലയങ്ങളിലെ പാഠ്യവിഷയങ്ങളിൽ രാജ്യത്തിൻെറ സാമ്പത്തികസ്ഥിതിയും, സാമ്പത്തികാസൂത്രണത്തിൻെറ ആവശ്യകതയും, അതു നടപ്പിൽവരുത്തുന്ന വിധവും വിവരിക്കുന്ന ലഘുപാഠങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണു്. ഇങ്ങിനെ വളൎന്നുകഴിഞ്ഞ തലമുറയോടൊപ്പം വളൎന്നുവരുന്ന തലമുറയുടെയും ആനുകൂല്യം സാമ്പത്തിക പുനഃസംഘടനാപദ്ധതിക്കു ലഭിച്ചാൽ തീൎച്ചയായും അതു വിജയപൎയ്യവസായിയാവും.

എന്നാൽ ജനങ്ങളുടെ മാനസികമായ ആനുകൂല്യംമാത്രം ലഭിച്ചാൽ പോര; ഭൗതികമായ സാഹായ്യങ്ങളും ലഭ്യമാകണം. വികസനപദ്ധതികൾ നടപ്പിൽ വരുത്തേണ്ടതിലേയ്ക്കു ചുമത്തുന്ന നികുതി അടച്ചുകൊടുക്കുവാൻ അവർ സന്നദ്ധരായിരിക്കണം. ഗവൎമ്മേണ്ടേൎപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്കു വിധേയരായി പ്രവൎത്തിക്കുവാനും അവർ ഒരുങ്ങേണ്ടതാണു്.

അതേ അവസരത്തിൽതന്നെ നിലവിലുള്ള ഗവൎമ്മേണ്ടു് ഇപ്പറഞ്ഞ ചട്ടങ്ങളും നിയന്ത്രണങ്ങളും ഏൎപ്പെടുത്തുവാനും പ്രയോഗത്തിൽ വരുത്തുവാനും പ്രാപ്തിയുള്ളവിധം ശക്തിയാൎന്നതായിരിക്കണം. തെററായ മാൎഗ്ഗവും നയവും സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാരെ തക്കസമയത്തു ശിക്ഷിക്കുവാൻ ഒട്ടുംതന്നെ വൈമനസ്യം പ്രദൎശിപ്പിക്കരുതു്. തങ്ങളുടെ നടപടികൾകൊണ്ടു് ഗവൎമ്മേണ്ടു് ജനങ്ങളിൽ വിശ്വാസവും ആവേശവും സമുൽഭൂതമാക്കേണ്ടതാണു്.

## ആസൂത്രണത്തിൻെറ പുരോഗതി

സാമ്പത്തികാസൂത്രണം ഇന്നോ ഇന്നലേയോ രൂപമെടുത്ത ഒരാശയമല്ല; അതു പുരാതനകാലംമുതല്ക്കുതന്നെ ചിന്തകന്മാർ അഭിപ്രായപ്പെട്ടുവന്നതാണു്. എന്നാൽ ഇന്നത്തെപ്പോലെ സമഗ്രരൂപത്തിലല്ലെന്നു മാത്രം. ജനസമുദായത്തിൻെറ സാമ്പത്തികജീവി

ത്തിൻെറ ഘടനയും പ്രവത്തനവും എങ്ങിനെയിരിക്കേണമെന്നു് അത്ഥശാസ്ത്രത്തിൽ വിശദമായി വണ്ണിച്ചിട്ടുണ്ടു്. പാശ്ചാത്യചിന്തകരുടെ കൂട്ടത്തിലാണെങ്കിൽ പ്ലാറേറാ തൻെറ ആദർശസ്വൎഗ്ഗം ചിത്രീകരിച്ചതുമുതൽക്കിങ്ങോട്ടു പല പണ്ഡിതന്മാരും ആദർശപരമായ സാമ്പത്തികവ്യവസ്ഥയുടെ ചിത്രം വരച്ചുകാണിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. അതാതുകാലത്തെ സാമ്പത്തിക കുഴപ്പങ്ങളാണു് ഇത്തരം ചിത്രീകരണത്തിന്നു ഹേതുഭൂതമായിരുന്നതു്. എന്നാൽ നിയന്ത്രിതവും വ്യവസ്ഥിതവുമായ ഒരു സമ്പദ്‌വ്യവസ്ഥ എങ്ങിനെ സൃഷ്ടിക്കാം എന്നുള്ള കാൎയ്യത്തിൽ പ്രസ്തുത ചിന്തകന്മാരിൽനിന്നു് വേണ്ടത്ര മാൎഗ്ഗദർശനം ലഭിച്ചില്ല. ആധുനികകാലഘട്ടത്തിൻെറ ആരംഭദശയിൽ യൂറോപ്യൻ രാജ്യങ്ങൾ അനുവത്തിച്ചുവന്ന "സാമ്പത്തികസ്വയംസമ്പൂൎണ്ണതാ"നയവും ആസൂത്രണത്തിൻെറ ആശയം ഉൾക്കൊള്ളുന്നുണ്ടു്. മദ്ധ്യകാലഘട്ടത്തിലെ ഛിന്നഭിന്നമായി കിടന്നിരുന്ന സമ്പദ്ഘടന വരുത്തിവെച്ച കുഴപ്പങ്ങളിൽനിന്നുള്ള രക്ഷാമാർഗ്ഗമായിട്ടാണു് രാഷ്ട്രങ്ങൾ സ്വയംപൎയ്യാപ്ത സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുവാൻ ശ്രമിച്ചതു്. പത്തൊമ്പതാംനൂററാണ്ടിൻെറ ഉത്തരാൎദ്ധം മുതൽ ആധുനികരാഷ്ട്രങ്ങൾ സ്വീകരിച്ചുവന്നിട്ടുള്ള ചുങ്കസംരക്ഷണനയവും ഇതിൻെറ സന്താനംതന്നെയാണു്. എന്നാൽ ഇവയൊന്നുംതന്നെ ജനസാമാന്യത്തിൻെറ പൊതുക്ഷേമത്തെ ഉദ്ദേശിച്ചു് സ്വീകരിക്കപ്പെട്ട നടപടികളല്ല, ചില പ്രത്യേക താല്പൎയ്യങ്ങളുടെ സംരക്ഷണാർത്ഥമായിരുന്നു. ഇന്നത്തെ സാമ്പത്തികാസൂത്രണത്തിന്നു ലക്ഷ്യം ജനസമുദായത്തിൻെറ സൎവ്വതോമുഖമായ ക്ഷേമമാണു്.

നവീനരീതിയിലുള്ള സാമ്പത്തികാസൂത്രണത്തെപ്പററി സാമ്പത്തികവിദഗ്ദ്ധന്മാർ ചിന്തിക്കുവാൻ തുടങ്ങിയതു് ഒന്നാം ലോകമഹായുദ്ധാനന്തരം വന്നുചേൎന്ന സാമ്പത്തികക്കുഴപ്പങ്ങൾക്കു ശേഷമാണു്. പ്രത്യേകിച്ചും മുപ്പതുകളിലെ സാമ്പത്തികാധഃപതനകാലത്തു്. അക്കാലത്തു പരക്കെ വ്യാപാരമാന്ദ്യം സംഭവിച്ചിരുന്നു. സാധനങ്ങളുടെ വില ഇടിഞ്ഞുകൊണ്ടിരുന്നു. വ്യവസായശാ

ലകൾ പലതും പൂട്ടേണ്ടിവന്നു. തൊഴിലാളികളുടെ കൂലിനന്നേ താണുവെന്നു മാത്രമല്ല, പലക്കും തൊഴിലില്ലാതായിത്തീരുകയും ചെയ്തു. തൊഴിലില്ലായ്മ നാൾക്കുനാൾ വർദ്ധിച്ചു. മാക്കററിൽ പണത്തിന്നു പഞ്ഞമായി. കർഷകർ ദാരിദ്ര്യത്തിലും കടത്തിലുമാണ്ടുകൊണ്ടിരുന്നു. ഗവമ്മേണ്ടു് മുൻകൈയെടുത്തു പ്രവത്തിക്കാതെ ഈ സ്ഥിതി ഭേദപ്പെട്ടുകയില്ലെന്നു കാര്യവിവരമുള്ളവക്കെല്ലാം തോന്നിത്തുടങ്ങി. സാമ്പത്തികരംഗത്തിൽ ഗവമ്മേണ്ടിൻെറ ഇടപെടാതിരിക്കൽനയം പരാജയപ്പെട്ടതായി എല്ലാവക്കും അനുഭവപ്പെട്ടു. അനിയന്ത്രിതമായ മുതലാളിത്തം ആപല്ക്കരമാണെന്നു് വ്യക്തമായി. യുദ്ധകാലത്തെ നടപടികൾ സക്കാർ നിയന്ത്രണത്തിന്നു് വിധേയമായി തങ്ങളുടെ സാമ്പത്തികചര്യ വ്യവസ്ഥപ്പെടുത്തുവാൻ ജനങ്ങളെ നിർബദ്ധരാക്കിയിരുന്നു. സമ്പദ്വ്യവസ്ഥയെ ഗവമ്മേണ്ടുനിയന്ത്രണങ്ങൾക്കു വിധേയമാക്കിയപ്പോൾ യഥാത്ഥത്തിൽ സാമ്പത്തികാസൂത്രണത്തിനുള്ള കളമൊരുക്കിയതായി കരുതപ്പെടാം.

ആദ്യകാലങ്ങളിൽ സാമ്പത്തികാസൂത്രണം സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കുമാത്രം യോജിച്ചതാണെന്നു് ഒരു ധാരണയുണ്ടായിരുന്നു. കാരണം, പ്രസ്തുതഭരണത്തിൻകീഴിൽ ഉല്പാദനോപകരണങ്ങൾ മുഴുവൻ രാഷ്ട്രത്തിൻെറ പൊതുവുടമയിൽ കൊണ്ടുവരികയും ഉല്പാദനവും വിതരണവും ഗവമ്മേണ്ടിൻെറ ആഭിമുഖ്യത്തിൽതന്നെ നടക്കുകയുമാണല്ലോ ചെയ്യുന്നതു്. എന്നാൽ സോഷ്യലിസത്തിൻെറ ആശയമുൾക്കൊള്ളുന്ന പല നിയമനിമ്മാണങ്ങളും നടപടികളും ആധുനിക പ്രജായത്തരാഷ്ട്രങ്ങൾക്കു് ക്രമേണ ക്രമേണയായി സ്വീകരിക്കേണ്ടിവന്നു. പൊതുക്ഷേമകരമായ പല വ്യാവസായിക സംരംഭങ്ങളും സവ്വീസുകളും ഇന്നു് വിവിധ രാഷ്ട്രങ്ങളിലും ഗവമ്മേണ്ടു് നടത്തിവരുന്നുണ്ടു്. വരുമാനത്തോടൊപ്പം ഉയരുന്ന നികുതിനിരക്കും, തൊഴിലാളിസംരക്ഷണനിയമങ്ങളും (തൊഴിലില്ലായ്മവേതനം, അപായപരിഹാരം, രോഗകാലവേതനം, വാ

ദ്ധക്യവേതനം,രോഗകാലരക്ഷ മുതലായ സാമൂഹ്യരക്ഷാവ്യവസ്ഥകളും) സാർവ്വത്രികവിദ്യാഭ്യാസവും, വയോജനവോട്ടവകാശവും, നിയമസഭയിലുള്ള സമപ്രാതിനിദ്ധ്യവുമെല്ലാം ഈ ഗതിവിശേഷത്തെത്തന്നെയാണ് സൂചിപ്പിക്കുന്നതും. അതുകൊണ്ടാണ് 1891-ൽ സർ വില്യം ഹാർക്കോർട്ട് പ്രസ്താവിച്ചതു്, "ഇപ്പോൾ നാമെല്ലാവരും സോഷ്യലിസ്റ്റുകളാണ്," എന്നു്. രാഷ്ട്രമീമാംസകരും ഭരണകർത്താക്കളും വ്യവസായികളുമെല്ലാം ജനസമുദായത്തിന്റെ സാമ്പത്തികജീവിതത്തിന്റെ ഒരു വശത്തല്ലെങ്കിൽ മറെറാരുവശത്തു് കരുതിക്കൂട്ടിയല്ലെങ്കിലും ആസൂത്രണം നടത്തിയിട്ടുണ്ടു്. തൽഫലമായി പ്രൊ. റോബിൻസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ, "നാമെല്ലാവരും ഇപ്പോൾ സോഷ്യലിസ്റ്റുകളായിരിക്കയില്ലെങ്കിലും മിക്കവാറും നാമെല്ലാവരും ആസൂത്രകരാണ്."[1]

നവീനസമ്പ്രദായത്തിലുള്ള സമഗ്രമായ സാമ്പത്തികാസൂത്രണം ആദ്യമായി ആരംഭിച്ചതു് സോവിയററ് റഷ്യയാണ്. അതു് 1928-ൽ ആയിരുന്നു. അവിടെ പഞ്ചവത്സരപദ്ധതികൾ ഒന്നിനുപിറകേ ഒന്നായി നാലെണ്ണം നടപ്പിൽവന്നുകഴിഞ്ഞു. ഇപ്പോൾ അഞ്ചാമത്തേതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കയാണ്. ഈ പദ്ധതികൾ ആ രാജ്യത്തിന്നു് അനിതരസാധാരണമായ വ്യവസായവികസനവും സാമ്പത്തികാഭിവൃദ്ധിയും കൈവരുത്തി. പിന്നണിയിൽ നിന്ന ഒരു കാർഷികരാജ്യമെന്നതിൽനിന്നും ഒരു നവീനവ്യാവസായികശക്തിയായിക്കൊണ്ടുള്ള ഇത്രയും ദ്രുതതരമായ മാററം മറെറാരു രാജ്യത്തിലും ഇതിനുമുമ്പു് അനുഭവപ്പെട്ടിട്ടില്ല.[2]

സാമ്പത്തികാധഃപതനത്തിൽപ്പെട്ടു് അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ് മുതലായ മുന്നണിരാഷ്ട്രങ്ങൾ വട്ടംകറങ്ങുന്ന കാലത്താണ് റഷ്യ ഇത്രയും വിസ്മയാവഹമായ അഭ്യുന്നതി നേടിയതു്.

---

[1] Prof: L. Robbins: The Great Depression, P. 145.

[2] Harris: Economic Planning—P. 14-15.

സാമ്പത്തികക്കുഴപ്പങ്ങൾകൊണ്ടു വിഷമിക്കുന്ന മററു രാജ്യങ്ങളു ടെ ശ്രദ്ധ സ്വാഭാവികമായി ആസൂത്രണത്തിലേയ്ക്കു തിരിഞ്ഞു. പലരും ഇതിനെപ്പററി ചിന്തിക്കുവാനും എഴുതുവാനും തുടങ്ങി.

യുദ്ധകാലത്തു പല സാധനങ്ങൾക്കും നേരിട്ട അത്യധികമായ ആവശ്യംനിമിത്തം അവയുടെ സൂക്ഷിപ്പിന്നും വിനിയോഗത്തിന്നും ആസൂത്രണം വേണ്ടിവന്നു. പ്രൊ. സെയ്മൂർ ഹാരിസ്സ് ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ, "കഴിഞ്ഞ പതിനഞ്ചു്, ഇരുപതു വർഷങ്ങളിലെ പരിതസ്ഥിതികളിൽ ചുരുങ്ങിയതോതിലെങ്കിലും ഒരു ആസൂത്രണം നടത്താതെകണ്ടു് കഴിച്ചുകൂട്ടുവാൻ വളരെ ചുരുക്കം രാജ്യങ്ങൾക്കുമാത്രമേ സാധിച്ചിട്ടുള്ളു."[1] എന്നാൽ അതെല്ലാം യഥാർത്ഥമായ ആസൂത്രണത്തിൻെറ ഒരു നിഴൽ മാത്രമായിരുന്നു. റഷ്യൻസമ്പ്രദായത്തിലുള്ള ആസൂത്രണം മുന്നണിയിൽ വന്നതു് യുദ്ധകാലത്താണു്. ലാൻഡോർ, ലാങ്, ലോർവിൻ, പീഗു, പീററർ, ഖൂട്ടൺ മുതലായവർ റഷ്യയിലേയും മററും ആസൂത്രിതസമ്പദ്‌വ്യവസ്ഥയുടെ താത്വികവശത്തെ വിശകലനംചെയ്തു പരിശോധിച്ചു് അതു വിജയപ്രദമാകുമെന്നു് അഭിപ്രായപ്പെട്ടു. ബെർഗ്സൺ, ക്ലാക്ക്, ഡോബ്, സ്വീസി മുതലായവർ റഷ്യൻ വ്യവസ്ഥയെത്തന്നെ പരിശോധിച്ചു് അതെങ്ങനെ പ്രവൎത്തിക്കുന്നുവെന്നും മനസ്സിലാക്കി. ഇററലിയിൽ മുസ്സോളിനിയും, ജൎമ്മനിയിൽ ഹിററ്ലറും വിജയകരമായവിധം ഇപ്രകാരം സാമ്പത്തികാസൂത്രണം നടപ്പിൽ വരുത്തി. സാമ്പത്തികാസൂത്രണാശയത്തിന്നു വിപുലമായ പ്രചാരം ലഭിച്ചു. "ഒരു സാധാരണക്കാരനായ യൂറോപ്യൻ ഇന്നു് അനാസൂത്രിത മുതലാളിത്തത്തെ ഒരു സമ്പന്നരാഷ്ട്രത്തിന്നുമാത്രം കൈക്കൊള്ളുവാൻ സാധിക്കുന്ന ഒരു സുഖഭോഗവസ്തുവായിട്ടാണു് കരുതുന്നതു്."[2] എന്നു് ഹാരിസ്സ് പ്രസ്താവിക്കുന്നു. യുദ്ധപൎയ്യവസാനകാലം മുതല്ക്കു് സാമ്പത്തികാസൂത്രണം പടൎന്നുപിടിച്ചുവരികയാണു്. റഷ്യയുടെ അനുഭവവും, യുദ്ധകാലത്തെ

[1] Seymour E. Harris: Economic Planning. P. 4
[2] Do. Do. P. 6.

നിയന്ത്രണങ്ങളും യുദ്ധത്തിൻെറ കെടുതിയും തത്വചിന്തകന്മാരുടെയും എഴുത്തുകാരുടെയും ആനുകൂല്യവുമെല്ലാം ഇതിന്നു് ഹേതുവായിട്ടുണ്ടു്. പണ്ഡിററ് നെഹ്റു പ്രസ്താവിച്ചിരിക്കുന്നതുപോലെ, "ആസൂത്രണത്തിൻെറ ആശയവും ആസൂത്രിതസമ്പദ്‌വ്യവസ്ഥയും പലതോതിലാണെങ്കിലും, ഏകദേശം എല്ലാവരും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു." സോഷ്യലിസ്റ്റ്‌രാഷ്ട്രങ്ങൾ മാത്രമല്ല, പ്രജായത്തമുതലാളിത്തരാഷ്ട്രങ്ങളായ അമേരിക്കയും, ബ്രിട്ടനും, ഫ്രാൻസുമെല്ലാം സാമ്പത്തികാസൂത്രണത്തിൽ കൈവെച്ചിട്ടുണ്ടു്. അടുത്തകാലത്തായി പൌരസ്ത്യരാഷ്ട്രങ്ങളും ഈ വഴിക്കു് തിരിഞ്ഞിരിക്കുന്നു. മാത്രമല്ല, സാമ്പത്തികാസൂത്രണം ഇപ്പോൾ ദേശീയമായ അതിർവരമ്പുകളെ അതിലംഘിച്ചു് രാഷ്ട്രാന്തരീയരൂപം കൈക്കൊണ്ടുവരികയാണു്. മാർഷൽ പദ്ധതി, കൊളമ്പോ പദ്ധതി എന്നിവ ഈ ഗതിവിശേഷത്തിന്നു് ഉദാഹരണങ്ങളാണു്.

## ആസൂത്രണത്തിൻെറ വകഭേദങ്ങൾ.

അസൂത്രണം പലവിധത്തിലുമാണു് വിവിധരാജ്യങ്ങളിൽ നടക്കുന്നതു്. ഒരററത്തു സർവ്വതോമുഖമായ നിയന്ത്രണം ചുമത്തുന്ന റഷ്യൻപദ്ധതി കിടക്കുന്നു. അതിൽ മനുഷ്യശക്തിയുടേയും സർവ്വപ്രകൃതിവിഭവങ്ങളുടേയും വിനിയോഗവും വിതരണവും പൂർണ്ണമായി നിയന്ത്രിക്കുന്നു. മറെറാരററത്തു ഗവമ്മേണ്ടിൻെറ കൈകടത്തൽ ഏററവും കുറഞ്ഞ അമേരിക്കൻ പദ്ധതികിടക്കുന്നു. ഇതിലേററവുമധികം തൊഴിലവസരങ്ങൾ ഉളവാക്കുക എന്നതാണു് ലക്ഷ്യം. ഇതിന്നു് രണ്ടിന്നും മദ്ധ്യേയായി പല തോതിലുള്ള പദ്ധതികൾ മററുള്ള രാഷ്ട്രങ്ങൾ നടപ്പിൽ വരുത്തുന്നുണ്ടു്. ബ്രിട്ടനിൽ ആദ്യം വ്യാപാരനില ദൃഢപ്പെടുത്തുവാനും സാർവ്വദേശീയസഹകരണം സാദ്ധ്യമാകുവാനും വർദ്ധിച്ച തൊഴിൽത്തുറകളുളവാക്കുവാനും ആവശ്യമായ നിയന്ത്രണങ്ങൾ മാത്രമേ ചുമത്തിയിരുന്നുള്ളു. എന്നാൽ തൊഴിലാളിഗവമ്മേണ്ടു് അധികാരത്തിൽ വന്നപ്പോൾ അവർ കുറേക്കൂടി മുന്നോട്ടുപോയി പല വ്യവസായങ്ങളും ദേശസാൽക്ക

രിക്കുകതന്നെ ചെയ്യു. ഫ്രാൻസ്മോണേപ്ലാൻ നടപ്പിലാക്കിയതു്, കുറച്ചൊക്കെ നിർബന്ധം പ്രയോഗിച്ചും കുറേയെല്ലാം പ്രോത്സാഹനങ്ങൾ നൽകിയും വ്യവസായനവീകരണവും അടിസ്ഥാനവ്യവസായങ്ങളുടെ വികസനവും സാധിക്കുവാനാണ്. നെതർലാൻഡ്സിൽ ഏററവും ചുരുങ്ങിയ വിധത്തിൽ നിയന്ത്രണങ്ങളുപയോഗിച്ച്, പരിമിതമായ വിഭവങ്ങളുടെ പരമമായ വിതരണം സാധിക്കുവാനുള്ള ശ്രമമാണ്. നോർവ്വേയിൽ നിയന്ത്രണങ്ങൾ കുറേ അധികം ചുമത്തിയിട്ടുണ്ടു്. ചെക്കോസ്ളാവാക്യയിലും പോളണ്ടിലും പ്ലാനുകൾക്കു കൂടുതൽ അടുപ്പം റഷ്യയിലേതിനോടാണ്. സാമ്പത്തികതകച്ച ബാധിച്ച പരാജിതരാഷ്ട്രങ്ങളായ ജമ്മനി, ജപ്പാൻ മുതലായവയിൽ സമുദ്ധരണപദ്ധതികൾ പുറമേനിന്നു വെച്ചുകെട്ടപ്പെട്ടവയാണ്. ഇന്ത്യയെപ്പോലുള്ള അവികസിത രാജ്യങ്ങളിൽ ആസൂത്രണത്തിൻെറ സ്വഭാവം മറെറാരുവിധത്തിലാണ്. ഇവിടങ്ങളിൽ വികസനസംരംഭങ്ങളുടെ ഉത്തരവാദിത്വം പ്രധാനമായും സ്വകാര്യവ്യവസായികളുടേതാണ്. ഗവമ്മേണ്ടു് അടിസ്ഥാനവ്യവസായങ്ങളുടെ വികസനഭാരം നേരിട്ടേറെറടുക്കുന്നു. കാർഷികവികസനത്തിൻെറ പ്രധാനഭാഗവും ഗവമ്മേണ്ടുതന്നെ വഹിക്കുന്നു. നിയന്ത്രണങ്ങൾ വേണ്ടിടത്തുമാത്രം ചുമത്തുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഇന്ത്യയിൽ സാമ്പത്തികാസൂത്രണ ത്തിൻെറ ആവശ്യകത

ഇന്ത്യയിൽ സാമ്പത്തികാസൂത്രണത്തിൻെറ ആവശ്യകത കുറെ മുമ്പുതന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന രാജ്യങ്ങളിൽ ആസൂത്രണത്തിൻെറ ലക്ഷ്യം സമ്പൽസമൃദ്ധമായ രാജ്യങ്ങളുടേതിൽനിന്നും ഭിന്നമാണെന്നു് മുൻപു സൂചിപ്പിച്ചുവല്ലോ. നമ്മുടേതുപോലുള്ള ഒരവികസിത രാജ്യത്തിൽ കഴിയുന്നവേഗത്തിൽ സാമ്പത്തികാഭിവൃദ്ധി കൈവരുത്തുക എന്നതായിരിക്കണം ആസൂത്രണത്തിൻെറ ലക്ഷ്യം. ശരിയായ ആസൂത്രണവും ഗവമ്മെണ്ടിൻെറ ഇടപെടലും കൂടാതെ വ്യവസ്ഥിതമായ സാമ്പത്തികാഭിവൃദ്ധി കൈവരുത്തുക സാദ്ധ്യമല്ലെന്നതിന്നു് ഇതുവരെ ഉള്ള ഇന്ത്യയുടെ സാമ്പത്തികചരിത്രംതന്നെ സാക്ഷ്യംവഹിക്കുന്നു. മററു പല രാജ്യങ്ങളും സാമ്പത്തികരംഗത്തിൽ വിമാനവേഗതയോടെ മുന്നോട്ടു കുതിക്കുമ്പോൾ ഇന്ത്യ കട്ടവണ്ടിയെപ്പോലെ മന്ദംമന്ദം നീങ്ങുകയേ ചെയ്തിട്ടുള്ളു. ധാരാളം അസംസ്കൃതവിഭവങ്ങൾകൊണ്ടു് പ്രകൃതി നമ്മെ അനുഗ്രഹിച്ചിട്ടുണ്ടെങ്കിലും നാം അവയെ നമ്മുടെ സാമ്പത്തികാഭിവൃദ്ധിക്കു് ഉപയോഗപ്പെടുത്തുവാൻ മിനക്കെട്ടിട്ടില്ല. ഇവിടെ ഒരുഭാഗത്തു ജനസംഖ്യ ക്രമാധികമായി വദ്ധിച്ചുകൊണ്ടു വരുന്നു; മറുഭാഗത്തു് സാമ്പത്തികോല്പാദനം അഭിവൃദ്ധിപ്പെടാതെയുമിരിക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും നാട്ടിലെങ്ങും നടമാടുന്നു. ഇന്ത്യയുടെ സാമ്പത്തികസ്ഥിതി യഥാത്ഥത്തിൽ വിപ്ലവത്തിനുമുമ്പു് റഷ്യയിലുണ്ടായിരുന്നതിനോടു സാമ്യംവഹിക്കുന്നുണ്ടു്.

ഇന്ത്യയിലെ ജീവിതത്തോതു പരിഷ്കൃതരാജ്യങ്ങളുടെ കൂട്ട

ത്തിൽവെച്ചു് ഏറ്റവും താഴ്ന്ന ഒന്നാണ്. ഇവിടെ ബഹുഭൂരിപക്ഷം ജനങ്ങളും കടുത്ത ദാരിദ്ര്യത്തിലകപ്പെട്ടു കഷ്ടപ്പെടുകയാണ്. ഇവിടത്തെ ജനങ്ങളുടെ ശരാശരി വരുമാനം ഇതര രാജ്യക്കാരുടേതുമായി താരതമ്യപ്പെടുത്തിയാൽ ഇതു വ്യക്തമാവുന്നതാണ്. 1948-ലെ കണക്കുപ്രകാരം ഇന്ത്യയിലേയും മററു രാജ്യങ്ങളിലേയും വരുമാനം നോക്കുക:

| | രൂ. | ണ. | സ. |
|---|---|---|---|
| അമേരിക്കൻ ഐക്യരാജ്യം | 5,100 | 0 | 0 |
| ബ്രിട്ടൻ | 2,600 | 0 | 0 |
| ഫ്രാൻസ് | 2,200 | 0 | 0 |
| ആസ്ട്രേലിയ | 2,700 | 0 | 0 |
| കനഡ | 3,200 | 0 | 0 |
| സിലോൺ | 320 | 0 | 0 |
| ഇന്ത്യ | 255 | 0 | 0 |

ഇംഗ്ലീഷുകാരുടെ വരുമാനം നമ്മുടേതിൻെറ പത്തിരട്ടിയും അമേരിക്കക്കാരൻേറതു് ഇരുപതിരട്ടിയുമാണെന്നു് ഇതിൽനിന്നും വ്യക്തമാണല്ലോ. നിത്യജീവിതത്തിലെ പ്രാഥമികാവശ്യങ്ങൾപോലും നിർവ്വഹിക്കുവാനുള്ള വരുമാനമില്ലാതെ കുഴങ്ങുകയാണ് ജനങ്ങൾ. ജീവൻ നിലനിർത്തുവാൻ അത്യാവശ്യമായ ഭക്ഷണത്തിൻെറകാര്യത്തിൽകൂടി നമ്മുടെ സ്ഥിതി ദയനീയമാണ്. 1933-ൽ സർജോൺ മെഗോ നടത്തിയ അന്വേഷണത്തിൻെറ ഫലമായി ഇന്ത്യയിൽ 39% ജനങ്ങൾ മാത്രമേ വേണ്ടപോലെ ആഹാരം കഴിക്കുന്നുള്ളുവെന്നാണ് കണ്ടതു്. 41% പേരുടെ ആഹാരത്തിൻെറ സ്ഥിതി വളരെ മോശമാണെന്നും ശേഷിപ്പുള്ള 20% പേർ മിക്കവാറും പട്ടിണിക്കാരാണെന്നുമാണ് അദ്ദേഹം കണ്ടതു്. അടുത്തകാലത്തു നമ്മുടെ ഭക്ഷ്യകാര്യവിദഗ്ദ്ധൻ ഡോക്ടർ അയിക്രോയിഡ് പ്രസ്താവിക്കുകയുണ്ടായി, ഈ രാജ്യത്തിലെ 30% ജനങ്ങൾ അരപ്പട്ടിണിയിലോ മുഴുപ്പട്ടിണിയിലോ കഴിയുന്നവരാണ് എന്നു്. ഭക്ഷണത്തിൻെറ തോതുമാത്രമല്ല, ഗുണവും വള

രെ മോശംതന്നെയാണു്. ജനങ്ങൾക്കു പല പകർച്ചവ്യാധിക ളും എളുപ്പത്തിൽ പിടിപെടുന്നതും ധാരാളം ആളുകൾ പ്രതിവർഷം മരിക്കുന്നതും പോഷകവിഹീനമായ ആഹാരംമൂലമുണ്ടാകുന്ന ശ രീരദൌർബ്ബല്യം നിമിത്തമാണു്. പാൽ, പഴം, മുട്ട, മത്സ്യം, മാം സം, ഇലക്കറികൾ എന്നിവയെല്ലാം ആരോഗ്യസംരക്ഷണത്തി നും ശരീരശക്തിക്കും അത്യാവശ്യമാണു്. എന്നാൽ ഇത്തരം സം രക്ഷകാംശങ്ങൾ നമ്മുടെ ഭക്ഷണത്തിൽ നന്നേ കുറവാണു്. നമ്മു ടെ ഭക്ഷണത്തിൽ അധികഭാഗവും ധാന്യങ്ങളും, പയർവർഗ്ഗങ്ങളു മാണു്. മാംസത്തിന്നും മത്സ്യത്തിന്നും ആയി ഇന്ത്യയിൽ ആകെ ഭക്ഷണച്ചെലവിന്റെ 5·7% മാത്രമേ വരുന്നുള്ളു; ഇംഗ്ലണ്ടിൽ 31·9% വരുന്നുണ്ടു്. ഇന്ത്യയിൽ ഇതു കുറയുന്നതിനുള്ള കാരണം വമ്പിച്ചൊരുവിഭാഗം ജനങ്ങൾ സസ്യഭുക്കുകളായതാണു്. അ ങ്ങനെയുള്ളവർ ഇതിനുപകരം അധികമായി പാലും ഗവ്യോല്പന്ന ങ്ങളും കഴിക്കേണ്ടതാണു്. എന്നാൽ അതിന്റെയും അഭാവമാ ണു് ഇവിടെ മുഴച്ചുകാണുന്നതു്. ഇംഗ്ലണ്ടിൽ ഒരുദിവസം ഒരാൾ ശരാശരി 40 ഔൺസും അമ്മേരിക്കയിൽ 36 ഔൺസും പാലു് ക ഴിക്കുമ്പോൾ,ഇന്ത്യയിൽ ഒരാൾ ശരാശരി കഴിക്കുന്നതു കഷ്ടിച്ചു് 7ഔൺസ് പാലാണു്. ഒരാൾ ആരോഗ്യകരമായി ജീവിക്കുവാൻ കൊല്ലത്തിൽ ചുരുങ്ങിയതു് 228 റാത്തൽ പച്ചക്കറിയും പഴവും ക ഴിക്കേണമത്രേ.[1] എന്നാൽ ഒരിന്ത്യക്കാരൻ കഴിക്കുന്നതു ശരാശരി 30 റാത്തൽ മാത്രമാണു്. നമ്മുടെ ഭക്ഷ്യോല്പാദനംതന്നെ ഇവിട ത്തെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കമ്മിയാ ണു്. ഒരു കണക്കുപ്രകാരം നമ്മുടെ ഭക്ഷ്യപദാർത്ഥങ്ങളുടെ കമ്മി കലോറിക്കണക്കിൽ 17 %–വും ഓജസദ്രവ്യാംശത്തിന്റെ കണ ക്കിൽ 38%-വും കൊഴുപ്പിന്റെകണക്കിൽ 64%–വും ജീവകങ്ങ ളുടെ കണക്കിൽ ഇതിലും അധികവുമാണു്.[2] പ്രൊഫ. ഗ്യാൻചന്ദി

---

1 M. L. Dantwala

2 രവീന്ദ്രനാഥചാറ്റർജി അദ്ദേഹത്തിന്റെ ഇന്ത്യൻ ധനശാസ്ത്ര ത്തിൽ ഉദ്ധരിച്ചതു്.

ൻെറ മതിപ്പുപ്രകാരം 1930–ന്നും 1931–ന്നും മദ്ധ്യേ ജനസംഖ്യ 21% വർദ്ധിച്ചപ്പോൾ ഭക്ഷ്യോല്പാദനം 11% മാത്രമേ വർദ്ധിച്ചുള്ളു. ഇന്ത്യയുടെ വിഭജനത്തിന്നുമുമ്പ് ഡോക്ടർ രാധാകമൽ മുക്കർജ്ജി തയാറാക്കിയ കണക്കുപ്രകാരം ജനങ്ങളിൽ 88% പേർക്ക് വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ മാത്രമേ ഇവിടെ ഉല്പാദിപ്പിക്കപ്പെട്ടുന്നുള്ളു. പുറരാജ്യങ്ങളിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ കിട്ടുവാൻ സൗകര്യപ്പെട്ടില്ലെങ്കിൽ 12% ജനങ്ങൾ പട്ടിണികിടക്കേണ്ടിവരുമെന്നാണല്ലോ ഇതിൻെറ അർത്ഥം. ഇതുതന്നെയാണ് യുദ്ധകാലത്തു സംഭവിച്ചതും. ബങ്കാളിൽ ഭക്ഷണക്ഷാമംനിമിത്തം ബഹുസഹസ്രം ജനങ്ങൾ ഉണക്കിലപോലെ വീണുമരിച്ചതിൻെറ സ്മരണ ഇന്നും നമ്മുടെ മനോവീഥിയിൽ തനിപ്പച്ചയായിത്തന്നെ കിടക്കുന്നുണ്ടല്ലോ. നമ്മുടെ ദേശീയപ്ലാനിങ്ങ് കമ്മീഷൻെറ മതിപ്പുപ്രകാരം ആൾക്ക് 14 ഔൺസ് വീതം ഭക്ഷണം ലഭിക്കേണമെങ്കിൽ നമുക്ക് പുറമെനിന്ന് സുമാറ് 82ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യണം; 16 ഔൺസ് നൽകണമെങ്കിൽ 158 ലക്ഷം ടണ്ണും, മററുള്ള പ്രാഥമികാവശ്യങ്ങളുടെ കാര്യത്തിൽ നമ്മുടെ സ്ഥിതി ഇതിലും മോശമാണ്. 1948-ലെ ഒരു കണക്കപ്രകാരം ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ അവരുടെ ചുരുങ്ങിയ വരുമാനത്തിൻെറ 66%വും ഭക്ഷണത്തിന്മേൽ ചെലവാക്കേണ്ടിവരുന്നുണ്ട്. 10% മാത്രമാണ് വസ്ത്രത്തിന്നുവേണ്ടി ചെലവാക്കാൻ സാധിക്കുന്നതു്. ബാക്കിയെല്ലാ ചെലവുകളും ശേഷിപ്പുള്ള കാൽഭാഗംകൊണ്ടു നിർവ്വഹിക്കണം. ഇന്ത്യയിലൊരാൾ ശരാശരി 16 വാര വസ്ത്രം ഉപയോഗിച്ചുവന്നിരുന്നു. യുദ്ധകാലത്തു് അതു പത്തുവാര ആയിച്ചുരുങ്ങി. ഇപ്പോൾ ഇതു 12 വാരയായിട്ടേയുള്ളു. പഞ്ചവത്സരപദ്ധതി പൂർത്തിയാവുമ്പോഴേയ്ക്കും ഏകദേശം മുൻ സ്ഥിതിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നതു്. എന്നാൽ നാം 16 വാര പരുത്തിവസ്ത്രം ഉപയോഗിച്ചുവന്നപ്പോൾ ഇംഗ്ലീഷുകാരൻ ഉപയോഗിച്ചതു 35 ച. വാരയും അമേരിക്കക്കാരൻ 64 ച. വാരയുമാണ്. ഇന്ത്യ ഉഷ്ണരാജ്യമായതുകൊണ്ടു് വസ്ത്രം കുറ

വേ വേണ്ടതുള്ളു എന്നു പറയാമെങ്കിലും, പാശ്ചാത്യർ പ്രധാനമായി ഉപയോഗിക്കുന്നതു രോമവസ്ത്രവും പട്ടുവസ്ത്രവുമാണെന്നും അതിന്നപ്പുറമെയുള്ള പരുത്തിവസ്ത്രത്തിൻെറ ഉപയോഗമാണു് മേൽപ്രസ്താവിച്ചതെന്നും ഓൎക്കേണ്ടതുണ്ടു്.

പാൎപ്പിടസൗകൎയ്യത്തിൻെറ കാൎയ്യവും കേവലം ശോചനീയമാണു്. ഭൂരിപക്ഷം ജനങ്ങളും ചെററക്കുടിലുകളിലാണു് പാൎത്തുവരുന്നതു്. പട്ടണപ്രദേശങ്ങളിലെ സ്ഥിതിയാണു് കൂടുതൽ പരിതാപകരം. ഇടത്തരക്കാരും ചുരുങ്ങിയ വരുമാനക്കാരും അനാരോഗ്യകരമായ പരിസരങ്ങളിൽ വേണ്ടപോലെ കാററും വെളിച്ചവും കിട്ടാതെയാണു് കഴിഞ്ഞുകൂട്ടുന്നതു്. 1938-ലെ കണക്കുപ്രകാരം വ്യാവസായികപ്രദേശങ്ങളായ ബോംബേയിലും ഷോലാപ്പൂരിലും ഒരാൾക്കു് താമസിക്കുവാനുള്ള സ്ഥലസൗകൎയ്യം യഥാക്രമം 26 ച. അടിയും 24 ച. അടിയും ആണു്. ഇന്ത്യയിലെ 37 പ്രധാന പട്ടണങ്ങളിലെ കണക്കെടുത്തതിൽ വൻ വ്യവസായങ്ങളിൽ തൊഴിൽ ചെയ്യുന്ന 17 ലക്ഷം ജനങ്ങളിൽ സുമാർ 5 ലക്ഷംവരെ ആളുകൾക്കു് പാൎപ്പിടസൗകൎയ്യമില്ലെന്നാണു് 1951-ലെ പ്ലാനിങ്ങ്കമ്മീഷൻെറ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നതു്. ആരോഗ്യകരമായി ജീവിക്കുവാൻ ഒരാൾക്കു് ചുരുങ്ങിയതു് 100 ച. അടിസ്ഥലം വേണമെന്നാണു് വിദഗ്ദ്ധാഭിപ്രായം. എത്രയോപേർ പീടികകളുടെ തിണ്ണയിലും വഴിയരികിലും വൃക്ഷച്ഛായയിലും സ്ഥലം പിടിക്കേണ്ടതായിവരുന്നുണ്ടെന്ന സംഗതിയും നമുക്കു് വിസ്മരിക്കുക വയ്യ. ദേശായിയുടെ 1938-ലേക്കുള്ള കണക്കുപ്രകാരം ഇന്ത്യക്കാരൻ ആകെച്ചെലവിൻെറ 6 ശതമാനം പാൎപ്പിടസൗകൎയ്യത്തിന്നുവേണ്ടി വിനിയോഗിക്കുമ്പോൾ അമേരിക്കക്കാരൻ 14 ശതമാനവും ബ്രിട്ടീഷുകാരൻ 11·5 ശതമാനവും വിനിയോഗിക്കുന്നു.

ഇങ്ങനെ അനാരോഗ്യകരമായ പരിസരത്തിൽ, ശരിയായ ആഹാരമില്ലാതെ ജീവിക്കുന്ന ജനങ്ങളുടെ ആയുസ്സു് കുറഞ്ഞുപോകുന്നുണ്ടെങ്കിൽ അതിലെന്താണത്ഭുതപ്പെട്ടുവാനുള്ളതു്. പാശ്ചാത്യരാജ്യങ്ങളിലെ മനുഷ്യൻെറ ശരാശരി ആയുഷ്കാലം ഇന്നു്

60-ൽ കവിയുന്നുണ്ടു്; എന്നാൽ ഇന്ത്യാക്കാരന്റെ ശരാശരി ജീവിതദശ ഇതിന്റെ പകുതിപോലുമെത്തുന്നില്ല. അതു് 27 വർഷം മാത്രമാണു്. മാതൃമരണവും ശിശുമരണവും പരിഷ്കൃതരാജ്യങ്ങളിൽവെച്ചു് ഏററവുമധികം ഇന്ത്യയിലാണു്. 1,000 ഗർഭിണികൾ പ്രസവിക്കുമ്പോൾ അതിൽ ശരാശരി 20പേർ ശൂശ്രൂഷിച്ചെഴുന്നേല്ക്കുവാൻ യോഗമില്ലാതെ പരലോകം പ്രാപിക്കുന്നവരാണു്. ചിലർക്കു് പ്രസവകാലംവരേയും സഹിച്ചുകൊണ്ടുനടന്ന പിഞ്ചോമനപ്പൈതങ്ങളെ അശരണരായി ഭൂമുഖത്തു് വിട്ടുകൊണ്ടു എന്നെന്നേക്കുമായി യാത്രപറയേണ്ടിവരുന്നു. മാതൃഗർഭത്തിൽനിന്നും ഭൂമുഖത്തേയ്ക്കുവരുന്ന പൈതങ്ങളോ? അവരിൽ 1,000-ൽ 160 പേരും മൃത്യുവക്ത്രത്തിലേയ്ക്കു് തള്ളപ്പെട്ടുന്നു. എന്തൊരു ഹൃദയഭേദകമായൊരു അവസ്ഥയാണിതു്! പ്രാഥമികാവശ്യങ്ങൾക്കുപോലും വേണ്ടതു ചെലവാക്കുവാൻ കഴിയാത്തപ്പോൾ വിദ്യാഭ്യാസം, രോഗചികിത്സ, വിനോദം മുതലായവയ്ക്കു് എത്രകണ്ടു ചെലവഴിക്കുവാൻ സാധിക്കുമെന്നു് അനായാസേന ഊഹിക്കാമല്ലോ. ഇനി പകർച്ചവ്യാധികൾകൊണ്ടുള്ള മരണങ്ങളാണെങ്കിൽ വർഷാവർഷം 60 ലക്ഷത്തിലുരം ജനങ്ങൾ പലതരം സാംക്രമികരോഗങ്ങൾക്കും ഇരയായിത്തീരുന്നു. പലതരംജ്വരബാധയാൽ 36 ലക്ഷം, ക്ഷയത്താൽ 5 ലക്ഷം, വിഷൂചികയാൽ 3ലക്ഷം, വസൂരികൊണ്ടു് 70,000, പ്ലേഗിനാൽ 2,000 അങ്ങനെ തലകറങ്ങിച്ചുകൊണ്ടു് പോകുന്ന ആ കണക്കു്! 1949-ൽ ഇന്ത്യൻ സ്ഥിതിവിവരണക്കണക്കു് സ്ഥാപനംനടത്തിയ സാംപിൾ സർവ്വേപ്രകാരം, ഗ്രാമപ്രദേശങ്ങളിലെ ശരാശരി വാർഷികച്ചെലവായ 220 ക.-യിൽ 1½ക.യാണു് വിദ്യാഭ്യാസത്തിനുവേണ്ടി ചെലവുചെയ്യുന്ന സംഖ്യ. രോഗചികിത്സക്കുവേണ്ടി ചെലവാക്കാൻ സാധിക്കുന്നതു കൊല്ലത്തിൽ 2¾ ക.-യാണു്. ഭൂരിപക്ഷം ജനങ്ങൾക്കും ചികിത്സാസൗകര്യമോ ചികിത്സിക്കാനുള്ള കഴിവോ ഇല്ലെന്നതാണു് പരിതാപകരമായ പരമാർത്ഥം. സാമൂഹ്യജീവിതത്തിൽ അനിവാര്യമായ വല്ല അടിയന്തിരച്ചെലവുകളും വന്നുപെട്ടാൽ അതിനുള്ള മാർഗ്ഗം മിക്കവർക്കും കടംവാങ്ങലാണു്.

മേൽപറഞ്ഞ കണക്കുപ്രകാരം ചെലവ് ശരാശരി ഒരാൾക്ക് 16 ക.-യോളം വരുന്നുണ്ട്. ഇന്ത്യയിൽ ബഹുഭൂരിഭാഗം ജനങ്ങൾ ഗ്രാമീണരും കൃഷീവലന്മാരുമാണല്ലോ. ഇവരുടെ വരുമാനം സാധാരണ ശരാശരിയിൽനിന്നും വളരെ താഴ്ന്നതാണ്. അതിനാൽ ഭൂരിപക്ഷംപേരും ഋണബാധിതരാണ്. ഇത്തരം ഋണബാധ്യത വർഷാവർഷം ഏറിക്കൊണ്ടു വരുന്നതായിട്ടാണു കണക്കുകൾ കാണിക്കുന്നത്. 1930-ൽ ബാങ്കുകാര്യാന്വേഷണക്കമ്മീഷൻ റിപ്പോർട്ടു ചെയ്തപ്പോൾ അതു 900 കോടി രൂപ മാത്രമായിരുന്നു. 1935-ലേയ്ക്കുള്ള 1,200 കോടി രൂപയും, 1939-ലേയ്ക്ക് 1,800 കോടി രൂപയും വർദ്ധിച്ചു. യുദ്ധകാലത്തു് ഉല്പന്നങ്ങളുടെ വിലവർദ്ധനകാരണം കർഷകരുടെ സ്ഥിതി കുറച്ചൊക്കെ മെച്ചപ്പെട്ടുവെങ്കിലും ഋണബാധ്യത ഗണ്യമാംവിധം ലഘൂകരിക്കപ്പെട്ടിട്ടില്ല. കാരണം ഉപഭോക്തൃസാധനങ്ങളുടെ വിലയും ജീവിതച്ചെലവും മറുവശത്തു വർദ്ധിച്ചുവന്നതുതന്നെ.

ജനങ്ങളുടെ ചുരുങ്ങിയ വരുമാനത്തിന്നും താഴ്ന്ന ജീവിതനിലവാരത്തിന്നും കാരണം നമ്മുടെ സമ്പദ്വ്യവസ്ഥയുടെ അസന്തുലിതനിലയാണ്. നമ്മുടെ സാമ്പത്തികത്രാസ്സിൽ കൃഷിക്കു വമ്പിച്ച മുൻതൂക്കമാണുള്ളതു്. ജനങ്ങളിൽ ഭൂരിപക്ഷംപേരും (1941-ലെ കാനേഷ്മാരിക്കണക്കുപ്രകാരം 72 ശതമാനവും 1951-ലെ കണക്കുപ്രകാരം 65 ശതമാനവും) കൃഷീവലന്മാരാണ്. കാലവർഷത്തിൻെറ ക്രമക്കേട്, വെള്ളപ്പൊക്കത്തിൻെറയും കൊടുങ്കാററിൻെറയും കെടുതി, കൃഷിയിടങ്ങളുടെ ചെറുപ്പവും ഛിന്നഭിന്നതയും, കന്നുകാലികളുടെ ശേഷിക്കുറവ്, പഴഞ്ചൻ പണിആയുധങ്ങളുടെ ഉപയോഗം, അശാസ്ത്രീയമായ കൃഷിസമ്പ്രദായം, പുഴുക്കളേയും പ്രാണികളേയും കൊണ്ടുള്ള വിളനാശം ഇവയെല്ലാമാണിതിന്നു പ്രധാന കാരണങ്ങൾ. കൃഷിയിൽനിന്നുള്ള ആദായവും തുച്ഛമാണ്. കർഷകന്നു കേദാരഭൂവിൽ വർഷത്തിൽ 4 മുതൽ 8 മാസം വരെ മാത്രമേ ജോലിയുള്ളു എന്നുള്ളതാണ് ശ്രദ്ധേയമായ മറെറാരു വസ്തുത. അതായത്, പ്രകൃതി

ദേവി കാലവർഷം നൽകുന്ന മാസങ്ങളിൽ. (കാലവർഷത്തിൻെറ ക്രമരാഹിത്യവും കുപ്രസിദ്ധമാണല്ലോ.) മററു മാസങ്ങളിൽ കൃഷി ചെയ്യണമെങ്കിൽ കൃത്രിമമായ ജലസേചനസൌകര്യം വേണം. അതാണെങ്കിൽ ഇന്നു് ഇന്ത്യയിലെ കൃഷിഭൂമിയുടെ അഞ്ചിലൊരംശത്തിൽപോലും ലഭിക്കുന്നുമില്ല. തന്നിമിത്തം കർഷകക്ക് നിത്യവൃത്തിക്കു മററുവല്ല തൊഴിലും വേണം. പണ്ടുകാലങ്ങളിൽ ഇങ്ങിനെ ഉപതൊഴിൽ നൽകിയിരുന്ന കുടിൽവ്യവസായങ്ങൾ പാശ്ചാത്യരുടെ യന്ത്രനിർമ്മിതസാധനങ്ങളുടെ കിടമത്സരം ഹേതുവായും, ബ്രിട്ടീഷ് ഭരണകർത്താക്കളുടെ പ്രതികൂലനയം നിമിത്തവും അധഃപതിച്ചതോടുകൂടി ഗ്രാമീണരുടെ ഇടയിൽ ഭയങ്കരമായ ദാരിദ്ര്യം പടന്നുപിടിച്ചിരിക്കയാണു്. പട്ടണങ്ങളിലെ നൂതനവ്യവസായങ്ങളാണെങ്കിൽ ഇത്രയധികംപേക്ക് തൊഴിൽ നൽകുവാനുള്ള പ്രാപ്തി ഇല്ലതാനും. അപ്പോൾ ഗ്രാമീണജനതയ്ക്കു കൊല്ലം മുഴുവനും ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ടതിന്നു ഗ്രാമപ്രദേശങ്ങളിലെല്ലാം അതാതു പ്രദേശത്തേയ്ക്കു യോജിച്ച കുടിൽവ്യവസായങ്ങൾ വളത്തിക്കൊണ്ടുവരേണ്ടതാണെന്നു വ്യക്തമാവുന്നു. അതുപോലെ പട്ടണവാസികൾക്കു തൊഴിൽ നൽകുവാൻ ഇടത്തരം വ്യവസായങ്ങൾ നഗരപ്രദേശങ്ങളിലുമുണ്ടായിരിക്കണം. സാങ്കേതികമായി വൻതോതിൽമാത്രം ഉല്പാദനം നടത്താവുന്ന ചില രംഗങ്ങളിൽ വൻവ്യവസായങ്ങളും ആവശ്യമാണു്. എന്നാൽ ഇന്നു വ്യാവസായികമായി നാം വളരെ പിന്നണിയിലാണു് സ്ഥിതിചെയ്യുന്നതു്. നമുക്കാവശ്യമായ പലതരം യന്ത്രസാമഗ്രികൾക്കും രാസപദാർത്ഥങ്ങൾക്കും നാനാവിധം ഉപഭോക്തൃവസ്തുക്കൾക്കും നാം ഇന്നു പുറരാജ്യങ്ങളേയാണു് ആശ്രയിക്കുന്നതു്. ഇവയിൽ മിക്കതും ഇവിടെത്തന്നെ നിർമ്മിക്കുവാൻ സാധിക്കുന്നവയാണു്. 1923 വരെ നമ്മുടെ വൈദേശിക ഗവമ്മേണ്ടു് വിദേശസാധനങ്ങളുടെ കിടമത്സരത്തിൽനിന്നു് ഇന്ത്യൻ വ്യവസായങ്ങൾക്കു് രക്ഷ നൽകുവാൻ കൂട്ടാക്കിയില്ല. അതിന്നുശേഷം നല്കിയ വിവേചനാപൂർവ്വമായ എന്നുപറയപ്പെടുന്ന സംരക്ഷണംതന്നെ കേവലം ഭാഗി

കമായിരുന്നു. നിലവിലുള്ള വ്യവസായങ്ങൾക്കല്ലാതെ നൂതന വ്യവസായങ്ങൾക്ക് ആ നയമനുസരിച്ചു ഗവൺമെണ്ടിൽനിന്നു യാതൊരു സഹായവും ലഭിച്ചില്ല. നമുക്ക് അത്യന്താപേക്ഷിതമായ അടിസ്ഥാന വ്യവസായങ്ങളും ഇവിടെ വളർത്തിക്കൊണ്ടു വരേണ്ടതായിട്ടാണ് ഇരിക്കുന്നത്. രാസപദാർത്ഥവ്യവസായം, എഞ്ചിനീയറിങ്ങ്‌വ്യവസായം, യന്ത്രോപകരണവ്യവസായം ഇവയെല്ലാം വ്യാവസായികാഭിവൃദ്ധിക്കു അനുപേക്ഷണീയമാണ്. വ്യവസായവല്ക്കരണം ത്വരിതപ്പെടുത്തുന്നതിന്റെ തോതനുസരിച്ചേ നമ്മുടെ നാട്ടിലെ ദാരിദ്ര്യം നീങ്ങുകയും സമ്പത്തു വർദ്ധിക്കുകയും ചെയ്യുകയുള്ളൂ.

മേൽ വിവരിച്ചപ്രകാരം കാർഷികോല്പാദനവും വ്യാവസായികോല്പാദനവും രാജ്യത്തിന്റെ വലിപ്പവും നാട്ടിലെ മനുഷ്യശക്തിയും വെച്ചുനോക്കുമ്പോൾ എത്രയോ ലഘുവാണെന്നു മാത്രമല്ല, നമ്മുടെ ഉല്പാദിത ധനത്തിന്റെ വിതരണത്തിൽത്തന്നെ വമ്പിച്ച അസമത്വങ്ങൾ ദർശിക്കാവുന്നതാണ്. ദേശീയധനത്തിന്റെ മൂന്നിലൊരു ഭാഗം 5 ശതമാനം ജനങ്ങളുടെ കയ്യിലാണിരിക്കുന്നത്. മൂന്നിൽ മറെറാരംശം വേറെ 35 ശതമാനംപേരുടെകയ്യിലും. ശേഷിപ്പുള്ള60 ശതമാനം ജനങ്ങൾക്ക്—അതായതു നാട്ടിലെ ഭൂരിഭാഗം ജനങ്ങൾക്കെന്നുതന്നെ പറയുക—ലഭിക്കുന്നതു ദേശീയധനത്തിന്റെ ബാക്കിയുള്ള മൂന്നിലൊരുഭാഗം മാത്രമാണ്. 1924-ൽ പ്രൊ. കെ. ടി. ഷായും ഖാമ്പററയും തയ്യാറാക്കിയ കണക്കുപ്രകാരം 100 ക.-യുടെ സമ്പത്തു നൂറു് ആളുടെ ഇടയിൽ വീതിക്കുമ്പോൾ അതിൽ 33 ക. ധനികനായ ഒരാൾക്കും, 33 ക. ഇടത്തരക്കാരായ 33 പേർക്കും; ബാക്കി 33 ക. തൊഴിലാളികളായ 66 പേർക്കുമാണു ലഭിക്കുന്നതു്. എന്നു മാത്രമല്ല ധനസ്ഥിതിയുടെ കാര്യത്തിൽ ഗ്രാമപ്രദേശവും, നഗരപ്രദേശവും തമ്മിൽ വമ്പിച്ച അന്തരമുണ്ടെന്നുകൂടി നാം ഓർക്കണം. ഡാ. വി. കെ. ആർ. വി. റാവുവിന്റെ 1931-'32-ലെയ്യുള്ള കണക്കുപ്രകാരം പട്ടണവാസികളുടെ ശരാശരി വാർഷികവരുമാനം 166 ക.-യാണെന്നിരി

ക്കെ ഒരു ഗ്രാമീണൻെറ ശരാശരി വരുമാനം 51 ക. മാത്രമാണു്. ചുരുക്കം ചില ധനികരുടെ സുഖസമ്പന്നമായ ജീവിതത്തിൻെറയും ഭൂരിഭാഗം ജനങ്ങളുടെ അരിഷ്ടിച്ചുള്ള നിത്യജീവിതത്തിൻെറയും സൂചനയാണിതു്. ഈ വിടവു് കുറെയൊക്കെ നികത്തിയെങ്കിൽ മാത്രമേ ക്ഷേമരാഷ്ട്രം എന്ന നമ്മുടെ ആദർശത്തിലേയ്ക്കു നമുക്കു മുന്നോട്ടു നീങ്ങുവാൻ സാധിക്കയുള്ളൂ.

ഗതാഗതസൌകര്യം, സാമ്പത്തികോല്പാദനം—കാർഷിക രംഗത്തിലായാലും വ്യാവസായിക രംഗത്തിലായാലും—വർദ്ധിക്കുന്നതിന്നു് ഒഴിച്ചുകൂടാത്ത ഒരുപാധിയാണു് വാഹനസൌകര്യം. ഇതിന്നു് അസംസ്കൃതസാധനങ്ങളുല്പാദിപ്പിക്കുന്ന (ഗ്രാമം) പ്രദേശങ്ങളേയും, വ്യവസായ കേന്ദ്രങ്ങളേയും തമ്മിൽ ഘടിപ്പിക്കുകയും, പ്രസ്തുത പ്രദേശങ്ങളെ വ്യാപാരകേന്ദ്രങ്ങളായ നഗരപ്രദേശങ്ങളുമായി കൂട്ടിച്ചേർക്കുകയും ചെയ്യുന്ന റോഡുകളും റെയിൽവേകളും ധാരാളം വേണം. എന്നാൽ ഇവ രണ്ടിൻെറയും കാര്യത്തിലും നാം പിന്നണിയിലാണു്. 100 ച. നാഴികയ്ക്കു ബ്രിട്ടനിലും, ജർമ്മനിയിലും 20 മൈൽ വീതം റെയിൽവേ ഉള്ളപ്പോൾ ഇന്ത്യയിലുള്ളതു കഷ്ടിച്ചു 3 മൈലാണു്. ച. നാഴികയ്ക്കു് ജപ്പാനിൽ 4 മൈൽ വീതവും ബ്രിട്ടനിൽ 2 മൈൽ വീതവും അമേരിക്കയിൽ 1 മൈൽ വീതവും റോഡുള്ളപ്പോൾ ഇന്ത്യയിലുള്ളതു് $\frac{1}{5}$ മൈൽ മാത്രമാണു്. നമുക്കു് വീതിയും ആഴവുമുള്ള നദികൾ ധാരാളമുണ്ടു്. അവ മാർഗ്ഗമായുള്ള കടത്തുസൌകര്യങ്ങൾ വർദ്ധിപ്പിക്കുകയും നവീകരിക്കുകയും ചെയ്യണം. 3,000 നാഴികയിലധികം ദീർഘമുള്ള നമ്മുടെ സമുദ്രതീരത്തിൽക്കൂടിയുള്ള ഗതാഗതസൌകര്യത്തിന്മേൽ ശ്രദ്ധ പതിയാതെയാണിരിക്കുന്നതു്. വിമാനഗതാഗതം ശൈശവദശയിലിരിക്കുന്നതേ ഉള്ളൂ. വാഹനങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ, ഗ്രാമീണഭാരതം ഇന്നും കാളവണ്ടിയുഗത്തിലാണു് ജീവിക്കുന്നതു്. റോഡുകളിൽ കാളവണ്ടികളും നദികളിൽ പഴയതരം തോണികളുമേ അധികം കാണുകയുള്ളൂ. യുദ്ധാരംഭകാലത്തു് ഒരു ലക്ഷം ജനങ്ങൾക്കു് 5 മോട്ടോർവണ്ടികൾ എന്ന തോതിലെ ഇന്ത്യ

യിലുണ്ടായിരുന്നുള്ളു. ബ്രിട്ടനിൽ 1,200-ം, അമേരിക്കയിൽ 3,300-ം വീതം ഉണ്ടായിരുന്നു. നമുക്കു് സമുദ്രോൎഗ്ഗമായുള്ള വ്യാപാരത്തിന്നുള്ള കപ്പൽസൌകൎയ്യമില്ല. ഒരു കപ്പൽനിൎമ്മാണകേന്ദ്രമുള്ളതു വിശാഖപട്ടണത്തിൽ മാത്രമാണു്. കപ്പൽനിൎമ്മാണവ്യവസായം വളൎത്തിക്കൊണ്ടുവരേണ്ടതു വിദേശവ്യാപാരത്തിൻെറ പുരോഗതിക്കത്യാവശ്യമാണു്.

ആഭ്യന്തരവാണിജ്യരംഗം, പണക്കമ്പോളം, ബാങ്ക്സൌകൎയ്യം എന്നിവയുടെ കാൎയ്യത്തിലുമെല്ലാം പരിഷ്കാരവും അഭിവൃദ്ധിയും അത്യാവശ്യമായിരിക്കയാണു്. എന്നാൽ എല്ലാവിധ പുരോഗതിക്കും ഒഴിച്ചുകൂടാത്തതാണു വിദ്യാഭ്യാസം. അന്യഥാ പറയുകയാണെങ്കിൽ, ഇന്നത്തെ എല്ലാവിധ ദുരിതങ്ങളുടേയും അടിസ്ഥാനഹേതു അജ്ഞതയും നിരക്ഷരതയുമാണു്. നൂറിൽ പതിനെട്ടുപേൎക്കു മാത്രമേ ഇവിടെ അക്ഷരപരിജ്ഞാനമുള്ളു. ഉന്നതവിദ്യാഭ്യാസമാണെങ്കിൽ എത്രയോ ചുരുങ്ങിയൊരു ശതമാനത്തിന്നു മാത്രവും. സാമ്പത്തികവികസന സംരംഭങ്ങൾക്കെല്ലാം സാങ്കേതികപരിജ്ഞാനം ലഭിച്ചവരെ ധാരാളമായി ആവശ്യമാണു്. ഇവിടെ സാങ്കേതികവിദ്യാലയങ്ങൾ എത്രയും വിരളവുമത്രെ. എത്രയോ ചെറിയരാജ്യമായ ജപ്പാനിൽപോലും 1,000-ത്തോളം സാങ്കേതികവിദ്യാലയങ്ങളുള്ളപ്പോൾ ഇന്ത്യയിലുള്ളതു കഷ്ടിച്ചു് 100 വിദ്യാലയങ്ങൾ മാത്രമാണു്. നാമിന്നു സാങ്കേതികവിദഗ്ദ്ധരെ വിദേശിച്ചരക്കുകളെന്നപോലെ അന്യരാജ്യങ്ങളിൽ നിന്നു് ഇറക്കുമതി ചെയ്യേണ്ടിവരുന്നു. നമ്മുടെ യുവജനങ്ങളെ പരിശീലനത്തിന്നു് ഇംഗ്ലണ്ടിലേയ്ക്കും അമേരിക്കയിലേയ്ക്കും മററും അയയ്ക്കേണ്ടതായിട്ടും വരുന്നു. ഈ ദുഃസ്ഥിതി മാറണം. നമ്മുടെ സാമാന്യവിദ്യാഭ്യാസത്തിന്നുതന്നെ പ്രായോഗികമായൊരു ചായ്വു് ഇല്ല. കേവലം സാമാന്യവിജ്ഞാനവിഷയങ്ങൾ പഠിച്ചു് ആപ്പീസ്ജോലിയൊഴികെ പ്രത്യേകമൊരു തൊഴിലിന്നും പററാത്തവിധത്തിലാണു് അഭ്യസ്തവിദ്യർ ഹൈസ്കൂളുകളിൽ നിന്നും കലാശാലകളിൽനിന്നും പുറത്തുവരുന്നതു്. ഇവരിൽ പകുതിയും തൊഴിലല്ലാ'സേന'യി

ലേയ്ക്കു തള്ളപ്പെട്ടുകയാണു ചെയ്യുന്നതു്. കൊല്ലംതോറും ഏകദേശം 2 ലക്ഷം അഭ്യസ്തവിദ്യർ; മനുഷ്യശക്തിയുടെ എത്ര വമ്പിച്ചൊരു ദുർവ്യയം! സമ്പദ്‌വ്യവസ്ഥയുടെ പുനർനിർമ്മാണത്തിന്നു് അഭ്യസ്തവിദ്യർ പോരാതെവരുമ്പോൾ അഭ്യസ്തവിദ്യരായിട്ടുള്ളവർ അതിന്നു് ഉപയോഗശൂന്യരായിപ്പോകുന്നു! രാഷ്ട്രത്തിന്റെ സാമ്പത്തികപുരോഗതിക്കുതകുന്നവിധത്തിൽ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഒരു സമൂലപരിവർത്തനത്തിന്റെ അത്യാവശ്യകതയാണിതു വിളിച്ചോതുന്നതു്.

ഇങ്ങനെ അജ്ഞതയും അസമത്വവും,ദാരിദ്ര്യവും, തൊഴിലില്ലായ്മയും, പട്ടിണിയും, ക്ഷാമവും നിമിത്തം സാമ്പത്തികശ്രേണിയിൽ പിൻതള്ളപ്പെട്ടു നിൽക്കുന്നൊരു രാജ്യമാണു് ഇന്ത്യ. ഈ ദുരവസ്ഥ പരിഹരിക്കുമാറു നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ഒന്നു പുനഃസംഘടിപ്പിച്ചെങ്കിൽ മാത്രമെ നമുക്കു സാമ്പത്തികസ്വാതന്ത്ര്യം കരഗതമാവുകയുള്ളൂ. പ്രധാനമായും ജനസാമാന്യത്തിന്നു് വറുതിയിൽനിന്നു് പൊറുതിലഭിക്കണം. സർ ജെ. പി. ശ്രീവാസ്തവ പ്രസ്താവിച്ചിരിക്കുന്നതുപോലെ, "ജനകീയരാഷ്ട്രത്തിലെ പൌരന്നു് ആരോഗ്യം നിലനിൎത്താനാവശ്യമായ ഭക്ഷണം അവകാശപ്പെട്ടുന്നതാണെന്ന നിലയിൽ അതിന്റെ കാൎയ്യത്തിൽ ഉറപ്പു നല്കേണ്ടതാണു്. ഭക്ഷണം, വസ്ത്രം, പാർപ്പിടസൌകൎയ്യം എന്നിവയെ സംബന്ധിച്ചു് ഒരു ചുരുങ്ങിയ നിലവാരമെങ്കിലും അവന്നു് കരഗതമാവണം. വിദ്യാഭ്യാസസൌകൎയ്യത്തിൽ അവന്നു് സമനിലയിൽ പൂൎണ്ണാവസരങ്ങൾ അനുവദിക്കണം. അവന്നു് വിശ്രമവേളകളുണ്ടായിരിക്കണം; അതു് ഉപയോഗപ്പെടുത്തുവാനുള്ള സൌകൎയ്യങ്ങളും. തൊഴിലില്ലായ്മ, അനാരോഗ്യം, വാർദ്ധക്യം എന്നിവ വർദ്ധിക്കുന്ന വിഷമഘട്ടങ്ങളിൽ അവന്നു രക്ഷലഭിക്കണം."*

ഈ നില എങ്ങനെ ഹസ്തഗതമാവും? അതിന്നൊരു മാർഗ്ഗ

---

* Sir J. P. Srivastava: Aim of Post-War Reconstruction.

മേയുള്ളു: സാമ്പത്തികാസൂത്രണം. നമുക്ക് നാനാവിധം അഭിവൃദ്ധിക്കും വികസനത്തിന്നും ആവശ്യമായ പ്രകൃതിവിഭവങ്ങളും മനുഷ്യസമ്പത്തും ഇവിടെയുണ്ട്. അവയെ നേർവഴിക്കു തിരിച്ച് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുകയേ വേണ്ടു. എന്നാൽ ഇതിന്നൊരു ഭഗീരഥപ്രയത്നംതന്നെ വേണം. ഇതു് ഒരു സാധാരണ വ്യക്തിക്കോ സംഘത്തിന്നോ സാധിക്കുന്ന ഒരു കൃത്യമല്ല. പരമാധികാരമുള്ള ഒരു കേന്ദ്രഗവമ്മേണ്ടിന്നുമാത്രമേ ഇതിന്നുള്ള കെല്പുള്ളു.

# ഇന്ത്യയിലെ സാമ്പത്തികാസൂത്രണ ത്തിൻെറ ചരിത്രം

ഇന്ത്യയിൽ സാമ്പത്തികാസൂത്രണവിഷയത്തിൽ ശ്രദ്ധപതിഞ്ഞുതുടങ്ങിയതു മുപ്പതുകളിലെ സാമ്പത്തികാധഃപതനകാലത്താണു്. റഷ്യയിലെ പഞ്ചവത്സരപദ്ധതിക്കും, ജർമ്മനിയിൽ ഹിററ്ലരുടെ ചതുർവർഷപദ്ധതിക്കും, അമേരിക്കയിൽ റൂസ്വെൽട്ടിൻെറ ന്യൂഡീൽപദ്ധതിക്കുമുണ്ടായ വിജയം സാമ്പത്തികക്കുഴപ്പംകൊണ്ടു ഞെഞ്ഞിഞെരുങ്ങുന്ന ഇന്ത്യക്കാരുടേയും ശ്രദ്ധയാകർഷിച്ചു. ഇവിടെ ഇതിൻെറ തിരനോട്ടക്കാരൻ മൈസൂരിലെ വിദഗ്ദ്ധസാമ്പത്തികശാസ്ത്രജ്ഞനായ സർ എം. വിശേശ്വരയ്യയായിരുന്നു. അദ്ദേഹം 1934-ൽ പ്രസിദ്ധീകരിച്ച "ഇന്ത്യയ്ക്കൊരു ആസൂത്രിതസമ്പദ്‌വ്യവസ്ഥ" എന്ന തൻെറ ഗ്രന്ഥത്തിൽ പാശ്ചാത്യരാജ്യങ്ങളിലേതുപോലുള്ള ഒരു സാമ്പത്തികാസൂത്രണത്തിന്നു് ആഹ്വാനം നല്കി. 1935-ലേയും 1938-ലേയും ഇന്ത്യൻ ധനശാസ്ത്രജ്ഞസമ്മേളനം ഇക്കാര്യത്തെപ്പററി ചർച്ച നടത്തുകയുണ്ടായി. 1938-ൽ അന്നത്തെ കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്ന ശ്രീ. സുബാഷ്ചന്ദ്ര ബോസിൻെറ പരിശ്രമഫലമായി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ ഒരു സാമ്പത്തികകാര്യസമ്മേളനം ഡൽഹിയിൽ ചേർന്നു. അതിൽ സംസ്ഥാനവ്യവസായമന്ത്രിമാരും അവരുടെ ഉപദേശകന്മാരും പങ്കെടുത്തിരുന്നു. ഇന്ത്യയുടെ ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനും, സാമ്പത്തികോദ്ധാരണം, രാജ്യരക്ഷ എന്നിവ സാധിക്കുവാനുമായി വ്യവസായവൽക്കരണം അത്യാവശ്യമാണു് എന്നും, സമഗ്രമായൊരു ദേശീയാസൂത്രണം മൂലമേ രാജ്യവ്യാപകമായ വ്യവസായവൽക്കരണം സാധിക്കുകയുള്ളുവെന്നും ഈ സമ്മേളനം തീരുമാനിച്ചു. ഈ

തീരുമാനം പ്രായോഗികമാക്കുവാൻവേണ്ടി സമ്മേളനം ജവഹർ ലാൽനെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ ഒരു പ്ലാനിങ്ങ്കമ്മിററിയെ നിശ്ചയിച്ചു. പണ്ഡിററ്ജവഹർലാൽനെഹ്റുവിൻെറ അദ്ധ്യക്ഷതയിലും പ്രൊഫസർ കെ. ടി. ഷായുടെ കാര്യദർശിത്വത്തിലും രൂപവൽക്കരിക്കപ്പെട്ട പ്രസ്തുത ദേശീയാസൂത്രണസമിതി, ഇന്ത്യയുടെ സാമ്പത്തികചരിത്രത്തിൽ ഒരു നൂതനാദ്ധ്യായംതന്നെ തുറന്നു. ഇന്ത്യയുടെ ജീവൽപ്രശ്നങ്ങളെ അവധാനപൂർവ്വം പരിശോധിച്ച് സാമ്പത്തികോദ്ധാരണത്തിനുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുവാനുള്ള ഒന്നാമത്തെ പരിശ്രമമായിരുന്നു അത്. ഈ കമ്മിററി കുറേ സബ്ബ്കമ്മിററികളെ നിശ്ചയിച്ചു പ്രാരംഭപ്രവൃത്തികളൊക്കെ ചെയ്തുവരവേയാണ് രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. രാജ്യത്തിലെ വിഭവങ്ങൾ യുദ്ധാവശ്യനിർവ്വഹണത്തിലേയ്ക്കു തിരിക്കപ്പെട്ടു. രാഷ്ട്രീയക്കുഴപ്പങ്ങൾകാരണം സമിതിയുടെ അദ്ധ്യക്ഷനടക്കമുള്ള ദേശീയനേതാക്കൾ കാരാഗൃഹത്തിലിട്ടടയ്ക്കപ്പെട്ടുകയും ചെയ്തു. അങ്ങനെ മഹത്തായ ആ പരിശ്രമത്തിന്നു വിഘ്നം നേരിട്ടു. 1944-ൽ യുദ്ധത്തിൻെറ ഗതി സഖ്യശക്തികൾക്കനുകൂലമായെന്നു ദൃഢപ്പെട്ടപ്പോൾ സാമ്പത്തികപുനരുദ്ധാരണത്തെപ്പററിയുള്ള ചിന്തകൾ വീണ്ടും തലയുയർത്തി. അക്കൊല്ലം പല സാമ്പത്തികാസൂത്രണപദ്ധതികളും പുറത്തുവന്നു. ഒന്നാമതായി പ്രസിദ്ധീകരിക്കപ്പെട്ടതു് ബോംബെ വ്യവസായപ്രമുഖന്മാരുടെ 'ഇന്ത്യയുടെ സാമ്പത്തികവികസനത്തിന്നുള്ള ഒരു പദ്ധതി'യായിരുന്നു. അടുത്തതായി വെളിക്കുവന്നതു് എം. എൻ. റോയിയുടെ 'ജനകീയപദ്ധതി'യായിരുന്നു. മൂന്നാമത്തേതു് നാരായണഅഗർവാല ക്രോഡീകരിച്ച 'ഗാന്ധിയൻ പദ്ധതി'യായിരുന്നു. പിന്നത്തേതു് സർ എം. വിശേശ്വരയ്യയുടെ 'യുദ്ധാനന്തരഭാരതത്തിൻെറ പുനരുദ്ധാരണം' ആയിരുന്നു. ഇങ്ങനെ പലപല പ്ലാനുകളും പുറത്തുവരികയും, ആസൂത്രണത്തിന്നുള്ള മുറവിളി നാനാഭാഗത്തുനിന്നും പൊങ്ങുകയും ചെയ്തപ്പോൾ ഇന്ത്യാഗവമ്മേണ്ടു് ഒരു പ്രത്യേക ആസൂത്രണവികസനഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തി. ഇതിൻെറ

തലവനായി നിയമിച്ചതു് ബോംബെ പ്ലാനിൻെറ കത്താക്കളി ലൊരാളായ സർ അർദേശീർ ദലാലിനെ ആയിരുന്നു. ഈ ഡിപ്പാർട്ടുമെൻറു് വിവിധവ്യവസായങ്ങളുടേയും ഉല്പാദനസാദ്ധ്യതയെപ്പററി പര്യാലോചിച്ചു് ശുപാശി സമപ്പിക്കാൻ ഇരുപത്തൊമ്പതു ഉപസമിതികളെ നിശ്ചയിച്ചു. 1945-ൽ ഗവമ്മേണ്ടു് പുതിയ വ്യവസായനയത്തിൻെറ ഒരു വിശദീകരണം നൽകി. ചില അതിപ്രധാനവ്യവസായങ്ങളുടെ വികസനത്തിന്നുള്ള ഉത്തരവാദിത്വം ഗവമ്മേണ്ടിൻേറതായിരിക്കുമെന്നും, മററുള്ളവ പല തോതിലുള്ള നിയന്ത്രണങ്ങളോടുകൂടി സ്വകാര്യവ്യക്തികൾക്കു വിട്ടുകൊടുക്കുമെന്നും, ഗവമ്മേണ്ടു് അവയ്ക്കു സാങ്കേതികസഹായവും ധനസഹായവും നൽകുമെന്നും അതിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ 1946-ൽ താൽക്കാലികദേശീയഗവമ്മേണ്ടു് രൂപവൽക്കരിക്കുന്നതിന്നുമമ്പു് നിലവിലുണ്ടായിരുന്ന ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ 'കാവൽ ഗവമ്മേണ്ടു്'' (Care-taker Govt.) തങ്ങളുടെ ഭരണാധികാരം അവസാനിക്കുവാൻപോകുന്ന നൈരാശ്യംകൊണ്ടോ എന്തോ, ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനം അവസാനിപ്പിച്ചു. പ്ലാനിങ്ങിൻെറ ഉത്തരവാദിത്വം പുതുതായി ഏർപ്പെടുത്തിയ വ്യവസായസപ്ലൈവകുപ്പിനെ ഏല്പിച്ചു. അക്കൊല്ലം ഒരു താല്ക്കാലികഗവമ്മേണ്ടു് അധികാരത്തിൽ വന്നപ്പോൾ ശ്രീ. കെ. സി. നിയോഗിയുടെ അദ്ധ്യക്ഷതയിൽ ഒരു ആസൂത്രണോപദേശകസമിതി രൂപവൽക്കരിക്കപ്പെട്ടു. ആസൂത്രണത്തെ സംബന്ധിച്ചു് നാളിതുവരെ നടത്തിയ പ്രവത്തനത്തെപ്പററി ഒരു ദ്രുതതരമായ സർവ്വേ നടത്തി, യാസൂത്രണത്തിൻെറ ലക്ഷ്യം, ആസൂത്രണമാർഗ്ഗങ്ങൾ, അതു നടപ്പിൽ വരുത്തുവാനുള്ള ഉപാധി എന്നിവയെപ്പററി ശുപാശികൾ സമർപ്പിക്കാൻ സമിതിയോടാവശ്യപ്പെട്ടു. സമിതി രണ്ടു മാസത്തിന്നുള്ളിൽ റിപ്പോർട്ടു സമപ്പിച്ചു. ഈ റിപ്പോർട്ടു് 1947-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽ സാമ്പത്തികാസൂത്രണത്തെ സംബന്ധിച്ച പല പ്രദേശങ്ങളെപ്പററിയും പ്രതിപാദിച്ചിരുന്നു. അതിനായി ഒരു പ്ലാനിങ്ങ് കമ്മീഷനെ ഏപ്പെടുത്തുവാനും

നിർദ്ദേശിച്ചു. 1947-ൽതന്നെയാണ് ജി. ഡി. ബിർലയുടെ പഞ്ചവത്സരപദ്ധതി പുറത്തുവന്നതു്. താമസിയാതെതന്നെ പഴയ ദേശീയാസൂത്രണക്കമ്മിററിയുടെ സബ്ക്കമ്മിററിറിപ്പോർട്ടുകളും പ്രസിദ്ധീകരിക്കപ്പെട്ടു.

1947-ൽ ഇന്ത്യ സ്വതന്ത്രയാവുകയും, പരിപൂൎണ്ണ ദേശീയ ഗവൎമ്മെണ്ടു് രൂപവല്ക്കരിക്കപ്പെട്ടുകയും ചെയ്തു. വിഭജനാനന്തരമുളവായ വൎഗ്ഗീയവഹ്നിയുടെ ആളിക്കത്തലും തൽഫലമായ അഭയാൎത്ഥിപ്രവാഹവും, രാജ്യരക്ഷാസംബന്ധമായ വിഷമതകളും ഒരുവിധം ശമിച്ചു് ഗവൎമ്മെണ്ടിന്നു് ഒട്ടൊരു നില്ക്കപ്പൊറുതി കൈവന്നപ്പോൾ, സാമ്പത്തികാസൂത്രണകാര്യം വീണ്ടും പര്യാലോചനാവിഷയമായി. 1948-ൽത്തന്നെ സ്വതന്ത്രഗവൎമ്മെണ്ടു് തങ്ങളുടെ വ്യവസായനയം വിശദീകരിച്ചിരുന്നു. അതുപ്രകാരം ഇന്ത്യയ്ക്കു് ഏതാനും അടിസ്ഥാനവ്യവസായങ്ങൾ സൎക്കാരുടമയിലും മററുള്ളവ സ്വകാൎയ്യവ്യവസായികളുടെ കൈയിലുമായിരിക്കുന്ന ഒരു മിശ്രസമ്പദ്‌വ്യവസ്ഥയാണു വിഭാവനം ചെയ്തതു്. എന്നാൽ രണ്ടാമതു പറഞ്ഞവയിൽ പ്രധാനമായവയെ ഗവൎമ്മെണ്ടു് നിയന്ത്രിക്കുന്നതായിരിക്കും. കുടിൽവ്യവസായങ്ങൾക്കു സമ്പദ്‌വ്യവസ്ഥയിൽ അതിപ്രധാനമായൊരു സ്ഥാനമുള്ളതുകൊണ്ടു് അവയുടെ വികസനത്തിന്നു വേണ്ടുന്ന നടപടികളെല്ലാം ഗവൎമ്മെണ്ടെടുക്കുന്നതായിരിക്കുമെന്നു് അതിൽ വ്യക്തമാക്കിയിരുന്നു. ദേശീയതാല്പൎയ്യങ്ങൾക്കു ഹാനികരമല്ലാത്തവിധത്തിൽ വിദേശമൂലധനനിക്ഷേപം വ്യവസായങ്ങളിൽ അനുവദിക്കുന്നതാണെന്നും പ്രസ്താവിച്ചു. അങ്ങനെ 1950 മാർച്ചിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിൻെറ അദ്ധ്യക്ഷതയിലും ശ്രീ. വി. ടി. വിജയരാഘവാചാൎയ്യരുടെ ഉപാദ്ധ്യക്ഷതയിലും ഒരു സാമ്പത്തികാസൂത്രണസമിതി നിയമിതമായി. ഈ പ്ലാനിങ്ങ്കമ്മീഷൻ സവിസ്തരമായ അന്വേഷണത്തിന്നുശേഷം 1951 ജൂലായിൽ അതിൻെറ പഞ്ചവത്സരപദ്ധതി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരടുറിപ്പോർട്ടു സമൎപ്പിച്ചു. ഗവ

മ്മേണ്ടു് അതു അംഗീകരിക്കുകയും ഒരു പ്ലാനിങ്ങ് ഡിപ്പാർട്ടുമെൻറ് രൂപവല്ക്കരിക്കുകയും പദ്ധതി നടപ്പിൽവരുത്തുവാൻ തുടങ്ങുകയും ചെയ്തു. സംസ്ഥാനഗവമ്മേണ്ടും കേന്ദ്രഗവമ്മേണ്ടും ആരംഭിച്ചു വെച്ചിട്ടുള്ള വികസനപദ്ധതികളെല്ലാം ഈ പുതിയ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായിക്കരുതിക്കൊണ്ടു പദ്ധതി 1951–'52 മുതൽ സമാരംഭിക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതിൻെറ നാനാവശങ്ങളെപ്പററിയുമുള്ള പൊതുജനാഭിപ്രായത്തെ ആദരിച്ചുകൊണ്ടു്, പദ്ധതി കുറച്ചുകൂടി വിപുലീകരിച്ചു് 1952 ഡിസംബറിൽ അതിൻെറ അസ്സൽറിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തി. 1953-ൽ ഉണ്ടായ തൊഴിലില്ലായ്മവദ്ധനയെ പരിഗണിച്ചു് പദ്ധതി സ്വല്പംകൂടി വികസിപ്പിക്കേണ്ടിവന്നിട്ടുണ്ടു്.

ഇനി നമുക്കു പഴയ പദ്ധതികളെ ഒന്നു സിംഹാവലോകനം ചെയ്തു്, പഞ്ചവത്സരപദ്ധതിയുടെ വിസ്തരഭാഗങ്ങളിലേയ്ക്കു പ്രവേശിക്കാം.

## ബോംബെ പ്ലാൻ

ഈ പദ്ധതിയുടെ കത്താക്കൾ ഇന്ത്യയിലെ എട്ടു വ്യവസായ പ്രമുഖന്മാരാണു്.* ഇതു 10,000 കോടി ഉറുപ്പിക ചെലവുവരുന്ന ഒരു പതിനഞ്ചുകൊല്ലക്കാലപ്പദ്ധതിയാണു്. ആയതു് മൂന്നു പഞ്ചവത്സരപദ്ധതികളായി നടപ്പിൽവരുത്തേണ്ടതാണു്. ഓരോ വ്യക്തിക്കും "പ്രാഥമിക ആവശ്യങ്ങൾ നിവ്വഹിക്കുന്നതിന്നു പുറമേ ജീവിതസുഖങ്ങൾ അനുഭവിക്കുവാനും, സാംസ്കാരികപരിശ്രമങ്ങളിൽ പങ്കെടുക്കുവാനും വേണ്ടുന്ന വകകൂടി ഉണ്ടായിരിക്കണം." എന്നതായിരുന്നു ആസൂത്രകരുടെ ലക്ഷ്യം.

1. പ്രാഥമികാവശ്യങ്ങളെ സംബന്ധിച്ചേടത്തോളം ഓരോ

---

* പുരുഷോത്തംദാസ് തക്കുർദാസ്, ടാററ, ബിർല, ആർദേശിർ ദലാൽ, ശ്രീറാം, സെത്ത്കസ്തൂർഭായി ലാൽഭായി, എം. ഡി. ഷ്റോഫ്, ജോൺ മത്തായി.

രുത്തക്കും നിത്യേന രണ്ടായിരത്തി എണ്ണൂറു 'കലോറി' മൂല്യമുള്ള പോഷകാഹാരം, ഒരുകൊല്ലത്തേയ്ക്കു മുപ്പതുവാരവസ്ത്രം, ഒരാൾക്കു് 100 ച. അടി വിസ്താരമുള്ള പാർപ്പിടസൌകര്യം, ആരോഗ്യകരമായി ജീവിക്കുവാനാവശ്യമായ ശുദ്ധജലം, വൈദ്യസഹായം, പ്രാഥമികവിദ്യാഭ്യാസ സൌകര്യം എന്നിങ്ങനെയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഇതു നിലവിലുള്ള ശരാശരി വരുമാനമായ 65 ക. ഇരട്ടിച്ചു 135 ക.-യാക്കിയാൽമാത്രമേ സാദ്ധ്യമാവൂ. ഇതിന്നു നിലവിലുള്ള കാർഷികോല്പാദനം ഒരിരട്ടിയായും വ്യാവസായികോല്പാദനം അഞ്ചിരട്ടിയായും വർദ്ധിപ്പിക്കേണ്ടതാണെന്നു് അവർ മതിച്ചിരുന്നു. മാത്രമല്ല, ജനസംഖ്യാവർദ്ധനയുടെ സാദ്ധ്യത നോക്കുമ്പോൾ വ്യക്തിപരമായ ശരാശരിവരുമാനം ഇരട്ടിപ്പിക്കുന്നതിനു ദേശീയ വരുമാനം മൂന്നിരട്ടി വർദ്ധിപ്പിക്കേണ്ടതാണെന്നും അവർ കണക്കാക്കി. ഇതിന്നു് നാനാമുഖമായ ഒരു പരിപാടി തയ്യാറാക്കുന്നതിനു് ഒരു ദേശീയാസൂത്രണക്കമ്മിററിയും, അതു നടപ്പിൽവരുത്തുന്നതിന്നു് ഒരു 'പരമാധികാരസാമ്പത്തികസമിതി'(Supreme Economic Council)യും ആവശ്യമാണു്. ദേശീയസമ്പത്തു മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിന്നു താഴെപ്പറയുന്ന വിധത്തിലാണു് വികസനച്ചെലവു് ആസൂത്രണം ചെയ്തതു്:

| | | |
|---|---|---|
| വ്യവസായം | 4,480 | കോടിരൂപ |
| കൃഷി | 1,240 | ,, ,, |
| ഗതാഗതസൗകര്യം | 940 | ,, ,, |
| വിദ്യാഭ്യാസം | 490 | ,, ,, |
| ആരോഗ്യം | 450 | ,, ,, |
| പാർപ്പിടം | 2,200 | ,, ,, |
| പലവക | 200 | ,, ,, |
| ആകെ | 10,000 | ,, ,, |

KOTTAYAM PUBLIC LIBRARY KOTTAYAM.

അടിസ്ഥാന വ്യവസായങ്ങളുടെ വികസനത്തിനാണു് പദ്ധ

തിയിൽ പരമപ്രധാനമായ സ്ഥാനം നല്കിയിരിക്കുന്നതു്; കാരണം ഇത്തരം വ്യവസായങ്ങളുടെ അഭാവമാണു് രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കു വിഘാതമായി നില്ക്കുന്നതു്. അതിനാൽ വിദ്യുച്ഛക്ത്യുല്പാദനം, ധാതുഖനനം, ലോഹവ്യവസായം, യന്ത്രോപകരണ വ്യവസായം, ആയുധനിർമ്മാണം, വാഹനനിർമ്മാണം രാസവ്യവസായങ്ങൾ, സിമൻറു് എന്നിവയുടെ അഭിവൃദ്ധിയിൽ പ്രഥമവും പ്രധാനവുമായി ശ്രദ്ധപതിയേണ്ടതാണു്. രണ്ടാമതായി ഉപഭോക്തൃസാധനങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായങ്ങളെയും കുടിൽവ്യവസായങ്ങളെയും അഭിവൃദ്ധിപ്പെടുത്തേണ്ടതാണു്. "ഇതു് തൊഴിൽനൽകുവാൻ മാത്രമല്ല, പദ്ധതിയുടെ ആദ്യഘട്ടങ്ങളിൽ മൂലധനത്തിൻെറ, പ്രത്യേകിച്ചും വിദേശമൂലധനത്തിൻെറ, ആവശ്യം ലഘൂകരിക്കുവാൻ കഴിവുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു." കുടിൽവ്യവസായങ്ങൾ ഒന്നരക്കോടി ജനങ്ങൾക്കു തൊഴിൽ നൽകുന്നുണ്ടെന്നും വികേന്ദ്രീകൃതമായ ഈ വ്യവസായങ്ങൾകൊണ്ടു് സാങ്കേതികമായ പല നേട്ടങ്ങളുമുണ്ടെന്നും ആസൂത്രകർ സ്മരിച്ചു. പദ്ധതിപ്രകാരം 4,480 കോടി രൂപാ എല്ലാതരം വ്യവസായങ്ങൾക്കുംവേണ്ടി ചെലവഴിക്കേണ്ടതുണ്ടു്.

വ്യവസായവല്ക്കരണത്തിന്നാണു് പദ്ധതി പ്രാമുഖ്യം നൽകിയതെങ്കിലും കാർഷികപരിഷ്കരണത്തിന്നുള്ള ചില പ്രധാന പരിപാടികളും അതിലുൾക്കൊള്ളിച്ചിരുന്നു. അനാദായകരമായ കൃഷിയിടം, കാർഷികഋണബാദ്ധ്യത, മണ്ണരിച്ചുപോകൽ എന്നീ മൂന്നു പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാതെ കാർഷികാഭിവൃദ്ധി സാദ്ധ്യമല്ല. അതിനാൽ ഭൂമിസംയോജനം, സഹകരണമാർഗ്ഗേണയുള്ള കൂട്ടകൃഷി, സഹകരണമാർഗ്ഗേണയുള്ള ഋണലഘൂകരണം, കാടുവളർത്തൽ എന്നീ പരിഹാരനടപടികളും, കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്നു് ജലസേചനം, പരിഷ്കരിച്ച വിത്തു്, വളം, പണിയായുധം എന്നിവയുടെ ഉപയോഗവും, ആഭ്യന്തരാവശ്യവും വിദേശവ്യാപാരാവശ്യവും മുൻനിർത്തിയുള്ള വിളവുകളുടെ ആസൂത്രണം, വർദ്ധിച്ചതോതിലുള്ള പയ്യായകൃഷി എന്നിവയും

ആവശ്യമാണു്. ഇതിന്നെല്ലാംകൂടി വകകണ്ട മൂലധനച്ചെലവു് 840 കോടി രൂപയാണു്. തുടർച്ചച്ചെലവു് 400 കോടിയും. അങ്ങിനെ ആകെ ചെലവു് 1,240 കോടി രൂപയുമാണു്. അതിൽ 400 കോടി രൂപ ജലസേചനമാർഗ്ഗങ്ങൾ 200 ശതമാനം കണ്ടു് വദ്ധിപ്പിക്കുന്നതിന്നാണു്.

കാഷികോൽപാദനവും സാമ്പത്തികോൽപാദനവും വദ്ധിക്കുന്നതോടുകൂടി വ്യാപാരം വദ്ധിക്കുന്നതാകയാൽ കൂടുതൽ ഗതാഗതമാഗ്ഗങ്ങളും വാഹനസൌകയ്യങ്ങളും ആവശ്യമാണു്. അതുകൊണ്ടു് നിലവിലുള്ള റോഡു് 100 ശതമാനംകണ്ടും, റെയിൽവേ 500 ശതമാനംകണ്ടും നീട്ടേണ്ടിയിരിക്കുന്നു. അങ്ങിനെ 21,000 നാഴിക റെയിൽവേയും, 3 ലക്ഷം നാഴിക റോഡും പുതുതായി നിമ്മിക്കണം. നിലവിലുള്ള റോഡുകൾ പരിഷ്കരിക്കുകയും വേണം. അതിന്നും പുറമേ കടലോര കപ്പൽഗതാഗതം അഭിവൃദ്ധിപ്പെടുത്തുകയും തുറമുഖസൌകയ്യങ്ങൾ വദ്ധിപ്പിക്കുകയും വേണം. ഇതിന്നെല്ലാംകൂടി 897 കോടി രൂപയുടെ മൂലധനച്ചെലവും 49 കോടി രൂപയുടെ വർഷാവർഷച്ചെലവും ആവശ്യമാണു്.

ഒരു സമഗ്രമായ സാമ്പത്തികോദ്ധാരണപരിപാടി നടപ്പിൽ വരുത്തണമെങ്കിൽ അഭ്യസ്തവിദ്യരും സാങ്കേതികവിദഗ്ദ്ധരും ധാരാളമായി ആവശ്യമാണു്. അതുകൊണ്ടു് ബോംബെപദ്ധതിയിൽ വിപുലമായ ഒരു വിദ്യാഭ്യാസപരിപാടി ഉൾക്കൊള്ളിച്ചിട്ടുണ്ടു്. വയോജനവിദ്യാഭ്യാസമാണു് ഇതിൻെറ ഒന്നാമത്തെ ഉന്നം. ഇതിൻെറ ചെലവു് 66 കോടി രൂപയാണു് നിശ്ചയിച്ചതു്. 20 കോടി നിരക്ഷരരേ ഉത്തരവാദിത്വബോധമുള്ള അഭ്യസ്തവിദ്യരായ പൌരരാക്കി മാററുകയാണു് ഉദ്ദേശം. ആറുവയസ്സിന്നും, പതിനൊന്നുവയസ്സിന്നും മദ്ധ്യേയുള്ള ബാലികാബാലകന്മാക്കെല്ലാം പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധമാക്കേണ്ടതാണു്. ഇതിന്നു് 86 കോടി രൂപയുടെ പ്രാരംഭച്ചെലവും 88 കോടി രൂപയുടെ ആവത്തനച്ചെലവും വേണ്ടിവരും. പദ്ധതിപ്രകാരം സവ്വകലാശാലാവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം, ഗവേഷ

ണം എന്നിവയ്ക്കു് ആവത്തനച്ചെലവു് 20 കോടി രൂപ വേണ്ടിവ രും. അങ്ങിനെ എല്ലാംകൂടി വിദ്യാഭ്യാസത്തിന്നു് പ്ലാൻപ്രകാരം 490 കോടി രൂപയാണു് വേണ്ടിവരിക.

ജനങ്ങളുടെ ആരോഗ്യവും പ്രവൃത്തിക്ഷമതയും നിലനിത്തണമെങ്കിൽ ശുചീകരണം, വൈദ്യസഹായം, പാപ്പിടസൌകയ്യം എന്നിവയിലും ശ്രദ്ധ പതിയേണ്ടതുണ്ടു്. ഓരോ ഗ്രാമത്തിന്നും ഓരോ ഡിസ്പെൻസറിയും, ഓരോ നഗരത്തിലും പ്രസവചികിത്സാസൌകയ്യത്തോടുകൂടിയുള്ള ഓരോ ആശുപത്രിയും, പകർച്ചവ്യാധികളുടെ ചികിത്സയ്ക്കു് പ്രത്യേകം ചികിത്സാകേന്ദ്രങ്ങളും ആവശ്യമാണു്. നഗരങ്ങളിലും ഗ്രാമങ്ങളിലും ശുദ്ധജലവിതരണസൌകയ്യത്തിലും വേണ്ടപ്പെട്ട നടപടികൾ എടുക്കണം. അങ്ങിനെ ആരോഗ്യസംരക്ഷണത്തിന്നു് 450 കോടി രൂപയും, ഭവനനിമ്മാണത്തിന്നു 2,200 കോടി രൂപയും പ്രസ്തുത പദ്ധതിപ്രകാരം ചെലവുചെയ്യണം.

പദ്ധതി, പ്രധാനമായി ഊന്നിപ്പറയുന്നതു് ഉല്പാദനത്തെപ്പററിയാണെങ്കിലും, ഉല്പാദിതധനം ന്യായമായവിധത്തിൽ വിതരണം ചെയ്യാതെ ദാരിദ്ര്യത്തെ ദൂരീകരിക്കാനും ജീവിതത്തോതുയത്തുവാനും സാദ്ധ്യമല്ലെന്നു പദ്ധതികത്താക്കൾ വ്യക്തമാക്കിയിട്ടുണ്ടു്. അതിന്നുവേണ്ടി ചില നിർദ്ദേശങ്ങളും അതിലുൾക്കൊള്ളിച്ചിട്ടുണ്ടു്. അതായതു് എല്ലാവക്കും തൊഴിൽ പ്രദാനംചെയ്യുക, തൊഴിലാളികളുടെ കൂലി വദ്ധിപ്പിക്കുക, കാർഷികോല്പന്നങ്ങൾക്കു് ന്യായവില നിശ്ചയിക്കുക, ഭൂപരിഷ്കാരം വരുത്തി കൃഷിക്കാരനെ ഭൂമിയുടമയാക്കുക, വിവിധോദ്ദേശസഹകരണസംഘങ്ങൾ സ്ഥാപിക്കുക, എന്നീ മാർഗ്ഗങ്ങൾ മുഖേന ദാരിദ്ര്യജനവിഭാഗത്തിൻെറ വരുമാനം വദ്ധിപ്പിക്കണം. ധനികരുടെമേൽ വദ്ധിച്ച ഭാരംചുമത്തുന്ന മരണനികുതികൾ ഏപ്പെടുത്തിയും, സെമിന്ദാരി സമ്പ്രദായം നിത്തൽചെയ്തും, ഭൂവുടമസമ്പ്രദായം പരിഷ്കരിച്ചും, കുടിൽവ്യവസായങ്ങളും സഹകരണസംരംഭങ്ങളും വളത്തിക്കൊണ്ടുവന്നും ധനവിതരണത്തിലുള്ള അസമത്വം കുറയ്ക്കേണ്ടതാണു്.

ഈ പദ്ധതിയുടെ ചെലവിലേക്കാവശ്യമായ പണം താഴെ പറയുന്ന മാർഗ്ഗങ്ങൾമൂലം സാദ്ധ്യമാകണം:—

| | | | |
|---|---|---|---|
| (എ) വൈദേശികചെലവിന്ന്:— | | | |
| ഈട്ടുവെപ്പുധനം (സ്വർണ്ണം)— | 300 | കോടി | രൂപ |
| സ്റ്റർലിങ്ങ് സെക്യൂറിററികൾ | 1,000 | ,, | ,, |
| വ്യാപാരശിഷ്ടം | 600 | ,, | ,, |
| വിദേശങ്ങളിൽനിന്നുള്ള കടം | 700 | ,, | ,, |
| (ബി) ആഭ്യന്തരച്ചെലവിന്ന്:— | | | |
| പൊതുജനസമ്പാദ്യം | 4,000 | ,, | ,, |
| ഗവർമ്മേണ്ടുകടപ്പത്രങ്ങളുടെ ഉറപ്പിന്മേൽ നോട്ടിറക്കൽ | 3,400 | ,, | ,, |
| ആകെ | 10,000 | ,, | ,, |

വിമർശനം:—സാമ്പത്തികാസൂത്രണത്തിലുള്ള പ്രഥമ പരിശ്രമമെന്ന നിലയിൽ പദ്ധതി പ്രാധാന്യമർഹിക്കുന്നു. അനന്തരകാലങ്ങളിൽ ആസൂത്രണത്തെപ്പററിയുള്ള ചർച്ചകൾക്കും വിചിന്തനങ്ങൾക്കും ഇതു് ആസ്പദമായി ഭവിച്ചിട്ടുണ്ടു്. എന്നാൽ മുതലാളിത്തവ്യവസ്ഥയെ അങ്ങനെതന്നെ നിലനിർത്തുന്ന ഒരു പദ്ധതിയാണിതു്. ഇതിൽ വിഭാവനംചെയ്യുന്ന നിയന്ത്രണങ്ങളെല്ലാം താല്ക്കാലികങ്ങളാണു്. അസമതാലഘൂകരണത്തിനു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങൾ അത്ര ഫലപ്രദമല്ല; അതുപോലെതന്നെ വരുമാനവർദ്ധനവിന്നും. എന്നു മാത്രമല്ല ഇന്ത്യ ഒരു കാർഷികരാജ്യമാണെന്നിരിക്കെ പരമപ്രാധാന്യം കല്പിച്ചിരിക്കുന്നതു് വ്യവസായാഭിവൃദ്ധിക്കാണു്. എന്നാൽ, ഇതിന്നുതന്നെയും കാർഷികോന്നമനം ഒഴിച്ചുകൂടാത്തതാണു്. പദ്ധതിയുടെ ഫലം കർഷകരെ ദാരിദ്ര്യത്തിൽതന്നെ നിർത്തുകയും, വ്യാവസായിക വൃത്തിക്കാരെ സമ്പന്നരാക്കുകയുമായിരിക്കും. സാമൂഹ്യരക്ഷാനടപടികളൊന്നും പദ്ധതിയിലുൾക്കൊള്ളിച്ചിട്ടില്ല. പദ്ധതിയുടെ ധനകാര്യഭാഗവും സംശയാസ്പദമാണു്. 4,000 കോടി രൂപ ജനങ്ങളു

ടെ സമ്പാദ്യംമുഖേന ലഭിക്കുമെന്നമതിപ്പു വളരെ അതിർകവിഞ്ഞ ഒന്നാണ്. പിന്നീട് 3,400 കോടി രൂപയുടെ നോട്ടടിച്ചിറക്കിയാൽ അതു് അയഥാൎത്ഥമായ പണപ്പെരുപ്പവും വിലക്കയററവും ഉളവാക്കി പാവപ്പെട്ടവൎക്കും ഇടത്തരക്കാൎക്കും ദുരന്തദുരിതങ്ങൾ വരുത്തിക്കൂട്ടും. പൂഴ്ത്തിവെച്ച ധനവും വ്യാപാരശിഷ്ടവും വൈദേശിക മൂലധനവും അത്രയൊന്നും ഉറപ്പിക്കത്തക്ക മാൎഗ്ഗങ്ങളല്ല. മാത്രമല്ല, ഈ പ്ലാനിലെ മതിപ്പുകളെല്ലാം 1931-'32-ലെ ദേശീയവരുമാനത്തേയും അക്കാലത്തെ വിലത്തോതിനേയും അടിസ്ഥാനപ്പെടുത്തിയവയാണ്. അതുകൊണ്ടു് പദ്ധതി യഥാൎത്ഥത്തിൽനിന്നും വളരെ അകന്നാണിരിക്കുന്നതു്. 1946-'47-ൽ ആരംഭിക്കുവാൻ ഉദ്ദേശിക്കപ്പെട്ട ഈ പ്ലാൻ അതിനടുത്ത മുൻകൊല്ലങ്ങളിലെ സ്ഥിതിവിവരക്കണക്കുകളെ ആസ്പദപ്പെടുത്തിയായിരുന്നു ആസൂത്രണം ചെയ്യേണ്ടിയിരുന്നതു്.

## ജനകീയപദ്ധതി

ഇതു് ഇന്ത്യൻ തൊഴിലാളിഫെഡറേഷൻെറ പ്ലാനാണ്. ഇതു പ്രസിദ്ധപ്പെടുത്തിയതു എം. എൻ. റോയിയാണ്. ഇതു പുറത്തുവന്നതു് 1944-ൽ ആണ്. ഇതു്ഒരു സോഷ്യലിസ്ററുപ്ലാനാണ്. ഇതു മുൻപറഞ്ഞ പദ്ധതിയേക്കാൾ കുറേക്കൂടി വ്യാപകമാണ്. ഇന്ത്യയിലെ പ്രധാന തൊഴിൽ കൃഷിയായതുകൊണ്ടു് ഇവിടെ സാമ്പത്തികാസൂത്രണത്തിൻെറ അടിസ്ഥാനംതന്നെ കൃഷിയായിരിക്കണം എന്ന നിലപാടാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്. വ്യവസായങ്ങൾ വൎദ്ധിപ്പിക്കുന്നതു ജനങ്ങൾക്കാവശ്യമായ ഉപഭോഗവസ്തുക്കളുടെ ഉല്പാദനത്തിന്നു വേണ്ടിയായിരിക്കണം. 10 കൊല്ലംകൊണ്ടു് ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ, ഭക്ഷണം, വസ്ത്രം, പാൎപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെസംബന്ധിച്ചവ നിവ്വഹിക്കുമാറാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മതിന്ന ഓരോരുത്തൎക്കും 2,600കലോറി മൂല്യംവരുന്ന സന്തുലിതഭക്ഷണം, കൊല്ലത്തിലേയ്ക്കു 50 വാര വസ്ത്രം, 100 ച. അടി വാസസ്ഥ

ലം എന്നീ പ്രകാരമാണ് പദ്ധതിയുടെ ഉന്നം. ഈ ഉദ്ദേശത്തോടുകൂടി 15,000 കോടി ഉറുപ്പിക താഴെക്കാണുന്ന വിധത്തിൽ ചെലവുചെയ്യേണ്ടതാണ്.

| | | | |
|---|---|---|---|
| കൃഷി | 2,950 | കോടി | രൂപ |
| വ്യവസായം | 5,600 | ,, | ,, |
| ഗതാഗതസൌകര്യം | 1,500 | ,, | ,, |
| ആരോഗ്യം | 760 | ,, | ,, |
| വിദ്യാഭ്യാസം | 1,040 | ,, | ,, |
| പാർപ്പിടസൌകര്യം | 3,150 | ,, | ,, |
| ആകെ | 15,000 | ,, | ,, |

കൃഷി:—കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് ഭൂമി ദേശസാൽക്കരിക്കേണ്ടതാണ്. വിസ്തൃതകൃഷിയും ഊർജ്ജിതകൃഷിയും മൂലം കാർഷികോല്പാദനം വർദ്ധിപ്പിക്കേണ്ടതാണ്. പത്തുകൊല്ലംകൊണ്ടു് 10കോടി ഏക്കർ നിലം കൃഷിക്കു വിധേയമാക്കേണ്ടതാണ്. ഇതിന്നു് ജലസേചനസൌകര്യം 400% കണ്ടു വർദ്ധിപ്പിക്കേണ്ടതാണ്. ഇതിൻെറ ചെലവു് 615 കോടി രൂ. വരും. കൂട്ടടമയിൽ യന്ത്രീകൃതകൃഷിസമ്പ്രദായം നടപ്പിൽ വരുത്തുകയും, പരിഷ്കരിച്ച വിത്തു്, വളം എന്നിവ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ഗവമ്മേണ്ടു് നേരിട്ടു മാതൃകാകൃഷിസ്ഥലങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇത്തരം 25,000 മാതൃകാകൃഷിത്തോട്ടങ്ങൾ വേണ്ടിവരും. ഇതു കൂട്ടുകൃഷിയുടെ പ്രചാരത്തെ ത്വരിതപ്പെടുത്തും. കൃഷിക്കാരുടെ കടം മുഴുവൻ റദ്ദുചെയ്തതായി പ്രഖ്യാപിക്കണം. ഈ പദ്ധതികൊണ്ടു് കാർഷികോല്പാദനം 400% വർദ്ധിക്കുമെന്നും, ആഭ്യന്തരാവശ്യംകഴിച്ചു് ഗണ്യമായൊരുമിച്ചം കയററിയയക്കാൻ ഉണ്ടാകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

വ്യവസായരംഗത്തിൽ ഉപഭോക്തൃപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്കാണ് മുൻഗണന നൽകിയിരിക്കുന്നതു്. കാരണം പല ആവശ്യസാധനങ്ങളും വേണ്ടത്ര കിട്ടാതെയാ

ണിരിക്കുന്നതു്. പാതിപ്പട്ടിണിക്കാരും, അദ്ധനഗ്നരുമായ ജനങ്ങൾ തുടക്കത്തിൽതന്നെ മോട്ടോർകാറുകളെപ്പററിയും വ്യോമയാനത്തെപ്പററിയും ചിന്തിക്കുന്നതു ഹാനികരമായിരിക്കുമെന്നാണു് പദ്ധതികത്താക്കൾ പറയുന്നതു്. അതുകൊണ്ടു് വസ്ത്രം, പഞ്ചസാര, മരുന്നു്, കടലാസ്സ്, തോൽസാമാനങ്ങൾ, മരസ്സാമാനങ്ങൾ മുതലായവ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങളാണു് ആദ്യം അഭിവൃദ്ധിപ്പെടുത്തേണ്ടതു്. ഇവയ്ക്കു 3,000 കോടി രൂപ വേണ്ടിവരും. എന്നാൽ ഉപഭോക്തൃപദാത്ഥവ്യവസായങ്ങളുടെ വികസനത്തിന്നു് ചില അടിസ്ഥാനവ്യവസായങ്ങളെയും അഭിവൃദ്ധിപ്പെടുത്തണം. യന്ത്രോപകരണം, ഇരിമ്പുരുക്കുസാധനങ്ങൾ, കനത്ത രാസദ്രവ്യങ്ങൾ, വിദ്യുച്ഛക്തി, ധാതവദ്രവ്യങ്ങൾ, സിമൻറു് മുതലായവയുടെ നിമ്മാണത്തിലേയ്ക്കു് 2,600 കോടി രൂപ വിനിയോഗിക്കണം. അങ്ങിനെ മൊത്തത്തിൽ വ്യാവസായികോല്പാദനം 600 ശതമാനംകണ്ടു് വദ്ധിക്കണം. സ്വകാൎയ്യവ്യവസായികളെ തീരെ പുറംതള്ളേണ്ടതില്ല; പക്ഷെ കർശനമായ നിയന്ത്രണത്തിന്നു് വിധേയരാക്കണം. ഗവമ്മേണ്ടു് ന്യായവില നിശ്ചയിക്കേണ്ടതാണു്. നവീനയന്ത്രങ്ങളുപയോഗിച്ചു് തൊഴിലാളികളുടെ പ്രവത്തനക്ഷമത വദ്ധിപ്പിക്കുകയെന്ന നയമാണു് പദ്ധതിയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. ആ സ്ഥിതിക്കു് കുടിൽവ്യവസായങ്ങളെ അധികമായി വികസിപ്പിക്കുവാൻ നിവ്വാഹമില്ലത്രെ.

ഗതാഗതസൌകൎയ്യത്തിന്നും വാഹനസൌകൎയ്യത്തിന്നും പദ്ധതിയിൽ വളരെ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുണ്ടു്. ഇതിനെല്ലാംകൂടി 1,500 കോടി രൂപ ചെലവാക്കണമെന്നാണു് നിശ്ചയം. 24,000 മൈൽ റെയിൽവേ, 4½ ലക്ഷം മൈൽ റോഡു് എന്നിവ പുതുതായിനിമ്മിക്കണം. കപ്പൽസൌകൎയ്യം, തുറമുഖസൌകൎയ്യം, അഭ്യന്തരജലമാൎഗ്ഗങ്ങൾ എന്നിവയും അഭിവൃദ്ധിപ്പെടുത്തണം. വ്യാപാരം മദ്ധ്യവത്തികളെ ഏല്പിക്കാതെ പരസ്പരസഹായസംഘങ്ങൾ മുഖേന നടത്തണമെന്നാണു് പദ്ധതികത്താക്കളുടെ അഭിപ്രായം. വൈദ്യസഹായവും ചികിത്സാസൌകൎയ്യവും വദ്ധിപ്പിക്കുന്നതി

ന്ന് 760 കോടി രൂപയും, സാക്ഷരതാപ്രചരണത്തിനും വിദ്യാഭ്യാസവിപുലീകരണത്തിന്നുമായി 1,040 കോടി രൂപയും ഭവനനിർമ്മാണത്തിന്ന് 3,150 കോടി രൂപയും വിനിയോഗിക്കുവാൻ പ്ലാനിൽ നിശ്ചയിച്ചിട്ടുണ്ട്. കൃഷിയുടേയും വ്യവസായത്തിൻെറയും വ്യാപാരത്തിൻെറയും ഏതാദൃശമായ പരിഷ്കരണവും, ദേശപോഷണപരിശ്രമങ്ങളും ധാരാളംപേൎക്കു തൊഴിൽനൽകും. ബാക്കിയുള്ളവൎക്ക് സ്വകാര്യവ്യവസായങ്ങളിലും തൊഴിൽ ലഭിക്കും. അങ്ങിനെ ജനസാമാന്യത്തിൻെറ വരുമാനം വർദ്ധിക്കുകയും, ന്യായമായ ധനവിതരണസ്ഥിതി സംജാതമാവുകയും ചെയ്യും. സാധാരണക്കാരൻെറ ജീവിതം നാലിരട്ടികണ്ടു് മെച്ചപ്പെടും.

ധനകാൎയ്യം:—ഈ പദ്ധതി നടപ്പിൽവരുത്തുവാനുള്ള ധനത്തെസംബന്ധിച്ച് കൎത്താക്കൾക്ക് വലിയ ആശങ്കയൊന്നുമില്ല. അതു താഴെപറയുംപ്രകാരം നേടാമെന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നതു്:

| | | | |
|---|---|---|---|
| (സ്റ്റർലിങ്ങ്ബാലൻസ്) പവൻമിച്ചം | 450 | കോടി | രൂപ |
| നികുതിവരുമാനം(മരണനികുതി etc.) | 810 | ,, | ,, |
| ദേശസാൽകൃത ഭൂമിയിൽനിന്നുള്ളവരവു് | 90 | ,, | ,, |
| കൃഷിയിൽനിന്നുള്ള വരവു് | 10,816 | ,, | ,, |
| വ്യവസായങ്ങളിൽനിന്നുള്ള വരവു് | 2,834 | ,, | ,, |
| ആകെ | 15,000 | ,, | ,, |

ഗുണദോഷങ്ങൾ:—നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ കൃഷിക്കുള്ള പ്രാധാന്യത്തെ മനസ്സിലാക്കി അതിന്ന് അടിസ്ഥാനപരമായ സ്ഥാനം അനുവദിച്ചുവെന്നതാണ് പദ്ധതിയുടെ മെച്ചം. "ജനങ്ങളുടെ ക്രയശക്തി വൎദ്ധിപ്പിക്കുവാൻ ഏതു പരിശ്രമവും ഭൂരിപക്ഷം ജനങ്ങൾക്ക് തൊഴിൽ നൽകുന്ന കൃഷിയുടെമേൽ തന്നെ അധികമായും കേന്ദ്രീകരിക്കേണ്ടതായി വരും," എന്നു പദ്ധതിയിൽ പ്രസ്താവിച്ചിരിക്കുന്നു. ഗവൎമ്മേണ്ടു കൃഷിയിടങ്ങളുടെ മാതൃകയിൽ കൂട്ടുകൃഷിയിടങ്ങൾ സ്വമേധയാ ഏൎപ്പെടുത്തണമെന്നാ

ണ് പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നതു്. അജ്ഞതയാ കൃഷിക്കാരുടെ ഇടയിൽ ഇത്തരമൊരു മാററം സ്വമേധയാ വരുമെന്നു പ്രതീക്ഷിക്കുന്നതു് അബദ്ധമാണ്. എന്നു മാത്രമല്ല, റഷ്യയിലേതുപോലുള്ള ഭൂമിയുടെ ദേശസാൽക്കരണവും കൂട്ടകൃഷിസമ്പ്രദായവും ഇവിടെ പൂർണ്ണമായി വിജയപ്ര•മാവുമെന്നു കരുതുവാൻ വഴിയില്ലതാനും. യന്ത്രീകൃതകൃഷിക്കു നിലങ്ങളുടെ ഛിന്നഭിന്നത്വവും കർഷകരുടെ അജ്ഞതയും, പരിമിതമായ മൂലധനവും പ്രധാന പ്രതിബന്ധങ്ങളാണ്. സ്വകാര്യവ്യവസായികൾക്ക് 3% ലാഭം അനുവദിച്ചതുകൊണ്ടു് ഉല്പാദനത്തിന്നു പ്രോത്സാഹനം ലഭിക്കുമെന്നു കരുതിക്കൂടാ. വമ്പിച്ച ജനസംഖ്യയുള്ളൊരു രാജ്യത്തിൽ ത്വരിതതരമായ യന്ത്രവല്ക്കരണംകൊണ്ടു് തൊഴിലില്ലായ്മ വദ്ധിക്കുകയാണ് ചെയ്യുകയെന്നും, കുടിൽവ്യവസായങ്ങളാണ് ഇതു തടയുവാൻ കൂടുതൽ ഫലപ്രദമെന്നുമുള്ള കാര്യം വിസ്മരിക്കപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മയെ നേരിടാൻ യാതൊരു നിർദ്ദേശവും ഇതിലടങ്ങിയിട്ടില്ല. ധനകാര്യഭാഗത്തിലും പദ്ധതിക്കു ദൌർബ്ബല്യങ്ങളുണ്ടു്. 15,000 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിക്കുള്ള ധനാഗമമാർഗ്ഗങ്ങളിൽ 90 ശതമാനവും അനിശ്ചിതങ്ങളാണ്. കൃഷിയിൽനിന്നുള്ള മിച്ചത്തിൻെറ പ്രതീക്ഷ സാക്ഷാൽക്കരിക്കപ്പെട്ടുമെന്നോ, ആ മിച്ചസാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുമെന്നോ പ്രതീക്ഷിച്ചുകൂടാ. കൃഷിയിൽനിന്നുള്ള വരുമാനത്തിൽനിന്നു് 10,000 കോടിരൂപ വീണ്ടുംകാർഷികസംരംഭങ്ങളിൽ നിക്ഷേപിക്കപ്പെട്ടുമെന്നുള്ള ഊഹം അതിർകവിഞ്ഞതാണ്. 810 കോടി രൂപ മരണനികുതിമൂലവുംമററും ലഭിക്കുമെന്ന വിശ്വാസം തീരെ അസ്ഥാനത്തിലാണ്.

ഇപ്രകാരം പരിശോധിക്കുമ്പോൾ, ലക്ഷ്യം തൃപ്തികരമാംവിധം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ ജനകീയപദ്ധതി നടപ്പിൽ വരുത്തുവാനുള്ള മാർഗ്ഗങ്ങൾ വ്യക്തമായി നിർദ്ദേശിക്കുന്നതിൽ പദ്ധതികർത്താക്കൾ പരാജയപ്പെട്ടിരിക്കുന്നു.

---

D. S. Nag: A Study of Econ. Plans for India-P. 51.

## വിശേപശ്വരയ്യയുടെ പദ്ധതി

സർ. എം. വിശേപശ്വരയ്യയുടെ യുദ്ധാനന്തര ഭാരതത്തിൻെറ പുനർനിമ്മാണപദ്ധതി സവ്വേന്ത്യാവ്യവസായ സംഘടനയാണ് 1944-ൽ പ്രസിദ്ധപ്പെടുത്തിയതു്. ഇതിൻെറ പ്രാഥമികോദ്ദേശം ജനസാമാന്യത്തിൻെറ ജീവിതത്തോതു് ഉയത്തുകയാണ്. സാധാരണ പൌരന്നു തൊഴിൽ നൽകുക മാത്രമല്ല, അവന്നു നിത്യവൃത്തിക്കാവശ്യമായ ഒരു ഉപജീവനമാർഗ്ഗം കൈവരുമാറു് അവൻെറ സാമ്പത്തികമായ കഴിവുയത്തുകകൂടി ചെയ്യണം. സാമൂഹ്യമായി, എല്ലാ ഭാഗങ്ങളിലും ചുരുങ്ങിയ തരത്തിലെങ്കിലും ആഹാരം, വിഹാരം, വിശ്രമം എന്നിവയുടെ കായ്യത്തിലെല്ലാം ഒരു കുറഞ്ഞ നിലവാരമെങ്കിലും പ്രാപിക്കേണ്ടതാണ്.

പുനരുദ്ധാരണപദ്ധതി സാമൂഹ്യരംഗത്തിലും സാമ്പത്തികരംഗത്തിലും ബാധകമാക്കേണ്ടതാണ്. സാമൂഹ്യപുനരുദ്ധാരണത്തിന്നു ജനസംഖ്യാനിയന്ത്രണം അത്യന്താപേക്ഷിതമാണ്. "1891 മുതൽ ഇന്ത്യയിലെ ജനസംഖ്യ ഏകദേശം 5 കോടികണ്ടു് വർദ്ധിച്ചിട്ടുണ്ടെന്നു് കാനേഷുമാരി കണക്കുപ്രകാരം കാണുന്നു; എന്നാൽ വദ്ധിച്ച ജനങ്ങൾക്കു് സാധാരണ സുഖസൌകയ്യങ്ങളോടുകൂടി ജീവിക്കുവാൻ സാധിക്കുമാറു് സാധനങ്ങളും സവ്വീസ്സുകളും ഉല്പാദിക്കപ്പെടുന്നുണ്ടോ എന്നു നോക്കുവാൻ ഉത്തരവാദപ്പെട്ടതായി ഈ രാജ്യത്തു യാതൊരു സ്ഥാപനവുമില്ല." ജനസംഖ്യ വർദ്ധിച്ചുകൊണ്ടു വരുന്നതിനനുസരിച്ചു് ഉപജീവനമാർഗ്ഗങ്ങൾ വർദ്ധിച്ചിട്ടില്ല. അതുകൊണ്ടു് ജനസംഖ്യാവർദ്ധന നിയന്ത്രിക്കേണ്ടതാണ്. കാർഷികരംഗത്തിൽ ആവശ്യത്തിലധികമായി കാണുന്ന ജനവിഭാഗത്തെ വ്യവസായങ്ങളിലേയ്ക്കു തിരിക്കേണ്ടതാണ്. നിത്യജീവിതത്തിൽപോലും മററുള്ളവരുടെ മാർഗ്ഗനിർദ്ദേശത്തെ അശ്രയിച്ചു കഴിയേണ്ടിവരുന്ന ഭൂരിപക്ഷം നിരക്ഷരജനതയ്ക്കും പ്രാഥമികവിദ്യാഭ്യാസം നൽകുവാൻ ഊജ്ജിതമായൊരു സാക്ഷരതാസമരം നടത്തേണ്ടതാണ്.

സാമ്പത്തികരംഗത്തിൽ ഗവമ്മേണ്ടിൻെറ തടസ്ഥനയം കാ

രണം വളൎന്നുവരാത്ത പ്രധാന വ്യവസായങ്ങളെ (മോട്ടോർകാർ വ്യവസായം, വിമാനനിൎമ്മാണം, ഇരുമ്പുരുക്ക വ്യവസായം, വൈദ്യുതോപകരണനിൎമ്മാണം, കപ്പൽവ്യവസായം മുതലായവ) സുസ്ഥാപിതമാക്കുകയും, യന്ത്രനിൎമ്മാണം, ആയുധനിൎമ്മാണം അടിയായ മററു വ്യവസായങ്ങൾ വളൎത്തിക്കൊണ്ടുവരികയും വേണം. ഇതിന്നു 5 കൊല്ലംകൊണ്ടു് 790 കോടി രൂപ ചെലവഴിക്കേണ്ടതാണു്. ഗ്രാമങ്ങളിലേയ്ക്കും വ്യവസായവല്ക്കരണം വ്യാപിപ്പിക്കണം. കാർഷികോല്പാദനവും വ്യാവസായികോല്പാദനവും 7 മുതൽ 10 കൊല്ലത്തിന്നുള്ളിൽ ഇരട്ടിപ്പിക്കേണ്ടതാണു്. ദേശീയവരുമാനം 2,500 കോടി രൂപയിൽനിന്നും 5,000 കോടി രൂപയാവണം. വാർഷികവ്യാവസായികോല്പാദനത്തിൻെറ തുക 400 കോടി രൂപയിൽനിന്നു 2,000 കോടി രൂപയായി വൎദ്ധിക്കണം. ഒരുന്നതസാങ്കേതികവിദ്യാലയം ഒരു കേന്ദ്രസ്ഥാനത്തു സ്ഥാപിക്കേണ്ടതാണു്. കൃഷിക്കു് ഈ പദ്ധതിയിൽ രണ്ടാംസ്ഥാനമാണു കല്പിച്ചിരിക്കുന്നതു്. കാരണം ജനങ്ങളുടെ സുഖസമൃദ്ധി വൎദ്ധിപ്പിക്കുവാൻ കൃഷിക്കുള്ള കഴിവു വളരെ പരിമിതമാണു്. ആകെയുള്ള പഞ്ചവർഷപദ്ധതിയുടെ ചെലവു താഴെ പറയുംപ്രകാരമായിരിക്കണം:—

| | | |
|---|---|---|
| വ്യവസായം | 790 | കോടി രൂപ |
| കൃഷി | 200 | ,, ,, |
| ഗതാഗതം | 110 | ,, ,, |
| വിദ്യാഭ്യാസം | 40 | ,, ,, |
| ആരോഗ്യം | 40 | ,, ,, |
| ഭവനനിൎമ്മാണം | 190 | ,, ,, |
| പലവക | 30 | ,, ,, |
| ആകെ | 1,400 | ,, ,, |

അങ്ങിനെ ധനോല്പാദനസംരംഭങ്ങൾക്കു (ആദ്യത്തെ മൂന്നിനങ്ങൾ) 1,100 കോടി രൂപയും ദേശപോഷണപരിപാടികൾക്കു 300 കോടി രൂപയുമാണു ചെലവു വരിക.

ഈ പദ്ധതി നടപ്പിൽവരുത്തുവാൻ ഒരു സാമ്പത്തികകൌൺസിലും ഒരു ദേശീയ പുനരുദ്ധാരണബോർഡും ആവശ്യമാണു്. ബോർഡ് ഓരോ പ്രത്യേക വികസനസംരംഭങ്ങൾക്കും പ്രത്യേകം ഉദ്യോഗാനുദ്യോഗസ്ഥസമിതികളെ ഏർപ്പെടുത്തേണ്ടതാണു്. ഉത്തരവാദിത്വമേറിയ സ്ഥാനങ്ങളിലേയ്ക്കു് ആവശ്യമായ ഉദ്യോഗസ്ഥന്മാർക്കും പ്രവർത്തകർക്കും വേണ്ടപോലെ പരിശീലനം നൽകുവാനുള്ള ഏർപ്പാട്ടുണ്ടായിരിക്കണം.

പോരായ്മകൾ:— ഈ പദ്ധതിയുടെ പ്രധാന ദോഷം ബോംബെപദ്ധതിപോലെ ഇതിലും നമ്മുടെ പ്രധാനഉപജീവനമാർഗ്ഗമായ കൃഷിക്കു് പ്രഥമസ്ഥാനം കല്പിക്കാതെ വ്യവസായങ്ങളെ അഗ്രിമസ്ഥാനത്തു് അവരോധിച്ചിരിക്കുന്നുവെന്നതാണു്. വർദ്ധിച്ചുവരുന്ന ജനസംഖ്യത്തോതനുസരിച്ചു് ഭക്ഷ്യോല്പാദനം അഭിവൃദ്ധിപ്പെട്ടിട്ടില്ലെന്നും പ്രത്യേകം എടുത്തുപറയുന്ന പദ്ധതികർത്താവു് കൃഷിവികസനത്തിന്നു് വ്യവസായവികസനത്തിന്നുള്ളതിൻെറ നാലിലൊരുഭാഗം സംഖ്യയേ അനുവദിക്കാൻ തയ്യാറുള്ളു. ഇതുകൊണ്ടു് വൻതോതിലുള്ള ജനസേചനപദ്ധതികൾ ആരംഭിക്കുവാനോ നാട്ടിലെ ഭക്ഷണക്ഷാമം ദൂരീകരിച്ചു് ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത കൈവരുത്തുവാനോ സാദ്ധ്യമല്ല. എല്ലാ സാമ്പത്തികപ്രശ്നങ്ങളുടേയും അടിത്തട്ടിൽ കിടക്കുന്ന ഭക്ഷണപ്രശ്നത്തിന്നു് പരിഹാരം കാണാതെ ജനസഞ്ചയത്തെ സാമ്പത്തികക്ഷേമത്തിൻെറ സോപാനത്തിലേയ്ക്കു നയിക്കുക സാദ്ധ്യമല്ല. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ വേണ്ടുവോളം ലഭിക്കുവാനും വ്യവസ്ഥിതമായ തോതിൽ കൃഷി അഭിവൃദ്ധിപ്പെടണം. എന്നുമാത്രമല്ല, ഭക്ഷ്യകാര്യത്തിൽ സ്വയംസമ്പൂർണ്ണത കൈവരാത്തേടത്തോളം വ്യവസായവൽക്കരണത്തിൻെറ ഗതി മന്ദതരമായിരിക്കും. എന്തെന്നാൽ, യന്ത്രോപകരണങ്ങൾ വിദേശങ്ങളിൽനിന്നു് ഇറക്കുമതിചെയ്യുന്നതിന്നുപയോഗിക്കാവുന്ന ഒട്ടേറെ വിദേശനാണ്യം ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതിക്കു് വിനിയോഗിക്കേണ്ടിവരും. ഇറി വ്യവസായോല്പന്നങ്ങൾ വിററഴിക്കുവാൻ സാധിക്കേണമെ

ങ്കിൽതന്നെ ബഹുഭൂരിപക്ഷം വരുന്ന കർഷകജനതയുടെ വരുമാനം കൃഷിപരിഷ്കരണംമൂലം വർദ്ധിപ്പിക്കണം. അതുകൊണ്ടു് വൻതോതിലുള്ള വ്യവസായവൽക്കരണത്തിലേയ്ക്കുള്ള ചവിട്ടുപടി എന്ന നിലയിൽ കൃഷിവികസനത്തിലും കൃഷിപരിഷ്കരണത്തിലുമാണു് കൂടുതൽ ശ്രദ്ധ പതിയേണ്ടതു്.

## ഗാന്ധിയൻപദ്ധതി

ഗാന്ധിജി ഇന്ത്യയുടെ സാമ്പത്തികപ്രശ്നങ്ങളെപ്പററി പലപ്പോഴായി പുറപ്പെടുവിച്ച അഭിപ്രായങ്ങളെയും അദ്ദേഹത്തിൻെറ നിർമ്മാണപരിപാടിയെയും ആസ്പദപ്പെടുത്തി അദ്ദേഹത്തിൻെറ ശിഷ്യനായ വാർദ്ധാകോമേഴ്സ്സ് കോളേജ്പ്രിൻസിപ്പാൾ, ശ്രീമാൻ നാരായൺ അഗർവാല ആസൂത്രണംചെയ്തതാണു് ഈ പദ്ധതി.* ഗാന്ധിജി ഇന്ത്യയെസംബന്ധിച്ചു് വിഭാവനം ചെയ്ത സമ്പദ്‌വ്യവസ്ഥയുടെ ഒരു ചിത്രീകരണമാണു് അഗർവാല ഇതിൽ നിർവ്വഹിച്ചിരിക്കുന്നതു്.

സാമ്പത്തികാസൂത്രണത്തിലേയ്ക്കുള്ള ഗാന്ധിജിയുടെ സമീപനം ധാർമ്മികവും സാംസ്കാരികവുമായ ഒന്നാണു്. അതു ജനതയുടെ ഭൗതികവും,ധാർമ്മികവും, സാംസ്കാരികവുമായ ക്ഷേമത്തെ ഇണക്കി സംയോജിപ്പിക്കുവാനാണു് ഉദ്ദേശിക്കുന്നതു്. അതിൻെറ അടിസ്ഥാനതത്വങ്ങൾ നാലാണു്. 1) ലഘുജീവിതം, 2) അഹിംസ, 3) അദ്ധ്വാനത്തിൻെറ പരിശുദ്ധിയും മാഹാത്മ്യവും, 4) മാനുഷികമൂല്യങ്ങൾ.

ഇന്നത്തെ സമ്പദ്‌വ്യവസ്ഥയിൽ കാണുന്ന കേന്ദ്രീകരണവും, യന്ത്രവല്ക്കരണവും, ആവശ്യങ്ങളുടെ പെരുപ്പവും പണത്തിന്നുള്ള പരക്കംപാച്ചിലും, ജീവിതത്തെ സങ്കീർണ്ണവും സുഖവിഹീനവും വിശ്രമഹീനവും അതൃപ്തികരവുമാക്കിത്തീർക്കുന്നു. പുരോഗമനപരമായ സമ്പദ്‌വ്യവസ്ഥ ലഘുതരവും എന്നാൽ പൂർണ്ണവുമായ ജീവിതത്തിന്നു സഹായിക്കണം. ഗാന്ധിജിയുടെ ആദർശപ്രകാരം ജീവി

* S. N. Agarval: The Gandhian Plan

തം ലഘുവും, സംതൃപ്തവും സംസ്കാരസമന്വിതവുമായിരിക്കണം. അതിൽ കടുത്ത ദാരിദ്ര്യത്തിന്നോ അതിർകവിഞ്ഞ സ്വത്തിന്നോ സ്ഥാനമില്ല. മനുഷ്യയത്നത്തിൻെറ പരമോദ്ദേശം വ്യക്തിത്വവികസനമാണ്. വികേന്ദ്രീകൃതമായ ചെറുതരം വ്യവസായങ്ങളോടുകൂടിയ സ്വയംസമ്പൂർണ്ണഗ്രാമസമ്പദ്‌വ്യവസ്ഥയിലെ സ്വതന്ത്രമായ അന്തരീക്ഷത്തിലേ ഇതു സാദ്ധ്യമാവൂ.

ഗാന്ധിയൻ ധനശാസ്ത്രസംഹിതയുടെ രണ്ടാമത്തെ അടിസ്ഥാനം അഹിംസയാണ്. മുതലാളിത്തവ്യവസ്ഥയും വ്യവസായകേന്ദ്രീകരണവും ഹിംസയുടെ ശക്തിയില്ലാതെ നിലനില്ക്കുകയില്ല. മുതലാളിത്തത്തിൻെറ അടിസ്ഥാനംതന്നെ തൊഴിലാളിചൂഷണമാണ്. യന്ത്രവല്ക്കരണം തൊഴിലാളികളെ ജോലിയിൽനിന്നും പുറം തള്ളുകയും, ധനം സ്വല്പംപേരുടെ കീശയിലേയ്ക്കു് ചൊരിഞ്ഞു കൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ഹിംസകൊണ്ടു് സ്വരൂപിച്ച ധനം ഹിംസകൊണ്ടുതന്നെ സംരക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് മുതലാളിത്തവും വൻതോതിലുള്ള യന്ത്രവൽക്കരണവും വ്യവസായകേന്ദ്രീകരണവും ഉപേക്ഷിക്കണം. അതുപോലെതന്നെ കമ്യൂണിസവും ഫാസിസവും വർജ്ജ്യമാണ്. കാരണം അവ ഉദ്ദേശം സാധിക്കുവാൻ, പരിവർത്തനം വരുത്തുവാൻ, ഹിംസയെ ഉപയോഗപ്പെടുത്തുന്നു. സ്വത്തുടമകളിൽനിന്നു നിർബ്ബന്ധം പ്രയോഗിച്ചു് സ്വത്തു പിടിച്ചുടക്കരുതു്. അവരിൽ മാനസികപരിവർത്തനം വരുത്തി, പൊതുക്ഷേമത്തിന്നുള്ള സ്വത്തിൻെറ ട്രസ്റ്റിമാർ മാത്രമാണവർ എന്ന ബോധം ഉളവാക്കുകയാണു വേണ്ടതു്. ലക്ഷ്യം പോലെതന്നെ മാർഗ്ഗവും ശുദ്ധമായിരിക്കണം. കായികാദ്ധ്വാനം മൂലവും, കൈവേലക്കാരുടെ കായക്ലേശം കുറയ്ക്കുന്നതിന്നുമാത്രം ഉപയോഗിക്കപ്പെടുന്ന യന്ത്രം മൂലവും നടത്തപ്പെടുന്ന ചെറുകിട വ്യവസായങ്ങളുൾക്കൊള്ളുന്ന സ്വയംസമ്പൂർണ്ണഗ്രാമങ്ങളിൽ മാത്രമേ യഥാർത്ഥ പ്രജായത്തവ്യവസ്ഥയ്ക്കും വ്യക്തിത്വവികസനത്തിന്നും അനുയോജ്യമായ അഹിംസാത്മകമായ അന്തരീക്ഷം കണ്ടെത്തുവാൻ സാദ്ധ്യമാവൂ. പ്രയത്നത്തിൻെറ മാഹാത്മ്യത്തെ സംബ

ഡിച്ചേടത്തോളം പറയുകയാണെങ്കിൽ പ്രവൃത്തിക്ക ആരാധനയു ടെ പരിശുദ്ധിയുണ്ടെന്നാണു് ഗാന്ധിജിയുടെ അഭിപ്രായം. പ്രയ ത്നിക്കുകയെന്നതു പ്രകൃതിനിയമമാണു്. പ്രവൃത്തി എടുക്കാത്തവൻ തസ്കരൻെറ ജീവിതമാണു നയിക്കുന്നതു്. ആളുകൾ പ്രവൃത്തിയിൽ സന്തോഷവും അഭിമാനവും കൊള്ളണം. മടിയൻെറ മസ്തിഷ്കം ചെകുത്താൻെറ പ്രവൃത്തിശാലയാണു്. "നിസ്തുലമായ ജീവയന്ത്ര ങ്ങൾ ഉപയോഗപ്പെടുത്താതെ തുരുമ്പുപിടിക്കുവാൻ വിട്ടു്, പകരം നിർജ്ജീവങ്ങളായ യന്ത്രങ്ങളുപയോഗിച്ചു് നാം മുൻപറഞ്ഞവയെ നശിപ്പിക്കുകയാണു ചെയ്യുന്നതു്." പ്രവർത്തിക്കാൻ ജനങ്ങൾ കുറ വായേടത്തു യന്ത്രങ്ങളുടെ ഉപയോഗം ഗുണകരമായേക്കാം. എ ന്നാൽ വേണ്ടതിലധികം പ്രവൃത്തിക്കാരുള്ളേടത്തു അവയുടെ ഉപ യോഗം ദോഷകരമാണു്.

ഗാന്ധിയൻ ധനശാസ്ത്രത്തിൻെറ നാലാമത്തെ സിദ്ധാന്തം മാനുഷികമൂല്യങ്ങളുടെ മാനദണ്ഡം മാററുവാൻ ആവശ്യപ്പെടുന്നു. വ്യക്തിയുടേയോ, ജനസമുദായത്തിൻെറയോ ധാർമ്മികക്ഷേമത്തെ എതിർക്കുന്ന ധനശാസ്ത്രം സദാചാരവിരുദ്ധവും പാപകരവുമാണെ ന്നത്രേ ഗാന്ധിജിയുടെ അഭിപ്രായം. അങ്ങനെ ഒരു രാജ്യത്തെ കവർന്നുതിന്നാൻ മറെറാരു രാജ്യത്തെ അനുവദിക്കുന്ന ധനശാസ്ത്രം അധാർമ്മികമാണു്. ഇന്നത്തെ സാമുദായികവ്യവസ്ഥിതിയിൽ പ ണത്തിന്നും ഭൌതികസമ്പത്തിന്നും കണക്കിലധികം മൂല്യം കല്പിക്ക പ്പെടുന്നു. ധനമാണു് പ്രധാനമായി കരുതപ്പെടുന്നതു്, മനുഷ്യന ല്ല. പണം കുന്നുകൂട്ടി വെയ്ക്കുവാനുള്ള ചവിട്ടുകല്ലായിട്ടു് ആയിരക്ക ണക്കിൽ മനുഷ്യൻെറ ശവശരീരങ്ങളെ ഉപയോഗപ്പെടുത്തുന്നു. തൊഴിലാളികൾക്കു ചുരുങ്ങിയ കൂലി നല്കി കഷ്ടപ്പെടുത്തി നിർമ്മി ക്കുന്ന സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നതുതന്നെ പാപകര മാണു്. "ഒരു വ്യവസായത്തിൻെറ മൂല്യം നിർണ്ണയിക്കേണ്ടതു് ഉറ ങ്ങിക്കിടക്കുന്ന ഓഹരിക്കാർക്കു് അതു നൽകുന്ന ലാഭവീതം നോക്കീ ട്ടല്ല; അതിൽ പ്രവൃത്തിയെടുക്കുന്ന ജനങ്ങളുടെ ശരീരത്തിലും ആത്മാ വിലും അതുളവാക്കുന്ന ഫലങ്ങളെ നോക്കീട്ടാണു്." അതുകൊണ്ടു്

മനുഷ്യനാണു മുഖ്യം, പണമല്ല; മനുഷ്യനാണു ലക്ഷ്യം; പണം അതിലേയ്ക്കുള്ള മാർഗ്ഗം മാത്രമാണ്.

"അതുകൊണ്ടാണ് പരമപ്രധാനമായ പരിഗണന മനുഷ്യന്നായിരിക്കണം."—ജീവിതം പണത്തിലുംകവിഞ്ഞ ഒന്നാണ്. ഏവംവിധമുള്ള അടിസ്ഥാനാശയങ്ങളെ ആസ്പദപ്പെടുത്തിക്കൊണ്ടാണ് ഗാന്ധിയൻപ്ലാൻ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നതു്.

ഉദ്ദേശം:— ഗാന്ധിയൻപദ്ധതിയുടെ ഉദ്ദേശം 10 വഷത്തിന്നുള്ളിൽ ജനസാമാന്യത്തിന്റെ സാംസ്കാരികനിലയും സാമ്പത്തികസ്ഥിതിയും ഉയർത്തി ഒരടിസ്ഥാനജീവിതത്തോതു സാദ്ധ്യമാക്കുകയാണ്. ഇതിന്നു് അവശ്യസാധനങ്ങളും,ഏററവും ചുരുങ്ങിയ സുഖസൌകര്യങ്ങളും ലഭ്യമാകണം. ഇവ താഴെപ്പറയുന്നവയാണ്:

1. സന്തുലിതവും ആരോഗ്യജനകവുമായ ഭക്ഷണം.

2. ദോഷകരമായ കാലാവസ്ഥയിൽനിന്നുള്ള രക്ഷയ്ക്കാവശ്യമായ വസ്ത്രം. (ഒരാൾക്കു കൊല്ലത്തിൽ 20 വാര.)

3. ഒരാൾക്കു 100 ച. അടി എന്ന തോതിൽ പാർപ്പിടസൌകര്യം.

4. സൌജന്യവും നിർബന്ധിതവുമായ അടിസ്ഥാനവിദ്യാഭ്യാസം.

5. ആശുപത്രികളും, പ്രസവരക്ഷാകേന്ദ്രങ്ങളും മുഖാന്തിരമുള്ള വൈദ്യസഹായം.

6. എല്ലാവർക്കും ലഭ്യമാകുന്ന പൊതുജനോപകാരസർവ്വീസുകൾ. (പോസ്റ്റാഫീസ്, ബാങ്ക്, ഇൻഷ്വറൻസ് മുതലായവ.)

7. നാടോടിനൃത്തങ്ങൾ, നാടകങ്ങൾ, ഭജനം മുതലായവ മാർഗ്ഗേണയുള്ള വിനോദസൌകര്യങ്ങൾ.

ഇങ്ങനെയുള്ള അടിസ്ഥാനപരമായൊരു ജീവിതത്തോതു് കൈവരുവാൻ ഒരാളുടെ വാർഷികവരുമാനം ചുരുങ്ങിയതു് 72ക. എങ്കിലും ആയിരിക്കണമെന്നാണ് കണക്കാക്കപ്പെട്ടതു്. (പദ്ധതി ആസൂത്രണംചെയ്ത കാലത്തു് 18 ക. എന്നാണ് അംഗീകരിക്ക

പ്പെട്ടിട്ടുള്ളതു്.) അങ്ങനെ ജനതയിൽ 90 ശതമാനത്തിൻെറയും വരുമാനം നാലിരട്ടിയായി വർദ്ധിപ്പിക്കേണ്ടതാണു്.

ചെലവു്:— മേൽപറഞ്ഞ ഉദ്ദേശം സാധിതപ്രായമാക്കുന്നതിന്നു് താഴെക്കാണിച്ചിരിക്കുന്നവിധത്തിൽ 3,700 കോടി ഉറുപ്പിക ചെലവുചെയ്യേണ്ടതാണു്.

| | | | |
|---|---|---|---|
| കൃഷി | 1,215 | കോടി | രൂപ |
| ഗ്രാമവ്യവസായങ്ങൾ | 350 | ,, | ,, |
| അടിസ്ഥാനവ്യവസായങ്ങളും വൻകിടവ്യവസായങ്ങളും | 1,000 | ,, | ,, |
| വാഹനസൌകര്യം | 415 | ,, | ,, |
| പൊതുജനാരോഗ്യം | 305 | ,, | ,, |
| വിദ്യാഭ്യാസം | 395 | ,, | ,, |
| ഗവേഷണം | 20 | ,, | ,, |
| ആകെ | 3,700 | ,, | ,, |

90 ശതമാനം ജനങ്ങളും കൃഷിയേയും തൽസംബന്ധിയായ വ്യവസായങ്ങളെയും ആശ്രയിച്ചു ജീവിക്കുന്നതുകൊണ്ടും, അവർ ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടുകിടക്കുന്നതുകൊണ്ടും അവരുടെ ക്ഷേമത്തിന്നാണു് പദ്ധതിയിൽ പരമമായപ്രാധാന്യം കല്പിച്ചിരിക്കുന്നതു്. ഇന്നത്തെ ഭൂവുടമസമ്പ്രദായം അവസാനിപ്പിച്ചു് കൃഷിഭൂമിയെ ക്രമേണ ദേശസാൽക്കരിക്കേണ്ടതാണു്. സെമിന്ദാരിയും റയററ്വാരിയും നിൎത്തൽചെയ്തു മൌസവാരിസമ്പ്രദായം ഏൎപ്പെടുത്തണം. അതായതു ഭൂനികുതിയടയ്ക്കുന്നതു് ഓരോ ഗ്രാമത്തിലേയുംജനങ്ങളുടെ പൊതുവായ കൂട്ടുത്തരവാദിത്വത്തിന്മേലായിരിക്കണം. കൃഷിക്കാൎക്കു് ആവശ്യമായ നിലം ഗ്രാമപ്പഞ്ചായത്തു് വീതിച്ചുകൊടുക്കുകയും, ഉല്പന്നത്തിൻെറ നാലിലൊരുഭാഗമോ എട്ടിലൊരുഭാഗമോ വരുന്നവിധത്തിൽ പാട്ടം പിരിച്ചെടുക്കേണ്ടതുമാണു്. തുണ്ടുനിലങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കണം. തുണ്ടുനിലങ്ങൾകൊണ്ടുള്ള വിഷമത പരിഹരിക്കാൻ സഹകരണസംഘം

മുഖേന ഭൂമി സംയോജനം നടത്തുകയും, സഹകരണസംയുക്തകൃഷി സമ്പ്രദായം സ്വീകരിക്കുകയും വേണം. ഉല്പന്നവിക്രയവും സഹകരണസംഘം മുഖേന നടത്തണം. കർഷകരുടെ ഋണബാദ്ധ്യതയെ പരിശോധനചെയ്തു് അന്യായമായ കടങ്ങൾ വെട്ടിക്കുറയ്ക്കുവാൻ പ്രത്യേകം നീതിന്യായസമിതികളെ നിശ്ചയിക്കേണ്ടതാണു്. 10 കൊല്ലത്തിലധികം പഴക്കമുള്ള കടങ്ങളെല്ലാം അവയ്ക്കുള്ള പലിശ ക്രമമായി അടച്ചുവന്നിട്ടുണ്ടെങ്കിൽ, കാലഹരണംവന്നതായി പ്രഖ്യാപിക്കേണ്ടതാണു്: വെട്ടിക്കുറച്ച കടം ഇരുപതുവർഷ്ബോണ്ടുകൾ മുഖേന ഗവർമ്മേണ്ടു് കൊടുത്തുതീർക്കേണ്ടതും, വാർഷികഗഡുക്കളായി കൃഷിക്കാരിൽനിന്നു് വസൂലാക്കേണ്ടതുമാണു്. വായ്പസൗകര്യം ചെയ്തുകൊടുക്കേണ്ടതാണു്. അമിതമായ പലിശയ്ക്കു കടംകൊടുക്കുന്നതു നിരോധിക്കുകയും വേണം. കൃഷിപരിഷ്കരണത്തിന്നുള്ള നടപടികൾ അത്യാവശ്യമായെടുക്കണം. തരിശുനിലവും ചതുപ്പുനിലവും കൃഷിയോഗ്യമാക്കുക, മണ്ണരിച്ചുപോകൽ തടയുക, ജലസേചനസൗകര്യം വർദ്ധിപ്പിക്കുക, നല്ല കന്നുകാലികൾ, വിത്തു്, വളം, പണിയായുധങ്ങൾ എന്നിവ ഉപയോഗിക്കുക, കൃഷിപരീക്ഷണകേന്ദ്രങ്ങൾ ഏർപ്പെടുത്തുക, വായ്പസൗകര്യം വിപുലീകരിക്കുക എന്നീ കാര്യങ്ങളിലെല്ലാം ശ്രദ്ധപതിയണം. അങ്ങനെ കൃഷിയിൽനിന്നുള്ള വരുമാനം 10 കൊല്ലം കൊണ്ടു് ഇരട്ടിപ്പിക്കണം.

ഗ്രാമങ്ങളെ കഴിയുന്നേടത്തോളം സ്വയംസമ്പൂർണ്ണമാക്കേണ്ടതുകൊണ്ടു് കുടിൽവ്യവസായങ്ങൾമുഖേന ഉപഭോക്തൃപദാർത്ഥനിർമ്മാണം ത്വരിതപ്പെടുത്തണം. ഖാദിയാണു് കുടിൽവ്യവസായങ്ങളുടെയെല്ലാം റാണി. തൊഴിലില്ലാത്തവരെയെല്ലാം ചർക്കതിരിക്കുവാൻ പ്രേരിപ്പിക്കുകയാണെങ്കിൽ, വസ്ത്രത്തിൻെറകാര്യത്തിൽ സ്വയംപര്യാപ്തത കൈവരുന്നതാണു്. ഇതിന്നു് വലിയ ചെലവൊന്നും വേണ്ടതില്ല. അഭിവൃദ്ധിപ്പെടുത്താവുന്ന മററു ഗ്രാമവ്യവസായങ്ങൾ ഗവ്യവ്യവസായം, കടലാസ്സുനിർമ്മാണം, മരപ്പണി, എണ്ണയെടുക്കൽ, തോല്പണി, നെല്ലുകുത്തൽ, ശർക്കരനിർമ്മാ

ണം, സോപ്പുണ്ടാക്കൽ, തീപ്പെട്ടിനിർമ്മാണം മുതലായവയാണ്. കൃഷിക്ക് ഉപതൊഴിലായി നിലകൊള്ളുവാൻ സമർത്ഥമായ ഇത്തരം കുടിൽവ്യവസായങ്ങളെക്കൊണ്ടു മാത്രമേ ഗ്രാമീണരുടെ സാമ്പത്തികസ്ഥിതി ഭേദപ്പെടുത്തുവാൻ സാദ്ധ്യമാവൂ. ജനങ്ങളുടെ തൊഴിലില്ലായ്മ 50 % ലഘൂകരിക്കാനും ഇതുപകരിക്കും. ഇവ സഹകരണാധിഷ്ഠാനത്തിൽ നടത്തേണ്ടതാണ്. ഇവ ആരംഭിക്കുന്നതിനുവേണ്ടി ഓരോ ഗ്രാമത്തിലേയ്ക്കും സുമാർ 5,000 രൂപവീതം, 20 കൊല്ലംകൊണ്ടു തിരിച്ചടയ്ക്കാവുന്ന ദീർഘകാലകടമായി, പഞ്ചായത്തുമുഖേനയോ സഹകരണബാങ്ക് മുഖേനയോ ഗവർമ്മേണ്ടു് നല്കേണ്ടതാണ്. പ്രാഥമിക വിദ്യാലയങ്ങളിൽ കൈവേലയിൽ പരിശീലനം നൽകുകയും അവയ്ക്കാവശ്യമായ, സാങ്കേതികപരിശീലനവും സാങ്കേതികസഹായവും നൽകുകയും ചെയ്യണം. കുടിൽവ്യവസായികൾക്ക് അസംസ്കൃതസാധനങ്ങൾ എളുപ്പത്തിൽ ലഭിക്കുവാനും,ഉല്പന്നങ്ങൾ ലാഭകരമായി വില്ക്കുവാനും, സഹായിക്കുകയും വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കുകയും, വൻവ്യവസായങ്ങളുടെ കിടമത്സരത്തിൽനിന്നു് ഇവയെ സംരക്ഷിക്കുകയും, വേണ്ടിവന്നാൽ അത്തരം വ്യവസായങ്ങളിന്മേൽ നികുതിചുമത്തി ഇവയ്ക്കു സഹായധനം നൽകുകയും ചെയ്യേണ്ടതാണ്.

വൻവ്യവസായങ്ങളുടെ വികസനത്തിന്നാവശ്യമായ സംഖ്യ തിട്ടപ്പെടുത്തി പറയുക വയ്യ. എങ്കിലും വിദേശീയരുടെയും നാട്ടുകാരുടെയും ഉടമയിലുള്ള അടിസ്ഥാനവ്യവസായങ്ങളെ ദേശസാല്ക്കരിക്കുന്നതിന്നു് 500 കോടി രൂപ ചെലവാക്കേണ്ടിവരുമെന്നൂഹിക്കാം. ആവശ്യമായ മററടിസ്ഥാനവ്യവസായങ്ങളും വൻവ്യവസായങ്ങളും വളർത്തിക്കൊണ്ടുവരുവാനാണ് വേറെ 500 കോടി രൂപയുംകൂടി വകവെച്ചിരിക്കുന്നതു്. രാജ്യരക്ഷാപരമായ വ്യവസായങ്ങൾ, വിദ്യുൽച്ഛക്ത്യുല്പാദനം, ഖനനം, ലോഹവ്യവസായം , യന്ത്രോപകരണനിർമ്മാണം, രാസവ്യവസായങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും.

ദേശസാല്ക്കരിക്കുന്നതുവരെ രാജ്യരക്ഷാപ്രധാനമായ വ്യവ

35132

സായങ്ങളെയും മററടിസ്ഥാനവ്യവസായങ്ങളെയും കർശനമായി നിയന്ത്രിക്കേണ്ടതാണ്. പ്രത്യേകിച്ചും വില, ലാഭം, തൊഴിൽ സ്ഥിതി, കിടമത്സരം എന്നിവയുടെ കാൎയ്യത്തിൽ. ഗവൎമ്മേണ്ടിൻെറ കർശനമായ നിയന്ത്രണത്തിന്നും, ശിക്ഷണത്തിന്നും വിധേയമായിത്തന്നെ നില്ക്കുന്നുവെങ്കിൽ ഉപഭോക്തൃ പദാൎത്ഥവ്യവസായങ്ങളെ (വസ്ത്രം, എണ്ണ, പഞ്ചസാര കടലാസ്സുമുതലായവയെ) സ്വകാൎയ്യഉടമയിൽതന്നെ അനുവദിക്കാം. എന്നാൽ കുടിൽവ്യവസായങ്ങളുമായി മത്സരിക്കുവാൻ അനുവദിക്കരുതു്. ഗ്രാമങ്ങളിലെങ്ങും വ്യാപിച്ചുകിടക്കുന്ന കുടിൽവ്യവസായികളുടെ ഗുണത്തിന്നുവേണ്ടി നാട്ടിലെ വിഭവങ്ങളെ ഒരു സേവനാധിഷ്ഠാനത്തിൽ വിനിയോഗിക്കുക എന്നതായിരിക്കണം ഇവയുടെ കൎത്തവ്യം. അങ്ങനെ ഇവ കുടിൽവ്യവസായങ്ങൾക്കു് സഹായമെന്നനിലയിൽ വൎത്തിക്കണം. അല്ലാതെ അവയെ കീഴൊതുക്കുവാൻ ശ്രമിക്കരുതു്.

ഇനി വ്യാപാരത്തെപ്പററി പറയുകയാണെങ്കിൽ അതു ജനസാമാന്യത്തിൻെറ ഗുണത്തിന്നുവേണ്ടിയായിരിക്കണം നടത്തുന്നതു്. അല്ലാതെ കുറച്ചു മുതലാളികളുടെ സൗകൎയ്യത്തിനു് യോജിച്ച വിധത്തിലായിരിക്കരുതു്. നാട്ടിലുണ്ടാകുന്ന ഉപഭോക്തൃവിഭവങ്ങളെ വിതരണംചെയ്യുക എന്നതായിരിക്കണം ഇതിൻെറ ആവശ്യം. വാഹനസൗകൎയ്യം വൎദ്ധിപ്പിക്കുന്നതു് കുടിൽവ്യവസായികൾക്കു് ആവശ്യമായ അസംസ്കൃതസാധനങ്ങൾ നിഷ്പ്രയാസം ലഭിക്കുവാനും, മിച്ചമായ ഉല്പന്നങ്ങൾ അങ്ങിനെതന്നെ വിക്രയം ചെയ്യുവാനും സാധിപ്പിക്കാനായിരിക്കണം. വ്യാപാരം നടത്തുന്നതു സഹകരണസംഘങ്ങളായിരിക്കണം. വില, ലാഭം എന്നിവ കർശനമായി നിയന്ത്രിച്ചു് മാൎക്കററിൻെറ സ്ഥിതി നോക്കിയിട്ടു മാത്രമെ സ്വകാൎയ്യവ്യവസായികൾക്കു് വ്യാപാരത്തിനു് അനുവാദം നൽകാവൂ. (വ്യാപാരം കഴിയുന്നേടത്തോളം പണത്തിൻെറ ആവശ്യമില്ലാതെതന്നെ സാധനങ്ങൾക്കു പകരം സാധനമെന്ന നിലയിൽ നിൎവ്വഹിക്കുകയായിരിക്കും കൂടുതൽ ഉത്തമം.)

വിദേശവ്യാപാരത്തെയും നിയന്ത്രിക്കണം. രാജ്യത്തിനു്

35132

ഏറ്റവുമധികം സ്വയംപര്യാപ്തത കൈവരുത്തുക എന്നതായിരിക്കണം ഇതിന്റെ ലക്ഷ്യം.

പൊതുജനോപകാരസർവ്വീസുകളെ മൂന്നായി തരംതിരിച്ചിരിക്കുകയാണ്: ഗതാഗതസൗകര്യം, ആരോഗ്യം, വിദ്യാഭ്യാസം. റെയിൽവേ 25 ശതമാനംകണ്ടു ദീർഘിപ്പിക്കുക, ഗ്രാമാന്തരങ്ങളിൽ പുതുതായി 2 ലക്ഷം നാഴികയോളം റോഡുകൾ പണിയുക, ക്രമേണ വിദേശീയരുടെയും ഇന്ത്യക്കാരുടെയും അധീനത്തിലുള്ള കപ്പൽ വ്യവസായസ്ഥാപനങ്ങളെ ഗവമ്മെണ്ടുടമയിലാക്കുക, വ്യോമയാനസൌകര്യവും തപാൽകമ്പിസൌകര്യങ്ങളും വദ്ധിപ്പിക്കുക— എന്നിവയെല്ലാം പദ്ധതിയിൽ വിഭാവനംചെയ്തിരുന്നു. ആരോഗ്യരക്ഷാപരമായി ഓരോ ഗ്രാമത്തിലും കുടിൽഡിസ്പെൻസറികൾ തുറക്കുക, പതിനായിരം ജനങ്ങൾ നിവസിക്കുന്ന ഓരോ നഗരത്തിലും വേണ്ടത്ര സാമഗ്രികളോടുകൂടിയുള്ള ആശുപത്രികൾ ഏർപ്പെടുത്തുക, പകർച്ചവ്യാധികൾക്കു പ്രത്യേക ചികിത്സാലയങ്ങൾ ഏർപ്പെടുത്തുക, ശുചീകരണവും ശുദ്ധജലവിതരണവും പാർപ്പിടസൌകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുക—എന്നിവയെല്ലാമാണ് പ്രധാന പരിപാടികൾ. വിദ്യാഭ്യാസച്ചെലവ് അഞ്ചുഭാഗമായി തിരിച്ചിരിക്കയാണു ചെയ്തതു്: അടിസ്ഥാനവിദ്യാഭ്യാസം, സെക്കണ്ടറിവിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, സർവ്വകലാശാലാവിദ്യാഭ്യാസം, സാങ്കേതികപരിശീലനം.

ധനാഗമമാർഗ്ഗങ്ങൾ:—ഈ പദ്ധതി പ്രവൃത്തിയിൽ വരുത്തുവാൻ താഴെക്കാണിക്കുംവിധത്തിലാണു പണമുണ്ടാക്കേണ്ടതു്:

| | | | |
|---|---|---|---|
| ആഭ്യന്തരക്കടമെടുപ്പു് | 2,000 | കോടി | രൂപ |
| നോട്ടിറക്കൽ | 1,000 | ,, | ,, |
| നികുതി | 500 | ,, | ,, |
| ഗവമ്മേണ്ടുടമയിലുള്ള വ്യവസായങ്ങളിൽനിന്നും സർവ്വീസ്സുകളിൽനിന്നുമുള്ള വരുമാനം | 200 | ,, | ,, |
| ആകെ | 3,700 | ,, | ,, |

ഫലങ്ങൾ:—ഈ പദ്ധതിമൂലം ജനസാമാന്യത്തിൻെറ സ്ഥിതി ഗണ്യമായി അഭിവൃദ്ധിപ്പെടുന്നതാണ്. നൂതനസമ്പദ്‌വ്യവസ്ഥയിൽ ജനദ്രോഹികളായ ജന്മികളോ, മുതലാളികളോ, പണമിടപാടുകാരോ, ഉണ്ടായിരിക്കുകയില്ല. ഈ വർഗ്ഗക്കാർ കുറച്ചൊക്കെ ഉണ്ടായാൽതന്നെ അവക്ക് ജനങ്ങളെ ദ്രോഹിക്കുവാൻ അവസരമോ സൌകര്യമോ ഉണ്ടായിരിക്കയില്ല. കുടിൽവ്യവസായങ്ങൾ നാടെങ്ങും വളൎന്നുവരുന്നതോടുകൂടി തൊഴിലില്ലായ്മ തിരോധാനം ചെയ്യും. സ്വയംസമ്പൂൎണ്ണഗ്രാമങ്ങളിലെ ഉല്പാദനവും ഉപഭോഗവും പ്രാദേശികമാകകൊണ്ടു്, വിതരണപ്രശ്നം വളരെയധികം ലഘൂകരിക്കപ്പെട്ടും. വ്യാപാരികളുടേയും, മദ്ധ്യവൎത്തികളുടേയുംവക ചൂഷണം ഇല്ലാതായിത്തീരും. ഏവംവിധം ലഘുജീവിതത്തേയും ഉന്നതചിന്തയേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടു്, ശാന്തിയുടേയും സമ്പൽസമൃദ്ധിയുടേയും ഒരു നൂതനയുഗം സൃഷ്ടിക്കപ്പെടുകയും, അതു ലോകത്തിലെ ഇതരജനസമുദായങ്ങൾക്കു് ഒരു മാതൃകയായി ഭവിക്കുകയും ചെയ്യും.

വിശേഷതകളും വിടവുകളും:—പദ്ധതി ശാലീനവും യാഥാൎത്ഥ്യബോധസമന്വിതവുമാണ്. ധനികപ്രമാണികളുടെ വമ്പിച്ച വ്യവസായശാലകളും മണിഹൎമ്മ്യങ്ങളും ഇടതിങ്ങിനില്ക്കുന്ന ഏതാനും നഗരങ്ങളല്ലാ യഥാൎത്ഥ ഭാരതം, അതു ചെററക്കുടിലുകളിൽ ജീവിതം തള്ളിക്കൊണ്ടുപോകുന്ന ദരിദ്രനാരായണന്മാരുടെ ഗ്രാമീണഭാരതമാണ് എന്ന അടിസ്ഥാനവസ്തുതയിന്മേലാണു പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നതു്. അതിനാൽ ഭാരതത്തിൻെറ പുനരുദ്ധാരണപദ്ധതി യഥാൎത്ഥത്തിൽ ഗ്രാമത്തിൻെറ ക്ഷേമത്തെയാണു ലക്ഷ്യമാക്കേണ്ടതു്. അങ്ങനെയാണു കൃഷിവികസനത്തിന്നും, കുടിൽവ്യവസായപോഷണത്തിന്നും പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. നഗരങ്ങളിലെ വ്യവസായകേന്ദ്രീകരണം പല ദോഷഫലങ്ങളുമുളവാക്കുന്നതുകൊണ്ടു്, റഷ്യയിലും ചൈനയിലും വിജയകരമായി ചെയ്തിരിക്കുന്നതുപോലെ, വ്യവസായങ്ങ

ളെ വികേന്ദ്രീകരിച്ചു ഗ്രാമങ്ങളിലേയ്ക്കു വ്യാപരിപ്പിക്കേണ്ടതിൻെറ ആവശ്യത്തിലേയ്ക്കു പദ്ധതി ശ്രദ്ധയാകർഷിക്കുന്നു. പണത്തിനേക്കാൾ മനുഷ്യനു കൂടുതൽ പ്രാധാന്യം കല്പിക്കുന്നുവെന്നതാണു് പദ്ധതിയുടെ പൊതുവെയുള്ളൊരു മെച്ചം. പണം മനുഷ്യൻെറ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ മാത്രമുള്ളതാണു്. എല്ലാ പരിശ്രമങ്ങളുടേയും പരമമായ ലക്ഷ്യം മനുഷ്യനാണു്. ശാലീനജീവിതവും ഉന്നതചിന്തയും തീർച്ചയായും ആകർഷകമായൊരാദർശമാണു്.

എന്നാൽ ഗ്രാമസ്വയംസമ്പൂർണ്ണതയും, സാധനങ്ങൾക്കു പകരം സാധനമെന്ന നിലയിലുള്ള വിനിമയവും ഇന്നത്തെ പരിതസ്ഥിതിയിൽ അത്ര പ്രായോഗികമല്ല. ഇന്നത്തെ ഗ്രാമീണനു് പല ആവശ്യങ്ങൾക്കും മററു പ്രദേശങ്ങളെ ആശ്രയിക്കാതെ ജീവിക്കുക സാദ്ധ്യമല്ല. സാമാനങ്ങൾ പരസ്പരം വിനിമയംചെയ്യുന്ന സമ്പ്രദായം സോവ്യററുറഷ്യ വിപ്ലവാനന്തരഘട്ടത്തിൽ പരീക്ഷിച്ചു പരാജയപ്പെട്ടുകണ്ടതാണു്. നിലവിലുള്ള ധനവിതരണത്തിലുള്ള അസമത്വത്തെ എങ്ങിനെ ഇല്ലായ്മചെയ്യാം എന്നതിനെപ്പററി ഈ പദ്ധതിയിൽ പ്രായോഗിക നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടില്ല. പണക്കാർ തങ്ങളുടെ സ്വത്തു സമുദായത്തിൻെറ ഒരു 'ട്രസ്റ്റ്'' എന്ന നിലയിൽ കരുതി വിനിയോഗിക്കത്തക്കവണ്ണം അവരിൽ മാനസാന്തരം വരുത്തണമെന്ന ആദർശം മഹനീയമാണെങ്കിലും, അതിൻെറ പ്രായോഗികവശം സംശയഗ്രസ്തമാണു്. ധനകാര്യവശത്തിൽ, 1,000 കോടി രൂപയുടെ നോട്ടിറക്കുന്നതു് അയഥാർത്ഥമായ പണപ്പെരുപ്പത്തിനും വിലക്കയററത്തിനും കാരണമാവുകയും, സ്ഥിരം വരുമാനക്കാർക്കു് സാമ്പത്തികവിഷമതകൾ വരുത്തിവെയ്ക്കുകയും ചെയ്യും. വിദേശങ്ങളിൽനിന്നുള്ള കടമെടുപ്പു സാദ്ധ്യതയെപ്പററിയും പദ്ധതികർത്താവു ചിന്തിക്കേണ്ടതായിരുന്നു. ഇന്ത്യയ്ക്കു ലഭിക്കുവാനുള്ള പവൻമിച്ചത്തെ ധനാഗമമാർഗ്ഗത്തിൽ പെടുത്തേണ്ടതായിരുന്നു.

## ദേശീയാസൂത്രണക്കമ്മിററി റിപ്പോർട്ട്

രണ്ടാംലോകമഹായുദ്ധത്തിന്നുമുമ്പ് (1938-ൽ) നിയമിതമായ ദേശീയാസൂത്രണക്കമ്മിററിയുടെ റിപ്പോർട്ട് യുദ്ധാനന്തരകാലത്താണു പുറത്തുവന്നതു്. കമ്മിററി ആസൂത്രണത്തിൻെറ ഉദ്ദേശത്തെ സംബന്ധിച്ചേടത്തോളം 1930-ലെ കറാച്ചി കോൺഗ്രസ്സ് പ്രമേയമാണ് ആധാരമാക്കിയെടുത്തതു്. കമ്മിററി പ്രസ്താവിച്ചതു സാമ്പത്തികാസൂത്രണത്തിൻെറ പ്രധാനോദ്ദേശം ദേശീയ സ്വയംപര്യാപ്തത നേടുകയാണെന്നത്രെ. ആസൂത്രണം സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ജീവിതത്തോതുയത്തുന്നതിന്നും സഹായകമാവണമെന്നു മാത്രമല്ല, അതു സാംസ്കാരികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങളും ജീവിതത്തിൻെറ മാനുഷികവശവുംകൂടി ഉൾക്കൊള്ളുകയും വേണം. ജീവിതത്തോതുയത്തുവാൻ വേണ്ടി ഭക്ഷണത്തിൻെറ പോഷകമൂല്യം വർദ്ധിപ്പിക്കുക (2,400 മുതൽ 2,800 കലോറിവരെ), തുണിറേഷൻ 15 വാരയിൽനിന്നു 30 വാരയാക്കുക, പാർപ്പിടസൌകര്യം ആളൊന്നുക്ക് 100 ച. അടി വീതം ലഭ്യമാക്കുക, എന്നീ പരിപാടികൾ സ്വീകരിക്കണം. ഇതിന്നുവേണ്ടി കാർഷികവും വ്യാവസായികവുമായ ഉല്പാദനം വർദ്ധിപ്പിക്കുകയും, വ്യക്തിവരുമാനം വർദ്ധിപ്പിക്കുകയും, തൊഴിലില്ലായ്മ ലഘൂകരിക്കുകയും, നിരക്ഷരത്വം തുടച്ചുനീക്കുകയും, വൈദ്യസഹായം വിപുലീകരിക്കുകയും പൊതുജനോപകാരസർവ്വീസുകൾ അഭിവൃദ്ധിപ്പെടുത്തുകയും വേണം.

കൃഷിഭൂമിയും, ഖനികളും, വനങ്ങളും ജനങ്ങളുടെ പൊതുസ്വത്തായിരിക്കണം. സെമിന്ദാരിസമ്പ്രദായം പ്രതിഫലംനൽകി അവസാനിപ്പിക്കേണ്ടതാണ്. കൃഷി, സഹകരണസംഘങ്ങൾ മുഖേന നടത്തണം. റഷ്യയിലെപ്പോലുള്ള കൂട്ടുകൃഷിയിടങ്ങളും, ഗവർമ്മേണ്ടു കൃഷിയിടങ്ങളും ഏർപ്പെടുത്തണം. പൊതുതാല്പര്യങ്ങൾക്കു ഹാനികരമല്ലാത്തവിധത്തിൽ വ്യക്തിപരമായ കൃഷിയും അനുവദിക്കണം. മണ്ണരിക്കൽ തടയുകയും, ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും, വെള്ളപ്പൊക്കം നിയന്ത്രിക്കുകയും ചെയ്യണം. ഓരോ

ഭൂവികസനബോർഡ് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഏൎപ്പെടുത്തേണ്ടതാണ്. കർഷകൎക്കു ദീർഘകാലകടംവായ്പയ്ക്കു എല്ലായിടങ്ങളിലും ഭൂപണയബാങ്കോ, ഗവമ്മേണ്ടു സഹായത്തോടുകൂടി പ്രവൎത്തിക്കുന്ന ഗ്രാമീണബാങ്കുകളോ ഉണ്ടായിരിക്കണം. ഹ്രസ്വകാലകടംവായ്പയ്ക്കു വിളയുടെയോ സാധനങ്ങളുടെയോ ഉറപ്പിന്മേൽ വായ്പനൽകുന്ന സഹകരണസംഘങ്ങളോ, അതുപോലെ ഗവമ്മേണ്ടുനിയന്ത്രണത്തിലുള്ള മററു സംഘടനകളോ ഉണ്ടായിരിക്കണം. കന്നുകാലികളുടെ എണ്ണം ചുരുക്കി ഗുണം വർദ്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

വ്യവസായങ്ങളെ സംബന്ധിച്ചേടത്തോളം രാജ്യരക്ഷാപരമായ വ്യവസായങ്ങളും അടിസ്ഥാനവ്യവസായങ്ങളും ഗവമ്മേണ്ടുടമയിലായിരിക്കണം. സ്വകാൎയ്യവ്യവസായസ്ഥാപനങ്ങളിൽ ഡയരക്ടറന്മാരെയൊ പ്രതിനിധികളേയോ ഗവമ്മേണ്ടു നിയമിച്ചു് ദേശീയാസൂത്രണത്തിന്നിണങ്ങിയവിധം അവയുടെ പ്രവൎത്തനത്തെ നിയന്ത്രിക്കേണ്ടതാണ്. ഇവയുടെ നടത്തിപ്പിന്നു് സ്വയാധികാരമുള്ള സമിതികളെ (Public Tursts) ഏൎപ്പെടുത്താം. വൻവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും പരസ്പരമത്സരത്തിന്നിടവരാത്തവിധംഇണക്കി വളൎത്തിക്കൊണ്ടു വരണം. വ്യവസായമന്ത്രിമാരുടെ സമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു് അന്നത്തെ കോൺഗ്രസ്സ്പ്രസിഡണ്ടു് ശ്രീ. സുബാഷ്ചന്ദ്രബോസ് ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഇന്ത്യയിൽ ഇന്നു നിലവിലുള്ള സമ്പദ്‌വ്യവസ്ഥയുടെ പ്രത്യേകത നോക്കുമ്പോഴും, നമ്മുടെ ജനങ്ങളുടെ പരിമിതമായ സാമ്പത്തികകഴിവുകൾ നോക്കുമ്പോഴും വൻതോതിലുള്ള നഗരവ്യവസായങ്ങളോടൊപ്പം ഗ്രാമീണകുടിൽവ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുവാൻ നാം നമ്മുടെ സൎവ്വകഴിവുകളും ഉപയോഗപ്പെടുത്തേണ്ടതാണ്." കമ്മിററിചെയർമാൻപണ്ഡിററ്നെഹ്രു സബ്ബ്കമ്മിററിക്കുള്ള തൻെറ മാൎഗ്ഗനിർദ്ദേശത്തിൽ ഈ അഭിപ്രായത്തെ സ്ഥരീകരിച്ചു. ഗ്രാമാന്തരങ്ങളിലെ കോടിക്കണക്കിലുള്ള സാമാന്യജനതയുടെ സാമ്പത്തികനിലയുയൎത്തുവാൻ വളരെയധികം

കഴിവുള്ളവയാണ് കുടിൽവ്യവസായങ്ങൾ എന്ന് കുടിൽവ്യവസായസബ്ബ്കമ്മിററി അതിന്റെ റിപ്പോർട്ടിൽ വിവരിച്ചുകാണിച്ചിട്ടുണ്ട്. സാങ്കേതികപരിശീലനത്തിന്നും ശാസ്ത്രീയഗവേഷണത്തിന്നും ഏറ്പ്പാട്ടുണ്ടായിരിക്കേണ്ടതാണ്.

ബാങ്കുകളും ഇൻഷ്വറൻസ് സ്ഥാപനങ്ങളും ഗവമ്മേണ്ടിന്റെ കർശനമായ നിയന്ത്രണത്തിൻകീഴിലായിരിക്കണം. റിസർവ്വ്ബാങ്ക് ദേശസാൽക്കരിക്കുകയും വേണം. (അതിപ്പോൾ ചെയ്തുകഴിഞ്ഞിരിക്കുന്നു.) ഇറക്കുമതിയും കയററുമതിയും നിയന്ത്രിച്ച് വിദേശവ്യാപാരത്തെ ദേശീയതാല്പര്യങ്ങൾക്കനുഗുണമായവിധം നിയന്ത്രിക്കണം. വ്യവസായങ്ങളിൽ വിദേശീയമൂലധനമിറക്കുന്നതു്, തീരെ ഒഴിച്ചുകൂടെന്നുവരുന്നപക്ഷം, അനുവദിക്കാവുന്നതാണ്. എന്നാൽ അതു ഗവമ്മേണ്ടിന്റെ ഫലപ്രദമായ നിയന്ത്രണത്തിന്ന് വിധേയമായും ദേശീയതാല്പര്യങ്ങൾക്ക് ഹാനികരമല്ലാത്തവിധത്തിലും ആയിരിക്കണം.

ധനകാര്യഭാഗത്തെപ്പററിയുള്ള സബ്ബ്കമ്മററിറിപ്പോർട്ടിൽ ഗവമ്മേണ്ടു് ചെലവു പലവിധത്തിലും ചുരുക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. സാമ്പത്തികപദ്ധതികൾ നടപ്പിൽവരുത്തുവാൻ ഗവമ്മെണ്ടുകളുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ടു്. ഇതിന്നു് സക്കാർവകയായുള്ള പൊതുനിലങ്ങളിൽനിന്നും,വനങ്ങളിൽനിന്നും,ഖനികളിൽനിന്നും, പൊതുസംരംഭങ്ങളിൽനിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ടു്. പൊതുജനോപകാരവിഷയകമായ എല്ലാ സർവ്വീസുകളും ഗവമ്മേണ്ടുതന്നെ നടത്തി അവയിലുള്ള മിച്ചം റവന്യൂവരുമാനത്തോടു ചേർക്കേണ്ടതാണ്. കഴിയുന്നേടത്തോളം ദേശപോഷണസംബന്ധവും ധനോല്പാദനപരവുമായ പ്രവൃത്തനങ്ങളെ സംസ്ഥാനങ്ങൾക്ക് നീക്കിവെച്ചുകൊടുക്കേണ്ടതും, ആവശ്യമായ നികുതിവരുമാനം അവയ്ക്കു് തിരിച്ചുകൊടുക്കേണ്ടതുമാണ്. ആദായനികുതി, അമിതാദായനികുതി, പിന്തുടർച്ചനികുതി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാനങ്ങൾക്ക് വകതിരിച്ചുകൊടുക്കണം.

ഏവംവിധമാണ് ദേശീയാസൂത്രണക്കമ്മിററിയുടെ പ്രധാന ശുപാർശികൾ. കമ്മിററിയുടെ റിപ്പോർട്ടുകൾ പുറത്തുവന്നപ്പോഴേയ്ക്കും സ്വാതന്ത്ര്യം സംപ്രാപ്തമാവുകയും, സംസ്ഥാനങ്ങൾ പല മാർഗ്ഗങ്ങളിലും മുന്നോട്ടുപോവുകയും ചെയ്തുകഴിഞ്ഞിരുന്നു. എന്നുമാത്രമല്ല, കമ്മിററി വിവിധകാര്യങ്ങളിലും ഉപയോഗപ്രദമായ പല നിർദ്ദേശങ്ങളും നൽകിയതല്ലാതെ, സമഗ്രവും അടിസ്ഥാനപരവുമായ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. എങ്കിലും അവരുടെ ശുപാർശികൾ ആസൂത്രണത്തിൽ ജനങ്ങൾക്ക് കൂടുതൽ താല്പര്യം ജനിപ്പിക്കുവാൻ പര്യാപ്തമായിട്ടുണ്ട്. സാമ്പത്തികാസൂത്രണത്തിന്നുപയോഗപ്രദമായ ധാരാളം വിവരങ്ങൾ അതിലടങ്ങീട്ടുമുണ്ട്.

## ഇന്ത്യാഗവമ്മേണ്ടിൻെറ പ്ലാൻ

സർ ആർ. ദേശ്ദലാലിൻെറ മേധാവിത്വത്തിലുള്ള പ്ലാനിങ്വകുപ്പു തയ്യാറാക്കിയതാണ് ഈ പ്ലാൻ. ഇതിൽ ഒരു ഹ്രസ്വകാലപദ്ധതിയും ഒരു ദീർഘകാലപദ്ധതിയും ഉൾക്കൊള്ളിച്ചിരുന്നു. ഹ്രസ്വകാലപദ്ധതി 1947–'48-മുതല്ക്ക് 5 വർഷംകൊണ്ടു നടപ്പിൽവരേണ്ടതായിരുന്നു. അതിൻെറ ഉദ്ദേശങ്ങൾ താഴെച്ചേർക്കുന്നവയായിരുന്നു:

1) യുദ്ധാവശ്യവ്യവസായങ്ങളിൽനിന്നും പട്ടാളപ്രവൃത്തികളിൽനിന്നും പിരിച്ചുവിട്ട തൊഴിലാളികൾക്കും പട്ടാളക്കാക്കും വീണ്ടും തൊഴിലേർപ്പെടുത്തിക്കൊടുക്കുക.

2) മിച്ചമായിക്കിടക്കുന്ന യുദ്ധാവശ്യസാധനങ്ങളും ഉപകരണങ്ങളും എടുപ്പുകളും മററും ക്രമപ്രകാരം വിററഴിക്കുക.

3) വ്യവസായങ്ങളെ യുദ്ധാടിസ്ഥാനത്തിൽനിന്നും സാധാരണാടിസ്ഥാനത്തിലേയ്ക്കു മാററുക.

4) നിയന്ത്രണങ്ങൾ നീക്കുകയോ, മാറിയ പരിതസ്ഥിതിക്കനുയോജ്യമായവിധം നിലനിത്തുകയോ ചെയ്യുക.

ദീർഘകാലപദ്ധതിയുടെ ഉദ്ദേശ്യങ്ങൾ താഴെച്ചേൎക്കുംപ്രകാരമായിരുന്നു:

1) വ്യവസായാഭിവൃദ്ധിക്കും, കുറച്ചൊക്കെ കാർഷികാഭിവൃദ്ധിക്കും, ജലസേചനത്തിന്നും, ഗ്രാമവ്യവസായങ്ങൾക്കും അടിസ്ഥാനമെന്ന നിലയിൽ വിദ്യുച്ഛക്ത്യുല്പാദനം വദ്ധിപ്പിക്കുക.

2) വൻവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും നിലനിൎത്താനും വികസിപ്പിക്കാനും പൎയ്യാപ്തമായ നിലയിലും, ഭൂരിപക്ഷം ജനങ്ങൾക്കും ഉപഭോക്തൃപദാർത്ഥങ്ങൾക്കും ഉല്പാദകപദാർത്ഥങ്ങൾക്കുമുള്ള ആവശ്യം നിൎവ്വഹിക്കുമാറും വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുക.

3) സമഗ്രമായതോതിൽ റോഡ്ഗതാഗതസൌകൎയ്യവും വാഹനസൌകൎയ്യങ്ങളും, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ വർദ്ധിപ്പിക്കുക.

4) കൃഷി പരിഷ്കരിക്കുകയും, അതോടൊപ്പം ജലസേചനവിപുലീകരണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണരിച്ചുപോകൽ തടയൽ മുതലായ കാൎയ്യങ്ങളിൽ ഉചിതമായ നടപടികളെടുക്കുകയും ചെയ്യുക.

ജനസാമാന്യത്തിൻെറ ക്ഷേമത്തിന്നത്യാവശ്യമെന്ന നിലയിൽ നവീകൃതവിദ്യാഭ്യാസത്തിൻെറ അസ്ഥിവാരം പണിയുവാനും പാൎപ്പിടസൌകൎയ്യം വർദ്ധിപ്പിക്കുവാനും, പൊതുജനാരോഗ്യം പരിപോഷിപ്പിക്കുവാനുമുള്ള നടപടികൾ എടുക്കുവാനും നിർദ്ദേശിച്ചിട്ടുണ്ടു്. കാർഷികവ്യാവസായികാഭിവൃദ്ധി കൈവരുത്തുവാനും ഈ നടപടികൾ അത്യാവശ്യമാണു്. ഇതിൽ ഏററവും പ്രധാനമായിട്ടുള്ളതു് സാങ്കേതികവിദ്യാഭ്യാസമാണു്.

ഉല്പാദനധനം ന്യായമായവിധത്തിൽ വിതരണംചെയ്യാനുള്ള നടപടികളും സ്വീകരിക്കുമെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ദരിദ്രവൎഗ്ഗക്കാൎക്കു് വിദ്യാഭ്യാസം, വൈദ്യസഹായം, ശുദ്ധജലവിതരണം, വിദ്യുച്ഛക്തിവിതരണം മുതലായ സൎവ്വീസുകൾ സൌജന്യമായൊ

ചുരുങ്ങിയ ചാർജ്ജിന്മേലോ പ്രദാനം ചെയ്യുന്നതായിരിക്കും. തൊഴിലാളികൾക്ക് ന്യായമായ വേതനവും, രോഗബത്ത, പ്രസവബത്ത, ശമ്പളത്തോടുകൂടിയുള്ള ഒഴിവുദിനങ്ങൾ മുതലായ സൌകര്യങ്ങളും ലബ്ധമാവും. പിന്നണിവർഗ്ഗക്കാർക്കും അധഃകൃതവർഗ്ഗക്കാർക്കും കൂടുതൽ ഗുണം ലഭിക്കത്തക്കവിധത്തിലായിരിക്കും ജനോപകാരസർവ്വീസുകൾ നടത്തുക. ഗവമ്മേണ്ടുനടപടികളുടെ വിജയം തൊഴിലാളികളുടെ പ്രാപ്തിയേയും, ആരോഗ്യത്തേയും, സംതൃപ്തിയേയും ആശ്രയിച്ചാണിരിക്കുന്നതു്.

ധനകാര്യവശം:—ആദ്യത്തെ 5 വഷം 1,000 കോടി രൂപാ ചെലവാക്കുവാൻ സാധിക്കുമെന്നായിരുന്നു പ്രതീക്ഷ, ഇതിൽ പകുതിയോളം റവന്യൂമിച്ചത്തിൽനിന്നും, ശേഷം പകുതി കടമെടുപ്പുകൊണ്ടും നേടണം. സ്വകാര്യവ്യവസായങ്ങളിൽ ഇതുപോലെ 1,000 കോടി രൂപായുടെ നിക്ഷേപം ഉണ്ടാവുമെന്നാണു് പ്രതീക്ഷിക്കപ്പെട്ടിരുന്നതു്. വിദ്യുച്ഛക്ത്യുല്പാദനം, ജലസേചനപദ്ധതികൾ, റോഡു് എന്നിവ കടമെടുപ്പുമൂലവും, സാമൂഹ്യസേവനപരിപാടികൾ റവന്യൂവരുമാനംകൊണ്ടും നിർവ്വഹിക്കേണ്ടതാണു്. വ്യവസായവികസനത്തിന്നു് സ്വകാര്യമൂലധനം ഉപയോഗപ്പെടുത്തേണ്ടതാണു്.

കൃഷി:—വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ആവശ്യം നിർവ്വഹിക്കുമാറാകുന്നതിന്നു് തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കണം. അതിന്നു പുതിയ ജലസേചനപദ്ധതികൾ ആരംഭിക്കുന്നതും 'വരൾച്ചകൃഷി' സമ്പ്രദായം നടപ്പിൽവരുത്തുന്നതുമായിരിക്കും. ചതുപ്പുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന്നു് ജലനിർഗ്ഗമനമാർഗ്ഗങ്ങളും ഏർപ്പെടുത്തും. കുന്നിൻപ്രദേശങ്ങളിൽ തിണ്ടുകളേർപ്പെടുത്തി മണ്ണരിക്കൽ തടയുകയും ചെയ്യും. ഈ നടപടികൾമൂലം ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ചാൽ ഒരാൾക്കു് ഒരു റാത്തലിലധികം ഭക്ഷ്യധാന്യങ്ങൾ ഒരു ദിവസത്തേയ്ക്കു് ലഭിക്കുന്നതായിരിക്കും. ഭക്ഷ്യോല്പാദനവർദ്ധന താഴെക്കാണിക്കുന്നവിധത്തിൽ സാധിക്കുവാനാണു് ഉദ്ദേശിച്ചിരുന്നതു്:

| | |
|---|---|
| ഭക്ഷ്യധാന്യങ്ങൾ | 10 % |
| പച്ചക്കറികൾ | 100 % |
| പയറുകൾ | 20 % |
| കൊഴുപ്പും എണ്ണയും | 25 % |
| പഴങ്ങൾ | 50 % |
| പാൽ | 300 % |
| മത്സ്യവും മുട്ടയും | 300 % |

കാർഷികോല്പാദനം പോഷിപ്പിക്കുന്നതിന്നുവേണ്ടി ഭൂനികുതി ഉല്പന്നവിലയനുസരിച്ചു് നിജപ്പെടുത്തുന്നതും, ഒരു ഭാഗം ധാന്യമായി അടയ്ക്കുവാൻ അനുവദിക്കുന്നതുമാണു്. കാർഷികോല്പന്നങ്ങൾക്കു് ന്യായമായ വിലയും നിശ്ചയിക്കും. വ്യവസായങ്ങൾക്കു വേണ്ടത്ര അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമാകുമാറു് വിളവുകളുടെ ആസൂത്രണം ആവശ്യമാണു്. പരിഷ്കരിച്ച വിത്തുകളുടെ ഉപയോഗം, തുണ്ടുനിലങ്ങളുടെ സംയോജനം, ഭൂമിവിഭജനനിരോധം എന്നീകാര്യങ്ങളിൽ ഗവമ്മേണ്ടു് നിർബന്ധം ചെലുത്തുന്നതായിരിക്കും.

വ്യവസായങ്ങൾ:—പദ്ധതിയിൽ വിവക്ഷിച്ചിട്ടുള്ള സാമൂഹ്യസൗകര്യങ്ങൾ പ്രദാനംചെയ്യാൻ വ്യവസായങ്ങളുടെ ഊർജ്ജിതമായ വികസനം അത്യന്താപേക്ഷിതമാണു്. ദേശീയാവശ്യങ്ങൾക്കുവേണ്ടുന്ന ഉല്പാദനോപകരണവ്യവസായങ്ങൾക്കാണു് മുൻഗണന നൽകുക. ഉദാഹരണം: ഇരിമ്പുരുക്കുവ്യവസായം, എഞ്ചിനീയറിങ്ങ്‌വ്യവസായം, ഘനരാസപദാർത്ഥവ്യവസായം, യന്ത്രോപകരണങ്ങൾ, ശാസ്ത്രീയവളനിർമ്മാണം. ജനങ്ങളുടെ വർദ്ധിച്ച വരുമാനം ഉപയോഗപ്പെടുത്തുവാൻ സാധിക്കുമാറു് ഉപഭോക്തൃപദാർത്ഥവ്യവസായങ്ങളും വികസിപ്പിക്കുന്നതായിരിക്കും. കുടിൽവ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും ഇത്തരത്തിൽപ്പെടുന്നവയാണു്. ആയുധനിർമ്മാണവ്യവസായം മുതലായ ആവശ്യവ്യവസായങ്ങൾ ഗവമ്മേണ്ടുതന്നെ നടത്തുന്നതായിരിക്കും. സ്വകാര്യവ്യവസായങ്ങളുടെ നിയന്ത്രണത്തിന്നു ഗവമ്മേണ്ടുഡയറക്റ്റർ

മാരെ നോമിനേററുചെയ്യുക, ലൈസൻസ് ഏർപ്പെടുത്തുക, ഡിവിഡൻററിന്നു് പരിമിതി നിശ്ചയിക്കുക മുതലായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ശാസ്ത്രീയവ്യാവസായിക ഗവേഷണങ്ങൾക്കും സാങ്കേതികപരിശീലനത്തിന്നും ഏർപ്പാടുചെയ്യുന്നതായിരിക്കും.

ഗതാഗതം:— എല്ലാവിധ ഗതാഗതമാർഗ്ഗങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിൽ ശ്രദ്ധവെയ്ക്കുന്നതാണ്. അവികസിതപ്രദേശങ്ങളിൽ 5,000 നാഴിക പുതിയ റെയിൽവേലൈനിടൽ, റെയിൽവേ പുനരുദ്ധാരണം, നവീകരണം മുതലായവയ്ക്കു് ഏഴുകൊല്ലംകൊണ്ടു് 319 കോടി രൂപാ ചെലവുചെയ്യാനാണു നിശ്ചയം. അങ്ങിനെതന്നെ 350 കോടി രൂപാ ചെലവുചെയ്തു് 4 ലക്ഷം മൈൽ ദീർഘത്തിൽ പുതിയ റോഡുകളും വെട്ടുന്നതായിരിക്കും. ഇപ്രകാരം തന്നെ ജലമാർഗ്ഗങ്ങളും വ്യോമമാർഗ്ഗങ്ങളും വികസിപ്പിക്കുന്നതായിരിക്കും.

പ്രാഥമികവിദ്യാഭ്യാസം 14 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും നിർബ്ബന്ധമാക്കുവാനും, ശിശുവിദ്യാലയങ്ങളും സാങ്കേതികവിദ്യാലയങ്ങളും വർദ്ധിപ്പിക്കുവാനമുള്ള നടപടികൾക്കു് പദ്ധതി പൂർണ്ണമായി നടപ്പിൽവരുമ്പോഴേയ്ക്കും, അതായതു് 14-ാം വർഷത്തിൽ, 312 കോടി രൂപാ ചെലവുവരുന്നതാണു്.

ആബാലവൃദ്ധം ജനങ്ങൾക്കും ആരോഗ്യം കൈവരുത്തുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള ഒരു ദേശീയാരോഗ്യനയവും സ്വീകരിക്കപ്പെടുന്നതായിരിക്കും.

സംസ്ഥാനപദ്ധതികൾ:—കേന്ദ്രഗവമ്മേണ്ടു് പ്രഖ്യാപിച്ച പദ്ധതിയ്ക്കുപുറമെ ഓരോ സംസ്ഥാനവും നാട്ടുരാജ്യവും യുദ്ധാനന്തരപുനരുദ്ധാരണപദ്ധതികൾ രൂപവല്ക്കരിച്ചു. ഇവയ്ക്കാകെ 900 കോടി രൂപാ ചെലവുവരുമെന്നാണു് മതിച്ചിരുന്നതു്. 1947-'48 മുതൽ 5 വർഷത്തിൽ ഇതിന്നുവേണ്ടുന്ന പണം താഴെച്ചേർക്കുംവിധം ലഭിക്കുമെന്നാണു കണക്കാക്കിയതു്:

| | | | |
|---|---|---|---|
| മിച്ചശിഷ്ടങ്ങൾ | 70 | കോടി | രൂപ |
| 1946–'47 മുതല്ക്കുള്ള സമ്പാദ്യം | 100 | ,, | ,, |
| കേന്ദ്രഗവമ്മേണ്ടിൽനിന്നും സഹായം | 250 | ,, | ,, |
| ആഭ്യന്തരകടമെടുപ്പു് | 480 | ,, | ,, |
| ആകെ | 900 | ,, | ,, |

പദ്ധതികളിൽ ഓരോ സംസ്ഥാനത്തിലെ പ്രത്യേകാവശ്യങ്ങളും സാമ്പത്തികനിലയുമനുസരിച്ചു് ചില്ലറ ഭേദങ്ങളുണ്ടെങ്കിലും എല്ലാററിന്റേയും ഉദ്ദേശ്യം ദാരിദ്ര്യം, അശുചി, രോഗം, അജ്ഞത, അലസത എന്നിവയുടെ നേക്കു് സമരംനടത്തുകയും, ജനങ്ങളുടെ ജീവിതത്തോതുയത്തി, അവക്കു ക്ഷേമം കൈവരുത്തുകയുമാണെന്നു പ്രഖ്യാപിക്കപ്പെട്ടിരുന്നു.

# ഇന്ത്യയുടെ
# പുതിയ പഞ്ചവത്സരപദ്ധതി

മുൻപറഞ്ഞ ഗവമ്മേണ്ടുപ്ലാൻ വിഭജനത്തിന്നുശേഷം അപ്രായോഗികമായിത്തീൻ. നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തോടുകൂടി പ്ലാനുകളുടെ ചട്ടക്കൂട്ടുകൾ മാററാതെ നിവ്വാഹമില്ലെന്നായി. സ്വതന്ത്രഇന്ത്യയിൽ പുതിയ പ്രജായത്തവ്യവസ്ഥയ്ക്കു യോജിച്ച വിധത്തിലുള്ള സാമ്പത്തികാസൂത്രണം വേണമെന്നും വന്നു. വഷാവർഷമുണ്ടായ പ്രകൃതികോപവും, വർദ്ധിച്ചുവന്ന ഭക്ഷണക്ഷാമവും, കുതിച്ചുകയറിക്കൊണ്ടിരുന്ന സാമാനവിലയും, ഏറി ഏറി വന്ന ജീവിതച്ചെലവും സാമ്പത്തികാസൂത്രണത്തിൻെറ അടിയന്തരാവശ്യകത വ്യക്തമാക്കി. ഇന്ത്യയുടെ പുതിയ ഭരണഘടനയിൽ താഴെച്ചേക്കുന്ന നയനിർദ്ദേശങ്ങളുൾക്കൊള്ളിക്കുകയും ചെയ്തിരുന്നു:

(എ) "പൌരജനങ്ങൾക്കെല്ലാം സ്ത്രീപുരുഷസമത്വത്തിൽ ജീവിതവൃത്തിക്കുള്ള വകയ്ക്കു് അവകാശമുണ്ടു്.

(ബി) പൊതുജനക്ഷേമത്തിന്നു് ഏററവും ഉതകുന്നവിധത്തിൽ രാജ്യത്തിലെ ഭൌതികവിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും വീതിക്കപ്പെടണം.

(സി) സമ്പദ്‌വ്യവസ്ഥയുടെ പ്രവത്തനം പൊതുതാല്പര്യങ്ങൾക്കു വിരുദ്ധമായ നിലയിൽ സമ്പത്തിൻെറയും ഉല്പാദനോപകരണങ്ങളുടെയും കേന്ദ്രീകരണത്തിൽ കലാശിക്കരുതു്."*

* * * *

ഇതിന്നുപുറമേ മറെറാരിടത്തു് ഇപ്രകാരം നിർദ്ദേശിക്കുന്നു: "രാഷ്ട്രം അതിൻെറ സാമ്പത്തികകഴിവിൻെറയും വളച്ചയുടെയും പരിമിതികൾക്കുള്ളിൽ, തൊഴിൽചെയ്യാനും വിദ്യാഭ്യാസം ചെയ്യാനു

---

* ഇന്ത്യയുടെ ഭരണഘടന—39-ാം വകുപ്പു് (ഖണ്ഡിക)

മുള്ള അവകാശം, തൊഴിലിൻെറയും പ്രവൃത്തിശേഷിയുടെയും അഭാവത്തിലും, വാർദ്ധക്യത്തിലും, രോഗത്തിലും, യാദൃച്ഛികമായി വന്നുചേരുന്ന മററുതരം അവശതയിലും സർക്കാർസഹായം ലഭിക്കുവാനുള്ള അവകാശം എന്നിവ നേടിക്കൊടുക്കുവാൻ പര്യാപ്തമാവുന്ന ഏർപ്പാടുകൾ ചെയ്യേണ്ടതാണ്." (41-ാം ഖണ്ഡിക)

ഇതുമാത്രവുമല്ല,

"വേണ്ടപ്പെട്ട നിയമനിർമ്മാണംമൂലമോ, സാമ്പത്തികസംഘടനമൂലമോ, മറേറതെങ്കിലും മാർഗ്ഗേണയോ എല്ലാ തൊഴിലാളികൾക്കും — കർഷകത്തൊഴിലാളികളായാലും വ്യവസായത്തൊഴിലാളികളായാലും മററുള്ളവരായാലും,—തൊഴിലും, ജീവിക്കുവാനുള്ളൊരു വേതനവും, മാന്യമായ ജീവിതത്തോതും, വിശ്രമവേളയും സാമൂഹ്യസാംസ്കാരികവൃത്തികൾക്കുള്ള അവസരവും പൂർണ്ണമായുപയോഗപ്പെടുത്തുവാൻ സാധിപ്പിക്കുന്ന. തൊഴിൽസ്ഥിതികളും ലഭ്യമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്."(43-ാം ഖണ്ഡിക.)

ഈ നയനിർദ്ദേശങ്ങൾ ഫലത്തിൽ വരുത്തുകയായിരിക്കണം ഇവിടത്തെ സാമ്പത്തികാസൂത്രണത്തിൻെറ ഉദ്ദേശം. ഈ ഉദ്ദേശത്തോടുകൂടിയാണ് ഇന്ത്യാഗവമ്മേണ്ട് ഒരു പ്ലാനിങ് കമ്മീഷനെ നിശ്ചയിച്ചതു്. ഇതിൻെറ അദ്ധ്യക്ഷൻ പ്രധാനമന്ത്രിയാണ്. കമ്മീഷൻെറ ഉപാദ്ധ്യക്ഷനു മന്ത്രിസഭയുടെ സാമ്പത്തികസമിതിയുടെ യോഗങ്ങളിൽ ഹാജരാവാം. എന്നുമാത്രമല്ല, മന്ത്രിമാരുടെ വ്യക്തിപരമായ പ്രവത്തനങ്ങൾകൊണ്ടു് കമ്മീഷൻെറ കൃത്യങ്ങൾക്കു വിഘ്നംവരരുതെന്ന ഉദ്ദേശത്തെ മുൻനിത്തി വികസനാസൂത്രണത്തെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളിലും കമ്മീഷൻെറ ഉപദേശം ആരായേണ്ടതാണെന്നുകൂടി നിശ്ചയിച്ചിട്ടുണ്ട്.

ഭരണഘടനയിലെ നയനിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്തിലെ പദാത്ഥപരവും മൂലധനപരവും മാനുഷികവുമായ എല്ലാവിഭവങ്ങളുടേയും സാങ്കേതിക വിദഗ്ദ്ധരുടേയും ഒരു മതിപ്പുകണ

ക്കു് തയ്യാറാക്കുകയും, രാജ്യത്തിന്റെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പോരാതെവരുന്നതായി കാണുന്ന വിഭവങ്ങളെ വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത ആരായുകയും, വിഭവങ്ങളെ ഏററവും ഫലപ്രദവും സന്തുലിതവുമായ നിലയിൽ വിനിയോഗിക്കുവാനുള്ള ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുകയെന്ന ജോലിയാണു ഗവമ്മേണ്ടു് കമ്മീഷനെ ഏല്പിച്ചതു്. ഏതേതു് ഇനം ആദ്യം നടപ്പിൽവരുത്തണമെന്നും ഏതേതു ഘട്ടങ്ങളിൽക്കൂടി നടപ്പിൽവരുത്തണമെന്നും നിർണ്ണയിക്കേണ്ടതും, അതാതു ഘട്ടത്തിലെ പ്രവൃത്തിപൂർത്തീകരണത്തിന്നാവശ്യമായ വിഭവങ്ങളെ വകതിരിച്ചുകൊടുക്കുന്ന കാർയ്യത്തിൽ നിർദ്ദേശം നൽകേണ്ടതും കമ്മീഷനാണു്. പദ്ധതിയുടെ ഓരോ ഘട്ടവും വിജയപ്രദമായി നടപ്പിൽ വരുത്തുവാനാവശ്യമായ ഭരണനിയന്ത്രണത്തിന്റെ സ്വഭാവം നിർണ്ണയിക്കേണ്ടതും കമ്മീഷനാണു്. അതിനുംപുറമെ ഓരോ ഘട്ടത്തിലേയും പ്രവൃത്തിയിലുളവായിട്ടുള്ള പുരോഗതി കൂടക്കൂടെ പരിശോധിച്ചുനോക്കുകയും നയത്തിലും നടപടികളിലും ആവശ്യമാണെന്നു തോന്നുന്ന മാററങ്ങൾ നിർദ്ദേശിക്കുകയും ചെയ്യണം.

ഇപ്രകാരം നിയമിക്കപ്പെട്ട കമ്മീഷൻ 1951 ജൂലായിമാസത്തിൽ ഇന്ത്യയുടെ സാമ്പത്തികാസൂത്രണംസംബന്ധിച്ചുള്ള പഞ്ചവർഷപദ്ധതിയുടെ കരടുരൂപം പ്രസിദ്ധപ്പെടുത്തി. സ്റ്റേററുഗവമ്മേണ്ടുകളും കേന്ദ്രഗവമ്മേണ്ടുകളും തുടങ്ങിവെച്ച പല പദ്ധതികളേയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒന്നായിരുന്നു അതു്. പിന്നീട്ടുള്ള അനുഭവത്തിന്റെയും അഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തി അവസാനരൂപത്തിൽ 1952 ഡിസംബറിൽ പാർലിമെണ്ടിലവതരിപ്പിക്കപ്പെട്ടു.

ഇന്ത്യയിൽ ഇന്നത്തെ പരിതസ്ഥിതിയിൽ സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യം ജനങ്ങളുടെ ജീവിതത്തോതുയത്തുകയും, കൂടുതൽ പൂർണ്ണതയാർന്നതും വൈവിദ്ധ്യം കലർന്നതുമായ ഒരു ജീവിതത്തിന്നു നൂതനമാർഗ്ഗങ്ങൾ തുറക്കുകയും ചെയ്യുന്ന ഒരു വികസനപരി

പാടി ആരംഭിച്ചുവെക്കുക എന്നുള്ളതാണ്—എന്നു പ്ലാനിങ്ക മ്മീഷൻ പ്രസ്താവിക്കുന്നു. അതിനാൽ ഉല്പാദനം വർദ്ധിപ്പിക്കുമാറു് ഇന്നു് നിലവിലുള്ള മാനുഷികവും ഭൗതികവുമായ വിഭവങ്ങളെ കൂടുതൽ ഫലപ്രദമായ വിധത്തിൽ ഉപയോഗപ്പെടുത്തുവാനാണ് പദ്ധതികൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതേ അവസരത്തിൽ ജനങ്ങളുടെ വരുമാനത്തിലും സ്വത്തിലുമുള്ള അസമത്വങ്ങളെ ലഘൂകരിക്കുക എന്നുള്ള ഉദ്ദേശവുംകൂടി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഭരണഘടനയിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ അവസരസമത്വം, പ്രയത്നാവകാശം, ന്യായവേതനാവകാശം സാമുദായിക നീതി സമഗ്രമായ സാമൂഹ്യരക്ഷ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതി ഏർപ്പെടുത്തുവാനുള്ള മാറ്റങ്ങളാണ് പദ്ധതിയിൽ അംഗീകരിച്ചിരിക്കുന്നതു്. പദ്ധതി ജനസഞ്ചയത്തെ ഉത്സാഹഭരിതരാക്കി, സൃഷ്ടിപരമായ പ്രവൎത്തനത്തിൽ അവരുടെ സഹകരണം എത്രകണ്ടു് നേടും എന്നതിനെ ആശ്രയിച്ചിരിക്കും ജനങ്ങൾക്കു ക്ഷേമം കൈവരുത്തുന്നതിലുള്ള അതിൻെറ വിജയം.

സാമ്പത്തികക്ഷേമത്തെ നിൎണ്ണയിക്കുന്നതു് ഉല്പാദനത്തോതാണ്. അതു രാജ്യത്തിൽ ആകെയുള്ള മൂലധനത്തെ ആശ്രയിച്ചിരിക്കുന്നു. അതായതു് ആളോഹരി ഭൂമി, ഫാക്ടറികൾ, യന്ത്രങ്ങൾ, തീവണ്ടിഎഞ്ചിനുകൾ, ജലസേചനസൗകൎയ്യങ്ങൾ, വിദ്യുച്ഛക്തിസ്ഥാപനങ്ങൾ, ഗതാഗതസൗകൎയ്യങ്ങൾ എന്നിവയുടെ രൂപത്തിലുള്ള ഉല്പാദനോപകരണങ്ങൾ. ഈ ഉല്പാദനോപകരണങ്ങൾ നിൎമ്മിക്കുന്നതിന്നു് വിഭവങ്ങളെ ഉരുക്കൂട്ടിവെയ്ക്കൽതന്നെയാണ് മൂലധനസ്വരൂപണം. സമ്പദ്‌വ്യവസ്ഥയുടെ അഭിവൃദ്ധി പ്രധാനമായും ഇതിനെയാണാശ്രയിച്ചിരിക്കുന്നതു്. എന്നാൽ ഇവിടെ ഇപ്പോൾ അങ്ങനെ സ്വരൂപിച്ചുവെച്ചിട്ടുള്ള മൂലധനം വളരെ കുറവാണ്. ഇപ്പോഴത്തെ ആളോഹരിവരുമാനംതന്നെ വളരെ ചുരുങ്ങിയതാണ്. അതു കഴിയുംവേഗത്തിൽ ഗണ്യമായി വൎദ്ധിപ്പിയ്ക്കുക, സാധിക്കുമെങ്കിൽ ഇരട്ടിപ്പിക്കുക, അതാണ് ആസൂത്രണംകൊണ്ടു സാധിക്കേണ്ടതു്. ഇക്കാൎയ്യത്തിൽ പ്ലാനിങ്കമ്മീഷൻ മൂന്നു പ്രധാന സംഗതികളെപ്പററി പര്യാലോചിച്ചിട്ടുണ്ടു്:

(1) ജനസംഖ്യവദ്ധന (ഇതു വഷംപ്രതി $1\frac{1}{4}$ %വരുന്നുണ്ടു്).

(2) മൂലധനനിക്ഷേപവും ഉല്പാദനവും തമ്മിലുള്ള ബന്ധം.

(3) ദേശീയോല്പാദന വദ്ധനയിൽ നിക്ഷേപത്തിന്നു നീക്കി വെയ്ക്കാവുന്ന ഭാഗം.

ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതിയിൽ പ്രതിവഷമുള്ള ദേശീയ വരുമാനവദ്ധനയുടെ 20% കണ്ടു് മൂലധനവും വദ്ധിക്കുമെന്നാണു് കണക്കാക്കീട്ടുള്ളതു്. ഇപ്രകാരം ലഭ്യമാവുന്ന ആഭ്യന്തരവിഭവത്തിന്നു പുറമെ വിദേശസഹായവും ആവശ്യമായിവരും. 1955-'56-ലേയ്ക്കു് ദേശീയവരുമാനം 10,000 കോടി രൂപയായി (അതായതു 11%) വദ്ധിക്കുമെന്നാണു് കണക്കാക്കീട്ടുള്ളതു്. 1956-'57മുതല്ക്കു് മൂലധനമിറക്കൽ ഓരോ വഷവും ഉല്പാദനവദ്ധനയുടെ 50% എന്ന തോതിൽ അധികരിപ്പിച്ചുകൊണ്ടുവരികയാണെങ്കിൽ 21 കൊല്ലംകൊണ്ടു്, അതായതു 1977-ലേയ്ക്കു്, ആളോഹരി വരുമാനം ഇരട്ടിപ്പിക്കുവാൻ സാദ്ധ്യമാണു്.

പഞ്ചവത്സരപദ്ധതിക്കു് അതിന്റെ ആദ്യരൂപത്തിൽ 1493 കോടി രൂപയാണു് ചെലവുമതിച്ചിരുന്നതു്. വിദേശസഹായം ലഭിക്കുകയാണെങ്കിൽ പ്രവൃത്തിയിൽ വരുത്തുവാനുദ്ദേശിച്ച ഒരു രണ്ടാംഭാഗംകൂടി അതിന്നുണ്ടായിരുന്നു. ഇതിൽ 300 കോടി രൂപയുടെ വികസനപരിപാടികളാണു് ഉൾക്കൊള്ളിച്ചിരുന്നതു്. എന്നാൽ പദ്ധതിയ്ക്കു് അവസാനരൂപം നല്കിയപ്പോൾ പല പുതിയ ഇനങ്ങളും അതിലുൾപ്പെടുത്തേണ്ടിവന്നു. മുമ്പുള്ളവയുടെ വ്യാപ്തി വിപുലീകരിക്കേണ്ടതായും വന്നു. അങ്ങനെ ആകെസംഖ്യ 2,069 കോടി രൂപയായി വദ്ധിച്ചു. മാത്രമല്ല, പദ്ധതി രണ്ടുഭാഗമായിട്ടല്ല, ഒന്നായിട്ടുതന്നെ നടപ്പിൽവരുത്തത്തക്കവിധത്തിൽ ഏകീകരിച്ചിരിക്കയുമാണു്.

കരടുപദ്ധതിയിലും പുതുക്കിയപദ്ധതിയിലും വിവിധകാര്യങ്ങൾക്കായി ചെലവുചെയ്യാനുദ്ദേശിക്കപ്പെട്ടിട്ടുള്ള സംഖ്യയും അവയ്ക്കു നൽകിയിട്ടുള്ള പ്രാധാന്യക്രമവും താഴെചേത്തിരിക്കുന്ന പട്ടികയിൽനിന്നു മനസ്സിലാക്കാം:

| ഇനം | കരട്ടുപദ്ധതി | ശതമാനം | പുതുക്കിയ പദ്ധതി | ശതമാനം |
|---|---|---|---|---|
| കൃഷിയും സാമൂഹ്യവികസനവും | 192 കോടി രൂ. | 12.8 % | 361 കോടി രൂ. | 17.4 % |
| ജലസേചനവും വിദ്യുച്ഛക്തിയും | 450 ,, ,, | 30.2 ,, | 561 ,, ,, | 27.2 ,, |
| ഗതാഗതവും വാർത്താവിതരണവും | 388 ,, ,, | 26.1 ,, | 497 ,, ,, | 24.0 ,, |
| വ്യവസായം | 101 ,, ,, | 6.7 ,, | 173 ,, ,, | 8.4 ,, |
| സാമൂഹ്യസേവനം | 254 ,, ,, | 17.0 ,, | 340 ,, ,, | 16.4 ,, |
| പുനരധിവാസനം | 79 ,, ,, | 5.3 ,, | 85 ,, ,, | 4.1 ,, |
| പലവക | 29 ,, ,, | 1.9 ,, | 52 ,, ,, | 2.5 ,, |
| ആകെ | 1,493 ,, ,, | 100.0 ,, | 2,069 ,, ,, | 100.0 ,, |

ചെലവുകളുടെ മുൻഗണനാക്രമം:— 1951–'56–ലേയ്ക്കു 2,069 കോടി രൂപ ചെലവുചെയ്യുന്നതു താഴെ പറയുന്ന പരിഗണനകളനുസരിച്ചായിരിക്കും:

(1) ഭാവിയിലേയ്ക്കു വേണ്ടുന്ന വിപുലതോതിലുള്ള സംരംഭങ്ങളുടെ അടിസ്ഥാനമെന്ന നിലയിൽ ഒരു വികസനപരിപാടി ആരംഭിക്കേണ്ടുന്നതിന്റെ ആവശ്യകത.

(2) വികസനാവശ്യങ്ങൾക്കു ലഭ്യമാവുന്ന ആകെ വിഭവങ്ങൾ.

(3) സ്വകാര്യവിഭാഗങ്ങളിലും പൊതുവിഭാഗങ്ങളിലും ആവശ്യമായ വിഭവങ്ങളുടെ തുകയും വികസനത്തോതും തമ്മിൽ അടുത്ത ബന്ധം.

(4) പദ്ധതി രൂപവല്ക്കരിക്കുന്നതിനുമുമ്പ് കേന്ദ്രഗവമ്മേണ്ടും സംസ്ഥാനഗവമ്മേണ്ടുകളും ആരംഭിച്ച സംരംഭങ്ങൾ പൂത്തിയാക്കേണ്ടുന്നതിന്റെ ആവശ്യകത.

(5) യുദ്ധംകൊണ്ടും വിഭജനംകൊണ്ടും സമ്പദ്‌വ്യവസ്ഥയിലുണ്ടായിട്ടുള്ള പൊരുത്തക്കേടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത.

പ്രത്യേക ഉദ്ദേശങ്ങളനുസരിച്ചു ചെലവുസംഖ്യ താഴെ കാണിക്കുംവിധം ഭാഗിക്കപ്പെട്ടും:

| | | |
|---|---|---|
| (1) | കേന്ദ്രസംസ്ഥാനഗവമ്മേണ്ടുകളുടെ ഉല്പാദകമൂലധനം അഭിവൃദ്ധിപ്പെടുത്തുന്ന ചെലവുകൾ. | 1,199 കോടി രൂപ |
| (2) | സ്വകാര്യവിഭാഗത്തിൽ മൂലധനം ഉരുക്കൂട്ടിവെക്കുന്നതിനു സഹായിക്കുന്ന ചെലവുകൾ: | |
| | (എ) കൃഷിക്കും ഗ്രാമവികസനത്തിനുമുള്ള ചെലവു് (സാമൂഹ്യോല്ക്കർഷപദ്ധതികൾക്കും ക്ഷാമബാധിത പ്രദേശങ്ങൾക്കുമുള്ള ചെലവൊഴികെ) | 244 ,, ,, |

| | | | |
|---|---|---|---|
| (ബി) ഗതാഗതസംരംഭങ്ങൾക്കും വ്യവസായങ്ങൾക്കും നൽകുന്ന കടങ്ങൾ. | 47 | കോടി | രൂപ |
| (സി) പ്രാദേശികവികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചെലവ്. (സാമൂഹ്യോൽക്കർഷ പദ്ധതികളുടക്കം.) | 105 | ,, | ,, |
| (3) സാമൂഹ്യമൂലധനത്തിന്മേലുള്ള ചെലവ് | 425 | ,, | ,, |
| (4) തരംതിരിക്കാത്ത ചെലവ്. (ക്ഷാമബാധിത പ്രദേശങ്ങൾക്കുള്ളതടക്കം) | 49 | ,, | ,, |
| ആകെ | 2,069 | ,, | ,, |

KOTTAYAM PUBLIC LIBRARY KOTTAYAM.

ധനാഗമമാർഗ്ഗങ്ങൾ:—വിവിധഗവമ്മേണ്ടുകൾ പദ്ധതി പ്രവൃത്തിയിൽ വരുത്തുവാൻ എത്രകണ്ടു ചെലവു വഹിക്കണമെന്നുള്ളതു താഴെചേത്തിരിക്കുന്ന കണക്കിൽനിന്നു വ്യക്തമാവുന്നതാണ്.

| | | | | |
|---|---|---|---|---|
| കേന്ദ്രഗവമ്മേണ്ടു് (റെയിൽവേയടക്കം) | | 1,241 | കോടി | രൂപ |
| സ്റ്റേറ്റുകൾ | 'എ' | 610 | ,, | ,, |
| | 'ബി' | 173 | ,, | ,, |
| | 'സി' | 32 | ,, | ,, |
| | ജമ്മുവും കാശ്മീരും | 13 | ,, | ,, |
| | ആകെ | 2,069 | ,, | ,, |

ഇതിൽ കേന്ദ്രഗവമ്മേണ്ടിൻെറ വിഹിതം 60 ശതമാനം വരുന്നുണ്ടു്.

ഇതിനുള്ള ധനാഗമമാർഗ്ഗങ്ങൾ താഴെ ചേക്കുംപ്രകാരമാണു കണക്കാക്കിയിട്ടുള്ളതു്.

| ബഡ്ജററ്വകകൾ:— | കേന്ദ്രഗവ. | സ്റ്റേററുകൾ. | ആകെ. |
|---|---|---|---|
| | കോ. രൂപ. | കോ. രൂപ. | കോ. രൂപ. |
| i റവന്യൂവരുമാനത്തിൽ നിന്നുള്ള സമ്പാദ്യം | 330 | 408 | 738 |
| ii മൂലധന വരുമാനം (കരുതൽധനത്തിൽ നിന്നു പിൻവലിക്കുന്നതുകൂടാതെ) | 396 | 124 | 520 |
| | 726 | | |
| iii സ്റ്റേററുകൾക്ക് കേന്ദ്രസഹായം | 229 | 229 | ” |
| | 497 | 761 | 1,258 |
| | 156 | .... | 156 |
| | 653 | 761 | 1,414 |
| കമ്മി | | | 655 |
| ആകെ | | | 2,069 |

പോരാതെവരുന്ന 655 കോടി രൂപയുടെ വിടവ് കൂടുതൽ വിദേശസഹായംമൂലം നികത്തേണമെന്നാണു വെച്ചിരിക്കുന്നതു്. അതിൻെറ അഭാവത്തിൽ ഇതു് ആഭ്യന്തരമായ കടമെടുപ്പുമൂലവും നികുതിമൂലവും, 'കമ്മിച്ചെലവു്'(നോട്ടിറക്കൽ)മൂലവും നികത്തേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. ഇതിൽ കമ്മിച്ചെലവുനടത്തുക പദ്ധതികാലത്തു ലഭ്യമാവുന്ന 290 കോടി രൂപയുടെ 'പവൻശിഷ്ട'ത്തിൻെറ അസ്ഥിവാരത്തിന്മേൽ കറൻസിനോട്ടുകളടിച്ചിറക്കിട്ടായിരിക്കും.

കേന്ദ്രഗവൺമെണ്ടിൻെറ വിഹിതമായി കണക്കാക്കപ്പെട്ടിട്ടുള്ള 726 കോടി ഉറുപ്പിക ഉണ്ടാക്കുവാൻ മററു മാർഗ്ഗങ്ങളോടൊപ്പം പ്രതിവർഷം സുമാർ 26 കോടി രൂപ ബഡ്ജററ് മിച്ചമുള

വാക്കേണ്ടിവരുന്നതാണ്. സ്റ്റേറ്റുകൾ അവരുടെ വിഹിതമായ 532 കോടി രൂപ ഉണ്ടാക്കാൻ 5 കൊല്ലങ്ങളിലായി റവന്യൂവരുമാനത്തിൽ 232 കോടി രൂപായുടെ വർദ്ധനയുളവാക്കേണ്ടതുണ്ട്. പുതിയ നികുതികൾ കേന്ദ്രഗവർമ്മേണ്ടും സ്റ്റേറ്റുഗവർമ്മേണ്ടുകളും ചുമത്തേണ്ടതായിവരും. ഉദാ:—മരണനികുതി, അഭിവൃദ്ധിനികുതി. 1955–'56-ലേയ്ക്കു് എല്ലാംകൂടിയുള്ള നികുതി വരുമാനം 70-80 കോടിരൂപയോളം അധികമാവുമെന്നാണ് പ്രതീക്ഷിക്കുന്നതു്. വരുമാനം അപ്രതീക്ഷിതമായി വർദ്ധിക്കുകയാണെങ്കിൽ ഇതു് 100 കോടിയോളമായേക്കും. സ്റ്റേറ്റുകൾക്കു് കേന്ദ്രത്തിൽനിന്നു ധനസഹായം ലഭിക്കുന്നതാണ്. (ഇതു ഭരണഘടനാനിയമപ്രകാരം നൽകേണ്ടുന്ന സഹായധനത്തിന്നു പുറമെയാണ്.) നദീതടപദ്ധതികൾ, ചെറുകിട ജലസേചനസംരംഭങ്ങൾ, അഭയാർത്ഥികളെ കുടിയിരുത്തൽ, സാമൂഹ്യോല്ക്കർഷപദ്ധതി, കുടിൽവ്യവസായ വികസനം മുതലായവയ്ക്കു കടവും, റോഡുവെട്ടൽ, അധികഭക്ഷ്യോല്പാദനം, അഭയാർത്ഥികൾക്കുള്ള ആശ്വാസനടപടികൾ മുതലായവയ്ക്കു സഹായധനവും ലഭിക്കുന്നതാണ്. അഭിവൃദ്ധിച്ചെലവുകൾക്കു വേണ്ടുന്ന മൂലധനത്തെപ്പററി ചിന്തിക്കുമ്പോൾ സ്വകാര്യവ്യവസായ രംഗത്തിലെ അഭിവൃദ്ധിച്ചെലവുകളുടെ ആവശ്യവും ആലോചിക്കണം. ഗവർമ്മേണ്ടിൻെറ അഭിവൃദ്ധിപദ്ധതികൾക്കു വേണ്ടുന്ന മൂലധനമായാലും സ്വകാര്യവ്യവസായികളുടെ സംരംഭങ്ങൾക്കുവേണ്ടുന്ന മൂലധനമായാലും എല്ലാം വരേണ്ടുന്നതു രാജ്യത്തിൽ ആകെയുണ്ടാവുന്ന സമ്പാദ്യത്തിൽനിന്നാണല്ലൊ.

പദ്ധതികാലത്തു ദേശീയവരുമാനത്തിൽ 1,000 കോടി രൂപയുടെവർദ്ധന പ്രതീക്ഷിക്കുന്നതുകൊണ്ടു് രാജ്യത്തിലെ മൂലധനം വർദ്ധിക്കുന്നതായിരിക്കും. 1950–'51-ലെ വരുമാനമായ 9,000 കോടി രൂപയിൽ 95 % -വും ഉപഭോഗവ്യയത്തിന്നുതന്നെ വേണ്ടിവന്നതിനാൽ 450 കോടി രൂപ മാത്രമേ മൂലധനമായി അവശേഷിച്ചുള്ളൂ. 1955–'56 ആവുമ്പോഴേക്കും ഇതു 50% വർദ്ധിച്ചു വർഷംപ്രതി 675 കോടി രൂപ എന്ന നിലവാരത്തിലെത്തണം. അ

ങ്ങനെയായാൽ പദ്ധതികാലത്തേയ്ക്കു് ആഭ്യന്തരവിഭവങ്ങൾകൊണ്ടു് ഏകദേശം 2,700-2,800 കോടി രൂപയുടെ മൂലധനച്ചെലവുകൾ നടത്തുവാൻ സാധിക്കും. സ്റ്റർലിങ്ങ് ശിഷ്ടത്തിൽനിന്നു ലഭിക്കുന്ന 290 കോടി രൂപയും വിദേശ സഹായമായി ലഭിച്ചുകഴിഞ്ഞിട്ടുള്ള 156 കോടി രൂപയും കൂടിയാൽ ഇതു 3,150-3,250 കോടി രൂപയായിത്തീരും.

ഗവമ്മേണ്ടിന്റെ മൂലധനച്ചെലവുകൾ 1,600-1,700 കോടി രൂപയോളം വരും. (ബാക്കി 400 കോടിയോളം സാമൂഹ്യസേവന പരിപാടികൾക്കും മററുമാണു്.) അപ്പോൾ ഇതിന്നുതന്നെ പദ്ധതിക്കാലത്തു രാജ്യത്തിൽ ലഭ്യമാവുന്ന മൂലധനത്തിൽ 50 ശതമാനം വേണ്ടിവരുമെന്നു് വ്യക്തമാണല്ലൊ.

അഭിവൃദ്ധിപദ്ധതികൾ നടപ്പിൽ വരുത്തുവാൻ യന്ത്രോപകരണങ്ങളും മററും ഇറക്കുമതി ചെയ്യേണ്ടതുണ്ടല്ലൊ. പൊതു രംഗത്തിലേയ്ക്കു്, അതായതു ഗവമ്മേണ്ടുപദ്ധതികൾക്കു്, ചെലവു് ഏകദേശം 400 കോടി രൂപയോളം വരും. പദ്ധതികൾമൂലമുള്ള ഉല്പാദനവദ്ധന കാരണം ഉപഭോക്തൃസാധനങ്ങളുടെ ഇറക്കുമതി കുറെയെല്ലാം ചുരുങ്ങുവാനും കയററുമതി വദ്ധിക്കുവാനും വഴിയുണ്ടു്. പക്ഷെ രാജ്യത്തിലെ ഉപഭോഗത്തോതും മൂലധനമിറക്കലും വദ്ധിക്കുകയാണെങ്കിൽ നാം കൂടുതൽ സാധനങ്ങൾ ഇറക്കുമതി ചെയ്യേണ്ടിയും വരും. കൂടുതൽ വിദേശനാണ്യം നേടേണ്ടതായിവരും. നമ്മുടെ വ്യാപാരശിഷ്ടം പ്രതികൂലമായിക്കൊണ്ടുവരികയാണുതാനും. അതിനാൽ പദ്ധതിയുടെ ശേഷിപ്പുള്ളകാലത്തേയ്ക്കു് വർഷംപ്രതി 180-200 കോടിരൂപയുടെ കമ്മിവിദേശവ്യാപാരത്തിൽ സംഭവ്യമാണു്, എന്നല്ല ആവശ്യംതന്നെയാണു്. ഇതിൽ 500 കോടി രൂപയുടെ കമ്മി സ്റ്റർലിങ്ങ്ശിഷ്ടംകൊണ്ടു നികത്താം. ബാക്കി നികത്തുവാൻ വിദേശസഹായം ലഭിക്കണം. ഇതു ലഭിച്ചില്ലെങ്കിൽ ഉപഭോക്തൃസാധനങ്ങളുടെ ഇറക്കുമതി വെട്ടിച്ചുരുക്കേണ്ടതായിവരും.

കാർഷികാഭിവൃദ്ധി:— അടുത്ത അഞ്ചുവർഷക്കാലത്തേയ്ക്കു

കൃഷിക്കാണ് (ജലസേചനവും വിദ്യുൽച്ഛക്ത്യുല്പാദനവുമടക്കം) ഏറ്റവും വലിയ മുൻഗണന. ഭക്ഷ്യോല്പാദനവും ഗണ്യമായി വർദ്ധിപ്പിക്കാതെ വ്യവസായവികസനം ത്വരിതപ്പെടുത്തുക സാദ്ധ്യമല്ല. സമ്പദ്‌വ്യവസ്ഥയുടെ അസ്ഥിവാരം ആദ്യം ഉറപ്പിക്കുകയും, കാർഷികവിഭാഗത്തിൽ ഒരു ഗണ്യമായ മിച്ചമുളവാക്കി, ഇതര രംഗങ്ങളിൽ തൊഴിൽ വദ്ധിപ്പിക്കുവാൻ അയതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഭക്ഷ്യകാര്യത്തിൽ പ്രത്യേകമായും പരാശ്രയംകൂടാതെ കഴിക്കണമെന്നതു പദ്ധതിയുടെ ഒരു പ്രധാനോദ്ദേശമാണ്. പുതുക്കിയ പദ്ധതിയിൽ കൃഷിപരിഷ്കരണത്തിനും ജലസേചനത്തിനും സാമൂഹ്യോല്ക്കർഷപദ്ധതികൾക്കും വിദ്യുൽച്ഛക്ത്യുല്പാദനത്തിനും കൂടുതൽ സംഖ്യ വകയിരുത്തിയതുതന്നെ ഇതുകൊണ്ടാണ്. കരടുപദ്ധതിയിൽ ഇവയെല്ലാംകൂടി 642 കോടി രൂപ നീക്കിവെച്ചതു പുതുക്കിയ പദ്ധതിയിൽ 922 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ആകെ ചെലവിൽ 50 ശതമാനത്തിലധികം ഇങ്ങനെ കാർഷികാഭിവൃദ്ധിയെ ഉദ്ദേശിച്ചിട്ടുള്ളതാണ്. കാർഷികപ്രശ്നം പ്രധാനമായും ജലസേചനസൌകര്യങ്ങൾ, നല്ലജാതി വിത്തുകൾ, ശാസ്ത്രീയവളങ്ങൾ, പരിഷ്കരിച്ച കൃഷിസമ്പ്രദായത്തെപ്പററിയുള്ള അറിവ് എന്നിവ പ്രദാനംചെയ്യലാണ്:

കാർഷികോല്പന്നവർദ്ധനയുടെ കാര്യത്തിൽ പഞ്ചവർഷപദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേക്കുംപ്രകാരമാണ്.

| | 1950-'51ലെ യഥാർത്ഥഉല്പന്നം | 1955-'56ലേയ്ക്കുള്ള ലക്ഷ്യം | വദ്ധന |
|---|---|---|---|
| ഭക്ഷ്യധാന്യങ്ങൾ | 527ലക്ഷംടൺ | 616ലക്ഷംടൺ | 14 % |
| പരുത്തി | 30 ,, കെട്ട് | 42 ,, കെട്ട്* | 42 ,, |
| ചണം | 33 ,, ,, | 54 ,, ,, | 63 ,, |
| കരിമ്പ് | 56 ,, ടൺ | 63 ,, ടൺ | 12 ,, |
| എണ്ണവിത്തുകൾ | 51 ,, ,, | 55 ,, ,, | 80 ,, |

* 1 കെട്ട് = 400 റാത്തൽ

ഭക്ഷ്യോല്പാദനപരിപാടി രണ്ടു ഭാഗമായിട്ടാണുള്ളതു്:

I. 125 കോടി രൂപ ചെലവുചെയ്തു് 60 ലക്ഷം ടൺ അധികഭക്ഷ്യധാന്യത്തെ ഉല്പാദിപ്പിക്കാനുള്ള സ്റ്റേററുഗവമ്മേണ്ടുകളുടെ പദ്ധതികൾ.

II. പ്ലാനിങ്ങ്കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതും 16 ലക്ഷം അധികഭക്ഷ്യോല്പാദനം സാദ്ധ്യമാകുന്നതുമായ ഉപപദ്ധതികൾ.

ഉപപദ്ധതികളിൽപ്പെടുന്നതു താഴെപ്പറയുന്നവയാണു്:

| | | |
|---|---|---|
| (1) | സാമൂഹ്യോൽക്കർഷപദ്ധതികൾ | 90 കോടി രൂപ |
| (2) | പുതുതായി ഉൾപ്പെടുത്തിയ ചെറുകിട ജലസേചനപദ്ധതികൾ | 30 ,, ,, |
| (3) | കുഴൽക്കിണറുകൾ | 6 ,, ,, |
| (4) | 1952–'53-ലേയ്ക്കുള്ള അധിക ഭക്ഷ്യോല്പാദനപരിശ്രമങ്ങൾ | 10 ,, ,, |
| (5) | ദേശീയവികസനസംഘടന | 3 ,, ,, |

ഈ പദ്ധതികളുടെ വിശദഭാഗങ്ങൾ സ്റ്റേററുഗവമ്മേണ്ടുമായി കൂടിയാലോചിച്ചു് തീർച്ചപ്പെടുത്തേണ്ടതാണു്.

സ്റ്റേററുകളുടെ പ്രധാനപദ്ധതികളുടെ തരംതിരിവും അവമൂലം പ്രതീക്ഷിക്കുന്ന ഭക്ഷ്യോല്പാദനവദ്ധനവും താഴെച്ചേക്കുംപ്രകാരമാണു്:

| | | |
|---|---|---|
| വൻകിടജലസേചനപദ്ധതികൾ | 20.0 | ലക്ഷം ടൺ |
| ചെറുകിടജലസേചനപദ്ധതികൾ | 17.8 | ,, |
| നിലം കൃഷിയോഗ്യമാക്കലും അഭിവൃദ്ധിപ്പെടുത്തലും | 15.1 | ,, |
| വളങ്ങളും രാസദോഹദങ്ങളും | 6.5 | ,, |
| പരിഷ്കരിച്ചവിത്തുകൾ | 5.6 | ,, |
| ആകെ | 65.0 | ,, |

മത്സ്യം, പച്ചക്കറികൾ, പാൽ, ഗവ്യപദാത്ഥങ്ങൾ എന്നിവയുടെ ഉല്പാദനവർദ്ധനയ്ക്കുള്ള നിർദ്ദേശങ്ങളും പ്രാപ്യമായ ലക്ഷ്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

## ഭക്ഷ്യനയം

ഈ പഞ്ചവത്സരപദ്ധതിയുടെ വിജയപ്രദമായ പ്രവർത്തനത്തിന്നു സുവ്യക്തമായൊരു ഭക്ഷ്യനയം അനപേക്ഷണീയമാണു്. അതിന്റെ ഉദ്ദേശം ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുക, വില്പനയ്ക്കുള്ള മിച്ചം അധികരിപ്പിച്ചു്, അതു് ഏററവും ന്യായമായതോതിൽ വിതരണംചെയ്യുക, ക്രമേണ ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതിയുടെ ആവശ്യം ഇല്ലാതാക്കുക ഇതൊക്കെയായിരിക്കണം. 1948 മുതൽ പ്രതിവർഷം ശരാശരി 30 ലക്ഷം ടൺ എന്ന തോതിൽ 750 കോടി രൂപയുടെ ഭക്ഷ്യധാന്യം ഇറക്കുമതിചെയ്യേണ്ടിവന്നിട്ടുണ്ടെന്നുള്ളസംഗതി വിസ്മരിക്കാവുന്നതല്ല. അതുകൊണ്ടു് അടുത്ത 5 വർഷത്തിന്നുള്ളിൽ ഭക്ഷ്യോല്പാദനത്തിൽ 76 ലക്ഷം ടൺ* വർദ്ധനയുളവാക്കേണ്ടതാണു്. അതുവരെ നിയന്ത്രണങ്ങളും റേഷനിങ്ങും ധാന്യസംഭരണവും ചുരുങ്ങിയതോതിലുള്ള ഇറക്കുമതിയും ആവശ്യമായിവരും. ഉല്പാദനവർദ്ധനയുടെ ലക്ഷ്യം പ്രാപിക്കുകയും വേഗത്തിൽ ധാന്യവിതരണം സാധിക്കുമാറു് വാഹനസൌകര്യം വർദ്ധിക്കുകയും ചെയ്തുകഴിഞ്ഞാൽ നിയന്ത്രണം അയവുചെയ്യുകയോ ഭേദപ്പെടുത്തുകയോ ചെയ്യാം.

## ജലസേചനവും വിദ്യുച്ഛക്ത്യുല്പാദനവും

പലേടങ്ങളിലും തുടങ്ങിവെച്ച ജലസേചനവിദ്യുച്ഛക്ത്യുല്പാദനപദ്ധതികൾ പൂർത്തിയാക്കുക എന്നതാണു് പദ്ധതികൊണ്ടുദ്ദേശിക്കപ്പെടുന്നതു്. ഇവയ്ക്കെല്ലാംകൂടി 765 കോടി രൂപാ വേണ്ടി

---

| | | | |
|---|---|---|---|
| * പ്രധാനപദ്ധതികൾമൂലം | | 65 | ലക്ഷംടൺ |
| ഉപപദ്ധതികൾമൂലം | | 16 | ,, |
| | ആകെ | 81 | ,, |
| വ്യാപാരവിളവുകളോടു കൃഷികൊണ്ടു കുറയുന്നതു് | | 5 | ,, |
| | ബാക്കി | 76 | ,, |

വരുന്നതാണു്. ഇവയുടെ പ്രവൃത്തി പൂർത്തിയാവുന്നതോടുകൂടി 167 ലക്ഷം ഏക്കർസ്ഥലത്തു പുതുതായി വെള്ളം കിട്ടുന്നതും ഇതു കൊണ്ടു് 14 ലക്ഷം കിലോവാട്ട്സ് വിദ്യുച്ഛക്തി പുതുതായി ഉല്പാദിക്കപ്പെടുന്നതുമായിരിക്കും. എന്നാൽ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതു് 561 കോടി രൂപയാണു്. ഇതുകൊണ്ടു് 1955-'56 ലേയ്ക്കു് ആകെ 85 ലക്ഷം ഏക്കർസ്ഥലത്തു് കൂടുതലായ ജലസേചനസൗകര്യം ലഭിക്കും. സുമാർ 12 ലക്ഷം കിലോവാട്ട്സ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കപ്പെടും. 102 വിവിധോദ്ദേശപദ്ധതികളും അവയ്ക്കുപുറമെ അനേകം ചെറുകിട പദ്ധതികളും സംബന്ധിച്ചു് ഇപ്പോൾ പ്രവൃത്തിയാരംഭിച്ചിട്ടുണ്ടു്. വൻകിട പദ്ധതികളുടെ മകുടാലങ്കാരമായി സ്ഥിതിചെയ്യുന്നതു ദാമോദർനദീതടപദ്ധതിയാണു്. പുതിയ പദ്ധതികൾ ഇപ്പോൾ കൂട്ടിച്ചേർത്തിട്ടുള്ളതു കോസി, കൊയ്ന, കൃഷ്ണാ ചാമ്പൽ,റീഹാൻഡ എന്നിവയാണു്. ഇവയ്ക്കെല്ലാംകൂടി 40 കോടി രൂപ വേണ്ടിവരുമെന്നാണു് മതിപ്പു്. ചെറുകിട ജലസേചനസംരംഭങ്ങൾക്കു് ആദ്യം 47 കോടി രൂപ വകയിരുത്തിയതിന്നുപുറമെ പുതുക്കിയ പദ്ധതിയിൽ 30 കോടി രൂപ കൂടി നീക്കിവെച്ചിട്ടുണ്ടു്. ജലസേചനാവശ്യത്തിന്നു് ഒരു പ്രത്യേകഫണ്ടു് ഏർപ്പെടുത്താനും പ്ലാനിങ്ങ്കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടു്.

## ഭൂമിസംരക്ഷണവും, വനസംരക്ഷണവും, കന്നുകാലിസംരക്ഷണവും

കൃഷി പരിഷ്കരണത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു പ്രധാന പ്രശ്നമാണു് മണ്ണരിച്ചുപോകൽ. ഇതു തടയുവാനും നിലം സംരക്ഷിക്കുവാനുമുള്ള പദ്ധതികൾ തയാറാക്കാൻ ഓരോ സ്റ്റേറ്റിലും ഓരോ പ്രത്യേക സമതിയിലും ഇവയുടെയെല്ലാ പരിപാടികളെയും ഏകീകരിക്കുന്നതിന്നു് ഒരു കേന്ദ്രസമിതിയും ഏർപ്പെടുത്തേണ്ടതാണെന്നു് കമ്മീഷൻ ശുപാശ് ചെയ്തിരിക്കുന്നു. നിലത്തിൻെറ ഗുണം പൊയ്പോകാതെ സംരക്ഷിക്കുന്നതിന്നാവശ്യ

മായ നിയമനിർമ്മാണങ്ങളും നടത്തേണ്ടതാണ്. പദ്ധതിയിൽ കേന്ദ്രഗവർമ്മേണ്ടു് ഇത്തരം ഭൂമിസംരക്ഷണ നടപടികൾക്കു് സഹായം നൽകുന്നതിന്നു 20 കോടി രൂപ നീക്കിവെച്ചിട്ടുണ്ടു്. 70 ലക്ഷം ഏക്കറോളം വരുന്ന തരിശുനിലങ്ങളും ചതുപ്പുനിലങ്ങളും കൃഷിയോഗ്യമാക്കുന്നതാണ്.

ഇപ്പോഴത്തെ വനഭൂമി ആകെഭൂമിയുടെ വിസ്താരത്തിന്റെ 18 ശതമാനം മാത്രമേ വരുന്നുള്ളുവെന്നും വനം നശിപ്പിച്ചേടത്തു കാടുവളർത്തൽ നടപടികളും, മററുപ്രദേശങ്ങളിൽ—പ്രത്യേകിച്ചു് പുതുതായി സ്റ്റേററുഗവർമ്മേണ്ടുകൾ ഏറെറടുത്തിട്ടുള്ള 4 കോടി സെമിന്ദാരി വനഭൂമിയിൽ—വനസംരക്ഷണ നടപടികളും എടുക്കേണ്ടതാണ്. തോടുകളുടെ കരകളിലും,റോഡുവക്കിലും റെയിൽ വക്കിലുമെല്ലാം മരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണ്. വിറകിന്റെയും മരത്തടിയുടെയും ആവശ്യത്തിന്നു് ഗ്രാമങ്ങളിലും മരത്തോട്ടങ്ങൾ വളർത്തിക്കൊണ്ടുവരേണ്ടതാണ്. പഞ്ചവത്സരപദ്ധതികൊണ്ടു് മരത്തടി 18 ലക്ഷം ടണ്ണിൽനിന്നു് 20 ലക്ഷം ടണ്ണായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്. വേണ്ടപ്പെട്ട നടപടികളെടുക്കുകയാണെങ്കിൽ, അരക്കു് മുതലായ വനോല്പന്നങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധവെച്ചാൽ, അവയുടെ കയററുമതി വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുണ്ടെന്നു കമ്മീഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഇന്നുള്ള കന്നുകാലികളിൽ 10 ശതമാനം ഉപയോഗശൂന്യമായതുകൊണ്ടു് അവയെ മേച്ചിൽസ്ഥലം ധാരാളമുള്ള പ്രത്യേകം രക്ഷാകേന്ദ്രങ്ങളിലേയ്ക്കു് മാറേറണ്ടതാണ്. തീററസാധനങ്ങളുടെ ദൗർല്ലഭ്യംകൊണ്ടുള്ള വിഷമത ലഘൂകരിക്കാൻ ഒരുകോടി രൂപ ചെലവുചെയ്തു് 160 ഗോസദനങ്ങൾ ഏർപ്പെടുത്തുന്നതാണ്. കാലികളുടെ ഗുണവും തരവും നന്നാക്കുവാനായി 600 വളർത്തുകേന്ദ്രങ്ങളേർപ്പെടുത്തുവാനായി 3 കോടി രൂപയും പദ്ധതിയിലുൾക്കൊള്ളിച്ചിട്ടുണ്ടു്. മൃഗചികിത്സാലയങ്ങളും പുതുതായി ഏർപ്പെടുത്തുന്നതാണ്. തീററസാധനങ്ങളുടെ സപ്ലൈ വർദ്ധിപ്പിക്കുവാനും വേണ്ടപ്പെട്ട നടപടികളെടുക്കും.

## മീൻപിടുത്തം

ഇപ്പോൾ വർഷത്തിൽ ഒരാൾക്കു് 3·4 ഔൺസ് മത്സ്യമേ ലഭിച്ചുവരുന്നുള്ളു. ഇതു വർദ്ധിപ്പിക്കുവാൻ ധാരാളം സാദ്ധ്യതകളുണ്ടു്. ഇതു 50ശതമാനം വർദ്ധിപ്പിച്ചു് 1955–'56 ലേയ്ക്കു് ആകെയുള്ള ഉല്പാദനം 15ലക്ഷം ടൺ ആക്കുവാനുള്ള പരിപാടികൾ പദ്ധതിയിലുൾക്കൊള്ളിച്ചിട്ടുണ്ടു്. യന്ത്രീകൃതബോട്ടുകളും കപ്പലുകളും ആഴക്കടലിൽ മീൻപിടിക്കുന്നതിനുള്ള പ്രത്യേകം ഉപകരണങ്ങളും ഉപയോഗപ്പെടുത്തുക, ഐസ്ഫാക്ടറികൾ സ്ഥാപിക്കുക, പ്രത്യേകം വാനുകൾ ഏർപ്പെടുത്തുക മുതലായ പരിപാടികൾ ഇതിൽപെടുന്നു.

## ഭൂനയം

ഭൂവുടമയുടെയും കൃഷിയുടെയും ഭാവി ദേശീയവികസനത്തെ സംബന്ധിച്ചേടത്തോളം പരമപ്രധാനമായ പ്രശ്നമാണു്. ഈ പ്രശ്നം എങ്ങിനെ പരിഹരിക്കപ്പെടുന്നുവോ അതിന്നനുസരിച്ചിരിക്കും നമ്മുടെ സാമൂഹ്യസാമ്പത്തിക ഘടനയുടെ രൂപം. ഒരുവശത്തു പഞ്ചവത്സരപദ്ധതിയിൽ വിഭാവനംചെയ്തിട്ടുള്ള കാർഷിക ലക്ഷ്യങ്ങൾ സാധിക്കുകയും, മറുവശത്തു സ്വത്തിലും വരുമാനത്തിലുമുള്ള പൊരുത്തക്കേടുകൾ ന്യൂനീകരിക്കുകയും, ചൂഷണം ഇല്ലായ്മചെയ്യുകയും, കുടിയാനും തൊഴിലാളിക്കും രക്ഷനൽകുകയും, സർവ്വോപരി ഗ്രാമീണജനതയുടെ വിവിധവിഭാഗങ്ങൾക്കും സ്ഥിതിസമത്വവും അവസരസമത്വവും ലഭ്യമാക്കുകയും ചെയ്യുന്ന ഒരു ഭൂനയവും ആവശ്യമാണു്.

ഭൂവുടമയെപ്പററി പ്ലാനിങ്ങ്കമ്മീഷൻ താഴെപ്പറയുന്ന ശുപാർശികളാണു് ചെയ്തിട്ടുള്ളതു്.

(എ) കൈവശഭൂമിക്കു് ഒരു പരമാവധിവലുപ്പം നിശ്ചയിക്കുക.

(ബി) കൃഷിപ്രവൃത്തിയുടെ തരംതാണുപോവാതെ ഒരു ന്യായമായ നിലവാരത്തിൽ നിന്നുമാറ്റുള്ള നിയമനിർമ്മാണം ചെയ്യുക.

(സി) സ്വന്തമായി കൃഷിചെയ്യുന്ന വലിയ ഭൂമിയുടമകൾക്ക് സൗകര്യങ്ങൾ നൽകുക.

(ഡി) ചെറുതരം കൃഷിക്കാരേയും ഇടത്തരം കൃഷിക്കാരേയും സഹകരണ കൃഷിസമ്പ്രദായം അനുവർത്തിക്കുവാൻ പ്രോത്സാഹിപ്പിക്കുക.

കൈവശഭൂമിയുടെ പരമാവധി വലുപ്പം നിശ്ചയിക്കുന്നതു സാധാരണ ഒരു കർഷകകുടുംബത്തിന്നു വേണ്ടുന്ന കൃഷിയിടത്തിന്റെ മൂന്നിരട്ടിയെന്ന തോതിലായിരിക്കണം. ഒരു കർഷകകുടുംബത്തിന്റെ കൃഷിയിടം ഒരു കലപ്പയ്ക്കോ, ഒരു സാധാരണ കുടുംബത്തിന്നോ മുഴുവൻ പ്രവൃത്തി നൽകുന്നവിധത്തിലുള്ളതായിരിക്കണം. മേല്പറഞ്ഞ എല്ലാ കാര്യങ്ങളെസംബന്ധിച്ചും പ്രാദേശികസ്ഥിതി അനുസരിച്ച് ആവശ്യമായ നിയമനിർമ്മാണം സ്റ്റേറ്റുകൾ വഴി ചെയ്യേണ്ടതാണ്.

വാരം ഉല്പന്നത്തിന്റെ നാലിലൊരു ഭാഗമോ അഞ്ചിലൊരു ഭാഗമോ ആയി നിജപ്പെടുത്തേണ്ടതാണ്.

ഗ്രാമംതളുടെ സാമൂഹ്യവും സാമ്പത്തികവുമായ അഭ്യുദയത്തിന്ന് സഹകരണകൃഷിസമ്പ്രദായവും മററുതരം സഹകരണപ്രവർത്തനങ്ങളും വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത പ്ലാനിങ്ങ് കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കാർഷികാഭിവൃദ്ധിക്കു പ്രധാനതടസ്സം തുണ്ടുകൃഷിയിടങ്ങളാകയാൽ ചെറുതരം കൃഷിക്കാരേയും ഇടത്തരം കൃഷിക്കാരേയും കൂട്ടിച്ചേർത്തു സഹകരണകൃഷിസംഘടനകൾ രൂപീകരിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സഹകരണസംഘങ്ങൾ മുഖേനയുള്ള ഉല്പന്നവിക്രയം പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും എടുക്കേണ്ടതാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ സഹകരണപ്രസ്ഥാനത്തിന്ന് ദ്രുതതരമായ പുരോഗതി കൈവന്നിട്ടുണ്ട്. അതിൽ 120 ലക്ഷം അംഗങ്ങളും 230 കോടി രൂപ പ്രവർത്തനധനവുമുള്ള 1,73,000 സംഘങ്ങൾ ഉണ്ട്. അതുകൊണ്ടു പഞ്ചവത്സരപദ്ധതി നടപ്പിൽവരുത്തുന്നതിൽ അതിന്റെ

ഭാരവാഹികൾ സഹകരണസംഘടനകളെ ഉപയോഗപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടതാണു്. പദ്ധതികാലത്തിന്റെ അവസാനത്തോടു്കൂടി സംഘങ്ങളുടെ എണ്ണം 2,11,000 ആയി വർദ്ധിക്കുമെന്നാണു് പ്രതീക്ഷ.* പദ്ധതികാലത്തേയ്ക്കു സഹകരണപ്രവർത്തകർക്കു പരിശീലനം നല്കാനും നാനാതരം സഹകരണസംഘടനകളെ സംബന്ധിച്ചു് പരീക്ഷണം നടത്താനും കേന്ദ്രഗവൺമെണ്ടു 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ടു്.

സഹകരണാധിഷ്ഠാനത്തിലുള്ള നിലംനടത്തിപ്പിനും ഗ്രാമഭരണത്തിനും ഗ്രാമീണജനതയെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. ഇതിന്നു് എല്ലായിടങ്ങളിലും ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്താവുന്നതാണു്. അവ ജനങ്ങളിൽനിന്നധികാരം സിദ്ധിക്കുന്ന ജനകീയസമിതികളായിരിക്കണം. അങ്ങിനെയായാൽ ഭൂപരിഷ്കാരകാര്യത്തിൽ അവയ്ക്കു് അതിപ്രധാനമായ പങ്കുവഹിക്കുവാൻ സാധിക്കും. കാർഷികത്തൊഴിലാളികൾക്കു രക്ഷനൽകുവാനും കൃഷിയിടങ്ങളുടെ അമിതമായ വിഭജനവും ഛിന്നഭിന്നതവും തടയുവാനും അവയ്ക്കു കഴിയും. പദ്ധതികാലംകൊണ്ടു പഞ്ചായത്തുകളുടെ സംഖ്യ 55,000-ൽനിന്നു 69,000 ആയി വർദ്ധിപ്പിക്കണമെന്നാണു് ഉദ്ദേശം.

ഭൂപ്രശ്നങ്ങളെപ്പററി അന്വേഷണംനടത്തുവാനും ഭൂപരിഷ്കാരനടപടികളുടെ ഗുണദോഷങ്ങൾ പരിശോധിക്കുവാനും, സഹകരണകൃഷിസംഘടനകളുടെ അനുഭവങ്ങളെന്തെന്നു് മനസ്സിലാക്കുവാനും, ആവശ്യമായ എല്ലാ സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുവാനുമായി ഒരു കേന്ദ്രപരിഷ്കാരസംഘടന കേന്ദ്രഗവൺമെണ്ടു് ഏർപ്പെടുത്തേണ്ടതാണു്.

## വ്യവസായനയം

കൃഷിക്കാണു് മുൻഗണന നൽകിയിട്ടുള്ളതെങ്കിലും വ്യവ

---

* ഇതിൽ പഞ്ചാബ്ബു്, ഒറീസ്സ, ഹൈദരബാദ് എന്നിവിടങ്ങളിലേയും മിക്ക 'സി' സ്റ്റേററുകളിലേയും കണക്കുകൾ ഉൾപ്പെടുന്നില്ല.

സായത്തിൻെറ പ്രാധാന്യത്തെ പ്ലാനിങ്ങ്കമ്മീഷൻ വിസ്മരിക്കുന്നില്ല. കൃഷിഭൂമിയിൽ തിങ്ങിക്കൂടുന്ന തൊഴിലാളികളെ വ്യവസായങ്ങളിലേയ്ക്കും മററു തൊഴിൽരംഗങ്ങളിലേയ്ക്കും തിരിച്ചുവിട്ടില്ലെങ്കിൽ കാർഷികാഭിവൃദ്ധിതന്നെ ഒരതിത്തിക്കപ്പുറം അസാദ്ധ്യമായിത്തീരും. തൊഴിലാളികളുടെ ഉല്പാദകതചവും കൃഷിയിലേക്കാൾ വ്യവസായത്തിലാണ് അധികം. മാത്രമല്ല, ഒരവികസിതരാജ്യത്തിൽ വ്യാവസായികവിഭാഗത്തിലുള്ള സമ്പാദ്യമാണ് കാർഷികവിഭാഗത്തിലെ സമ്പാദ്യത്തേക്കാൾ എളുപ്പത്തിൽ പുനർനിക്ഷേപത്തിന്നു്, അതായതു്, ഉല്പാദനകാര്യങ്ങൾക്കായി വീണ്ടും മുതലിറക്കുന്നതിന്നു്, ലഭിക്കുക.

ഇതുവരെയുള്ള വ്യവസായവികസനത്തിൽ ഉപഭോക്തൃപദാർത്ഥവ്യവസായങ്ങൾക്കാണ് പ്രാധാന്യം കല്പിച്ചതു്. അതിനാൽ മൂലധനോപകരണവ്യവസായങ്ങൾ വളരെ പിന്നണിയിലാണ്. അടുത്ത കുറച്ചുകാലത്തേയ്ക്ക് ഇവയ്ക്കാണ് പ്രാധാന്യം നൽകേണ്ടതു്. 1948-ൽ ഗവമ്മേണ്ടു് വിശദീകരിച്ച വ്യവസായനയത്തിൽ വിഭാവനംചെയ്തതുപോലുള്ള ഒരു സങ്കരസമ്പദ് വ്യവസ്ഥതന്നെയാണ പ്ലാനിങ്ങ്കമ്മീഷനും ശുപാർശചെയ്തിട്ടുള്ളതു്. ആയുധനിർമ്മാണം, ആററംശക്ത്യുല്പാദനം, റെയിൽവേ മുതലായവ ഗവമ്മേണ്ടിൻെറമാത്രം ഉടമയിലുംനിയന്ത്രണത്തിലും ആയിരിക്കും. കല്ക്കരി; ഇരുമ്പുരുക്ക്, വിമാനനിർമ്മാണം, കപ്പൽനിർമ്മാണം, ദൂരശ്രവണയന്ത്രം മുതലായ വ്യവസായങ്ങൾ വികസിപ്പിക്കേണ്ടുന്ന ചുമതല പ്രധാനമായും ഗവമ്മേണ്ടിൻെറതായിരിക്കും. വ്യവസായരംഗത്തിലെ മററുഭാഗങ്ങൾ സചകാര്യവ്യവസായികൾക്കു വിട്ടുകൊടുത്തിരിക്കയാണ്. എന്നാൽ ആവശ്യമായതിൽ ഗവമ്മേണ്ടുനിയന്ത്രണം ഉണ്ടായിരിക്കും. ഗവമ്മേണ്ടു് തല്ക്കാലം ശ്രദ്ധചെലുത്തേണ്ടതു സചകാര്യവ്യവസായികൾ മുതലിറക്കുവാൻ മടിക്കുന്നതോ അവക്ക് നടത്തുവാൻ അസാദ്ധ്യമല്ലാത്തതോആയ വ്യവസായങ്ങളിലായിരിക്കണം. "ഇപ്പോൾ ഉള്ള വ്യവസായസ്ഥാപനങ്ങളെ ദേശസാൽകരിക്കുന്നതുകൊണ്ടു്

വിശേഷിച്ചു ഗുണമൊന്നുമില്ല; കാരണം, വിവേചനാപൂർവ്വമല്ലാ നിയന്ത്രണംകൊണ്ടുതന്നെ ഉദ്ദേശിച്ച കാര്യം മിക്കതും സാധിക്കുന്നതാണു്."

കരടുപദ്ധതിപ്രകാരം വ്യവസായവികസനത്തിന്നു് 101 കോടി രൂപ വകയിരുത്തിയതു പുതുക്കിയ പദ്ധതിയിൽ 173കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടു്. (എന്നിരുന്നാലും വ്യവസായ വികസനത്തിലുള്ള അഭിവൃദ്ധി സ്വകാര്യസംരംഭങ്ങളുടെ പുരോഗതിയനുസരിച്ചിരിക്കും.) 94 കോടി രൂപ കേന്ദ്രഗവർമ്മേണ്ടിൻെറയും സ്റ്റേററ് ഗവർമ്മേണ്ടുകളുടെയും കീഴിലുള്ള വ്യവസായസംരംഭങ്ങൾക്കുവേണ്ടി ചെലവഴിക്കും. ആരംഭിച്ചുവെച്ചിട്ടുള്ള സംരംഭങ്ങൾ പൂർത്തിയാകുന്നതിന്നു പുറമെ പുതുതായി ഒരു ഇരിമ്പുരുക്കു വ്യവസായശാലകൂടി സ്ഥാപിക്കുന്നതായിരിക്കും. ഇതിന്നു പദ്ധതികാലത്തേയ്ക്കു് മുപ്പതുകോടി രൂപയും കൊല്ലത്തേയ്ക്കു് ആകെ 80 കോടി രൂപയും ചെലവു വേണ്ടിവരും. ഇതിലേയ്ക്കു 15 കോടി രൂപ ഗവർമ്മേണ്ടു് മുതലിറക്കും. ബാക്കി മൂലധനമിറക്കുവാൻ ഇന്ത്യാക്കാരും വിദേശീയരുമായ സ്വകാര്യവ്യക്തികളെ ക്ഷണിക്കുന്നതായിരിക്കും. ഗവർമ്മേണ്ടു് തുടങ്ങുന്ന വ്യവസായങ്ങളധികവും രാജ്യത്തിലേക്കത്യാവശ്യമായ ഉല്പാദനോപകരണങ്ങളും നടുത്തരം സാധനങ്ങളും (അതായതു്, അവസാനരൂപത്തിലായിട്ടില്ലാത്ത സാധനങ്ങൾ) നിർമ്മിക്കുന്നതിലേക്കായിരിക്കും. ഇതിന്നും പുറമെ 50 കോടി രൂപ അടിസ്ഥാനവ്യവസായങ്ങളുടെയും വാഹനസൌകര്യങ്ങളുടെയും വികസനത്തിന്നും വകയിരുത്തിയിട്ടുണ്ടു്.

വ്യവസായരംഗത്തിൻെറ ഭൂരിഭാഗത്തിലും വികസനത്തിന്നുള്ള ബാദ്ധ്യത സ്വകാര്യവ്യാപാരികളുടെതായിരിക്കും. സ്വകാര്യവ്യവസായങ്ങളുടെ വികസനത്തിന്നു് 233കോടി രൂപയുടെ മൂലധനനിക്ഷേപം ആവശ്യമാണെന്നാണു് കമ്മീഷൻെറ മതിപ്പു്. ഇതിലും 80 % മൂലപദാർത്ഥങ്ങളുടെയും ഉല്പാദകോപകരണങ്ങളുടെയുംനിർമ്മാണത്തിന്നായിരിക്കും. ഇതിൽപ്രധാനപ്പെട്ടവ ഇരിമ്പുരുക്കു്

(43 കോടി രൂപ), പെട്രോൾ ശുദ്ധീകരണസ്ഥാപനങ്ങൾ (64 കോടി രൂപ), സിമിൻറ് (13 കോടി രൂപ), അലൂമിനിയം (90 കോടി രൂപ), രാസവളങ്ങൾ, ഘനരാസവ്യവസായങ്ങൾ, പൌവ്വർ ആൽക്കഹോൾ (12 കോടി രൂപ) എന്നിവയാണ്. 42 വ്യവസായങ്ങളെ സംബന്ധിച്ചുള്ള വികസനപരിപാടികൾ കമ്മീഷൻ തയ്യാറാക്കീട്ടുണ്ട്. ഉപഭോക്തൃപദാൎത്ഥങ്ങളുടെ കാൎയ്യത്തിൽ പൊതുവെ ഇപ്പോഴുള്ള യന്ത്രശാലകളെ പൂൎണ്ണമായി ഉപയോഗപ്പെടുത്തി ഉല്പാദനം വൎദ്ധിപ്പിക്കണമെന്നാണ് നിൎദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ കടലാസ്സ്, ഔഷധങ്ങൾ എന്നിങ്ങനെ ചിലവയുടെ കാൎയ്യത്തിൽ പുതിയ യന്ത്രശാലകളുടെ സ്ഥാപനവും, പരുത്തിനൂൽ, രോമനൂൽ എന്നിവയുടെ നിൎമ്മാണകാൎയ്യത്തിൽ നിലവിലുള്ളവയുടെ വികസനവും വിഭാവനം ചെയ്തിട്ടുണ്ട്.

മൂലധനനിക്ഷേപാൎത്ഥം വകകണ്ടിട്ടുള്ള മേല്പറഞ്ഞ സംഖ്യയ്ക്കുപുറമെ യന്ത്രനവീകരണത്തിന്നും പുനഃസ്ഥാപനത്തിന്നും മററും 150 കോടിരൂപ വേറെ വേണ്ടിവരുമെന്നും കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രവൎത്തനധനവും മററുള്ള പലതരം ചെലവുകളും കൂട്ടുകയാണെങ്കിൽ ആകെ വേണ്ടിവരുന്ന സംഖ്യ 707 കോടി രൂപയായിരിക്കും. പ്രധാനവ്യവസായങ്ങളുടെ വികസനംസംബന്ധിച്ച് പദ്ധതിയുടെ ലക്ഷ്യം അടുത്തപേജിൽ കാണിക്കുംപ്രകാരമാണ്.

ഈ പരിപാടികളുടെ സഫലീകരണം പണം വേണ്ടിടത്തോളം കിട്ടുന്നതിനെ ആശ്രയിച്ചിരിക്കും. അതിൽ പ്രധാനമായുള്ള പങ്ക് സ്വകാൎയ്യവ്യവസായികൾക്കാണുതാനും. രാജ്യത്തിലുള്ള സമ്പാദ്യം പരിമിതമായതുകൊണ്ടു് മൂലധനമിറക്കൽ നിയന്ത്രിച്ച് ഉദ്ദിഷ്ടമാൎഗ്ഗങ്ങളിലേയ്ക്കു് തിരിക്കേണ്ടതാണ്. 1951-ലെ വ്യവസായ(വികസനക്രമീകരണ)നിയമപ്രകാരം വ്യവസായസ്ഥാപനങ്ങൾക്ക് ലൈസൻസ് ഏൎപ്പെടുത്തുന്നതും ഇതിന്നു് സഹായകമാവും. ഈ നിയമത്തിൻെറ പരിധിയിൽ 37 വ്യവസായങ്ങളെ പെടുത്തിയിട്ടുണ്ട്. എന്നാൽ വികസനം സാധിക്കുവാൻ ചുങ്ക

| | 1950–'51 | 1955–'53 |
|---|---|---|
| 1. ഇരുമ്പുരുക്കുവ്യവസായം | | |
| പച്ചയിരുമ്പ് | 3·5 ലക്ഷം ടൺ | 6·6 ലക്ഷം ടൺ |
| സിമൻറ് | 26·9 ലക്ഷം ടൺ | 48·0 ലക്ഷം ടൺ |
| അലൂമിനിയം | 3·7 ലക്ഷം ടൺ | 12·0 ലക്ഷം ടൺ |
| വാർപ്പുരുക്ക് | 9·8 ലക്ഷം ടൺ | 13·7 ലക്ഷം ടൺ |
| 2. രാസവളവ്യവസായം * | | |
| അമോണിയംസൽഫേററ് | 46,300 ടൺ | 4,50,000 ടൺ |
| സൂപ്പർഫോസ്ഫേററ് | 55,100 ടൺ | 1,80,000 ടൺ |
| 3. തീവണ്ടിഎഞ്ചിനുകൾ * | .... | 150 ടൺ |
| 4. യന്ത്രായുധങ്ങൾ * | 11,000 ടൺ | 4,600 ടൺ |
| 5. പെട്രോൾശുദ്ധീകരണം | | |
| പെട്രോൾദ്രാവകം | .... | 40 കോടി ഗ്യാലൻ |
| ബീററുമെൻ | .... | 37,500 ടൺ |
| 7. പരുത്തിനൂൽവസ്ത്രങ്ങൾ | | |
| നൂൽ | 11,790 ലക്ഷം റാത്തൽ | 16,400 ലക്ഷം റാത്തൽ |
| മിൽത്തുണി | 37,180 ലക്ഷം വാര | 47,000 ലക്ഷം വാര |
| കൈത്തറിവസ്ത്രം | 8,100 ലക്ഷം വാര | 17,000 ലക്ഷം വാര |
| 8. ചണസ്സാമാനങ്ങൾ | 9 ലക്ഷം ടൺ | 12 ലക്ഷം ടൺ |
| 9. കാർഷികയന്ത്രങ്ങൾ | | |
| പമ്പുകൾ | 34,300 ലക്ഷം ടൺ | 85,000 ലക്ഷം ടൺ |
| ഡീസൽഎഞ്ചിനുകൾ | 5,500 ലക്ഷം ടൺ | 50,000 ലക്ഷം ടൺ |
| 10. സൈക്കിളുകൾ | 1,01,000 ലക്ഷം ടൺ | 5,30,000 ലക്ഷം ടൺ |
| 11. പവ്വർആൽക്കഹോൾ | 50 ലക്ഷം ഗ്യാലൻ | 180 ലക്ഷം ഗ്യാലൻ |

* ഗവണ്മേണ്ടുവക ഉല്പാദനവും ഇതിൽ പെടും.

സംബന്ധമായും മററുമുള്ള ചില പ്രത്യേകപ്രോത്സാഹനങ്ങൾ നൽകേണ്ടതായിവരും. ഓരോ വ്യവസായത്തിൻെറയും പ്രശ്നങ്ങൾ പഠിക്കാനും ഉല്പാദനവും നടത്തിപ്പും നന്നാക്കുവാനുമായി വികസനസമിതികൾ ഏർപ്പെടുത്തേണ്ടതാണു്. ഇതിലേയ്ക്കുള്ള സാങ്കേതികവിദഗ്ദ്ധരേയും ഉദ്യോഗസ്ഥന്മാരെയും ഗവമ്മേണ്ടു നിയമിക്കണം. രാജ്യത്തിലുള്ള പ്രധാനധാതുവിഭവങ്ങളുടെ ശരിയായൊരു വിവരം ലഭിക്കുവാൻ ഇന്ത്യാഗവമ്മേണ്ടിൻെറ ഭൂഗർഭവകുപ്പു് സമഗ്രമായ ഒരു സർവ്വേനടത്തുകയും, ദേശീയഗവേഷണാലയങ്ങൾ അവയുടെ ഗുണം പരിശോധിച്ചു മൂല്യം നിർണ്ണയിക്കേണ്ടതുമാണു്. ഇന്ത്യാഗവമ്മേണ്ടു് അടുത്തു് ഏർപ്പെടുത്തിയിട്ടുള്ള 11 ദേശീയഗവേഷണശാലകൾക്കുപുറമെ മൂന്നെണ്ണംകൂടി സ്ഥാപിക്കുവാൻ കമ്മീഷൻ ശുപാർശിചെയ്തിട്ടുണ്ടു്.

അഭ്യന്തരമൂലധനം വളരെ പരിമിതമായതുകൊണ്ടു് വിദേശീയമൂലധനത്തിൻെറ നിക്ഷേപം പ്രോത്സാഹിപ്പിക്കേണ്ടതാണു്. മുൻഗണന നൽകപ്പെട്ട വ്യവസായങ്ങളിലേയ്ക്കാണു് ഇതിനെ തിരിക്കേണ്ടതു്. പുതിയതരം ഉല്പാദനമാർഗ്ഗങ്ങൾ വികസിപ്പിക്കാനും പ്രത്യേക പരിചയവും സാങ്കേതികവൈദഗ്ദ്ധ്യവും ആവശ്യമുള്ളതും അഭ്യന്തരോല്പാദനം ആവശ്യത്തിന്നു പോരാതെവരുന്നതും ദേശീയവ്യവസായികൾക്കു വേണ്ടപോലെ വികസിപ്പിക്കുവാൻ സാധിക്കാത്തതുമായ രംഗങ്ങളിലാണു് വിദേശീയമൂലധനത്തിന്നു് പ്രവേശനമനുവദിക്കേണ്ടതു്. ഗവമ്മേണ്ടിൻെറ അനുമതിയോടുകൂടി ഇന്ത്യക്കാരും വിദേശീയരും പങ്കുചേർന്നുള്ള സംയുക്തസ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണു്.

## ഗ്രാമവ്യവസായങ്ങൾ

പദ്ധതിയിൽ ചെറുകിടവ്യവസായങ്ങൾക്കും ഗ്രാമവ്യവസായങ്ങൾക്കും കരകൌശലവേലകൾക്കും യഥാർത്ഥമായ പ്രാധാന്യം കല്പിച്ചിട്ടുണ്ടു്. ഗ്രാമവികസനപരിപാടികളിൽ ഇവയ്ക്കു് കേന്ദ്ര

സ്ഥാനമാണുള്ളതെന്നു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇവയുടെ വികസനത്തിന്നു് ആദ്യം 5 കോടി രൂപ വകയിരുത്തിയതു് പുതുക്കിയ പദ്ധതിപ്രകാരം 15 കോടി രൂപായാക്കിയിട്ടുണ്ടു്. ഇവയ്ക്കു പൊതുവെയായി പ്രത്യേക ഉല്പാദനമേഖലകൾ സംവരണംചെയ്യും, വൻകിടവ്യവസായങ്ങളുടെ വിപുലീകരണം തടഞ്ഞും,അവയുടെമേൽ നികുതിചുമത്തിയും, അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കുവാൻ ഏർപ്പാടുചെയ്യും, സഹകരണസംഘങ്ങൾ രൂപവൽക്കരിച്ചും, ഗവേഷണവും പരിശീലനവും സംയോജിപ്പിച്ചും ഈ വ്യവസായങ്ങളെ സഹായിക്കേണ്ടതാണു്. ഇവയുടെ ഉല്പന്നങ്ങൾ ചെലവാക്കുവാൻ ഗവർമ്മേണ്ടാവശ്യങ്ങൾക്കുള്ള 'സ്റ്റോർ' സാമാനങ്ങൾ ഇവയിൽനിന്നു വാങ്ങുകയും, അത്തരം സാധനങ്ങളുടെ ഇറക്കുമതി ക്രമേണ നിർത്തൽചെയ്യുകയും വേണ്ടതാണു്. ഇവയുടെ പ്രശ്നങ്ങളെപ്പററി ഗവേഷണം നടത്താൻ ഒരു കേന്ദ്രഗവേഷണാലയം തുറക്കുകയും വേണം.

താഴെക്കാണിക്കുന്ന 10 ഗ്രാമവ്യവസായങ്ങൾക്കു് വികസനപരിപാടികൾ വിദഗ്ദ്ധസഹായത്തോടുകൂടി രൂപവൽക്കരിച്ചു കഴിഞ്ഞിട്ടുണ്ടു്.

1) എണ്ണവ്യവസായം.
2) വേപ്പെണ്ണചേർത്തു സോപ്പുണ്ടാക്കൽ.
3) നെല്ലുകുത്തൽ.
4) പനഞ്ചക്കര.
5) ഗുറപ്പഞ്ചസാരയും, 'ഖണ്ഡസാരി'പഞ്ചസാരയും.
6) തോൽവ്യവസായം.
7) രോമക്കമ്പിളികൾ.
8) കൈകൊണ്ടു് ഉയന്നതരം കടലാസുനിർമ്മാണം.
9) തേനീച്ചവളർത്തൽ.
10) തീപ്പെട്ടിനിർമ്മാണം.

## ചെറുകിടവ്യവസായങ്ങൾ

അഭ്യസ്തവിദ്യർക്കും സാങ്കേതികപരിശീലനം ലഭിച്ചവക്കും, പ്രത്യേകിച്ചും വീട്ടമ്മമാക്കും, തൊഴിൽ നൽകുവാൻ ബാദ്ധ്യതയുൾക്കൊള്ളുന്നവയെന്ന നിലയിൽ ചെറുകിടവ്യവസായങ്ങളെ വ്യവസ്ഥിതമായ നിലയിൽ പോഷിപ്പിക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ആദ്യപടിയെന്ന നിലയിൽ രോമസ്സാമാനങ്ങൾ, വിനോദ(സ്പോർട്ട്സ്) സാമാനങ്ങൾ, കൃഷിപ്പണിസാമാനങ്ങൾ, പിത്തളസാമാനങ്ങൾ, ഓട്ടുസാമാനങ്ങൾ, സൈക്കിൾഭാഗങ്ങൾ മുതലായവയ്ക്കു് കേന്ദ്രഗവമ്മേണ്ടു് ഒരു വികസനപരിപാടി തയ്യാറാക്കിയിട്ടുണ്ടു്. പ്രധാനവ്യവസായങ്ങൾക്കു് കേന്ദ്രഗവമ്മേണ്ടും സ്റ്റേററുഗവമ്മേണ്ടുകളും സഹകരിച്ചു് ഇത്തരം പരിപാടികൾ തയ്യാറാക്കണം. ഉല്പാദനസമ്പ്രദായം നവീകരിക്കാനും കമ്പോളം വിപുലീകരിക്കാനുമുള്ള നടപടികളെടുക്കണം.

കരകൌശലവേലക്കാർ ഇന്നും മദ്ധ്യവർത്തികളെ ആശ്രയിച്ചാണു് ജീവിക്കുന്നതു്. അവരെ സഹകരണസ്ഥാപനങ്ങളിൽ സംഘടിപ്പിക്കുകയും, വിദേശക്കമ്പോളത്തിലെ ആവശ്യമനുസരിച്ചു് അവരുടെ ഉല്പാദനം ആസൂത്രണംചെയ്കയും വേണ്ടതാണു്. അവക്കു് സാങ്കേതികപരിജ്ഞാനവും മാർഗ്ഗദർശനവും ലഭിക്കുമാറാകുന്നതിന്നു് ഓരോ കൈവേലയ്ക്കും ഓരോ അസോസിയേഷൻ(സമാജം) സ്ഥാപിക്കേണ്ടതാണു്. സ്റ്റേററുകളിലെ വ്യവസായാധിപ്പാർട്ടുമെണ്ടുകൾ ഇത്തരം സഹകരണസംഘങ്ങളും സമാജങ്ങളും രൂപവൽക്കരിക്കുന്നതിൽ ശ്രദ്ധാലുക്കളാവേണ്ടതാണു്. കൈവേലക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും അതേ അവസരത്തിൽ സാധനങ്ങളുടെ തരം താഴ്ത്താതിരിക്കാൻ നിർബന്ധിക്കുന്നതിലും അവർ ജാഗരൂകരായിരിക്കണം. ഡിസൈനുകളെപ്പററി പഠനം നടത്തുന്നതിനും, പുതിയവ കണ്ടുപിടിക്കുന്നതിന്നുമായി ഒരു കേന്ദ്രസ്ഥാപനം ഏർപ്പെടുത്തുന്നതിൻെറ സാദ്ധ്യത കേന്ദ്രഗവമ്മേണ്ടു് ആലോചിക്കേണ്ടതുമാണു്. (ഉല്പാദനവും വിക്രയവും അഭിവൃദ്ധി

പ്പെടുത്തുവാൻ ഒരു കരകൌശലബോർഡ് ഗവമ്മെണ്ടു് ഏൎപ്പെടു ത്തിയിട്ടുണ്ടു്.)

## തൊഴിലാളിപ്രശ്നങ്ങൾ

ഇവയെ രണ്ടു നിലപാടുകളിൽനിന്നു് സമീപിക്കേണ്ടതാണു്. ഒന്നു്, തൊഴിലാളിവൎഗ്ഗത്തിന്റെ ക്ഷേമം; രണ്ടു്, രാഷ്ട്രത്തിന്റെ സാമ്പത്തികഭദ്രതയും പുരോഗതിയും. വ്യവസായരംഗത്തിലെ അഭിവൃദ്ധിലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കപ്പെടേണമെങ്കിൽ മുതലാളികളും തൊഴിലാളികളും തമ്മിൽ സൌഹാർദ്ദബന്ധമുണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. ട്രെയിഡ്യൂണിയനുകളെ സ്വാഗതംചെയ്യേണ്ടതാണു്. വ്യവസായത്തിന്റെ നന്മയും ജനതയുടെ ക്ഷേമവും പരിഗണിച്ചുകൊണ്ടു് ഒരനുരഞ്ജനമനോഭാവത്തോടുകൂടിയായിരിക്കണം തൊഴിൽത്തൎക്കങ്ങൾ തീൎക്കുന്നതു്. ഇതിന്നു് അനുരഞ്ജനസമിതികളെ നിശ്ചയിക്കാം. അവസാനത്തെ കൈയായി തൎക്കങ്ങൾ നിഷ്പക്ഷാന്വേഷണത്തിന്നും മാദ്ധ്യസ്ഥത്തിന്നും വെയ്ക്കാം. വരുമാനങ്ങളിലുള്ള പൊരുത്തക്കേടു് കുറയ്ക്കുന്നവിധത്തിലും, ദേശീയവരുമാനത്തിന്റെ യഥാൎത്ഥമായ ഭാഗം തൊഴിലാളികൾക്കു നൽകുന്നവിധത്തിലുമായിരിക്കണം വേതനനയം നിർണ്ണയിക്കുന്നതു്. പദ്ധതികാലത്തിന്നുള്ളിൽത്തന്നെ വ്യവസായങ്ങളിലെല്ലാം ചുരുങ്ങിയ കൂലിനിയമം നടപ്പിലാക്കേണ്ടതാണു്. വേതനപ്രശ്നങ്ങളുടെ കാൎയ്യത്തിൽ വേണ്ടുന്ന നടപടികളെടുക്കുവാൻ സ്ഥിരമായ ത്രിപക്ഷബോർഡുകൾ സ്റ്റേറ്റുകളിലും കേന്ദ്രത്തിലും ഏർപ്പെടുത്തുന്നതാണു്. തൊഴിലാളികളുടെ ക്ഷേമത്തെ ഉദ്ദേശിച്ചുള്ള പ്രവൎത്തനങ്ങൾക്കു പദ്ധതിയിൽ 6·74 കോടി രൂപ നീക്കിവെച്ചിട്ടുണ്ടു്.

## ഗതാഗതസൌകൎയ്യം

ഗതാഗതസൌകൎയ്യവും വാഹനസൌകൎയ്യവും വൎദ്ധിപ്പിക്കുന്ന കാൎയ്യത്തിൽ ഏററവുമധികം പ്രാധാന്യം നല്കിയിരിക്കുന്നതു

റെയിൽവേയ്ക്കാണ്. ഇതിന്നു നീക്കിവെച്ച സംഖ്യയിൽ 80 % റെയിൽവേയ്ക്കാണ്. ഇതിൽ ഭൂരിഭാഗവും റെയിൽവേയുടെ കേട്ടുപാടുകൾ തീൎക്കുന്നതിന്നും, അവയ്ക്കാവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന്നുമാണ് ഉപയോഗിക്കുക. അന്യരാജ്യാശ്രയം കുറയ്ക്കുന്നതിന്നു ഗവൎമ്മേണ്ടു് തീവണ്ടിഎഞ്ചിനുകൾ നിൎമ്മിക്കാൻ 15 കോടി രൂപ ചെലവുചെയ്തു. 'ചിത്തരഞ്ജൻ യന്ത്രശാല' സ്ഥാപിച്ചിട്ടുണ്ടു്. അവിടെനിന്നു് വർഷംപ്രതി 120 എഞ്ചിനുകളും 50 ബോയിലറുകളും നിൎമ്മിക്കപ്പെട്ടും. തീവണ്ടിഎഞ്ചിൻ നിൎമ്മിക്കുവാനുള്ള ടാററാ ലോക്കമോട്ടീവ് എഞ്ചിനീയറിങ്ങ് കമ്പനിക്കും ഗവൎമ്മേണ്ടു് ധനസഹായം ചെയ്തിട്ടുണ്ടു്.

പദ്ധതിയിൽ റെയിൽവേയുടെ അഭിവൃദ്ധിക്കു നീക്കിവെച്ചതു 400 കോടിരൂപയാണ്. (വൎഷംപ്രതി 80 കോടിരൂപ എന്ന തോതിൽ). കൂടാതെ, അടിസ്ഥാനവ്യവസായങ്ങൾക്കും വാഹനങ്ങൾക്കും നീക്കിവെച്ച 500 കോടി രൂപയിൽനിന്നു ചില പുതിയ റെയിൽവേകൾ പ്രതീക്ഷിക്കാം.

400 കോടി രൂപ ചെലവുവരുന്നതിൽ കേന്ദ്രവരുമാനത്തിൽനിന്നു് 80 കോടിരൂപ ചെലവുചെയ്യുന്നതായിരിക്കാം. ബാക്കി 320 കോടി രൂപ റെയിൽവേകൾ അവരുടെ സ്വന്തം വരുമാനത്തിൽനിന്നുതന്നെ ചെലവഴിക്കേണ്ടതാണ്. ഗതാഗതസൗകൎയ്യങ്ങളുടെ കാൎയ്യത്തിൽ പദ്ധതിയുടെ ലക്ഷ്യം താഴെക്കാണുംപ്രകാരമാണ്.

| | 1950–'51 | 1955–'56 |
|---|---|---|
| കപ്പൽ | (ടണ്ണേയ്ജ്) | |
| കടലോരവ്യാപാരം (ജി. ആർ. ടി. ആയിരക്കണക്കിൽ) | 211·0 | 315·5 |
| സമുദ്രമാൎഗ്ഗവ്യാപാരം ,, | 173·5 | 283·0 |

| റോഡുകൾ | | 1950–'51 | 1955–'56 |
| --- | --- | --- | --- |
| ദേശീയവൽനിരത്തുകൾ (High ways) | (1,000 നാഴിക കണക്കിൽ) | 11·6 | 12·5 |
| സാംസ്ഥാനികനിരത്തുകൾ | ,, | 17·6 | 20·6 |

കപ്പൽവികസനത്തിലുള്ള പരിപാടിപ്രകാരം 1955–'56 ലേയ്ക്കു് കടലോരവ്യാപാരത്തിന്നും സമുദ്രമാർഗ്ഗവ്യാപാരത്തിന്നുമായി 6 ലക്ഷം ടൺ സാമാനവാഹനസൌകര്യമുള്ള കപ്പലുകൾ ഉണ്ടായിരിക്കും. കപ്പലുകൾ വാങ്ങുന്നതിന്നു് 15 കോടി രൂപ കപ്പൽക്കമ്പനിക്കു് കടം നൽകുന്നതായിരിക്കും.

നിലവിലുള്ള 5 വലിയ തുറമുഖങ്ങളെ (കല്ക്കത്ത, ബോംബെ, മദിരാശി, കൊച്ചി, വിശാഖപട്ടണം) വികസിപ്പിക്കുന്നതിന്നും നവീകരിക്കുന്നതിന്നുമായി ഗവമ്മേണ്ടു് 12 കോടിരൂപാ ധനസഹായം ചെയ്യുന്നതായിരിക്കും. 15½ കോടി രൂപാ തുറമുഖാധികാരികളും ഇതിൻെറകൂടെ കൂട്ടുന്നതായിരിക്കും. പുതുതായി നിമ്മിക്കുന്ന കണ്ട്‌ല തുറമുഖത്തിന്നുവേണ്ടി പദ്ധതികാലത്തേയ്ക്കു് 12·05കോടി രൂപയുടെ ചെലവാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്.

ഹൈവേവികസനത്തിന്നു് കേന്ദ്രഗവമ്മേണ്ടു് 27 കോടി രൂപയാണു് നീക്കിവെച്ചിട്ടുള്ളതു്. ഇതുകൊണ്ടു് 450 നാഴികയോളം പുതിയറോഡുവെട്ടുന്നതും 2,200 നാഴിക പഴയറോഡ് നന്നാക്കുന്നതുമായിരിക്കും. കൂടാതെ 43 വൻപാലങ്ങളും അനേകം ചെറുപാലങ്ങളും കെട്ടും. ഇതിൽപെടാത്ത ചില പ്രത്യേകറോഡുകളുടെ വികസനത്തിന്നു 4 കോടി രൂപ വകയിരുത്തിയിട്ടുണ്ടു്. റോഡ്‌വികസനത്തിന്നു സ്റ്റെയിററുകൾ ആകെ ചെലവുചെയ്യുന്നതു് 73·54 കോടി രൂപയാണു്. വിമാനഗതാഗതസൌകര്യം അഭിവൃദ്ധിപ്പെടുത്തുവാൻ നിലവിലുള്ള വിമാനക്കമ്പനികളുടെ സംയോജനം അത്യാവശ്യമാകയാൽ ഗവമ്മേണ്ടു് അവ പ്രതിഫലം നൽകി ഏറെറടുക്കുന്നതിന്നും, പുതിയ വിമാനങ്ങൾ വാങ്ങുന്നതിന്നും 9½ കോടി രൂപ നീക്കിവച്ചിട്ടുണ്ടു്.

തപാൽകമ്പി-ടെലിഫോൺസൌകര്യങ്ങളുടെ വികസനത്തിന്നു 50 കോടി രൂപയാണു് വകയിരുത്തിയിട്ടുള്ളതു്. രണ്ടായിരമൊ അതിലധികമോ ജനങ്ങളുള്ള ഓരോ ഗ്രാമത്തിന്നും ഓരോ പോസ്റ്റാഫീസും, വലിയ നഗരങ്ങളിൽ വർദ്ധിച്ചതോതിൽ ടെലിഫോൺസൌകര്യങ്ങളും ഏർപ്പെടുത്തും.

## വാണിജ്യനയം

വാണിജ്യനയം പദ്ധതിയുടെ പ്രവർത്തനത്തിന്നു് ഉപയുക്തമാവണം. അതുകൊണ്ടു് അതു നിർണ്ണയിക്കുന്നതു താഴെപ്പറയുന്ന ഉദ്ദേശങ്ങളെ മുൻനിർത്തിയായിരിക്കണം:

1) പദ്ധതിയെ ഉല്പാദനോപഭോഗലക്ഷ്യങ്ങൾ നിറവേററുവാൻ സഹായിക്കുക.

2) വർദ്ധിച്ച കയററുമതി സാദ്ധ്യമാക്കുക.

3) വിദേശവ്യാപാരത്തിലുള്ള അടവുകമ്മി നമ്മുടെ അധീനത്തിലുള്ള നാണയത്തിൻെറ തുകയിലും കവിയാതിരിപ്പാൻ ശ്രദ്ധിക്കുക.

4) പദ്ധതിയുടെ പ്രവർത്തനത്തിന്നാവശ്യമായ ചുങ്കനയത്തിന്നും, വിലനയത്തിന്നും ഇണങ്ങുന്നവിധത്തിൽ കയററുമതിയും ഇറക്കുമതിയും ക്രമപ്പെടുത്തുക.

5) വിദേശവ്യാപാരബന്ധങ്ങളിലും, ആഭ്യന്തരവ്യവസായ വാണിജ്യങ്ങളിലും കൂടക്കൂടെകുഴപ്പമില്ലാതെ കഴിക്കുമാറു് വ്യാപാരനയം കഴിയുന്നേടത്തോളം തുടർച്ചയുള്ളതായിരിക്കും. 1955-'56 ആവുമ്പോഴേയ്ക്കും കയററുമതി 1948-49-നെ അപേക്ഷിച്ചു് 30 ശതമാനവും 1950-51-നെ അപേക്ഷിച്ചു് 13 ശതമാനവും 1948-49-നെ അപേക്ഷിച്ചു് 3 ശതമാനവും വർദ്ധിക്കുന്നതായിരിക്കും. കയററുമതിവർദ്ധന പരുത്തിവസ്ത്രങ്ങൾ, ചണസ്സാമാനങ്ങൾ, മാങ്കനീസ്, അയിര്, എണ്ണകൾ, കല്ക്കരി, കുരുമുളക്, പുകയില, ചൂടിസ്സാമാനങ്ങൾ, കമ്പിളിസ്സാമാനങ്ങൾ എന്നിവയുടെ

കാര്യത്തിലാണു് പ്രതീക്ഷിക്കുന്നതു്. തുന്നൽയന്ത്രങ്ങൾ, വസ്ത്രനിർമ്മാണയന്ത്രങ്ങൾ, ചെറുതരം യന്ത്രോപകരണങ്ങൾ, വൈദ്യുതവിശറികൾ, സൈക്കിളുകൾ, രാസപദാർത്ഥങ്ങൾ, സോപ്പു്, സിമൻറു്, തീപ്പെട്ടി മുതലായ സാധനങ്ങൾ പുതുതായി കയററിഅയയ്ക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. കയററുമതി പോഷിപ്പിക്കുവാൻ ഇപ്പോൾ ചുങ്കനികുതിയിലൊരുഭാഗം തിരിച്ചുകൊടുക്കുന്ന സമ്പ്രദായം വിപുലീകരിക്കേണ്ടതാണു് എന്നു കമ്മീഷൻ ശുപാർശിചെയ്തിരിക്കുന്നു.

## സാമൂഹ്യസേവനങ്ങൾ

I. ആരോഗ്യം:—ഏതുരംഗത്തിലും ദേശീയപുരോഗതിക്കു് ആരോഗ്യം അത്യന്താപേക്ഷിതമാകയാൽ സുമാർ 100 കോടി രൂപ (കേന്ദ്രം 18 കോടി രൂപ) ആരോഗ്യസംരക്ഷണപരിപാടികൾക്കു് വകയിരുത്തിയിട്ടുണ്ടു്. അതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കു് മുൻഗണനനൽകിയിട്ടുണ്ടു്:

1) ശുദ്ധജലംകിട്ടുമാറാക്കലും, ശുചീകരണവും.

2) മലമ്പനിനിവാരണം.

3) ആരോഗ്യകേന്ദ്രംമുഖാന്തിരം ഗ്രാമീണജനതയ്ക്കുവേണ്ടിയുള്ള രോഗനിരോധനനടപടികൾ.

4) മാതാക്കൾക്കും ശിശുക്കൾക്കും ആരോഗ്യസംരക്ഷണകേന്ദ്രങ്ങൾ.

5) ആരോഗ്യവിഷയകമായ വിദ്യാഭ്യാസം.

6) ഔഷധങ്ങളിലും ഉപകരണങ്ങളിലും സ്വയംപര്യാപ്തത.

7) കുടുംബാസൂത്രണവും ജനസംഖ്യാനിയന്ത്രണവും.

വൈദ്യസഹായത്തിനു ചെലവാക്കുന്ന 48 കോടി രൂപയിൽ നിന്നു് 50 ശതമാനത്തിലധികം ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കും, സുമാർ 49 ശതമാനം വൈദ്യവിദ്യാഭ്യാസത്തിന്നും പരിശീലനത്തിന്നും ആണു്. ഇതിൽ ഒരു സർവ്വേന്ത്യാ മെഡിക്കൽ

ഇൻസ്റ്റിററ്യൂട്ടിൻെറ സ്ഥാപനവും, മദിരാശി, തിരു-കൊച്ചി മുതലായ ചില സംസ്ഥാനങ്ങളിലെ മെഡിക്കൽകോളേജുകളുടെ പ്രവൃത്തി പൂർത്തിയാക്കലും പെടും. ഇതിൻെറയെല്ലാം ഫലമായി വൈദ്യവിഭാഗത്തിൽ താഴെക്കാണിക്കുന്ന വദ്ധനവു പ്രതീക്ഷിക്കാം:

| | 1950–'51 | 1955–'56 | |
|---|---|---|---|
| ഡോക്ടർമാർ | 2,504 | 2,782 | 11·1 % |
| കംപൌണ്ടർമാർ | 894 | 1,621 | 81·3 ,, |
| നേഴ്സുകൾ | 2,212 | 3,000 | 35·6 ,, |
| മിഡ്വൈഫുകൾ | 1,407 | 1,932 | 37·3 ,, |
| വൈദ്യന്മാരും 'ഹക്കിമു'കളും | 914 | 1,117 | 22·2 ,, |

ആശുപത്രികളേയും ഡിസ്പെൻസറികളെയും സംബന്ധിച്ചേടത്തോളം ലക്ഷ്യം താഴെക്കാണിക്കുംപ്രകാരമാണു്:

| | 1950–'51 | 1955–'56 | |
|---|---|---|---|
| ആശുപത്രികളുടെഎണ്ണം | 2,014 | 2,062 | 2·4 % |
| ഡിസ്പെൻസറികൾ | | | |
| നഗരങ്ങൾ | 1,358 | 1,695 | 24·8 ,, |
| ഗ്രാമങ്ങൾ | 5,229 | 5,840 | 11·6 ,, |
| കിടക്കകൾ-ആശുപത്രിയിൽ | 1,06,478 | 1,17,222 | 10·1 ,, |
| ,, ഡിസ്പെൻസറികളിൽ | | | |
| നഗരങ്ങൾ | 2,013 | 2,233 | 11·4 ,, |
| ഗ്രാമങ്ങൾ | 5,066 | 5,582 | 10·2 ,, |

ആരോഗ്യപരിപാടികൾക്കുവേണ്ടി 51·45 കോടി രൂപയാണു് ചെലവുവരിക. ഇതിൽ ഭൂരിഭാഗവും ശുദ്ധജലം നൽകുവാനും അഴുക്കുചാലുകൾ കെട്ടുന്നതിന്നും മലമ്പനിനിരോധനനടപടികൾക്കുമാണു്. ഇന്ത്യയിൽ സർവ്വപ്രധാനമായ രോഗമെന്നനിലയിൽ മലമ്പനിയുടെ നിവാരണത്തിന്നുവേണ്ടി 17 കോടി രൂപ വകയിരുത്തിയിട്ടുണ്ടു്. (10 കോടി കേന്ദ്രം.) ക്ഷയരോഗം, കുഷ്ഠം, ലൈംഗികരോഗങ്ങൾ എന്നിവയുടെ ചികിത്സാസൌകര്യം വർദ്ധിപ്പിക്കുവാനും ഏർപ്പാടുചെയ്യുന്നതാണു്.

മാതാക്കളുടേയും കുട്ടികളുടേയും ആരോഗ്യത്തിന്ന് കൂടെക്കൂടെ ഉള്ള പ്രസവം ഹാനികരമാകയാൽ പ്രസവം കുറേ വിട്ടുവിട്ടാകുമാറ് കുടുംബാസൂത്രണം ചെയ്യേണ്ടതാണ്. ഇതിന്നുള്ള വിവിധ മാർഗ്ഗങ്ങളെപ്പററി വിവരം ശേഖരിക്കുവാനും, പരീക്ഷണം നടത്തുവാനും ഉപദേശവും പരിശീലനവും നൽകുവാനും, ജനസംഖ്യാമാററവും സാമ്പത്തികസാമൂഹ്യമാററങ്ങളും തമ്മിലുള്ള ബന്ധം പഠിക്കുവാനും മററും ഏർപ്പാടുചെയ്യുന്നതാണ്. ഇതിന്ന് കേന്ദ്രഗവൺമെണ്ട് 65 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. (ഗവൺമെണ്ട് ഒരു ജനസംഖ്യാനയക്കമ്മിററിയേയും ഒരു കുടുംബാസൂത്രണക്കമ്മിററിയേയും നിയമിച്ചിട്ടുണ്ട്.

II. വിദ്യാഭ്യാസം:— ഒരു പ്രജായത്ത വ്യവസ്ഥയിൽ ആസൂത്രണത്തിന്റെ വിജയം ജനങ്ങളുടെ സഹകരണമനോഭാവത്തിന്റേയും സുശിക്ഷിതപൌരത്വത്തിന്റേയും, പൊതുജനോത്സാഹത്തിന്റേയും പ്രാദേശികനേതൃത്വത്തിന്റേയും വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. അവകാശത്തിന്നുപരിയായി ഉത്തരവാദിത്വത്തെ കരുതുവാൻ വ്യക്തികളെ പരിശീലിപ്പിക്കുന്നവിധത്തിലായിരിക്കണം വിദ്യാഭ്യാസം. വിദ്യാഭ്യാസരംഗത്തിൽ ആവശ്യമായിട്ടുള്ളതു് താഴെപ്പറയുന്ന സംഗതിക്കാണ്:

വിദ്യാഭ്യാസവ്യവസ്ഥയുടെ നവീകരണവും വിവിധഘട്ടങ്ങൾ തമ്മിൽ ശരിയായ വേഴ്ചയുളവാക്കലും, പല രംഗങ്ങളിലും, പ്രത്യേകിച്ചും അടിസ്ഥാനവിദ്യാഭ്യാസത്തിന്റേയും സാമൂഹ്യവിദ്യാഭ്യാസത്തിന്റേയുംകാര്യത്തിൽ വിപുലീകരണം, ഗ്രാമദേശങ്ങളുടെ ആവശ്യങ്ങൾക്കുതകുന്നവിധത്തിൽ ഉന്നതവിദ്യാഭ്യാസവ്യവസ്ഥയുടെ രൂപവല്ക്കരണവും, നിലവിലുള്ള സെക്കണ്ടറി–സർവ്വകലാശാലാവിദ്യാഭ്യാസവ്യവസ്ഥകളുടെ പരിഷ്കരണവും, സ്ത്രീവിദ്യാഭ്യാസസൗകര്യ വിപുലീകരണം, അദ്ധ്യാപികാദ്ധ്യാപകന്മാരുടെ പരിശീലനം, അദ്ധ്യാപനജോലിക്കാരുടെ വ്യവസ്ഥകൾ പരിഷ്കരിക്കലും ശമ്പളത്തോതുയർത്തലും, വിദ്യാഭ്യാസത്തിലഭിവൃദ്ധി കൈവരാത്ത പിന്നണിസമുദായകക്കും സ്റ്റേററുകൾക്കും സഹായം—വിവിധഘട്ടങ്ങളി

ലും സാങ്കേതികവിദ്യാഭ്യാസസൗകര്യത്തിന്റെ ആവശ്യകത കമ്മീഷൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. പദ്ധതിയിൽ ആകെ 155 കോടിരൂപയാണ് വിദ്യാഭ്യാസത്തിന്നുവേണ്ടി വകയിരുത്തീട്ടുള്ളതു്. ഇതിൽ കേന്ദ്രത്തിന്റെ വിഹിതം 38 കോടി രൂപയും സ്റ്റേറ്റുകളുടേതു് 117 കോടി രൂപയും ആണ്. പ്രാഥമികസ്കൂളുകളുടെഎണ്ണം 17 ശതമാനവും, ജൂനിയർബെയിസിക്ക്സ്കൂളുകളുടെ എണ്ണം 22 ശതമാനവും, സെക്കണ്ടറിസ്കൂളുകളുടെ എണ്ണം 18 ശതമാനവും, സാങ്കേതികവിദ്യാലയങ്ങളുടെ എണ്ണം 57 ശതമാനവും കണ്ടു് വർദ്ധിപ്പിക്കാനാണ് ഉദ്ദേശം. വിദ്യാർത്ഥികളുടെ വർദ്ധനയെസംബന്ധിച്ചുള്ള ലക്ഷ്യം താഴെക്കാണിക്കുംപ്രകാരമാണ്:

| | 1950-'51 | 1955-'56 |
|---|---|---|
| | (ലക്ഷക്കണക്കിൽ) | |
| പ്രാഥമികവിദ്യാലയങ്ങളിൽ | 151·1 | 187·9 |
| ജൂനിയർബെയിസിക്ക്സ്കൂളുകളിൽ | 29·0 | 52·8 |
| സെക്കണ്ടറിസ്കൂളുകളിൽ | 43·9 | 57·8 |
| | (ആയിരക്കണക്കിൽ) | |
| വ്യവസായസ്കൂളുകളിൽ | 14·8 | 21·8 |
| മററു സാങ്കേതികവിദ്യാലയങ്ങളിൽ | 26·7 | 43·6 |

ഭൂരിഭാഗം ജനങ്ങളും നിരക്ഷരരായ ഈ രാജ്യത്തിൽ സമുദായോദ്ധാരണത്തിന്നു വിദ്യാഭ്യാസം അതിപ്രധാനമാകയാൽ കേന്ദ്രഗവമ്മേണ്ടു് സാമൂഹ്യവിദ്യാഭ്യാസത്തിന്നു് 7½കോടിരൂപ നീക്കിവെച്ചിട്ടുണ്ടു്. സ്റ്റേറ്റുകൾക്കും ഈ കാര്യത്തിൽ പ്രത്യേകം പരിപാടികളുണ്ടു്. ഈ പരിപാടികളെ വിപുലമാക്കുവാനുള്ള പല നിർദ്ദേശങ്ങളും പദ്ധതിയിൽ നല്കിയിട്ടുണ്ടു്. വിദ്യാർത്ഥികളുടെ സാമൂഹ്യസേവനക്യാമ്പുകൾക്കു് 1 കോടി രൂപ പ്രത്യേകം നീക്കിവെച്ചിട്ടുണ്ടു്.

**III.** ഭവനനിർമ്മാണം:— പാർപ്പിടസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്നു് പദ്ധതിയിൽ 48·59 കോടി രൂപയാണ് (38·5 കോടിരൂപ കേന്ദ്രത്തിൽനിന്നും ബാക്കി സംസ്ഥാനങ്ങളിൽനിന്നും)

വകയിരുത്തിയിട്ടുള്ളതു്. ഇതിൽ മുൻഗണന നൽകുന്നതു് ജനത്തിരക്കുള്ള വ്യവസായകേന്ദ്രങ്ങളിൽ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന്നാണു്. ഇക്കാര്യത്തിൽ കേന്ദ്രഗവമ്മേണ്ടു് സഹായിക്കുന്നതാണു്. സംസ്ഥാനഗവമ്മേണ്ടുകൾ ഉൾനാട്ടുകളിൽ പാർപ്പിടങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിലാണു് അധികം ശ്രദ്ധിക്കേണ്ടതു്. സംസ്ഥാനഗവമ്മേണ്ടുകൾക്കു് കേന്ദ്രഗവമ്മേണ്ടു് നിർമ്മാണച്ചെലവിൻെറ 50 ശതമാനം സഹായധനമായും, ബാക്കി 50 ശതമാനം 25 കൊല്ലത്തിന്നുള്ളിൽ മടക്കിഅയയ്ക്കേണ്ടുന്ന കടമായും നൽകുന്നതാണു് ഇതിലും ചുരുങ്ങിയൊരു തോതിൽ സഹായധനവും കടവും, തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണം നടത്തുന്ന സ്വകാര്യവ്യവസായികൾക്കും, തൊഴിലാളിസഹകരണസംഘങ്ങൾക്കും നൽകുന്നതാണു്. ഈ പരിപാടികൾ നടപ്പിൽവരുത്തുവാനൊരു കേന്ദ്രഭവനനിർമ്മാണബോർഡും, പ്രാദേശികഭവനനിർമ്മാണബോർഡുകളും, ഏർപ്പെടുത്തുവാൻ കമ്മീഷൻ ശുപാർശചെയ്തിട്ടുണ്ടു്. കൂടാതെ ഭവനനിർമ്മാണസമ്പ്രദായങ്ങളെ സംബന്ധിച്ചു് ഗവേഷണങ്ങൾ നടത്താനും നൂതനസമ്പ്രദായങ്ങൾ പ്രചരിപ്പിക്കാനും ഒരു ദേശീയ ഗവേഷണസമിതി ഏർപ്പെടുത്തേണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടു്.

## പ്രാദേശികപ്രവൃത്തിപരിപാടികൾ

ജനങ്ങൾതന്നെ സ്വമേധയാ ആരംഭിക്കുന്നതും, അനൌദ്യോഗികസംഘടനകൾമുഖേന നടത്തുന്നതുമായ അതാതു ദേശങ്ങളിലെ അഭിവൃദ്ധിപരിപാടികൾക്കു കേന്ദ്രഗവമ്മേണ്ടു് ആകെ ചെലവിൽ 50 ശതമാനം എന്ന തോതിൽ സഹായം നൽകുന്നതായിരിക്കും. ഇതിന്നു് 15 കോടി രൂപ നീക്കിവെച്ചിട്ടുണ്ടു്. പണമായോ, പ്രയത്നമായോ സാധനങ്ങളായോ ബാക്കി 50 ശതമാനം നാട്ടുകാർ സ്വന്തമായോ, അല്ലെങ്കിൽ തദ്ദേശഭരണസഭകളോ, സംസ്ഥാനഗവമ്മേണ്ടുകളോ, എല്ലാവരുംകൂടിയോ എടുക്കണം. ഗവമ്മേണ്ടു് ഓരോ അഭിവൃദ്ധിപരിപാടിക്കും കവിഞ്ഞതു 10,000 രൂ.

എന്ന തോതിൽ നൽകും. താഴെപ്പറയുന്നതരത്തിലുള്ളവയാണു് ഇതിൽ ഉൾപ്പെടുത്തുവാൻ ഏററവും യോജിച്ചവ.

(1) കുടിക്കാൻ ശുദ്ധജലം കിട്ടുമാറാക്കുന്ന സംരംഭങ്ങൾ;

(2) സ്ഥിരം കൃഷിപരിഷ്കരണപദ്ധതികൾ;

(3) ഗ്രാമങ്ങളിൽ നിരത്തു വെട്ടലും, ചെറുതരം പാലങ്ങളും ഓവുപാലങ്ങളും നിർമ്മിക്കലും;

(4) വിദ്യാലയങ്ങളുടേയും ഡിസ്പെൻസറികളുടേയും എടുപ്പുകൾ നന്നാക്കൽ;

(5) സാധനങ്ങൾ സൂക്ഷിപ്പാനുള്ള ഗുദാമുകൾ കെട്ടൽ.

ഇത്തരം മററു് ഉദ്യമങ്ങൾക്കും സഹായം ലഭിക്കും. എന്നാൽ ഇവയെല്ലാം പ്രവൃത്തിതീർന്നാലും നല്ലനിലയിൽ നിർത്തി സംരക്ഷിച്ചുപോരുവാനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരിക്കണം. ഇതു ഗ്രാൻറുകിട്ടുവാനുള്ള ഒരു പ്രധാന നിബന്ധനയാണു്. അവികസിതപ്രദേശങ്ങൾക്കും, മററുപദ്ധതികളില്ലാത്ത പ്രദേശങ്ങൾക്കും പ്രത്യേകം പരിഗണന നൽകുന്നതാണു്.

## സാമൂഹ്യക്ഷേമം

സ്ത്രീകളുടെയും, കുട്ടികളുടെയും, യുവാക്കളുടേയും, കായികവും മാനസികവുമായ കഴിവുകേടുള്ളവരുടേയും, പിന്നണിസമുദായങ്ങളുടേയും ക്ഷേമത്തിൻെറകാര്യത്തിൽ കേന്ദ്രഗവമ്മേണ്ടും സംസ്ഥാനഗവമ്മേണ്ടുകളും കൂടുതൽ ഉത്തരവാദിത്വം ഏറെറടുക്കേണമെന്നു് കമ്മീഷൻ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. പക്ഷെ ഇതിൻെറ ഭാരം അധികഭാഗവും വഹിക്കേണ്ടതു സ്വമേധയാ സൗജന്യസേവനങ്ങൾ നൽകിവരുന്ന ധമ്മസ്ഥാപനങ്ങളും സംഘങ്ങളുമാണു്. അവരുടെ പ്രവത്തനം വിപുലീകരിക്കുന്നതിന്നും ശക്തിപ്പെടുത്തുന്നതിന്നമായി പദ്ധതിയിൽ 4 കോടി രൂപ നീക്കിവെച്ചിട്ടുണ്ടു്. ഇതു വേണ്ടവിധം വിതരണംചെയ്യാൻ ഒരു സാമൂഹ്യക്ഷേമബോർഡ് ഏപ്പെടുത്തുന്നതാണു്. സാമൂഹ്യപരിഷ്കരണത്തിന്നു് ആവശ്യ

മായ നിയമനിർമ്മാണങ്ങൾ ഗവമ്മേണ്ടു് ചെയ്യേണ്ടതുമാണു്. പിന്നണി സമുദായകരുടെ ക്ഷേമത്തിനുവേണ്ടി ആകെ 41 കോടി രൂപ വകയിരുത്തീട്ടുണ്ടു്. ഇതു 180 ലക്ഷം ഗോത്രവർഗ്ഗക്കാരുടേയും, 5 കോടി പട്ടികജാതിക്കാരുടേയും, 50 ലക്ഷം മററുപിന്നണി സമുദായക്കാരുടെയും ഉന്നമനത്തിനുവേണ്ടിയാണു്.

## സാമൂഹ്യോൽക്കഷ്പദ്ധതിയും ദേശീയവികസന സർവ്വീസും

ഉപപദ്ധതികളിൽ മുഖ്യമായതാണിതു്. ഗ്രാമങ്ങളിലെ സാമൂഹ്യജീവിതത്തിലും, സാമ്പത്തികജീവിതത്തിലും ഒരു പരിവത്തനം വരുത്തുവാനുള്ള പരിപാടിയാണിതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഗ്രാമീണജീവിതം വിവിധാംശങ്ങളായി ഭാഗിപ്പാൻ സാദ്ധ്യമല്ലെന്നും, അതിനെ ആകമാനം സ്പർശിക്കുന്ന ഒരു പരിപാടി ആവശ്യമാണെന്നും കണ്ടിട്ടാണു് ഇതു രൂപവല്ക്കരിച്ചിരിക്കുന്നതു്. എല്ലാതരം ഗ്രാമസേവനവും ഒരേ സംഘടന മുഖാന്തിരമായാൽ അതു കൂടുതൽ ഫലപ്രദമായിരിക്കും. അതിനുള്ള ആൾ ഗ്രാമപ്രവത്തകനാണു്.

ഈ പരിപാടിയുടെ ഉദ്ദേശം ഗ്രാമജീവിതത്തിൻെറ സർവ്വതോമുഖമായ സമുദ്ധാരണമാണു് കൃഷി, കുടിൽവ്യവസായങ്ങൾ, കന്നുകാലിസംരക്ഷണം, ഗതാഗതസൗകര്യങ്ങൾ, പാർപ്പിടസൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, ശുചീകരണം എന്നിവയെല്ലാം അഭിവൃദ്ധിപ്പെടുത്തി ഗ്രാമീണജനതയുടെ ജീവിതത്തോതുയത്തുന്നതാണു്. ഓരോ പ്രോജക്ട് പ്രദേശവും സുമാർ 500ച. നാഴികയും $1\frac{1}{2}$ ലക്ഷം ഏക്കർ കൃഷിസ്ഥലവും 2ലക്ഷം ജനസംഖ്യയും ഉൾക്കൊള്ളുന്ന 300 ഗ്രാമങ്ങളടങ്ങിയതായിരിക്കും. അതിനെ 100 ഗ്രാമങ്ങളും,60,000 മുതൽ 70,000 വരെ ജനസംഖ്യയുള്ള മൂന്നുവികസനബ്ലോക്കുകളായി തിരിക്കുന്നതാണു്. ഓരോബ്ലോക്കും ഓരോ ഗ്രാമസേവകൻെറ പ്രവത്തനപരിധിയിൽവരുന്ന തരത്തിൽ അയ്യഞ്ചു ഗ്രാമങ്ങളടങ്ങിയ ഗ്രൂപ്പുകളായി തിരിക്കുന്നതാണു്.

ഓരോ ഗ്രാമീണപദ്ധതിക്കും മൂന്നുകൊല്ലത്തേയ്ക്കു് സുമാർ 65 ലക്ഷം * രൂപയും, ഓരോ നഗരഘടകവുംകൂടി ഉൾപ്പെടുന്ന സങ്കരപദ്ധതിക്കു് 111 ലക്ഷം രൂപയും ചെലവുവരുമെന്നു് കണക്കാക്കിയിരിക്കുന്നു. പ്രാരംഭച്ചെലവു് കേന്ദ്രഗവർമ്മെണ്ടും, സ്റ്റേറ്റുഗവർമ്മേണ്ടും 75 ശതമാനം : 5 ശതമാനം എന്ന തോതിലും, തുടർച്ചച്ചെലവു് 50 ശതമാനം : 25 ശതമാനം എന്ന തോതിലും വഹിക്കണം. മൂന്നുകൊല്ലം കഴിഞ്ഞാൽ എല്ലാച്ചെലവും സ്റ്റേറ്റുഗവർമ്മേണ്ടുതന്നെ വഹിക്കണമെന്നാണു വെച്ചിട്ടുള്ളതു്. (സാമൂഹ്യോൽക്കർഷപദ്ധതി നടപ്പിൽവരുത്തുവാൻ 1952 ജനുവരിയിലെ ഇന്ത്യാ അമേരിക്കാസാങ്കേതികസഹകരണക്കരാർപ്രകാരം അമേരിക്ക ധനസഹായം നൽകുന്നതാണു്. അമേരിക്കയിലെ ഫോർഡുസ്ഥാപനവും ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടു്.)

സാമൂഹ്യോൽക്കർഷപദ്ധതിയുടെ അടിസ്ഥാനംതന്നെ സ്വാശ്രയവും സ്വയം സഹായവുമാണു്. അതുകൊണ്ടു് എല്ലാ പ്രവൃത്തികളിലും ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും നേടേണ്ടതാണു്. റോഡുവെട്ടൽ, കിണർകുഴിക്കൽ, വിദ്യാലയംപണിയൽ മുതലായ വികസനപരിപാടികൾക്കുവേണ്ടുന്ന കായികാദ്ധ്വാനം ജനങ്ങളിൽനിന്നു് സ്വമേധയായിത്തന്നെ ലഭിക്കണം. ഇതിന്നു് ഓരോ പ്രദേശത്തും സാമൂഹ്യപ്രവർത്തകരും, കൃഷിക്കാരും, ജനപ്രതിനിധികളും, സഹകരണപ്രവർത്തകരും അടങ്ങിയ ഉപദേശകസമിതി ഏർപ്പെടുത്തുന്നതാണു്. ഭാരതസേവകസമാജവും ഇത്തരം സഹകരണം സമ്പാദിക്കുന്ന കാര്യത്തിൽ സഹായിക്കുന്നതാണു്.

ഗ്രാമങ്ങളിൽ സാമൂഹ്യസാമ്പത്തികപരിവർത്തനം വരുത്തുവാനുള്ള മാർഗ്ഗമാണു് സാമൂഹ്യോൽക്കർഷപദ്ധതിയെങ്കിൽ, അതിന്നുള്ള

* ഇതിൽ 20 ലക്ഷം രൂപ ജലസേചനത്തിന്നും, 110 ലക്ഷം രൂപ റോഡുനിർമ്മാണത്തിന്നും 7 ലക്ഷം രൂപ വിദ്യാഭ്യാസത്തിന്നും $4\frac{1}{2}$ ലക്ഷം രൂപ.കുടിൽവ്യവസായപോഷണത്തിന്നും 4 ലക്ഷം രൂപ ശുദ്ധജലം ലഭ്യമാക്കുന്നതിന്നും, ബാക്കി ഭവനനിർമ്മാണം, ഭരണച്ചെലവു്, ഉപകരണങ്ങൾ എന്നിവയ്ക്കുമാണു്.

ഉപാധിയാണു് ദേശീയവികസനസർവീസ്. ഇതിൻെറ പ്രധാന ഉദ്ദേശം ഗ്രാമീണനൻെറ വാതിൽക്കൽ നാനാവിധമായ വിജ്ഞാനവും എത്തിക്കുകയാണു്. കൃഷി, കന്നുകാലിവളത്തൽ, പരസ്പര സഹായപ്രസ്ഥാനം എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധോപദേശം നൽകുവാൻ പ്രാപ്തരായവർ പ്രോജക്ട്കേന്ദ്രത്തിൽ ഉണ്ടായിരിക്കും. ഗ്രാമപ്രവർത്തകൻ, അഥവാ 'ഗ്രാമസേവകൻ,' കൃഷിശാസ്ത്രത്തിലും മററും പരിശീലനംസിദ്ധിച്ച ആളായിരിക്കും. പ്രവർത്തകർക്കു വേണ്ടി 5 പരിശീലനകേന്ദ്രങ്ങൾ തുറക്കുന്നുണ്ടു്. പ്രവർത്തകർക്കു ഗവേഷണവിദഗ്ദ്ധരുടെ സഹായവും ലഭിക്കുന്നതായിരിക്കും. ഗവേഷണഫലങ്ങളെപ്പററിയുള്ള വിവരങ്ങൾ ജനങ്ങളെ ധരിപ്പിക്കുക അവരുടെ പ്രധാനജോലിയാണു്. പദ്ധതികാലത്തു് 1,200 സർവ്വീസ് വികസനബ്ളോക്കുകൾ ഏർപ്പെടുത്തുവാനാണു് ഉദ്ദേശം. ഓരോ ബ്ളോക്കിലും അത്യാവശ്യസാധനങ്ങളുണ്ടാക്കുന്ന ഒരു ചെറുതരം തൊഴിൽകേന്ദ്രവും ഉണ്ടായിരിക്കും. ഓരോ ബ്ളോക്കും 100 ഗ്രാമങ്ങളെ സ്പർശിക്കുന്നവിധത്തിലായിരിക്കും. ഓരോബ്ളോക്കിനും 7½ ലക്ഷം രൂപ ചെലവുവരുമെന്നാണു് മതിപ്പു്. (അങ്ങനെ മൂന്നുകൊല്ലത്തേയ്ക്കു് ആകെ 90 കോടി രൂപ വേണ്ടിവരും.) പദ്ധതികാലത്തു് 1,20,000 ഗ്രാമങ്ങൾ, അതായതു ഗ്രാമീണജനതയുടെ നാലിലൊരുഭാഗം ഈ സർവ്വീസിൻെറ പ്രവർത്തനപരിധികളിൽ കൊണ്ടുവരുന്നതായിരിക്കും.

ദേശീയവികസനസർവ്വീസിൻെറ പ്രവർത്തനഫലമായി കർഷകർ കൂടുതൽ വായ്പയ്ക്കും കാർഷികോപകരണപണിയായുധങ്ങൾക്കും ആവശ്യപ്പെടുന്നതായിരിക്കും. ഈ ആവശ്യം തൃപ്തികരമായി നിറവേററിക്കൊടുക്കുന്നതിനെ ആശ്രയിച്ചിരിക്കും സർവ്വീസിൻെറ വിജയം.

## അഭയാർത്ഥികളെ കുടിയിരുത്തൽ

വിഭജനത്തിനുശേഷം ഇന്ത്യയിലെത്തിയ അഭയാർത്ഥികളുടെ കണക്കു് 1951-ലെ കാനേഷുമാരിപ്രകാരം 75 ലക്ഷമാണു്.

ഇവക്കു പാൎപ്പിടസൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, തൊഴിൽ പരിശീലനം നൽകുക, തൊഴിലുണ്ടാക്കിക്കൊടുക്കുക, കൃഷിസ്ഥലം വീതിച്ചുകൊടുക്കുക, വ്യാപാരം നടത്താൻ പണം കടംകൊടുക്കുക എന്നീ സഹായങ്ങളെല്ലാം ഗവൎമ്മേണ്ടു് ചെയ്തുവരുന്നുണ്ടു്. 1952 മാർച്ചിലേയ്ക്കു് 38 കോടി രൂപ ചെലവുചെയ്തു് $1\frac{1}{2}$ ലക്ഷം ഭവനങ്ങൾ നിൎമ്മിച്ചുകഴിഞ്ഞിരുന്നു. അടുത്ത രണ്ടു കൊല്ലങ്ങളിൽ നിൎമ്മിക്കുവാൻപോകുന്ന 50,000 വീടുകൾക്കു് 21 കോടി രൂപയാണു് ചെലവുമതിച്ചിട്ടുള്ളതു്. 5,000 രൂപ വരെയുള്ള ചെറു കടങ്ങൾ 1952 മാർച്ചുവരെക്കും 2 ലക്ഷംപേൎക്കു നല്കിയിട്ടുണ്ടു്. 1952-'53-ലും, 1953-'54-ലും യഥാക്രമം 15,000 കുടുംബങ്ങൾക്കും, 11,500 കുടുംബങ്ങൾക്കും കടം നൽകേണ്ടിവരും. വലിയ വ്യാപാരസംരംഭങ്ങൾക്കായി ഇങ്ങനെ 1952 വരെ 4 കോടി രൂ. കടം അനുവദിച്ചിട്ടുണ്ടു്. അടുത്ത കൊല്ലങ്ങളിൽ യഥാക്രമം 2 കോടിയും 3 കോടിയും രൂപ വേണ്ടിവരുമെന്നാണു മതിപ്പു്. പാക്കിസ്ഥാനിൽ ഇളക്കാത്ത സ്വത്തുക്കളുള്ളവരും, ഇന്ത്യയിൽ ജീവിതവൃത്തിക്കു വഴിയില്ലാത്തവരുമായവൎക്കു് ആളെണ്ണം 100 രൂപവരെ അലവൻസ് നൽകിവരുന്നുണ്ടു്. ഇതു് 16,000 പേൎക്കു ലഭിക്കുന്നുണ്ടു്. ഹരിജനങ്ങളെ കുടിയിരുത്തുന്ന കാൎയ്യത്തിൽ ഒരു പ്രത്യേക ബോർഡുതന്നെ പ്രവൎത്തിച്ചുവരുന്നുണ്ടു്.

ആകെ 1952 മാർച്ചുവരേയ്ക്കും അഭയാൎത്ഥികളെ കുടിയിരുത്താൻ ഗവൎമ്മേണ്ടിന്നു 90·54 കോടി രൂപ ചെലവായിട്ടുണ്ടു്. 1952-'53-ലേയ്ക്കു് 27·81 കോടി രൂപയും, 1953-'54-ലേയ്ക്കു് 29·14 കോടി രൂപയും വകയിരുത്തിയിട്ടുണ്ടു്.

## തൊഴിൽ

ഇന്ത്യയിൽ തൊഴിലില്ലായ്മയും തൊഴിൽക്കുറവും വളരെക്കാലമായിട്ടുള്ളതാണു്. ഇതിന്നു പ്രധാനകാരണം ജനസംഖ്യാവൎദ്ധനയും പഴയ ഗ്രാമവ്യവസായങ്ങളുടെ തിരോധാനവും, വ്യവസായാഭിവൃദ്ധിയുടെ അഭാവവും, അഭയാൎത്ഥിപ്രവാഹവുമാണു്. അടു

ത്തകാലത്തായി തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നുണ്ടെന്നാണ് തൊഴിൽഎക്സ്ചേഞ്ചുകളിലെ കണക്കുകൊണ്ടു് കാണുന്നതു്.

"പദ്ധതിയുടെ പ്രധാന ഉദ്ദേശത്തിലൊന്നു് തൊഴിൽസൌകര്യങ്ങൾ വദ്ധിപ്പിക്കുകയും ജനസാമാന്യത്തിൻെറ ജീവിതത്തോതുയത്തുകയുമാണ്." ഗ്രാമീണരുടെ തൊഴിലില്ലായ്മയുടെ ഭയങ്കരതനിമിത്തം അതിന്നാണ് ഏററവുമധികം പരിഗണന നൽകീട്ടുള്ളതു്. അതു് ലഘൂകരിക്കാനുള്ള നടപടികളിൽ പ്രധാനപ്പെട്ടവ ജലസേചനപദ്ധതികളും, തരിശുനിലം കൃഷിയോഗ്യമാക്കാനുള്ള വൻതോതിലുള്ള സംരംഭങ്ങളും, കുടിൽവ്യവസായങ്ങളുടേയും കൈവേലകളുടേയും സമുദ്ധരണവും പരിപോഷണവും ആണ്. സങ്കരകൃഷിസമ്പ്രദായവും, കൃഷിപ്രവൃത്തി ഇല്ലാത്ത കാലങ്ങളിൽ പൊതുമരാമത്തു പണികളുമാണ് മററു രണ്ടു മാർഗ്ഗങ്ങൾ.

എന്നാൽ നഗരപ്രദേശങ്ങളിലും ഇപ്പോൾ ഈ വിഷമപ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നു. യുദ്ധാനന്തരകാലത്തു ചെറുകുടിൽവ്യവസായങ്ങൾക്കു് നേരിട്ട അധഃപതനം ഈ പ്രശ്നത്തെ കൂടുതൽ വിഷമതരമാക്കിത്തീത്തു. നിലവിലുള്ള വൻവ്യവസായങ്ങൾ വിപുലീകരിക്കുകയും, പുതിയവ സ്ഥാപിക്കുകയും ചെയ്യുന്നതോടൊപ്പം ചെറുകിടവ്യവസായങ്ങൾക്കു സഹായവും അത്തരം വ്യവസായങ്ങൾ പുതുതായി തുടങ്ങുവാൻ പ്രോത്സാഹനവും നൽകുന്നതായാൽ ഈ പ്രശ്നത്തിന്നു് കുറച്ചൊക്കെ പരിഹാരമുണ്ടാവുമെന്നു് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നു.

പദ്ധതി എത്രകണ്ടു് തൊഴിൽ വദ്ധിപ്പിക്കുമെന്നു് കൃത്യമായി തിട്ടപ്പെടുത്തിപ്പറയുവാൻ വിസ്തരിച്ചുള്ള സ്ഥിതിവിവരക്കണക്കുകളുടെ അഭാവത്തിൽ പ്രയാസമാണെങ്കിലും സുമാർ അതെത്രവരുമെന്നു് കമ്മീഷൻ കണക്കാക്കീട്ടുള്ളതിപ്രകാരമാണ്.

| | വഷംപ്രതി വദ്ധന |
|---|---|
| (1) ചെറുകിടവ്യവസായങ്ങടക്കമുള്ള വ്യവസായങ്ങൾ | 4 ലക്ഷം പേക്കു് |
| (2) വൻകിട ജലസേചനപദ്ധതികളും വിദ്യുച്ഛക്ത്യുല്പാദനസംരംഭങ്ങളും | 7½ ,, ,, |

| | | |
|---|---|---|
| | | വർഷംപ്രതി വർദ്ധന |
| (3) കൃഷി | | |
| | (i) കൂടുതൽ ജലസേചനംമൂലം | 14 ലക്ഷം പേർക്ക് |
| | (ii) കുളങ്ങൾ നന്നാക്കുകമൂലം | 1½ " " |
| | (iii) തരിശുനിലം വീണ്ടെടുക്കുക (ഭൂമികൃഷിയോഗ്യമാക്കുക)മൂലം | 7½ " " |
| (4) ഭവനനിർമ്മാണവും മറ്റു നിർമ്മാണപ്രവൃത്തികളും | | 1 " " |
| (5) റോഡുകൾ | | 2 " " |
| (6) കുടിൽവ്യവസായങ്ങൾ | | 20 " " |
| | (ഉപതൊഴിലുകൾ | 36 ലക്ഷംപേർക്ക്) |
| (7) വ്യാപാരം, ഗതാഗതസൌകര്യങ്ങൾ, പ്രാദേശികപരിപാടികൾ മുതലായവ | | (ഇവിടെ അധികം തൊഴിലിന്നു വകയുണ്ടു്. തിട്ടപ്പെടുത്തുക സാദ്ധ്യമല്ല.) |

(പിന്നീടുള്ള മതിപ്പുപ്രകാരം വിദഗ്ദ്ധരും സ്വല്പവിദഗ്ദ്ധരുമായ 83,000 പേർക്കും അവിദഗ്ദ്ധരായ അതിന്റെ ഇരട്ടിപ്പേർക്കും സാമൂഹ്യോൽക്കർഷപദ്ധതി തൊഴിൽനൽകുമെന്നു് കണക്കാക്കീട്ടുണ്ടു്.)

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ യുദ്ധത്തിന്നുമുമ്പുതന്നെ ഭയങ്കരരൂപം പ്രാപിച്ചിരുന്നു. യുദ്ധകാലത്തു പട്ടാളസർവ്വീസ്സിലും രാജ്യരക്ഷാപരമായ വ്യവസായങ്ങളിലും ഉള്ള ജോലികൾ കാരണം ഇതിന്റെ ഭയങ്കരത ലഘൂകരിക്കപ്പെട്ടു. എന്നാൽ യുദ്ധസമാപ്തി ഈ പ്രശ്നത്തെ വീണ്ടും മുൻപന്തിയിൽ കൊണ്ടുവന്നു. വിഭജനം അതിനു് കാഠിന്യംകൂട്ടി. പദ്ധതി കാർഷികോല്പാദനവർദ്ധനയ്ക്കു പ്രാധാന്യം നൽകുന്നതുകൊണ്ടും, വ്യവസായവികസനത്തിന്നുള്ള അടിത്തറ പണിയാൻമാത്രം ശ്രമിക്കുന്നതുകൊണ്ടും അഭ്യസ്തവിദ്യർക്കുള്ള തൊഴിൽസൌകര്യങ്ങൾ വികസിപ്പിക്കുവാനു

ള്ള സാദ്ധ്യത പരിമിതമാണു്. എന്നാലും ആശ്വാസനടപടികളെന്ന നിലയിൽ ചില ഹ്രസ്വകാലപരിപാടികൾ ആവശ്യമാണ് എന്നുകണ്ടു് കമ്മീഷൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

(a) സാങ്കേതിപ്രവർത്തകർക്ക്—ഉദാ:—ഡോക്ടർമാർ, എഞ്ചിനീയറന്മാർ മുതലായവർക്ക്—നൽകുന്ന ശമ്പളം പരിശീലനച്ചെലവുകൾക്കനുയോജ്യമായ തോതിലാക്കുക, സ്വകാര്യഡിസ്പെൻസറിക്കു സഹായധനം നൽകൽ തുടങ്ങിയുള്ള പ്രോത്സാഹനങ്ങൾ നൽകുക.

(b) കോളേജുകളിൽ താത്വികപരിജ്ഞാനം നൽകുന്നതോടൊപ്പം പ്രായോഗികപരിശീലനവുംകൂടി നൽകി, കോമേഴ്സ് മുതലായ ചില ഡിഗ്രികളെ തൊഴിലുടമകൾക്കു കൂടുതൽ ഉപയോഗപ്രദമാക്കുക.

(c) അഭ്യസ്തവിദ്യർക്ക് കായികാദ്ധ്വാനത്തോടുള്ള വെറുപ്പു് നീക്കുവാൻ ശ്രമിക്കുകയും, അത്തരം തൊഴിലുകളിൽ പരിശീലനം നേടാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(d) പരിചയമില്ലാത്ത യുവാക്കൾക്കു് അപ്രൻടീസ് പരിശീലനത്തിന്നു് ഏർപ്പാടുചെയ്യുക. പ്രായംകടന്നവർക്ക് പബ്ളിക്കുസർവ്വീസുകളിൽ കുറച്ചുഭാഗം നീക്കിവെക്കുക.

(e) തൊഴിലവസരങ്ങളനുസരിച്ചു് ജോലി തിരഞ്ഞെടുക്കാൻ യുവാക്കളെ ഉപദേശിക്കുന്നതിന് പ്രത്യേകം സ്ഥാപനങ്ങൾ ഏർപ്പെടുത്തുക. മേൽപറഞ്ഞവയ്ക്കുപുറമെ ഉദ്യോഗതിരക്കിൽ കുറയ്ക്കുവാൻ താഴെചേർത്ത രണ്ടു മാർഗ്ഗങ്ങളവലംബിക്കാം.

(1) 500 മുതൽ 5,000 രൂപവരെ മൂലധനച്ചെലവു് വരുന്ന ചെറുകിടവ്യവസായങ്ങൾ സ്ഥാപിക്കുവാൻ അഭ്യസ്തവിദ്യർക്ക് പണം കടംകൊടുത്തും, തൊഴിൽപരിശീലനസൌകര്യം നൽകിയും സഹായിക്കുക.

(2) വ്യവസായങ്ങൾ വളൎന്നുവരുവാൻ സഹായിക്കുന്നതി

ന്ന് വാഹനസൌകര്യങ്ങളും, വിദ്യുച്ഛക്തി, ജലം, വാതകം മുതലായ സൌകര്യങ്ങളുമുള്ള ഫാക്ടറിസ്ഥലങ്ങൾ ഏർപ്പെടുത്തുക.

## പദ്ധതിയുടെ പുരോഗതി (ആദ്യത്തെ രണ്ടുകൊല്ലം)

പഞ്ചവത്സരപദ്ധതിയുടെ രണ്ടുകൊല്ലത്തെ പുരോഗതി കാണിക്കുന്ന റിപ്പോർട്ട് പ്ലാനിങ്ങ്മന്ത്രി 1953 മെയ് 15-ാംനു പാർലമെൻറിൽ സമർപ്പിക്കുകയുണ്ടായി. പദ്ധതിയിൽ ഉൾപ്പെടുന്ന കാര്യങ്ങൾ മിക്കതും ദീർഘകാലസൂത്രിതങ്ങളാകയാൽ പ്രവൃത്തി തുടങ്ങിയ ഉടനെ അവകൊണ്ടുള്ള നേട്ടങ്ങൾ തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. പ്രത്യേകിച്ചും വൻകിട ജലസേചന പദ്ധതികളുടേയുംമററും സ്ഥിതി ഇതാണ്. എങ്കിലും രാഷ്ട്രപുനർനിർമ്മാണശ്രമങ്ങൾ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ടെന്നു് ഇതിൽനിന്നു വ്യക്തമാവുന്നതാണ്. ഇടക്കാലത്തെ പദ്ധതി നടപ്പിൽവരുത്താൻ ചെലവാക്കിയതു 535 കോടി രൂപയാണ്. ആകെ പഞ്ചവത്സര പദ്ധതിക്കു ചെലവുകണ്ടതു്2,069 കോടി രൂപയാകയാൽ 70 ശതമാനം ചെലവ് പിന്നത്തെ 3 കൊല്ലത്തേക്ക് അവശേഷിക്കുന്നു. ഈ കാലത്തു് കേന്ദ്രഗവർമ്മേണ്ടു് സ്റ്റേററുകൾക്കു 71·7കോടി രൂപയുടെ ധനസഹായം നൽകീട്ടുണ്ട്. 1953-'54-ലേയ്ക്കുള്ള ചെലവ് 415 കോടി രൂപയായിരിക്കുമെന്നാണ് ധനകാര്യമന്ത്രിയുടെ മതിപ്പു്. അതു 1951-'52-നെ അപേക്ഷിച്ച് 15 കോടി രൂപ അധികമായിരിക്കും.*

പദ്ധതിമൂലമുണ്ടായ അഭിവൃദ്ധി

| | |
|---|---|
| വൻകിട പദ്ധതികൾമൂലം ജലസേചനസൗകര്യം ലഭിച്ച സ്ഥലം | 142 ലക്ഷം ഏക്കർ |
| വിദ്യുച്ഛക്ത്യുല്പാദനം | 3·15 ,, കി. വാ |
| കാർഷികോല്പാദനവർദ്ധന (1951-'52) | |
| ഭക്ഷ്യധാന്യങ്ങൾ | 115 ലക്ഷം ടൺ |

* 1953 നവമ്പർ 21-ാംനു പാർലമെണ്ടിൽ ചെയ്ത പ്രസ്താവന.

| | |
|---|---|
| ചണം | 14 ലക്ഷം കെട്ട് |
| പരുത്തി | 39 ,, ,, |
| കരിമ്പ് | 3 ലക്ഷം ടൺ |
| കൃഷിസ്ഥലവദ്ധന | 60 ലക്ഷം ഏക്കർ |
| പുതുതായി നിർമ്മിച്ച തീവണ്ടി എഞ്ചിനുകൾ (ചിത്തരഞ്ജൻ ഫാക്ടറിയിൽ) | 58 |
| പുതിയ റെയിൽവേകോച്ചുകൾ (1951–'52) | 643 |
| പുതിയ റെയിൽവേവാഹനങ്ങൾ(1951 ഏപ്രിൽ മുതൽ 1952 ഡിസംബർ വരെ) | 8,000 |
| ചിത്തരഞ്ജനിൽ ഉണ്ടാക്കിയ എഞ്ചിൻഭാഗങ്ങൾ | 70 % |
| കടലോരവ്യാപാരത്തിന്നുള്ള കപ്പൽസൗകര്യം | 77,000 ടൺ |
| വിശാഖപട്ടണംകപ്പൽനിർമ്മാണശാലയിലുണ്ടാക്കിയകപ്പൽ | 6 |
| പുതിയ (ഹൈവേയും പ്രധാനറോഡുകളും) | 380 നാഴിക. |
| നിലവിലുള്ള റോഡുകൾ നന്നാക്കിയതു് | —1,050 നാഴിക |
| പുതിയ പാലങ്ങൾ (വലിയതു്) | — 17 |

## കാർഷികാഭിവൃദ്ധി

കാഷികരംഗത്തിൽ പൊതുവെ അഭിവൃദ്ധി തൃപ്തികരമാണു്. ചണയുടേയും എണ്ണവിത്തുകളുടേയും ഉല്പാദനം മാത്രമേ ലക്ഷ്യത്തിലും കുറഞ്ഞിട്ടുള്ളൂ. 1951-'52–ൽ അധികഭക്ഷ്യോല്പാദനപദ്ധതിയനുസരിച്ചു് 8 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ കൂടുതലുണ്ടാക്കി. പ്രസ്തുതവഷത്തിൽ ഉളവാക്കിയ ജലസേചനസൗകര്യമനുസരിച്ചു് 8 ലക്ഷം ഏക്കർ ഭൂമി കൂടുതലായി കൃഷിക്കുപയുക്തമായിരിക്കുന്നതിനാൽ 2·7 ലക്ഷം ടൺ പിന്നേയും ഉല്പാദിപ്പിക്കാവുന്നതാണു്. 4·14 ലക്ഷം ഏക്കർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ടു്. തുണ്ടുനിലങ്ങളുടെ സംയോജനം നടത്തുകയും, കാർഷികാവശ്യത്തിന്നു കൂടുതൽ കടങ്ങൾ അനുവദിക്കുകയും ചെയ്തിട്ടുണ്ടു്.

സഹായധനം നൽകി കുഴൽകിണറുകളും സാധാരണ കിണറുകളും കുഴിച്ചിട്ടുണ്ടു്. വെള്ളംതേവാനുള്ള പമ്പുകളുടെ ഉപയോഗം കൂടുതലായി പ്രചരിപ്പിച്ചിട്ടുണ്ടു്. (1951-'52-ൽ 2,800-ൽപരം സെററുകൾ കൃഷിക്കാൎക്കുകൊടുത്തിട്ടുണ്ടു്.) കൂടാതെ നാനാതരം വളങ്ങൾ വിതരണംചെയ്തിട്ടുണ്ടു്. ശാസ്ത്രീയദോഹദങ്ങളുടെ ഉപയോഗം ഗണ്യമായി വൎദ്ധിച്ചിട്ടുണ്ടു്. കന്നുകാലിസംരക്ഷണത്തിന്നുവേണ്ടി 18 ഗോസദനങ്ങൾ ഏൎപ്പെടുത്തീട്ടുണ്ടു്.* വിത്തിൻെറയും വളത്തിൻെറയുംവിതരണം കുറച്ചുകൂടി ത്വരിതപ്പെടുത്തേണ്ടതുണ്ടു്. മീൻപിടുത്തം (മത്സ്യവ്യവസായം)പോഷിപ്പിക്കുവാൻ ചില നടപടികളൊക്കെ എടുത്തിട്ടുണ്ടു്. കോഴിക്കോട്ടും ബാങ്ക്ളൂരും ഓരോ വലിയ കോൾഡ്സ്റ്റോറേജ് സ്ഥാപനങ്ങൾ ഏൎപ്പെടുത്തീട്ടുണ്ടു്. വിദേശങ്ങളിൽനിന്നുള്ള സാങ്കേതികവിദഗ്ദ്ധരും മീൻപിടുത്ത സാമഗ്രികളും മൂലം, നോർവെയുടെ സഹായത്തോടെ, തിരു: കൊച്ചിയിൽ 38 ലക്ഷം രൂപയുടെ ഒരു വികസനപദ്ധതി ഏൎപ്പെടുത്തീട്ടുണ്ടു്.

1951-'52-ൽ 41·34 ലക്ഷം രൂപയും 1952-'53ൽ 221·43 ലക്ഷം രൂപയും ക്ഷാമബാധിത പ്രദേശമുള്ള സ്റ്റേററുകൾക്കു് സഹായധനമായി നൽകീട്ടുണ്ടു്. കൂടാതെ 233 ലക്ഷം രൂപയുടെ കടവും കൊടുത്തിട്ടുണ്ടു്.

## ജലസേചനവും വിദ്യുച്ഛക്തിയും

ഇവയുടെ കാൎയ്യത്തിൽ പുരോഗതി പദ്ധതിയിലെ ലക്ഷ്യത്തിലും കവിഞ്ഞിരിക്കുന്നു. ജലസേചനപദ്ധതികൾക്കു് 190 കോടി രൂപ ചെലവാക്കി. 14·2 ലക്ഷം ഏക്കർ സ്ഥലത്തു വെള്ളമെ

---

* 1953 നവമ്പറിൽ യൂനിയൻ ഭക്ഷ്യോല്പാദനക്കമ്മീഷൻ സർസർദാർ ദത്താർസിങ് ഗോസംവർദ്ധനാവാരം ഉൽഘാടനംചെയ്തുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ 21 ഗോസദനങ്ങളും, 310 കന്നുകാലിവളൎത്തുകേന്ദ്രങ്ങളും 112 കൃത്രിമ ബീജാധാനകേന്ദ്രങ്ങളും പ്രവൎത്തിച്ചുവരുന്നുണ്ടെന്നു പ്രസ്താവിച്ചു.

ത്തിച്ചു. (206 കോടി രൂപയായിരുന്ന രണ്ടുകൊല്ലത്തേയ്ക്കു് ചെലവുമതിച്ചിരുന്നതു്.) വിദ്യുച്ഛക്ത്യുല്പാദനത്തിന്നു് ആദ്യം വെച്ച ലക്ഷ്യം 2·89 ലക്ഷം കിലോവാട്ട്സാണെങ്കിലും ഉല്പാദിപ്പിച്ചതു 3·15ലക്ഷം കി. വാട്ട്സാണു്. (കേന്ദ്രഗവൺമെണ്ടിൻെറ വിവിധോദ്ദേശപദ്ധതികൾ മുഖേന 1 ലക്ഷം ഏക്കറും സ്റ്റേററുകളുടെ പദ്ധതികൾമുഖേന 13 ലക്ഷം ഏക്കർ ഭൂമിയും ജലസേചിതമാക്കി. വിദ്യുച്ഛക്ത്യുല്പാദനം യഥാക്രമം 54,000 കി. വാട്ട്സും 2,61,000 കി. വാട്ട്സും ആയിരുന്നു.

## വ്യവസായവികസനം

(1) വൻകിട വ്യവസായങ്ങൾ:—വ്യവസായ രംഗത്തിൽ, സ്വകാര്യവിഭാഗത്തിലും ഗണ്യമായ പുരോഗതി ഉണ്ടായി. പൊതുവിഭാഗത്തിൽ സിന്ദ്രി വളനിർമ്മാണശാല, ചിത്തരഞ്ജൻ തീവണ്ടിഎഞ്ചിൻനിർമ്മാണശാല, ബാങ്കളൂരിലെ ഇന്ത്യൻ ടെലിഫോൺനിർമ്മാണശാല, ആലുവായിലെ (റെയർ എർത്ത്സ്)മോണാസൈററ് ഫാക്ടറി, ആലിപ്പൂരിലെ പുതിയ കമ്മട്ടം, ബാങ്കളൂരിന്നടുത്തുള്ള യന്ത്രോപകരണനിർമ്മാണശാല, അംബരനാഥിലെ ദേശരക്ഷാവ്യവസായശാല എന്നിങ്ങനെ ചില പ്രധാന സ്റ്റേററ് വ്യവസായങ്ങൾ ഉല്പാദനമാരംഭിച്ചു. ബോംബെക്കടുത്തു് 2 എണ്ണ ശുദ്ധീകരണശാലകളുടെ നിർമ്മാണമാരംഭിച്ചു.

സ്വകാര്യവിഭാഗത്തിൽ 1951-ൽ നിർമ്മാണമാരംഭിച്ച ചില വ്യവസായസ്ഥലങ്ങളിൽ 1953-ലേക്കു് ഉല്പാദനം തുടങ്ങിയിരിക്കുന്നു. സിമൻറു്, വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന ധാതുവസ്തുക്കൾ, വളം, ചികിത്സോപകരണങ്ങൾ, പരുത്തിത്തുണി, എഞ്ചിനീയറിങ്ങ്‌വ്യവസായം, ഇരുമ്പു്, ഉരുക്കു്, കടലാസ്സു്, തുന്നൽ യന്ത്രങ്ങൾ, സൈക്കിളുകൾ, കൃത്രിമപ്പട്ടു്, ചണസ്സാമാനങ്ങൾ, ചക്രങ്ങൾ മുതലായവ ഇതിലുൾപ്പെട്ടും. ആദ്യത്തെ രണ്ടു വർഷങ്ങളിൽ ഇതിലുണ്ടായിട്ടുള്ള മൂലധനനിക്ഷേപത്തിൻെറ തുക

52 കോടി രൂപയാണ്; അടുത്ത വർഷത്തിലേയ്ക്കു് 53 കോടി രൂപയുടെ നിക്ഷേപമുണ്ടാവുമെന്നാണ് പ്രതീക്ഷ.

ആഭ്യന്തരോല്പാദനം പൊതുവിൽ വർദ്ധിച്ചിട്ടുണ്ടു്. അസംസ്കൃതവസ്തുക്കളുടെ, പ്രത്യേകിച്ചു് ചണം, പരുത്തി ഇവയുടെ, ഉല്പാദനം ഗണ്യമായി വർദ്ധിക്കുകയും, തത്സംബന്ധമായ വ്യവസായങ്ങൾ ഈ വർദ്ധന വേണ്ടപോലെ ഉപയോഗപ്പെടുത്തുകയും ചെയ്തു. വ്യവസായോല്പാദനം 1950-നെ അപേക്ഷിച്ചു് 15—20 ശതമാനം ഏറി. റെയിൽവേ പരിഷ്കരണം നിമിത്തം വ്യവസായോല്പാദനങ്ങളുടേയും അസംസ്കൃതവസ്തുക്കളുടേയും ഉല്പാദനവും വിതരണവും ക്രമപ്പെടുത്തുവാൻ സാധിച്ചു.

(2) ചെറുകിടവ്യവസായങ്ങൾ:—ഇവയുടെ വികസനത്തിന്നും സംരക്ഷണത്തിന്നുമായി ചില പ്രത്യേക സ്ഥാപനങ്ങൾ ഏർപ്പെടുത്തീട്ടുണ്ടു്.

1953 ജനുവരിയിൽ ഒരു ഖാദി കുടിൽവ്യവസായബോർഡ് ഏർപ്പെടുത്തി. അസംസ്കൃതവസ്തുക്കളും പ്രവർത്തനോപകരണങ്ങളും ശേഖരിച്ചു് നൽകുക, പ്രവൃത്തിയിൽ വേണ്ട പരിശീലനം നൽകുക, ഗവേഷണം നടത്തുക, വില്പനക്കമ്പോളം കാണുക ഇതെല്ലാമാണ് ബോർഡിന്റെ കർത്തവ്യം. ബോർഡ് ചില സബ്കമ്മിററികളെ നിശ്ചയിച്ചിട്ടുമുണ്ടു്.

1952 നവമ്പറിൽ ഒരു കരകൌശലവേലാബോർഡ് വേറെയും സ്ഥാപിച്ചു. കൈവേലവസ്തുക്കളുടെ ഉല്പാദനവും വില്പനയും മററും പരിഷ്കരിക്കുന്നതിനു് ഗവർമ്മേണ്ടിനെ ഉപദേശിക്കാനാണ് ഈ ബോർഡ്. (പായ്നെയ്ത്തു്, മൺപാത്രനിർമ്മാണം എന്നിവയുടെ വികസനസാദ്ധ്യതയെപ്പററി ബോർഡ് ആലോചന നടത്തിയിട്ടുണ്ടു്. ഈ വ്യവസായോല്പന്നങ്ങളുടെ പ്രദർശനവും ഡൽഹിയിൽ നടത്തി.)

കൈത്തറിഖാദിവ്യവസായം പോഷിപ്പിക്കുന്നതിനു് പണ

മുണ്ടാക്കുവാൻ മിൽത്തുണിക്കു് വാരയ്ക്കു 3 പൈവീതം പ്രത്യേക നികുതിചുമത്തി—മില്ലുകളിൽനിന്നു് രക്ഷനൽകുവാനായി വർണ്ണസാരിയും, 40-ാം നമ്പരിൽ താഴെയുള്ള കരയുള്ള ദോത്തികളും കൈത്തറിക്കു് സംവരണംചെയ്തു കൊടുത്തിട്ടുണ്ടു്. കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കുവാൻ സ്റ്റേററുഗവമ്മേണ്ടുകൾക്കു് 1951-'53-ൽ 9 ലക്ഷം രൂപയിലധികം സഹായധനം നൽകിയിട്ടുണ്ടു്. യന്ത്രങ്ങൾ വാങ്ങുന്നതിനും മററുമായി സുമാർ 16 ലക്ഷം രൂപ അനുദ്യോഗസ്ഥസംഘടനകൾക്കു നൽകി. (അഖിലേന്ത്യാചർക്കാസംഘത്തിനു് നൽകിയ 11 ലക്ഷം രൂപയും ഇതിലുൾപ്പെടും.) 1953-'54-ലേയ്ക്കു് കൈത്തറിവ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി കേന്ദ്രഗവമ്മേണ്ടു് 4 കോടി രൂപാ നീക്കിവെച്ചിട്ടുണ്ടു്. വിവിധസ്റ്റേററുകളും പരിപോഷണപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടു്.* നെയ്ത്തുകാരെ സഹകരണസംഘങ്ങളിൽ ചേർത്തു പ്രവൃത്തിയെടുപ്പിക്കാനാണു് ശ്രമിച്ചുവരുന്നതു്. കൈത്തറിത്തുണി വില കുറച്ചു വില്ക്കാൻ 1 കോടി രൂപ കിഴിവുസംഖ്യ അനുവദിച്ചിട്ടുണ്ടു്. രാജ്യത്തിനകത്തും പുറത്തും കമ്പോളവിപുലീകരണത്തിനു് ഒരഖിലേന്ത്യാകൈത്തറി സഹകരണസംഘം സ്ഥാപിക്കാൻ അനുമതി നൽകീട്ടുണ്ടു്. കൂടാതെ മദിരാശിയെ കേന്ദ്രമാക്കിക്കൊണ്ടും, ബോംബെ, നാഗപ്പൂർ, ബനാറീസ്, കൽക്കത്ത എന്നിവിടങ്ങളിൽ ഒരു കേന്ദ്രവില്പനസംഘടന ഏർപ്പെടുത്തുവാൻ അഖിലേന്ത്യാ കൈത്തറിബോർഡിനു് അനുമതി നല്കിയിട്ടുണ്ടു്. ഉപഭോക്താക്കളുടെ ആവശ്യം മനസ്സിലാക്കുക, ഉല്പാദനം മാതൃകാപരമാക്കുക, സ്റ്റേററുകൾ തമ്മിലുള്ള പ്രവത്തനത്തെ പരസ്പരം ബന്ധപ്പെടുത്തുക എന്നിവയാണു് ഇതിൻെറ ചുമതലകൾ.

---

* 1953 ഡിസംബറിലേയ്ക്കു് 11 സ്റ്റേററുകളിൽ 67 പദ്ധതിയിൽ കേന്ദ്രഗവമ്മേണ്ടു് അംഗീകാരം നൽകി. 14 സ്റ്റേററുകളിലെ 70 പദ്ധതികൾ ആലോചനയിലും ഉണ്ടായിരുന്നു.

## വിദേശവ്യാപാരം

വാണിജ്യംകൊണ്ടുള്ള വിദേശനാണ്യസമ്പാദനകാര്യത്തിൽ അത്യന്തെവഷം മോശമായിരുന്നു. 1952 ജൂൺവരെയുള്ള ഒരു വഷത്തിൽ വിദേശക്കണക്കിൽ 134 കോടി രൂപയുടെ കമ്മിയാണുണ്ടായിരുന്നതു്. എന്നാൽ ജൂലായിമുതൽ ഡിസമ്പർവരെയുള്ള പിന്നത്തെ അദ്ധ്വർഷത്തിൽ 63½ കോടി രൂപയുടെ മിച്ചമുണ്ടായി. പിന്നത്തെ അദ്ധ്വർഷത്തിൽ സ്ഥിതി സുമാർ സന്തുലിതമായിരുന്നു. ഭക്ഷ്യോല്പാദനത്തിലുള്ള വർദ്ധനകാരണം ഇനി ഗണ്യമായ കമ്മി വരാൻ വഴിയില്ലെന്നാണ് ധനകാര്യമന്ത്രിയുടെ വിശ്വാസം.*

## സാമൂഹ്യസേവനം

മലമ്പനിനിവാരണത്തിന്നു് സ്റ്റേററുഗവമ്മേണ്ടുകളുടെ പദ്ധതികൾക്കു് ഒട്ടാകെ 2·27 കോടി രൂപ അനുവദിച്ചു. കേന്ദ്രഗവമ്മേണ്ടിൻെറ പരിപാടികൾക്കായി 10 കോടി രൂപയും ചെലവാക്കി. ഇതുകൊണ്ടു് 3 കോടി ജനങ്ങൾക്കു ഗുണം ലഭിക്കുമെന്നു് കണക്കാക്കിയിരിക്കുന്നു. ലോകാരോഗ്യസംഘടനയുടേയും ശിശുക്ഷേമനിധിയുടെയും സഹായംമുഖേന ബി. സി. ജി. കുത്തിവെപ്പും ക്ഷയരോഗനിവാരണനടപടികളും വിപുലമാക്കീട്ടുണ്ടു്. കൽക്കത്തയിലെ അഖിലേന്ത്യാപൊതുജനാരോഗ്യഇൻസ്റ്റിട്ട്യൂട്ടിൽ പ്രസവശുശ്രൂഷയ്ക്കും ശിശുസംരക്ഷണത്തിന്നും ഒരു പ്രത്യേക വകുപ്പു സ്ഥാപിച്ചിട്ടുണ്ടു്. മദിരാശി, ബോംബെ, ഉത്തരപ്രദേശ് മുതലായ പല സ്റ്റേററുകളും മാതൃശിശുസംരക്ഷണകേന്ദ്രങ്ങളാരംഭിച്ചിട്ടുണ്ടു്.

ആരോഗ്യവകുപ്പിൽ ഒരു കുടുംബാസൂത്രണവിഭാഗം ഏപ്പെടുത്തുകയും, ഒരു ജനസംഖ്യാഗവേഷണകമ്മിററിയെ നിയമിക്കുകയും ചെയ്തിട്ടുണ്ടു്. കമ്മിററി 1953 ഡിസംബറിൽ സമർപ്പിച്ച

* 1953 നവമ്പർ 21-ാംനു പാർലമെണ്ടിൽ ചെയ്ത പ്രസ്താവന.

റിപ്പോർട്ടിൽ മാതൃശിശുക്ഷേമകല്ലിനിക്കുകളോടനുബന്ധിച്ചു് കുടുംബാസൂത്രണകേന്ദ്രങ്ങൾ തുറക്കുവാനും ആസൂത്രണകാര്യത്തിൽ പൊതുജനങ്ങൾക്കു് അറിവുണ്ടാക്കിക്കൊടുക്കാനും ആവശ്യപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസവികസനത്തിന്നു് 1950-'51-നെ അപേക്ഷിച്ചു് 1951-'52-ൽ 3 ശതമാനവും, 1952-'53-ൽ 24 ശതമാനവും, 1953-'54-ൽ 38 ശതമാനവും ചെലവു വദ്ധിപ്പിച്ചിട്ടുണ്ടു്. സാങ്കേതികവിദ്യാലയങ്ങൾ പലതും വികസിപ്പിക്കുകയും, പ്രായോഗികപരിശീലനത്തിന്നുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കുകയും, കൂടുതൽപേക്കു് സ്റ്റൈപ്പൻഡുകൾ നൽകുകയും ചെയ്തിട്ടുണ്ടു്. സാമൂഹ്യവിദ്യാഭ്യാസപരിപാടികൾ വിവിധസ്റ്റേറ്റുകളിലും, വിശേഷിച്ചു് മദ്ധ്യപ്രദേശത്തിലും ബോംബെയിലും, പുരോഗമിച്ചിട്ടുണ്ടു്.

പിന്നോക്കസമുദായക്കാരുടെ ക്ഷേമത്തിൽ 1951-'52-ൽ 1·25 കോടി രൂപയും, 1952-'53-ൽ 1·80 കോടി രൂപയും സ്റ്റേറ്റുകൾക്കു് കേന്ദ്രം ധനസഹായം നൽകി.

## പ്രാദേശികപരിപാടികൾ

ജനങ്ങൾ സ്വമേധയാ ആരംഭിക്കുന്ന പ്രാദേശികപദ്ധതികളിലും ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ടു്. "ഹാ! ബോംബെയിൽനിന്നു് 1953 ആഗസ്റ്റ്വരെയായി 1,700 പദ്ധതികൾ പ്ലാനിങ്ങ് കമ്മീഷന്നു് സമപ്പിക്കപ്പെടുകയും 1300 എണ്ണം അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്."* ജനങ്ങളിൽ ഉത്സാഹം വളത്തുവാൻ സാധിച്ചതിൻെറ ലക്ഷണമാണിതു്. ഹൈദരബാദും 1,300 സ്കീമുകൾ സമർപ്പിച്ചിട്ടുണ്ടു്. ഇതിന്നു വേണ്ടുന്ന 37 ലക്ഷം രൂപയിൽജനങ്ങളും ലോക്കൽബോർഡുകളുംകൂടി നൽകീട്ടുള്ളതു് 17½ കോടിയും സ്റ്റേററ്ഗവമ്മേണ്ടിൻെറ സംഭാവന 6¼ കോടി രൂപ

* ശ്രീമതി ദുർഗ്ഗാഭായി ദേശ്മുഖ് മദിരാശിയിലെ ഇന്ത്യൻ വനിതാസംഘത്തിൻെറ യോഗത്തിൽ പ്രസ്താവിച്ചതു് (25-8-1953)

യും കേന്ദ്രഗവമ്മേണ്ടിൻെറ $17\frac{1}{2}$ കോടി രൂപയുമാണു്. 391 പുതിയ കിണറുകൾ, 64 കുളങ്ങൾ, 225 സ്കൂളുകൾ, 133 നിരത്തു്, 83 ഹരിജനവസതികൾ എന്നിവയാണു് ഇതിലടങ്ങീട്ടുള്ളതു്. മദിരാശിയിൽനിന്നു 630 പദ്ധതികളയച്ചിട്ടുണ്ടു്.

## സാമൂഹ്യോല്ക്കർഷപദ്ധതികൾ

1952 ഒക്ടോബർ 2-ാംനു 55 കേന്ദ്രങ്ങൾ ഉൽഘാടനംചെയ്യപ്പെട്ടു. 1953-ൽ മററു 55 കേന്ദ്രങ്ങളിൽകൂടി നടപ്പിലാക്കി. അങ്ങനെ 24,000 ഗ്രാമങ്ങൾ ഇവയുടെ പ്രവത്തനത്തിൻകീഴിൽ വന്നിട്ടുണ്ടു്. ഇതു് 2 കോടി ജനങ്ങൾക്കു് ബാധകമാവും. (മലബാറിനു് പ്രോജക്ററ് ആരംഭിച്ചതു് പാലക്കാട്ടും, തിരു-കൊച്ചിയിൽ ചാലക്കുടി, കുന്നത്തുനാട്ടു് എന്നിവിടങ്ങളിലുമാണു്.) അഭിവൃദ്ധിപരിപാടികളിൽ ഗ്രാമീണരുടെ സഹകരണം നേടാൻ സാധിച്ചിട്ടുണ്ടു്. ഗവമ്മേണ്ടിൻെറ ആഭിമുഖ്യത്തിൽ നടപ്പാക്കീട്ടുള്ള യാതൊരു നിമ്മാണപദ്ധതിക്കും കമ്യൂണിററിപ്രോജക്ടിനെപ്പോലെ അത്രയധികം ജനങ്ങളെ ആകർഷിക്കാൻ കഴിഞ്ഞിട്ടില്ലെന്നു് പ്ലാനിങ്ങ്കമ്മീഷൻെറ ഔദ്യോഗികറിപ്പോർട്ടിൽ പറയുന്നു. അതു് ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു സ്വയംസഹായപ്രസ്ഥാനമായിത്തീന്നിരിക്കുന്നുവെന്നാണു് കമ്മീഷൻ പ്രസ്താവിക്കുന്നതു്. ഗ്രാമവികസനപദ്ധതികളിൽ പണമിറക്കുന്നതിനു് ജനങ്ങൾ മടികാണിക്കുന്നില്ല. അനേകം റോഡുകളും, വിദ്യാലയങ്ങളും, വിനോദവിശ്രമശാലകളും രൂപമെടുത്തുകഴിഞ്ഞു. സവ്വകലാശാലാവിദ്യാർത്ഥികൾ അവരുടെ ദേഹാദ്ധ്വാനവും ബുദ്ധികൌശലവും ഇതിലേയ്ക്കു സംഭാവനചെയ്തുവരുന്നു. നിരത്തുകൾ, തോടുകൾ, കിണറുകൾ, പാലങ്ങൾ എന്നിവ നിമ്മിക്കുന്നതിൽ 'നേഷനൽ കേഡററ്കോർ' (വിദ്യാത്ഥിസേന) വഹിച്ച പങ്കു് പ്രശംസാവഹമാണത്രെ.

പ്രോജക്ട്പ്രദേശങ്ങളിലെ നേട്ടങ്ങൾ തിട്ടപ്പെടുത്തുന്നതിനു് അമേരിക്കയിലെ ഫോർഡ്സ്ഥാപനത്തിൻെറ സഹായ

ത്തോടുകൂടി ഒരു സംഘടന(പ്രോഗ്രാം ഇവാലേപ്ഷൻ ഓർഗനൈസേഷൻ) ഏർപ്പെടുത്തീട്ടുണ്ടു്. ഈ ആവശ്യത്തിലേയ്ക്കു 19 കേന്ദ്രങ്ങൾ ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ ഏറ്റപ്പെടുത്തീട്ടുണ്ടു്.

1953 ഒക്ടോബർ 2-ാംനു- ദേശീയവികസനസർവ്വീസിൻെറ ആഭിമുഖ്യത്തിൽ വിവിധസ്റ്റേററുകളിലുമായി 200 വികസന ബ്ളോക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. ഇതു് 20,000 ഗ്രാമങ്ങൾക്കും സുമാർ 1,32,00,000 ജനങ്ങൾക്കും ബാധകമാണു്. (മലബാറിൽ രണ്ടു ബ്ളോക്കുകൾ ഉൽഘാടനംചെയ്തതു്, ഒന്നു് തലശ്ശേരിയിലും മറെറാന്നു് പയ്യന്നൂരിലുമാണു്.)

ഇങ്ങനെ പ്രതീക്ഷിച്ചവിധത്തിലുള്ള വലിയ കുഴപ്പങ്ങളൊന്നുംകൂടാതെ പദ്ധതി പരിവർത്തനദശയെ വിജയപൂർവ്വം തരണംചെയ്തിരിക്കുന്നു. സ്റ്റേററുകൾ വികസനപരിപാടികൾക്കുവേണ്ടി ഈയ്യിടെ നടത്തിയ 28 കോടി രൂപയുടെ കടമെടുപ്പുപരിശ്രമം വിചാരിച്ചതിലുമധികം വിജയപ്രദമായതുതന്നെ നാട്ടുകാർക്കു് പദ്ധതിയിലുള്ള വിശ്വാസത്തിൻെറ ചിഹ്നമായി കണക്കാക്കാം. പണ്ഡിററ് നെഹ്രു പ്രസ്താവിച്ചതുപോലെ ജനങ്ങളിൽ ഒരാസൂത്രണബോധം സൃഷ്ടിച്ചതാണു് പ്ലാനിങ്ങ് കമ്മീഷൻെറ ഏററവും വലിയ നേട്ടം.*

## തൊഴിൽവിഭാഗം

പഞ്ചവത്സരപദ്ധതി പുരോഗമിക്കുംതോറും തൊഴിലില്ലായ്മ വർദ്ധിച്ചുവന്നിട്ടുണ്ടെന്ന സംഗതി വളരെ അമ്പരപ്പുളവാക്കീട്ടുണ്ടു്. എന്നാൽ അതുകാരണം ആഭ്യന്തരവൈദേശികവ്യാപാരങ്ങളിൽ വന്നിട്ടുള്ള സ്ഥിതിഭേദങ്ങളുടെ ഫലമാണെന്ന വസ്തുത വിസ്മരിക്കാതിരിക്കണം. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനംകൊണ്ടു ധാരാളംപേർക്കു് തൊഴിൽ കിട്ടീട്ടുണ്ടെന്നുള്ളതു വാസ്തവമാണു്. 1952-'53-ൽ ദാമോദർ നദീതടപദ്ധതി പ്രതിമാസം

---

* പാലക്കാട്ടുവെച്ചു് 5-10-'53-ൽ ചെയ്ത പ്രസംഗത്തിൽ.

31,000 മുതൽ 38,000 പേക്കും, ഹിരാക്കഡ്പദ്ധതി 22,000 പേക്കും, ഭക്ര-നങ്കൽ പദ്ധതി 70,900 പേക്കും തൊഴിൽ നല്കി. ഇതിൽ 1,000 പേരിൽ സുമാർ 15 പേർവീതം അഭ്യസ്തവിദ്യരായിരുന്നു.

1953 ജൂൺ അവസാനിച്ച 9 മാസത്തിൽ 4,500 പേർ സാമൂഹ്യോൽക്കർഷപദ്ധതിയുടെ ഭരണവിഭാഗത്തിൽ ജോലിയിലുണ്ടായിരുന്നു. അത്രതന്നെ ആളുകൾക്കു പദ്ധതിസംബന്ധിച്ച തൊഴിലുകളിലും ജോലി കിട്ടീട്ടുണ്ട്. 1953-'54-ലേയ്ക്കു് വികസന ബ്ലോക്കുകളിൽ ഭരണവിഭാഗത്തിലുള്ളവരുടെ സംഖ്യ 11,000 ആവുമെന്നും തൊഴിൽവിഭാഗത്തിൽപെട്ടവരുടെ സംഖ്യ 10,000 ആവുമെന്നുമാണ് ധനകാര്യമന്ത്രിയുടെ പ്രതീക്ഷ.*

## ദേശീയവികസന കൌൺസിൽ

പദ്ധതിയുടെ പുനഃപരിശോധനയ്ക്കും ഭേദഗതി നിർദ്ദേശത്തിനുമായി ഒരു ദേശീയവികസനസമിതിയെ നിശ്ചയിക്കുവാൻ പ്ലാനിങ്ങ്കമ്മീഷൻ അതിൻെറ അടുത്ത കരടുറിപ്പോർട്ടിൽ ശുപാർശചെയ്തിരുന്നു. 1952 ആഗസ്റ്റിൽ ഈ സമിതി രൂപവല്ക്കരിക്കപ്പെട്ടു. അതിൽ യൂനിയൻപ്രധാനമന്ത്രിയും സ്റ്റേററുമുഖ്യമന്ത്രിമാരും, പ്ലാനിങ്ങ്കമ്മീഷൻ അംഗങ്ങളും മെമ്പർമാരാണ്. സമിതിയുടെ കർത്തവ്യങ്ങൾ താഴെ പറയുംപ്രകാരമാണ്:

(1) ഇടയ്ക്കിടെ പദ്ധതിയുടെ പ്രവർത്തനത്തെ പുനഃപരിശോധനചെയ്യുക.

(2) ദേശീയവികസനത്തെ ബാധിക്കുന്ന സാമ്പത്തികസാമൂഹ്യകാര്യങ്ങളിൽ അനുവർത്തിക്കേണ്ടുന്ന നയത്തെപ്പററി പര്യാലോചന നടത്തുക.

(3) ദേശീയപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങളും, ഉദ്ദേശങ്ങളും സാധിക്കുവാൻ വേണ്ടുന്ന നടപടികൾ ശുപാർശി

---

* ഡോം. ദേശ്മുഖ് പാർലമെണ്ടിൽചെയ്ത പ്രസ്താവന. (21-11-'53)

ചെയ്യുക. കൌൺസിൽ ആവശ്യമുള്ളപ്പോഴൊക്കെ യോഗം ചേരേണ്ടതാണു്. ചുരുങ്ങിയതു് ഒരു കൊല്ലത്തിൽ ഒരു പ്രാവശ്യമെങ്കിലും.

## ധനകാര്യവശം

സ്റ്റേററ്ഗവമ്മേണ്ടുകളുടെ ചെലവു് ലക്ഷ്യത്തിലും താഴെയാണു്. സംസ്ഥാനഗവമ്മേണ്ടുകൾ പദ്ധതിയുടെ ആവശ്യത്തിലേയ്ക്കു് റവന്യൂമൂലം ഉണ്ടാക്കേണ്ടുന്ന 408 കോടി രൂപ ഇനിയും ശേഖരിച്ചിട്ടില്ലെന്നു് പ്ലാനിങ്ങ്കമ്മീഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവർ 176 കോടി രൂപ റവന്യൂവരുമാനത്തിൽനിന്നും, 232 കോടി രൂപ പുതിയ നികുതികൾകൊണ്ടും, ചെലവുചുരുക്കംമൂലവും ഉണ്ടാകേണ്ടതാണു്. എന്നാൽ റവന്യൂ ഇനത്തിൽനിന്നു് 110 കോടി രൂപയിലധികം ഉണ്ടാക്കാൻ സാദ്ധ്യമാവുകയില്ലെന്നാണു് ഇപ്പോഴത്തെ സൂചന. പദ്ധതികാലത്തേയ്ക്കു് സുമാർ 66 കോടി രൂപയുടെ കമ്മിയോളം വരുന്നതാണു്. രണ്ടുകൊല്ലം കൊണ്ടു പുതിയ നികുതികൾമുഖേന അവർ 28 കോടി രൂപ മാത്രമേ സംഭരിച്ചിട്ടുള്ളു. പ്ലാനിങ്ങ്കമ്മീഷൻ നിർദ്ദേശിച്ചപോലെ അഭിവൃദ്ധിനികുതിയൊന്നും സ്റ്റേററുകൾ ചുമത്തീട്ടില്ല. ഇന്നത്തെ സ്ഥിതിക്കു് പദ്ധതികാലത്തേയ്ക്കു് സുമാർ 63 കോടി രൂപ മാത്രമേ നികുതിപ്പിരിവുകൊണ്ടു് കിട്ടുവാൻ വഴിയുള്ളു. അപ്പോൾ 167 കോടി രൂപയുടെ കമ്മി ബാക്കിനിൽക്കും. സ്റ്റേററുകൾ പദ്ധതിയിൽപ്പെടാത്ത പല പരിപാടികൾക്കും പണം ചെലവുചെയ്യുന്നതാണു് ഇപ്രകാരമുള്ള കുഴപ്പം വരാൻ കാരണം. ഭരണച്ചെലവുകൾ ഗണ്യമായൊന്നും ചുരുക്കീട്ടുമില്ല. സ്റ്റേററ്ഗവമ്മേണ്ടുകളുടെ അടിയന്തിരശ്രദ്ധയെ ഇക്കാര്യത്തിലേയ്ക്കു് കമ്മീഷൻ ആകർഷിച്ചിരിക്കയാണു്.

വിദേശമൂലധനം 1952 ഡിസംബറിലേയ്ക്കു് 156 കോടിരൂപയാണു ലഭിച്ചിട്ടുള്ളതു്. തദനന്തരം ലഭിക്കുവാൻ സാദ്ധ്യതയുള്ളതായി കണ്ടതു് 43·7 കോടി രൂപയുടെ സഹായകമാണു്.

ഇന്ത്യയുടെ പഞ്ചവത്സരപദ്ധതിയുടെ രണ്ടു കൊല്ലത്തെ പുരോഗതി തൃപ്തികരമാണെന്നും, അതിൽ നിശ്ചയിച്ച മുൻഗണനാസമ്പ്രദായം അനുസരിക്കപ്പെട്ടിട്ടുണ്ടെന്നും, എന്നാൽ യഥാൎത്ഥച്ചെലവു് ലക്ഷ്യത്തിലും 8 % കുറഞ്ഞുപോയെന്നും ഐക്യരാഷ്ട്രസംഘടനയുടെ ഏഷ്യൻസാമ്പത്തികകൗൺസിലിൽ (E.C.A.F.E.) അതിൻെറ 1953-ലേയ്ക്കുള്ള റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. നാണയപ്പെരുപ്പമോ, ദേശീയവ്യാപാരക്കുഴപ്പമോ കൂടാതെതന്നെ പദ്ധതി മുന്നോട്ടുകൊണ്ടുപോകുവാൻ സാധിച്ചിട്ടുണ്ടെന്നു് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

## പദ്ധതിയുടെ വിപുലീകരണം

തൊഴിലില്ലായ്മയുടെ വൎദ്ധനയുളവാക്കിയ വിഷമസ്ഥിതിയെ നേരിടുവാൻ 1953 ആഗസ്റ്റിൽ പ്ലാനിങ്ങ്കമ്മീഷൻ ഒരു ഏകദേശക്കാൎയ്യപരിപാടി സ്റ്റേറ്റുകൾക്കു് നിർദ്ദേശിച്ചുകൊടുക്കുകയുണ്ടായി. സാങ്കേതികപരിശീലനസൌകൎയ്യം വർദ്ധിപ്പിക്കുക, കുടിൽവ്യവസായികൾക്കു് ധനസഹായം നൽകുക, ചെറുതരം വ്യവസായങ്ങൾ തുടങ്ങുന്നവൎക്കു ധനസഹായം നൽകുക, തൊഴിലില്ലാത്തവൎക്കു് പ്രവൃത്തിപരിശീലനക്യാമ്പുകൾ നടത്തുക, വയോജനവിദ്യാഭ്യാസസൌകൎയ്യംവൎദ്ധിപ്പിക്കുക, ഭവനനിൎമ്മാണപരിപാടി വിപുലീകരിക്കുക, റോഡുനിൎമ്മാണം ത്വരിതപ്പെടുത്തുക, റോഡുകളിലെ വാഹനസൌകൎയ്യം വൎദ്ധിപ്പിക്കുക, വിദ്യച്ഛക്ത്യുല്പാദനം വൎദ്ധിപ്പിക്കുക എന്നിവയെല്ലാം ഇതിൽപെടും.

കേന്ദ്രഗവൎമ്മേണ്ടിന്നും ഇങ്ങനെ ചില നിർദ്ദേശങ്ങൾ കമ്മീഷൻ നൽകുകയുണ്ടായി. തൊഴിൽവൎദ്ധനയ്ക്കുള്ള സാദ്ധ്യതയെ മുൻനിൎത്തി പരിപാടികളെ പുനഃപരിശോധനചെയ്യുക, കുടിൽവ്യവസായങ്ങളേയും ചെറുതരം വ്യവസായങ്ങളേയും സഹായിക്കാൻ സുനിശ്ചിതപരിപാടികൾ തയ്യാറാക്കുക, വ്യവസായങ്ങളെ സഹായിക്കാൻ ധനകാൎയ്യകോപ്പറേഷനുകൾ വിളംബമെന്നിയെ സ്ഥാപിക്കുക, അഭയാൎത്ഥിക്ഷേമക്കാൎയ്യം പുനഃപരിശോധനചെയ്തു ക്ലേ

ട്ടുതൽ തൊഴിലുളവാക്കുമാറുള്ള പരിപാടികൾ രൂപവൽക്കരിക്കുക ഇവയാണു് ഈ നിർദ്ദേശങ്ങൾ.

പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കാവശ്യമായ അഭിവൃദ്ധിത്തോതും ഇപ്പോൾ സാധിച്ചിട്ടുള്ള അഭിവൃദ്ധിത്തോതും തമ്മിലുള്ള വിടവു നികത്തുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും പ്ലാനിങ്ങ് കമ്മീഷൻ കേന്ദ്രത്തോടും സ്റ്റേററുകളോടും ആവശ്യപ്പെട്ടിരുന്നു.

ആഗസ്റ്റിൽത്തന്നെ കേന്ദ്രഗവമ്മേണ്ടു് അഭ്യസ്തവിദ്യർക്കുള്ള തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്നു് $14\frac{3}{4}$ കോടി രൂപ ചെലവുവരുന്ന ഒരു വിദ്യാഭ്യാസവിപുലീകരണപദ്ധതി സ്റ്റേററുകൾക്കു് നിർദ്ദേശിച്ചുകൊടുക്കുകയുണ്ടായി. അതിൽ ഗ്രാമങ്ങളിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കുവാനും, നിലവിലുള്ളവ വികസിപ്പിക്കാനും, പുതിയ ടീച്ചർമാരെ നിശ്ചയിക്കുന്നതിന്നും കേന്ദ്രം സഹായിപ്പാൻ തയ്യാറാണെന്നു് വ്യക്തമാക്കി. (എടുപ്പു് തദ്ദേശീയർ നൽകേണ്ടതാണു്.) അതിന്നു് ആദ്യത്തെക്കൊല്ലം ചെലവിന്റെ 75 ശതമാനവും, രണ്ടാമത്തെക്കൊല്ലം 50 ശതമാനവും, മൂന്നാമത്തെക്കൊല്ലം 25 ശതമാനവും കേന്ദ്രം വഹിക്കുന്നതായിരിക്കും. പിന്നീടു് മുഴുവൻചെലവും സ്റ്റേററുകൾതന്നെ വഹിക്കേണ്ടതാണു്. ഈ പദ്ധതിപ്രകാരം 80,000 പേക്കു അദ്ധ്യാപകജോലി ലഭിക്കുമെന്നാണു് കേന്ദ്രഗവമ്മേണ്ടിന്റെ പ്രതീക്ഷ.

1953 ഒക്ടോബറിൽ ദേശീയവികസനകൌൺസിലിന്റെ യോഗം ചേന്നപ്പോൾ തൊഴിലില്ലായ്മപ്രശ്നത്തിന്റെ പരിഹാരാത്ഥം ചില പുതിയ പരിപാടികൾ ഉൾക്കൊള്ളിച്ചു് പദ്ധതി വിപുലീകരിക്കേണമെന്നു് കൌൺസിൽ തീരുമാനിച്ചു. ഈ പുതിയ ഇനങ്ങൾക്കു് 150-175 കോടി രൂപ ചെലവുവരുമെന്നും, അങ്ങനെ പദ്ധതിയുടെ ആകെച്ചെലവു് 2,069 കോടി രൂപയിൽനിന്നു് 2,219 കോടി രൂപമുതൽ 2,244 കോടി രൂപവരെ വദ്ധിക്കുമെന്നും കണക്കാക്കീട്ടുണ്ടു്. താഴെച്ചേക്കുന്ന മാറ്റങ്ങളവലംബിച്ചാണു് പദ്ധതിയെ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതു്:

1) ആദ്യത്തെ മൂന്നുകൊല്ലത്തേയ്ക്കുമാത്രം ഉദ്ദേശിച്ച അഭയാത്ഥിപുനരധിവാസപരിപാടികൾ പദ്ധതികാലത്തേയ്ക്ക് മുഴുവനുമായി നീട്ടുക.

2) ഒരു സവ്വേന്ത്യാവ്യവസായവികസനകോർപ്പറേഷനും, സ്റ്റേറ്റുകളിൽ പ്രത്യേക ധനകാര്യകോർപ്പറേഷനുകളും ഏർപ്പെടുത്തുക. (ഇതിന്നു് സ്റ്റേറ്റുകൾക്ക് 5 കോടി രൂപ നൽകുന്നതായിരിക്കും.)

3) ക്ഷാമബാധിതപ്രദേശങ്ങളിൽ ജലസേചനസൌകര്യത്തിനും, മണ്ണരിച്ചുപോകൽ തടയുന്നതിന്നും നടപടികളെടുത്തു ഭൂമിക്ക് സ്ഥിരമായ അഭിവൃദ്ധി കൈവരുത്തുവാൻ സ്റ്റേറ്റുകൾക്ക് 400 കോടി രൂപ കൂടുതൽ കടം നൽകുക. (ഈ പരിപാടി 12 സ്റ്റേറ്റുകൾക്കു ബാധകമാവും.)

4) കൂടുതൽ റോഡുകൾ നിമ്മിക്കുവാൻ 10 കോടി രൂപയും ചെറുതരം വിദ്യച്ഛക്ത്യുല്പാദനപദ്ധതികൾ വദ്ധിപ്പിക്കുവാൻ $2\frac{1}{2}$ കോടി രൂപയും കൂടുതൽ സഹായധനം നൽകുക.

5) പദ്ധതി നടപ്പിൽവരുത്തുന്നതിന്ന് ഏതുതരം സാങ്കേതികവിദഗ്ദ്ധന്മാർ പോരാതെവരുന്നുവോ ആ തരത്തിലുള്ള സാങ്കേതികവിദഗ്ദ്ധരെ ലഭിക്കുന്നതിന്നാവശ്യമായ പരിശീലനപരിപാടികൾ രൂപവൽക്കരിക്കുക.

6) പദ്ധതിയാരംഭിച്ചശേഷം കേന്ദ്രഗവമ്മേണ്ടിന്നു സ്വീകരിക്കേണ്ടതായി വന്ന ചില പരിപാടികൾക്ക് വേണ്ടുന്ന പണം കാണുക.

ഈ പുതിയപരിപാടികൾക്കാവശ്യമായ ചെലവിൽ 70 കോടി രൂപ കേന്ദ്രം വഹിക്കുന്നതായിരിക്കും. അതിൽ 45 കോടി രൂപ അഭയാത്ഥികളുടെ പുനരധിവാസകാര്യങ്ങൾക്കും 10 കോടി രൂപ പുതിയ റോഡുകൾ വെട്ടുന്നതിന്നും 15 കോടി രൂപ മററിനങ്ങൾക്കുമായിരിക്കും. ക്ഷാമബാധിതപ്രദേശങ്ങളിലെ പ്രവത്തനങ്ങൾക്ക് 40 കോടി രൂപ കടമായിക്കൊടുക്കുന്നതായിരിക്കും.

30 കൊല്ലത്തേയ്ക്കുള്ള ഈ കടത്തിന്നു് ആദ്യത്തെ അഞ്ചുകൊല്ല ത്തെ പലിശ അടയ്ക്കേണ്ടുന്നതില്ല. ധനകാര്യകോർപ്പറേഷനുകൾ ഏർപ്പെടുത്തുന്നതിന്നു് 5 കോടി രൂപ സ്റ്റേററുകൾക്കു നൽകുന്നതായിരിക്കും. സ്റ്റേററുകൾ ബാക്കിപ്പണം കടമെടുപ്പുമൂലവും, ജലസേചിതപ്രദേശങ്ങളിൽ അഭിവൃദ്ധിനികുതികെട്ടിയും, ജലനികുതി ചുരുങ്ങിയ ദിക്കിൽ അതു വർദ്ധിപ്പിച്ചും, വികസനേതരവ്യയങ്ങൾ വെട്ടിക്കുറച്ചുംമററും കാണേണ്ടതാണു്. വേണ്ടിവന്നാൽ കേന്ദ്രം പണം കടംകൊടുക്കുന്നതുമാണു്.

ഈ പുതിയ പരിപാടികളെ വിശദമായി പരിശോധിക്കുകയാണെങ്കിൽ അവ സുചിന്തിതങ്ങളാണെന്നും, വളരെപ്പേർക്കു് തൊഴിൽ നൽകുവാൻ അവ പര്യാപ്തമാണെന്നും മനസ്സിലാവുന്നതാണു്. എന്നാൽ ഇവയുടെ വിജയം കുറെയൊക്കെ സംസ്ഥാനഗവർമ്മേണ്ടുകളുടെ ഉത്സാഹപൂർവ്വവും, കാര്യക്ഷമവുമായ നടപടികളെ ആശ്രയിച്ചിരിക്കും.

## മൂന്നുകൊല്ലത്തെ പ്രവർത്തനഫലം

പദ്ധതിയുടെ മൂന്നുകൊല്ലത്തെ പ്രവർത്തനത്തെപ്പററി പ്ലാനിങ്ങ്കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ "പഞ്ചവത്സര പദ്ധതിയുടെ പ്രഥമലക്ഷ്യങ്ങൾ മിക്കവാറും സാധിച്ചിട്ടുണ്ടെന്നു് ന്യായമായിപ്പറയാം," എന്നു് പ്രസ്താവിച്ചിരിക്കുന്നു. കൊറിയൻ യുദ്ധത്തിൻെറ പര്യവസാനവും പ്രകൃതിയുടെ ഔദാര്യവും ഇതിന്നു സഹായകമായിട്ടുണ്ടെന്നു കമ്മീഷൻ സൂചിപ്പിച്ചിരിക്കുന്നു. ഇക്കാലത്തെ പ്രധാനനേട്ടങ്ങൾ മൂന്നാണു്:

1) വിലവർദ്ധനയുടെ നിയന്ത്രണം.

2) കാർഷികോല്പാദനത്തിലും, വ്യാവസായികോല്പാദനത്തിലുമുണ്ടായ അഭിവൃദ്ധി.

3) വ്യവസ്ഥയുടെ നിലയുറപ്പിക്കൽ.

ഭക്ഷ്യോല്പാദനം:—ഭക്ഷ്യോല്പാദനം അടിസ്ഥാനവർഷമായ

1950–'51-നെ അപേക്ഷിച്ചു് അധികമായി 50 ലക്ഷം ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി. നദീതടപദ്ധതികൾമുഖേന 15 ലക്ഷം ഏക്കർസ്ഥലത്തു് പുതുതായി ജലസേചനസൌകര്യമുളവാക്കി. ചെറുതരം പദ്ധതികൾമൂലം 25ലക്ഷം ഏക്കർ സ്ഥലത്തു് വെള്ളമെത്തിച്ചിട്ടുണ്ടു്. പ്രവൃത്തിയാരംഭിച്ച വിവിധോദ്ദേശപദ്ധതികളുടെ പല ഭാഗങ്ങളും പൂർത്തീകരിക്കുകയും, കോസി മുതലായ ചില പുതിയ പദ്ധതികളുടെ പ്രവൃത്തി തുടങ്ങുകയും ചെയ്തിരിക്കുന്നു. രണ്ടു കൊല്ലത്തെ അനുകൂലഭക്ഷണനില വളരെക്കാലമായി നിലനിന്ന ദൌർലഭ്യത്തെയും ക്ഷാമത്തെയുംപററിയുള്ള ഭയാശങ്കകളെ ദൂരീകരിച്ചിരിക്കുന്നുവെന്നു് കമ്മീഷൻ എടുത്തുപറഞ്ഞിരിക്കുന്നു. തിനവർഗ്ഗം, ബാർലി മുതലായ താണതരം ധാന്യങ്ങളുടെ നിയന്ത്രണം 1954 ജനുവരി 1-ാംനു- മുതൽ എടുത്തുകളഞ്ഞിരിക്കുന്നു. ഭക്ഷ്യധാന്യം 1953-ൽ 29 ലക്ഷംടണ്ണോളം വേണ്ടിവരുമെന്നു പ്രതീക്ഷിച്ചതു് 20 ടൺമാത്രമേ വേണ്ടിവന്നിട്ടുള്ളു.

വ്യവസായം:— വ്യവസായോല്പാദനസൂചകം 1951-ൽ 117 ആയിരുന്നതു് 1952–ലേയ്ക്കു് 129-ം, 1953–ലെ ആദ്യത്തെ 8 മാസത്തേയ്ക്കു് 134-ം ആയി ഉയന്നിരിക്കുന്നു. വസ്ത്രവും മററു് ഉപഭോഗസാധനങ്ങളും കൂടുതലായി ലഭ്യമായിത്തുടങ്ങിയിരിക്കുന്നു. പരുത്തിനൂൽ ഉല്പാദനം 1950-'51-ൽ 118 കോടി റാത്തൽ ആയിരുന്നതു് 1952–ലേയ്ക്കു് 145 കോടി റാത്തലായി. മിൽവസ്ത്രനിർമ്മാണത്തിൽ പദ്ധതികാലത്തെ ലക്ഷ്യമായ 470 കോടി വാരയോളം ഇപ്പോൾത്തന്നെ സുമാർ എത്തിക്കഴിഞ്ഞിരിക്കുന്നു. സിമൻറു് ഉല്പാദനം 1950-'51–ൽ 27 ലക്ഷം ടൺ ആയിരുന്നതു് 1952–'53-ലേയ്ക്കു് 35 ലക്ഷമായിരിക്കുന്നു. ചിത്തരഞ്ജൻഫാക്ടറിയിലെ തീവണ്ടിഎഞ്ചിൻനിർമ്മാണം ഉദ്ദേശിച്ചതിലുമധികം വേഗതയിൽ നടന്നിട്ടുണ്ടു്. 100 എഞ്ചിനുകൾ അവിടെ നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു. 1,751 കോച്ചുകളും, 1,27,770 വാഗണുകളും പദ്ധതിയുടെ പ്രഥമാർദ്ധത്തിൽ നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു.

ഗതാഗതം;— ദേശീയഹൈവേയ്ക്കു് 2 കൊല്ലംകൊണ്ടു്

210 നാഴിക റോഡ് പണിതുകഴിഞ്ഞിരുന്നു. 450 നാഴിക പണി നടക്കുന്നുമുണ്ട്. 17 പാലങ്ങൾ നിർമ്മിച്ചുകഴിഞ്ഞു. 20 എണ്ണത്തിന്റെ പ്രവൃത്തി നടക്കുകയാണ്. സ്റ്റേറ്റുവിഭാഗത്തിൽ 7,200 നാഴികറോഡ് പുതുതായി നിർമ്മിക്കുകയോ, നന്നാക്കുകയോ ചെയ്തിട്ടുണ്ട്. കടലോരവ്യാപാരത്തിൽ ഇന്ത്യൻകപ്പലുകളുടെ വിഹിതം 1950–'51-ൽ 80 ശതമാനമായിരുന്നത് 1952–'53-ലേയ്ക്കു 100 ശതമാനമായിക്കഴിഞ്ഞിരിക്കുന്നു. വിശാഖപട്ടണത്തിലെ ഹിന്തുസ്ഥാൻ കപ്പൽനിർമ്മാണശാലയിൽവെച്ച് കപ്പലുകൾ നിർമ്മിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമം:—മലമ്പനിനിവാരണശ്രമങ്ങൾ 1953-ൽ മുൻകൊല്ലത്തേക്കാൾ 50 ശതമാനം വർദ്ധിച്ചിട്ടുണ്ട്. 75 ലക്ഷം പേക്ക് ബി. സി. ജി. കുത്തിവെപ്പും നടത്തീട്ടുണ്ട്. വിദ്യാഭ്യാസവിപുലീകരണാർത്ഥം ഏകാദ്ധ്യാപകവിദ്യാലയങ്ങളും സാമൂഹ്യവിദ്യാഭ്യാസകേന്ദ്രങ്ങളും സ്ഥാപിക്കുവാൻ ഒരു പദ്ധതിയാരംഭിച്ചിട്ടുണ്ട്. സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങൾക്ക് സഹായം നൽകാനായി ഒരു കേന്ദ്രസാമൂഹ്യക്ഷേമബോർഡ് ഏർപ്പെടുത്തീട്ടുണ്ട്. ഈ ബോർഡ് 450 സ്ഥാപനങ്ങൾക്കായി 16 ലക്ഷം രൂപയുടെ ധനസഹായം നല്കിക്കഴിഞ്ഞിരിക്കുന്നു. എട്ടിൽ ഒരു ഗ്രാമമെന്നതോതിൽ സാമൂഹ്യോൽക്കർഷപദ്ധതിയുടേയോ, ദേശീയവികസനഫീസിന്റെയോ പരിധിയിൽ കൊണ്ടുവന്നുകഴിഞ്ഞിരിക്കുന്നു. സാമൂഹ്യോൽക്കർഷപദ്ധതികളിലും പ്രാദേശികപ്രവൃത്തിപദ്ധതികളിലും ജനങ്ങളുടെ ഉത്സാഹപൂർവ്വമായ സഹകരണം ലഭിച്ചിട്ടുണ്ട്. 3 കോടിരൂപ ചെലവുവരുന്ന 12,000 പ്രാദേശികപദ്ധതികൾ ജനങ്ങൾ മുൻകൈയെടുത്തു തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

നാണയപ്പെരുപ്പം:— ഗവർമ്മെണ്ടിന്റെ വിജയപ്രദമായ ചുങ്കനയവും നാണയനയവും ഹേതുവായി വിലക്കയററവും നാണയപ്പെരുപ്പവും തടയുവാൻ സാധിച്ചിരിക്കുന്നു. 1951-ലെ കയററുമതിച്ചുങ്കവർദ്ധനയും, വായ്പനിയന്ത്രണവും ഇതിന്നു വളരെ സഹാ

യകമായിട്ടുണ്ട്. മൊത്തവിലസൂചകം 1951-ൽ 433 ആയിരുന്നതു് 1953- ഒക്ടോബറിലേയ്ക്കു് 393·6 ആയതാണ്. നിയന്ത്രണങ്ങൾക്കു് പല വിഭാഗങ്ങളിലും അയവുവരുത്തിയിരിക്കുന്നു.

വിദേശവ്യാപാരനില:—വിദേശവ്യാപാരനിലയും വളരെ ഭേദപ്പെട്ടിട്ടുണ്ട്. 1951—'52-ൽ വ്യാപാരക്കണക്കിൽ 134 കോടി രൂപയുടെ കമ്മിയുണ്ടായിരുന്നതു് 1953 ജൂൺ അവസാനിച്ചവർഷത്തിലേയ്ക്കു് 64 കോടിരൂപയുടെ മിച്ചമായി മാറിയിരിക്കുന്നു. ഇന്ത്യയുടെ സ്റ്റർലിങ്ങ്മിച്ചം ഇപ്പോൾ 700 കോടി രൂപ വില(വരുന്ന)യ്ക്കുള്ളതായിട്ടുണ്ട്. പൊതുവെ പദ്ധതിക്കു് എണ്ണപ്പെട്ട നേട്ടങ്ങളാണുണ്ടായിട്ടുള്ളതെന്നു് പദ്ധതിയുടെ ക്രമാനുഗതമായ പൂർത്തീകരണത്തെ സംബന്ധിച്ചേടത്തോളം ഇതു ശുഭോദർക്കമാണെന്നു് പ്ലാനിങ്ങ്കമ്മീഷൻ പ്രസ്താവിക്കുന്നു. "പലതുകൊണ്ടു നോക്കിയാലും സമ്പദ്‌വ്യവസ്ഥയെ പുനർനിർമ്മിക്കാനും ജീവിതത്തോതു ഗണ്യമായി ഉയർത്തുവാനുമുള്ള സ്ഥൈര്യപൂർവ്വവും ഊർജ്ജിതവുമായ ഒരു പ്രവർത്തനമാണെന്നുള്ള നേരമൊരുക്കിക്കഴിഞ്ഞിരിക്കുന്നു," എന്നാണ് കമ്മീഷന്റെ അഭിപ്രായം.

ധനകാര്യം:— മൂന്നുകൊല്ലത്തേയ്ക്കുള്ള പദ്ധതിയുടെ ആകെ ച്ചെലവു് 1,000 കോടി രൂപയോളംവരും. (262+323+415) എന്നാലും 1,244 കോടി രൂപയുടെ പദ്ധതികൾ 2 കൊല്ലംകൊണ്ടു് നടപ്പിലാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതിനാൽ പ്രവൃത്തി ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. ആദ്യത്തെ ആറുകൊല്ലം സ്റ്റേറ്റുകളുടെ ബഡ്ജററ്കമ്മി സുമാർ 40-45 കോടി രൂപയോളമേ ആവുകയുള്ളു. 3 കൊല്ലംകൊണ്ടു് ഗവർമ്മെണ്ടു് 30 കോടി രൂപ മാത്രമേ നികുതിമാർഗ്ഗമായുണ്ടാക്കിയിട്ടുള്ളു. ഇതു ഗണ്യമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കടമെടുപ്പുസംഖ്യ ആദ്യത്തെക്കൊല്ലം 12 കോടി രൂപയും, രണ്ടാമത്തെക്കൊല്ലം 17 കോടി രൂപയും മൂന്നാമത്തെക്കൊല്ലം 39 കോടി രൂപയുമായിരുന്നു.

ജനങ്ങളുടെ അല്പാല്പസമ്പാദ്യംമൂലം ആദ്യത്തെ രണ്ടുകൊല്ലംകൊണ്ടു് സ്ത്രീകളുടെ ഇടയിൽ ഇപ്രകാരമുള്ള സമ്പാദ്യം വർദ്ധിപ്പിക്കുന്ന ഒരു ദേശീയോപദേശകസമിതി ഏർപ്പെടുത്തിട്ടുണ്ട്.

കേന്ദ്രഗവർമ്മേണ്ടു് സ്റ്റേററുകൾക്കു് മൂന്നുകൊല്ലംകൊണ്ടു് 163 കോടി രൂപയുടെ സഹായധനവും നൽകിട്ടുണ്ടു്. പദ്ധതിയുടെ പൂർത്തീകരണത്തിന്നു് വിദേശസഹായം പ്രതീക്ഷിച്ചത്ര ലഭ്യമാവാനിടയില്ലാത്തതിനാൽ 600 കോടി രൂപയുടെ കറൻസിനോട്ടടിച്ചിറക്കുവാനാണു് ധനകാര്യമന്ത്രിയുടെ ഉദ്ദേശം. അഭ്യന്തരസമ്പാദ്യവും പ്രതീക്ഷിച്ചത്രത്തോളം എത്തിയില്ലെന്നുവന്നേയ്ക്കുമെന്നും നോട്ടിറക്കുന്നതു അധികമായാൽ പണപ്പെരുപ്പവും വിലകയററവും സംഭവിക്കുമെന്നും അതിനാൽ കഴിയുന്നേടത്തോളം വിദേശസഹായം ലഭിക്കുവാൻ യത്നിക്കേണ്ടതാണെന്നും അന്തരാഷ്ട്രീയനാണയക്കാര്യാലയം 1953-ൽ ഇന്ത്യയിലേക്കയച്ച ഒരു വിദഗ്ദ്ധസംഘം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെപ്പററി 1954-ൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. വിദേശവ്യാപാരനില ഭാവിയിലും ദൃഢതരമായിത്തന്നെ തുടർന്നുകൊണ്ടുപോകുവാനും വിദേശസഹായം ഒഴിച്ചുകൂടാത്തതാണെന്നു് അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. വരുന്ന രണ്ടുകൊല്ലത്തേയ്ക്കു് ചുരുങ്ങിയതു് 200 കോടി രൂപയുടെ വിദേശീയധനം ഇന്ത്യയ്ക്കാവശ്യമാണെന്നാണു് അവരുടെ മതിപ്പു്.

ഏതായാലും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ അന്തരമായ ശക്തിയേയും, അതിനെ ദൃഢനിലയിൽ നിർത്തുവാനെടുക്കപ്പെട്ട ഫലപ്രദമായ നടപടികളെയും പ്രസ്തുത സംഘം പ്രശംസിച്ചിട്ടുണ്ടു്. ഇന്ത്യയുടെ പഞ്ചവത്സരപദ്ധതി തൃപ്തികരമായി പുരോഗമിക്കുന്നുണ്ടെന്നു് ഈയിടെ ബ്രിട്ടീഷ്‌പാർലമെണ്ടിൽ ധനകാര്യമന്ത്രി ബട്ട്ളർ പ്രസ്താവിക്കുകയുണ്ടായി. ഒരു വിദഗ്ദ്ധനിരീക്ഷകനായ ലൂയി ഫിഷർ പ്രസ്താവിച്ചതു്, "സോവിയററ്റഷ്യ 1921-മുതൽ '27-വരെയുള്ള വർഷങ്ങളിൽ സാധിച്ചതിലും കവിഞ്ഞ പുരോഗതി ഇന്ത്യ 6 കൊല്ലത്തെ സ്വാതന്ത്ര്യംകൊണ്ടു് സാധിച്ചിരിക്കുന്നു," എന്നാണു്.*

* 1954 ഫെബ്രുവരി 6-ാംതീയതി ബോംബെയിൽവെച്ചുചെയ്തോരു പ്രസ്താവന. Ref: Hindu 8-2-'54

## പദ്ധതിയുടെ വിശേഷത

ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതിയുടെ വിശേഷത അതു് ഇന്ത്യയിൽ പ്രവൃത്തിരൂപത്തിൽ എത്തിയിട്ടുള്ള ഒന്നാമത്തെ പദ്ധതിയാണെന്നതത്രെ. ഇതിന്നു മുമ്പുള്ള പദ്ധതികളൊക്കെ കേവലം കടലാസ്സുപദ്ധതികളായിരുന്നു. ഈ പദ്ധതിയും മുൻപദ്ധതിയെപ്പോലെതന്നെ ഒരു കടലാസ്സുപദ്ധതിയായിക്കിടക്കുകയേ ഉള്ളുവെന്നു് പലരും ആക്ഷേപം പറഞ്ഞിരുന്നുവെങ്കിലും ഇപ്പോൾ അതു പകുതിയോളം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. യൂനിയൻപ്രസിഡണ്ടു് രാജേന്ദ്രപ്രസാദ് പ്രസ്താവിച്ചതുപോലെ, ദേശീയപുനരുദ്ധാരണത്തിന്റെ ഒരു നൂതനയുഗത്തെ അതുൽഘാടനം ചെയ്തിരിക്കുയാണു്.

രാജ്യത്തെ അഭിമുഖീകരിച്ചിരിക്കുന്ന ഏററവും വലിയ പ്രശ്നമായ ഭക്ഷണക്ഷാമത്തെ പരിഹരിക്കുക എന്നതാണു് പദ്ധതിയുടെ പ്രഥമോദ്ദേശം എന്ന വസ്തുത പദ്ധതിയുടെ പ്രാധാന്യത്തെ വിളിച്ചോതുന്നു. അതുപോലെതന്നെ നിത്യജീവിതത്തിലത്യാവശ്യമായ മററു വസ്തുക്കളുടെ ദൌർലഭ്യം നീക്കുവാനും പദ്ധതി ശ്രമിക്കുന്നു. ഇപ്രകാരം അസ്ഥിവാരമുറപ്പിച്ചുവേണം ഭാവിസമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുവാൻ എന്നുള്ള യാഥാർത്ഥ്യബോധത്തോടുകൂടിയാണു് പ്ലാനിങ്ങ്കമ്മീഷൻ ഇന്ത്യയുടെ സാമ്പത്തികാസൂത്രണസോപാനത്തിന്റെ ഒന്നാമത്തെ പടി പണിതിട്ടുള്ളതു്.

പദ്ധതി വ്യവസായവൽക്കരണത്തിന്നു് പ്രാധാന്യം നൽകാതെ ഇന്ത്യയെ ഒരു കാർഷികരാജ്യമാക്കിത്തന്നെ നിർത്തി സമ്പദ് വ്യവസ്ഥയുടെ അസന്തുലിതനില ശാശ്വതമാക്കുവാൻ ശ്രമിക്കുന്നുവെന്നു് ആക്ഷേപിക്കുന്നവർ ഈ യാഥാർത്ഥ്യത്തെ അവഗണിക്കുന്നു. ജനങ്ങൾക്കു വിശപ്പടക്കുവാനാവശ്യമായ ഭക്ഷണം നൽകുവാൻ സാധിക്കുന്നില്ലെങ്കിൽ യാതൊരഭിവൃദ്ധിപദ്ധതിയും വിജയപ്രദമാകുവാൻ പോകുന്നില്ല. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ സുലഭമാകുവാൻതന്നെ കാർഷികാഭിവൃദ്ധി അ

ത്യന്താപേക്ഷിതമാണ്. മുമ്പത്തെ ഇന്ത്യൻ ധനകാര്യമന്ത്രിയായിരുന്ന സർ ജോർജ്ജ്ഷുസ്റ്റർ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക:

"വേണ്ടത്രയുള്ള കാർഷികോല്പാദനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഇന്ത്യയ്ക്കു് സുഭദ്രമായ വ്യവസായവികസനം സാദ്ധ്യമല്ലെന്നുള്ളതു് അടിസ്ഥാനപരമായ പ്രാഥമികവസ്തുതയാണു്. ആ അടിത്തറ പണിതാൽ മാത്രമേ ഇന്ത്യയ്ക്കു പൂർണ്ണമായ വ്യവസായവല്ക്കരണത്തിലേയ്ക്കു് അപകടമില്ലാതെ പുരോഗമിക്കുവാൻ സാധിക്കയുള്ളു."* (കൃഷിയിലേർപ്പെട്ട സാധാരണക്കാരുടെ ഉല്പാദനത്തോതു മുഴുക്കെ ഉയർത്തിയാലല്ലാതെ ഇന്ത്യയ്ക്കു് ഗണ്യമായ സാമ്പത്തികപുരോഗതി കൈവരികയില്ലെന്നു് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു.) എന്നു മാത്രവുമല്ല പ്രധാനമായ വ്യവസായങ്ങളുടെ വികസനഭാരം ഗവർമ്മേണ്ടു് ഏറ്റെടുത്തിട്ടുമുണ്ടു്. അപ്പോൾ വ്യവസായവൽക്കരണത്തിലേയ്ക്കുള്ള ചവിട്ടുകല്ലായി ഈ പ്രഥമ പദ്ധതിയെ ഗണിക്കാം. അടുത്ത (രണ്ടാമത്തെ) പദ്ധതിയിൽ വ്യവസായവികസനത്തിന്നാണു് കൂടുതൽ പ്രാധാന്യം കല്പിക്കുകയെന്നു് പ്ലാനിങ്ങ്മന്ത്രിയും ധനകാര്യമന്ത്രിയും സൂചിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. കൃഷിവികസനവും വ്യവസായവികസനവും ഒന്നായി നടപ്പിൽവരുത്തുവാനുള്ള ധനപരമായ കഴിവു് ഇന്നു ഗവർമ്മേണ്ടുകൾക്കില്ലെന്ന സംഗതി സ്മരിക്കേണ്ടതുണ്ടു്. ഇപ്പോഴുള്ള രൂപത്തിൽത്തന്നെ പദ്ധതി നടപ്പിൽ വരുത്തുവാൻ വേണ്ടത്ര പണം കാണാതെ കമ്മിബഡ്ജററുകളെ ആശ്രയിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. അതുകൊണ്ടാണു് തല്ക്കാലം വ്യവസായവികസനത്തിന്റെ ഭൂരിഭാഗം ഉത്തരവാദിത്വവും സ്വകാര്യവ്യവസായികൾക്കു് വിട്ടുകൊടുത്തിരിക്കുന്നതു്. കഴിഞ്ഞ 5 വർഷങ്ങളിൽ

* ഇന്ത്യയിൽ വ്യവസായവികസനത്തെപ്പററി ഉപദേശം നൽകുവാൻ 'ഫെഡറേഷൻ ഓഫ് ഇന്ത്യൻ ലേബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ ക്ഷണനപ്രകാരം ഇവിടെ പര്യടനം നടത്തുന്ന അവസരത്തിൽ മദിരാശിയിൽവെച്ചു് 18-1-1952-ൽ ചെയ്ത പ്രസംഗത്തിൽ.

ഇവർ 480 കോടി രൂപയുടെ മൂലധനം വ്യവസായങ്ങളിലിറക്കീട്ടുണ്ടെന്നുള്ള സംഗതി പ്രത്യേകം സ്മരണീയമാണ്. ദേശസാൽക്കരണഭീതി നീക്കിയതുതന്നെ സ്വകാര്യവ്യവസായങ്ങളുടെ വികസനത്തിന്നു് കൂടുതൽ പ്രോത്സാഹനം നൽകുന്നതാണ്.

TAYAM PUBLIC LI
KOT-AYAM

ദേശീയവരുമാനം 11 ശതമാനംകണ്ടു വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിതത്തോതുയർത്തുവാൻ പദ്ധതി ലക്ഷ്യംവെച്ചിട്ടുണ്ടു്. ഇതു് ഒട്ടുംതന്നെ ആകർഷകമായ ഒരു ലക്ഷ്യമല്ലെന്നു് ചിലർ ആക്ഷേപിച്ചിട്ടുണ്ടു്. പക്ഷെ മൂലധനത്തിൻെറ പോരായ്മയും ഉല്പാദനത്തോതിൻെറ താഴ്ന്ന നിലയും വർഷാവർഷമുള്ള 45 ലക്ഷത്തോളംവരുന്ന ജനസംഖ്യാവർദ്ധനയും നോക്കുമ്പോൾ തൽക്കാലം ഇതിലധികം സാദ്ധ്യമല്ലെന്നു് സമ്മതിച്ചേ തീരൂ. എന്നാൽ സാമൂഹ്യവും സാമ്പത്തികവുമായ അസമത്വങ്ങൾ ലഘൂകരിക്കുന്നതിന്നു് ഭൂപരിഷ്കാരം, മരണനികുതി, തൊഴിലാളികൾക്കു് ന്യായമായ കൂലിയും സംരക്ഷണവും എന്നിങ്ങനെയുള്ള നടപടികൾകൂടി അംഗീകരിക്കുന്നതു സാധാരണക്കാരുടെ നില മെച്ചപ്പെടുത്തുവാൻ കൂടുതൽ സഹായിക്കുന്നതാണ്.

ധനകാര്യവശത്തിൽ റവന്യൂവരുമാനത്തിൽ പ്രതീക്ഷിച്ച മിച്ചം കുറേ അതിർകവിഞ്ഞുപോയെന്നാണ് ആക്ഷേപം. പദ്ധതിയിലെ കണക്കനുസരിച്ച് കേന്ദ്രഗവർമ്മേണ്ടു് 330 കോടി രൂപയും സ്റ്റേറ്റുകൾ 408 കോടി രൂപയും റവന്യൂവരുമാനത്തിൽനിന്നുണ്ടാക്കണം. ഇപ്രകാരം ആകെ 738 കോടി രൂപ റവന്യൂകൊണ്ടുണ്ടാക്കുവാൻ സാധിക്കുന്ന കാര്യം സംശയഗ്രസ്തമാണ്. കേന്ദ്രത്തിന്നു് പദ്ധതിയുടെ ആദ്യത്തെ രണ്ടു വർഷത്തിലുംകൂടി 82 കോടി രൂപയുടെ കമ്മിയാണുണ്ടായതു്. മൂന്നാംവർഷത്തിൽ ധനകാര്യമന്ത്രി പ്രതീക്ഷിക്കുന്നതു് റവന്യൂവരുമാനം 140 കോടി രൂപയോളം കുറയുമെന്നാണ്. കമ്മീഷൻ നിശ്ചയിച്ചതോതിൽ റവന്യൂവരുമാനം വർദ്ധിപ്പിക്കാൻ സ്റ്റേറ്റുഗവർമ്മേണ്ടുകൾക്കു് ഇതുവരെ സാധിച്ചിട്ടില്ല. ഫൈനാൻസ് കമ്മീഷൻെറ ശുപാർശിപ്രകാരം അവയ്ക്കു്

ആദായനികുതിവിഹിതത്തിൽ 21 കോടി രൂപ അധികമായി കിട്ടുന്നുണ്ടു്. എന്നിട്ടും 408 കോടി രൂപയ്ക്കുപകരം 18 കോടി രൂപയെ ഇനിയും സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളു. അഭിവൃദ്ധിനികുതിയും മററും ചുമത്തിയാലും പിന്നെയും ഒരു വിടവു ബാക്കിനില്ക്കും. ഇതു നികത്തുവാൻ കേന്ദ്രത്തിൽനിന്നു കടം നൽകേണ്ടിവരും. 290 കോടി രൂപയുടെ നികത്താത്ത ചെലവിലേയ്ക്കു് നോട്ടിറക്കുന്നതുകൊണ്ടു് കൂടുതൽ വിലക്കയററമുണ്ടാവുമെന്നാണു് മറെറാരാക്ഷേപം. ഇതിന്നു് താങ്ങായി സ്റ്റർലിങ്ങ് ശിഷ്ടമുള്ളതുകൊണ്ടു് അങ്ങനെ വരില്ലെന്നാണു് ധനകാര്യമന്ത്രിയുടെ മറുപടി. ഏതായാലും നാട്ടിലുള്ള സമ്പാദ്യം മുഴുവൻ ലഭ്യമാകുമാറാക്കുവാൻ ഒരു ദേശീയമൂലധനനിക്ഷേപബോർഡ് രൂപവൽക്കരിക്കുന്നതു നന്നായിരിക്കും. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ധനകാര്യകോർപ്പറേഷനുകളും ഇതിന്നു സഹായകമാവും.

പദ്ധതി വിദേശസഹായത്തെ അവലംബിക്കുന്നതു് അതിൻെറ ഒരു ദൌർബ്ബല്യമായി ചിലർ കണക്കാക്കുന്നു. എന്നാൽ സാമ്പത്തികവികസനത്തിൽ ഏർപ്പെട്ട രാഷ്ട്രങ്ങൾ വിദേശീയമൂലധനത്തെ ആശ്രയിക്കുകയെന്നതു സാധാരണ പതിവുള്ളതാണു്. കർന്നമായ ദേശീയനയം കൈക്കൊണ്ട അമേരിക്കയും ജപ്പാനും ഇപ്രകാരം വിദേശീയമൂലധനത്തെ ആശ്രയിച്ചിട്ടുണ്ടു്. സോവ്യററു്റഷ്യകൂടി ഒന്നാമത്തെ പഞ്ചവത്സരപദ്ധതിക്കു് അമേരിക്കയിൽനിന്നു പണം കടമെടുക്കുകയും, അമേരിക്കയിലേയും ജർമ്മനിയിലേയും സാങ്കേതികവിദഗ്ദ്ധന്മാരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. ഇന്നു് ഫ്രാൻസ്, നോർവെ, ഗ്രീസ്, പോളണ്ടു്, ചെക്കോസ്ളാവാക്യ എന്നീ രാജ്യങ്ങളും തങ്ങളുടെ പദ്ധതികൾ നടപ്പിൽവരുത്താൻ വിദേശസഹായത്തെ ആശ്രയിക്കുന്നുണ്ടു്.*

ഡോക്ടർ ജെ. സി. കുമരപ്പാ ആക്ഷേപിക്കുകയുണ്ടായി, പ

* Harris: Economic Planning—P. 88.

ഞ്ചവത്സരപദ്ധതി പരസ്പരം ബന്ധമില്ലാത്ത ഏതാനും പരിപാടികളുടെ ഒരു പട്ടിക മാത്രമാണെന്നും, അതൊരു പ്ലാൻതന്നെ അല്ലെന്നും. ഈ ആക്ഷേപം അടിസ്ഥാനരഹിതമാണു്. എല്ലാ പദ്ധതികളും വിവിധപരിപാടികളുടെ ഒരു സമുച്ചയം തന്നെയായിരിക്കും. അവ ഗുണപ്രദമാണോ, അല്ലയോ എന്നും, അവ നടപ്പിൽ വരുത്തുവാൻ വേണ്ടുന്ന പണം വകയിരുത്തീട്ടുണ്ടോ എന്നുമാണു നോക്കേണ്ടതു്. സമ്പദ്വ്യവസ്ഥയെ ആകമാനം ആശ്ലേഷിക്കുന്ന ഒരു പദ്ധതിയാണു് പഞ്ചവത്സരപദ്ധതി. അതുകൊണ്ടു് ഓരോ പരിപാടിയും പദ്ധതിയുടെ യഥാർത്ഥഭാഗമായിട്ടുതന്നെയാണുള്ളതും. പദ്ധതി സുചിന്തിതവും, സുഭദ്രവും, യാഥാർത്ഥ്യബോധസംയുക്തവുമാണെന്നു് സർ പെർസീവൽ ഗ്രഫിത്ത്സ് പ്രസ്താവിച്ചിരിക്കുന്നതിനോടു യോജിക്കാതെ നിവൃത്തിയില്ല.*

പദ്ധതിയുടെവിജയം ജനങ്ങളിൽനിന്നു ലഭിക്കുന്ന സഹായസഹകരണങ്ങളെആശ്രയിച്ചിരിക്കുമെന്നു് പ്ലാനിങ്കമ്മീഷൻതന്നെ തുറന്നുപറഞ്ഞിട്ടുണ്ടു്. ഇതു തങ്ങളുടെ ഉന്നമനത്തിന്നുള്ളൊരു പദ്ധതിയാണെന്നബോധം ജനസഞ്ചയത്തിലുളവാക്കുകയും,തദ്വാരാ അവരുടെ ഉത്സാഹം തട്ടിയുണർത്തി അവരുടെ സഹകരണം നേടേണ്ടതുമാണു്. അതിന്നു് പദ്ധതിയുടെ വിവിധവശങ്ങളും ജനങ്ങൾക്കു വിവരിച്ചു മനസ്സിലാക്കിക്കൊടുക്കുവാനുള്ള പ്രചാരവേല അത്യാവശ്യമാണു്. 1953 ഒക്ടോബറിൽ ചേന്ന ദേശീയവികസനകൌൺസിലിന്റെ യോഗത്തിൽ പ്രധാനമന്ത്രി നെഹ്റു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടു്, ഞാനതിപ്പോഴും ആവർത്തിക്കുന്നു, പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിൽ നമ്മുടെ സമീപനം ഗ്രാമീണജനങ്ങളിൽ ഒരു പങ്കാളിത്തമനസ്ഥിതിയുളവാക്കിക്കൊണ്ടായിരിക്കണം എന്നു്.

"ഇന്ത്യയുടെ പഞ്ചവത്സരപദ്ധതി ജനങ്ങളുടെ ഒരു പദ്ധതി

* Article in Financial Times (London.) 7-4-'53

യാണു്. അതിൻെറ പ്രവൎത്തനത്തിൽ ഓരോ പുരുഷനിലും സ്ത്രീയിലും തങ്ങൾ 'ഇന്ത്യാലിമിററഡ്ഡി'ലെ പങ്കാളികളാണെന്നും, എല്ലാവരും കൂട്ടായി നവഭാരതത്തെ കെട്ടിപ്പട്ടുക്കുന്ന മഹനീയകൃത്യത്തിൽ ഏൎപ്പെട്ടിരിക്കയാണെന്നുമുള്ള ബോധം അങ്കുരിപ്പിക്കേണ്ടതാണു്."

ഇത്തരമൊരു ബോധമുളവാക്കേണമെങ്കിൽ പദ്ധതിയുടെ പ്രവൎത്തകർ ആത്മാൎത്ഥതയും സ്ഥിരോത്സാഹമുള്ളവരും, നിഷ്കൃഷ്ടമായ മൎയ്യാദയും സത്യസന്ധതയും പാലിക്കുന്നവരും, കാൎയ്യക്ഷമമായി തങ്ങളുടെ ജോലി നിൎവ്വഹിക്കുന്നവരും ആയിരിക്കണമെന്നതു സുവ്യക്തമാണു്.

# സോവ്യററ് റഷ്യയിലെ സാമ്പത്തികാസൂത്രണം

റഷ്യയാണ് സാമ്പത്തികാസൂത്രണത്തിൽ ആധുനിക ലോകത്തിന്നു മാതൃക കാണിച്ചുകൊടുത്തതു്. സാമ്പത്തികരംഗത്തിന്റെ വിവിധരംഗങ്ങൾക്കും ബാധകമാകുന്നവിധത്തിൽ വികസനലക്ഷ്യങ്ങൾ നിശ്ചയിച്ചു്, ജനസാമാന്യത്തിന്റെ ജീവിതത്തോതു് ഒരു നിശ്ചിതകാലത്തിന്നുള്ളിൽ ഉയർത്തുവാൻ ശ്രമിച്ച ഒന്നാമത്തെ രാഷ്ട്രമാണു റഷ്യ. ഇതിന്റെ വിജയമാണ് ആദ്യം നാസി ജർമ്മനിയിലും പിന്നീടു് റൂസ്‌വെൽററിന്റെ അമേരിക്കയിലും സമ്പത്തികാസൂത്രണത്തിന്നു് പ്രേരണനൽകിയതു്.

റഷ്യയിൽ ഇപ്പോൾ അഞ്ചാമത്തെ പഞ്ചവത്സരപദ്ധതിയാണ് നടപ്പിലുള്ളതു്. ഒന്നാമത്തെ പഞ്ചവത്സരപദ്ധതി ആരംഭിച്ചതു് 1928-ൽആയിരുന്നു. അതിന്റെ ഉദ്ദേശങ്ങൾ താഴെച്ചേർക്കുംപ്രകാരമായിരുന്നു.

1. സോവ്യററ് റഷ്യയെ ദുർബ്ബലമായൊരു കാർഷികരാജ്യമെന്ന നിലയിൽനിന്നു് മുതലാളിത്തത്തിന്റെ വൈകല്യങ്ങൾ തീരെ ഇല്ലാത്തൊരു സുശക്ത വ്യാവസായികരാജ്യമാക്കിമാററുക.

2. തുണ്ടംതുണ്ടമായും ഛിന്നഭിന്നമായും കിടക്കുന്ന കൃഷിയിടങ്ങളെ വലിയ കൂട്ടുകൃഷി ഇടങ്ങളാക്കി മാററുകയും, മുതലാളിത്തത്തിന്റെ പുനരാവിർഭാവത്തിന്റെ സാദ്ധ്യത വേരറുക്കുകയും ചെയ്യുക.

3. സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ കൃഷിയും വ്യവസായവും, ഗതാഗത സൗകര്യങ്ങളും പുനഃസംഘടിപ്പിക്കുവാൻ സാദ്ധ്യമാക്കുമാറു് വ്യവസായം വളർത്തിക്കൊണ്ടുവരിക.

ലക്ഷ്യങ്ങൾ

വ്യാവസായികോല്പാദനം ആദ്യത്തെ കൊല്ലം 15·6 % മുതൽ വർദ്ധിച്ചു് അവസാനത്തെ കൊല്ലത്തേയ്ക്കു് 21·4 % വരെ വർദ്ധിക്കേണ്ടതാണു്: അഞ്ചുകൊല്ലംകൊണ്ടു് വ്യവസായോല്പാദനങ്ങളുടെ വില 35 % കണ്ടു് കുറയേണ്ടതാണു്; മൊത്തവില 24% കണ്ടും കുറയ്ക്കേണ്ടതാണു്. വ്യവസായത്തിലുള്ള പണമിറക്കൽ അഞ്ചിരട്ടിയായി വർദ്ധിപ്പിക്കണം. പദ്ധതിയുടെ പ്രവർത്തനത്തിന്നാവശ്യമായ സാങ്കേതികവിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കേണ്ടതാണു്.

ചെലവുവിവരങ്ങൾ:—ആകെ അഞ്ചുകൊല്ലംകൊണ്ടു് പദ്ധതിക്കുവേണ്ടി ചെലവാക്കേണ്ടതു് 6,460 കോടി റൂബിൾ ആയിരുന്നു. ഇതിലെ പ്രധാന ചെലവിനങ്ങളാണു് താഴെ ചേർക്കുന്നതു്:

| | | | |
|---|---|---|---|
| വൻകിടവ്യവസായങ്ങൾ | 1,640 | കോടി | റൂബിൾ |
| കൃഷി | 2,330 | ,, | ,, |
| വൈദ്യുതീകരണം | 380 | ,, | ,, |
| ഗതാഗതം | 990 | ,, | ,, |
| ആഭ്യന്തരവാണിജ്യം | 220 | ,, | ,, |
| വിദ്യാഭ്യാസം | 200 | ,, | ,, |
| മുനിസിപ്പൽ സർവ്വീസ് | 220 | ,, | ,, |
| നഗരഭവനനിർമ്മാണം | 590 | ,, | ,, |

ചെലവിന്നുള്ള തുക ബഡ്ജററിൽതന്നെ വകയിരുത്തി. ഏററവുംപ്രധാനമായ വരുമാനം വില്പനനികുതി ആയിരുന്നു. (റഷ്യയിൽ 80 % റവന്യൂ വരുമാനവും ഇതിൽനിന്നാണു് ലഭിച്ചതു്.) രണ്ടാമത്തെ മാർഗ്ഗം ലാഭത്തിൽനിന്നുള്ള കിഴിവുകളായിരുന്നു. കേന്ദ്രബേങ്കായ ഗോസ്ബേങ്കിൻെറ കീഴിലുള്ള പ്രോംബേങ്കാണു് വ്യവസായത്തിന്നാവശ്യമായ പ്രവർത്തനധനം നൽകിയതു്.

### പ്രവത്തനം

ആസൂത്രണത്തിൻെറ എല്ലാ അധികാരവും 'ഗോസ്പ്ലാൻ' എന്നറിയപ്പെട്ടുന്ന സ്റ്റേററ്പ്ലാനിങ്ങ്കമ്മീഷനാണ് നൽകിയതു്. എന്നാൽമന്ത്രിസഭ(Coucil of People's Commissars) അതു് അംഗീകരിക്കണമെന്നുണ്ടായിരുന്നു. തദനന്തരം ഗവമ്മേണ്ടുഡിപ്പാർട്ടുമെൻറുകൾ അവ നടപ്പിൽവരുത്തുകയായി. ഒരേതരം സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായശാലകളുടെ സമൂഹത്തിന്നു് ഒരു 'വ്യവസായട്രസ്റ്റ്'' ഏർപ്പെട്ടുത്തി വ്യവസായശാലകളുടെ ആഭ്യന്തരനയത്തെ നിർണ്ണയിച്ചതു് ഇവയാണു്. വ്യവസായത്തിലാകമാനമുള്ള ഉല്പാദനച്ചെലവിൻെറ ശരാശരി നോക്കീട്ടാണു് മൊത്തവില നിശ്ചയിച്ചതു്. ഇപ്രകാരം "വ്യവസായസംരംഭങ്ങളുടേയും, വ്യാപാരസ്ഥാപനങ്ങളുടേയും, കൂട്ടുകൃഷിയിടങ്ങളുടേയും നടത്തിപ്പു് ഉദ്യോഗസ്ഥവൃന്ദത്തിൻെറ കയ്യിലായിരുന്നു. ഇപ്രകാരമുള്ളൊരു വ്യവസ്ഥ ജനകീയമായിത്തോന്നാമെങ്കിലും, ഈ ജനാധിപത്യം അന്തരമായി സവ്വാധിപത്യത്തിന്നു് വഴിവെച്ചുകൊട്ടുന്നു. എന്തെന്നാൽ ആകെയുള്ള 17 കോടി ജനങ്ങളുടെ പ്രാതിനിധ്യം വഹിച്ച 20 ലക്ഷം ആളുകൾ (1936-ൽ) ആണു് യഥാത്ഥത്തിൽ സ്ഥിതിനിയന്ത്രിച്ചതു്. 1925-നുശേഷം കമ്മ്യൂണിസ്റ്റ്പാർട്ടി ജോസഫ് സ്റ്റാലിൻെറ ആധിപത്യത്തിലുമായിരുന്നു.''*

### നേട്ടങ്ങളും കോട്ടങ്ങളും

പദ്ധതികാലത്തു് ഇരുമ്പുരുക്കു വസ്തുക്കൾ, അലൂമിനിയസാമാനങ്ങൾ, രാസപദാത്ഥങ്ങൾ, മോട്ടോർകാറുകൾ, ട്രാക്റ്ററുകൾ, വിദ്യുച്ഛക്തി എന്നിവയുടെ നിമ്മാണത്തിന്നു് വമ്പിച്ച യന്ത്രശാലകൾ നിമ്മിക്കപ്പെട്ടു. വിവിധവസ്തുക്കളുടേയും ഉല്പാദനം അഭൂതപൂവ്വമായി വധിച്ചു. ഉദാ:—

* —S. B. Clough & C. W. Cole: Economic History of Europe, 1952-P. 809.

| | 1928 | 1932 |
|---|---|---|
| ഇരുമ്പുരുക്ക് | 60 ലക്ഷം ടൺ | 120 ലക്ഷം ടൺ |
| കല്ക്കരി | 350 ,, ,, | 640 ,, ,, |
| എണ്ണ | 115 ,, ,, | 225 ,, ,, |

യന്ത്രോപകരണങ്ങളുടെ ഉല്പാദനകാര്യത്തിലുള്ള നേട്ടവും പ്രശംസാർഹമായിരുന്നു. അങ്ങിനെ ഒരു കാർഷികരാജ്യമെന്നസ്ഥിതി വിട്ട് റഷ്യ ഒരു വ്യാവസായികരാജ്യമായി രൂപാന്തരംപ്രാപിച്ചു.

എന്നാൽ വമ്പിച്ച ആയുധീകരണപരിപാടികാരണം ചില സാമൂഹ്യസേവനപദ്ധതികൾ നടപ്പിൽവരുത്താതെ പോവുകയും ഉപഭോഗവസ്തുക്കളുടെ ഉല്പാദനം വിഗണിക്കപ്പെടുകയും ആണ് ഉണ്ടായത്. അങ്ങിനെ നിർമ്മാണപരിപാടി കടലാസിൽമാത്രം അവശേഷിച്ചു. ഭക്ഷണം, വസ്ത്രം, എന്നിവയുടെ ഉല്പാദനം കുറയുകയാണുണ്ടായത്. വിദേശനാണയം യന്ത്രോപകരണങ്ങളുടെ ഇറക്കുമതിക്കാവശ്യമാകയാൽ വിദേശങ്ങളിൽനിന്ന് ഇത്തരം സാധനങ്ങളുടെ ഇറക്കുമതിക്കനുവദിച്ചിരുന്നില്ല. സാധനങ്ങളുടെ വിതരണകാര്യത്തിൽ കർശനമായ റേഷൻവ്യവസ്ഥ നടപ്പിലാക്കിയിരുന്നു. വിലനിയന്ത്രണവും കർശനമായിരുന്നു. അവശ്യസാധനങ്ങൾ വിതരണംചെയ്തിരുന്നതു കോവാപ്പറേറ്റീവ്ഷാപ്പുമുഖാന്തരവും ഫാക്ടറിഷാപ്പുമുഖാന്തരവുമായിരുന്നു. ഇവ രണ്ടിന്റെയും വ്യാപാരം ഗവമ്മേണ്ട് അങ്ങേഅററത്തോളം നിയന്ത്രിച്ചിരുന്നു. തന്മൂലം ജനങ്ങൾ അതിരററ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 1932-'33-ലുണ്ടായ ഭയങ്കര ക്ഷാമബാധയാൽ ലക്ഷക്കണക്കിൽ ആളുകൾ മൃതിയടഞ്ഞു. തൊഴിലാളികൾ പാർപ്പിടസൌകര്യമില്ലാതെ വളരെഅധികം ബുദ്ധിമുട്ടേണ്ടിവന്നു.* കാർഷികവൃത്തിയിൽ കണക്കിലധികമായി തിങ്ങി

---

*"കമ്മ്യൂണിസ്റ്റുകളുടെ സാമ്പത്തികനയങ്ങൾ പ്രധാനമായുംതൊഴിലാളിക്ഷേമത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ഉദ്ദേശിച്ചതായിരുന്നില്ല. രാഷ്ട്രത്തിന്റെ സാമ്പത്തികവും സൈനികവുമായ ശക്തി വർദ്ധിപ്പിക്കുവാൻ ഉന്നംവെച്ചതായിരുന്നു"—

Clough & Cole: Econ. History of Europe-P. 96.

ക്കൂടിയ കുറേ പേരെ വ്യവസായങ്ങളിലേയ്ക്കു തിരിക്കുവാൻ കഴിഞ്ഞുവെന്നതു പദ്ധതിയുടെ ഒരു പ്രധാന നേട്ടമാണ്. എന്നാൽ ഇവക്ക് സാങ്കേതികപരിശീലനമില്ലാത്തതിനാൽ ഇവരുടെ പ്രവൃത്തിക്ഷമത വളരെ കുറവായിരുന്നു. യന്ത്രങ്ങൾ കൂടക്കൂടെ തകർന്നു വീണു. തന്നിമിത്തം ഉല്പാദനച്ചെലവ് വർദ്ധിക്കുകയാണുണ്ടായതു്. "വിദ്യുച്ഛക്തിയും സോവിയററുകളും ചേർന്നാൽ സോഷ്യലിസമായി." എന്ന ലെനിന്റെ പ്രസ്താവനയെ സാക്ഷാൽക്കരിക്കാൻ അദ്ദേഹത്തിന്റെ അനുയായികൾ വേണ്ടിടത്തും, വേണ്ടാത്തിടത്തും, ആദായകരവും, അനാദായകരവുമായ തോതിൽ വിദ്യുച്ഛക്ത്യുല്പാദനം ആരംഭിച്ചു. ഇതു ധാരാളം ദുർവ്യയത്തിന്നും നഷ്ടത്തിന്നും ഹേതുവായി. എന്നാൽ വിദ്യുച്ഛക്തി റഷ്യയുടെ ത്വരിതതരമായ വ്യവസായവൽക്കരണത്തിന്നു് അത്യന്തം സഹായകമായി ഭവിച്ചുവെന്ന സംഗതി വിസ്മരിക്കുക വയ്യ.

കാർഷികരംഗത്തിൽ ഭൂമി ദേശസാൽക്കരിക്കുകയും, അനന്തരം 2 ലക്ഷത്തിൽപരം പഴയ ഭൂവുടമകളെയെല്ലാം അവരുടെ ഭൂമിയിൽനിന്നു് പുറത്താക്കുകയും ചെയ്തു. കൂട്ടുകൃഷിയിടങ്ങളും 5,000 സർക്കാർ കൃഷിയിടങ്ങളും ഏർപ്പെടുത്തുകയുണ്ടായി. ദരിദ്രരായ കർഷകത്തൊഴിലാളികളെല്ലാം ഇവയിൽ ചേർന്നു പ്രവൃത്തിചെയ്തു. എന്നാൽ കാർഷികോല്പാദനം പ്രതീക്ഷിച്ചവിധം വർദ്ധിച്ചില്ല. വിപ്ലവപരമായ ഭൂപരിഷ്കാരങ്ങൾ പല അനാശാസ്യഫലങ്ങളുമുളവാക്കി.

ദേശീയവരുമാനം കോളിൻ ക്ലാർക്കിന്റെ കണക്കുപ്രകാരം, 1928-ൽ 284 കോടി പവൻ വിലമതിച്ചതു് 1934-ൽ 329 കോടി പവൻ വിലയ്ക്കുണ്ടായിരുന്നു. ആളോഹരി വരുമാനം അങ്ങിനെ 4 ശതമാനംകണ്ടു് വർദ്ധിച്ചു. ഇക്കാര്യത്തിൽ പ്രതീക്ഷ പൂർണ്ണമായി സഫലീകരിക്കപ്പെട്ടില്ല.

സാക്ഷരതാപ്രചരണത്തിലും വൈദ്യസഹായത്തിലും ഗണ്യമായ പുരോഗതി കൈവന്നു. ശാസ്ത്രീയവിദ്യാഭ്യാസത്തി

ലും ഗവേഷണത്തിലും വമ്പിച്ച അഭിവൃദ്ധിയുണ്ടായി. ഒന്നരലക്ഷത്തിലധികം ശാസ്ത്രജ്ഞന്മാർ പരീക്ഷണം നടത്തിക്കൊണ്ടിരുന്ന 800 ഗവേഷണാലയങ്ങൾ ഉണ്ടായിരുന്നു.

## രണ്ടാം പഞ്ചവത്സരപദ്ധതി (1933–'38)

ഒന്നാംപദ്ധതിയിൽ പററിയ തെററുകളും പരാജയങ്ങളും നിമിത്തം രണ്ടാംപദ്ധതി കുറേക്കൂടി അവധാനപൂർവ്വമാണു് ആസൂത്രണം ചെയ്യപ്പെട്ടതു്. അവശ്യപദാർത്ഥങ്ങളുടെ സപ്ലൈ വർദ്ധിപ്പിക്കുകയാണു് ആദ്യമായി വേണ്ടതെന്നു് പദ്ധതീകർത്താക്കൾക്കു് ബോദ്ധ്യമായി. വാസ്തവത്തിൽ ഒന്നാംപദ്ധതിയുടെ ദോഷങ്ങൾ പരിഹരിക്കുന്നതിലാണു് രണ്ടാംപദ്ധതിയുടെ ആദ്യകാലങ്ങളിൽ ശ്രദ്ധ പതിപ്പിക്കപ്പെട്ടതു്.

ഉദ്ദേശങ്ങൾ:—പദ്ധതിയുടെ പ്രധാനമായ സാമ്പത്തികോദ്ദേശം ദേശീയസമ്പദ്‌വ്യവസ്ഥയുടെ പുനഃസംഘടന പൂർത്തീകരിക്കലും, പ്രധാനമായ രാഷ്ട്രീയോദ്ദേശം എല്ലാ ചൂഷകവർഗ്ഗങ്ങളുടേയും പൂർണ്ണമായ നിർമ്മാർജ്ജനം സാധിക്കലുമാണു്.

| ലക്ഷ്യങ്ങൾ:- | 1933 | 1938 |
|---|---|---|
| വ്യാവസായികനിർമ്മാണം | 5,050കോടിറൂ. | 13,340കോടിറൂ. |
| കാർഷികോല്പാദനം | 1,310 ,, | 2,600 ,, |
| തീവണ്ടിസൌകര്യം | 16,900 കോടി ടൺ കിലോമീററർ | 30,000 കോടി ടൺ കിലോമീററർ |

നേട്ടങ്ങൾ:—ഭക്ഷ്യോല്പാദനത്തിന്നു് പ്രോത്സാഹനം നൽകുകകാരണം ഭക്ഷ്യപദാർത്ഥങ്ങളുടെ സപ്ലൈ വർദ്ധിച്ചു. റൊട്ടിയുടെ ഉല്പാദനം രണ്ടിരട്ടിയും, പഞ്ചസാരയുടേതു മൂന്നിരട്ടിയും വർദ്ധിച്ചു. വസ്ത്രോല്പാദനം ഇരട്ടിച്ചു. തീവണ്ടിസൌകര്യം ലക്ഷ്യത്തിലും കവിഞ്ഞ തോതിൽ വർദ്ധിച്ചു. 3,716 കിലോമീററർ റെയിൽവേ പുതുതായി നിർമ്മിക്കപ്പെട്ടു. വിദ്യുച്ഛക്ത്യുല്പാദനം 8 ഇരട്ടിയും, കൽക്കരിയുല്പാദനം 4 ഇരട്ടിയും, പെട്രോളിയം സപ്ലൈ 3 ഇരട്ടിയുംകണ്ടു് വർദ്ധിച്ചു. ഇതു് വ്യവസായോല്പാദനം വർദ്ധിപ്പി

ക്കുന്നതിന്ന് സഹായകമായി. വ്യവസായവികസനത്തിൻെറയും മററും ഫലമായി ദേശീയവരുമാനം ക്രമത്തിലധികമായി വദ്ധിച്ചു. 1934-ൽ തൊഴിലാളിവിഭാഗത്തിൻെറ വരുമാനം 267 സാവ്വദേശീയയൂനിററ് ആയിരുന്നതു് 1938-ലേയ്ക്കു് 379 യൂനിററായി. അവരുടെ സംഖ്യ സുമാർ 61 കോടിയിൽനിന്നു് 64 കോടിയായി വദ്ധിച്ചു. യന്ത്രോപകരണങ്ങളുടെ നിമ്മാണവും വളരെഅധികം വദ്ധിച്ചു.

മാററങ്ങൾ:—'തുല്യവേതന'സമ്പ്രദായം പ്രായോഗികമല്ലെന്നുകണ്ടു് 'പ്രവൃത്തിക്കനുസരിച്ചു് വേതന'മെന്ന സമ്പ്രദായം സ്വീകരിക്കപ്പെട്ടു. നിർബ്ബന്ധപൂവ്വം കൂട്ടകൃഷിയിടങ്ങൾ ഏർപ്പെടുത്തുന്ന പതിവുവിട്ടു്, കൃഷി സഹകരണാധിഷ്ഠാനത്തിലാക്കി. ഇതിന്നു് കർഷകരുടെ സഹകരണസംഘങ്ങൾ (Artels) രൂപവല്ക്കരിക്കപ്പെട്ടു. കാർഷികോപകരണങ്ങൾ കൂട്ടായി വാങ്ങേണ്ടതും ഉല്പന്നങ്ങൾ അപ്രകാരംതന്നെ വില്ക്കേണ്ടതുമാണു്. എന്നാൽ ഭവനങ്ങൾ, കന്നുകാലികൾ, കോഴികൾ എന്നിവ സ്വകാൎയ്യസ്വത്താക്കിവെയ്ക്കാം. വ്യവസായവിളവുകളുടെ ഉല്പന്നത്തിൽ 60 ശതമാനം വിതരണംചെയ്യപ്പെട്ടു. ബാക്കി 40 ശതമാനത്തിൽ ഗവമ്മേണ്ടു് നികുതിയും ഇൻഷൂറൻസ് ചാർജ്ജും അടയ്ക്കുകയും സാമൂഹ്യസേവനപരിപാടികൾ നിവ്വഹിക്കുകയും മററും ചെയ്തു. അവശേഷിച്ചതു മെംബർമാൎക്കു് അവർ തൊഴിൽചെയ്ത ദിനങ്ങൾക്കനുസരിച്ചു് വീതിച്ചുകൊടുത്തു. ഈ നൂതനസമ്പ്രദായം വളരെ വിജയപ്രദമായി. ഗോതമ്പിൻെറയും, ഓട്സിൻെറയും ഉല്പാദനം അപ്രതീക്ഷിതമാംവിധം വദ്ധിച്ചു. പക്ഷെ ഏക്കറിനുള്ള ഉല്പാദനത്തോതു് ഇക്കാലത്തു കുറഞ്ഞതായി കാണുന്നു.

സാധനങ്ങളുടെ വിതരണത്തിലുള്ള നിയന്ത്രണങ്ങളിൽ ഇക്കാലത്തു് അയവുവരുത്തി. സപ്ലൈ വദ്ധിച്ചതോടുകൂടി ഓരോന്നിൻെറ റേഷനിങ്ങ് എടുത്തുകളഞ്ഞു. അങ്ങനെ ആദ്യമായി 1935-ൽ റൊട്ടി റേഷൻചെയ്യൽ വേണ്ടെന്നുവെച്ചു. വില നിയന്ത്രണത്തി

ലും അയവുവരുത്തി. ഇതുകൊണ്ടു് ജനങ്ങൾക്കു സ്വാതന്ത്ര്യവും ആശ്വാസവും ലഭിച്ചു. സാധനവിലക്കയററം കാരണം കൂലിവർദ്ധനയും അനുവദിച്ചു.

ഇപ്രകാരം രണ്ടാംപദ്ധതിയിൽ മുതലാളിത്തവ്യവസ്ഥയുടെ ചില വിശേഷതകളെല്ലാം സോവ്യററുയൂനിയൻ സ്വീകരിക്കാൻ നിർബ്ബദ്ധയായി. എന്നാൽ അതു് സ്വകാര്യമുതലാളിത്തമായിരുന്നില്ലെന്നു മാത്രം. അതിന്നുപകരം സ്റ്റേററ്മുതലാളിത്തമായിരുന്നു.

## മൂന്നാം പഞ്ചവത്സരപദ്ധതി (1938–'42)

ഉദ്ദേശങ്ങൾ:—ഏററവും അഭിവൃദ്ധിപ്രാപിച്ച യൂറോപ്യൻ പ്രദേശങ്ങളുടേയും അമേരിക്കയുടേയും ഒപ്പമെത്തുമാറും അവയെ കടത്തിവെയ്ക്കുമാറും വ്യവസായോല്പന്നങ്ങൾ വർദ്ധിപ്പിക്കുക—വാർപ്പിരുമ്പു്, ഉരുക്കു്, കൽക്കരി, പെട്രോളിയം, വിദ്യുച്ഛക്തി, യന്ത്രങ്ങൾ, മററുല്പാദനോപകരണങ്ങൾ, ഉപഭോഗവസ്തുക്കൾ എന്നിവയും.

ലക്ഷ്യങ്ങൾ:—

(1) വ്യവസായനിർമ്മാണത്തിന്നു് 19,200 കോടി റൂബിൾ ചെലവാക്കുക. കിഴക്കൻപ്രദേശങ്ങളിൽ വിദ്യുച്ഛക്ത്യുല്പാദനസ്ഥാപനങ്ങളും, എഞ്ചിനീയറിങ്ങ്ശാലകളും, ലോഹവ്യവസായശാലകളും തുടങ്ങിവെച്ചതു് പൂർത്തിയാക്കുകയും, പുതുതായി ആരംഭിക്കുകയും ചെയ്യുക. വോൾഗയ്ക്കും, യൂറൽസിന്നും മദ്ധ്യേയുള്ള പെട്രോൾ എണ്ണഖനനം ത്വരിതപ്പെടുത്തുക.

(2) കാർഷികോല്പാദനം 5 ശതമാനത്തിൽ അധികം വർദ്ധിപ്പിക്കുക.

(3) റെയിൽവേയുടെ വ്യാപാരം 35,500 കോടി ടൺ കിലോമീററിൽനിന്നു് 51,000 കോടി ടൺ കിലോമീററർ ആകുമാറു് വർദ്ധിപ്പിക്കുക.

നേട്ടങ്ങൾ:—ആകെ 13,000 കോടി രൂപ വികസനപരിപാടികൾക്കു ചെലവായി. കിഴക്കൻപ്രദേശങ്ങളിൽ മേൽവിവ

രിച്ചപ്രകാരം വ്യവസായാഭിവൃദ്ധി കൈവരുത്തുകയും ഒരു വലിയ 'ധാന്യഅറ'തന്നെ സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ യുദ്ധം പൊട്ടിയപ്പോൾ, പ്രത്യേകിച്ചും 1941 ജൂൺ മുതൽ, പദ്ധതിയുടെ പ്രവർത്തനം തകരാറിലായി. ആയുധീകരണം പരമാവധിയോളം വർദ്ധിപ്പിക്കേണ്ടിവന്നു. വ്യവസായശാലകളെ ആയുധനിർമ്മാണശാലകളാക്കി മാററി. സർവ്വവിഭവങ്ങളും യുദ്ധാവശ്യത്തിലേയ്ക്കു് ഉപയോഗപ്പെടുത്തി. രാജ്യരക്ഷാച്ചെലവു് ആദ്യം ഉദ്ദേശിച്ചതിലും മൂന്നിരട്ടിയായി വർദ്ധിപ്പിച്ചു. ആകെയുള്ള പണത്തിൽ 15 ശതമാനം മാത്രമേ ഉപഭോക്തൃപദാർത്ഥവ്യവസായങ്ങൾക്കു് ചെലവഴിക്കുവാൻ സാധിച്ചുള്ളൂ. ജർമ്മൻ ആക്രമണംനിമിത്തം കല്ക്കരിയുല്പാദനത്തിൽ പകുതിയും, ഇരുമ്പയിരിൽ 60 ശതമാനവും, ഉരുക്കിൽ പകുതിയും നഷ്ടപ്പെട്ടു. അങ്ങിനെതന്നെ 40 ശതമാനം ഭക്ഷ്യോല്പാദനപ്രദേശങ്ങളും, 90 ശതമാനം പഞ്ചസാരയുല്പാദനപ്രദേശങ്ങളും. വ്യവസായസ്ഥാപനങ്ങളെ യൂറൽസിലേയ്ക്കും സൈബീരിയയിലേയ്ക്കും നീക്കിയാണു് രക്ഷിച്ചതു്. അങ്ങിനെ മൂന്നാമത്തെ പദ്ധതി പൂർണ്ണരൂപത്തിലെത്താതെ അലസിപ്പോയി.

## നാലാമത്തെ പഞ്ചവൽസരപദ്ധതി (1946–'50)

ഉദ്ദേശങ്ങൾ:—യുദ്ധങ്ങൾകൊണ്ടു് നാശനഷ്ടങ്ങൾ പററിയ പ്രദേശങ്ങളെ പുനഃസംവിധാനം ചെയ്യുക; വൻവ്യവസായങ്ങളുടേയും, റെയിൽവേയുടേയും പുനർനിർമ്മാണത്തിന്നു് മുൻഗണന നൽകിക്കൊണ്ടു് സമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിച്ചു് യുദ്ധത്തിന്നുമുമ്പുള്ള നിലയിലെത്തിക്കുകയും, കൂടുതൽ അഭിവൃദ്ധി ഉളവാക്കുകയും ചെയ്യുക; ഉപഭോഗപദാർത്ഥങ്ങൾ സുലഭമാക്കുമാറു് കൃഷിയും വ്യവസായങ്ങളും പോഷിപ്പിക്കുകയും, അടുത്ത ഭാവിയിൽ തന്നെ റേഷനിങ്ങ് സമ്പ്രദായം എടുത്തുകളയുകയും ചെയ്യുക; രാജ്യരക്ഷാശക്തി വർദ്ധിപ്പിക്കുക, സാങ്കേതികപുരോഗതി ത്വരിതപ്പെടുത്തുക, മൂലധനസൃഷ്ടി അഭിവൃദ്ധിപ്പെടുത്തുക, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക.

ലക്ഷ്യങ്ങൾ—ദേശീയവരുമാനം 1950-ലേയ്ക്ക് 1940-ലേതിലും 48 ശതമാനം അധികമാക്കുകയെന്നതായിരുന്നു പൊതുലക്ഷ്യം. പ്രത്യേക വിഭാഗങ്ങളുടെതിൽ പ്രധാനമായവയുടെ ലക്ഷ്യം താഴെ ചേക്കുന്നപ്രകാരമായിരുന്നു.

1940-നെ അപേക്ഷിച്ച് 1950-ൽ കാണേണ്ടുന്ന വർദ്ധന

| | | |
|---|---|---|
| ഇരുമ്പും ഉരുക്കും | 35 | ശതമാനം |
| കൽക്കരി | 51 | ,, |
| വിദ്യുച്ഛക്തി | 70 | ,, |
| യന്ത്രങ്ങൾ | 100* | ,, |
| രാസവ്യവസായം | 50 | ,, |
| ധാന്യങ്ങൾ | 7 | ,, |
| ബീററ്റൂട്ട് | 22 | ,, |
| പരുത്തി | 25 | ,, |
| ഫ്ളാക്സ് | 39 | ,, |
| ആടുകൾ | 75 | ,, |
| പന്നികൾ | 200 | ,, |
| ഗോക്കൾ | 39 | ,, |
| റെയിൽവേസൌകര്യം | 100 | ,, |

ഈ പദ്ധതിയിൽ കിഴക്കൻ (ഏഷ്യൻ) പ്രദേശങ്ങളിലേയ്ക്കാണ് കൂടുതൽ അഭിവൃദ്ധിപരിപാടികൾ ആസൂത്രണം ചെയ്തത്. പദ്ധതി നടപ്പിൽവരുത്താനാവശ്യമായ വിദഗ്ദ്ധരെ ലഭിക്കുന്നതിന്ന് സാങ്കേതികവിദ്യാലയങ്ങളിൽ 8 ലക്ഷം പേർക്ക് പരിശീലനസൌകര്യമുണ്ടായിരുന്നത് 15 ലക്ഷം പേർക്ക് സൌകര്യമുളവാക്കുവാനുള്ള പരിപാടിയും ഇതിൽ പെടുത്തിയിരുന്നു.

നേട്ടങ്ങൾ:-സമരാകീർണ്ണപ്രദേശങ്ങളിലെ മൂലധനച്ചെലവുകൾ 2,000 കോടി റൂബിളോളം വന്നു. ഇരുമ്പ്, ഉരുക്ക്, സിമൻറ്, പഞ്ചസാര എന്നിവയുടെ ഉല്പാദനം വൻതോതിൽ വർദ്ധിച്ചു. റഷ്യ

* ടാക്ടറുകൾ $3\frac{1}{2}$ ഇരട്ടിയും, റെയിൽവേ എഞ്ചിനുകൾ $2\frac{1}{2}$ ഇരട്ടിയും, വസ്ത്രമിൽ യന്ത്രങ്ങൾ 4 ഇരട്ടിയുമായി വർദ്ധിപ്പിക്കേണ്ടതാണ്.

വ്യാവസായികമായി പൂർവ്വാവസ്ഥയെ പ്രാപിച്ചു. പദ്ധതിയുടെ മൂന്നുകൊല്ലംകൊണ്ടുതന്നെ 4,000 വ്യവസായസ്ഥാപനങ്ങൾ നിർമ്മിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യപ്പെട്ടു. യന്ത്രനിർമ്മാണം ദ്രുതതരമായി വർദ്ധിച്ചു. 1948-ൽ കർഷകർക്ക് 1940-ൽ ലഭിച്ചതിൻെറ ഇരട്ടി കൃഷിയന്ത്രങ്ങളും മൂന്നിരട്ടി ട്രാക്ടറുകളും (യന്ത്രക്കലപ്പകൾ) ലഭിച്ചു. 1946-ൽ കഠിനമായ വരൾച്ചയുണ്ടായിട്ടും പദ്ധതികാലത്തേയ്ക്കു് കാർഷികോല്പാദനവർദ്ധനയുടെ ലക്ഷ്യം പൂർണ്ണമായി പ്രാപിക്കുവാൻ സാധിച്ചു. 1947 ഡിസമ്പറിൽ റേഷനിങ്ങ് എടുത്തുകളഞ്ഞു. ഉപഭോക്തൃവസ്തുക്കളുടെ വ്യാപാരം സ്വതന്ത്രമാക്കി. സാധനങ്ങളുടെ വില 1949 മാർച്ചിലും 1950 മാർച്ചിലും 10 ശതമാനത്തിലധികം കുറച്ചു. എന്നാൽ വസ്ത്രങ്ങളുടെ ഉല്പാദനത്തിൽ ലക്ഷ്യംപ്രാപിക്കുവാൻ സാധിച്ചില്ല.

## അഞ്ചാമത്തെ പഞ്ചവത്സരപദ്ധതി (1951–'55)

അടിസ്ഥാനവ്യവസായങ്ങളിലെ ഉല്പാദനം മുതലാളിത്തരാഷ്ട്രങ്ങളിലേതിനോടൊപ്പം എത്തിക്കുയും അതിലും വർദ്ധിപ്പിക്കുകയുമാണു് പ്രധാന ഉദ്ദേശം. ഈ പദ്ധതി ദേശീയവരുമാനം 60 ശതമാനം കണ്ടും വ്യവസായോല്പാദനം 70 ശതമാനം കണ്ടും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. (ഇതിൽ ഉല്പാദകപദാർത്ഥങ്ങളുടെ വർദ്ധന 13 ശതമാനവും ഉപഭോക്തൃ പദാർത്ഥങ്ങളുടേതു് 11 ശതമാനവും വരും). ഇതു മുമ്പത്തെ പദ്ധതി കാലത്തെ വർദ്ധനത്തോതിലും സ്വല്പം കുറവാണു്. (64 ശതമാനവും 73 ശതമാനവും). വ്യവസായത്തിലെ മൂലധനനിക്ഷേപം ഇരട്ടിപ്പിക്കുന്നതാണു്.

ലക്ഷ്യങ്ങൾ:—

(എ) വ്യവസായരംഗം:—ഘനതരവ്യവസായങ്ങളിലെ, അതായതു്, ഉല്പാദകപദാർത്ഥങ്ങൾ നിർമ്മിക്കുന്നവയിലെ ഉല്പാദനം

80 % കണ്ടും ലഘുവ്യവസായങ്ങളിലേതും, ഉപഭോക്തൃ വസ്തുക്കൾ ഉണ്ടാക്കുന്നവയിലേതും 65 ശതമാനം കണ്ടും വർദ്ധിപ്പിക്കുന്നതാണ്. താഴെപ്പറയുന്ന തോതിലുള്ള വർദ്ധനയാണ് വിവിധ വ്യവസായങ്ങൾക്കു നിശ്ചയിച്ചിട്ടുള്ളതു്.

| ഉല്പാദകപദാർത്ഥങ്ങൾ 1955 | | ഉപഭോക്തൃപദാർത്ഥങ്ങൾ '55 | |
|---|---|---|---|
| എണ്ണ | 85 % | കടലാസ്സ് | 43 % |
| വിദ്യുച്ഛക്തി | 80 ,, | പരുത്തിത്തുണി | 61 ,, |
| കല്ക്കരി | 43 ,, | പാദരക്ഷ(തോൽ സാമാനങ്ങൾ) | 55 ,, |
| വാതകം | 180 ,, | പഞ്ചസാര | 78 ,, |
| വാർപ്പിരുമ്പ് | 76 ,, | മൃഗക്കൊഴുപ്പ് | 72 ,, |
| ഉരുക്ക് | 62 ,, | | |
| ഉരുട്ടലോഹങ്ങൾ | 64 ,, | | |
| യന്ത്രങ്ങൾ | 100 ,, | | |
| സിമൻറ് | 120 ,, | | |
| മരത്തടി | 56 ,, | | |

| (ബി) കാർഷികരംഗം | | മൃഗങ്ങൾ:- | |
|---|---|---|---|
| ഭക്ഷ്യധാന്യങ്ങൾ | 40—50 % | ഗോക്കൾ | 18—20 % |
| ഉരുളക്കിഴങ്ങ് | 40—50 ,, | പന്നികൾ | 45—50 ,, |
| രോമം | 100-150 ,, | ആടുകൾ | 60—62 ,, |
| പരുത്തി | 55—65 ,, | കുതിരകൾ | 10—12 ,, |
| ഫ്ളാക്സ് | 40—50 ,, | | |
| പഞ്ചസാരബീററ് | 65—70 ,, | | |
| മാംസം | 80—90 ,, | | |
| പാൽ | 45—50 ,, | | |
| ജലസേചിതഭൂമി | 30—35 ,, | | |
| കൃഷിയോഗ്യമാക്കിയ ഭൂമി | 40—45 ,, | | |
| ട്രാക്ടറുകൾ | 30 ,, | | |

വികസനപരിപാടികൾക്കു് ഈ പദ്ധതിയിൽ കിഴക്കൻ പ്രദേശങ്ങൾക്ക മുൻപത്തേക്കാൾ കൂടുതൽ പ്രാധാന്യംകല്പിച്ചിരിക്കുന്നു. ഈ പ്രദേശങ്ങളിലുള്ള നിക്കൽ, തകരം, തുത്തനാകം, ഈയ്യം, അലൂമിനിയം, ചെമ്പു് എന്നിവയുടെ എല്ലാം ഉല്പാദനം ഗണ്യമായി വദ്ധിപ്പിക്കുന്നതാണു് വ്യവസായശാലകളുടെ പുതിയ വിതരണക്രമം. അവയെ അസംസ്കൃതപദാർത്ഥമുള്ള പ്രദേശങ്ങളുടെ സമീപത്തിലെത്തിക്കുന്നതാണു്.

ഗതാഗതസൗകര്യ്യവും വാഹനസൗകര്യ്യവും വദ്ധിപ്പിക്കുവാൻ നാലാംപദ്ധതിയേക്കാളും 63 ശതമാനം മൂലധനം അധികം ഇറക്കുന്നതായിരിക്കും. മോട്ടോർ റോഡുകൾ 50 ശതമാനംകണ്ടും റെയിൽവേ 150 ശതമാനം കണ്ടും വർദ്ധിപ്പിക്കുന്നതായിരിക്കും. ജലമാർഗ്ഗങ്ങളും ആകാശമാർഗ്ഗങ്ങളും വിപുലീകരിക്കുന്നതായിരിക്കും. വ്യാപാരം ആകപ്പാടെ 70 ശതമാനംകണ്ടു വർദ്ധിക്കും. സാധനങ്ങളുടെ ചില്ലറവില്പനവില കുറയ്ക്കുന്നതായിരിക്കും. അങ്ങനെ തൊഴിലാളികളുടെ യഥാർത്ഥകൂലി 35ശതമാനം വദ്ധിക്കുന്നതായിരിക്കും. ഉല്പാദന ക്ഷമത 50 ശതമാനംകണ്ടു് വദ്ധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

തൊഴിലാളികളുടെ സാമൂഹ്യരക്ഷയ്ക്കുള്ള ചെലവു് 30 ശതമാനംകണ്ടു് വദ്ധിപ്പിക്കുന്നതാണു്. ഒരു വലിയ ഭവനനിമ്മാണപദ്ധതി നടപ്പിൽവരുത്തുന്നതായിരിക്കും. വ്യക്തികൾക്കും ഭവനനിമ്മാണത്തിന്നു് ഗവമ്മേണ്ടു് കടംകൊടുക്കുന്നതാണു്.

ഔഷധങ്ങളുടെയും ചികിത്സോപകരണങ്ങളുടെയും ഉല്പാദനം 150 ശതമാനം കണ്ടു് വദ്ധിപ്പിക്കുന്നതാണു്. വിദ്യാലയങ്ങൾ 70 ശതമാനം കണ്ടു് കൂടുതൽ തുറക്കുന്നതാണു്. സെക്കണ്ടറിസ്കൂളുകളിൽ സാങ്കേതികപരിശീലനസൗകര്യം ഏൎപ്പെടുത്തുന്നതാണു്. വയോജനവിദ്യാഭ്യാസത്തിന്നു് സായാഹ്നക്ലാസുകളും മററും കൂടുതലായി ഏൎപ്പെടുത്തും. ഉന്നതവിദ്യാഭ്യാസസ്ഥാപ

നങ്ങൾക്കും ഗവേഷണസ്ഥാപനങ്ങൾക്കും വേണ്ടി വൻതോതിൽ മൂലധനമിറക്കും. വായനശാലകൾ 30 ശതമാനം കണ്ടും, ക്ലബ്ബുകൾ 15 ശതമാനംകണ്ടും സിനിമാശാലകൾ 25 ശതമാനം കണ്ടും വർദ്ധിപ്പിക്കും.

പുതിയ പദ്ധതി വിദേശങ്ങളുമായി സമനിലയിലും പരസ്പരം ഗുണകരമായ വിധത്തിലും ഉള്ള വ്യാപാരബന്ധങ്ങൾ വികസിപ്പിക്കുന്നതിൻെറ സാദ്ധ്യതകളെപ്പററി പ്രസ്താവിക്കുന്നുണ്ടു്. സോഷ്യലിസവും മുതലാളിത്തവും പരസ്പരവിദ്വേഷമില്ലാതെ നിലനില്ക്കാനുള്ള സാദ്ധ്യതയെപ്പററിയും അതിൽ സൂചിപ്പിച്ചിട്ടുണ്ടു്.

പദ്ധതിയുടെ പുരോഗതി:—പദ്ധതിയുടെ ഒന്നാമത്തെകൊല്ലത്തെ പ്രവത്തനത്തെപ്പററിയുള്ള ഔദ്യോഗികറിപ്പോർട്ടിൽ ദേശീയവരുമാനം 12 ശതമാനവും,തൊഴിലാളികളുടെ ഉല്പാദനക്ഷമത 10ശതമാനവും കണ്ടു വദ്ധിച്ചതായി പറയുന്നു. വ്യവസായവികസന പദ്ധതി 103·5 % നിറവേററപ്പെട്ടിട്ടുണ്ടത്രെ. റെയിൽവേപ്ലാനും കണക്കിലധികം പുരോഗമിച്ചിട്ടുണ്ടു്. (സാങ്കേതിക വിദ്യാലയങ്ങളിലെ വിദ്യാത്ഥികളുടെ എണ്ണം ഗണ്യമായി വദ്ധിച്ചിട്ടുണ്ടു്.) കൂട്ടകൃഷിയിടങ്ങളിലെ കൃഷി മുക്കാൽഭാഗവും യന്ത്രീകൃതമാക്കീട്ടുണ്ടു്. 1951 മാർച്ചിൽ ഉപഭോക്തൃവസ്തുക്കളുടെ വില കുറയ്ക്കുകയുണ്ടായി. 1952–ലും തൃപ്തികരമായ പുരോഗതിയുണ്ടായിട്ടുണ്ടെന്നും പദ്ധതിയിലെ ലക്ഷ്യങ്ങൾ നിശ്ചിതകാലത്തിനുള്ളിൽത്തന്നെ സംപ്രാപ്തമാവുമെന്നും മലങ്കോവ് അഖില യൂനിയൻ കോൺഗ്രസ്സിന്നു് 1952 ഒക്ടോബറിൽ സമപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിക്കുകയുണ്ടായി.

നേട്ടങ്ങളും കോട്ടങ്ങളും:—1928 മുതല്ക്കു് റഷ്യ തുടരെത്തുടരെയായി നടപ്പിൽവരുത്തിയ പഞ്ചവത്സരപദ്ധതികളാണു് ലോകരംഗത്തിൽ ആസൂത്രിത സമ്പദ്‌വ്യവസ്ഥയ്ക്കു പ്രചാരം വരുത്തുവാൻ ഏററവുമധികം സഹായിച്ചിട്ടുള്ളതു്. അതു് ഒന്നാംലോകമഹാ

KOTTAYAM PUBLIC LIBRARY KOTTAYAM


യുദ്ധാത്തിന്നുമുമ്പു കേവലമൊരു കാർഷികരാജ്യമായിരുന്നറഷ്യയെ യൂറോപ്പിലെ പ്രഥമവ്യവസായരാജ്യവും, ലോകത്തിലെ ദ്വിതീയ വ്യവസായ രാജ്യവുമാക്കിമാററീട്ടുണ്ടു്. ഔദ്യോഗികകണക്കപ്രകാരം 1920 തുടങ്ങി 1940-ലേയ്ക്കു് വ്യവസായോല്പാദനം 650 % കണ്ടു് വദ്ധിച്ചിട്ടുണ്ടു്. റഷ്യയുടെ സൂചകസംഖ്യ കുറെവീർപ്പിച്ച മട്ടിലുള്ളതാണെങ്കിലും ഈ അഭിവൃദ്ധി വിസ്മയാവഹമാണെന്നു് സമ്മതിക്കാതെ നിർവ്വാഹമില്ല. 1913-നെ അപേക്ഷിച്ചു് 1940-ൽ ഇരുമ്പിൻെറ ഉല്പാദനം 4 ഇരട്ടിയും ഉരുക്കിൻേറതു 4½ ഇരട്ടിയും കല്ക്കരിയുടേതു് 5½ ഇരട്ടിയും ഖനി എണ്ണയുടേതു് 3½ഇരട്ടിയും വർദ്ധിച്ചിട്ടുണ്ടു്.

എന്നാൽ പുരോഗതി സർവ്വവ്യാപകമല്ലെന്നു് നാം ഓർക്കണം. ഘനവ്യവസായങ്ങളിലെ ഉല്പാദനം നാലിരട്ടിയും അഞ്ചിരട്ടിയുമായി വർദ്ധിച്ചപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം ഈ മേല്പറഞ്ഞ കാൽനൂററാണ്ടുകാലത്തിൽ ഒരിരട്ടിയായി മാത്രമേ വർദ്ധിച്ചുള്ളു. ഇതുതന്നെ ആദ്യകാലം വിഗണിക്കപ്പെട്ടുകയാണുണ്ടായതു്. മററുള്ള ഉപഭോക്തൃപദാർത്ഥങ്ങളുടെ ഉല്പാദനസ്ഥിതിയിലും ഇങ്ങനെതന്നെ ആയിരുന്നു. ഈ നിമ്നോന്നത അടുത്ത പേജിൽ ചേർത്തിരിക്കുന്ന ചാർട്ടിൽനിന്നും മനസ്സിലാക്കാം.

അഞ്ചാമത്തെ പഞ്ചവത്സരപദ്ധതിയുടെ സാമാന്യസ്വഭാവം മുൻപത്തേവയിൽനിന്നു് ഭിന്നമല്ല. ഘനവ്യവസായപുരോഗതിയുടെ ഭയാനകമായ താളംപിടി നാം ഇനിയും കേൾക്കുന്നു. യന്ത്രനിർമ്മാണത്തിന്നും വിദ്യുച്ഛക്ത്യുല്പാദനത്തിന്നും മരത്തടി മുതലായ നിർമ്മാണസാമഗ്രികളുടെ ഉല്പാദനത്തിന്നും കൂടുതൽ പ്രാധാന്യം കല്പിച്ചിട്ടുണ്ടു്.

1937-നെ അപേക്ഷിച്ചു് 1955-ൽ വാർപ്പിരുമ്പിൻെറയും ഉരുക്കിൻെറയും ഉല്പാദനം ഏതാണ്ടു് ഇരട്ടിയും, കല്ക്കരിയുടേതു് ഇരട്ടിയിലധികവും, സിമൻറിൻേറതു് മൂന്നിരട്ടിയും, വിദ്യുച്ഛക്തിയു

1929-'53-ലെ മൂലധനനിക്ഷേപം
(100 കോടി റൂബിൾ കണക്കിൽ)



ടേത്ത് മൂന്നരഇരട്ടിയും, ആവും.* എന്നാലും മുന്നണിയിലുള്ള മുതലാളിത്തരാഷ്ട്രങ്ങളുമായി സമത്വം പ്രാപിക്കുകയും അവയെ കവച്ചുവയ്ക്കുകയും ചെയ്ക സോവിയററ് യൂനിയന്റെ സ്വപ്നം സഫലീകൃതമാവാൻപോകുന്നില്ല. ഫ്രാൻസിന്റെ സമീപസ്ഥാനം നേട്ടുവാൻ സാധിച്ചാലും ജർമ്മനിയിൽനിന്നും ബ്രിട്ടനിൽനിന്നും അകന്നുതന്നെ നില്ക്കും; അമേരിക്ക ചക്രവാളത്തോളം ദൂരസ്ഥമായുമിരിക്കും. ഇതു് അടുത്തപേജിൽ ചേർത്തിരിക്കുന്ന താരതമ്യപഠനത്തിൽനിന്നു വ്യക്തമാകുന്നതാണ്.

പക്ഷേ, ആളോഹരിഉല്പാദനം ജീവിതത്തോതിന്റെ കാര്യത്തിൽ മാത്രമാണു പ്രധാനം. രാഷ്ട്രത്തിന്റെ സാമ്പത്തികബലത്തിന്റെ കാര്യത്തിലല്ല. ഈ നിലപാടിൽനിന്നു നോക്കുമ്പോൾ സോവിയററ് യൂനിയന്റെ 1955-ലേയ്ക്കുള്ള സാമ്പത്തികലക്ഷ്യം ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവയുടെ ഇപ്പോഴത്തെ സംയുക്തോല്പാദനത്തിന്റേതിനോട് തുല്യമാണെന്നു കാണാം. എന്നാൽ ഈ രാജ്യങ്ങളിലും ഉല്പാദനം ഇന്നത്തെത്തോതിൽനിന്ന് വർദ്ധിക്കാതിരിക്കയില്ലല്ലോ. അമേരിക്കൻ നിലവാരം റഷ്യയ്ക്ക് ഇപ്പോഴത്തെ നിലയ്ക്ക് സംപ്രാപ്യവുമല്ല. എങ്കിലും റഷ്യയ്ക്ക് യൂറോപ്യൻ സാമ്പത്തികരംഗത്തിൽ ഇപ്രകാരമൊരാധിപത്യം കരസ്ഥമാക്കുവാൻ സാധിക്കുമെന്ന് കുറച്ചുകൊല്ലം മുമ്പുപോലും ആരും വിശ്വസിച്ചിരുന്നില്ല. ഇതു സാധിച്ചതു് തുടർച്ചയായുള്ള സാമ്പത്തികാസൂത്രണത്തിന്റെ ഫലമായിട്ടാണ്. ഇതുവരെയുള്ള പദ്ധതികളിൽ

---

* 1951 നവമ്പറിൽ റഷ്യൻവിപ്ലവവാർഷികാഘോഷാവസരത്തിൽ ചെയ്ത പ്രസംഗത്തിൽ ബെറിയ ചെയ്ത ചില താരതമ്യപ്രസ്താവനകൾ നോക്കുക. സോവിയററ് യൂനിയൻ ഇപ്പോൾ ബ്രിട്ടൻ, ഫ്രാൻസ്, ബൽജിയം, സ്വീഡൻ എന്നീരാജ്യങ്ങളെല്ലാം ചേർന്നുള്ളത്രതന്നെ ഉരുക്ക് ഉണ്ടാക്കുന്നുണ്ട്. "ഇക്കാലം വിദ്യുച്ഛക്ത്യുല്പാദനം 10,400 കോടി കിലോവാട്ട്സമയിത്തിരുന്നതാണ്. ഇതു ബ്രിട്ടന്റെയും ഫ്രാൻസിന്റെയും ശക്തിയിലുംകവിയും.

: "ഇക്കൊല്ലം റെയിൽവേയുടെ കടത്തു് 11 ശതമാനം വർദ്ധിക്കും. ഈ 11 ശതമാനം വർദ്ധന ബ്രിട്ടനിലേയും ഫ്രാൻസിലെയും റെയിൽവേകളുടെ വർഷംതോറുമുള്ള കടത്തിന്റെ ആകത്തുകയ്ക്കു സമമാണ്."

ആളോഹരിഉല്പാദനം (കിലോഗ്രാംകണക്കിൽ)

1951—'55

| ഇനം | അമേരിക്ക | ബ്രിട്ടൻ | പ: ജർമ്മനി | ഫ്രാൻസ് | റഷ്യ | റഷ്യ |
|---|---|---|---|---|---|---|
| കൽക്കരി | 3,500 | 45,000 | 2,480 | 1,230 | 1,384 | 1,730 |
| എണ്ണ | 2,050 | 1 | 29 | 7 | 208 | 325 |
| വിദ്യുച്ഛക്തി | 2,468 | 1,119 | 1,070 | 850 | 500 | 756 |
| വാർപ്പിരുമ്പ് | 426 | 197 | 223 | 206 | 109 | 159 |
| ഉരുക്ക് | 635 | 317 | 281 | 232 | 154 | 206 |

(The Economist - 30-8-1953)

ജനങ്ങളുടെ ജീവിതാവശ്യങ്ങളെ അത്ര സാരമാക്കിയിരുന്നില്ല. "ഭൃതശതിയിൽ വലുപ്പം കൂടിവന്ന ദേശീയകേക്കിൻെറ ഓരോ ചെറുകഷണം മാത്രമേ ഉപഭോക്താവിന്നു് അതാതുകാലത്തു ലഭിച്ചുള്ളു."* പുതിയ പദ്ധതിയിൽ വലിയൊരു കഷണം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നുമാത്രം. ഇപ്പോഴത്തെ പദ്ധതിപ്രകാരം 1940-ൽ ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടി രോമവസ്ത്രങ്ങളും, 75 ശതമാനം പരുത്തിവസ്ത്രങ്ങളും, 50 ശതമാനം ഷൂസും, 100 ശതമാനം പഞ്ചസാരയും കൊഴുപ്പും 1955-ലേയ്ക്കു ലഭ്യമാകുന്നതാണ്. ഈ പദ്ധതി കൊണ്ടു് ജീവിതത്തോതു് മൂന്നിലൊന്നുകണ്ടു ഉയത്താമെന്നാണു് കണക്കാക്കിട്ടുള്ളതു്. അതേഅവസരത്തിൽ ഘനതരവ്യവസായങ്ങളിലെ ഉല്പാദനം 50 ശതമാനം വദ്ധിപ്പിക്കുവാനാണു് ഉദ്ദേശ്യം. വ്യവസായത്തൊഴിലാളികളിൽ 70 ശതമാനവും ഇന്നു ഘനതര വ്യവസായങ്ങളിലാണു് ഏർപ്പെട്ടിരിക്കുന്നതു്. വ്യവസായോല്പന്നത്തിൻെറ 70 ശതമാനവും ഉല്പാദകോപകരണങ്ങളാണു്. സ്റ്റാലിനുശേഷം മലങ്കോവ് അധികാരത്തിൽവന്നതിൽപ്പിന്നെ ഉപഭോക്താക്കൾക്കു് കൂടുതൽ വസ്തുക്കൾ വാഗ്ദാനം ചെയ്തിട്ടുണ്ടു്. ഉല്പാദനം ത്വരിതപ്പെടുത്തുവാനും, ലക്ഷ്യം നിശ്ചിതകാലത്തിന്നു മുമ്പു തന്നെ പ്രാപിക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ടു്. പദ്ധതി ഒന്നു പുതുക്കുമെന്നു് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ പുതുക്കിയ ലക്ഷ്യങ്ങൾ എന്തായിരിക്കുമെന്നു് വിശദമാക്കീട്ടില്ല. ഈ കൊല്ലത്തേയ്ക്കു് മലങ്കോവു പ്രഖ്യാപിച്ചിട്ടുള്ള ലക്ഷ്യങ്ങൾ പദ്ധതിയ്ക്കനുസരിച്ചു മാത്രമാണു്. ലഘുതരവ്യവസായത്തിലെ ഉല്പാദനത്തോതു് ഘനതരവ്യവസായങ്ങളിലേതിനെ അപേക്ഷിച്ചു് വളരെ പിന്നിലാണു്. ഇതുകാരണം വ്യവസായവൽക്കരണത്തിൽ പാശ്ചാത്യരാഷ്ട്രങ്ങളുമായുള്ള വിടവു് വേഗത്തിൽ നികത്തിവരുന്നുണ്ടെങ്കിലും ജീവിതത്തോതിലുള്ള വിടവു് മന്ദമായേ നികത്തപ്പെടുന്നുള്ളു. സാധനങ്ങളുടെ വിലക്കുറവുകാരണം ജനങ്ങളുടെ ക്രയശക്തി വദ്ധിക്കുകയാൽ അവർ കൂടുതൽ സാധനങ്ങൾ ആവശ്യപ്പെട്ടുവരു

* The Economist-29-8-'53.

നുണ്ടെന്നും ഓർക്കേണ്ടതാണ്. എന്നുമാത്രമല്ല, ഗുണം കുറഞ്ഞ സാധനങ്ങൾ വാങ്ങുവാൻ മുമ്പത്തെപ്പോലെ അവർ തയ്യാറുമില്ല.[1] ഇപ്പോൾ ഗവമ്മേണ്ടുതന്നെ ഇത്തരം സാധനങ്ങളുടെ നേരെ ഒരു സമരം ആരംഭിച്ചിരിക്കയാണ്.

"ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ രണ്ടു അളവുകോലുകൾകൊണ്ടു് അളക്കാം: അതിന്റെ വ്യവസായബലംകൊണ്ടും, വ്യവസായയന്ത്രത്തെ പ്രവത്തിപ്പിക്കുന്ന തൊഴിലാളികളുടെ ജീവിതത്തോതുകൊണ്ടും. ടാങ്കുകളും, ജെററ്‌വിമാനങ്ങളും, ഹൈഡ്രജൻ ബോംബുപോലും ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് റഷ്യ കാണിച്ചുതന്നിരിക്കുന്നു. ഉപഭോക്തൃപദാത്ഥങ്ങളുടെ ഉല്പാദനകാര്യത്തിലുള്ള പ്രാപ്തി ഇനിയും തെളിയിക്കാതിരിക്കുന്നതേയുള്ളു. മാർക്സ്യൻ മാനദണ്ഡങ്ങൾപ്രകാരം ഒരു സോഷ്യലിസ്റ്റ്സമ്പദ്‌വ്യവസ്ഥ സമൃദ്ധിയിൽ അധിഷ്ഠിതമായിരിക്കണം. സോവ്യററ്സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുത്തിട്ടുള്ളതു് ഉപഭോക്തൃപദാത്ഥങ്ങളുടെ ആത്യന്തികമായ ദൌർലഭ്യത്തിന്മേലാണ്."[2]

തൊഴിലാളിയുടെ കൂലി യുദ്ധത്തിനുമുമ്പത്തേതിനേക്കാൾ വദ്ധിച്ചിട്ടുണ്ടെന്നുള്ളതുവാസ്തവമാണ്. അതിപ്പോൾ കൊല്ലത്തിൽ 7,000 റൂബിളിൽ അധികമാണ്. ഇതു 1940-ലേതിനേക്കാൾ സുമാർ 75 ശതമാനം അധികമാണ്. വില ഇതേതോതിൽ കയറീട്ടുമില്ല. എന്നാൽ ജീവിതാവശ്യങ്ങൾ നിവ്വഹിക്കുവാനുള്ള സാധനങ്ങൾ ഇന്നും മററുള്ള പാശ്ചാത്യരാജ്യങ്ങളിലേപ്പോലെ കിട്ടിവരുന്നില്ല.

---

1 "മുപ്പതുകളിലെ ആദ്യഘട്ടത്തിൽ രണ്ടുഭാഗവും ഇറക്കം സമമല്ലാത്ത കാലുറകളും, റൊട്ടി മുറിക്കാൻപോലും മൂർച്ചയില്ലാത്ത പേനാക്കത്തികളും നിങ്ങൾക്കു കാണാമായിരുന്നു. കഴിഞ്ഞ യുദ്ധത്തിന്റെ കെടുതികൾക്കു ശേഷം നഗ്നപാദനും അർദ്ധാവൃതഗാത്രനുമായ സോവിയററ് പൌരൻ ഒരു ജോഡി ഷൂസിനും, ഒരു സൂട്ടിനും നന്ദിപറയുമായിരുന്നു."

(The Economist–12–9–'53)

2 The Economist—Sept. 12, 1953 (P. 708)

റഷ്യക്കാരനുകിട്ടുന്ന മാംസം അമേരിക്കക്കാരൻ ഭക്ഷിക്കുന്നതിൻെറ പകുതിയോളംമാത്രമേ വരുന്നുള്ളു; ബ്രിട്ടീഷുകാരനും ഫ്രഞ്ചുകാരനും ഭക്ഷിക്കുന്നതിൻെറ മൂന്നിൽ രണ്ടുഭാഗവും. പഞ്ചസാര ബ്രിട്ടീഷുകാരന്നു കിട്ടുന്നതിൻെറ പകുതിതന്നെ ലഭിക്കുന്നില്ല. പാലിൻെറകാര്യം ഇതിലുംമോശമാണ്. മുട്ട ആഴ്ചയിലൊന്നുമാത്രമാണു കിട്ടുന്നതു്. വ്യവസായോല്പന്നങ്ങളുടെ കാര്യത്തിൽ സ്ഥിതിഇതിലും മോശമാണ്. 1942-ലേയ്ക്കു് വാഗ്ദാനംചെയ്തതും യുദ്ധംനിമിത്തം നൽകുവാനാവാത്തതുമായ തോതിൽ ഈ സാധനങ്ങൾ ഇപ്പോൾ മാത്രമേ കിട്ടിവരുവാൻ തുടങ്ങിയിട്ടുള്ളൂ. എന്നാലും നിലവാരം ബ്രിട്ടൻേറതിലും അമേരിക്കയുടേതിലും താണിട്ടാണിരിക്കുന്നതു്. അടുത്തുതന്നെ രണ്ടുകൊല്ലത്തേയ്ക്കു് മൂന്നുജോഡി ഷൂസ് എന്ന തോതിൽ റഷ്യക്കാരന്നു് കിട്ടുമെന്നു് പറയുന്നു. എന്നാൽ അമേരിക്കക്കാരന്നും ബ്രിട്ടീഷുകാരന്നും ഇപ്പോൾതന്നെ ഒരുകൊല്ലത്തേയ്ക്കു് ഇത്ര കിട്ടിവരുന്നുണ്ടു്. പരുത്തിവസ്ത്രത്തിൻെറകാര്യത്തിൽ സ്ഥിതി കുറെ ഭേദമാണ്. എന്നാൽ രോമവസ്ത്രത്തിൻെറകാര്യത്തിൽ മോശവുമാണ്. 1942-ൽ ആളെണ്ണം 28 വാര പരുത്തിവസ്ത്രം ലഭിച്ചതു് 1955 ആവുമ്പോഴേയ്ക്കും പദ്ധതിപ്രകാരം ലഭിച്ചുതുടങ്ങും. രോമവസ്ത്രം ഒരു വാര ലഭിച്ചുവന്നതു് 1·2 വാരയും ഓരോ കുടുംബത്തിനും ഒരു വാച്ചോ, ക്ലോക്കോ, ലഭിക്കത്തക്കവിധത്തിൽ പ്രസ്തുത സാധനങ്ങളുടെ ഉല്പാദനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷ. എന്നാൽ 10 കുടുംബങ്ങളിൽ ഒന്നിനുമാത്രമേ ഒരു തയ്യൽയന്ത്രം ലഭിക്കുകയുള്ളു. 30 പേരിൽ ഒരാൾക്കുമാത്രം ഒരു സൈക്കിളും. എന്നാൽ പാർപ്പിടസൌകര്യത്തിൻെറ കാര്യമാണ് നഗരവാസിക്കു് ഏററവും വലിയ തലനോവുണ്ടാക്കുന്നതു്. ഒരാൾക്കു 4 ച. മീററിലധികം* സ്ഥലസൗകര്യം ലഭിക്കുന്നില്ല. മിക്ക കുടുംബങ്ങളുടേയും വീടെന്നു പറയുന്നതു് ഓറമുറിയാണ്. ഇങ്ങനെ ഇപ്പോൾ ജനങ്ങൾ അവക്കു് വളരെക്കാലമായി വാഗ്ദാനം ചെയ്യപ്പെട്ട ജീവിതസൌകര്യങ്ങൾ ആവശ്യപ്പെട്ടുവരികയാണ്. അതിനാൽ "സോവിയ

* (1 ച. മീററർ=10·76 ച. അടി)

ററ്യൂനിയൻ....സുഖവും സംതൃപ്തിയുമാണ് തൊഴിലാളികളുടെ സ്വർഗ്ഗമല്ലതന്നെ.”[1]

എന്നാൽ കാർഷികപ്രശ്നമാണ് സ്റ്റാലിൻ തൻെറ പിൻതുടർച്ചക്കാർക്ക് ദാനമായി നൽകീട്ടുള്ള പ്രശ്നങ്ങളിൽ പ്രധാനം. സോവിയററ് ജനതയുടെ മൂന്നിൽരണ്ടുഭാഗം ഇന്നും ഗ്രാമങ്ങളിലാണു ജീവിക്കുന്നതു്. ഇത്രയുംകാലം കൂട്ടുകൃഷി നടത്തിയിട്ടും കർഷകക്ക് സ്വകാര്യസ്വത്തിന്നുള്ള അഭിവാഞ്ഛ ഇനിയും നശിക്കുന്നതായി കാണുന്നില്ല.”[2] മാത്രമല്ല സ്റ്റേററുകൃഷിയിടങ്ങളെപ്പോലെ അത്ര അനായാസേന കൂട്ടുകൃഷിയിടങ്ങൾ നടത്തുമാറാക്കുവാൻ ആസൂത്രകക്ക് കഴിഞ്ഞിട്ടുമില്ല. 1950-ൽ കൂട്ടുകൃഷിയിടങ്ങളെ കൂടുതൽ വലുതാക്കുവാൻ ഒരു സംയോജനം നടത്തുകയുണ്ടായി. അങ്ങിനെ 2,54,000 കൃഷിയിടങ്ങളെ 97,000 ആയി ചുരുക്കി. ഇപ്പോൾ ഓരോന്നിന്നും മുമ്പത്തെതിൻെറ മൂന്നിരട്ടി വലുപ്പമുണ്ടു്. അതിന്നുശേഷം ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വിടവ് നികത്തുവാനായി 'കൃഷകനഗരികൾ' സൃഷ്ടിക്കേണമെന്ന് കാർഷികപരിഷ്ക്കരണനേതാവായ നികിർതാ ക്രൂഷ്ച്ചെവ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ കർഷകരുടെ എതിർപ്പിനെ ഭയന്നു് ഈ പരിപാടി നിർത്തിവെച്ചു. വിടവ് മെല്ലെ മെല്ലെ മാത്രമേ നികത്താവൂ എന്നും, ധൃതഗതിയിൽ ഒന്നും ചെയ്യരുതെന്നും സ്റ്റാലിൻ ഉപദേശിച്ചു. തല്ക്കാലം ഏതായാലും ഉപഭോക്താക്കൾക്ക് നൽകിയ വാഗ്ദാനം പാലിക്കുവാൻ ഭക്ഷ്യപദാർത്ഥങ്ങളുടെയും, അസംസ്കൃതവസ്തുക്കളുടെയും ഉല്പാദനം വർദ്ധിപ്പിക്കാതെ നിവ്വാഹമില്ല. നഗരവാസികൾക്ക് മാംസം, മുട്ട, പാൽ, ക്ഷീരോല്പന്നങ്ങൾ എന്നിവയും, ഫാക്ടറികൾക്ക് പരുത്തി, രോമം, തോൽ എന്നിവയും ധാരാളമായി സപ്ലൈ ചെയ്യുകയെന്നതാണ് ഉപഭോക്താക്കളുടെ സ്ഥിതി ഭേദപ്പെടുത്തുവാനുള്ള 'മലങ്കോവ്' പദ്ധ

---

[1] The Economist-Oct: 10, 1953 (P. 8-10)

[2] The Economist-Sept: 19, 1953 (P. 788)

തി'യുടെ സ്വത്താക്കോൽ. ഈ പദ്ധതിപ്രകാരം സോവിയററിന്റെ കാർഷികനയത്തിൽ ഒരു പരിവർത്തനം വരുത്തേണ്ടതായി വന്നു. കൃഷിക്കാർക്ക് പല ആനുകൂല്യങ്ങളും സൌജന്യങ്ങളും നല്കി ഉല്പാദനം വർദ്ധിപ്പിക്കാൻ പ്രേരിപ്പിക്കുകയെന്നതാണ് പുതിയ നയത്തിന്റെ അടിസ്ഥാനം. 'കർഷകനഗരി'കൾ നിർമ്മിക്കുകയാണെങ്കിൽ കൂട്ടകൃഷിക്കാരന്റെ അവസാനത്തെ സ്വകാര്യസ്വത്തായ ഒരേക്കർ ഭൂമിയും അവന്നു നഷ്ടപ്പെട്ടുമായിരുന്നു. എന്നാൽ ഈ പരിഷ്ക്കാരം തൽക്കാലം വേണ്ടെന്നുവെച്ചതുകൊണ്ട് ഉരുളക്കിഴങ്ങ്, പച്ചക്കറികൾ, ക്ഷീരോല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അതു് ഇപ്പോൾ പ്രധാനമായ പങ്കു വഹിക്കുന്നുണ്ടു്. ഇവയുടെമേൽ കനത്ത നികുതികൾ ചുമത്തുകയും, ഉല്പാദനത്തിൽ ഗണ്യമായൊരു ഭാഗം ഗവമ്മേണ്ടിലേയ്ക്കു കൊടുക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്തിരുന്നതുകൊണ്ടു് കർഷകർ ഉല്പാദനം കരുതിക്കൂട്ടി വെട്ടിക്കുറയ്ക്കുകയാണു ചെയ്തിരുന്നതു്. ഇപ്പോൾ നികുതിഭാരം പകുതികണ്ടു് ലഘൂകരിക്കുകയും കടങ്ങളെല്ലാം റദ്ദ്ചെയ്കയും ചെയ്തിരിക്കുന്നു. പശുക്കളില്ലാത്ത കൃഷിക്കാരെ തൽക്കാലം നികുതികളിൽനിന്നൊഴിവാക്കിയിരിക്കുന്നു. നിർബ്ബന്ധപൂർവ്വം ഗവമ്മേണ്ടിലേയ്ക്കു് കൊടുക്കേണ്ടുന്ന ഉല്പന്നത്തിന്റെ കോട്ട കുറച്ചിരിക്കുന്നു. കോട്ടയായും അതിന്നു പുറമേയും കൊടുക്കുന്ന ഉല്പന്നങ്ങൾക്കു നൽകുന്ന വില അധികമാക്കിയിരിക്കുന്നു.

കൂട്ടകൃഷിയിടങ്ങളിലെ നിർബ്ബന്ധവിഹിതവും (കോട്ടയും) ചില ഇനങ്ങളിൽ (ഉദാ:—ഉരുളക്കിഴങ്ങ്, പച്ചക്കറി) കുറച്ചിരിക്കുന്നു: ഇതിന്നും വില ഉയർത്തിക്കൊടുത്തിട്ടുണ്ടു്. ഇതുകൊണ്ടു കൃഷിപ്രവൃത്തിക്കാർക്ക് കൂടുതൽ വേതനം ലഭിക്കുന്നതാകയാൽ അവരുടെ പ്രയത്നത്തോതു വർദ്ധിക്കുമെന്നാണു് പ്രതീക്ഷ.

കാർഷികോല്പാദനത്തെ വ്യവസായോല്പാദനത്തിന്നുവേണ്ടി ഇക്കാലമത്രയും ബലികഴിക്കുകയാണു ചെയ്തതു്. യുദ്ധത്തിന്നു മു

മ്പേത്തെ സ്ഥിതിയെ അപേക്ഷിച്ച് വ്യവസായോല്പാദനം 100 ശതമാനത്തിലധികം വദ്ധിച്ചിട്ടുണ്ട്. കാർഷികോല്പാദം 10 ശതമാനം മാത്രം. പദ്ധതികളിൽ നിർദ്ദേശിക്കപ്പെട്ട ഉല്പാദനലക്ഷ്യം തന്നെ പ്രാപിക്കുവാൻ സാധിച്ചിരുന്നില്ല. 1946–'50-ലെ യഥാത്ഥഉല്പാദനം ലക്ഷ്യത്തിലും 30 ലക്ഷം ടൺ കുറവായിരുന്നു. 1951-ലെഉല്പാദനവും തൃപ്തികരമല്ലെന്നാണ് റിപ്പോർട്ട്. 1952-ൽ ഗണ്യമായ വദ്ധന ഉണ്ടായിട്ടുണ്ടത്രെ. എന്നാലും ഏക്കർപ്രകാരമുള്ള വിള ഇന്നും താഴ്ന്നനിലയിലാണുള്ളത്. പക്ഷെ ഗോതമ്പുവിളവദ്ധനകാരണം റൊട്ടിക്കു വേണ്ടുന്ന ധാന്യം ആവശ്യത്തിന്നുമാത്രം കിട്ടിത്തുടങ്ങിട്ടുണ്ടത്രെ. എങ്കിലും ബാർലിയും ഓട്സും ഇന്നും കമ്മിയാണ്. പച്ചക്കറി, ഉരുളക്കിഴങ്ങ് എന്നിവയുടെ കാര്യത്തിലും ദൌർലഭ്യമുണ്ട്. കാലിത്തീററയ്ക്കുള്ള വിളവുകൾ പോരായ്കയാൽ കന്നുകാലിപരിപോഷണം വിഷമതരമായിട്ടാണിരിക്കുന്നതു്.* കാർഷികസമ്പദ്വ്യവസ്ഥയിലെ ആവശ്യംവ്രണിതഭാഗമാണ്. കന്നുകാലികൾക്കു യുദ്ധാനന്തരം വദ്ധനയുണ്ടായിട്ടും ഇവയുടെ സംഖ്യ ഇന്നും 1928-ലേതിനേക്കാൾ കുറവാണ്. ഇപ്പോൾ ഗവമ്മേണ്ടിലേയ്ക്കു നൽകേണ്ടുന്ന കോട്ടയ്ക്കു് കന്നുകാലികളുടെ വില അഞ്ചിരട്ടിയും, വെണ്ണയുടേയും പാലിൻെറയും വില രണ്ടിരട്ടിയും പച്ചക്കറിയുടേതു് 20 ശതമാനംമുതൽ 40 ശതമാനം വരെയും ഉയത്തിക്കൊടുത്തിരിക്കുന്നു. കോട്ടയ്ക്കു് പുറമെ ഗവമ്മേണ്ടു് വാങ്ങുന്ന മാംസം, പാൽ എന്നിയുടെയും വിലയും വദ്ധിപ്പിച്ചുകൊടുത്തിട്ടുണ്ടു്. ഈ പ്രേരകങ്ങൾകാരണം ഉല്പാദനം വദ്ധിപ്പിക്കപ്പെട്ടുമെന്നാണ് പ്രതീക്ഷ. കൂടുതൽ ടാക്ടറുകൾ സപ്ലൈചെയ്യാനും കൂടുതൽ കൃഷിവിദഗ്ദ്ധരെ ഉൾനാട്ടുകളിലേയ്ക്കു

* "തീററസാധനങ്ങളുടെ സപ്ളൈ വദ്ധിപ്പിക്കൽ കന്നുകാലിസംരക്ഷണകാര്യത്തിൽ നിവ്വഹിക്കേണ്ട ഒരു വമ്പിച്ച കൃത്യമായിത്തന്നെയിരിക്കുന്നുണ്ടു്," എന്നു് എൻ. പി. ബെറിയ ഒക്ടോബർവിപ്ളവത്തിൻെറ വാർഷികാഘോഷാവസരത്തിൽ 6-11-'51-ൽ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു.

യയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരുലക്ഷംപേർക്ക് പരിശീലനം നൽകുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടത്രെ. ഉപഭോക്തൃ പദാർത്ഥങ്ങളുടെയും, ഭക്ഷ്യപദാർത്ഥങ്ങളുടെയും ഉല്പാദനവും ഗുണവും വർദ്ധിപ്പിക്കാൻ ഓരോ പ്രത്യേകമന്ത്രികാര്യാലയം ഏർപ്പെടുത്തിട്ടുണ്ട്, എന്നു് 1953 സെപ്റ്റംബറിലെ ഒരു റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു. കാർഷികകാര്യമേധാവിയായ ക്രൂഷ്ച്ചെവ് തന്റെ പുതിയ കാർഷികപരിപാടി(New Deal) കൊണ്ടു പ്രധാന ഭക്ഷ്യ പദാർത്ഥങ്ങളിൽ വമ്പിച്ചവർദ്ധന ഉളവാക്കുമെന്നു് 1953 സെപ്റ്റംബറിൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

ഗ്രാമപ്രദേശങ്ങളിലൊരു നവചൈതന്യമുളവാക്കുവാൻവേണ്ടിഅഭ്യസ്തവിദ്യരെ ഗ്രാമത്തിലേക്കയയ്ക്കുവാൻ ഒരു പ്രചാരവേല ആരംഭിച്ചിട്ടുണ്ട്. ഗ്രാമത്തിലേയ്ക്കു മടങ്ങുക എന്ന ആഹ്വാനം ശാസ്ത്രജ്ഞന്മാർ, അദ്ധ്യാപകന്മാർ, ഡോക്ടർമാർ, വിദഗ്ദ്ധ തൊഴിലാളികൾ, ഉദ്യോഗസ്ഥന്മാർ എന്നിവർക്കെല്ലാം നൽകിവരികയാണ്. പ്രത്യേകം ബോണസ്സുകളും, സൌകര്യങ്ങളും നൽകി ഗ്രാമങ്ങളിൽപോയി പ്രവർത്തിക്കുവാൻ അവരെ പ്രേരിപ്പിച്ചുവരികയാണ്.

# സോവിയററ് വലയരാജ്യങ്ങളിലെ ആസൂത്രണം

പോളണ്ടു്, ചെക്കോസ്ളോവാക്യാ, പൂർവ്വജർമ്മനി, ഹങ്കറി, റുമേനിയ, ബൾഗേറിയ, ആൽബേനിയ എന്നീ സോവിയററ്‌വലയത്തിൽ പെട്ടിട്ടുള്ള രാഷ്ട്രങ്ങളിലും സോവിയററുറഷ്യയെപ്പോലെയുള്ള സാമ്പത്തികശാസ്ത്രമാണു് നടക്കുന്നതു്. ഇവയിൽ പോളണ്ടു് ഒഴികെ ബാക്കിയെല്ലാ രാജ്യങ്ങൾക്കും പഞ്ചവത്സരപദ്ധതികളുണ്ടു്. പോളണ്ടിന്നു് ഒരു ഷഡ്‌വത്സരപദ്ധതിയാണുള്ളതു്. ചെക്കോസ്ളോവാക്യയും, ബൾഗേറിയയും 1949-ലും, പോളണ്ടും ഹങ്കേറിയയും 1950-ലും, പൂർവ്വജർമ്മനിയും റുമേനിയയും 1951-ലും സാമ്പത്തികപദ്ധതികൾ നടപ്പിൽ വരുത്തി. ഇവയുടെയെല്ലാം ചരടുപിടിക്കുന്നതു മോസ്കോവിലുള്ള കേന്ദ്രപ്ലാനിങ്ങ് കമ്മീഷനാണു്.

ഉദ്ദേശം:—എന്തു ചെലവുസഹിച്ചും അതാതു രാജ്യങ്ങളിൽ ഒരു ആസൂത്രിതവ്യാവസായികവിപ്ലവം വരുത്തിക്കൂട്ടുക എന്നതാണു് പ്രസ്തുത രാജ്യങ്ങളുടെ ഉദ്ദേശം. കൃഷിപ്രധാനവും, അവികസിതവുമായ പ്രസ്തുത രാജ്യങ്ങൾ പശ്ചിമപ്രദേശങ്ങളിലെപ്പോലെ വ്യവസായാഭിവൃദ്ധി കൈവരുത്തുവാൻ വെമ്പുകയാണു്. അതിനാൽ സ്വാഭാവികമായിത്തന്നെ അവർ അടിസ്ഥാനവ്യവസായങ്ങളെ, അതായതു് വിദ്യുച്ഛക്തി, കൽക്കരി, ഇരുമ്പു്, യന്ത്രങ്ങൾ എന്നീ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന്നാണു് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്.

ലക്ഷ്യങ്ങൾ:—പ്രധാന വ്യവസായങ്ങളുടെ ഉല്പാദനലക്ഷ്യം താഴെ ചേർത്തിരിക്കുന്നു: *

---

* E. C. E. Survey-1953.

| രാജ്യങ്ങൾ | | കൽക്കരി | വിദ്യുച്ഛക്തി | ഉരുക്ക് | എഞ്ചിനീയറിങ്ങ് വ്യവസായം. |
|---|---|---|---|---|---|
| | | ലക്ഷം ടൺ | കോടി കി:വാട്ട്സ് | ലക്ഷം ടൺ | സൂചകസംഖ്യ* |
| ബൾഗേറിയ | (1953-ലേയ്ക്കു്) | 22 | 180 | ... | 580 |
| ചെക്കോസ്ലോവാക്യ | ('53-ലേയ്ക്കു്) | 397† | 1,230 | 43 | 231 |
| പൂർവ്വജർമ്മനി | (1955-ലേയ്ക്കു്) | 785 | 3,340 | 31 | 211 |
| ഹംഗറി | (1954-ലേയ്ക്കു്) | 145 | 610 | 22 | 490 |
| പോളണ്ടു് | (1955-ലേയ്ക്കു്) | 1,028 | 1,930 | 52 | 364 |
| റുമേനിയ | (1955-ലേയ്ക്കു്) | 28 | 470 | 13 | 216 |

* പിന്നീടു് 20 ശതമാനം വർദ്ധിച്ചു.

† പദ്ധതിക്കു മുമ്പത്തെ വർഷത്തിൽ സൂചകം 100.

KOTTAYAM PUBLIC LIBRARY * KOTTAYAM *

ഈ ലക്ഷ്യപ്രകാരം മൂന്നുകൊല്ലത്തിന്നുള്ളിൽ കൽക്കരി, വിദ്യുച്ഛക്തി, ഉരുക്ക് എന്നിവയുടെ ഉല്പാദനം ഈ പ്രദേശങ്ങളിലാകെ അനുകാലികബ്രിട്ടൻെറയും, മ്യൂണിച്ചിന്നു മുമ്പുള്ള ജർമ്മനിയുടെയും തോതിലെത്തും. എഞ്ചിനീയറിങ്ങ് വ്യവസായത്തിലെ ഉല്പാദനം അതിലും വേഗത്തിൽ നടക്കും.

ഉല്പാദകസാധനങ്ങളെ അപേക്ഷിച്ച് ഉപഭോക്തൃപദാർത്ഥങ്ങൾക്കും, കാർഷികോല്പന്നങ്ങൾക്കും, ചുരുങ്ങിയ സ്ഥാനമെ നല്കീട്ടുള്ളുവെന്ന് ഉല്പാദനലക്ഷ്യത്തെ സംബന്ധിച്ചുള്ള താഴെച്ചേർത്ത കണക്കിൽനിന്നു മനസ്സിലാക്കാം:—

| രാജ്യങ്ങൾ | ഉല്പാദക സാധനങ്ങൾ | ഉപഭോക്തൃ സാധനങ്ങൾ | കൃഷി |
|---|---|---|---|
| പോളണ്ട് | 254 | 211 | 150 |
| ചെക്കോസ്ളോവാക്യ | 230 | 170 | 153 |
| റുമേനിയ | 380 | 245 | 154 |
| ബൾഗേറിയ | 326 | 273 | 188 |
| അൽബേനിയം | 386 | 324 | 111 |

ത്വരിതതരമായ വ്യവസായവൽക്കരണം സാധിതപ്രായമാക്കീട്ടുള്ള ഘനവ്യവസായങ്ങളിലേയ്ക്ക് മൂലധനനിക്ഷേപത്തെ തിരിച്ചുവിട്ടിട്ടുണ്ട്. പോളണ്ട്, ഹങ്കേറി, ചെക്കോസ്ളോവാക്യ എന്നിവിടങ്ങളിൽ ദേശീയവരുമാനത്തിൻെറ കാലോഹരി നിക്ഷേപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ബൾഗേറിയയും, റുമേനിയയും

1955-ലേയ്ക്കു് ഈ തോതിൽ നിക്ഷേപം നടത്തുന്നതായിരിക്കും. ഇതു കൂടുതൽ സമ്പൽസമൃദ്ധിയുള്ള പശ്ചിമപ്രദേശത്തിലേതിനേക്കാളും, ദക്ഷിണയൂറോപ്പിനേക്കാളും വളരെ അധികമാണു്.

പ്രവർത്തനം:— എന്നാൽ യുദ്ധത്തിൻെറ കെടുതികളെ നിർമ്മാർജ്ജനം ചെയ്കയും, വ്യവസായരംഗത്തിൽ ഒരു നിലയുറപ്പു് കൈവരുത്തുകയും, വാഹനസൌകര്യം പുനഃസ്ഥാപിക്കുകയും ചെയ്യാതെ വൻതോതിലുള്ള വികസനപദ്ധതികളൊന്നുംതന്നെ സാദ്ധ്യമല്ലായിരുന്നു. അതിനാൽ പുനർനിർമ്മാണത്തിന്നുള്ള ഹ്രസ്വകാലപദ്ധതികൾ എല്ലാ രാജ്യങ്ങളും ആദ്യം നടപ്പിൽവരുത്തി. ഗവമ്മെണ്ടു് വ്യവസായത്തിന്മേൽ അടിമുതൽ മുടിവരെ നിയന്ത്രണങ്ങൾ ചുമത്തി; കുറെയൊക്കെ വ്യാപാരത്തിന്മേലും. റവന്യൂസമ്പ്രദായം സോവിയററ്മാതൃകയിലാക്കി പുനഃസംഘടിപ്പിച്ചു. ഇങ്ങനെ ഗവമ്മെണ്ടിൻെറ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും ഉല്പാദനവർദ്ധനയ്ക്കുള്ള ശ്രമം നടന്നു. തൽഫലമായി കഴിഞ്ഞ ദശകത്തിൻെറ അന്ത്യത്തിൽ വ്യവസായോല്പാദനം യുദ്ധത്തിൻെറ മുമ്പത്തേതിലും കവിഞ്ഞതോതിലായി. അനന്തരം ദീർഘകാലപദ്ധതികൾ ആരംഭിക്കപ്പെട്ടു. ഈ പദ്ധതികളെ സംയോജിപ്പിക്കുവാനും അവയെ സോവിയററിൻെറ അഭിവൃദ്ധിസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തുവാനും 1949-ൽ ഒരു പരസ്പരസാമ്പത്തികസഹായകൌൺസിൽ (The Council of Mutual Economic Aid) സ്ഥാപിച്ചു.

ഫലം:— ഈ പദ്ധതികളുടെ തല്ക്കാലഫലം ജനങ്ങളെ വേണ്ടത്ര ഭക്ഷണവും, മററുള്ള അത്യാവശ്യസാധനങ്ങളും ലഭിക്കാതെ വിഷമിപ്പിക്കലാണു്. റഷ്യയ്ക്കു് സാമ്പത്തികാസൂത്രണത്തിൽ പററിയഅബദ്ധം റഷ്യയുടെ മേൽനോട്ടത്തിലുള്ള പ്രദേശങ്ങളിലും ആവർത്തിക്കപ്പെട്ടുകയാണു്. ഉപഭോക്താവിനെ പിൻതള്ളിയിരിക്കയാണു്. പൂർവ്വജർമ്മനിയിലും, റുമേനിയയിലും അവശ്യസാധനങ്ങളുടെ ഉപയോഗം ഇനിയും യുദ്ധത്തിന്നുമുമ്പത്തെ നിലയിലെത്തീട്ടില്ല. എല്ലായിടത്തും അസംതൃപ്തിയുടെ ലക്ഷണങ്ങൾ കാണ്മാന

ണ്ടു്. പൂർവ്വജർമ്മനിയിലെ സാമ്പത്തികദുരിതം ജനങ്ങളെ ലഹളയ്ക്കു കൂടി നിർബ്ബന്ധിച്ചിരിക്കയാണു്.* ജനങ്ങൾ വീടും, കുടിയുമൊഴിച്ചു ശതക്കണക്കിൽ പശ്ചിമജർമ്മനിയിൽ അഭയം തേടുകയാണു്. ഹങ്കേറിയിൽ കർഷകർ നിസ്സഹകരണപ്രസ്ഥാനംതന്നെ ആരംഭിക്കുകയുണ്ടായി. ഇതു ഗവമ്മേണ്ടിൻെറ പുനഃസംഘടനയിൽ കലാശിച്ചു.

കാർഷികരംഗത്തിൽ വലിയ ഭൂമിയുടമകളെ നാമാവശേഷമാക്കിയതുകൊണ്ടു് ചെറുഭൂമിയുടമകൾക്കു് കുറച്ചു മെച്ചപ്പെട്ട നില കൈവന്നിട്ടുണ്ടു്. എന്നാൽ റഷ്യയിലെപ്പോലെതന്നെ കൂട്ടുസമ്പ്രദായം ഇവിടങ്ങളിലും വ്യാപിപ്പിക്കുവാൻ ശ്രമം നടക്കുകയാണു്. ഇതുവഴി കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനാണു് ഇതിൻെറ ഉദ്ദേശം. എന്നാൽ സംയുക്തകൃഷിസമ്പ്രദായത്തിൽ പറയത്തക്ക പുരോഗതി ഇനിയും കൈവന്നിട്ടില്ല. ബൾഗേറിയയിൽ മാത്രമാണു് കൃഷിയിടങ്ങളുടെ പകുതിഭാഗം ഇതിന്നു വിധേയമാക്കുവാൻ സാധിച്ചിട്ടുള്ളതു്. ഹങ്കേറിയിലും, ചെക്കോസ്ലോവാക്യയിലും ഇതു കൃഷിനിലത്തിൻെറ മൂന്നിലൊരുഭാഗത്തുമാത്രമേ വ്യാപിച്ചിട്ടുള്ളു. മററു പ്രദേശങ്ങളിൽ വ്യാപ്തി ഇതിലും കുറവാണു്. വലിയ കൃഷിനിലങ്ങളെ വിഭജിക്കുകകാരണം മിച്ചധാന്യം ലഭ്യമാകുന്നില്ല. ഗവമ്മേണ്ടിലേയ്ക്കു നിർബ്ബന്ധപൂർവ്വമല്ല കേപാട്ട നിശ്ചയിച്ചിട്ടും ആവശ്യമായത്ര ധാന്യം കർഷകരിൽനിന്നു ലഭിക്കുന്നില്ല. കാർഷികാഭിവൃദ്ധിക്കു് നിർദ്ദേശിച്ചിട്ടുള്ള ചെലവു് ആകെച്ചെലവിൻെറ 10 % മാത്രമാണു്. നഗരവും, ഗ്രാമവും തമ്മിൽ ജീവിതത്തോതിലുള്ള വിടവു നികത്തുവാൻ ഇതു തീരെ അപര്യാപ്തമാണു്. നഗരവാസികളുടെ ജീവിതനിലവാരമുയത്തേണമെങ്കിൽത്തന്നേയും ഗ്രാമപ്രദേശങ്ങളിൽ, അതായതു് കാർഷികരംഗത്തിൽ വിപ്ലവത്തെ വ്യാപിപ്പിച്ചേ മതിയാവു.

---

* 1953 ജൂൺ 17-ാംതീയതി. തൊഴിലാളികൾ പരക്കെ പണിമുടക്കം നടത്തുകയും ലഹളകൂട്ടുകയുമുണ്ടായി. ഇതിനുമുമ്പും അങ്ങിങ്ങായി ചെറിയ പണിമുടക്കങ്ങൾ നടന്നിരുന്നു.

യുദ്ധത്തിനു മുമ്പുള്ള സാമ്പത്തികാസമത്വങ്ങളെ ദൂരീകരിച്ചതുകൊണ്ടു് താഴ്ന്നവരുമാനക്കാക്കു് കുറച്ചൊക്കെ ഗുണം സിദ്ധിച്ചിട്ടുണ്ടു്. വിദഗ്ദ്ധതൊഴിലാളികൾക്കും ജീവിതനിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ അവിദഗ്ദ്ധത്തൊഴിലാളികളുടെ കൂലി ഭക്ഷ്യപദാർത്ഥവിലയോടൊപ്പം മുന്നോട്ടുപോയിട്ടില്ല.

“തൊഴിലാളികളും കർഷകരും അവരുടെ ദൈനംദിനതൊഴിൽനിലയും ജീവിതസ്ഥിതികളും പൊറുപ്പിക്കുവാൻ തയ്യാറില്ലെന്നു് സ്വമേധയാ വ്യക്തമാക്കിയതിൻെറ ലക്ഷണങ്ങൾ കാണ്മാനുണ്ടു്. കർശനവും പ്രത്യയശാസ്ത്രാനുസൃതവുമായ ഗ്രാമീണസമ്പദ്വ്യവസ്ഥയുടെ പുനസ്സംഘടനനിമിത്തം ജനസംഖ്യ വർദ്ധിച്ചുവരുന്ന നഗരങ്ങളിലേയ്ക്കുള്ള ഭക്ഷ്യസാധനങ്ങൾ വെട്ടിച്ചുരുക്കപ്പെട്ടിരിക്കയാണു്. സംഭ്രാന്തചിത്തരായ കർഷകക്കു് പ്രാദേശികഭരണവ്യവസ്ഥയിലോ അവരുടെ നാണയങ്ങളിലൊ വിശ്വാസമില്ല; അവർ ഭാവിക്കുവേണ്ടി പ്രവർത്തിക്കുകയോ ആസൂത്രണം ചെയ്കയോ ചെയ്യുന്നില്ല. പ്രവൃത്തിശാലകളിൽ ഉല്പാദനലക്ഷ്യമുയർത്തൽ, അസാദ്ധ്യമായ പദ്ധതികൾ നിറവേററുവാൻ അടിക്കടിയുള്ള നിർബ്ബന്ധം, പാർട്ടിയുടെ കൈകടത്തൽ എന്നിവ തീവ്രമായ രോഷം സംജാതമാക്കീട്ടുണ്ടു്. ഗാർഹികരംഗത്തിലാണെങ്കിൽ സാധനങ്ങളുടെ അതിയായ വിലക്കയററത്തെപ്പററിയും, ഭക്ഷ്യപദാർത്ഥദൌർലഭ്യത്തെപ്പററിയും എല്ലുമുറിയെ പണിയെടുക്കുന്നതിനുതക്കവണ്ണം ഉപഭോക്തൃസാധനങ്ങൾ പീടികകളിൽ വാങ്ങുവാൻ ലഭിക്കാത്തതിനെപ്പററിയുമാണു് ആക്ഷേപം........

“നഗരങ്ങളിൽ വ്യവസാവൽക്കരണത്തിലും ഗ്രാമങ്ങളിൽ കൂട്ടുകൃഷി നടപ്പിലാക്കുന്നതിലും കമ്മ്യൂണിസ്ററുകൾ കാണിച്ച നിർബ്ബന്ധം ഇരുപുറവും നോക്കാതെയുള്ള ഒരാസൂത്രണത്തിലാണു കലാശിച്ചിരിക്കുന്നതു്. സോവിയററ്യൂനിയൻെറ പഞ്ചവത്സരപദ്ധതികൾക്കു് ഉപയോഗപ്രദമാവുന്നവിധത്തിലാണു് ഓരോ ആശ്രിതരാജ്യത്തിലും ഉല്പാദനമുതലിറക്കുനയങ്ങൾ രൂപവൽക്കരിച്ചിരിക്കുന്നതു്. രാഷ്ട്രീയബോധമുള്ള ഒരു നഗരത്തൊഴിലാളിവർഗ്ഗ

ത്തേയും സോവിയററ് 'ബ്ലോക്കി'ന്റെ ആയോധനശക്തിയേയും ഒരേ അവസരത്തിൽ വദ്ധിപ്പിക്കുന്നവിധത്തിൽ ഘനവ്യവസായങ്ങളുടെ വികസനത്തിന്നാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്.... വാങ്ങുവാനും തിന്നുവാനുമുള്ള സാദ്ധ്യത ചുരുങ്ങിച്ചുരുങ്ങി വരികെ തൊഴിലാളികളെ അധികമധികം പ്രയത്നിക്കുവാൻ നിർബ്ബന്ധിക്കുകയുമാണ്........

"........കമ്മ്യൂണിസ്റ്റാസൂത്രകരുടെ പ്രസ്താവനകളും അഭ്യത്ഥനകളുംതന്നെ ഈ രോഗനിണ്ണയത്തെ പൂണ്ണമായി സ്വീകരിക്കുന്നുണ്ടു്........തൊഴിലാളിവഗ്ഗം തൊഴിലാളിവർഗ്ഗത്തിന്റെ സവ്വാധിപത്യത്തിന്നെതിരായി എവിടെയും ലഹളക്കൊരുങ്ങുന്നു എന്ന ഏററവും അസ്വാസ്ഥ്യജനകമായ വാസ്തവത്തെയാണ് കമ്മ്യൂണിസ്ററുകാർക്കു് സവ്വത്ര അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നതു്."*

* The Economist-July 11, 1953 (P. 81-82)

# ജർമ്മനിയിലെ
# സാമ്പത്തികാസൂത്രണം

1933 ജനവരിയിൽ ഹിററ്ലർ അധികാരത്തിൽ പ്രവേശിച്ചപ്പോൾ ജർമ്മനിയുടെ സാമ്പത്തികസ്ഥിതി എത്രയും ശോചനീയമായിരുന്നു. ഒന്നാംലോകമഹായുദ്ധാനന്തരം സഖ്യശക്തികൾക്കു് നൽകേണ്ടിയിരുന്ന യുദ്ധനഷ്ടപരിഹാരത്തിന്റെ താങ്ങാനാവാത്ത ഭാരം സമ്പദ്വ്യവസ്ഥയെ അടിപുഴക്കിയിട്ടുണ്ടായിരുന്നു. അതിന്മേലാണു് സാമ്പത്തികാധഃപതനത്തിന്റെ കെട്ടുതികളും വന്നുവീണതു്. 1928-നും 1932-നും മദ്ധ്യേ ദേശീയവരുമാനം 50 ശതമാനം കുറഞ്ഞു. വ്യവസായോല്പാദനം മന്ദീഭവിച്ചു; വിദേശവ്യാപാരം ചുരുങ്ങിച്ചുരുങ്ങിവന്നു. തൊഴിലില്ലായ്മ നാലിരട്ടിയായി വർദ്ധിച്ചു. ഈ ദുരിതാവസ്ഥയിൽനിന്നു് രാജ്യത്തെ രക്ഷിക്കുവാൻ ധീരമായൊരു നയവും, സത്വരമായ നടപടികളും അത്യാവശ്യമായിരുന്നു. ഇവ നാസിഭരണം നൽകി.

ഹിററ്ലരുടെ നേതൃത്വത്തിലുള്ള നാസികളുടെ 'ദേശീയ സോഷ്യലിസ'ത്തിന്റെ ലക്ഷ്യം സ്വകാര്യസ്വത്തും ലാഭവും നിലനിർത്തിക്കൊണ്ടുതന്നെ സമ്പദ്വ്യവസ്ഥയിൽ മൂലപരിവർത്തനം വരുത്തുകയായിരുന്നു. യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ എല്ലാവിധ പ്രവർത്തനങ്ങളേയും സംഘടിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നതു് നാസിനയത്തിന്റെ വിശേഷത ആയിരുന്നു.

ഇരുപത്തഞ്ചിനങ്ങളടങ്ങിയ ഒരു പരിപാടിയാണു നാസികൾക്കുണ്ടായിരുന്നതു്. 1934-ൽ ഇതിൽ ചിലതെല്ലാം നടപ്പിൽ വരുത്തുവാൻ തുടങ്ങി. നിർബ്ബന്ധതൊഴിൽസേവനം ഏർപ്പെട്ടുത്തിയും, പ്രവൃത്തിസമയം ചുരുക്കിയും, കൂലി നിയന്ത്രിച്ചും, അധികം

പേരെ ജോലിയിൽ നിൎത്താൻ മുതലാളികളെ നിർബ്ബന്ധിച്ചും സ്ത്രീകളെ ജോലിക്കെടുക്കുന്നതിന്നെതിരായി വൻതോതിൽ പൊതുമരാമത്തു് പ്രചാരവേല നടത്തിയും തൊഴിലില്ലായ്മ വളരെ ചുരുക്കിക്കൊണ്ടുവന്നു. അങ്ങനെ 1934 ഡിസംബർ ആയപ്പോഴേയ്ക്കും 30 ലക്ഷംപേൎക്കു് പുതുതായി ജോലി ലഭിച്ചു് വ്യവസായോല്പാദനം 30 ശതമാനംകണ്ടു് വൎദ്ധിച്ചു. സ്വകാൎയ്യമൂലധനനിക്ഷേപം 1932-ൽ 44 കോടി മാൎക്കു് ആയിരുന്നതു്, 1934-ലേയ്ക്കു് 107 കോടി മാൎക്കായി വൎദ്ധിച്ചു. അങ്ങനെ 1934-നുശേഷം തൊഴിലുകൾ സൃഷ്ടിക്കൽ ഒരു പ്രശ്നമല്ലാതായിത്തീൎന്നു. ഗവൎമ്മേണ്ടുപരിപാടികളുടെ വിപുലീകരണവും സ്വകാൎയ്യവ്യവസായങ്ങളുടെ വികസനവുംമൂലം ശേഷംപേൎക്കു് നിഷ്പ്രയാസം ജോലി ലഭിച്ചു.

## രണ്ടാമത്തെ ചതുർവത്സരപദ്ധതി

1936 സെപ്തമ്പറിൽ നാസിഗവൎമ്മേണ്ടു് രണ്ടാമത്തെ ചതുൎവ്വത്സരപദ്ധതി അവതരിപ്പിച്ചു. ഇതിൻെറ ഉദ്ദേശ്യം രാജ്യത്തിലെ സാമ്പത്തികവിഭവങ്ങൾ മുഴുവൻ പുനരായുധീകരണത്തെ ത്വരിതപ്പെടുത്തുമാറും സ്വയം പൎയ്യാപ്തത പ്രാപിക്കുമാറും ഉപയോഗപ്പെടുത്തുകയായിരുന്നു. ഈ ദേശീയസാമ്പത്തികസ്വാതന്ത്ര്യം (Autarky) പ്രയത്നത്തേയും സാമഗ്രികളേയും അത്യാവശ്യമായ ഉല്പാദനമാൎഗ്ഗങ്ങളിലേയ്ക്കു തിരിച്ചുവിട്ടും, കയററുമതി വൎദ്ധിപ്പിച്ചും, കൃത്രിമപദാൎത്ഥങ്ങളുടെ (ഉദാ:—പരുത്തി, റബ്ബർ മുതലായവ) ഉല്പാദനം പോഷിപ്പിച്ചും സാധിക്കേണ്ടതാണു്.

തൊഴിൽനയം:—നാസികളുടെ പരിപാടിയിൽ പ്രധാനമായവ ഒന്നു് തൊഴിലില്ലായ്മ ലഘൂകരിക്കയായിരുന്നു. ഇതിന്നു് 1934-ൽ 'ദേശീയതൊഴിൽ സംഘടനാനിയമം' പാസ്സാക്കിയിരുന്നു. ഇതുപ്രകാരം തൊഴിലാളികളുടേയും മുതലാളികളുടേയും പ്രത്യേക സംഘടനകളെല്ലാം പിരിച്ചുവിട്ടു്, പകരം രണ്ടുഭാഗക്കാൎക്കും പ്രാതിനിധ്യമുള്ള തൊഴിൽമുന്നണി എന്ന ഒരുനൂതനസംഘടനസ്ഥാപിച്ചു. അന

ന്തരം നാട്ടെങ്ങും തൊഴിൽമുന്നണി സമിതികൾ (Labour Front Councils) രൂപവൽക്കരിച്ചു. തദ്ദേശകൌൺസിൽ, ജില്ലാ കൌൺസിൽ, പ്രവിശ്യാകൌൺസിൽ, ദേശീയകൌൺസിൽ—എന്നിങ്ങനെ പടിപടിയായുള്ള സമിതികൾ—ഇവയിൽ തൊഴിലാളികൾക്കും മുതലാളികൾക്കും തുല്യപ്രാതിനിധ്യം നൽകി. തൊഴിൽമുന്നണിയേയും വ്യാപാരവാണിജ്യമണ്ഡലത്തേയും കൂട്ടിച്ചേർക്കുവാനുള്ള കണ്ണികളായിരുന്നു ഇവ. 1934-ലെ തൊഴിൽക്രമീകരണനിയമപ്രകാരം തൊഴിലാളികളും, മുതലാളികളും, തമ്മിലുണ്ടായേക്കാവുന്ന തെററിദ്ധാരണകൾ തീക്കാൻ രണ്ടു കക്ഷികളിലും ചേൎന്നുള്ള പരസ്പരവിശ്വാസസമിതികൾ (Mutual Trust Council) സ്ഥാപിക്കപ്പെട്ടു. എല്ലാകാൎയ്യത്തിലും തീർപ്പുകല്പിക്കേണ്ടതു ഗവമ്മേണ്ടു് നിയമിക്കുന്ന 'തൊഴിൽട്രസ്റ്റി'മാരായിരുന്നു. തൊഴിലാളികളും മുതലാളികളും ദേശീയോല്പാദനത്തെ മുൻനിൎത്തി പ്രവൎത്തിക്കേണ്ടതാകകൊണ്ടു് അവർ തമ്മിൽ തൎക്കത്തിന്നവകാശമില്ലെന്നാണു് നിയമം സമൎത്ഥിക്കുന്നതു്. വ്യവസായാന്തരീക്ഷത്തിൽ സമാധാനഭംഗം വരുത്തുമാറുള്ള പ്രവൎത്തനങ്ങളിലേർപ്പെടുന്ന തൊഴിലാളികളേയും മുതലാളികളേയും ശിക്ഷിക്കുവാനായി 14 പ്രത്യേക കോടതികൾ സ്ഥാപിച്ചിരുന്നു.

തൊഴിലില്ലായ്മ ദൂരീകരിക്കൽ:—നിർബ്ബന്ധ തൊഴിൽസമ്പ്രദായം നടപ്പിൽവരുത്തി പട്ടാളത്താവളങ്ങൾപോലുള്ള തൊഴിൽസേവനകേമ്പുകൾ (Labour Service Camps) ഏൎപ്പെടുത്തി. സൈനികസൎവ്വീസിൽ പ്രവേശിക്കുന്നതിന്നുമുമ്പു് എല്ലാ പുരുഷന്മാരും ഇതിൽചേൎന്നു് പ്രവൎത്തിയെടുക്കേണ്ടതായിരുന്നു. യുവാക്കൾക്കു് പുനരായുധീകരണം സംബന്ധിച്ചു് സ്ഥാപിക്കപ്പെട്ട പലതരം നിൎമ്മാണശാലകളിലും സൈനികവിഭാഗങ്ങളിലും ജോലി ലഭിച്ചു. 'അനാൎയ്യന്മാ'രായ ജൂതരേയും സമാധാനവാദികളേയും വിദേശികളേയും രാഷ്ട്രത്തിൽനിന്നു നിഷ്കാസനംചെയ്കകാരണമായും കുറെ ഒഴിവുകൾ ഉണ്ടായിരുന്നു. ഗംഭീരമായ തോതിൽ ആരംഭിച്ച മരാമത്തുപ്രവൃത്തികളിൽ ധാരാളംപേൎക്കു് ജോലി ലഭിച്ചു.

ഒരേ കുടുംബത്തിൽനിന്നുതന്നെ സ്ത്രീയും പുരുഷനും ജോലിക്കുപോകുന്നതും ദേശാന്തരഗമനവും തടഞ്ഞു് കഴിയുന്നേടത്തോളം തൊഴിൽ സാർവ്വത്രികമാക്കാൻ ശ്രമിച്ചു. കർഷകത്തൊഴിലാളികൾ മററു ജോലികളിൽ പ്രവേശിക്കുന്നതു് ശിക്ഷാർഹമാക്കി. പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമായ തൊഴിലാളികൾക്കു പരിശീലനം നൽകുന്ന കാര്യത്തിലും ശ്രദ്ധ വെച്ചിരുന്നു. പ്രായോഗികപരിശീലനം നൽകുവാനായി വ്യവസായശാലകളിൽ 'അപ്രൺടിസ്'മാരെ ധാരാളമായെടുക്കുവാൻ നിർബ്ബന്ധിച്ചു. തൊഴിലാളികളെ ആവശ്യമായ രംഗങ്ങളിലേയ്ക്കു തിരിച്ചുവിടുന്നതിന്നു് തൊഴിൽമാർഗ്ഗനിർദ്ദേശസ്ഥാപനങ്ങളും ഏർപ്പെടുത്തുകയുണ്ടായി. ഇപ്രകാരമുള്ള നടപടിമൂലം തൊഴിലില്ലായ്മയും പട്ടിണിയും ദൂരീകരിക്കപ്പെട്ടു.

കൃഷി:—നാസിഭരണത്തിൻകീഴിൽ കൃഷിയാണു് വ്യവസായത്തേക്കാൾ അഭിവൃദ്ധിപ്പെട്ടതു്. കർഷകർക്കാണു് ഏററവും അധികം ഗുണം സിദ്ധിച്ചതും. 1933–'34–ൽ ഒരു ഭക്ഷ്യസംഘടനയിൻകീഴിൽ (Reich Food Estate) കൃഷി പുനഃസംഘടിപ്പിക്കപ്പെട്ടു. ഇതു കാർഷികോല്പാദനത്തിലും വിതരണത്തിലും താല്പര്യമുള്ള എല്ലാ വ്യക്തികളേയും സംഘങ്ങളേയും ചേർത്തുകൊണ്ടുള്ള ഒരു സ്വയംഭരണകോർപ്പറേഷൻ ആയിരുന്നു. പ്രധാന ഉല്പന്നങ്ങൾക്കെല്ലാം പ്രത്യേക വിക്രയസംഘങ്ങളും ഉണ്ടായിരുന്നു: പ്രാദേശികസംഘങ്ങളും കേന്ദ്രസംഘവും. കേന്ദ്രസംഘം ഉല്പാദനത്തേയും വിതരണത്തേയും ആദ്യഘട്ടംമുതൽ അന്ത്യഘട്ടംവരെ നിയന്ത്രിച്ചുപോന്നു. ഓരോ ഉല്പാദനഘട്ടത്തിലുമുള്ള ഉല്പാദകരുടെ സംഘടനകൾ (ഫെഡറേഷനുകൾ) വേറെയുമുണ്ടായിരുന്നു. അവ ഉല്പാദനവികസനവും ഉല്പന്നങ്ങളുടെ ഗുണവും വ്യാപാരികളുടെ ലാഭവും നിർണ്ണയിച്ചു. കാർഷികോല്പന്നങ്ങളുടെ വില നിർണ്ണയിക്കുവാനും കയററുമതിയും ഇറക്കുമതിയും നിയന്ത്രിക്കുവാനും ഗവർമ്മേണ്ടു ബോർഡുകളും ഉണ്ടായിരുന്നു. എല്ലാ കർഷകസം

ഘടനയ്ക്കും ഓരോ നേതാവുണ്ടായിരുന്നു. നേതാവിന്റെ കർത്തവ്യം കാർഷികോല്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരുത്തുകയായിരുന്നു. പണയങ്ങളുടെമേലുള്ള പലിശ കുറച്ചും കൃഷിക്കാരെ ഗവർമ്മേണ്ടു് സഹായിച്ചിട്ടുണ്ടു്.

1933-ലെ ഒരു നിയമപ്രകാരം 300 ഏക്കറിൽ കുറവുള്ള എല്ലാ കൃഷിയിടങ്ങളും അതാതുകുടുംബത്തിന്നു് പരമ്പരാവകാശമുള്ള സ്വത്താക്കി തീർച്ചപ്പെടുത്തി. ഇതു വിൽക്കുവാനോ, പണയംവയ്ക്കുവാനോ, ഉത്തമർണ്ണർക്കു് പിടിച്ചെടുക്കുവാനോ പാടില്ലായിരുന്നു. കൃഷിയിടങ്ങളുടെ വിഭജനവും കൈമാറലും തടയുവാൻ ഇതു സഹായിച്ചു. എന്നാൽ കർഷകർക്കു കടം കിട്ടുവാൻ വിഷമതയുളവാക്കുകയും ചെയ്തു. കർഷകത്തൊഴിലാളികളെ ജോലിക്കു നിശ്ചയിക്കാതിരിക്കാനും, എടുത്തവരെ തിരിച്ചയക്കാനും നഗരവ്യവസായികളോടാവശ്യപ്പെട്ടു. മേല്പറഞ്ഞ നടപടികൾമൂലം കാർഷികസമ്പദ്‌വ്യവസ്ഥ ദൃഢീകരിക്കപ്പെട്ടു. കാർഷികോല്പന്നങ്ങൾക്കു ശരിയായ വിലയും ലഭിച്ചു.

വ്യവസായം:— വ്യവസായവും വാണിജ്യവും ഒരു സാമ്പത്തികകാര്യമന്ത്രിയുടെ നിയന്ത്രണത്തിലുള്ള ഒരു വ്യവസായവ്യാപാരമണ്ഡലത്തിൽ (Estate of Industry and Trade)സംഘടിപ്പിച്ചു. എല്ലാ വ്യവസായങ്ങളിലും വ്യാപാരങ്ങളിലുമേർപ്പെട്ട വ്യക്തികളേയും, സംഘങ്ങളേയും ഈ മണ്ഡലത്തിൽചേർത്തു. മണ്ഡലത്തിൻകീഴിൽ പ്രവൃത്തിപരമായ ഒരു സംഘടന (Functional Organisation)യും, ഒരു പ്രവിശ്യാസംഘടന (Regional Organisation)യും ഉണ്ടായിരുന്നു. ഇവയ്ക്കു രണ്ടിന്നുംകൂടി ഒരു ദേശീയസാമ്പത്തികമണ്ഡലവും (National Eco: Chamber) ഉണ്ടായിരുന്നു. അതിന്നു് വ്യവസായം, കരകൌശലവേലകൾ, വ്യാപാരം, ബാങ്കിങ്ങ്, ഇൻഷ്വറൻസ്, വിദ്യുച്ഛക്തി എന്നിവയെസംബന്ധിച്ച 6 ശാഖകൾ ഉണ്ടായിരുന്നു. ഓരോ ശാഖയിലും വ്യാപാരഗ്രൂപ്പുകൾ ഉണ്ടായിരുന്നു. ഈ ഗ്രൂപ്പുകളായിരുന്നു മേല്പറഞ്ഞ സംഘടനകളിൽവെച്ചു് ഏററവും പ്രധാനപ്പെട്ട

ു്. ഗ്രൂപ്പുഡയറക്ടർക്ക് അംഗങ്ങളുടെ മേൽ ശിക്ഷാനടപടികളെടുപ്പാൻ അധികാരമുണ്ടായിരുന്നു. പ്രവിശ്യാസംഘടനയിൻകീഴിൽ 14 ഡിസ്ട്രിക്ട്ഗ്രൂപ്പുകളുണ്ടായിരുന്നു. ഇവയിൽ എല്ലാ സാമ്പത്തികവിഭാഗക്കാരെയും ഉൾപ്പെടുത്തിയിരുന്നു. ഗ്രൂപ്പുകളുടെ കീഴിൽ എല്ലാ വ്യാപാരികളും നിർബ്ബന്ധപൂർവ്വം അംഗങ്ങളാവേണ്ട വ്യാപാരിമണ്ഡലങ്ങൾ (Chamber of Commerce)ഉണ്ടായിരുന്നു. ഇവയ്ക്കൊരു കേന്ദ്രസംഘടനയും ഉണ്ടായിരുന്നു. എല്ലാ സംഘടനകൾക്കും നേതാവിനെ നിശ്ചയിച്ചതു സാമ്പത്തികകാര്യമന്ത്രിയായിരുന്നു.

കരകൌശലവേലകളെ പുനഃസംഘടിപ്പിക്കുവാൻ (1934-ൽ) ഒരു പ്രത്യേക'കരകൌശലമണ്ഡലം'(The Estate of Handcrafts) ഏർപ്പെടുത്തി. ഈ തൊഴിലിൽ ഏർപ്പെട്ട എല്ലാ വ്യക്തികളും സ്ഥാപനങ്ങളും ഒരൌദ്യോഗികരജിസ്റ്ററിൽ പേർ രജിസ്റ്റർചെയ്യേണ്ടതായിരുന്നു. കൈവേലകളിലെ തിക്കും തിരക്കും കുറവാനായി മററു തൊഴിലുകളിൽ ഏർപ്പെടുവാൻ സൌകര്യമുള്ളവരെ അങ്ങോട്ടു മാററുകയും രജിസ്റ്ററിൽനിന്നു് അവരുടെ പേർ നീക്കം ചെയ്യുകയും ചെയ്തിരുന്നു. മറെറല്ലാ സംഘടനകളിലുമെന്നപോലെതന്നെ ഇതിലും നേതൃത്വസമ്പ്രദായം അവതരിപ്പിച്ചിരുന്നു. ഓരോന്നിനും കൈവേലമാസ്റ്റർ എന്ന ഒരു മേധാവി ഉണ്ടായിരുന്നു. പ്രാദേശികസംഘടനകളും കേന്ദ്രസംഘടനയുംമൂലം ദേശീയസാമ്പത്തികമണ്ഡലം ഇവയുടെ മേൽനോട്ടം വഹിച്ചു.

ജർമ്മൻ ബാങ്കുകളേയും ഹിററ്ലർ ഇംഗ്ലണ്ടിലെ ബാങ്കുകളുടെ മാതൃകയിൽ പുനഃസംഘടിപ്പിച്ചിരുന്നു. ചെറുചെറു കമ്പനികളെല്ലാം വലിയവയിൽ ലയിച്ചു. ഇങ്ങനെ വ്യവസായത്തേയും വ്യാപാരത്തേയും മുഴുവൻ കേന്ദ്രാധികാരത്തിൻെറ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവന്നു. അവ ഗവർമ്മേണ്ടിൻെറ നിർദ്ദേശങ്ങൾ അക്ഷരംപ്രതി നടപ്പിൽവരുത്തിക്കൊള്ളേണ്ടതായിരുന്നു.

KOTTAYAM PUBLIC LIBRARY

ഗതാഗതസൌകര്യങ്ങൾ:—ഇതിൽ 80 % വും പൊതുവുടമയിലായിരുന്നു. 1935-ൽ ഇവയ്ക്കും സ്വകാര്യഉടമയിലുള്ളവയ്ക്കും ഒരു പ്രത്യേകസംഘടന ഏർപ്പെടുത്തി. ഇതിന്ന് കപ്പൽസർവ്വീസ്, മോട്ടോർട്രാൻസ്പോർട്ട്, റെയിൽവേ ആദിയായ [illegible] ഏഴ് വിഭാഗങ്ങളുണ്ടായിരുന്നു. അവയുടെ കീഴിൽ പ്രവിശ്യാസംഘടനകളും ഉപപ്രവിശ്യാസംഘടനകളും ഉണ്ടായിരുന്നു. ഗതാഗതകാര്യമന്ത്രി ഒരു ദേശീയഗതാഗതകാര്യസമിതിയുടെ സഹായത്തോടുകൂടി ഇവയെഎല്ലാം നിയന്ത്രിക്കുകയും കൂലിനിരക്കുകളുംമററും നിശ്ചയിക്കുകയുംചെയ്തു. പ്രതിവാരം 5 മാക്കുവീതം അടച്ചു കാർ വാങ്ങുന്ന ഒരു വ്യവസ്ഥ ഏർപ്പെടുത്തി, മോട്ടോർകാർ വ്യവസായത്തിന്ന് അഭൂതപൂർവ്വമായ വളർച്ച കൈവരുത്തി. കപ്പൽക്കമ്പനിക്കാർക്ക് പല കാര്യങ്ങൾക്കുമായി സഹായധനം നൽകി ആഭ്യന്തരകപ്പൽസർവ്വീസും സമുദ്രാന്തരകപ്പൽസർവ്വീസും അഭിവൃദ്ധിപ്പെടുത്തി.

നിയന്ത്രണങ്ങൾ:— നാസിഗവമ്മേണ്ടിന്റെ സാമ്പത്തികാസൂത്രണത്തിൽ സാധനങ്ങളുടെ ഉല്പാദനവും ഉപഭോഗവും വിലയും നിയന്ത്രിച്ചിരുന്നു. ഉപഭോഗം നിയന്ത്രിച്ചതു് ജനങ്ങളുടെ വരുമാനത്തെ നിയന്ത്രിച്ചും നികുതിചുമത്തിയുമാണ്. വിവിധവ്യവസായങ്ങളിലും കൂലിനിരക്ക് കർശനമായി ഗവമ്മേണ്ടു് നിയന്ത്രിച്ചു. സമ്പാദ്യവും സാധനങ്ങളുടെ ഉപഭോഗവും ചുരുക്കുവാൻ നികുതി വർദ്ധിപ്പിച്ചു. കമ്പനിനികുതികൾ 50 % കണ്ടു് വദ്ധിച്ചിരുന്നു. കൂലിനിയന്ത്രണംകാരണം സാമാനവിലയും നിയന്ത്രിക്കേണ്ടിവന്നു. സാമാനവില ചുരുക്കുവാൻ അസംസ്കൃതപദാർത്ഥങ്ങളുടെ വില നിയന്ത്രിക്കയും ലാഭത്തിന്നൊരു പരിധി വെയ്ക്കുകയും ചെയ്തു. ഇറക്കുമതിസാധനങ്ങളുടെ വില്പനവില വിനിമയനിയന്ത്രണാധികാരികൾതന്നെ നിയന്ത്രിച്ചിരുന്നു. ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത കൈവരുത്തുവാനായി സാമ്പത്തികാധഃപതനകാലത്തു് കൃഷിക്കു വില ഉയർത്തിക്കൊടുത്തു. പിന്നീടതൊരു സ്ഥിരനിലവാരത്തിലുറപ്പിച്ചു. ഏതാദൃശനിയന്ത്രണങ്ങൾമൂലം നാണയപ്പെരുപ്പത്തിന്റെ ദോഷങ്ങളില്ലാതെ കഴിച്ചു.

പുനരായുധീകരണപരിപാടിക്കും, പ്രതിസാധനനിമ്മാണത്തിന്നും സഹായകമായവിധത്തിൽ മൂലധനനിക്ഷേപത്തെ നിയന്ത്രിച്ചു. ഡിവിഡണ്ടിൻെറ പരമാവധി 6 % ആയി തീർച്ചപ്പെടുത്തി. മിച്ചമായിക്കിടക്കുന്ന പണം ദീർഘകാലത്തേയ്ക്കു് ഗവമ്മേണ്ടിന്നു് കടം കൊടുക്കേണ്ടതായിരുന്നു. സാധനങ്ങൾ ഉപഭോക്താക്കൾക്കു് വാങ്ങിയവിലയിലും കുറച്ചു വില്ക്കുന്നതിലുള്ള നഷ്ടപരിഹാരം നൽകുവാൻ വ്യവസായികളെ നിർബ്ബന്ധിച്ചു. പ്രതിസാധനങ്ങളുടെ നിർമ്മാണച്ചെലവിലേക്കാവശ്യമായ നിക്ഷേപധനത്തിൽ 30 % വ്യവസായികളോടു നൽകുവാനാവശ്യപ്പെട്ടു.

വിദേശവ്യാപാരം:— വദ്ധിച്ചുകൊണ്ടുവന്ന പ്രതികൂലവ്യാപാരശിഷ്ടം തടയുവാനും മൂലധനത്തിൻെറ ബഹിർഗ്ഗമനം നിർത്തുവാനും പല നടപടികളുമെടുത്തു. 27 ഇറക്കുമതിനിയന്ത്രണബോർഡുകൾ ഏപ്പെടുത്തി. ഇവ വിദേശനാണയമുള്ളതിൻെറ തോതനുസരിച്ചുമാത്രം ഇറക്കുമതിസർട്ടിഫിക്കറുകൾ നല്കി. ഇറക്കുമതിയിൽ ആയുധനിമ്മാണത്തിന്നാവശ്യമായ അസംസ്കൃതവസ്തുക്കൾക്കു മുൻഗണന നൽകി. ഇറക്കുമതിസാധനങ്ങൾ വിവിധവ്യവസായങ്ങൾക്കായി റേഷൻ ചെയ്തുകൊടുത്തു. വിദേശവ്യാപാരം സംബന്ധിച്ചു് കണക്കുകൾ തീക്കുവാൻ വ്യാപാരം നടത്തുന്ന രാജ്യങ്ങളിലെല്ലാം ജമ്മനിയും, പ്രസ്തുതരാജ്യങ്ങൾ ജമ്മനിയിലും, വിനിമയസമീകരണസ്ഥാപനങ്ങൾ ഏർപ്പെടുത്തി. ജമ്മൻ മാക്കും വിദേശനാണയങ്ങളുമായുള്ള വിനിമയനിരക്കു് അതാതു ഘട്ടത്തിലേയ്ക്കു് യോജിച്ചവിധത്തിൽ നിർണ്ണയിക്കുകയാണു ചെയ്തതു്. വിനിമയനിരക്കുമാററൽ വിദേശവ്യാപാരത്തിൽ നാസിഗവമ്മേണ്ടിൻെറ ശക്തിയേറിയ ഒരായുധമായിരുന്നു. ചില രാജ്യങ്ങളുമായി സാധനത്തിന്നുപകരം സാധനം എന്ന അടിസ്ഥാനത്തിൽ വ്യാപാരക്കരാറുകളിലേർപ്പെട്ടു. കയററുമതി വർദ്ധിപ്പിക്കുവാൻ വമ്പിച്ച പ്രചാരവേലനടത്തുകയും വ്യാപാരികൾക്കു് സഹായധനം നൽകുകയും ചെയ്തു.* 1933-ൽ ഗവമ്മേണ്ടു് കുറേക്കൂടി കടന്നകൈ

* "ജമ്മനി ഒന്നുകിൽ കയററുമതിചെയ്യണം, അല്ലെങ്കിൽ മൃതിയടയണം," എന്നായിരുന്നു ഹിററ്ലർ പ്രസ്താവിച്ചതു്.

പ്രയോഗിച്ചു് ഓരോ വ്യവസായത്തിന്നും കയററുമതികോട്ട നിശ്ചയിച്ചു. കോട്ടപ്രകാരം കയററുമതി നടത്താത്തവരെ ശിക്ഷാർഹരാക്കി. ഏതാദൃശനടപടികൾമൂലം കയററുമതി ഗണ്യമായി വദ്ധിപ്പിക്കുകയും ഇറക്കുമതി ചുരുക്കുകയും ചെയ്തു.

നേട്ടങ്ങളും കുറവുകളും:—ഏവംവിധം സാമ്പത്തികരംഗത്തിൻെറ വിവിധവശങ്ങളിലും ഒരുതരം പട്ടാളച്ചിട്ട നടപ്പിൽവരുത്തി, നാസിഗവമ്മേണ്ടു് ജമ്മനിയെ സാമ്പത്തികാധഃപതനഗത്തത്തിൽനിന്നും സമുദ്ധരണംചെയ്തു. തൊഴിലില്ലായ്മ 1934 ആവുമ്പോഴേയ്ക്കും പകുതികണ്ടു കുറയ്ക്കുവാൻ സാധിച്ചിരുന്നു. 1938-ലേയ്ക്കു് ആ പ്രശ്നം തീരെ പരിഹരിക്കപ്പെട്ടിരുന്നു. 1932-ൽ തൊഴിലും ഉപജീവനമാഗ്ഗവുമില്ലാതെ നിത്യദുരിതമനുഭവിക്കുന്നവരായി 60 ലക്ഷം പേരുണ്ടായിരുന്നു. 1938-ലേയ്ക്കു് 50ലക്ഷം പേക്കും ആഹാരസമ്പാദനമാഗ്ഗം കൈവന്നു. ബാക്കിയുള്ളവർ ജോലിചെയ്യാൻ കഴിവില്ലാത്തവരോ ഒരു ജോലിവിട്ടു് മറെറാന്നിലേയ്ക്കു് പോകുന്നവരോ ആയിരുന്നു. 1937-ൻെറ അന്ത്യമായപ്പോഴേക്കും സവ്വത്ര തൊഴിൽ എന്ന അവസ്ഥയെ സമീപിച്ചുകഴിഞ്ഞിരുന്നു. വ്യവസായത്തിൻെറയും കൃഷിയുടെയും വികസനം കാരണം 1937–'38-ൽ വിദഗ്ദ്ധത്തൊഴിലാളികൾ പോരാതെവരികയാണു് ചെയ്തതു്. തന്മൂലം ദേശീയപ്രാധാന്യമുള്ള പ്രവൃത്തികൾക്കു നിർബ്ബന്ധതൊഴിൽസമ്പ്രദായം ഏർപ്പെടുത്തുകയും, പ്രവൃത്തിസമയം ദീർഘിപ്പിക്കുകയും, പ്രയത്നലഘൂകരണയന്ത്രങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുകയും, വിവാഹിതകളെ ജോലിയിൽ നിശ്ചയിക്കുവാൻ അനുവാദം നൽകുകയും ചെയ്യേണ്ടിവന്നു.

കാർഷികരംഗത്തിൽ അഭൂതപൂവ്വകമായ അഭിവൃദ്ധി കൈവരുത്തുവാനും കാർഷികസമ്പദ്‌വ്യവസ്ഥയെ ദൃഢീകരിക്കുവാനും നാസിപദ്ധതികൾമൂലം സാധിച്ചു. വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തി പുനരായുധീകരണലക്ഷ്യം സാധിച്ചു. അങ്ങനെ

1939-ൽ സുസംഘടിതമായിക്കഴിഞ്ഞ ഒരു സമ്പദ്വ്യവസ്ഥയുടെ പിൻബലത്തോടുകൂടിയാണ് ഹിററ്ലർ പടക്കളത്തിലേക്കിറങ്ങിയതു്.

എന്നാൽ ജനങ്ങളുടെ ജീവിതത്തോതുയൎത്തുന്നതിൽ നാസി പദ്ധതി ശ്രദ്ധ പതിപ്പിച്ചിട്ടില്ല. 1933-ൽ ജൎമ്മൻതൊഴിലാളിയുടെ വാർഷികവരുമാനം 2,000 മാൎക്കിൽ കുറവായിരുന്നു. 1936-ലും അതങ്ങനെതന്നെനിന്നു. ഫാസിസ്റ്റ് ഭരണത്തിൻകീഴിൽ വ്യക്തികൾ രാഷ്ട്രത്തിന്നു വേണ്ടിയാണല്ലോ നിലകൊള്ളുന്നതു്; അല്ലാതെ, രാഷ്ട്രം വ്യക്തികൾക്കുവേണ്ടി അല്ല. അതുകൊണ്ടു് വ്യക്തികളുടെ അഭ്യുന്നതിക്കും ക്ഷേമത്തിന്നുംവേണ്ടി ജൎമ്മൻ രാഷ്ട്രം നടപടികളെടുക്കാഞ്ഞതിൽ അത്ഭുതമില്ല. നാസികളുടെ പ്രധാന ഉദ്ദേശം സമരംനടത്തുവാനുള്ള ഒരു ഉപകരണമായി രാഷ്ട്രത്തെ വികസിപ്പിക്കുക എന്നതായിരുന്നു. അതിന്നുവേണ്ടിയാണ് എല്ലാ വിഭവങ്ങളും ഉപയോഗപ്പെടുത്തിയതു് അതിന്നുവേണ്ടി അനങ്ങാനും തിരിയാനും സമ്മതിക്കാത്തനിയന്ത്രണങ്ങൾ മൂലം വ്യക്തികളെക്കൊണ്ടു അടിമകളെപ്പോലെ പ്രവൎത്തിപ്പിക്കുകയാണു ചെയ്തതു്. മേയേഴ്സ് ഫാസിസ്റ്റ് പ്ലാനിങ്ങിനെയും കമ്മ്യൂണിസ്റ്റ് പ്ലാനിങ്ങിനെയും താരതമ്യപ്പെടുത്തിയതു നോക്കുക: "ഫാസിസം മുതലാളിത്തത്തിൻെറയും സ്വാകാൎയ്യസ്വത്തിൻെറയും പ്രഖ്യാപിത രക്ഷാകൎത്താവു് എന്ന നിലയിലാണ് പുറപ്പെട്ടതു്. വിനിമയ നിയന്ത്രണവും, നിർബ്ബന്ധപൂൎവ്വമുള്ള സംഘടനാരൂപവല്ക്കരണവും, വിലനിൎണ്ണയവും, നിർബ്ബന്ധതൊഴിൽ സമ്പ്രദായവും, ഇതേപോലുള്ള മററു നടപടികളും സ്വാതന്ത്ര്യകമ്പോളത്തിലുള്ളതുപോലുള്ള മുതലാളിത്തത്തിൻെറ നേരിയൊരു ഛായ മാത്രമേ ബാക്കി വെച്ചിട്ടുള്ളൂ. ഇവ യുദ്ധകാലത്തു മററുരാജ്യങ്ങളിൽ സംഭവിച്ചിട്ടുള്ളതിനേക്കാൾ സ്വാകാൎയ്യസ്വത്തവകാശഭംഗത്തിൽ കലാശിച്ചിട്ടുമുണ്ടു്. പ്രത്യുത, റഷ്യ കർശനമായ കമ്മ്യൂണിസ്റ്റാദർശസംഹിതകളോടുകൂടി പുറപ്പെട്ടു്, കൂലിവ്യത്യാസവും പലതരത്തിലുള്ള

സ്വകാര്യസ്വത്തും മററുമുതലാളിത്തമാർഗ്ഗങ്ങളുമവലംബിച്ച് അതിനെ മയപ്പെടുത്തിയിരിക്കയാണ്."*

## യുദ്ധാനന്തരപദ്ധതി

ജർമ്മനിയെ യുദ്ധത്തിൽ തോല്പിച്ചശേഷം പോട്സ്ഡാം കരാറുപ്രകാരം സഖ്യശക്തികൾ ജർമ്മനിയുടെമേൽ അവരുടെ ആവശ്യത്തിന്നൊത്തൊരു പദ്ധതി വെച്ചുകെട്ടി. ഇതിൻെറ പ്രധാന ഉദ്ദേശങ്ങൾ ജർമ്മനിയുടെ ആയുധീകരണത്തിന്നു സഹായിച്ച വ്യവസായങ്ങളെ നശിപ്പിക്കുകയോ, ക്ഷയിപ്പിക്കുകയോ ചെയ്യുക, യന്ത്രോപകരണങ്ങൾ യുദ്ധനഷ്ടംമൂലം പരിഹാരംനൽകുവാൻ ജർമ്മനിയെ നിർബ്ബന്ധിക്കുക, അയൽപക്കക്കാരായ സഖ്യരാഷ്ട്രങ്ങളേക്കാളും ഉയന്നൊരു ജീവിതത്തോതു് സാദ്ധ്യമാകത്തക്കവിധത്തിലുള്ള സാമ്പത്തികോല്പാദനം അനുവദിക്കുക, കൃഷിക്കും ഉപഭോക്തൃപദാത്ഥവ്യവസായങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു സമാധാനകാലസമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുക എന്നിവയായിരുന്നു.† അങ്ങിനെ ഈ പദ്ധതിക്കു നിരായുധീകരണം, നഷ്ടപരിഹാരം, പുനർനിർമ്മാണം എന്നീ മൂന്നംശങ്ങളാണുള്ളതു്. ഈ പദ്ധതി 1946 മാർച്ചിലാണു് സഖ്യശക്തികളുടെ നിയന്ത്രണസമിതി പ്രസിദ്ധപ്പെടുത്തിയതു്.

ജർമ്മനിയുടെ ആയുധശക്തി കുറയ്ക്കുവാൻ അവിടത്തെ ഘനത

---

* Meyers: Modern Economic Problems (Second Edn.-P. 313)

† Ref: War Department Press Release:- Potsdam Agreement (Aug. 1945); The Level of Post-War German Economy (1946); United States Economic Policy towards Germany (1946); Plan of Allied Control Council for Preparations.

രവ്യവസായങ്ങളിൽ പകുതിയിലധികം നശിപ്പിക്കുകയോ, നീക്കംചെയ്യുകയോ ചെയ്യേണ്ടതുണ്ടായിരുന്നു. ഇതിന്നു് 1949 ആകുമ്പോഴേയ്ക്കും ഉരുക്കിന്റെ ഉല്പാദനം യുദ്ധത്തിന്നുമുമ്പുള്ളതിന്റെ 30 ശതമാനവും, യന്ത്രോപകരണങ്ങളുടേതു് 11 ശതമാനവും, മൂലരാസപദാർത്ഥങ്ങളുടേതു് 40 ശതമാനവും, വിദ്യുച്ഛക്തിയുടേതു് 60 ശതമാനവും ആക്കി ചുരുക്കുവാൻ പ്ലാനിട്ടു. ഇതിന്നു് മൂലധനം, തൊഴിൽ മുതലായവയുടെ ഒരു പുനർവിതരണം ആവശ്യമായിവന്നു—ആയുധീകരണവ്യവസായങ്ങളിൽനിന്നു് ഉപഭോക്തൃവ്യവസായങ്ങളിലേയ്ക്കു്. അതുപോലെതന്നെ കയററുമതിയിലും ഭേദഗതി ആവശ്യമായിത്തീൎന്നു. ഇപ്രകാരമുള്ള ഉല്പാദനലഘൂകരണം ഉപഭോക്താക്കളെ ബാധിക്കുകയില്ലായിരുന്നു. കാരണം യുദ്ധാവശ്യവ്യവസായങ്ങളുടെ ഉല്പാദനമാണു് ചുരുക്കിട്ടുള്ളതു്. ഉപഭോക്തൃവ്യവസായങ്ങൾക്കു് കൂടുതൽ പ്രാധാന്യം നൽകുകയാണു ചെയ്തതു്. യുദ്ധനഷ്ടപരിഹാരം സംബന്ധിച്ചു് ജൎമ്മനിയുടെ വ്യവസായമൂലധനോപകരണങ്ങളിൽ 25 ശതമാനം സോവിയററ്യൂനിയന്നും, 28 ശതമാനം അമേരിക്കയ്ക്കും, 28 ശതമാനം ബ്രിട്ടന്നും, 16 ശതമാനം ഫ്രാൻസിന്നും ലഭിച്ചു. കച്ചവടക്കപ്പലുകൾ, അഭ്യന്തരജലവാഹനങ്ങൾ എന്നിവയിൽ അധികം വിഹിതംകിട്ടിയതു ബ്രിട്ടന്നാണു്.

സാമ്പത്തികപദ്ധതിയുടെ കാൎയ്യത്തിൽ ജൎമ്മനിയെ ഒരേ ഘടകമായിക്കരുതണമെന്നായിരുന്നു കരാറിലെ നിശ്ചയം. എന്നാൽ അനുഭവം നേരെ മറിച്ചായിരുന്നു. വിഭജനംനിമിത്തം ചില മേഖലകളിൽ വിഭവങ്ങൾ ഏററിയും, ചിലവയിൽ കുറഞ്ഞുമിരുന്നു. അമേരിക്കൻ മേഖലയിൽ കൽക്കരി കുറവായിരുന്നു. ഫ്രഞ്ചുമേഖലയിലും, ബ്രിട്ടീഷ്മേഖലയിലും കൽക്കരിയുണ്ടെങ്കിലും ഭക്ഷണം കുറവായിരുന്നു. സോവിയററ്മേഖലയിൽ കൽക്കരിയും, ഭക്ഷണവുമുണ്ടായിരുന്നു. എന്നാൽ ഇരുമ്പും, ഉരുക്കും കുറവായിരുന്നു. ഇങ്ങനെതന്നെ മററു പ്രകൃതിവിഭവങ്ങളുടെയും, കൃഷിഭൂമിയുടെയും, വ്യവസായശാലകളുടെയും കാര്യത്തിൽ ഭിന്നതകളുണ്ടായിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM.

ഇതു് പുനരുദ്ധാരണത്തെ തടഞ്ഞു. കൃഷിക്കു ഗണ്യമായ നാശം നേരിട്ടിരുന്നതിനാൽ ഭക്ഷ്യപദാർത്ഥങ്ങൾക്കു് ഇറക്കുമതിയെ ആശ്രയിക്കേണ്ടിവന്നു. മുമ്പു് ആവശ്യത്തിന്റെ അഞ്ചിലൊരു ഭാഗമേ ഇറക്കുമതി ചെയ്യേണ്ടിവന്നിരുന്നുള്ളു. അതിപ്പോൾ അഞ്ചിൽ രണ്ടുഭാഗമായി. നാസിപദ്ധതികളെ തകർക്കുവാനും, [illegible] സംയുക്തവ്യവസായസ്ഥാപനങ്ങളെ (Cartels) വിഭജിച്ചുവിടുവാനുമുള്ള പരിപാടിനിമിത്തം താൽക്കാലികമായെങ്കിലും ജർമ്മനിയുടെ ഉല്പാദനക്ഷമതയും കയററുമതിക്കഴിവും ചുരുങ്ങി. ജർമ്മനിയെ ഒരു മൂന്നാംകിടസൈനികശക്തിയാക്കുന്നതിന്നു് ആദ്യം അതിനെ ഒരു രണ്ടാംകിടസാമ്പത്തികശക്തിയാക്കുവാൻ സഖ്യശക്തികൾ ഉറച്ചിരുന്നു. എന്നാൽ സാമ്പത്തികമായി രോഗബാധിതയായ ജർമ്മനിയെ ശുശ്രൂഷിക്കേണ്ടുന്ന ഭാരം തങ്ങളുടെ തലയിൽത്തന്നെ വീഴുമെന്നു് അവർ താമസിയാതെ മനസ്സിലാക്കി. അതിനാൽ 1947 ആഗസ്റ്റിൽ ഒരു നവീകൃതപദ്ധതി അവർ തയ്യാറാക്കി.* ഈ പദ്ധതിയുടെ ഉദ്ദേശം, "കഴിയുന്ന വേഗത്തിൽ സ്വാവലംബനശക്തി കൈവരുത്തുവാനും, അതിന്റെ(ജർമ്മനിയുടെ)കയററുമതിമൂലം യൂറോപ്പിന്റെ പുനരുദ്ധാരണത്തെ സഹായിക്കുവാനും ആവശ്യമായവിധത്തിൽ ദ്വിമേഖലപ്രദേശത്തിലെ വ്യവസായങ്ങളുടെ ഉല്പാദനക്ഷമത നിലനിർത്തുക," എന്നതായിരുന്നു. 1946-ലെ പദ്ധതിയുടെ അനുമാനങ്ങൾ സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ലെന്ന വസ്തുത പുതിയ പദ്ധതി അംഗീകരിച്ചു. ആ പദ്ധതിപ്രകാരം ജർമ്മനിക്കു് 1933-ലെ വ്യവസായോല്പാദനശക്തിയുടെ 55 ശതമാനമോ, 1936-ലേതിന്റെ 70 മുതൽ 75 ശതമാനമോ സ്വന്തമായി വെക്കാനാണനുവാദം നൽകിയിരുന്നതു്. 1947-ലെ പദ്ധതിപ്രകാരം 1936-ലെ നില മുഴുവനുമായിത്തന്നെ അനുവദിച്ചു. എന്നാൽ രണ്ടുമേഖലയിലുംകൂടി ജനസംഖ്യ സുമാർ ഒരു കോടിയോളം വർദ്ധിക്കാനിടയുള്ളതുകൊണ്ടു്, 1952-ലേയ്ക്കു് ഉല്പാദനം

* Revised Plan for Level of Industry in the U. S./U. K. Zones of Germany.

1936-ലേതിലും 25 ശതമാനം കുറവായിരിക്കും. മേല്പറഞ്ഞപ്രകാരം വ്യവസായോല്പാദനത്തിൻെറ ശതമാനം വദ്ധിപ്പിക്കുവാൻ അനുവദിച്ചതു് വിദേശവ്യാപാരസ്ഥിതികൂടി നോക്കീട്ടായിരുന്നു. 1936-ൽ ഭക്ഷ്യപദാത്ഥങ്ങളുടെ ഇറക്കുമതിക്കു് ജമ്മനി 100 കോടി ഡോളറും, ഇതരസാധനങ്ങളുടെ ഇറക്കുമതിക്കു് മറെറാരു 100 കോടി ഡോളറും അടയ്ക്കേണ്ടതായി വന്നിരുന്നു. ഇതു് യന്ത്രങ്ങൾ, ഉരുക്കു്, രാസപദാത്ഥങ്ങൾ എന്നിവയുടെ കയററുമതിമൂലമാണു് നിവ്വഹിച്ചതു്. (ഭക്ഷ്യപദാത്ഥങ്ങൾക്കും, അസംസ്കൃതസാധനങ്ങൾക്കും മുമ്പത്തെക്കാൾ വില കയറുകയും ചെയ്തിരുന്നു.) അതുകൊണ്ടു് കൂടുതൽ ഉല്പാദനം അനുവദിക്കാതെ നിവൃത്തിയില്ലെന്നുവന്നു. കൂടാതെ 20 കൊല്ലംകൊണ്ടു് ഭവനസൌകര്യത്തിലുള്ള ദൌർലഭ്യം ഇല്ലാതാക്കാനും 5 കൊല്ലംകൊണ്ടു് റോഡ് റെയിൽ റിപ്പയറുകൾ നടത്തുവാനും ആവശ്യമായ സംഖ്യ വകയിരുത്തണമെന്നും പറഞ്ഞിട്ടുണ്ടു്. ജമ്മനി യുദ്ധനഷ്ടപരിഹാരം നൽകിക്കഴിഞ്ഞാൽ, നിരായുധീകരണത്തിന്നു് വിരുദ്ധമല്ലാത്ത നിലയിൽ തങ്ങളുടെ വിഭവങ്ങൾ വികസിപ്പിച്ചു് ജീവിതത്തോതു് ഉയത്തുന്നതിനുള്ള അവകാശം അതിന്നു് നിഷേധിക്കപ്പെട്ടുകയില്ല.

ഈ പ്ലാൻ നടപ്പിൽ വരുത്തേണ്ടതു് ബെർലിനിലുള്ള സഖ്യകക്ഷികളുടെ നിയന്ത്രണസമിതിയായിരുന്നു:-1952 മെയ് 26-ാംനു- സഖ്യശക്തികൾ ജമ്മനിയുടെ മേലുള്ള നിയന്ത്രണാധികാരങ്ങൾ അവസാനിപ്പിച്ചു്, മമ്മപ്രധാനമായ ചില കാര്യങ്ങളിലൊഴികെ, ആഭ്യന്തരനയത്തിലും വിദേശനയത്തിലും പൂണ്ണമായ അധികാരം പശ്ചിമ ജമ്മനിയിലെ 'ബോൺ' ഗവമ്മേണ്ടിന്നു് വിട്ടുകൊടുത്തു. എന്നാൽ പൂവ്വജമ്മനി ഇന്നും സോവിയററ് റഷ്യയുടെ അധീനത്തിൽതന്നെ കിടക്കുകയാണു്. ഏകീകരണത്തിന്നു് റഷ്യയുമായി കൂടിയാലോചന നടത്തുവാനുള്ള അധികാരം സഖ്യശക്തികളൊഴിച്ചിട്ടില്ല.

ദേശീയവരുമാനം 1951-ൻെറ ആരംഭംമുതൽ 1952 ജൂൺവരെ ഓരോ അദ്ധ്വർഷത്തിൽ 9 ശതമാനം, 12·7 ശതമാനം, 0·2 ശതമാനം എന്നിപ്രകാരം വദ്ധിച്ചതായി കാണുന്നു.*

---

* The Economist: October 18, 1952-P. 206.

1948-നുശേഷം സാമ്പത്തികോല്പാദനത്തിൻെറ ഗതി ത്വരിതപ്പെടുത്തുവാനും വിദേശവ്യാപാരത്തിൽ സന്തുലിതനില നേടുവാനും ജമ്മനിയ്ക്കു സാധിച്ചിട്ടുണ്ടു്.

1948-ൽ സാമ്പത്തികകാര്യമന്ത്രി ഡോക്ടർ ഏർഹാർഡ് ഒരു കറൻസി പരിഷ്ക്കാരം നടപ്പിലാക്കി. വിലയിടിഞ്ഞ "റീഷ്മാക്കി"നുപകരം പുതിയൊരു "ഡ്യൂഷ്മാക്ക്" ഇറക്കി. 10 പഴയമാക്കിന്നു് ഒരു പുതിയ മാക്ക് എന്ന മാററനിരക്ക നിശ്ചയിച്ചു് പണത്തിൻെറ വിലയുയർത്തി. ഇതിന്നുശേഷം വ്യാവസായികോല്പാദനം വളരെ വദ്ധിച്ചു. ഒരു ജാലവിദ്യയാലെന്നപോലെ ഉപഭോക്തൃപദാത്ഥങ്ങൾ ധാരാളമായി ചില്ലറക്കച്ചവടപ്പീടികകളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. വിലനിയന്ത്രണം നീക്കിയതും ഇതിന്നു സഹായകമായി. ബാങ്കുകൾ ധാരാളമായി കടം നൽകിത്തുടങ്ങി. അമേരിക്കയിൽ ലഭിച്ച ധനസഹായം കൂടാതെ പുനരുദ്ധാരണം സാദ്ധ്യമല്ലായിരുന്നു. ദുരിതനിവാരണഫണ്ടും, മാർഷൽസഹായവുംകൂടി അമേരിക്ക 340 കോടി ഡോളർ നൽകിയിട്ടുണ്ടു്. തൽഫലമായി ഭക്ഷ്യപദാത്ഥങ്ങളും, അസംസ്കൃതപദാത്ഥങ്ങളും വേണ്ടത്ര ലഭിച്ചു. 1949-ൽ സ്ഥാപിച്ച പുനരുദ്ധാരണകടംവായ്പ കോപ്പറേഷൻെറ ഫണ്ടിൽ മുക്കാൽഭാഗവും അമേരിക്ക നൽകിയ പണമായിരുന്നു. കോർപ്പറേഷൻ 3 കൊല്ലംകൊണ്ടു് 400 കോടി മാക്ക് വ്യവസായികൾക്കും, കയററുമതിവ്യാപാരികൾക്കുമായി കൊടുത്തിരുന്നു. കൂടാതെ നികുതിനയവും, ബാങ്കുകളുടെ വായ്പനയവും മൂലധനനിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുമാറു് രൂപവൽക്കരിക്കുകയും ചെയ്തു. ആദായനികുതി മുമ്പത്തേതിൻെറ മൂന്നിലൊന്നായി വെട്ടിച്ചുരുക്കി. കമ്പനിനികുതിയും സ്വത്തുനികുതിയും ലഘൂകരിച്ചു. ബാങ്കുകൾ 1948-ൽ വ്യവസായികൾക്കു് 400 കോടി മാക്ക് കടംനൽകിയതു് 1951-ലേയ്ക്കു് 600 കോടി മാക്കായി വദ്ധിച്ചു. തൽഫലമായി ഉല്പാദനം വൻതോതിൽ വളന്നുവന്നു. തൊഴിൽ വളരെ വദ്ധിക്കുകയും ചെയ്തു. ഇപ്പോൾ മൂലധനനിക്ഷേപം പ്രതിവഷം 190 കോടി ഡോളർ എന്ന കണ്ണ

ക്കിൽ നടക്കുന്നുണ്ട്. സോവിയററ് ജർമ്മനിയുടെയും, പശ്ചിമജർമ്മനിയുടെയും ഏകീകരണം സാധിക്കുകയാണെങ്കിൽ സോവിയററ് മേഖലയിൽ 300 കോടി മാർക്കിൻെറ മൂലധനമിറക്കേണ്ടിവരുമെന്നാണു് കീൽസാമ്പത്തിക ഗവേഷണഇൻസ്റ്റിട്ട്യൂട്ട് അദ്ധ്യക്ഷൻ പ്രൊഫ: ഫ്രിററ്സ് ബാഡേയുടെ മതിപ്പുകണക്ക്.* ജർമ്മനിയുടെ സാമ്പത്തികസമുദ്ധാരണം പൂർണ്ണമാകുവാൻ ഈ സംയോജനം ആവശ്യമാണുതാനും.

1951 നവമ്പറിലാണു് ഉല്പാദനം ഉച്ചാവസ്ഥയിൽ (150 പോയിൻറിൽ) എത്തിയതു്. 1952-ൽ 140-ലേയ്ക്കു് താണു. പക്ഷെ പിന്നീട്ട് കുറേശ്ശ ഉയരുന്ന ലക്ഷണങ്ങൾ കാണുന്നുണ്ട്. എന്നാൽ പൊതുവെ കാണുന്ന ഉല്പാദനവർദ്ധന കല്ക്കരി, ഉരുക്ക് എന്നീ വ്യവസായങ്ങളിൽ കാണ്മാനില്ലെന്നു് ഓർക്കേണ്ടതുണ്ട്. (കല്ക്കരിയിൽ സൂചകസംഖ്യ 1952 ജൂണിൽ 110-ം, ഇരുമ്പുരുക്കിൽ 106-ം ആയിരുന്നു.) ഇതിന്നു കാരണം മൂലധനത്തിൻെറ വൈരളൃമാണെന്നാണു പറയുന്നതു്. ഉരുക്ക് കൽക്കരി വ്യവസായങ്ങളിലെ സംയുക്തക്കമ്പനികളെ സഖ്യശക്തികൾ വികേന്ദ്രീകരിച്ചു. ശേഷമുള്ള അനിശ്ചിതത്വമാണു് മറെറാരു കാരണം.

പശ്ചിമപ്രദേശങ്ങളിലെ വമ്പിച്ച ആയുധനിർമ്മാണശാലകളെല്ലാം പൊളിച്ചുനീക്കിയിരിക്കയാണു്. ആയുധനിർമ്മാണവ്യവസായികൾ ഇന്നു് ഇന്ത്യയ്ക്കും ഈജിപ്തിന്നും മററും നിർമ്മാണപദ്ധതിക്കുള്ള ഉരുക്കുസാമാനങ്ങൾ നിർമ്മിച്ചുവരികയാണു്. ബോൺ ഗവർമ്മേണ്ടിൻെറ ഇപ്പോഴത്തെ നയം കയററുമതിസാധനങ്ങളുടെ ഉല്പാദനകാര്യത്തിൽ പ്രോത്സാഹനം നൽകുകയാണു്.

വ്യവസായശാലകളിലെ കൂലിയുടെ സൂചകം, 1938-ൻെറ അടിസ്ഥാനത്തിൽ, 1949-ലേയ്ക്കു് 93 ആയി താണിരിക്കുന്നതു് 1952-ലേയ്ക്കു് 192 ആയി ഉയർന്നിട്ടുണ്ട്. ജീവിതച്ചെലവിൻെറ സൂചകം 1949-ൽ 160 പോയിൻറായിരുന്നതു് 1952 ജൂലായി

---

* The Economist - April 12, 1952.

ലേയ്ക്ക് 168 ആയി മാത്രം ഉയൎന്നിട്ടുണ്ട്. എങ്കിലും ബ്രിട്ടനിലേക്കാളും കൂലി കറവും, പ്രവൃത്തിസമയം അധികവുമാണ്. കൊറിയൻയുദ്ധാരംഭംമുതൽക്കുള്ള വൎദ്ധന ജൎമ്മനിയിൽ മററു രാജ്യങ്ങളിലേക്കാൾ കുറവായിരുന്നു. പാർപ്പിടസൌകൎയ്യവും മെച്ചപ്പെട്ടിട്ടില്ല. വർഷംതോറും 4 ലക്ഷം എടുപ്പുകൾ ഉയരുന്നുണ്ടെങ്കിലും കൂലിപ്രവൃത്തിക്കാൎക്കുവേണ്ടി അല്പം പാർപ്പിടങ്ങൾ മാത്രമേ നിൎമ്മിച്ചിട്ടുള്ളൂ. ജൎമ്മനിയെ ഏകീകരിക്കുകയും, ലക്ഷക്കണക്കിലുള്ള അഭയാൎത്ഥികളെ അവരുടെ സ്വന്തം ഗൃഹങ്ങളിലേയ്ക്കു തിരിച്ചയയ്ക്കുകയും ചെയ്യാതെ ഈ പ്രശ്നത്തിന്നു പരിഹാരംകാണ്മാൻ ആവില്ല.

തൊഴിലില്ലായ്മ ഇനിയും തീരെ ദൂരീകരിക്കപ്പെട്ടിട്ടില്ല. "ഫെഡറൽറിപ്പബ്ളിക്കിൻെറ സാമൂഹ്യഘടനയിൽ വൎദ്ധിച്ച തൊഴിലില്ലായ്മ ആണ് ഏററവും മുഴച്ചുനില്ക്കുന്ന ഭാഗം." അടുത്ത കണക്കുപ്രകാരം $6\frac{1}{4}$ % ജനങ്ങൾക്ക് ഇന്നും തൊഴിലില്ല. ഇതിൽ കുറേപേർ തൊഴിലിന്നു് പററാത്തവരായിരിക്കും. 180 ലക്ഷം ജനങ്ങൾ ഇന്നും പട്ടിണിയുടെ വക്കത്താണത്രെ ജീവിക്കുന്നതു്. ഇവരെല്ലാം തൊഴിലാളികളല്ല, ഭൂമി നശിച്ച ഭൂവുടമകളും, പഴയ ഉദ്യോഗസ്ഥന്മാരുമെല്ലാം പെടും. അങ്ങനെ അസ്വാസ്ഥ്യജനകമായ ഉച്ചനീചാവസ്ഥ ഇന്നും അവിടെയുണ്ട്. എങ്കിലും തൊഴിലില്ലായ്മ അടുത്തകാലത്തു് വളരെ കുറഞ്ഞിട്ടുണ്ടെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല.

വിദേശവ്യാപാരം ഗണ്യമായി വൎദ്ധിപ്പിച്ചിട്ടുണ്ട്. 1948 മുതൽ ഇതു് മൂന്നിരട്ടിയായിട്ടുണ്ട്. കച്ചവടം ഭൂരിഭാഗവും 'യൂറോപ്യൻ പേമെൻറ്സ് യൂനിയനു'മായിട്ടാണ്. (സുമാർ 75 ശതമാനം.) അധമൎണ്ണയായിരുന്ന ജൎമ്മനി ഉത്തമൎണ്ണയായി മാറിയിരിക്കയാണ്; 1952-ലേയ്ക്ക് 44 കോടി ഡോളറിൻെറ ശിഷ്ടം കൂട്ടിവെച്ചിരുന്നു. പക്ഷെ അടുത്തകാലത്തു് ഇതരരാജ്യങ്ങളുമായുള്ള ശിഷ്ടം പ്രതികൂലമായിട്ടുണ്ട്. ഗോതമ്പും, കൽക്കരിയും അമേരിക്കയിൽനിന്നു് ഇറക്കുമതിചെയ്യുന്നേടത്തോളം ഡോളർ കമ്മി നി

ലനില്ലും. കിഴക്കൻജർമ്മനിയടക്കം സോവിയററ്പ്രദേശവുമായുള്ള വ്യാപാരം കുറഞ്ഞുവന്നിരിക്കയാണു്. 1941-നുമുമ്പു് ജർമ്മനിയിൽനിന്നും, ബാൾക്കൻപ്രദേശത്തുനിന്നും വരുത്തിയ ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ ഡോളർപ്രദേശത്തിൽനിന്നാണു വരുന്നതു്. 1952-ൽ അവസാനിച്ച മാർഷൽസഹായത്തിൻെറ ഭൂരിഭാഗവും ഭക്ഷ്യപദാത്ഥങ്ങളുടെ രൂപത്തിലായിരുന്നു. ജർമ്മൻ യന്ത്രോപകരണങ്ങൾ സോവിയററ്പ്രദേശങ്ങളിലേയ്ക്കു മുമ്പു് കയററിപ്പോയിരുന്നതു് നിലച്ചിരിക്കുകയാണു്.

ഇങ്ങനെ പൊതുവെ നോക്കുകയാണെങ്കിൽ ജർമ്മനിയിൽ പല രംഗത്തിലും അഭിവൃദ്ധി കാണാവുന്നതാണു്. ഉപഭോഗം കുറച്ചു മൂലധനം സംഭരിക്കുന്നതിൻെറ ഫലമായി തൽക്കാലത്തേയ്ക്കു് ഒരു താഴ്ന്ന ജീവിതത്തോതുകൊണ്ടു് അവക്കു് തൃപ്തരാവേണ്ടതുണ്ടെങ്കിലും യഥാത്ഥവരുമാനം വദ്ധിച്ചുവരുന്നതായും, തൊഴിലില്ലായ്മ കുറഞ്ഞുവരുന്നതായും കാണുന്നുണ്ടു്.

എന്നാൽ ജർമ്മനിക്കു് ഇത്രയും സാമ്പത്തികോദ്ധാരണം സാധിതപ്രായമായതു് യുദ്ധനഷ്ടപരിഹാരാത്ഥമായി സഖ്യരാഷ്ട്രങ്ങൾക്കു് 51·70 കോടി ഡോളർ വിലയ്ക്കുള്ള (1949-ലെ ഡോളർവിലയുടെ കണക്കിലാണെങ്കിൽ ഇതിൻെറ ഇരട്ടി) യന്ത്രോപകരണങ്ങളും, കപ്പലുകളും, വിദേശസമ്പത്തുക്കളും മററും നൽകിയതിന്നു ശേഷമാണെന്നുള്ള സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്. ഇതിൽ യന്ത്രോപകരണങ്ങളുടെ വില 14·68 കോടി ഡോളറും, വ്യാപാരക്കപ്പലുകളുടെ വില 4·32 കോടി ഡോളറും വരും. ഏററവുമധികം നഷ്ടപരിഹാരം ലഭിച്ചതു് അമേരിക്കയ്ക്കാണു്; ഇതിന്നു കാരണം ജർമ്മനിയുടെ വിദേശസമ്പത്തു് ഏററവുമധികം അവിടെയായിരുന്നു. പക്ഷെ അമേരിക്ക യുദ്ധാനന്തരം നല്കീട്ടുള്ള വമ്പിച്ച സഹായധനത്തിൻെറ കണക്കു നോക്കുമ്പോൾ ഇതു് തുച്ഛമാണു്. യന്ത്രോപകരണങ്ങളിലും വ്യാപാരക്കപ്പലുകളിലും അധികഭാഗം കിട്ടിയതു് ബ്രിട്ടന്നാണു്. പശ്ചിമജർമ്മനിയിലുള്ള യന്ത്രോപകരണങ്ങളുടെ 25 ശതമാനവും, വ്യാപാരക്കപ്പലുകളുടെ

മൂന്നിലൊന്നും റഷ്യയ്ക്കു ലഭിച്ചു. ഈ വിഹിതം സോവിയററ് മേഖലയിൽ തങ്ങൾക്കാവശ്യമുള്ള എന്തും എടുക്കുവാൻ റഷ്യയ്ക്കുള്ള അവകാശത്തിന്നു പുറമെയാണ്. ഫ്രാൻസിന്നു് സുമാർ 25 ശതമാനം ലഭിച്ചിട്ടുണ്ടു്.[1] യന്ത്രോപകരണങ്ങൾ ഇങ്ങിനെ വീതിച്ചതിൽ മൂന്നിലൊരു ഭാഗം മാത്രമേ യുദ്ധാവശ്യത്തിന്നു് ഉപയോഗിച്ചതുള്ളുവെന്നു് പ്രത്യേകം ഓക്കണം. ബാക്കിയുള്ളവ നീക്കിയതു് ജമ്മനിയുടെ വ്യാവസായികശക്തി ശിഥിലീകരിക്കുവാനും കിടമത്സരശക്തി കുറയ്ക്കുവാനുമാണെന്നു വേണം കരുതുവാൻ. 'ഇക്കോണമിസ്റ്റ്' പ്രസ്താവിക്കുന്നതുപോലെ, "ജമ്മൻ വ്യവസായം ഇന്നത്തെ നിലയിൽ ഉയിത്തെഴുന്നേററിട്ടുള്ളതു്.... യുദ്ധനഷ്ടപരിഹാരം വരുത്തിവെച്ച നാശം നിസ്സാരമായതുകൊണ്ടല്ല, രാജ്യത്തിലെ വ്യവസായത്തിൻെറയും, ജനതയുടെയും ആന്തരബലവും അമേരിക്കയുടെ ധനസഹായവും ഹേതുവായിട്ടാണു്."[2] പ്രത്യേകിച്ചും ജമ്മൻകാരുടെ അദ്ധ്വാനശീലവും സ്വപ്രത്യയസ്ഥൈയ്യവും ശ്ലാഘനീയമാണു്.

"അപ്രതീക്ഷിതമായ വല്ല ഭാഗ്യവും വന്നുപെട്ടില്ലെങ്കിൽ യത്നിക്കുകയും, സമ്പാദിക്കുകയുമാണ് ഒരു രാജ്യത്തിലെ ദേശീയസമ്പത്തു് വദ്ധിപ്പിക്കുവാനും അവിടത്തെ വ്യക്തിപരമായ ജീവിതത്തോതുയത്തുവാനുമുള്ള ഒരേഒരു മാർഗ്ഗമെന്ന, പലപ്പോഴും വിസ്മരിക്കപ്പെടുന്ന, പ്രമാണത്തിൻെറ അന്തരമില്ലാത്ത യാഥാത്ഥ്യത്തെ വ്യക്തമാക്കുകയാണ് പഴയ ജമ്മൻ സമ്പദ്‌വ്യവസ്ഥ ചെയ്തിരിക്കുന്നതു്."[3] വാസ്തവത്തിൽ ജമ്മനിയുടെ പുരോഗതി ഇതരരാജ്യങ്ങൾക്കു് ഒരു പാഠമായിത്തീരേണ്ടതാണു്.

എന്നാൽ ജമ്മനിയുടെ പുനരുദ്ധാരണം ഇനിയും പൂണ്ണമായി

---

[1] ഇന്ത്യയ്ക്കു് 1949 അവസാനത്തോടു് 82½ ലക്ഷം ഡോളറിന്നുള്ള കോപ്പുകളാണ് ലഭിച്ചതു്.

[2] The Economist: June 10, 1950 (P. 1281)

[3] The Economist: Oct: 18, 1952 (P. 212)

ട്ടില്ല. വ്യാവസായികോല്പാദനം പശ്ചിമയൂറോപ്യൻരാജ്യങ്ങളിലേക്കാൾ ഇപ്പോഴും വളരെ കുറവാണ്. വിദേശവ്യാപാരം ഇപ്പോഴും മൂന്നിലൊന്നോളമേ വരുന്നുള്ളൂ. കയററുമതി യുദ്ധത്തിന്നുമുമ്പത്തേതിലും മൂന്നിലൊന്നു മാത്രമേ അധികമായിട്ടുള്ളൂ. ബ്രിട്ടനിൽ 60 ശതമാനവും ഫ്രാൻസിൽ 50 ശതമാനവും വർദ്ധനയുണ്ടായിട്ടുണ്ട്. പഴയ ജർമ്മനിയുടെ വിദേശക്കടമാണെങ്കിൽ 3,000 കോടി മാർക്കോളമുണ്ടുതാനും. അതുകൊണ്ടു് വികസനപന്ഥാവിൽക്കൂടി ഇനിയും വളരെ മുന്നോട്ടു പോകേണ്ടതുണ്ട്.

ഇപ്പോൾ പശ്ചിമജർമ്മൻ ഗവർമ്മേണ്ടിൻെറ ശ്രമം ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കുവാനാണ്. ഇതിന്നുവേണ്ടി ആദായനികുതി കുറയ്ക്കുകയും, സിവിലുദ്യോഗസ്ഥന്മാരുടെ ശമ്പളവും, പെൻഷ്യനും വർദ്ധിപ്പിക്കുകയും, തൊഴിലാളികളുടെ കൂലി അധികരിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതേസമയത്തു് വില കുറഞ്ഞുകൊണ്ടു വരുന്നതിനാൽ ജർമ്മൻകാർ മുമ്പെത്തേക്കാളും സമ്പാദ്യം സ്വരൂപിക്കുന്നുണ്ടെന്നാണ് അനുമാനിക്കപ്പെടുന്നതു്. ഇതു് വ്യവസായത്തിൽ കൂടുതൽ മൂലധനം മുടക്കുന്നതിന്നു് സഹായകമാകുമല്ലോ.

# അമേരിക്കയിലെ സാമ്പത്തികാസൂത്രണം

രണ്ടാംലോകമഹായുദ്ധത്തിന്നു മുമ്പുണ്ടായ സാമ്പത്തികാധഃപതനം അമേരിക്കൻ ഐക്യരാജ്യത്തിലെ സമ്പദ്‌വ്യവസ്ഥയിൽ വമ്പിച്ച പ്രത്യാഘാതങ്ങളുളവാക്കിയിരുന്നു. ദേശീയവരുമാനം 1929-ൽ 8,104 കോടി ഡോളർ ആയിരുന്നതു് 1932-ലേയ്ക്കു് 4,895 ഡോളറായി ചുരുങ്ങിയിരുന്നു. 1933-ൽ ഐക്യരാഷ്ട്രസാമ്പത്തിക ഘടന ആകെ പൊട്ടിത്തകരുമെന്ന നിലയിലോളം എത്തി. വിലയിടിവും വ്യാപാരമാന്ദ്യവും നിമിത്തം വ്യവസായത്തിന്നും കൃഷിക്കും വമ്പിച്ച കോട്ടംതട്ടി. ബേങ്കുകൾ ഒന്നൊന്നായി പൊളിഞ്ഞുതുടങ്ങി. 1930-നും 1933-നും മദ്ധ്യേ ആയി 5,000 ബേങ്കുകൾ അവയുടെ കതകുകൾ അടച്ചിട്ടു. കയററുമതി ഗണ്യമായി കുറഞ്ഞു. കൂലി 60 ശതമാനം മുതൽ 70 ശതമാനം വരെ താണു് ധാരാളം പേർ തൊഴിലില്ലായ്മയിലേയ്ക്കു തള്ളപ്പെട്ടു.

1930-ൽ 40 ലക്ഷം പേരെ മാത്രം ഈ അത്യാഹിതം ബാധിച്ചതു് 1933-ലേയ്ക്കു് സുമാർ 120 ലക്ഷമായി വർദ്ധിച്ചു. അവർക്കു രക്ഷനൽകുവാൻ തൊഴിലാളിസംഘടനകൾ പര്യാപ്തമായില്ല.

കാർഷികോല്പന്നങ്ങളുടെ വില 60 ശതമാനം താണു. കൃഷിക്കാരുടെ ഋണഭാരം അന്നന്നു വർദ്ധിച്ചു. ഉച്ചൈസ്തരം ഉൽഘോഷിക്കപ്പെട്ടിരുന്ന അമേരിക്കൻജനതയുടെ ക്ഷേമവും സമൃദ്ധിയും ബാഷ്പരൂപം പ്രാപിച്ചു് അപ്രത്യക്ഷമായിപ്പോയി.

## റൂസ്‌വെൽററിന്റെ 'ന്യൂ ഡീൽ'

മേൽവിവരിച്ചതരത്തിലുള്ള ദുർഘടാവസ്ഥയിലാണു് പ്രസിഡണ്ടു് റൂസ്‌വെൽററു് അധികാരത്തിൽപ്രവേശിച്ചതു്. അദ്ദേഹം

രാജ്യത്തെ സാമ്പത്തികദുരിതത്തിൽനിന്നു് മോചിപ്പിച്ചു് ക്ഷേമമാർഗ്ഗത്തിലെത്തിക്കേണമെങ്കിൽ അതിന്നു ചില പ്രത്യേകനടപടികളും നിയന്ത്രണങ്ങളും ആവശ്യമാണെന്നു മനസ്സിലാക്കി. അങ്ങനെ അദ്ദേഹത്തിൻെറ ഗവമ്മേണ്ടു് ഒരു പുതിയപദ്ധതി ആസൂത്രണംചെയ്തു നടപ്പിൽവരുത്തി. ഇതിൻെറ ഉദ്ദേശത്തെപ്പററി റൂസ് വെൽററ് പ്രസ്താവിച്ചതു് ഇപ്രകാരമാണു്. "നമ്മുടെകത്തവ്യം ഇപ്പോൾ അധീനത്തിലുള്ള എല്ലാവിഭവങ്ങളേയും വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുക, മിച്ചമായി കിടക്കുന്ന സാധനങ്ങൾക്കു വിദേശക്കമ്പോളം വീണ്ടും കരസ്ഥമാക്കുക, ഉപഭോക്തൃസാധനങ്ങളുടെ വിനിയോഗത്തിലുള്ള കമ്മി നികത്തുകയോ ഉല്പാദനം ആവശ്യത്തിൽ കവിയാത്തവിധമാക്കുകയോ ചെയ്യുക, ധനവും ഉല്പന്നങ്ങളും കൂടുതൽ ന്യായമായതോതിൽ വിതരണം ചെയ്യുക, നിലവിലുള്ള സാമ്പത്തികഘടനയെ ജനങ്ങളുടെ സേവനത്തിന്നുതകുന്ന വിധത്തിൽ മാററുക എന്നിവയാണു്."

'ന്യൂ ഡീലി'ന്നു് രണ്ടുഭാഗമുണ്ടായിരുന്നു: ഒരുഭാഗം, രാജ്യത്തെ സാമ്പത്തികാധഃപതനത്തിൽനിന്നു് ഉദ്ധരിക്കുവാനുള്ളതായിരുന്നു; മററെ ഭാഗം, സമ്പദ്വ്യവസ്ഥയുടെ പരിഷ്കരണത്തിന്നും പുനർനിർമ്മാണത്തിന്നുമുള്ളതായിരുന്നു. ഒന്നാമതായി അഭിമുഖീകരിക്കേണ്ടപ്രശ്നം വമ്പിച്ച തൊഴിലില്ലായ്മയായിരുന്നു. ഈ കാര്യത്തിൽ ഒന്നിന്നുപുറമെ മറെറാന്നായി പല നടപടികളുമെടുത്തു. 1933 മാർച്ചു്, മേയ്, ജൂൺ എന്നീ മാസങ്ങളിൽ തൊഴിലില്ലായ്മശമനനിയമം, ഫെഡറൽ അടിയന്തിരാശ്വാസനിയമം, ദേശീയതൊഴിൽസർവ്വീസ്നിയമം എന്നിങ്ങനെ മൂന്നുനിയമങ്ങൾ യഥാക്രമം പാസ്സാക്കി. ജൂൺമാസത്തിൽത്തന്നെ ദേശീയവ്യവസായപുനരുദ്ധാരണനിയമംകൂടി പാസ്സാക്കി. ഈ നിയമങ്ങൾ, നടപ്പിൽവരുത്തുവാൻ പബ്ളിക്ക്വർക്ക്സ്അഡ്മിനിസ്റ്റ്രേഷൻ, സിവിൽ വർക്ക്സ് അഡ്മിനിസ്റ്റ്രേഷൻ, സിവിലിയൻ കോൺസർവേഷൻകോർ എന്നീ ഭരണസ്ഥാപനങ്ങളെ അധികാരപ്പെടുത്തി. തൊഴിലില്ലായ്മനിയമം ജോലിയില്ലാത്തവരെ പൊതുമരാമത്തു

പ്രവൃത്തികളിലേയ്ക്കു് എടുക്കുവാനും, അവക്കു പാൎപ്പിടസൗകൎയ്യങ്ങൾ, വസ്ത്രം, ധനസഹായം എന്നിവ നൽകുവാനും പ്രസിഡണ്ടിനെ അധികാരപ്പെടുത്തി.

ന്യൂ ഡീലിൻെറ മുഖ്യമായ ആശ്വാസനടപടികൾ ആരംഭിച്ചതു് അടിയന്തിരാശ്വാസനിയമപ്രകാരമാണു്. ഇതുനിമിത്തം തൊഴിലില്ലാത്തവൎക്കു് പണംകൊടുത്തു സഹായിക്കുന്നതിന്നായി സ്റ്റേററുഗവൎമ്മേണ്ടുകൾക്കും, തദ്ദേശസഭകൾക്കും ഗ്രാൻറു നൽകുവാൻ ഫെഡറൽഗവൎമ്മേണ്ടിനെ അധികാരപ്പെടുത്തി. ഇതിന്നുവേണ്ടി 50 കോടി ഡോളർ നീക്കിവെച്ചു. ഈ സംഖ്യയോടു പിന്നീടു് ഇടയ്ക്കിടെ കൂടുതൽ സംഖ്യകൾ ചേൎത്തിട്ടുണ്ടു്. ഈ ആശ്വാസനടപടികൾക്കു് അധികാരപ്പെട്ടതായി ഒരു പ്രത്യേക ഭരണസ്ഥാപനത്തെ(Federal Emergency Relief Administration) ഏൎപ്പെടുത്തി. 1936-വരെയ്ക്കും ഈ സ്ഥാപനം 400കോടി ഡോളർ വിതരണം ചെയ്തിരുന്നു.

പബ്ലിക്കുവർക്കു്സ് അഡ്മിനിസ്ട്രേഷനെ ഗവൎമ്മേണ്ടുവകയായി മരാമത്തുപണികൾ നടത്തുവാൻ അധികാരപ്പെടുത്തി. ഈ സ്ഥാപനത്തിന്നാദ്യം 330 കോടി ഡോളർ നീക്കിവെച്ചുകൊടുത്തു. പിന്നീടു് 1935-ൽ 400 കോടി ഡോളർ വീണ്ടും നല്കി. (1936-ൽ മരാമത്തുപ്രവൃത്തികൾ നിൎത്തി.)സിവിൽവൎക്കു്സ് അഡ്മിനിസ്ട്രേഷൻ അധികം ശ്രദ്ധചെലുത്തിയതു് ആശ്വാസനടപടികളിലായിരുന്നു. അതു നാലുമാസക്കാലമേ നിലവിലുണ്ടായിരുന്നുള്ളു. തൊഴിലില്ലാത്തവൎക്കു പെട്ടെന്നു പ്രവൃത്തിയും വേതനവും നൽകുന്നതിന്നുള്ള ഒരടിയന്തിരസ്ഥാപനമായിട്ടാണു് അതു് ഏൎപ്പെടുത്തിയതു്. റോഡു്, സ്കൂൾക്കെട്ടിടം, കളിസ്ഥലം, വിമാനത്താവളം മുതലായവയുടെ നിൎമ്മാണത്തിലും, വയോജനവിദ്യാലയങ്ങളിലും ഗ്രാമീണവിദ്യാലയങ്ങളിലുമെല്ലാം ജനങ്ങൾക്കു ജോലി നൽകി. അങ്ങനെ 42·64 ലക്ഷം ജനങ്ങൾക്കു് തൊഴിൽ ലഭിച്ചു. (ഇതിൽ 3,000 കലാകാരന്മാരും സാഹിത്യകാരന്മാരുംപെട്ടിരുന്നുവത്രെ.)

വ്യവസായനയം:-ദേശീയവ്യവസായ പുനരുദ്ധാരണനിയമം കൊണ്ടുദ്ദേശിച്ചതു് ഉപഭോക്തൃവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങളിൽ സ്വകാര്യവ്യവസായികളെക്കൊണ്ടു് കൂടുതൽ മൂലധനമിറക്കിച്ചു് അവയെ വികസിപ്പിച്ചു് കൂടുതൽപേർക്കു തൊഴിൽ നൽകുവാനാണു്. ഈ വ്യവസായങ്ങളിൽ പ്രവൃത്തിസമയം ചുരുക്കുകയും,ഏററവും ചുരുങ്ങിയകൂലി ഇത്രയെന്നു നിജപ്പെടുത്തുകയുംചെയ്തു. വ്യവസായോല്പന്നങ്ങൾക്കു് ചുരുങ്ങിയകൂലിയും നിശ്ചയിച്ചു. ജനങ്ങളുടെ ക്രയശക്തി വർദ്ധിക്കുമ്പോൾ വ്യവസായവികസനവും തൊഴിൽവികസനവും സാദ്ധ്യമാവുമല്ലൊ. വ്യവസായങ്ങളെ മുഴുവൻ നിയന്ത്രിക്കുവാനുള്ള അധികാരം ഈ നിയമം പ്രസിഡണ്ടിന്നു് നൽകി. ഓരോ വ്യവസായത്തിന്നും പ്രത്യേകചട്ടങ്ങൾ(Codes) ഏർപ്പെടുത്തി. അവ അനുസരിക്കാത്തവരുടെ ലൈസൻസ് റദ്ദു ചെയ്യാനുള്ള അധികാരം പ്രസിഡണ്ടിന്നുണ്ടായിരുന്നു. വ്യവസായങ്ങൾക്കു ന്യായമായ ലാഭവും തൊഴിലാളികൾക്കു ജീവിക്കുവാൻ പര്യാപ്തമായ കൂലിയും ലഭിക്കുമാറാക്കുവാനും, ചൂഷണവും വഞ്ചനയും ഇല്ലായ്മചെയ്യാനുമായി ചില വ്യവസ്ഥകൾ ഏർപ്പെടുത്തി. തൊഴിലാളികൾക്കു സംഘടനാവകാശവും നൽകി. വ്യവസായങ്ങളെ വിദേശീയകിടമത്സരത്തിൽനിന്നു രക്ഷിക്കുവാനായി വേണ്ടിവന്നാൽ ചുങ്കംചുമത്തുവാൻ പ്രസിഡണ്ടിനെ അധികാരപ്പെടുത്തി.

പുനരുദ്ധാരണനിയമത്തിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുവാനായി ഒരു ദേശീയപുനരുദ്ധാരണഭരണസ്ഥാപനം(National Recovery Administration) ഏർപ്പെടുത്തി. വ്യവസായികളിൽ 96 % വും പുതിയ ചട്ടങ്ങൾ അംഗീകരിച്ചു. ഇപ്രകാരം സുമാർ 500 കോഡുകൾ രൂപവൽക്കരിക്കുകയുണ്ടായി. പ്രവൃത്തിസമയം 35 മുതൽ 40 മണിക്കൂറുകളാക്കി ചുരുക്കി. 16 വയസ്സിൽ താഴെയുള്ള കുട്ടികളെ ജോലിക്കെടുക്കുന്നതു് നിരോധിച്ചു. അപകടകരമായ തൊഴിലുകളിൽ ഇതു 18 വരെ ആയി ഉയർത്തി. ദേഹാ

35132

ദ്ധാപനക്കാരുടെ കൂലി മണിക്കൂറിന്നു് 30 മുതൽ 40 സെൻറായി നിശ്ചയിച്ചു.

ഈ നടപടികൾകൊണ്ടൊന്നും വേണ്ടത്ര ദുരിതാശ്വാസം കൈവരാത്തതിനാൽ 1935-ൽ സാമൂഹ്യരക്ഷാനിയമം പാസ്സാക്കി. ഈ നിയമപ്രകാരം തൊഴിലില്ലായ്മ ഇൻഷ്വറൻസ് ഏപ്പെടുത്തുവാൻ സ്റ്റേറ്റുകളെ അധികാരപ്പെടുത്തി. ഇതിന്നാവശ്യമായ പണം വ്യവസായശാലാഉടമസ്ഥന്മാരുടെമേൽ ഒരു ഫെഡറൽനികുതി ചുമത്തിയുണ്ടാക്കേണ്ടതാണെന്നു നിർദ്ദേശിച്ചു. ഗർഭിണികൾ, കുട്ടികൾ, അന്ധന്മാർ എന്നിവക്ക് ശുശ്രൂഷാകേന്ദ്രങ്ങളും, അംഗഭംഗം വന്നവർക്കു് പ്രത്യേക തൊഴിലുകളും ഏർപ്പെടുത്തിക്കൊടുത്തു. സ്റ്റേറ്റുകൾക്കു ഫെഡറൽഗവമ്മേണ്ടു് സഹായധനം നൽകുവാൻ ഏർപ്പാടുചെയ്തു. ഇതു കൂടാതെ തൊഴിലാളികൾക്കു ഫെഡറൽഗവമ്മേണ്ടിൻെറ വക ഒരു വാദ്ധക്യവേതനം നൽകുവാനും വ്യവസ്ഥചെയ്തു. ഇതിന്നുള്ള പണം തൊഴിലാളികളുടേയും ഉടമകളുടേയുംമേൽ ഒരു നികുതിചുമത്തി വസൂലാക്കുവാനാണു നിശ്ചയിച്ചതു്. ഏവംവിധമുള്ള രക്ഷാവ്യവസ്ഥ ജനങ്ങൾക്കു വളരെ ഗുണം ചെയ്തു.

1935-ൽദേശീയവ്യവസായപുനരുദ്ധാരണനിയമം(N.R.A.) ഭരണഘടനാവിരുദ്ധമാണെന്നു് സുപ്രിംകോടതി വിധിച്ചു. ഈ തീർപ്പു് ട്രെയിഡ്‌യൂനിയനുകളുടെ പ്രവത്തനത്തിന്നു് തടസ്സംവരുത്തി. കാരണം അവയുടെ നിലനില്പുതന്നെ ഈ നിയമത്തെ ആശ്രയിച്ചിട്ടായിരുന്നു. എന്നാൽ ഗവമ്മേണ്ടു് ഉടൻതന്നെ 1935-ലെ വാഗ്നർ നിയമം (Wagner Act) പാസ്സാക്കി. അതു സുപ്രീംകോടതി അംഗീകരിച്ചു. അതിനാൽ ട്രെയിഡ്‌യൂനിയൻ പ്രവത്തനത്തിന്നു വീണ്ടും തൊഴിലാളികൾക്കു് അവകാശം സിദ്ധിച്ചു.

കാഷികനയം:-കാഷികരംഗത്തിൽ ഗോതമ്പു്, പരുത്തി, അരി, പുകയില മുതലായവയുടെവില വദ്ധിപ്പിച്ചു. കഷകരുടെ കായശക്തിഉയത്തുക എന്നതായിരുന്നു ഉദ്ദേശം. ഇതിന്നുവേണ്ടി 1933-ൽ

ഒരു പ്രത്യേകനിയമം (The Agricultural Adjustment Act) പാസ്സാക്കി. 1909 മുതൽ 1919 വരെയുണ്ടായിരുന്ന വിലയുടെ ശരാശരിയുടെ നിലവാരത്തിലെത്തിക്കണമെന്നായിരുന്നു ഗവൎമ്മെണ്ടു് തീർച്ചപ്പെടുത്തിയതു്. ഇതിന്നു് ഉല്പാദനം ചുരുക്കുവാൻ കർഷകരോടാവശ്യപ്പെട്ടു. ഇതിന്നവൎക്കു് പ്രത്യേകം നഷ്ടപരിഹാരം (Benefit Payments) നൽകി. ഇതിന്നാവശ്യമായ പണം ഉല്പന്നം വിക്രയയോഗ്യമാക്കുന്ന ഘട്ടത്തിൽ ഒരു നികുതി ചുമത്തി വസൂലാക്കി. ഈ നിയമവില്പനക്കരാർസമ്പ്രദായവും, ലൈസൻസും ഏർപ്പെടുത്തി. എന്നാൽ ഇതു 3 കൊല്ലമേ നടപ്പിൽ ഉണ്ടായിരുന്നുള്ളു. കർഷകൎക്കു് ചുരുങ്ങിയ പലിശയിന്മേൽ വായ്പസൗകൎയ്യത്തിന്നായി ഒരു പുതിയനിയമം (Farm Credit Administration) പാസ്സാക്കി. അവൎക്കു് ഋണബാദ്ധ്യതയിൽനിന്നു് ആശ്വാസംനൽകുവാൻ അടിയന്തരകൃഷി ഭൂപണയനിയമ (Emergency Farm Mortgage Act) വും പാസ്സാക്കി. ഈ നിയമം മൂലം ഫെഡറൽ ഭൂബേങ്കുകൾ മാൎഗ്ഗമായി കർഷകൎക്കു ചുരുങ്ങിയപലിശയ്ക്കു പണം കടംകിട്ടി. അമിതമായുള്ള പണം വെട്ടിച്ചുരുക്കുവാനും കാലാവധി നീട്ടിവെപ്പാനും ഏർപ്പാടുചെയ്തു. 1933-ലെ വീട്ടുടമ വായ്പനിയമപ്രകാരം വീടു പണയം വെയ്ക്കുന്നവൎക്കും വായ്പനൽകുവാൻ ബാങ്കുകളെ അധികാരപ്പെടുത്തി. ഈ നിയമങ്ങളെല്ലാം നടപ്പിൽവരുത്തിയതു് ഒരു പ്രത്യേക കാർഷികഭരണസ്ഥാപനം (Agricultural Adjustment Administration) ആയിരുന്നു. ഉല്പാദനം സ്വമേധയാ കുറയ്ക്കുവാൻകർഷകരെ പ്രേരിപ്പിക്കുവാൻ സാധിക്കായ്കമൂലം അവരെ അതിന്നു നിർബ്ബന്ധിക്കുന്നതിന്നു് 1934-ൽ ഒരു പരുത്തിനിയന്ത്രണ ആക്ടു് (Bank-head Cotton Control Act) പാസ്സാക്കി. പുകയിലയുടെ ഉല്പാദനം ഇപ്രകാരം നിർബ്ബന്ധംമൂലം കുറച്ചു. 1934-ൽ ഗോതമ്പുവിള 15 ശതമാനം കുറച്ചു. ഈ നടപടികൾമൂലമായി തൽക്കാലത്തേയ്ക്കു് കാർഷികോല്പന്നങ്ങളുടെ വില യുയർത്തുവാൻ സാധിച്ചു. എന്നാൽ വില സ്ഥിരമായി ഉയൎത്തുന്ന

മെങ്കിൽ കയററുമതി വർദ്ധിക്കേണമെന്നു ഗവമ്മേണ്ടിന്നു ബോധ്യംവന്നു. കാർഷികോല്പന്നങ്ങളുടെ കയററുമതി വർദ്ധിപ്പിക്കുവാനായി ഒരു പ്രത്യേക ഉപദേശകനെ നിശ്ചയിക്കുകയും, വിദേശവ്യാപാരത്തിലേർപ്പെട്ടുന്നവരെ സഹായിക്കാൻ ഒരു കേററിറക്കുമതിബേങ്കും സ്ഥാപിക്കുകയും ചെയ്തു. ചുങ്കനിയമത്തിൽ ചില ഭേദഗതികൾ വരുത്തി. പുറരാജ്യങ്ങളുമായി കച്ചവടക്കരാറിൽ ഏർപ്പെട്ടുവാൻ വേണ്ടിവന്നാൽ 50 ശതമാനം വരെ ഇറക്കുമതിചുങ്കം ചുരുക്കുവാനും പ്രസിഡണ്ടിനെ അധികാരപ്പെട്ടുത്തി.

1936-ൽ മേല്പറഞ്ഞ കൃഷിനിയന്ത്രണനിയമവും അസാധുവാണെന്നു് സുപ്രീംകോടതി വിധിച്ചു. അതിനാൽ അതു നടപ്പിൽ വരുത്തിയിരുന്ന ഭരണസ്ഥാപനത്തിൻെറ പ്രവൃത്തി നിലച്ചു. എന്നാൽ അപ്പോഴേയ്ക്കും ഉല്പന്നങ്ങളുടെ വില ഉയർത്തുക എന്ന ഉദ്ദേശം സാധിച്ചുകഴിഞ്ഞിരുന്നു.

നാണയനയം:—പണപ്പെരുപ്പമുളവാക്കി സാമാനവില ഉയർത്തുവാൻ റൂസ്‌വെൽററ് ചില നടപടികളെടുത്തു. ബേങ്കുപരാജയങ്ങളേയും കറൻസിക്കുഴപ്പങ്ങളെയും നേരിട്ടുവാൻ 1933 മാർച്ചിൽ അടിയന്തിരബേങ്ക് ആക്ററ് എന്ന ഒരു നിയമം പാസ്സാക്കി. ഇതുപ്രകാരം സ്വർണ്ണവും വിദേശനാണയവും ഗവമ്മേണ്ടിലേക്കു നൽകുവാൻ പ്രസിഡണ്ടിന് ആവശ്യപ്പെടാമായിരുന്നു. അവയ്ക്കുപകരം കറൻസിനോട്ടുകൾ കൊടുത്തു നാട്ടിൽ പണത്തിൻെറ പ്രചാരം വർദ്ധിപ്പിക്കാൻ സാദ്ധ്യമായിരുന്നു. ഇതു ജനങ്ങളിൽ ബേങ്കുകളെപ്പററിയുള്ള വിശ്വാസം പുനരുജ്ജീവിപ്പിക്കാൻ പര്യാപ്തമായി. സ്വർണ്ണം പൂഴ്ത്തിവെക്കുന്നതും കയററിഅയയ്ക്കുന്നതും നിരോധിച്ചു. അടുത്തപടിയായി (1933 ഏപ്രിൽ 20-ാംനു-) സ്വർണ്ണമാനം (Gold Standard) ഉപേക്ഷിച്ച് കറൻസിനോട്ടുകൾക്കുപകരം സ്വർണ്ണം നൽകുവാനുള്ള ബാദ്ധ്യതയിൽനിന്നു രക്ഷപ്പെട്ടു. തൽഫലമായി ഡോളറിൻെറ വില താണു, (സ്വർണ്ണത്തിൻെറ വില കയറി). കൃഷിനിയന്ത്രണനിയമത്തിൻെറ ഒരു ഭേദഗതിയനുസരിച്ച്, പണപ്പെരുപ്പമുളവാക്കുവാൻ, 300 കോടി ഡോളറിൻെറ നോട്ടടിച്ചിറക്കി ഫെഡറൽ റിസർവ്വ് ബാങ്കുകൾമുഖേന ഗവമ്മേണ്ടു് സെക്യൂരിററി

കൾ വാങ്ങുവാൻ പ്രസിഡണ്ടിനെ അധികാരപ്പെടുത്തി. ഡോളറിൻെറ സുവർണ്ണാംശം 50 ശതമാനത്തിൽ കവിയാത്തവിധം ചുരുക്കുവാനും, ധാരാളമായി വെള്ളിനാണയങ്ങൾ അടിച്ചിറക്കുവാനും പ്രസിഡണ്ടു് അനുവാദംനൽകി.

സ്വർണ്ണമാനം ഉപേക്ഷിച്ചതും, നാണയപ്പെരുപ്പം ഉളവാക്കിയതും നിമിത്തം സാമാനങ്ങളുടെ വില കയറി; ഡോളറിൻെറ വില കുറഞ്ഞു. വിലയുടെ സൂചകസംഖ്യ 1929-ൻെറ അടിസ്ഥാനത്തിൽ 1933-മാർച്ചിൽ 61 ആയി തീർന്നിരുന്നതു ജൂലായിലേയ്ക്കു് 70 ആയി ഉയർന്നു; ഉല്പാദനത്തിൻേറതു് 60-ൽനിന്നു 100 ആയും. പക്ഷെ ജൂലായിക്കുശേഷം ഇങ്ങനെ ഉയർന്നില്ല. ഡോളറിൻെറ വിനിമയവില കയറുവാൻ തുടങ്ങി. അതുകൊണ്ടു് ഒക്ടോബറിൽ സാർവ്വദേശീയ മാർക്കററിൽനിന്നു സ്വർണ്ണം കൂടുതൽവിലയ്ക്കു വാങ്ങുവാൻ തീർച്ചപ്പെടുത്തി. അതുകൊണ്ടു് സാമാനവില ഉയർത്തുവാൻ സാധിച്ചില്ല. 1934-ൽ രാജ്യത്തിലുള്ള സ്വർണ്ണം മുഴുവൻ ഖജനാവിലേക്കു കൊടുത്തു. പകരം ഗവമ്മെണ്ടുസർട്ടിഫിക്കററു് വാങ്ങണമെന്നു ശാസിക്കുന്ന ഒരു നിയമം (The Gold Reserve Act) പാസ്സാക്കി. അനന്തരം ഡോളറിൻെറ സ്വർണ്ണവില താഴ്ത്തി. അതിൽപ്പിന്നെ ഒരു പുതിയ ആക്ട് (The Silver Purchase Act of 1934) പ്രകാരം അധികവിലയ്ക്കു വെള്ളിവാങ്ങി. വെള്ളിയുടെ സൂക്ഷിപ്പു് സ്വർണ്ണസൂക്ഷിപ്പിൻെറ മൂന്നിലൊന്നാവുമാറു് വർദ്ധിപ്പിക്കുവാൻ ഖജനാധികൃതരോടാജ്ഞാപിച്ചു. അങ്ങനെ 1935-ൽ സാമാനവില കയറുവാൻ തുടങ്ങി. വിദേശങ്ങളിലേയ്ക്കു പലായനംചെയ്തിരുന്ന മൂലധനം സ്വരാജ്യത്തേയ്ക്കുതന്നെ തിരിച്ചുവരാൻ തുടങ്ങി.

പുനർനിർമ്മാണശ്രമങ്ങൾ:—1933-ലെ ബേങ്കിങ്ങ് നിയമമനുസരിച്ചു ബേങ്കുകളുടെ പ്രവൎത്തനം സുരക്ഷിതമാകുന്നതിന്നു് അവയുടെമേൽ കൂടുതൽ നിയന്ത്രണം ചുമത്തി. തൽക്കാലഡിപ്പോസിററുകൾക്കു് പലിശ കൊടുക്കുന്നതും, ഊഹക്കച്ചവടത്തിനു് പണം കടംകൊടുക്കുന്നതും നിരോധിച്ചു. കൂടാതെ ഡിപ്പോസിററുകൾക്കു് ഒരു ഇൻഷൂർ വ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്തു.

1935-ൽ ഫെഡറൽ റിസർവ്വ്ബേങ്കുകൾക്ക് മെംബർബേങ്കുകളുടെമേലുള്ള അധികാരം വിപുലീകരിച്ച്, ഫെഡറൽബാങ്കുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.

1934-ൽ സ്റ്റോക്ക് എക്സ്ചേഞ്ചുകളിലെ വ്യാപാരം നിയന്ത്രിക്കുകയും ചില സാട്ടാക്കച്ചവടസമ്പ്രദായങ്ങൾ തടയുകയും ചെയ്തു. 1936-ലെ റോബിൻസൺ-പേററ്മാൻആക്ടുപ്രകാരം കുത്തകക്കച്ചവടക്കാർ ചിലക്ക്, പ്രത്യേക കിഴിവുകൾ നൽകിയും മററു ചിലരിൽനിന്ന് അധികവില വസൂലാക്കിയും പക്ഷപാതപരമായ വിലസമ്പ്രദായം അനുവർത്തിക്കുന്നതു തടഞ്ഞു. 1935-ലെ വാഗ്നർ നിയമപ്രകാരം തൊഴിലാളികൾക്ക് സംഘടിക്കുവാനും ശമ്പളവർദ്ധനയ്ക്കുംമററും സംയുക്തശ്രമം നടത്തുവാനുമുള്ള അവകാശം നൽകി. 1933-ലെ അടിയന്തിരറെയിൽ-റോഡ് ഗതാഗതനിയമപ്രകാരം ഗതാഗതസൌകര്യങ്ങൾ പരിഷ്കരിക്കുകയും, വാഹനങ്ങളുടെ പ്രവർത്തനച്ചെലവ് ചുരുക്കുകയും, യാത്രക്കാരുടെ ചാർജ്ജ് ചുരുക്കുകയും ചെയ്തു.

ഫലം:—ന്യൂ ഡീലിൻെറ താൽക്കാലികഫലങ്ങൾ പ്രോത്സാഹജനകങ്ങളായിരുന്നു. ദേശീയവരുമാനം 1929-ൽ, 8,000 കോടി ഡോളറായിരുന്നു. 1932-ലേയ്ക്കു 4,000 കോടി ആയി ചുരുങ്ങിയിരുന്നതു്, 1937-ലേയ്ക്കു് സുമാർ 7,000 കോടി ആയി വർദ്ധിച്ചു. 1933-മാർച്ചിൽ കാർഷികോല്പന്നങ്ങളുടെ വില യുദ്ധത്തിന്നുമുമ്പുള്ളതിൻെറ 55% ആയിരുന്നതു്, പുതിയപദ്ധതിയുടെ ഫലമായി 1933 അവസാനമാവുമ്പോഴേയ്ക്കും 70 % വും, 1934-ലേയ്ക്കു് 90 % വും, 1935-ലേയ്ക്കു് 59 % വും കണ്ടു് വർദ്ധിച്ചു. 1935-ലേയ്ക്കു് 108 % വുമായി ഉയൎന്നു. കർഷകരുടെ വരുമാനം 1932-നെ അപേക്ഷിച്ചു് അവരുടെ ഋണഭാരം ഗണ്യമായി ലഘൂകരിക്കപ്പെട്ടു. ഭക്ഷ്യോല്പന്നങ്ങളുടെ വിലവർദ്ധനയാണു് അസംസ്കൃതപദാർത്ഥങ്ങളുടേതിനെക്കാളും കൂടുതൽ ദ്രുതതരമായി നിന്നതു്.

വ്യവസായരംഗത്തിലും ഗണ്യമായവിധം സ്ഥിതി ഭേദപ്പെ

ട്ടു. ഉല്പാദനത്തിന്റെ സൂചകസംഖ്യ 1933 മാർച്ചിൽ 60 ആയിരുന്നതു് സപ്തംബറിലേയ്ക്കു് 85 ആയി. തൊഴിലില്ലാത്തവരുടെ സംഖ്യ 40 ലക്ഷത്തോളം ചുരുങ്ങി. മൊത്തവിലയിൽ 17 ശതമാനംകണ്ടു് വർദ്ധന കാണപ്പെട്ടു. കൂലി 25 ശതമാനംകണ്ടു് വദ്ധിച്ചു. 1933–'34-ൽ വ്യവസായശാലകളിലെ ശമ്പളപ്പട്ടികയിൽ 38 ശതമാനം വദ്ധനകാണപ്പെട്ടു.

1936-നവമ്പറിൽ പ്രസിഡണ്ടു റൂസ്‌വെൽററ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടപ്പോഴേയ്ക്കും സാമ്പത്തികപുനരുദ്ധാരണത്തിൽ ഗണ്യമായ പുരോഗതി കൈവന്നിരുന്നു. ചില പ്രധാനരംഗങ്ങളിലെ പുരോഗതി അടുത്തപേജിൽ ചേർത്തിരിക്കുന്നു.

1933-ൽ അധഃപതനത്തിന്റെ അടിത്തട്ടിലെത്തിയേടത്തുനിന്നു ക്രമേണ എത്രത്തോളം ഉൽഗതി ഉണ്ടായെന്നു് ഇതിൽനിന്നും വ്യക്തമാവുന്നുണ്ടല്ലോ. എന്നാൽ ഇതു് അനുസ്യൂതമായിരുന്നില്ല; ഇടയ്ക്കിടയ്ക്കു് ഭംഗം സംഭവിച്ചിരുന്നു.

വിമർശനം:—ന്യൂ ഡീലിനെപ്പററി ധാരാളം വിമർശനങ്ങളുണ്ടായിട്ടുണ്ടു്. ഈ പദ്ധതിയില്ലെങ്കിൽത്തന്നെ സാമ്പത്തികരംഗത്തിലെ സ്ഥിതി മെച്ചപ്പെട്ടുമായിരുന്നുവെന്നു് ചിലർ പറയുന്നു. കാരണം ഇക്കാലത്തു സാർവ്വദേശീയവാണിജ്യവും, സാമാന്യസാമ്പത്തികനിലയും വളരെ ഭേദപ്പെട്ടുകഴിഞ്ഞിരുന്നു. ന്യൂ ഡീൽപരിപാടികൾനിമിത്തം അമേരിക്കയുടെ ദേശീയകടം 1933-ൽ 1,950 കോടിഡോളർ ആയിരുന്നതു് 1937-ലേയ്ക്കു് 3,600 കോടി ഡോളറായി വദ്ധിച്ചു. അങ്ങിനെ അതു് ഭാവിതലമുറയുടെ ഭാരംകൂട്ടി. കൂടാതെ അവ 1,350 കോടി ഡോളറിന്റെ ബഡ്ജററ് കമ്മിയും ഉളവാക്കി. മറെറാരുസംഗതി 'ന്യൂ ഡീലി'ന്നു ശേഷവും 80 ലക്ഷം പേർ തൊഴിലില്ലാത്തവരായുണ്ടായിരുന്നുവെന്നാണു്. പദ്ധതി മൂലധനനിക്ഷേപത്തിന്നു മതിയായ പ്രചോദനം നൽകുവാൻ പര്യാപ്തമായില്ല. വ്യാവസായികനടപടികൾ പ്രതീക്ഷിച്ചത്ര ഫലപ്രദമായില്ല. വില ചുരുങ്ങുവാനുള്ള നടപടികൾമൂലം

(അടിസ്ഥാനവർഷം 1928=100)

| ഇനവിവരം | 1929 | 1933 | 1934 | 1935 | 1936 |
|---|---|---|---|---|---|
| വ്യവസായോല്പാദനം | 107 | 58 | 71 | 81 | 98 |
| ഉല്പാദകപദാർത്ഥങ്ങൾ | 104 | 30 | 50 | 69 | 98 |
| ഉപഭോക്തൃപദാർത്ഥങ്ങൾ | 104 | 79 | 86 | 92 | 100 |
| റെയിൽവേസാമാനക്കടത്ത് | 103 | 54 | 60 | 61 | 82 |
| ഫാക്ടറിയിലെ തൊഴിൽ | 106 | 66 | 84 | 87 | 96 |
| ഇറക്കുമതി | 106 | 32 | 40 | 50 | 63 |
| കയറ്റുമതി | 103 | 31 | 42 | 45 | 62 |
| മൊത്തവിലകൾ | 99 | 67 | 77 | 83 | 84 |
| മണിക്കൂർകണക്കിലുള്ള കൂലി | 102 | 86 | 101 | 104 | 107 |
| ആഴ്ചക്കണക്കിലുള്ള കൂലി | 102 | 62 | 73 | 80 | 90 |
| നോട്ടുപ്രകാരം | 98 | 115 | 118 | 126 | 136 |
| ബാങ്കുഡിപ്പോസിറ്റുകൾ | 97 | 73 | 79 | 86 | 90 |

കാർഷികോല്പാദനം കുറച്ചതു് തൊഴിലില്ലായ്മ വർദ്ധിച്ചകാലത്തു് അനാശാസ്യമായ ഒരു നടപടിയായിരുന്നു. നാണയനടപടികൾ സ്ഥിരമായ ഒരു അഭിവൃദ്ധി കൈവരുത്തുവാൻ പര്യാപ്തമല്ല. ഇപ്രകാരം സമ്പദ്‌വ്യവസ്ഥയുടെ ആന്തരരോഗം മനസ്സിലാക്കാതെ ബാഹ്യലക്ഷണംനോക്കി ചികിത്സിക്കുവാൻ റൂസ്‌വെൽററ് ശ്രമിച്ചു എന്നാണു് ആക്ഷേപം. അതുകൊണ്ടു് മുഖ്യമായ പ്രശ്നങ്ങൾക്കു ശാശ്വതമായ പരിഹാരം കൈവന്നില്ല.

ഏതായാലും റൂസ്‌വെൽററിൻെറ നടപടികൾ രാജ്യത്തെ സാമ്പത്തികാധഃപതനത്തിൽനിന്നുയർത്തുവാൻ സഹായിച്ചു എന്നതു നിർവ്വിവാദമാണു്. കാർഷികനയവും നാണയനയവും രാജ്യത്തെ വിനാശഗർത്തത്തിൽ പതിക്കാതെ രക്ഷിച്ചു; കൃഷിയെ അഭിവൃദ്ധിപഥത്തിലെത്തിക്കുകയും ചെയ്തു. അമേരിക്കയ്ക്കു് അതിൻെറ സാമ്പത്തികചരിത്രത്തിലെ ഏററവും വലിയ വിഷമദശാസന്ധിയെ വിജയകരമാംവിധം തരണംചെയ്യാൻ സാധിച്ചതു് ന്യൂ ഡീൽകൊണ്ടാണെന്നുള്ള സംഗതി സമ്മതിക്കുകതന്നെവേണം.

## "സ്ക്വയെസ്റ്റ് ഡീൽ"

രണ്ടാമത്തെ തെരഞ്ഞെടുപ്പിന്നുശേഷം റൂസ്‌വെൽററ് രാജ്യത്തിന്നു ശാശ്വതമായ അഭിവൃദ്ധിയും ക്ഷേമവും കൈവരുത്തുവാനായി ഒരു ഷഡ്‌വത്സരപദ്ധതി കോൺഗ്രസ്സിന്നു സമർപ്പിച്ചു. ഇതിന്നായി 500 കോടി ഡോളർ നീക്കിവെയ്ക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു.

1937 ആഗസ്റ്റിൽ അമേരിക്കയുടെ സാമ്പത്തികോന്നമനം തടസ്സപ്പെട്ടു. വില വീണ്ടും താഴുവാൻതുടങ്ങി. 1938 ജനുവരിവരെ ഈ സ്ഥിതി തുടൎന്നുപോന്നു. എന്നാൽ അതിന്നുശേഷം നിലയൊന്നു ഭേദപ്പെട്ടു. മൂലധനവസ്തുക്കളുടെ ഉല്പാദനസൂചിക 1937-മേയ് മാസം 99 ആയിരുന്നതു്, 1938 മേയിലേയ്ക്കു് 42 ആയി താണു; പിന്നീടു് ഡിസമ്പറിൽ 75 വരെ ഉയൎന്നു. ഉപഭോക്തൃപദാർത്ഥങ്ങളുടെ ഉല്പാദനസൂചകം ഇതേകാലത്തു് 100-ൽ നിന്നു് 88 ആ

യിതാണ. അനന്തരം 97 വരെ ഉയൎന്നു. കാർഷികോല്പാദനം സ്ഥിരമായ നിലവാരത്തിൽത്തന്നെനിന്നു. എന്നാൽ തൊഴിലില്ലായ്മ വിഷമംപിടിച്ച ഒരു പ്രശ്നമായിത്തന്നെയിരുന്നു.

1938-ൽ ഒരു കൃഷിയിടനിയമം (Farm Act) പാസ്സാക്കപ്പെട്ടു. ഇതും കാർഷികോല്പാദനം ചുരുക്കവില ഉയൎത്തുവാനായി ഉദ്ദേശിക്കപ്പെട്ടതായിരുന്നു.

1933-ലെ കൃഷിനിയന്ത്രണനിയമം അസാധുവായിപ്പോയതിനു പകരമായിരുന്നു ഇതു്. ഉല്പാദകരിൽ മൂന്നിൽ രണ്ടുഭാഗക്കാർ സമ്മതിക്കുകയാണെങ്കിൽ ഉല്പാദനചുരുക്കൽനയം അതാതു കാൎഷികോല്പന്നത്തിൻെറ കാൎയ്യത്തിൽ നടപ്പിൽവരുത്തുവാനാണു് വ്യവസ്ഥചെയ്തതു്. അങ്ങനെ സമ്മതിച്ചവൎക്കു് മാൎക്കറ്റുവിലയും ഗവൎമ്മേണ്ടുനിശ്ചയിക്കുന്നവിലയുംതമ്മിലുള്ള വ്യത്യാസം ഗവൎമ്മേണ്ടു് വെച്ചുകൊടുക്കുന്നതാണു് എന്നു വ്യക്തമാക്കി.

മറെറാരു നിയമം 1938-ലേ വേതനപ്രവൃത്തിസമയനിയമമായിരുന്നു. ആദ്യത്തെ വ്യവസായപുനരുദ്ധാരണനിയമത്തിൻെറ തത്വങ്ങൾതന്നെയാണു് ഇതിലും കൊള്ളിച്ചതു്. പ്രവൃത്തിസമയം ചുരുക്കുവാനും,കൂലി ഉയൎത്തുവാനും ഇതു പടിപടിയായി ചെയ്യുവാനാണ തീരുമാനിച്ചതു്.

എന്നാൽ 1939-സെപ്തമ്പറിൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടുകൂടി ഈ പരിപാടികൾ അസ്ഥാനത്തിലായി. യുദ്ധകാലത്തു് അമേരിക്കയുടെ വ്യവസായം അഭൂതപൂൎവ്വമായ വികാസം പ്രാപിച്ചു. ഉല്പാദനം 100 ശതമാനം വർദ്ധിച്ചു. 1939-ൽ ദേശീയസമ്പത്തിൻെറ 29 % ഉല്പാദിപ്പിച്ച ഈ വിഭാഗത്തിൻെറ പങ്കു് 1944-ൽ 38 % ആയി. 1940-മുതൽ 1944-വരെ ആയി 2,500 കോടി ഡോളർ മൂലധനവ്യവസായങ്ങളിൽ നിക്ഷേപിക്കപ്പെട്ടു. ലാഭം 350 ശതമാനംകണ്ടു വർദ്ധിച്ചു. സിവിൽ-മിലിററിസൎവ്വീസുകളിലെ തൊഴിൽ 20 ശതമാനംകണ്ടു് വൎദ്ധിച്ചു; വ്യവസായങ്ങളിലേതു് 40 ശതമാനകണ്ടും. പ്രതിവാരപ്രവൃത്തികാലം

20 ശതമാനംകൊണ്ടു് അധികരിപ്പിക്കേണ്ടതായിട്ടാണു വന്നതു്. ഇങ്ങനെ തൊഴിലില്ലായ്മ സ്വയം പരിഹരിക്കപ്പെട്ടു. സുനിശ്ചിതമായ കമ്പോളവും ഗവമ്മേണ്ടിൻെറ മാർഗ്ഗനിർദ്ദേശവും, നിയന്ത്രണവും, ധനസഹായവുമെല്ലാം ഈ അവസ്ഥാന്തരത്തിന്നു് സഹായകമായി ഭവിച്ചു.

## ആസൂത്രണം യുദ്ധാനന്തരം

'ന്യൂ ഡീൽ' അടിയന്തിരഘട്ടത്തെ തരണംചെയ്യാനുള്ള ഒരു പദ്ധതിയായിരുന്നു. എന്നാൽ സാധാരണകാലങ്ങളിൽ ഇത്രയും നിയന്ത്രണം അമേരിക്കക്കാർ ഇഷ്ടപ്പെട്ടുന്നില്ല. സ്വകാര്യസാമ്പത്തികോല്പാദനസംരംഭങ്ങളിൽകൈകടത്താതെ,നയനിർദ്ദേശംകൊണ്ടും, ഉപദേശംകൊണ്ടും, പ്രേരണകൊണ്ടും സാമ്പത്തികാസൂത്രണം സാദ്ധ്യമാക്കുക എന്നതാണു് ഗവമ്മേണ്ടിൻെറ നയം. തന്നിമിത്തം സാമ്പത്തികാസൂത്രണത്തിൻെറ പടിവാതില്ക്കലാണു് അമേരിക്ക നില്ക്കുന്നതെന്നു പറയാം. സാമ്പത്തികവിഭവങ്ങളുടെ വിതരണം അനാസൂത്രിതസമ്പദ്‌വ്യവസ്ഥയിലെപ്പോലെ, വിലയുടേയും വരുമാനത്തിൻേറയും ഗതിവിഗതികളനുസരിച്ചു നടക്കും. അല്ലാതെ അതു നിശ്ചയിക്കുന്നതു ഗവമ്മേണ്ടല്ല. ഉല്പാദിതധനത്തിൻെറ വിതരണത്തിൻെറ ഉത്തരവാദിത്വം ഗവമ്മേണ്ടു് ഏറ്റെടുക്കുന്നില്ല. "അതിനാൽ പ്രസിഡണ്ടും സാമ്പത്തികോപദേശസമിതിയും വ്യവസായികളോടു വിലകുറയ്ക്കുവാനും, കൂലിഉയർത്തുവാനും, കോൺഗ്രസ്സിനോടു് വിദേശങ്ങൾക്കു് കടം അനുവദിക്കുവാനും, ചുരുങ്ങിയകൂലി വ്യവസ്ഥചെയ്യാനും, നികുതി വർദ്ധിപ്പിക്കുവാനും, കുത്തകനിരോധനിയമങ്ങൾക്കു മൂർച്ച കൂട്ടുവാനും അഭ്യസിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെട്ടുവാനില്ല."*

1944-ൽ എല്ലാവക്കും തൊഴിൽനൽകുവാനുള്ള ഉത്തരവാദിത്വം ഗവമ്മേണ്ടിൻെറമേൽ ചുമത്തുവാനുള്ള സംഘടിതമായ

* Harris: Economic Planning— P. 23.

AYAM PUBLIC LIBRARY KOTTAYAM

ഒരു ശ്രമം നടന്നു. ഇതിൻഫലമായി 1946-ൽ ഒരു തൊഴിൽനിയമം (Employment Act) പാസ്സാക്കപ്പെട്ടു. ഇതു പരമാവധി തൊഴിലും ഉല്പാദനവും ക്രയശക്തിയും അഭംഗമായി നിലനിർത്തുന്ന ഉദ്ദേശത്തോടുകൂടി വ്യവസായികൾ, കൃഷിക്കാർ, തൊഴിലാളികൾ, സ്റ്റേറ്റുഗവർമ്മേണ്ടുകൾ എന്നിവരുടെ സഹായത്തോടുകൂടി ഒരു സംയുക്തപദ്ധതി തയ്യാറാക്കാനും, ആ ഉദ്ദേശനിർവ്വഹണത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ചുമതല ഫെഡറൽഗവർമ്മേണ്ടിലർപ്പിച്ചിരിക്കുന്നു. ഇതിന്നായി മൂന്നു ധനശാസ്ത്രജ്ഞന്മാരടങ്ങിയ ഒരു സാമ്പത്തികസമിതിയും നിയമിക്കപ്പെട്ടു. സാമ്പത്തികറിപ്പോർട്ടുകൾ തയ്യാറാക്കുക, സാമ്പത്തികസംഭവവികാസങ്ങളെ അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക, ഗവർമ്മേണ്ടിൻെറ പ്രഖ്യാപിതനയത്തിൻെറ വെളിച്ചത്തിൽ അവരുടെ പരിപാടികളേയും പ്രവർത്തനങ്ങളേയും പരിശോധിക്കുക, സ്വതന്ത്രമത്സരസൌകര്യാധിഷ്ഠാനത്തിൽത്തന്നെ തൊഴിലും ഉല്പാദനവും ക്രയശക്തിയും വർദ്ധിപ്പിക്കുവാൻ ആവശ്യമായ ദേശീയസാമ്പത്തികനയം രൂപവൽക്കരിക്കയും ശുപാർശിചെയ്യുകയും ചെയ്യുക എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പ്രസിഡണ്ടിനെ ഉപദേശിക്കയും സഹായിക്കയും ചെയ്യുകയാണ് ഈ സമിതിയുടെ കർത്തവ്യം. കോൺഗ്രസ്സിൻെറ വർഷംതോറുമുള്ള പ്രാരംഭയോഗത്തിൽ, പ്രസിഡണ്ടു് നാട്ടിലെ തൊഴിൽ, ഉല്പാദനം, ക്രയശക്തി എന്നിവയുടെ നിലയും, ഗവർമ്മേണ്ടുപരിശ്രമങ്ങളും, അവയുടെ ഫലങ്ങളും, ഭാവിപരിപാടിയും പ്രസിഡണ്ടിൻെറ ശുപാർശികളുമടങ്ങിയ ഒരു സാമ്പത്തികറിപ്പോർട്ടു് സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സൂക്ഷ്മമായി പഠിച്ചു് അവയെപ്പററിയുള്ള ശുപാർശികൾ നിയമസഭയുടെ ഇരുമണ്ഡലങ്ങൾക്കും സമർപ്പിക്കാൻ കോൺഗ്രസ്സിൻെറ ഒരു സംയുക്തസമിതിയേയും നിശ്ചയിച്ചിട്ടുണ്ടു്. സാമ്പത്തികവിഷയങ്ങളെപ്പററിയുള്ള നിയമനിർമ്മാണവുമായി ബന്ധമുള്ള വിവിധനിയമസഭാക്കമ്മിററികൾക്കും ഈ റിപ്പോർട്ടാണ് മാർഗ്ഗദർശകമാവേണ്ടതു്. ഇങ്ങനെ 1947 മുതൽ റിപ്പോർട്ടുകൾ

സമപ്പിച്ചുവരുന്നുണ്ടു്. ഈ റിപ്പോർട്ടുകൾ യഥാത്ഥസാമ്പത്തികപദ്ധതികളല്ലെങ്കിലും അവ ഉല്പാദനരംഗങ്ങളിലേയ്ക്കു് വിഭവങ്ങളുടെ തിരിച്ചുവിടൽ, ഉല്പാദിതസ്വത്തിൻെറ വിതരണം, വിററഴിക്കൽ മുതലായ കാര്യങ്ങളിൽ ഗവമ്മേണ്ടുനടപടികൾമൂലം ഇവയ്ക്കു സ്വാധീനതചെലുത്തുവാനും, സാമ്പത്തികോദ്ധാരണത്തിൻെറ ബാഹ്യരേഖകൾ നിർദ്ദേശിക്കുവാനും സാധിക്കും.

1947-ലെ റിപ്പോർട്ടിൽ അമേരിക്കയുടെ സാമ്പത്തികഘടന ശക്തിപ്പെടുത്തുവാനുള്ള ഒരു ദീർഘകാലപരിപാടിയിൽ താഴെ ച്ചേർക്കുന്ന കാര്യങ്ങൾ സാധിക്കുവാനുള്ള നടപടികൾ ഉൾക്കൊള്ളേണ്ടതാണെന്നു് പ്രസ്താവിച്ചിരുന്നു:

1) തൊഴിലാളിവിഭാഗത്തിൻെറ കാര്യക്ഷമമായ വിനിയോഗം,

2) ഉല്പാദകവിഭവങ്ങളുടെ പരമാവധി ഉപയോഗം,

3) സ്വതന്ത്രമത്സരാധിഷ്ഠാനത്തിലുള്ള സംരംഭങ്ങളുടെ പ്രോത്സാഹനം,

4) പൊതുക്ഷേമം, ആരോഗ്യം, സാമൂഹ്യരക്ഷ എന്നിവയുടെ പരിപോഷണം,

5) സാവ്വദേശീയസാമ്പത്തികബന്ധങ്ങളിൽ സഹകരണം,

6) സാമ്പത്തികമായ ഏററക്കുറച്ചിലുകളെ തടയൽ.

1948-ലെ റിപ്പോർട്ടിലും ദീർഘകാലലക്ഷ്യങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. പ്രകൃതിവിഭവങ്ങളേയും മാനുഷികവിഭവങ്ങളേയും പൂണ്ണമായി ഉപയോഗപ്പെടുത്തേണ്ടതിൻെറയും, ഉല്പാദനവദ്ധനയ്ക്കാവശ്യമായ സ്ഥാപനങ്ങളും സമ്പ്രദായങ്ങളും ഏർപ്പെടുത്തേണ്ടതിൻെറയും ആവശ്യകതയെപ്പററി അതിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. 1949-ലെ റിപ്പോർട്ടിൽ സാമ്പത്തികാസൂത്രണപ്രശ്നങ്ങളുടേയും ഗവമ്മേണ്ടുത്തരവാദിത്വത്തിൻെറയും കാര്യത്തിൽ കൂടുതൽ ധൈര്യപൂവ്വമായ ഒരു സമീപനം കാണുന്നു. (1948-ലെ ഡെമോക്രാററിക്‌കക്ഷിയുടെ തെരഞ്ഞെടുപ്പുവിജയമാണു് ഇതി

നുകാരണം.) 1946-ലെ ആക്ടിൽ നിർദ്ദേശിച്ച ലക്ഷ്യം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളെ ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിലും ആവശ്യമായ മൂലധനനിക്ഷേപത്തിൻെറ ഒരു കണക്ക് അതിൽ ചേർത്തിട്ടുണ്ട്. പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തുവാനുള്ള ചില നിർദ്ദേശങ്ങളും അതിലുണ്ട്. സാമ്പത്തികോല്പാദനത്തിൻെറ 3 ശതമാനം മുതൽ 4 ശതമാനം വരെ (800 കോടി മുതൽ 900 കോടി ഡോളറോളം) വർദ്ധന ഇതിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. ജനസംഖ്യ സുമാർ ഒരു ശതമാനം വർദ്ധിക്കുമെന്ന ഊഹത്തിന്മേൽ 10 ലക്ഷം പേക്ക് കൂടുതൽ തൊഴിലുളവാക്കുകയെന്ന ലക്ഷ്യവും അതിന്നുണ്ട്. ഗവമ്മെണ്ട് നടപടികൾ മൂലം ഉല്പാദനവും ഉപഭോഗാവശ്യവും തമ്മിൽ ഒരു സന്തുലിതനിലയുളവാക്കുകയെന്നതാണ് പരമമായ ഉദ്ദേശം.

ഇപ്രകാരം നോക്കുമ്പോൾ സാമ്പത്തികയന്ത്രം തിരിക്കുന്നതു പ്രധാനമായും സ്വകാര്യനിലയിലുള്ള ഉല്പാദകരും വ്യാപാരികളുമാണെങ്കിലും, ഗവമ്മെണ്ട് സമ്പദ്വ്യവസ്ഥയെ ആസൂത്രണം ചെയ്യുന്നതിലും രൂപപ്പെടുത്തുന്നതിലും അധികമധികം ശ്രദ്ധിച്ചുവരുന്നതായിക്കാണാം.

1953 ജനുവരിയിൽ പ്രസിഡണ്ട് ഐസൻഹോവർ കോൺഗ്രസ്സിന്നയച്ച തൻെറ പ്രഥമസന്ദേശത്തിൽ സാമ്പത്തികരംഗത്തിൽ ഗവമ്മേണ്ട് ഉദ്ദേശിക്കുന്ന പ്രധാനനടപടികളെ സൂചിപ്പിക്കുകയുണ്ടായി:

1) വാഷികബഡ്ജററ് കമ്മിയില്ലാതാക്കുക. (മുൻകൊല്ലത്തേതു് 590 കോടി ഡോളറായിരുന്നു.)

2) രാജ്യരക്ഷസംബന്ധിച്ചും മററുമുള്ള കടങ്ങളുടെ കാര്യത്തിൽ ശരിയായ നടപടികളെടുക്കുക.

3) നാണയപ്പെരുപ്പം തടയുക.

4) നികുതിഭാരം ലഘൂകരിക്കുക.

5) സ്വകാര്യസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സൃഷ്ടിപരമായ പരിപാടികൾ രൂപവൽക്കരിക്കുക.

6) കർഷകൎക്ക് സുസ്ഥിരവും, ഇതരവിഭാഗക്കാരോട്ട് സമവുമായ ഒരു വരുമാനമുളവാക്കുമാറു് അവരുടെ കാൎയ്യങ്ങളിൽ ഗവൎമ്മെണ്ടുകൈകടത്തൽ ഏററവും ചുരുക്കുക. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികളിൽ മുൻകയ്യെടുത്തു പ്രവൎത്തിപ്പിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും, കർഷകസമ്പദ്‌വ്യവസ്ഥയുടെ അഭിവൃദ്ധിക്ക് സഹായമായവിധത്തിൽ കടംവായ്പ, ഉല്പന്നവിക്രയം, വൈദ്യുതീകരണം, മണ്ണരിക്കൽ തടയൽ മുതലായ കാൎയ്യങ്ങളിൽ വേണ്ടപ്പെട്ട സൗകൎയ്യങ്ങൾ ഏൎപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക.

7) തൊഴിൽരംഗത്തിൽ ട്രേഡ്‌യൂണിയന്റെ പ്രവൎത്തനത്തിന്നു് പൂൎണ്ണസ്വാതന്ത്ര്യമനുവദിക്കുകയും, തൊഴിൽ തൎക്കങ്ങൾ മാദ്ധ്യസ്ഥം മുഖാന്തിരവും, അനുരഞ്ജനം മൂലവും തീൎക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അങ്ങനെ പുതിയ പ്രസിഡണ്ടു് സമ്പദ്‌വ്യവസ്ഥയിൽ ഗവൎമ്മെണ്ടിന്റെ കയ്യിടൽ കഴിയുന്നതും ചുരുക്കുന്ന ഒരു വലതുപക്ഷനയമാണ് അനുവൎത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്. അദ്ദേഹം പറയുന്നു: "വ്യക്തികൾ മുൻകയ്യെടുത്തു പ്രവൎത്തിക്കുന്നതിനേയും സ്ഥാപനങ്ങൾ തമ്മിൽ സ്വാതന്ത്ര്യമത്സരമനുവദിക്കുന്നതിനേയും പ്രോത്സാഹിപ്പിക്കുന്നതിലാണു നമുക്കു താല്പൎയ്യം. എന്തെന്നാൽ നമ്മുടെ ജനതയുടെ ബലത്തിന്റെ ശാശ്വതമായ ഉറവിടങ്ങളാണ് ഇവയെന്നു നമുക്കറിയാം."

# ഫ്റാൻസിലെ സാമ്പത്തികാസൂത്രണം

ഫ്രാൻസിൽ സാമ്പത്തികാസൂത്രണം നടപ്പിൽവരുത്തിയതു് ഉല്പാദനസമ്പ്രദായം നവീകരിച്ചു് വ്യവസായത്തെ അതിന്നു് സംഭവിച്ച അധഃപതനത്തിൽനിന്നു് ഉയൎത്തിക്കൊണ്ടുവരുവാനായിരുന്നു. രണ്ടാംലോകമഹായുദ്ധത്തിന്നുമുമ്പു് വ്യവസായത്തിലെ ഉല്പാദനസ്വകൎയ്യത്തിൻെറ മൂന്നിലൊരുഭാഗം ഉപയോഗപ്പെടുത്താതെ കിടന്നിരുന്നു. പഴകിയ യന്ത്രങ്ങൾ മാററുവാൻ വേണ്ടത്ര മുതൽമുടക്കുവാൻകൂടി ജനങ്ങൾ സന്നദ്ധരായിരുന്നില്ല. യന്ത്രോപകരണങ്ങൾ മിക്കവയും ഒന്നാംലോകമഹായുദ്ധത്തിന്നുശേഷം പുതുക്കിയിരുന്നില്ല. ഇംഗ്ലണ്ടിലാണെങ്കിൽ അവയ്ക്കു് അതേ അവസരത്തിൽ ഏറെക്കുറെ കൊല്ലത്തെ പഴക്കമേ ഉണ്ടായിരുന്നുള്ളു. കൃഷിക്കാണെങ്കിൽ ആവശ്യമായത്ര യന്ത്രക്കലപ്പകളും ശാസ്ത്രീയ ദോഹദങ്ങളും ഉണ്ടായിരുന്നില്ല. അതിനാൽ കൃഷിച്ചെലവു് അധികവും, ഉല്പന്നങ്ങൾക്കു മററുരാജ്യങ്ങളിലേക്കാൾ വില കൂടുതലുമായിരുന്നു. തന്നിമിത്തം വിദേശമാൎക്കററുകളിൽ അവയ്ക്കു ചെലവില്ലാതായി. ചുരുങ്ങിയ വരുമാനംകാരണം കർഷകൎക്കു ഭേദപ്പെട്ടനിലയിൽ ജീവിക്കുവാനോ നവീനയന്ത്രങ്ങൾ ഉപയോഗിക്കുവാനോ സാധിച്ചില്ല. വ്യവസായത്തിലും കൃഷിയിലും ഉല്പാദനം നവീനയന്ത്രോപകരണങ്ങളുള്ള മററു രാജ്യങ്ങളിലേക്കാൾ വളരെ താഴ്ന്നനിലയിലായിരുന്നു.

തൊഴിലില്ലായ്മ വൎദ്ധിക്കുകയും വരുമാനവും ജീവിതത്തോതും ന്നന്നേ താണുപോവുകയും ചെയ്തു. പാർപ്പിടസൗകൎയ്യം, ശുദ്ധജലവിതരണം എന്നിവയുടെ കാൎയ്യത്തിലും സ്ഥിതി ശോചനീയമായിരുന്നു., യുദ്ധം കൂടുതൽ നാശനഷ്ടങ്ങൾ വരുത്തി, വ്യവസായ

ശാലകളും യന്ത്രോപകരണങ്ങളും വളരെ നശിപ്പിക്കപ്പെട്ടു. അതിനാൽ ഒരു പുനരുദ്ധാരണനവീകരണപദ്ധതി അത്യാവശ്യമായിത്തീൎന്നു. അങ്ങനെയാണു് 1946-ൽ മോണേപ്ലാൻ (Monnet Plan) രൂപവൽക്കരിക്കപ്പെട്ടതു്. 1947 മുതൽ 1950-വരേയ്ക്കുമുള്ള ഒരു നവീകരണപദ്ധതിയായിരുന്നു അതു്. (പിന്നീടു ചില ഭേദഗതികൾ വരുത്തി പദ്ധതി 1952-വരേയ്ക്കു നീട്ടി.)

ഉദ്ദേശങ്ങൾ:—

1) ജനങ്ങളുടെ ജീവിതനില, പ്രത്യേകിച്ചും ഭക്ഷ്യനില ദ്രുതതരമായി ഉയൎത്തുക.

2) അടിസ്ഥാനവ്യവസായങ്ങളെ (കൽക്കരി, വിദ്യുച്ഛക്തി, ഇരുമ്പു്, സിമൻറ്, കാർഷികയന്ത്രോപകരണം, വാഹനം*) നവീകരിക്കുകയും അവയിൽ കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

3) കൃഷിസമ്പ്രദായങ്ങളും യന്ത്രങ്ങളും പരിഷ്കരിക്കുക.

4) അടിസ്ഥാനവ്യവസായങ്ങളുടെ ആവശ്യങ്ങളെ സ്മരിച്ചുകൊണ്ടു് പരമാവധി വിഭവങ്ങൾ പുനരുദ്ധാരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുകയും, കെട്ടിടനിൎമ്മാണവ്യവസായവും പൊതുമരാമത്തു പ്രവൃത്തികളും നവീകരിക്കുകയും ചെയ്യുക.

5) 1950-ലേയ്ക്കു് അന്തർദ്ദേശീയമായ ഇടപാടുകളിൽ സന്തുലിതനില കൈവരുമാറു് കയററുമതിവ്യവസായങ്ങളെ നവീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

ഇപ്രകാരം ചെയ്തുകഴിഞ്ഞാൽ രണ്ടാം ഘട്ടത്തിൽ ജീവിതസ്ഥിതിയിൽ, പ്രത്യേകിച്ചും പാൎപ്പിടങ്ങളുടെ കാൎയ്യത്തിൽ പരിവൎത്തനം വരുത്തുവാനുള്ള ശ്രമം ആരംഭിക്കാൻ സാധിക്കും. സാമ്പത്തികാസൂത്രണം സമ്പദ്‌വ്യവസ്ഥയെ മുഴുവൻ ആവരണം ചെയ്യണമെന്നു് ഉദ്ദേശിച്ചിട്ടില്ലെന്നു് ഇതിൽനിന്നും വ്യക്തമാണല്ലോ?

ലക്ഷ്യങ്ങൾ:—മേല്പറഞ്ഞ 6 അടിസ്ഥാനവ്യവസായങ്ങളെ സംബന്ധിച്ചുള്ള വികസനലക്ഷ്യങ്ങൾ താഴെ ചേൎക്കുംപ്രകാരമായിരുന്നു:

* പിന്നീടു് എണ്ണ ശുദ്ധീകരണവ്യവസായത്തേയും ഇതിൽ ഉൾപ്പെടുത്തി.

| ഇനവിവരം | | 1929 | 1938 | 1946 | 1952-'53 | 1946-നേക്കാൾ വർദ്ധന |
|---|---|---|---|---|---|---|
| കൽക്കരി | (ടൺ) | 550 | 476 | 493 | 600 | 16.5 % |
| വിദ്യുച്ഛക്തി | (കോടി കിലോവാട്ട്സ്) | 1,560 | 2,080 | 2,300 | 4,300 | 77 ,, |
| എണ്ണ | (ലക്ഷം ടൺ) | — | 70 | 28 | 187 | 668 ,, |
| ഉരുക്ക് | ,, ,, | 97 | 62 | 44 | 125 | 148 ,, |
| സിമൻറ് | ,, ,, | 62 | 36 | 34 | 85 | 153 ,, |
| ഡാക്ടറുകൾ | (ആയിരം) | 1 | 1.7 | 1.9 | 40 | 1,230 ,, |

ചെലവിനങ്ങൾ:—ആകെ ഈ പദ്ധതിക്ക സുമാർ 3,00,000 കോടി ഫ്രാങ്ക് വേണ്ടിവരുമെന്നായിരുന്നു മതിപ്പു്. ഇതിൽനിന്നു നിലവിലുള്ള കെട്ടിടങ്ങളുടേയും, ഉപകരണങ്ങളുടെയും പരിരക്ഷണത്തിന്നാവശ്യമായ ചെലവുകൾ കഴിച്ചാൽ ബാക്കി നിർമ്മാണപദ്ധതികൾക്കും നവീകരണത്തിന്നും ഉണ്ടാവുന്നതു് 2,25,000 കോടി ഫ്രാങ്കായിരിക്കും. ഇതിൽ പകുതി യന്ത്രോപകരണങ്ങൾക്കും, ബാക്കി കെട്ടിടങ്ങൾക്കും മരാമത്തുപ്രവൃത്തികൾക്കുമായിരിക്കും. ഇതിൽ നവീകരണത്തിന്നും ഉപകരണവർദ്ധനവിന്നും ആവശ്യമായതു 72,000 കോടി ഫ്രാങ്കാണു്. യുദ്ധംകാരണം നീട്ടിവെച്ച റിപ്പയർ ചെലവുകൾ 43,000 കോടി ഫ്രാങ്ക് വരും. പുനർനിർമ്മാണ സംരംഭങ്ങൾക്കാവശ്യമായിവരുന്നതു്. 1,10,000 കോടിഫ്രാങ്കാണു്. ചെലവിനങ്ങൾ വിശദമായി താഴെകാണിക്കുന്നു:

1947–'50–ലേയ്ക്കുള്ള മുതൽമുടക്കു്.

I അടിസ്ഥാനപ്രവർത്തനങ്ങൾ:—

| | | |
|---|---|---|
| കല്ക്കരിഖനനം | 5,650 | കോടി ഫ്രാങ്ക് |
| വിദ്യുച്ഛക്തി | 19,800 | ,, ,, |
| ഉരുക്കു് | 3,300 | ,, ,, |
| സിമൻറ് | 1,850 | ,, ,, |
| കാർഷികയന്ത്രം | 700 | ,, ,, |
| വാഹനം | 22,300 | ,, ,, |
| ആകെ | 53,600 | ,, ,, |

II ഇതരപ്രവർത്തനങ്ങൾ:—

| | | |
|---|---|---|
| കൃഷി | 35,000 | കോടി ഫ്രാങ്ക് |
| ഭവനനിർമ്മാണം | 66,000 | ,, ,, |
| വ്യവസായവും വാണിജ്യവും | 34,000 | ,, ,, |

| | | | |
|---|---|---|---|
| വാഹനം, വാർത്താവിതരണ സൌകര്യങ്ങൾ | 29,000 | കോടി | ഫ്രാങ്ക് |
| മററുള്ളവ | 8,000 | ,, | ,, |
| ആകെ | 1,72,000 | ,, | ,, |
| ഒട്ടാകെ | 2,25,600 | ,, | ,, |

ദേശീയവരുമാനം 1947-ലേയ്ക്കു് 3,00,000 കോടിഫ്രാങ്ക് വരുമെന്നായിരുന്നു മതിപ്പു്. ഇതു് 1950-ലേയ്ക്കു് 3,70,000കോടി ഫ്രാങ്കായി വദ്ധിക്കുമെന്നായിരുന്നു പ്രതീക്ഷ. ദേശീയവരുമാനത്തിൻെറ 23ശത മാനംമുതൽ 25 ശതമാനം വരെ വേണ്ടിവരും പദ്ധതിയുടെ ചെലവിലേയ്ക്കു മുതലിറക്കുവാൻ എന്നാണു കണക്കാക്കിയിട്ടുള്ളതു്. 1948-ലോ, 1949-ലോ സാധനങ്ങളുടെ ഉപഭോഗം 1938-ലെ സ്ഥിതിയിലേയ്ക്കു എത്തിച്ചേരണമെന്നും1950-ൽ അതിലും കടക്കണമെന്നും ആണു നിശ്ചയിച്ചതു്. 1947-നും 1949-നും മദ്ധ്യേയായി ഫ്രഞ്ചുകാക്കു് യുദ്ധത്തിന്നു മുമ്പത്തെക്രയശക്തി വീണ്ടും കരസ്ഥമാക്കുവാൻ സാധിക്കുമെന്നും, 1950-ലേയ്ക്കു് ജീവിതനിലവാരം, പാർപ്പിടസൗകര്യത്തിലൊഴികെ, യുദ്ധത്തിന്നുമുമ്പത്തേതിനേക്കാൾ ഉയരുമെന്നും കണക്കാക്കി.

ധനാഗമമാർഗ്ഗങ്ങൾ:—പദ്ധതിക്കാവശ്യമായ പണം ജനങ്ങളുടെ ദീർഘകാലബേങ്ക്നിക്ഷേപവദ്ധനകൊണ്ടും, ഇൻഷൂറൻസ് കമ്പനികളുടേയും ബാങ്കുകളുടേയും ഫണ്ടുകളുടെ വദ്ധനകൊണ്ടും, ഗവമ്മെണ്ടുകടപ്പത്രങ്ങൾമൂലവും പൂഴ്ത്തിവെച്ച ധനത്തിൽനിന്നും,ഉപകരണവദ്ധനയ്ക്കുവേണ്ടി വിതരണം ചെയ്യാതെ വെച്ചിട്ടുള്ള ലാഭം കൊണ്ടും, പ്രാദേശികഗവമ്മെണ്ടുകളുടേയും കേന്ദ്രഗവമ്മെണ്ടിൻെറയുംറവന്യൂമിച്ചംകൊണ്ടും ഉണ്ടാക്കാവുന്നതാണു്. 1947-ലേയ്ക്കുള്ള ചെലവു് ഫ്രാൻസിലേയ്ക്കു് 44,000 കോടി ഫ്രാങ്കും, സമുദ്രാതീതപ്രദേശങ്ങളിൽ 2,000 കോടി ഫ്രാങ്കുമാണു് കണക്കാക്കിയതു്. ഇതിൻെറ മാർഗ്ഗം താഴെചേക്കുംപ്രകാരമാണു്:

| | | | |
|---|---|---|---|
| കൃഷി,വ്യവസായം എന്നിവ യിൽനിന്നു് | 7,000 കോടി ഫ്രാങ്ക് | | |
| വിദേശങ്ങളിലുള്ള ധനത്തിൽ നിന്നും കടമെട്ടപ്പിൽ നിന്നും | 14,000 | ,, | മുതൽ |
| | 15,000 | ,, | വരെ |
| സ്വകാര്യ സമ്പാദ്യങ്ങൾ മുഖേന | 24,000 | ,, | മുതൽ |
| | 25,000 | ,, | വരെ |
| ആകെ | 46,000 | | |

ഇതിൽ ഉപകരണങ്ങൾവദ്ധിപ്പിക്കുവാനും, പുനർനിമ്മാണത്തിനുമായി ഗവമ്മെണ്ടു വഹിക്കുന്ന ചെലവു് 22,000 കോടി ഫ്റാങ്ക് ആയിരിക്കും.

പ്രവത്തനം:—സാമ്പത്തികാസൂത്രണത്തിൻെറ ആവശ്യത്തിലേയ്ക്കു് 1946-ൽ ഗവമ്മേണ്ടു് ഒരു ആസൂത്രണസമിതി (Council of Plan) ഏർപ്പെട്ടത്തി. പദ്ധതി തയ്യാറായശേഷം അതു നടപ്പിൽവരുത്തുവാനായി ഒരു 'കമ്മിസ്സാറിയററ്'(Commissariat) ഏർപ്പെട്ടത്തി. ഇതിൻെറ അദ്ധ്യക്ഷൻ കമ്മിസ്സാറിയററ് ജനറലാണു്. ഈ ഭരണസമിതി പാർലമെൻറിൻെറ നിയന്ത്രണത്തിന്നതീതമായാണു് പ്രവത്തിക്കുന്നതു്. ഗവമ്മെണ്ടിൻെറ ഇടപെടലും നന്നേ ചുരുക്കമാണു്. അതുകൊണ്ടു പദ്ധതിയുടെ നേട്ടങ്ങൾക്കു പ്രധാനമായും ഉത്തരവാദികൾ മോണേയും അദ്ദേഹത്തിൻെറ പിൻഗാമിയായ ഹെർഷും ആണു്. പദ്ധതി ആദ്യം മൂന്നു കൊല്ലത്തേയ്ക്കാണു് ഉദ്ദേശിച്ചതെങ്കിലും പിന്നീടു് അഞ്ചുകൊല്ലത്തേയ്ക്കു് നീട്ടി.

പ്രവത്തനഫലം:—മോണേപ്ലാൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചതു് 6 അടിസ്ഥാനവ്യവസായങ്ങളുടെ വികസനകാര്യത്തിലായിരുന്നു. ഇതിൻെറ അഭിവൃദ്ധി മററുള്ളവയുടെ വികസനത്തിന്നു് വ്യവസായികളെ പ്രേരിപ്പിക്കുമെന്നായിരുന്നു ആശിച്ചതു്.

ആദ്യഘട്ടം:—ആദ്യത്തെ മൂന്നുവർഷംകൊണ്ടു് ദേശീയവരുമാനം മൂന്നിലൊന്നുകണ്ടു് വദ്ധിപ്പിക്കുവാൻ സാധിച്ചു. നിത്യജീവിതത്തിലുള്ള ദുർഭിക്ഷത്തിൽനിന്നു മിക്കതും രക്ഷകിട്ടി. വ്യവസാ

KOTTAYAM PUBLIC LIBRARY KOTTAYAM.

യോല്പാദനം ഗണ്യമായി വർദ്ധിച്ചു. കല്ക്കരിയുടെ ഉൽപ്പാദനം 493 ലക്ഷം ടണ്ണിൽനിന്നും 530 ലക്ഷം ടൺ ആയി വർദ്ധിച്ചു. ഉരുക്കിന്റെ ഉൽപ്പാദനം 44 ലക്ഷം ടണ്ണിൽനിന്നു 91 ലക്ഷമായി വർദ്ധിച്ചു. കാർഷികരംഗത്തിൽ ഉല്പാദനപുരോഗതി ഇത്രത്തന്നെ തൃപ്തികരമായിരുന്നില്ല. ഗോതമ്പിന്റെയും മററു ധാന്യങ്ങളുടെയും ഉല്പാദനം യുദ്ധത്തിന്നു മുമ്പത്തേതിലും സ്വല്പം കുറവായിരുന്നു. എന്നാൽ പഞ്ചസാര, മാംസം, കൊഴുപ്പ് എന്നിവ മുമ്പത്തേതിലും വളരെ അധികമായി ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. അതുപോലെതന്നെ യന്ത്രക്കലപ്പകളുടേയും ശാസ്ത്രീയവളങ്ങളുടേയും ഉല്പാദനവും പ്രശംസാവഹമാംവിധം വർദ്ധിച്ചു.

3 ലക്ഷംപേക്കു കൂടുതലായി തൊഴിൽ ലഭിച്ചു. പ്രവൃത്തിസമയം യുദ്ധത്തിന്നുമുമ്പ് ആഴ്ചയ്ക്കു 39 മണിക്കൂർ ആയിരുന്നതു് 45 ആക്കി വർദ്ധിപ്പിച്ചിരുന്നു. മണിക്കൂറിന്നുള്ള ഉല്പാദനത്തോതും 25 ശതമാനംവർദ്ധിച്ചു് യുദ്ധത്തിന്നുമുമ്പുള്ള നിലയിലെത്തി. വരുമാനത്തിലുള്ള വർദ്ധനകാരണം ഉപഭോഗവും 1939–ലെ തോതിലെത്തി. വിദേശവ്യാപാരവും അഭിവൃദ്ധിപ്പെട്ടു. അമേരിക്കയിൽനിന്നു് മാർഷൽപദ്ധതിയനുസരിച്ചു ലഭിച്ച ധനസഹായം മൂലമാണു് ഈ പുനരുജ്ജീവനം ഇത്ര വേഗത്തിൽ സാദ്ധ്യമായതെന്ന സംഗതി പ്രത്യേകം സ്മരണീയമാണു്.

രണ്ടാംഘട്ടം:—കമ്മിസാറിയററ് ജനറൽ 1953 നവമ്പറിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പദ്ധതിയുടെ 5 കൊല്ലത്തെ പ്രവത്തനഫലം വിവരിച്ചിട്ടുണ്ടു്. നേട്ടങ്ങൾ എടുത്തുകാണിക്കുന്നതോടൊപ്പം കോട്ടങ്ങളും അദ്ദേഹം ചൂണ്ടിക്കാണിക്കാതിരുന്നില്ല.

ആദ്യത്തെ 5 കൊല്ലങ്ങളിൽ പദ്ധതി, മാർഷൽ ധനസഹായത്തോടുകൂടി വിജയപ്രദമാവേണ്ടുന്ന ലക്ഷണങ്ങളൊക്കെ ഉണ്ടായിരുന്നു. 1946–നും 1952–നും മദ്ധ്യേയായി ഹോളണ്ടും ജമ്മനിയും ഒഴികെയുള്ള മററയൽരാജ്യങ്ങളിലെക്കാളും ദ്രുതതരമായി ഫ്റാൻസിൽ വ്യാവസായികോല്പാദനം വർദ്ധിക്കയുണ്ടായി. 1952–ലേയ്ക്കു് ഉൽപ്പാദനം 1938–ലേതിനേക്കാൾ 45 ശതമാനവും, യുദ്ധത്തിന്നു മുമ്പത്തെ ഏററവും വലിയ റിക്കാർഡ് ആയ

1929-ലേതിനേക്കാൾ 16 ശതമാനവും അധികമായിരുന്നു. ഈ പുരോഗതി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആറു വ്യവസായങ്ങളിൽ അഞ്ചിലും ദൃഷ്ടമായി. കൽക്കരി, വിദ്യുച്ഛക്തി, ഉരുക്ക് എന്നിവയിൽ ലക്ഷ്യങ്ങൾ സുമാർ പ്രാപിച്ചു. പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽബ്രിട്ടനെ കഴിച്ചാൽ കല്ക്കരി ഉൽപ്പാദനകാര്യത്തിൽ സമരപൂർവ്വസ്ഥിതിയെ പ്രാപിച്ചതു ഫ്റാൻസ്മാത്രമാണ്. സിമൻറ്, എണ്ണ എന്നിവയിലെ ഉൽപ്പാദനം ലക്ഷ്യത്തിലും കവിഞ്ഞു. കൃഷിയന്ത്രങ്ങ(ട്രാക്ടറുകൾ)ളുടെ കാര്യത്തിൽ മാത്രം അഭിവൃദ്ധി ലക്ഷ്യത്തിൻെറ 63 ശതമാനം ആയിപ്പോയി.

അടിസ്ഥാനവ്യവസായങ്ങളെ വിട്ടാൽ മററു രംഗങ്ങളിൽ പുരോഗതി തൃപ്തികരമല്ല. "1952-ൻെറ മദ്ധ്യത്തിൽ വ്യാവസായികോല്പാദനം മന്ദീഭവിക്കുവാനും, വ്യാപാരശിഷ്ടം പ്രതികൂലമാകുവാനും തുടങ്ങി എന്ന വസ്തുത വ്യക്തമാക്കുന്നതു് വ്യവസായരംഗത്തിലെ ആറു തിരഞ്ഞെടുക്കപ്പെട്ട വിഭവങ്ങളുടെ നവീകരണംമാത്രം ഫ്രഞ്ചു സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ പര്യാപ്തമല്ലെന്നാണ്."* ഏററവും അധികം ദൌർബ്ബല്യം കാണുന്നതു് കാർഷികരംഗത്തിലാണ്. ഇതിൽ മൂന്നിലൊരുഭാഗംജനങ്ങൾ തൊഴിൽചെയ്യുന്നുവെങ്കിലും ഇതിലെ ഉല്പാദനം ദേശീയവരുമാനത്തിൻെറ അഞ്ചിലൊരുഭാഗം മാത്രമാണ്. വിള അയൽരാജ്യങ്ങളിലേതിൻെറ കഷ്ടിച്ചു പകുതിയോളമേ വരുന്നുള്ളു. തന്നിമിത്തം ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യേണ്ടതായി വരുന്നുണ്ടു്. കാർഷികവിദ്യാഭ്യാസത്തിലും ഗവേഷണത്തിലും പുരോഗതി ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. കൃഷിയുടെ യന്ത്രീകരണം ചുരുങ്ങിയതോതിലേ ആയിട്ടുള്ളു. വായ്പസൌകര്യവും തുച്ഛമാണ്.

ഉപഭോക്തൃപദാർത്ഥവ്യവസായങ്ങളിൽ അഭിവൃദ്ധിയുണ്ടായിട്ടില്ല. 1952 മദ്ധ്യത്തിൽ ഇവയിൽ ഉൽപ്പാദനമാന്ദ്യം സംഭവിച്ചു. പ്രത്യേകിച്ചും വസ്ത്രത്തിൻെറയും പാദരക്ഷയുടേയും കാര്യത്തിൽ. യുദ്ധാനന്തരവർഷങ്ങളിൽ ഇതരവ്യവസായങ്ങൾ അഭി

---

* The Economist: Nov: 21, 1953.

വൃദ്ധിപ്പെട്ട്, 1947 ആവുമ്പോഴേയ്ക്കും യുദ്ധപൂർവ്വസ്ഥിതിയിലെത്തുകയും അതിലും കടക്കുകയും ചെയ്തിരുന്നു. എന്നാൽ ഉപഭോക്തൃപദാർത്ഥവ്യവസായങ്ങൾ ഈ നിലവാരത്തിൽ വീണ്ടും എത്തിച്ചേന്നതു് 1950-ൽ മാത്രമാണു്. കാർഷികോല്പാദനത്തിൻെറ അവഗണനയും ഉപഭോക്തൃവ്യവസായങ്ങളുടെ അവഗണനയും ഒരേ പ്രശ്നത്തിൻെറ രണ്ടു വശങ്ങളാണെന്നു പറയാം. കൃഷിയുടെ അഭിവൃദ്ധിയില്ലായ്മയാണു് ഉപഭോക്തൃവ്യവസായങ്ങളുടെ ദൗർബ്ബല്യത്തിന്നും ഹേതു. എന്തെന്നാൽ ഓരോ കുടുംബവും വരുമാനത്തിന്നു ശരാശരി 60 ശതമാനം ഭക്ഷ്യപദാർത്ഥങ്ങൾക്കു ചെലവാക്കേണ്ടി വരുന്നുണ്ടു്. 40 ശതമാനം മാത്രമേ മറ്റുപഭോഗവസ്തുക്കൾക്കു ചെലവാക്കുവാൻ അവക്കു് സാധിക്കുന്നുള്ളു.

ഈ ചിത്രത്തിൽ മറെറാരു കറുപ്പുപുള്ളി കാണുന്നതു പാർപ്പിടങ്ങളുടെ കാര്യത്തിലാണു്. ഫ്രാൻസിൻെറ വിമോചനത്തിന്നു ശേഷം 1952 അവസാനംവരേയ്ക്കുമായി ആകെ 2,07,000 പുതിയ പാർപ്പിടങ്ങൾ മാത്രമേ നിർമ്മിച്ചിട്ടുള്ളു. ഇതു് ബ്രിട്ടനിലെ വാർഷികനിർമ്മാണത്തോതിലും കുറവാണു്. അടുത്ത പദ്ധതിയിൽ വർഷത്തിൽ 2,40,000 എന്ന തോതിൽ ഭവനനിർമ്മാണം നടത്തുവാൻ വകയിരുത്തണമെന്നു റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്.

പദ്ധതിയുടെ ധനകാര്യവശത്തിലുണ്ടായിട്ടുള്ള നേട്ടങ്ങൾ പ്രത്യേകം പ്രസ്താവ്യമാണു്. അഞ്ചുകൊല്ലക്കാലത്തിൽ ആകെ ഇതിലേയ്ക്കു് മുടക്കിയമുതൽ 3,80,000 കോടി ഫ്രാങ്കാണു്. (സുമാർ 400 കോടി പവൻ). ഇതിൽ പകുതിയിലധികം സ്വകാര്യവ്യവസായികൾ ഇറക്കിയതാണു്. 41 ശതമാനം (1,56,000 ഫ്രാങ്ക്) ഉപകരണവർദ്ധനവിന്നും നവീകരണത്തിന്നുമുള്ള പ്രത്യേക ഫണ്ടിൽനിന്നാണു് ചെലവഴിച്ചതു്. ഇതിൽ പകുതിയോളം അമേരിക്കയുടെ (മാർഷൽ) സഹായധനം വരും. പുതിയ മുടക്കുമുതൽ 40 ശതമാനം മാത്രമാണു് ദേശസാൽകൃത വ്യവസായങ്ങൾക്കു വിനിയോഗിക്കപ്പെട്ടതു്. ബാക്കി 60 ശതമാനം സ്വകാര്യസംരംഭങ്ങൾക്കും മിശ്രസംരംഭങ്ങൾക്കും (അതായതു് സ

ക്കാരും സ്വകാര്യസ്ഥാപനങ്ങളുംകൂടി നടത്തുന്നവ) വേണ്ടിയാണ് വിനിയോഗിച്ചത്. ഈ 60 ശതമാനത്തിൽ മൂന്നിലൊരുഭാഗം ഗവർമ്മേണ്ടിൻെറ പ്രത്യേക നവീകരണഫണ്ടിൽനിന്നാണ് ലഭിച്ചത്. ഉരുക്കുവ്യവസായത്തിന്നു ലഭിച്ച ഗവർമ്മേണ്ടുസഹായം പ്രത്യേകം പ്രസ്താവ്യമാണ്. 1952 അവസാനമായപ്പോഴേയ്ക്കും പദ്ധതിക്കാവശ്യമായതിൽ പകുതിയോളം ധനം ഗവർമ്മേണ്ടു ചെലവാക്കികഴിഞ്ഞിരുന്നു. അടുത്ത പദ്ധതിയുടെ ചെലവ് കഴിയുന്നേടത്തോളം സ്വകാര്യധനംകൊണ്ടും കടമെടുപ്പുകൊണ്ടും നിർവ്വഹിക്കണമെന്നും, അവ എത്താത്തേടത്തുമാത്രം സർക്കാർഫണ്ടു് ഉപയോഗിക്കണമെന്നുമാണ് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്.

പദ്ധതി മൂലധനച്ചെലവിലേയ്ക്ക് അതിർകവിഞ്ഞ നിലയിൽ പണംവിനിയോഗിച്ചുവെന്നും, പദ്ധതിനിമിത്തമുള്ള വർദ്ധിച്ചപണച്ചെലവാണ് നാണയപ്പെരുപ്പംകൊണ്ടുള്ള കുഴപ്പങ്ങൾ കുറെയൊക്കെ സൃഷ്ടിച്ചതെന്നും ആക്ഷേപിക്കുന്നവരുമുണ്ടു്. ഇതിൽ കുറച്ചൊക്കെ വാസ്തവമുണ്ടായേയ്ക്കാം. എന്നാൽ മോണോപദ്ധതിയുടെ അഭാവത്തിൽ ദേശീയവരുമാനം ഇന്നത്തേതിലും എത്രയോ കുറവാകുമായിരുന്നു. "മോണേയുടെ ആദ്യത്തെ രോഗനിർണ്ണയം ശരിയാണെങ്കിൽ—ആണെന്ന കാര്യത്തിൽ വസ്തുതകൾ സംശയത്തിന്നു് ഇടംനൽകുന്നില്ല—അദ്ദേഹത്തിൻെറ പദ്ധതി നിർദ്ദോഷമാണ്."* ഫ്രാൻസിൽ രണ്ടാമത്തെ പദ്ധതി അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുമെന്നാണ് പ്രതീക്ഷ. അതു് ഒന്നാമത്തേതിൽനിന്നും വളരെ ഭിന്നമാവാതെ തരമില്ല. എന്നാൽ ഫ്രാൻസിൽ സാമ്പത്തികാസൂത്രണം ഭാവിയിൽ വിജയപ്രദമാവണമെങ്കിൽ ഫ്രഞ്ചുകാർ പണം മുഴവൻ പൂഴ്ത്തിവെപ്പിന്നും ഉപഭോഗത്തിന്നും വിനിയോഗിക്കാതെ മൂലധനം സ്വരൂപിക്കുന്നതിൽ കൂടുതൽ സന്നദ്ധത കാണിക്കേണ്ടിയിരിക്കുന്നു. മോണേപദ്ധതിയുടെ ദൌർബ്ബല്യത്തിന്നു ഹേതുതന്നെ ഫ്രഞ്ചുകാരുടെ മൂലധനസ്വരൂപണത്തിന്നനു

* The Economist: Oct: 18, 1952.

കൂലമല്ലാത്ത ഈ മനോഭാവമാണു്. തന്നിമിത്തം പദ്ധതിക്കാവശ്യമായ ധനത്തിനുവേണ്ടി മോണേ ഓരോ വഷവും സമരംതന്നെ നടത്തേണ്ടിവന്നിട്ടുണ്ടു്. ഭാവിപുരോഗതി, ഉപഭോഗവും മുതൽമുടക്കും തമ്മിൽ ഒരു സന്തുലിതനില കൈവരുത്തുന്നതിനെ ആശ്രയിച്ചിരിക്കും. എന്നുമാത്രമല്ല, ഫ്റഞ്ചുകാർ നിലവിലുള്ള അവസ്ഥയെ പരിരക്ഷിക്കുക എന്ന മനോഭാവം വിട്ടു് കുറേക്കൂടി പുരോഗമനവാഞ്ഛ പ്രദർശിപ്പിക്കണം. കമ്മിസ്സാറിയററിന്റെ അഭിപ്രായത്തിൽ, "ഒന്നാമത്തെ പദ്ധതിയിൽ 'നവീകരിക്കുക അല്ലെങ്കിൽ നശിക്കുക' എന്ന പ്രശ്നത്തെ രാജ്യത്തിനു് അഭിമുഖീകരിക്കേണ്ടിവന്നു. രണ്ടാമത്തെ പദ്ധതി ഫ്റഞ്ചുജനതയെ കൂടുതൽ മെച്ചമായൊരു ഭാവിക്കുള്ള അവസരത്തെ മുറുകെപ്പിടിക്കാനും, നിലവിലുള്ള സ്ഥിതിതന്നെ സുരക്ഷിതമാക്കുന്നതിനു് മിനക്കെടുന്നതിൽനിന്നു് വിരമിപ്പിച്ചു്, മേല്പറഞ്ഞ ലക്ഷ്യത്തെ മുൻനിത്തി പ്രവത്തിക്കുവാനും പ്രേരിപ്പിക്കുമെങ്കിൽ അതിന്റെ ഉദ്ദേശം നിവ്വഹിച്ചതായിക്കരുതാം."

# ബ്രിട്ടനിലെ സാമ്പത്തികാസൂത്രണം

യുദ്ധകാലത്തുതന്നെ സാമ്പത്തികാസൂത്രണത്തിന്റെ ഒരു നേരിയ ഛായ ബ്രിട്ടീഷ്ഗവമ്മേണ്ടിന്റെ നയപരിപാടികളിൽ ദശിക്കാമായിരുന്നു. 1944-ൽ ചർച്ചിൽ ഗവമ്മെണ്ടു് 'തൊഴിൽ നയം' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ വൈററ്പേപ്പറിൽ നിന്നു് ഇതു വ്യക്തമാണു്. യുദ്ധാനന്തരമുള്ള പരിണാമഘട്ടത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധപതിയേണ്ടതു് തൊഴിലില്ലായ്മയുടെ സംഭവ്യത, വിലക്കയററം, നാണയപ്പെരുപ്പം, വിഭവങ്ങളുടെ അശാസ്യമല്ലാത്ത കേന്ദ്രീകരണം എന്നീ പ്രശ്നങ്ങളിലായിരുന്നു. ഉല്പാദകക്കു സഹായധനം നല്കി വിലനിലവാരത്തിന്നു് ഒരു സ്ഥിരത കൈവരുത്തുവാനും, മൂലധനനിക്ഷേപത്തെ നിയന്ത്രിച്ചു യഥാമാർഗ്ഗം തിരിക്കുവാനും, അസംസ്കൃതപദാത്ഥങ്ങളുടെ വിനിയോഗകാര്യത്തിലും മററും ഒരു മുൻഗണനാസമ്പ്രദായം ഏപ്പെടുത്തുവാനും, ഗവമ്മെണ്ടു് തയ്യാറായിരുന്നു. തൊഴിലില്ലായ്മ തലപൊക്കാനിടയുള്ള പ്രദേശങ്ങളിലേയ്ക്കു് പുതിയ വ്യവസായ സംരംഭങ്ങളെ തിരിച്ചുവിട്ടും, തൊഴിലാളികൾക്കു പുതിയ തൊഴിൽത്തുറകൾ തേടിപ്പോകുന്നതിന്നുള്ള വിഘ്നങ്ങൾ നീക്കിയും, പരിശീലനസൌകര്യങ്ങൾ ഏർപ്പെടുത്തിയും ഗവമ്മെണ്ടു് തൊഴിലില്ലായ്മ പ്രശ്നത്തെ നേരിടുമെന്നു മേല്പറഞ്ഞ പത്രികയിൽ പ്രസ്താവിച്ചിരുന്നു. ദീർഘകാലപരിപാടി എന്ന നിലയിൽ മൂലധനനിക്ഷേപം കുറഞ്ഞു പോവാതിരിപ്പാനും, കയററുമതി വർദ്ധിപ്പിക്കുവാനും, സാധനങ്ങളുടെ ആഭ്യന്തരവിനിയോഗം അധികരിപ്പിക്കുവാനും ആവശ്യമായ നടപടികൾ എടുക്കുവാൻ ഗവമ്മേണ്ടു് തീരുമാനിച്ചിരുന്നു. "ഈ നിർദ്ദേശങ്ങൾ രൂപവൽക്കരിക്കുമ്പോൾ രാജ്യത്തിലെ മനുഷ്യസമ്പത്തും പ്രകൃതിവിഭവങ്ങളും ഏററവും ഫലപ്രദമാംവിധം ഉപയോഗപ്പെടുത്തുക എന്ന സാമാന്യമായ

ഉദ്ദേശമാണ് ഗവമ്മേണ്ടിന്നുള്ളതു്. അതിനാൽ ഉല്പാദിപ്പിക്കുവാനും സമ്പാദിക്കുവാനും വദ്ധിച്ച ക്ഷേമത്തിന്റെ ഫലങ്ങൾ ആസ്വദിക്കുവാനുമുള്ള വളൎന്നുവരുന്ന കഴിവിന്റെ സംയുക്തഘടകങ്ങളെന്ന നിലയിൽ എല്ലാവൎക്കും തൊഴിലും ജനതയുടെ സാമ്പത്തികശക്തിയുടെ പുരോഗമനപരമായ വർദ്ധനയുമാണ് ഗവമ്മെണ്ടു് സാധിതപ്രായമാക്കുവാൻ ശ്രമിക്കുക.[1]

തൊഴിലാളിഗവമ്മെണ്ടു് അധികാരത്തിൽ വന്ന ശേഷം ബ്രിട്ടൻ ആസൂത്രണത്തിൽ ഒരടി മുന്നോട്ടുവെച്ചു. 1947-ൽ സാമ്പത്തികസവ്വേ എന്ന പേരിൽ ദേശീയവിഭവങ്ങളേയും അവയുടെ വിനിയോഗത്തേയും കണക്കാക്കിക്കൊണ്ടുള്ള ഒരു സാമ്പത്തികബഡ്ജററ് ഗവമ്മെണ്ടു് പ്രസിദ്ധപ്പെടുത്തി. മനുഷ്യശക്തി ദേശീയവരുമാനം, ചെലവുകൾ എന്നിവയെ ആസ്പദപ്പെടുത്തി നിലവിലുള്ള വിഭവങ്ങളേയും, ദേശീയാവശ്യങ്ങളേയും തമ്മിൽ ബന്ധപ്പെടുത്തുക എന്നതായിരുന്നു ബഡ്ജററിന്റെ ഉദ്ദേശം. ഇതു സംബന്ധിച്ചു മുൻഗണന ഏതിനാണു നൽകേണ്ടതെന്നു് ഗവമ്മേണ്ടു് തീരുമാനിക്കും. ഇതനുസരിച്ചു മൂലധനനിക്ഷേപത്തെ ഗവമ്മേണ്ടു് നിയന്ത്രിക്കുന്നതും, കമ്പനികൾക്കും, പുതിയ ഫാക്ടറികൾക്കും, ഇറക്കുമതികൾക്കുമെല്ലാം ഗവമ്മേണ്ടു് ലൈസൻസ് ഏൎപ്പെടുത്തുന്നതും, ദുർല്ലഭവസ്തുക്കളെ റേഷൻ ചെയ്യുന്നതുമായിരിക്കും.[2]

മേല്പറഞ്ഞ രണ്ടു ഗവമ്മെണ്ടുറിപ്പോർട്ടുകളും പരമാവധി തൊഴിൽ, ദേശീയതാല്പയ്യത്തെ മുൻനിൎത്തി ഏററവും ഗുണപ്രദമായ വിഭവവിനിയോഗം, ഉല്പാദനവദ്ധന എന്നിവയാണ് ഉദ്ദേശമായി സ്വീകരിച്ചിട്ടുള്ളതു്.

1945 മുതൽ 1947 വരെ ബ്രിട്ടൻ വിവേചനാപരമായ നിയ

---

[1] Employment Policy—P. 28

[2] Economic Survey for 1947—(P. 4-9)
Harris: Economic Planning—P. 161.

ത്രണമാണ് കൈക്കൊണ്ടതു്. ഇതു് അദ്ധ്യാസൂത്രിതസമ്പദ്‌വ്യവസ്ഥയുടെ ഫലമായിരുന്നു. യുദ്ധംഅവസാനിച്ച ഉടനെ സമ്പദ്‌വ്യവസ്ഥയെ യുദ്ധാടിസ്ഥാനത്തിൽനിന്നു സമാധാനാടിസ്ഥാനത്തിലേയ്ക്കു് മാററുക എന്നതായിരുന്നു പ്രധാനപ്രശ്നം. യുദ്ധസർവ്വീസുകളിൽനിന്നു് പിരിച്ചയച്ച ആളുകളെ വ്യവസായം, കൃഷി, ഗതാഗതസർവ്വീസുകൾ മുതലായവയിലേയ്ക്കു് തിരിച്ചുവിട്ടു. 1946 ഡിസമ്പറിലേക്കു് ഇങ്ങനെ രാജ്യരക്ഷാവിഭാഗത്തിൻെറ വലുപ്പം അഞ്ചിലൊന്നാക്കി ചുരുക്കി. തൊഴിലില്ലായ്മ ഗൗരവതരമാംവിധം വദ്ധിക്കാതെ ഈ മാററം സാധിച്ചു. തൽഫലമായി ഉല്പാദനം വർദ്ധിക്കുകയും ചെയ്തു. ഉദാഹരണമായി 1946 ഡിസമ്പറിലേക്കു് കൽക്കരി 5 ശതമാനവും, വിദ്യുച്ഛക്തിയും വാതകവും 15 ശതമാനവും വർദ്ധിച്ചു. ഉരുക്കിൻെറ ഉല്പാദനം മുമ്പത്തെ ഉച്ചാവസ്ഥയിൽതന്നെ എത്തി. കാർഷികയന്ത്രങ്ങളുടെ ഉല്പാദനം മൂന്നിലൊന്നുകണ്ടു് വർദ്ധിച്ചു. കാർഷികോല്പാദനം പ്രതികൂലകാലാവസ്ഥഹേതുവായി മുൻകൊല്ലത്തേക്കാൾ കുറഞ്ഞുവെങ്കിലും, യുദ്ധത്തിന്നുമുമ്പത്തേക്കാൾ അധികമായിരുന്നു. 3 ലക്ഷം കുടുംബങ്ങൾക്കു പഴയ കെട്ടിടങ്ങൾ റിപ്പയർചെയ്തും, പുതിയവ നിമ്മിച്ചും പാർപ്പിടസൗകര്യം ഉണ്ടാക്കി. കയററുമതി 1938-ലേതിലും സുമാർ 15 ശതമാനം വദ്ധിച്ചു. ബേങ്കു് ഓഫ് ഇംഗ്ലണ്ടു്, കല്ക്കരിഖനി എന്നിവയുടെ ദേശസാൽക്കരണം ഇക്കാലത്തെ പ്രധാന നടപടികളിൽപ്പെട്ടും.

1947-ലേയ്ക്കു് സാമ്പത്തികരംഗത്തിൽ പല വിഷമതകളും തലപൊക്കിയിരുന്നു. ഉല്പാദനം വേണ്ടപോലെ പുരോഗതി പ്രാപിച്ചില്ല. ഉപഭോക്തൃപദാർത്ഥങ്ങൾക്കു് വളരെ ദൗർലഭ്യമുണ്ടായിരുന്നതു നിമിത്തം തൊഴിലാളികളുടെ പ്രവൃത്തിക്ഷമതയും കുറഞ്ഞിരുന്നു. വിദേശവ്യാപാരനില വളരെ അപകടത്തിലായിരുന്നു. ഡോളർകമ്മി വലിയൊരു പ്രശ്നമായിത്തീന്നു. 1947-ലേയ്ക്കു് 60 കോടി പവൻെറ കമ്മിയായിരുന്നു പ്രതീക്ഷിച്ചതു്. ഇതു തടയുവാൻ ഇറക്കുമതി വളരെയധികം വെട്ടിക്കുറയ്ക്കേണ്ടിവന്നു.

ബ്രിട്ടന്റെ വിദേശക്കടമാണെങ്കിൽ യുദ്ധത്തിന്നുമുമ്പ് 47½ കോടി പവനായിരുന്നതു് യുദ്ധാവസാനത്തോടു് 335½ കോടി പവനായി വർദ്ധിച്ചിരുന്നു. സ്വർണ്ണസൂക്ഷിപ്പിൽ വലിയൊരു ഭാഗം വലിഞ്ഞുപോയി. ബോംബുവർഷംകൊണ്ടു തകർന്തരിപ്പണമായ പ്രദേശങ്ങളിൽ പുനർനിർമ്മാണപ്രവർത്തനങ്ങൾ ജാഗ്രതയായി നടത്തേണ്ടതുമുണ്ടായിരുന്നു.

1947-ലെ പ്ലാൻ:—1947-ൽ അടുത്തകാലത്തെ കാര്യങ്ങളിലാണു് പ്രധാനമായി ശ്രദ്ധപതിപ്പിച്ചതു്. താഴെക്കാണുന്ന വിധത്തിലാണു് ലക്ഷ്യങ്ങൾ നിശ്ചയിച്ചതു്.

(1) രാജ്യരക്ഷാസർവ്വീസിലുള്ള ആളുകളുടെ എണ്ണം 1946 ഡിസംബറിൽ 14,27,000 ഉള്ളതു് 1948 മാർച്ചിലേയ്ക്കു് 10,87,000 ആക്കി ചുരുക്കുക;

(2) 1947-ന്റെ അന്ത്യത്തിലേയ്ക്കു് കയററുമതി 1938-ലേതിന്റെ 140 ശതമാനമാക്കി വർദ്ധിപ്പിക്കുക. ഇറക്കുമതി മുൻകൊല്ലം 1938-ലേതിന്റെ 70 ശതമാനം ആയിരുന്നതു് 1947-ൽ 80-85 ശതമാനംവരെ ആവും;

(3) 1947-ൽ 2,40,000 സ്ഥിരഭവനങ്ങളും, 60,000 താല്ക്കാലിക ഭവനങ്ങളും നിർമ്മിക്കുക;

(4) ഉപഭോക്തൃസാധനങ്ങളുടെ സപ്ലൈ വർദ്ധിപ്പിക്കുക;

(5) വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ദേശീയഇൻഷൂറൻസ് എന്നിവയ്ക്കുള്ള പരിപാടി മുന്നോട്ടു കൊണ്ടുപോവുകയും പബ്ളിക്ക്സർവ്വീസുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുക.

ഈ ലക്ഷ്യങ്ങളുടെ സാദ്ധ്യത അടിസ്ഥാനവ്യവസായങ്ങളുടെ, പ്രത്യേകിച്ചും കൽക്കരിഉൽപ്പാദനത്തിന്റെ അഭിവൃദ്ധിയെ ആശ്രയിച്ചാണിരുന്നതു്. വിദേശവ്യാപാരം വർദ്ധിപ്പിക്കുക, അടിസ്ഥാനവ്യവസായങ്ങൾ പുനർനിർമ്മിക്കുക—എന്നീ രണ്ടാണു് ബ്രിട്ടന്റെ പ്രധാന പ്രശ്നങ്ങളെന്നു് സാമ്പത്തികസർവ്വേയിൽ പ്ര

ത്യേകം എടുത്തുപറഞ്ഞിട്ടുണ്ടായിരുന്നു. ഇറക്കുമതിക്കനുസരിച്ചു് കയററുമതി വദ്ധിപ്പിച്ചില്ലെങ്കിൽ ഭക്ഷ്യറേഷനിങ്ങ് തുടൻപോകേണ്ടിവരുമെന്നും, അസംസ്കൃതപദാത്ഥങ്ങളുടേയും നവീനയന്ത്രോപകരണങ്ങളുടേയും ദൗർലഭ്യംകാരണം തൊഴിലില്ലായ്മ പടൻപിടിച്ചേക്കുമെന്നും വ്യക്തമാക്കി. 1947-ലേയ്ക്കുള്ള ലക്ഷ്യം സാധിച്ചാൽത്തന്നെ 35 കോടി പവൻെറ കമ്മി ബാക്കിയുണ്ടാവുമെന്നും ഇതു നികത്തുവാൻ പുറരാജ്യങ്ങളിൽനിന്നു കടമെടുക്കേണ്ടിവരുമെന്നും സൂചിപ്പിച്ചു.

1947-ൻെറ അന്ത്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യ 4 ലക്ഷത്തിൽ, അതായതു് ഇൻഷ്വർചെയ്ത ജനതയുടെ $2\frac{1}{2}$ ശതമാനത്തിൽ, കവിയുകയില്ലെന്നാണു് കണക്കാക്കിയതു്. അക്കാലത്തേയ്ക്കു് തൊഴിൽചെയ്യുന്നവരുടെ മൊത്തസംഖ്യ 183 ലക്ഷമായിരിക്കും. എന്നാൽ ഉല്പാദനവദ്ധന ലക്ഷ്യം സാധിക്കുന്നതിന്നു് ഇതു സാദ്ധ്യമല്ല. അതുകൊണ്ടു് സ്ത്രീകൾ കൂടുതലായി വ്യവസായശാലകളിൽ പ്രവേശിക്കുവാനും പ്രവൃത്തിയിലുള്ളവർ പിരിഞ്ഞുപോവാതെ പ്രവൃത്തി തുടരാനും ഗവമ്മേണ്ടു് അപേക്ഷിച്ചു. പോരാത്തതിന്നു് വിദേശത്തൊഴിലാളികളെ നിശ്ചയിക്കാവുന്നതാണെന്നു് നിർദ്ദേശിച്ചു. അങ്ങനെ 1947 അന്ത്യത്തിലേയ്ക്കു് ഒരുലക്ഷം തൊഴിലാളികൾ കൂടുതലായി ഉണ്ടാവുമെന്നും ആകെ സംഖ്യ 1,84,00,000 ആവുമെന്നുമുള്ള അനുമാനത്തിന്മേലാണു് ഗവമ്മേണ്ടിൻെറ സാമ്പത്തികാസൂത്രണം. വ്യവസായവികസനക്കാര്യത്തിൽ കൽക്കരിഖനനം, കൃഷി, വസ്ത്രനിർമ്മാണം എന്നിവയ്ക്കു യഥാക്രമം മുൻഗണന നൽകേണ്ടതാണു്.

ദേശീയാവശ്യങ്ങൾക്കു് ദേശീയവരുമാനത്തെ 1945-നെ അപേക്ഷിച്ചു് 1947-ൽ ഏതുതോതിൽ ഉപയോഗപ്പെടുത്തുവാൻ ഗവമ്മേണ്ടു് ഉദ്ദേശിക്കുന്നുവെന്നാണു് അടുത്തപേജിൽ ചേത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നതു്.

ഗവമ്മേണ്ടു് ഇങ്ങനെ ഒരു വികസനമാർഗ്ഗം സൂചിപ്പിക്കുക മാത്രമാണു ചെയ്യുന്നതെന്നും, അതനുസരിച്ചു് പ്രവത്തിച്ചു് ലക്ഷ്യം

| ഇനവിവരം | 1938 ശ. മാ. | 1945 ശ. മാ. | 1947 ശ. മാ. |
|---|---|---|---|
| ജനങ്ങളുടെ ഉപഭോഗം | 78 | 54 | 66½ |
| രാജ്യരക്ഷ | 7 | 49 | 11 |
| മററു സക്കാർച്ചെലവുകൾ | 10 | 7 | 13½ |
| യന്ത്രോപകരണങ്ങൾ മുതലായവയുടെ | 16½ | 6 | 20 |
| ( — തേയ്മാനം) | 10 | 6 | 7 |
| ഇറക്കുമതി | 18 | 10½ | 17 |
| കയററുമതി | 11½ | 4½ | 14 |
| വൈദേശിക വരുമാനങ്ങൾ | 8 | 4 | 1 |

സാധിക്കേണ്ടതു് ജനസമൂഹമാണെന്നും പ്ലാനിൽ പറഞ്ഞിരുന്നു. അതിനാൽ ഗവമ്മേണ്ടു് ഓരോ വ്യവസായത്തിലേയും തല്പരകക്ഷികളെ വിളിച്ചു് അവയുടെ പ്രശ്നങ്ങളെപ്പററി കൂടിയാലോചിക്കുന്നതായിരിക്കും. സൃഷ്ടിപരമായ വിമർശനത്തിൻെറ വെളിച്ചത്തിൽ പ്ലാനിൽ വല്ലഭേദഗതിയും വരുത്തണമെന്നുണ്ടെങ്കിൽ അതും ചെയ്യുന്നതായിരിക്കും. "ഈ പദ്ധതികളിൽ ഒന്നുംതന്നെ മാററാൻ പാടില്ലാത്തതായില്ല; അവ അന്ത്യരൂപത്തിലുമല്ല ഉള്ളതു്; അവ ജനതയ്ക്കു അനുവർത്തിക്കുവാനുള്ള ഒരു പ്രവത്തനമാതൃകമാത്രമാണു്. സ്ഥിതിഗതികൾകൊണ്ടും അനുഭവംകൊണ്ടും ആവശ്യമാണെന്നു തോന്നുന്നവിധത്തിൽ അതിൽ ഭേദഗതിയും രൂപാന്തരവും വരുത്തുന്നതാണു്."*

1947-ലെ ലക്ഷ്യങ്ങൾ പ്രാപിക്കുവാൻ സാധിച്ചില്ലെന്നു് 1948-ലെ സാമ്പത്തികസവ്വേ വെളിപ്പെടുത്തി. യുദ്ധത്തിൻെറ അനന്തരഫലങ്ങൾ കാരണം 1946-ം 1947-ം ചീത്തക്കാലങ്ങളായിരുന്നു. വിദേശവ്യാപാരക്കണക്കിൽ പ്രതീക്ഷിച്ചതിലും 32½

* Economic Survey for 1947.

കോടി പവൻ, അതായതു 93 ശതമാനം, അധികം കമ്മിവന്നു ചേൎന്നു. എന്നാൽ ഇക്കാലത്തും ദേശസാൽക്കരണപരിപാടി മുന്നോട്ടുപോയി. വിദ്യുച്ഛക്തി, വാതകം, ഗതാഗതസൗകര്യം എന്നിവ ഗവമ്മേണ്ടുടമയിലാക്കി. 1949 ജൂൺ 30-ാംനു- അവസാനിക്കുന്ന ഒരു വർഷത്തേയ്ക്കുള്ള പദ്ധതി 1948 ഒക്ടോബറിൽ ഗവമ്മെണ്ടു് പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ ഗവമ്മെണ്ടു് 93 കോടി ഡോളറിന്റെ വിദേശസഹായം പ്രതീക്ഷിച്ചിരുന്നു. 1948-ന്റെ രണ്ടാം പാദത്തിൽ ദേശീയോല്പാദനസൂചകം 1946-ന്റെ അടിസ്ഥാനത്തിൽ 134 ആയും ഉയൎന്നിരുന്നു. ഈ പുരോഗതി തുടൎന്നുകൊണ്ടുതന്നെ പോവുമെന്നു ഗവമ്മെണ്ടു് പ്രതീക്ഷിച്ചു. അങ്ങനെ 1948 ഡിസംബറിൽ 1949-'53-ലേയ്ക്കുള്ള ഒരു ചതുൎവ്വത്സരപദ്ധതി ഗവമ്മെണ്ടു് പ്രസിദ്ധീകരിച്ചു.

## ചതുർവത്സരപദ്ധതി (1949-'53)

ഇതു് യൂറോപ്യൻ സാമ്പത്തിക സഹകരണസംഘടനയ്ക്കു് ബ്രിട്ടൻ സമൎപ്പിച്ച പദ്ധതിയായിരുന്നു. പശ്ചിമയൂറോപ്യൻ രാജ്യങ്ങളോടൊപ്പം അമേരിക്കയുടെ ധനസഹായത്തോടുകൂടി ഉൽപ്പാദകവിഭവങ്ങളെ പരിപൂൎണ്ണമായി ഉപയോഗപ്പെടുത്തുവാനും, ഉൽപ്പാദനം വൎദ്ധിപ്പിക്കുവാനും, വ്യാവസായിക കാർഷികരംഗങ്ങളിൽ നവീകൃതയന്ത്രോപകരണങ്ങളുപയോഗപ്പെടുത്തുവാനും, സമ്പദ്‌വ്യവസ്ഥയ്ക്കു് ഭദ്രത കൈവരുത്തുവാനും വ്യാപാരം വികസിപ്പിക്കുവാനും ഏതൽമാൎഗ്ഗത്തിലുള്ള പ്രതിബന്ധങ്ങളെ നീക്കുന്ന കാൎയ്യത്തിൽ മററുള്ളവരുമായി സഹകരിക്കുവാനും ഈ പദ്ധതിപ്രകാരം ബ്രിട്ടൻ ഏററു.

സാമ്പത്തികാസൂത്രണത്തെ സംബന്ധിച്ചു് ഗവമ്മെണ്ടിനുള്ള അഭിപ്രായങ്ങൾ ഈ പദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ടു്. "ബ്രിട്ടനിൽ സാമ്പത്തികാസൂത്രണം മൂന്നു പ്രധാനവസ്തുതകളെ അടിസ്ഥാനപ്പെടുത്തിയാണു്—ബ്രിട്ടന്റെ സമ്പദ്‌വ്യവസ്ഥ അന്തൎദ്ദേശീയവ്യാപാരത്തെ വളരെയധികം ആശ്രയിച്ചാണിരിക്കുന്നതെ

ന്ന സാമ്പത്തികമായ വസ്തുത; അതു ഗണ്യമായ വ്യക്തിസ്വാതന്ത്ര്യത്തോടുകൂടിയ ഒരു ജനകീയരാഷ്ട്രമാണെന്നും, അങ്ങനെതന്നെ ഇരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നുമുള്ള രാഷ്ട്രീയവസ്തുത; യാതൊരു സാമ്പത്തികാസൂത്രണസംഘടനയ്ക്കും ഭാവി സാമ്പത്തികസംഭവവികാസങ്ങളുടെ കേവലം സാമാന്യമായ ഗതി മാത്രമല്ലാതെ അറിയുവാൻ സാധിക്കയില്ല (അഥവാ ഒരിക്കലും സാധിച്ചിട്ടില്ല) എന്ന ഭരണപരമായ വസ്തുത." (പേ: 1)

"മുൻകൂട്ടി പ്രവചിക്കുവാൻ സാധിക്കാത്തതും ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്നതുമായ സംഭവങ്ങളെ നേരിടുവാൻ സാധിക്കുമാറു് ആയാമ്യതയുള്ള വിശാലാധിഷ്ഠാനത്തിലുള്ള ഒരു സൂത്രപദ്ധതിയായിരിക്കണം ഏതു സാമ്പത്തികാസൂത്രണപരിപാടിയും." (പേ: 6)

എന്നാൽ ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ സ്വകാര്യസംരംഭങ്ങളിൽ അധികമായി കൈചെലുത്തുന്നതല്ല. ചില അടിസ്ഥാനവ്യവസായങ്ങളെ നേരിട്ടു നിയന്ത്രിച്ചും, ഇറക്കുമതിയുടേയും ആഭ്യന്തരമായ ഉപഭോഗത്തിൻെറയും കാര്യത്തിൽ പരിമിതികൾ ചുമത്തിയും, ധനകാര്യനയം വേണ്ടവിധത്തിൽ ഭേദഗതി ചെയ്തും ഉദ്ദേശം സാദ്ധ്യമാക്കുവാൻ ശ്രമിക്കുന്നതാണു്.

"പദ്ധതികൾ തയ്യാറാക്കുന്നതും നടപ്പിൽ വരുത്തുന്നതും ജനങ്ങളുടെ ധാരണയോടും സ്വമേധയായുള്ള സഹകരണത്തോടുംകൂടിയായിരിക്കണം."

അതിനാൽ ബ്രിട്ടനെ സംബന്ധിച്ചേടത്തോളം ഒരു ദീർഘകാലപദ്ധതി ഒരു നയപ്രഖ്യാപനം മാത്രമാണു്. ഇതിൻെറ ചട്ടക്കൂട്ടിൽപ്പെടുന്നവിധത്തിൽ വർഷംതോറും പ്രത്യേക ഹ്രസ്വകാല പരിപാടികൾ തയ്യാറാക്കുന്നതാണു്.

നയങ്ങൾ:—

1) അടുത്ത നാലുവർഷങ്ങളിൽ ബ്രിട്ടൻെറ പ്രധാന കർത്തവ്യം വിദേശവ്യാപാരക്കണക്കിലുള്ള വിടവുനികത്തുകയും അത്യാവശ്യസാധനങ്ങളുടെ കാര്യത്തിലുള്ള ദൌർലഭ്യം ദൂരീകരിക്കയുമാണു്.

2) ആഭ്യന്തരോല്പാദനവും കയററുമതിയും വർദ്ധിപ്പിക്കേണ്ടതാണ്. ഇതിന്നു് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും, ധനകാര്യത്തിൽ ദൃഢത കൈവരുത്തുകയും വേണം. ഇറക്കുമതി വർദ്ധിപ്പിക്കുന്നതു ഡോളർ മേഖലയിൽ ഉൾപ്പെടാത്ത രാജ്യങ്ങളിൽനിന്നാവണം.

3) കയററുമതി വർദ്ധിപ്പിക്കുവാനും, അത്യാവശ്യസാധനങ്ങൾ സുലഭമാക്കുവാനും സഹായിക്കുന്ന വ്യവസായങ്ങളെ വികസിപ്പിക്കണം.

4) വൻതോതിലുള്ളൊരു ആഭ്യന്തരമൂലധനനിക്ഷേപപരിപാടിയും അതിൻെറ മാഗ്ഗനിർണ്ണയവും അത്യാവശ്യമാണ്.

"ഈ നയങ്ങൾ വിജയപ്രദമാംവിധം നടപ്പിൽവരുത്തുകയും, അതോടൊപ്പം ഒരുവശം അന്തർദ്ദേശീയസഹകരണം വളത്തിക്കൊണ്ടുവരികയും, മറുവശം ആവശ്യമായ തോതിൽ വിദേശ സഹായം തുടൻവരികയും ചെയ്യുയാണെങ്കിൽ ബ്രിട്ടനിൽ 1952-'53 ലേയ്ക്കു് പരാശ്രയമില്ലാത്ത, സുസ്ഥിരവും സംതൃപ്തികരവുമായ സാമ്പത്തികസ്ഥിതി കൈവരുത്തുക എന്ന ലക്ഷ്യം സംപ്രാപ്തമാവുന്നതാണ്." യൂറോപ്യൻപുനരുദ്ധാരണപരിപാടി (മാർഷൽ പദ്ധതി) പ്രകാരമുള്ള ധനസഹായത്തിന്നു് ബ്രിട്ടൻെറ പുനരുദ്ധാരണ പദ്ധതിയിൽ മമ്മപ്രധാനമായ പങ്കാണ് വഹിക്കാനുള്ളതെന്നു് പ്രത്യേകം പറഞ്ഞിട്ടുണ്ടു്. (ഖ: 223) (അമേരിക്ക ബ്രിട്ടനു് 375 കോടി ഡോളർ കടംനൽകുകയുണ്ടായി.)

ലക്ഷ്യങ്ങൾ:—

(1) വ്യവസായം, ഖനനം, കൃഷി, ഭവനനിമ്മാണം, പൊതുജനോപകാരസംരംഭങ്ങൾ എന്നിവയിൽ പൊതുവെയായി ഉൽപ്പാദനനില യുദ്ധത്തിന്നുമുമ്പുള്ളതിലും മൂന്നിലൊന്നുകണ്ടുയത്തുക.

(2) വ്യവസായോല്പന്നങ്ങളുടെ സപ്ലൈ 25 ശതമാനം വർദ്ധിപ്പിച്ചു് 1938-ലേതിലും 40 ശതമാനം അധികമാക്കുക.

(3) ഈ ഉല്പാദനവർദ്ധനനിമിത്തം കയററുമതി 1947–ലെ

തിൻെറ $\frac{2}{5}$ ഭാഗംകണ്ടു വദ്ധിപ്പിക്കാൻ സാദ്ധ്യമാവണം; തൽഫലമായി അസംസ്കൃത പദാൎത്ഥങ്ങളുടെ ഇറക്കുമതിയും ഗണ്യമായി വദ്ധിപ്പിക്കുവാനാവണം.

(4) വ്യവസായങ്ങൾക്കുള്ള യന്ത്രോപകരണങ്ങളുടെ സപ്ലൈ 1947-ലേതിലും 15 ശതമാനം വർദ്ധിക്കണം.

(5) അഭ്യന്തരമായ ഉപഭോഗം പലതിലും യുദ്ധത്തിന്നുമുമ്പത്തേക്കാൾ അധികമാവണം. ഉപഭോക്താവിന്നുള്ള വ്യവസായവസ്തുക്കളുടെ സപ്ലൈ 1947-ലേതിലും 15–20 ശതമാനം അധികമാവണം. വസ്ത്രം, വീട്ടുസാമാനങ്ങൾ എന്നിവ യുദ്ധത്തിന്നുമുമ്പുള്ളതിലും അധികമാവണം. മാംസം, മുട്ട, കൊഴുപ്പ്, എണ്ണകൾ എന്നിവ 1947-ലേതിലും ഗണ്യമായി വദ്ധിച്ച തോതിൽ ലഭ്യമാവണം. അതുപോലെതന്നെ ശക്തിദായകങ്ങളായ പ്രധാന ഭക്ഷ്യപദാൎത്ഥങ്ങളും വേണ്ടത്ര ലഭിക്കുമാറാവണം. ഭക്ഷ്യോപഭോഗം പൊതുവെ യുദ്ധത്തിന്നുമുമ്പുള്ള നിലയിലെത്തുമെന്നാണു പ്രതീക്ഷ.

നടപടികൾ:—ഏതു പരിപാടിയുടേയും വിജയത്തിന്നു് ജനങ്ങളുടെ പൂൎണ്ണസഹകരണം ആവശ്യമാകയാൽ ജനങ്ങൾക്കു് അതാതു കാലത്തെ സാമ്പത്തികസ്ഥിതിയെപ്പററി ശരിയായ വിവരം നൽകാനായി മാസംപ്രതി തൽക്കാലസ്ഥിതിയെക്കുറിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. വർഷംപ്രതി സാമ്പത്തികസൎവ്വേ നടത്തി അതിൻെറ ഫലവും പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അതിൽ തല്ക്കാലത്തെ ആവശ്യങ്ങൾ, ഭാവിസാദ്ധ്യതകൾ, നയങ്ങൾ എന്നിവ വിവരിക്കുന്നുണ്ടു്. ഇവ ജനങ്ങളെ ഗ്രഹിപ്പിക്കുവാൻ നവീന പ്രചാരവേലാസമ്പ്രദായങ്ങളെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ടു്. (സാമ്പത്തിക സൎവ്വേ ജനകീയാസൂത്രണത്തിലുള്ള ഒരു വാർഷികാഭ്യാസമായിത്തീൎന്നിരിക്കയാണു്). പദ്ധതികൾ രൂപവല്ക്കരിക്കുന്നതിലും നടപ്പിൽവരുത്തുന്നതിലും വ്യവസായികളും തൊഴിലാളികളുമായി ഗവമ്മെണ്ടു് കൂടിയാലോചനകൾ നടത്തുന്നുണ്ടു്. "ജനകീയാസൂത്രണത്തിൻെറ കാര്യക്ഷമത

യ്ക്കും ദേശീയപ്രശ്നങ്ങളുടെ ശരിയായ സംഗ്രഹണത്തിനും ഇവ അത്യാവശ്യമാണ്." (ഖ. 32). സാമാന്യനയം തീരുമാനിക്കുന്ന കേന്ദ്രസംഘടന സാമ്പത്തികാസൂത്രണബോർഡാണ്. ബോർഡിനെ സഹായിക്കുവാൻ ഒരു ദേശീയസംയുക്തോപദേശകസമിതിയും, ദേശീയവ്യവസായോപദേശകസമിതിയും ഉണ്ട്. ഓരോ പ്രദേശത്തിനും പ്രാദേശികവ്യവസായബോർഡുകൾ വേറെയുമുണ്ട്. ഗവമ്മേണ്ടുചെലവും മൂലധനനിക്ഷേപവും കാരണമായുണ്ടാവുന്ന നാണയപ്പെരുപ്പം തടയുവാനും, സ്വകാര്യസമ്പാദ്യം പ്രോത്സാഹിപ്പിക്കുവാനും 1948-ൽ നടപടികൾ എടുക്കുകയുണ്ടായി. സ്വകാര്യസമ്പാദ്യംകൊണ്ട് വികസനപരിപാടിക്കാവശ്യമായ മുതലിറക്കുവാൻ സാധിക്കുകയില്ലെന്നു കണ്ടതിനാൽ 1948-ലെ ബഡ്ജററ് 78 കോടി പവൻെറ മിച്ചമുള്ളവാകുന്നതരത്തിലാണ് രൂപവൽക്കരിച്ചതു്. ഇതു് മൂലധനച്ചെലവിലേയ്ക്കു ഉപയോഗിക്കുവാൻ തീരുമാനിച്ചു. അങ്ങിനെ "പൂർണ്ണ തൊഴിൽനില" കൈവരുത്തുകയെന്നതായിരുന്നു, ധനകാര്യനയത്തിൻെറ അടിസ്ഥാനം.

വിലയും കൂലിയും സ്ഥിരീകരിക്കാൻ പരോക്ഷനികുതിസമ്പ്രദായവും സഹായധനസമ്പ്രദായവും സ്വീകരിച്ചു. ഉല്പാദനക്ഷമത വദ്ധിപ്പിക്കുവാനായി 1948-ലെ ബഡ്ജററ് പ്രയത്നിച്ചുകിട്ടുന്ന വരുമാനത്തിന്മേലുള്ള പ്രത്യക്ഷനികുതിയുടെ ഭാരം ഗണ്യമായി ലഘൂകരിച്ചു. ചുരുങ്ങിയ വരുമാനക്കാരുടെ നികുതിനിരക്കു ചുരുക്കി. ഭക്ഷ്യസാധനങ്ങളുടെ വില ചുരുക്കുവാനായി അവയുടെ വില്പനയിന്മേൽ സഹായധനം നൽകുന്ന സമ്പ്രദായം തുടൎന്നുകൊണ്ടിരുന്നു. തൊഴിലാളികളെ കൂടുതലായി അത്യാവശ്യവ്യവസായങ്ങളിലേയ്ക്കു ആകർഷിക്കുവാനും ശ്രമം നടത്തി.

ഫലം:—1948-ലെ പുരോഗതി പ്രതീക്ഷിച്ചതിലുമധികം തൃപ്തികരമായിരുന്നു. ദേശീയവരുമാനം 10 ശതമാനംകണ്ടു വദ്ധിച്ചു. കൽക്കരി ഒഴികെ മററുള്ളവയുടെ ഉല്പാദനം ഗണ്യമായി വദ്ധിച്ചു. കയററുമതിയിൽ വില്പവദ്ധനയുണ്ടായി. 1947-ൽ

63 കോടി പവൻ കമ്മിയുണ്ടായിരുന്നതു് 1948-ലേയ്ക്കു് 12 കോടിയായി ചുരുങ്ങി. പശ്ചിമാർദ്ധഗോളവുമായുള്ള വ്യാപാരം ചുരുക്കുവാനുള്ള പദ്ധതി കുറച്ചൊക്കെ ഫലിച്ചു. എന്നാൽ തൊഴിലാളികളെ അത്യാവശ്യവ്യവസായങ്ങളിലേയ്ക്കു് തിരിക്കുന്ന കാര്യത്തിൽ പറയത്തക്ക വിജയമുണ്ടായില്ല. ദീർഘകാലപ്രശ്നങ്ങളുടെ പരിഹാരം വിദൂരമായിത്തന്നെ നിന്നു. "എങ്കിലും മൊത്തത്തിൽ 1948-ലെ ഫലങ്ങൾ കുറെയൊക്കെ അഭിമാനിക്കാൻ വകനൽകുന്നുണ്ടു്. മാത്രമല്ല, കരുതിക്കൂട്ടിയുള്ള നയങ്ങളുടെ പ്രത്യേക ഫലങ്ങളാണു് അവയെന്നു ന്യായമായും അവകാശപ്പെടാം. യാദൃച്ഛികസംഭവങ്ങൾക്കും പങ്കുണ്ടായിരുന്നു. എന്നാൽ ആകെ തട്ടിച്ചു നോക്കുമ്പോൾ സുവ്യക്തമായ വിചിന്തനത്തെ അടിസ്ഥാനപ്പെടുത്തിയും രാഷ്ട്രീയമായ ധീരതയാൽ പിൻതാങ്ങപ്പെട്ടുംകൊണ്ടുള്ള സാമ്പത്തികാസൂത്രണത്തിന്നു് എത്രത്തോളം നേട്ടമുണ്ടാവുമെന്നതിന്നു് 1948 ഒരു മാതൃകയായി നിൽക്കുന്നതാണു്."*

എന്നാൽ 1949-ൽ പ്രവേശിച്ചപ്പോഴേയ്ക്കും സ്ഥിതിയൊന്നു മാറി വിദേശവ്യാപാരകമ്മി വളരെ വർദ്ധിച്ചു. ഡോളർക്ഷാമം വല്ലാതെ നേരിട്ടു. സെപ്റ്റംബറിൽ ഗവർമ്മേണ്ടു് പവൻെറ ഡോളറുമായുള്ള വിനിമയവില കുറച്ചു. തൽഫലമായി സ്ഥിതി വളരെ ഭേദപ്പെട്ടു. കമ്മി പ്രതീക്ഷിച്ചേടത്തു് 1949-ൻെറ അന്ത്യത്തിൽ 30 കോടി പവൻെറ മിച്ചമുണ്ടായി. 1950-ൽ മിച്ചം 30 കോടി പവനായി. എന്നാൽ 1951 പിന്നേയും ഒരു ചീത്തക്കാലമായിരുന്നു. സാമ്പത്തികവിഷമതകളുടെ കാർമേഘങ്ങൾകൊണ്ടു് അന്തരീക്ഷം ഇരുണ്ടു. അക്കൊല്ലം കമ്മി ഭയാനകമാംവണ്ണം വർദ്ധിച്ചു്† 40 കോടിയോളമെത്തി. പക്ഷെ, 1952-ൽ അന്തരീക്ഷം വീണ്ടും തെളിഞ്ഞു. സാർവ്വദേശീയപരിതസ്ഥിതികൾ അനുകൂലമായതിനാൽ സാമ്പത്തികരംഗത്തിൽ ഗണ്യമായ പുരോഗതിയുളവായി. അഭ്യന്തരമായി നാണയപ്പെരുപ്പം കുറയ്ക്കുവാൻ സാ

* The Economist - March 19, 1949.

† The Economist - March 19, 1949.

ധിച്ചു. കേന്ദ്രബാങ്കിൻെറ കിഴിവുതോതു് 4 ശതമാനമാക്കി ഉയൎത്തിയതു് ഇതിന്നു വളരെ സഹായകമായി. ജനങ്ങളുടെ സമ്പാദ്യവും വർദ്ധിച്ചു. വിദേശവ്യാപാരക്കണക്കിൽ കമ്മിപോയി മിച്ചമായി (29 കോടി പവൻ) സ്വർണ്ണത്തിൻെറ കൈയിരിപ്പുതുക വദ്ധിക്കുകയും ചെയ്തു.

1948–'52 വരെയുള്ള കാലങ്ങളിൽ ദേശീയവരുമാനം 33 ശതമാനംകണ്ടു് വദ്ധിച്ചു. (1022 കോടി പവനിൽനിന്നു് 1365 കോടി പവനായി.) യഥാൎത്ഥകൂലിയും ശമ്പളവും 10 ശതമാനം കണ്ടു് വദ്ധിച്ചു; ഉപഭോഗം 3 ശതമാനംകണ്ടും. പക്ഷെ ഈ വദ്ധനയിൽ മൂന്നിൽരണ്ടുഭാഗം വിലവദ്ധനകൊണ്ടു വന്നതാണു്. പക്ഷെ 1946–നെ അപേക്ഷിച്ചു് ഭക്ഷ്യോപഭോഗം 15 ശതമാനംകണ്ടും, വസ്ത്രത്തിൻെറതു് 21 ശതമാനംകണ്ടും, ഗാർഹിക സാമഗ്രികളുടേതു 35 മുതൽ 45 ശതമാനംവരെയും വദ്ധിച്ചിട്ടുണ്ടു്. എന്നാൽ പുകയിലയുടേതു് 14 ശതമാനംകണ്ടും, മദ്യത്തിൻേറതു 5 ശതമാനംകണ്ടും, വിനോദച്ചെലവു് 6 ശതമാനംകണ്ടും കുറഞ്ഞു. തൽഫലമായി ജനങ്ങളുടെ സമ്പാദ്യം വദ്ധിച്ചു. 1948-ൽ ഇതു സുമാർ 8 കോടി പവനായിരുന്നതു് 1952–ലേയ്ക്കു് 50 കോടി പവനായി. സ്ഥിരമൂലധനനിക്ഷേപം 1946–ലേതിനെ അപേക്ഷിച്ചു 50 ശതമാനം വദ്ധിച്ചു. 1946-ൽ 102 കോടി പവനായിരുന്നതു് 1952–ലേക്കു് 155 കോടി പവനായി. (ഇതു വിലകയററത്തിനുള്ള കിഴിവു് കണക്കാക്കിയശേഷമാണു്) എന്നാൽ ഇതു് എല്ലാവിഭാഗങ്ങളിലേയും യന്ത്രോപകരണനവീകരണത്തിന്നു് മതിയാവുമോ എന്നു് സംശയമാണു്. മൊത്തവില 1948–നെ അപേക്ഷിച്ചു് 50 ശതമാനം വദ്ധിച്ചിട്ടുണ്ടു്. തൊഴിലാളികളുടെ വരുമാനം 35 ശതമാനംകണ്ടും വദ്ധിച്ചിട്ടുണ്ടു്. കൃഷിയിൽ 14 ശതമാനവും, ഖനനത്തിൽ 9 ശതമാനവും, നിൎമ്മാണവ്യവസായങ്ങളിൽ 15 ശതമാനവും, വാതകം, വിദ്യൂച്ഛക്തി, ജലം എന്നിവയുടെ കാൎയ്യത്തിൽ 27 ശതമാനവും വദ്ധന കാണുന്നുണ്ടു്.*

---

* Report on National Income and Expenditure, 1953.

തൊഴിലിൻെറ സൂചകം 1946-ൻെറ അടിസ്ഥാനത്തിൽ 1948-ൽ 121 ആയിരുന്നതു് 1951-ലേയ്ക്കു 144 ആയി വർദ്ധിച്ചു.[1] 1952-ൽ ഇതിൽ ഒരു ശതമാനത്തോളം കുറവുവന്നിട്ടുണ്ടു്. വ്യാവസായികോല്പാദനത്തിൽ പ്രസ്തുത വർഷത്തിലുണ്ടായിട്ടുള്ള കുറവു് ഇതിലും സ്വല്പം അധികമാണു്. "1952-നെ ആകെ വീക്ഷിക്കുമ്പോൾ ആഭ്യന്തരരംഗത്തിലെ ധനപരമായ നൂതനകാലാവസ്ഥയുമായും, വിദേശങ്ങളിലെ കമ്പോളസ്ഥിതികളിലുള്ള വമ്പിച്ച മാററങ്ങളുമായും വീണ്ടും ഇണങ്ങിക്കൊണ്ടുവരുന്ന ഒന്നായിട്ടാണു കാണുന്നതു്."[2]

1953 ഏപ്രിൽ മാസത്തിൽ ചേൎന്ന ഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തികസാമൂഹ്യസമിതിയുടെ 15-ാംയോഗത്തിൽ വെച്ചു് ബ്രിട്ടീഷ്പ്രതിനിധി സർ ഗ്ലാഡ്വിൻ ജെബ്ബ് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "അവധാനപൂർവ്വമായ ബഡ്ജററ്നയംകൊണ്ടും, നാണയപരമായ ചിട്ടയുടെ പുനസ്ഥാപനംകൊണ്ടും സമ്പദ്വ്യവസ്ഥയിൽനിന്നു് നാണയപ്പെരുപ്പത്തിൻെറ സമ്മർദ്ദം അകററുവാൻ സാധിച്ചിരിക്കുന്നു; വിലനിലവാരത്തിന്നു് ഒരു ദൃഢത കൈവരുത്തിയിരിക്കുന്നു; വിദേശവ്യാപാരക്കണക്കിൽ സന്തുലിതനില വീണ്ടെടുത്തിരിക്കുന്നു."[3] 1953-ലേയ്ക്കുള്ള സാമ്പത്തികസർവ്വേയിൽ പ്രസ്താവിച്ചിരിക്കുന്നതു്, "1953-ൻെറ ആരംഭത്തിൽ സമ്പദ്വ്യവസ്ഥ ഒരുകൊല്ലം മുമ്പുള്ളതിനേക്കാൾ വളരെ ആരോഗ്യകരമായ നിലയിലായിരുന്നു," എന്നത്രെ. എന്നാൽ വ്യാവസായികോല്പാദനം വർദ്ധിക്കുമെന്നു് പ്രതീക്ഷിച്ചതിൽ ഇച്ഛാഭംഗമാണുണ്ടായതു്. വിദേശവ്യാപാരക്കണക്കിലുള്ള മിച്ചത്തിൽ പകുതിയോളം ഇറക്കുമതി വെട്ടിച്ചുരുക്കീട്ടുണ്ടാക്കിയതാണു്. വിദേശവ്യാപാരത്തിൽ ഗണ്യമായ മിച്ചമുളവാക്കുവാൻ കയററുമതി

---

[1] The Economist– April 26, 1952 (P. 240).

[2] Economic Survey for 1953.

[3] International Survey (London)-30-4-'53.

വ്യാപാരം ഇനിയും അഭിവൃദ്ധിപ്പെട്ടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. വിദേശക്കടം വീട്ടുവാനും കരുതൽഫണ്ടു് സമ്പാദിക്കുവാനും ഇതു് അത്യാവശ്യമാണു്. "ഇതു് സാധിച്ചില്ലെങ്കിൽ നമ്മുടെ ജീവിതത്തോതും തൊഴിൽനിലയും അപകടത്തിലാവും," എന്നു് 1953-ലേയ്ക്കുള്ള സാമ്പത്തികസർവ്വേയിൽ പ്രസ്താവിക്കുന്നു. മൂലധനനിക്ഷേപമാണു് തൽക്കാലം വർദ്ധിപ്പിക്കേണ്ടതു്, ഉപഭോഗമല്ല. വ്യവസായങ്ങളുടെ യന്ത്രോപകരണനവീകരണം അതിപ്രധാനമാണു്. യഥാർത്ഥത്തിൽ അവർ (ഗവർമ്മേണ്ടു്) കൈക്കൊണ്ട അടിയന്തിര നടപടികളും നല്ല ഭാഗ്യവും ഹേതുവായി ബ്രിട്ടീഷ്സമ്പദ്‌വ്യവസ്ഥയെ വിഷമാവസ്ഥയിൽനിന്നു പുറത്തെത്തിക്കുവാൻ സാധിച്ചു. എന്നാൽ കൂടുതൽ ദൃഢതരമായ അടിസ്ഥാനത്തിൽ സാമ്പത്തികഭദ്രത ഉറപ്പിക്കുകയും, രോഗാനന്തരസ്ഥിതിയിൽനിന്നു യഥാർത്ഥമായ സാമ്പത്തികാരോഗ്യത്തിലേയ്ക്കു നീങ്ങുകയും ചെയ്യുക എന്നീ കൃത്യങ്ങൾ ഇനിയും ബാക്കിയിരിക്കുന്നു."*

* The Economist- April 4, 1953.

# ചൈനയിലെ സാമ്പത്തികാസൂത്രണം

ചൈനയിലെ സാമ്പത്തികാസൂത്രണം സോവിയററ്റഷ്യയുടെ മാതൃകയിലാണു്. 1949 ഒക്ടോബറിലാണു് ചൈനയിൽ കമ്മ്യൂണിസ്റ്റ് ഭരണം സ്ഥാപിതമായതു്. അന്നു ചൈന പലവിധത്തിലും സാമ്പത്തികദുരിതങ്ങൾ അനുഭവിച്ചുവരികയായിരുന്നു. "വെള്ളപ്പൊക്കവും, വരൾച്ചയും, ചുരുങ്ങിയതോതിലോ വലിയതോതിലോ 2 കോടി ഏക്കർ കൃഷിസ്ഥലത്തേയും 4 കോടി ജനങ്ങളേയും ബാധിച്ചിരുന്നു. പല വർഷങ്ങളായുള്ള യുദ്ധം ഹേതുവായി സമ്പദ്‌വ്യവസ്ഥ തകർന്നിരുന്നു. റെയിൽവേയിൽമാത്രം 4,000 നാഴികനീളം പാതയും, 2,700 പാലങ്ങളും കേടുപാടുകൾ തീർക്കേണ്ടതുണ്ടായിരുന്നു. നാണയപ്പെരുപ്പം ഗൌരവതരമായ നിലയിലെത്തിയിരുന്നു. വ്യവസായവും വാണിജ്യവും മുതലാളികളായ സാട്ടാക്കച്ചവടക്കാരുടെ അധീനത്തിലായിരുന്നു. വില വളരെ കയറിട്ടുണ്ടായിരുന്നു. തൊഴിലില്ലായ്മപ്രശ്നം ഉൽക്കണ്ഠാജനകമായിരുന്നു. ചുരുക്കത്തിൽ പരിതസ്ഥിതികൾ ആസൂത്രിതസാമ്പത്തികപുരോഗതിക്കനുകൂലമായിരുന്നില്ല. അതിനാൽ സമ്പദ്‌വ്യവസ്ഥയെ മുൻനിലയിലെത്തിക്കുക എന്നതായിരുന്നു പ്രഥമകർത്തവ്യം. ഇതിന്നു മൂന്നുകൊല്ലത്തെ ഗംഭീരപ്രയത്നം വേണ്ടിവന്നു."*

## ആസൂത്രണതത്വങ്ങൾ

സാമ്പത്തികപുനരുദ്ധാരണത്തിന്നുള്ള മാർഗ്ഗങ്ങളെന്തായിരുന്നു? ഇതിന്റെ മൗലികതത്വങ്ങൾ ചെയർമേൻ മാവോ സേ തൂങ്ങ്

---

* Chen Han Seng: The Path of China's Economy (China Reconstructs, Vol: III. No. I.)

ആദ്യംതന്നെ വ്യക്തമാക്കുകയുണ്ടായി: ഒന്നാമതായി, "ഏകീകൃതാസൂത്രണത്തിന്റെ തത്വങ്ങളനുസരിച്ചും എല്ലാ വിഭാഗക്കാരുടേയും താല്പര്യങ്ങളെ പരിഗണിച്ചും സാമ്പത്തികരംഗത്തിലുള്ള അന്ധതയും അരാജകത്വവും ക്രമേണ ദൂരീകരിക്കേണ്ടതാണ്." രണ്ടാമതായി, "സമ്പദ്‌വ്യവസ്ഥയുടെ സോഷ്യലിസ്റ്റ്സ്വഭാവമുള്ള സർക്കാർവിഭാഗത്തിന്റെ നേതൃത്വത്തിൽ നിലവിലുള്ള വ്യവസായവ്യാപാരങ്ങളെ പുനഃസംഘടിപ്പിക്കണം. പൊതുസംരംഭങ്ങളും സ്വകാര്യസംരംഭങ്ങളുംതമ്മിലും മുതലാളികളും തൊഴിലാളികളും തമ്മിലും ഉള്ള ബന്ധത്തെ സുഖകരമാക്കിത്തീർക്കുവാൻ പ്രായോഗികവും അനുയോജ്യവുമായ നടപടികൾ എടുക്കേണ്ടതാണ്." ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിച്ചാൽമാത്രമേ സാമൂഹ്യസമ്പദ്‌വ്യവസ്ഥയിലെ വിവിധഘടകങ്ങൾക്ക് സഹകരണനിലയിലുള്ള ഒരു തൊഴിൽവിഭജനം ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. 1950 ജൂണിൽ മാവോ സേ തുങ്ങ് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "അടുത്തൊരു തീയതിക്കുതന്നെ മുതലാളിത്തത്തെ നിർമ്മാർജ്ജനംചെയ്യാനും സോഷ്യലിസം അവതരിപ്പിക്കുവാനും സാധിക്കുമെന്ന ചില ജനങ്ങളുടെ വിശ്വാസം അബദ്ധമാണ്. അതു നമ്മുടെ ദേശീയസ്ഥിതിക്കു യോജിച്ചതല്ല." ഇതിന്റെ സൂചന സോഷ്യലിസത്തിലേയ്ക്കു് (കമ്മ്യൂണിസത്തിലേയ്ക്കു്) ഉള്ള മുന്നേററം ക്രമാനുഗതമായി, പടിപടിയായിട്ടായിരിക്കണമെന്നാണല്ലോ. ഈ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു 'പൊതുപരിപാടി'തന്നെയാണ് പരിവർത്തനഘട്ടത്തിലേയ്ക്കു് 1949-ൽ ചേർന്ന ചൈനീസ്ജനതയുടെ രാഷ്ട്രീയകാര്യാലോചനാസമ്മേളനം അംഗീകരിച്ചതു്. പ്രസ്തുത പൊതുപരിപാടിയിൽ ഇപ്രകാരം പറയുന്നു: "ചൈനീസ്ജനതയുടെ പ്രജായത്തസർവ്വാധിപത്യം ജനങ്ങളുടെ പ്രയത്നമുന്നണിയുടെ ഒരു രാഷ്ട്രീയാധികാരശക്തിയാണ്. ഇതിൽ ചൈനയിലെ തൊഴിലാളിവർഗ്ഗവും കർഷകജനതയും ചെറുകിടബൂർഷ്വാമാരും, ദേശീയബൂർഷ്വാമാരും,മററു സ്വരാജ്യസ്നേഹമുള്ള ജനകീയവിഭാഗങ്ങളും ഉൾപ്പെടുന്നു. ഇതു തൊഴി

ലാളികളും, കർഷകരും തമ്മിലുള്ള സഖ്യത്തിൻെറ അടിസ്ഥാന ത്തിന്മേലാണു വത്തിക്കുന്നതു്. നേതൃത്വം നൽകുന്നതു തൊഴിലാളി വർഗ്ഗവുമാണു്." "ബൂർഷ്വാമാരെ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് അവർ സാമ്രാജ്യത്വത്തിനും, ഫ്യൂഡലിസത്തിനും മുതലാളിത്തദുഷ്പ്രഭുത്വത്തിനുമെതിരായുള്ള സമരങ്ങളിൽ വഹിച്ച പങ്കിനെ പരിഗണിച്ചുകൊണ്ടാണു്. അതുകൊണ്ടാണു് പരിവത്തനഘട്ടത്തിൽ അവരുടെ സ്വകാര്യസ്വത്തും, വ്യവസായങ്ങളും പിടിച്ചടക്കി സക്കാറുടമയിൻകീഴിലാക്കാത്തതു്. ഇവയെ ക്രമേണക്രമേണയേ സോഷ്യലിസ്റ്റ്പരിവത്തനത്തിന്നധീനമാക്കു," ഈ പ്രമാണമനുസരിച്ചാണു് സാമ്പത്തികപുനരുദ്ധാരണപരിശ്രമങ്ങൾ നടന്നതു്. "പ്ലാനിങ്ങിൻെറ അടിസ്ഥാനം ഉല്പാദന-വിതരണനിയന്ത്രണംതന്നെ ഇന്നത്തെ നിലയിൽ ഒരു മിശ്രസാമ്പത്തികക്രമമേ കൈക്കൊള്ളപ്പെട്ടിട്ടുള്ളൂ. എന്നുവെച്ചാൽ, ഉല്പാദന-വിതരണങ്ങൾ സക്കാർമേഖലയിലെന്നപോലെ സ്വകാര്യമേഖലയിലുമുണ്ടെന്നത്ഥം."*

സാമ്പത്തികാസൂത്രണംമൂലം ദേശീയസാമ്പത്തികജീവിതത്തെ നിയന്ത്രിക്കാൻ ചില സംഘടനകളേർപ്പെടുത്തി. 1949 നവമ്പറിൽത്തന്നെ ഒരു സക്കാർഭരണകൌൺസിൽ (State Administration Council) ഏർപ്പെടുത്തി. ഇതിൻെറ കീഴിൽ പല കമ്മിററികളും രൂപവൽക്കരിച്ചു. സാമ്പത്തികഭരണത്തിന്നു് ഗവമ്മേണ്ടിൽ 14 മന്ത്രികാര്യാലയങ്ങളാണുള്ളതു്. ധനകാര്യം, വനം, തൊഴിൽ, ഗതാഗതം, ഘനതരവ്യവസായം, ലഘുതരവ്യവസായം, ഭക്ഷ്യവ്യവസായം ആദിയായി ഓരോന്നും ഓരോ മന്ത്രിയുടെ ചാർജ്ജിലാണു്. ജനകീയബാങ്കിൻെറ(സക്കാർ ബാങ്കിൻെറ) മേൽനോട്ടം വഹിക്കുന്നതു് ധനകാര്യമന്ത്രിയാണു്. എല്ലാ മന്ത്രികാര്യാലയങ്ങളുടേയും പ്രവത്തനത്തെ കൂട്ടിയിണക്കുന്നതു് ധനകാര്യസാമ്പത്തികക്കമ്മിററി (Committee of Finance and Economics)ആണു്. "ഇങ്ങനെയുള്ള കേന്ദ്രസംഘടനകൾ രൂപ

* ജോസഫ് മുണ്ടശ്ശേരി: "ചൈന മുന്നോട്ട്" (1953) പേജ് 99.

വൽക്കരിക്ക കാരണം 1949 നവമ്പറിൽത്തന്നെ രാജ്യവ്യാപകമായ സാമ്പത്തികാസൂത്രണത്തിന്നും, സാമ്പത്തിക ഭരണത്തിന്നുമുള്ള പ്രാരംഭനടപടികളെടുക്കുവാൻസാധിച്ചു."* സമ്പദ്‌വ്യവസ്ഥയുടെ വിവിധശാഖകളിലെ സ്ഥിതികളെപ്പററി കൂടിയാലോചന നടത്തുവാൻവേണ്ടി ദേശീയസമ്മേളനങ്ങൾ വിളിച്ചുകൂട്ടി. അവയിൽ മന്ത്രികാര്യാലയങ്ങളുടേയും, തദ്ദേശഭരണസമിതികളുടേയും, സക്കാരുടമയിലുള്ള വ്യവസായങ്ങളുടേയും, ഗവമ്മേണ്ട് സ്ഥാപനങ്ങളുടേയും, സഹകാര്യവ്യാപാരതാല്പയ്യങ്ങളുടേയും പ്രതിനിധികളും, അതാതു രംഗത്തിലെ വിദഗ്ദ്ധരും പങ്കെടുത്തിരുന്നു. ഈ സമ്മേളനങ്ങൾ ഓരോ വ്യവസായത്തിന്നുമുള്ള പ്രധാന പുനഃസംവിധാനലക്ഷ്യങ്ങൾ നിശ്ചയിക്കുകയും, 1950—ലേയ്ക്കു് വ്യക്തമായ സാമ്പത്തികപദ്ധതികൾ രൂപവല്ക്കരിക്കയുംചെയ്തു. "ചൈനയുടെ വിച്ഛിന്നമായ സമ്പദ്‌വ്യവസ്ഥയെ കൂട്ടിക്കോത്തു് ഒന്നാക്കുകയെന്ന കൃത്യം അങ്ങനെ സമാരംഭിക്കപ്പെട്ടു." (Astafyev)

ഭരണാധികാരികളേയും സാമ്പത്തികാധികൃതരേയും പ്രാദേശികാവശ്യങ്ങളെ ഗ്രഹിപ്പിക്കുവാനായി രാജ്യത്തിലെ പ്രധാന സാമ്പത്തികവിഭാഗങ്ങൾക്കു് പ്രത്യേകം ഭരണസംഘടനകളും സാമ്പത്തികസംഘടനകളും ഏറെപ്പെടുത്തി. ഇപ്രകാരമുള്ള കേന്ദ്രീകൃത സാമ്പത്തികാസൂത്രണത്തിന്നു പുറമേ പ്രസ്തുത പ്രദേശങ്ങൾ വെവ്വേറെയായും സ്വന്തം പദ്ധതികൾ തയ്യാറാക്കി വന്നു. ഇപ്രകാരമാണു് ആദ്യഘട്ടത്തിൽ രാഷ്ട്രത്തിന്റെ സാമ്പത്തികപുനർനിമ്മാണ പരിശ്രമങ്ങൾ നടന്നതു്. മൂന്നുകൊല്ലത്തെ പുനഃസംവിധാന പരിശ്രമങ്ങൾക്കുശേഷം 1953 ജനുവരിയിലാണു് ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയാരംഭിച്ചതു്.

---

* G. Actafyev: China's Economic Problems P. 50.

**കാർഷികരംഗം—ഭൂപരിഷ്കാരം**

ഗവർമ്മെണ്ടു് ആദ്യമായി ശ്രദ്ധപതിപ്പിച്ചതു് ഭൂപരിഷ്കാരത്തിലും ഭക്ഷ്യോല്പാദനത്തിലുമാണു്. കേന്ദ്രഗവർമ്മെണ്ടിൻെറ വൈസ്ചെയർമാനായ ലീയൂഷാവോ–ചീയുടെ വാക്കുകളിൽ, "ഭൂപരിഷ്കാരത്തിൻെറ അടിസ്ഥാനഹേതുവും അടിസ്ഥാനോദ്ദേശവും ഉല്പാദനവർദ്ധനയാണു്." കാരണം ഭക്ഷണക്ഷാമവും പട്ടിണിയും പരിഹരിച്ചാലല്ലാതെ നിർമ്മാണപദ്ധതികൾക്കായി പ്രവർത്തിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക സാദ്ധ്യമല്ലായിരുന്നു. വൻവ്യവസായങ്ങൾക്കാവശ്യമായ മൂലധനം സംഭരിക്കുവാനും, കൃഷിവികസനം അത്യാവശ്യമാണെന്നു ചൈനയിലെ അധികൃതന്മാർ മനസ്സിലാക്കി. എന്നാൽ ഇന്ത്യയിലെപ്പോലെതന്നെ ജന്മിത്വസമ്പ്രദായം കാർഷികസമ്പദ്‌വ്യവസ്ഥയെ ദുർബ്ബലമാക്കിയിരുന്നു. ജനസംഖ്യയിൽ 10 ശതമാനം മാത്രം വന്ന ജന്മികളും ധനികകർഷകരുംകൂടി സുമാർ 70 ശതമാനംഭൂമി കൈവശം വെച്ചിരുന്നു. ഗ്രാമീണജനതയിൽ 90 ശതമാനം വരുന്ന ദരിദ്രകൃഷിക്കാർക്കും ഇടത്തരം കർഷകർക്കും കൂടി 30 ശതമാനം ഭൂമി മാത്രമെ ഉണ്ടായിരുന്നുള്ളു. ഓരോ ജന്മികുടുംബത്തിനും ശരാശരി 45 ഏക്കർ നിലം കൈവശമുണ്ടായിരുന്നു. എന്നാൽ കുടിയാന്മാരായ കർഷകകുടുംബങ്ങൾക്കു് കൃഷിചെയ്യാൻ കിട്ടിയിരുന്നതു ശരാശരി ½ ഏക്കർ മുതൽ 2½ ഏക്കർവരെ നിലമാണു്. ചൈനീസ് സാമ്പത്തികശാസ്ത്രജ്ഞനായ താവോ ഷി-ഫൂ (Tao Tshi-Fu) നടത്തിയ ഗവേഷണത്തിൻെറ അടിസ്ഥാനത്തിൽ ചൈനയിലെ ഗ്രാമീണജനതയെപ്പററിയുള്ള കണക്കു് സോവിയററ് എൻസൈക്ലോപ്പീഡിയയിൽ ചേർത്തിരിക്കുന്നതു താഴെ കാണിക്കും പ്രകാരമാണു്.*

---

* Quoted by the Economist: 17-3-1953 (P. 603)

| വിഭാഗം | കുടുംബങ്ങളുടെ എണ്ണം (ലക്ഷം) | ശതമാനം | ഭൂമി (ലക്ഷം ഏക്കർ) | ശതമാനം | ശരാശരി കൃഷിയിടം (ഏക്കർ) |
|---|---|---|---|---|---|
| ജന്മികൾ | 24 | 4 | 108 | 50 | 45·0 |
| കുലാക്കുകൾ (ധനികകൃഷിക്കാർ) | 36 | 6 | 389 | 18 | 10·8 |
| ഇടത്തര കൃഷിക്കാർ | 120 | 20 | 324 | 15 | 2·7 |
| ദരിദ്ര കൃഷകരും തൊഴിലാളികളും | 420 | 70 | 368 | 17 | 0·9 |

ജന്മിഭോഗം വിളവിന്റെ 50 % മുതൽ 80% വരെവന്നിരുന്നു. പുറമെ സർക്കാർനികുതികളും കൊടുക്കേണ്ടിയിരുന്നു. ഈ പരിതോവസ്ഥയിൽ കാർഷികോല്പാദനം ശിഥിലീഭവിക്കയല്ലാതെ അഭിവൃദ്ധിപ്പെടുകയില്ലല്ലോ. അതിനാൽ ഭൂവുടമസമ്പ്രദായം പരിഷ്കരിക്കാനാണ് പുതിയ ഗവർമ്മെണ്ടു് ആദ്യം നടപടിയെടുത്തതു്. ചൈനീസ് ജനതയുടെ രാഷ്ട്രീയകാര്യാലോചനാസഭയുടെ 1949 സെപ്റ്റമ്പറിലെ പൊതുപരിപാടിയിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: “ദേശീയോല്പാദനശക്തി വർദ്ധിപ്പിക്കുവാനും വ്യവസായവല്ക്കരണം സാധിക്കുവാനും അത്യന്താപേക്ഷിതമായ ഒരടിസ്ഥാനനടപടിയാണ് കാർഷികപരിഷ്കാരം. അതാതുദേശത്തെ കൊള്ളക്കാരേയും സ്വേച്ഛാപ്രഭുക്കളേയും ദൂരീകരിച്ചും, പാട്ടവും പലിശയും ചുരുക്കിയും, ഭൂമി വീതിച്ചുകൊടുത്തും ‘നിലം കൃഷിക്കാരനു’ എന്ന നയം നടപ്പിലാക്കുവാനാണ് പരിശ്രമം തുടങ്ങീട്ടുള്ളതു്.” അങ്ങനെ കൃഷിചെയ്യാത്ത ജന്മിവർഗ്ഗത്തിന്റെ ഭൂമി മുഴുവൻ പിടി

KOTTAYAM PUBLIC LIBRARY KOTTAYAM

ച്ചെടുത്തു കൃഷിക്കാക്ക് വീതിച്ചുകൊടുക്കുകയാണുചെയ്തതു്. എന്നാൽ ഇതു് എല്ലായിടത്തും ഒരേ അവസരത്തിൽ നടപ്പിൽവരുത്തുകയല്ല ചെയ്തതു്. ക്രമേണക്രമേണയായി മുന്നോക്കൊണ്ടും ക്കൊണ്ടു വ്യാപിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. 1951 ജൂലായിൽ കേന്ദ്രജനകീയഗവമ്മെണ്ടിൻെറ വൈസ്-ചേയർമേൻ ലിയുഷാവോ-ചീ രാഷ്ട്രീയകാര്യാലോചനാസഭയ്ക്കു് സമപ്പിച്ച റിപ്പോർട്ടിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഇപ്പോൾ ചൈനയിൽ കാർഷികപരിഷ്കാരം 14½ കോടി ഗ്രാമീണജനത നിവസിക്കുന്ന (ഇവിടത്തെ ആകെ ജനസംഖ്യ 16 കോടിയാണു്) പ്രദേശത്തിൽ പൂർത്തിയാവുകയോ പൂർത്തിയാവാറാവുകയോ ചെയ്തിരിക്കുന്നു. 26·4 കോടി ഗ്രാമീണജനങ്ങൾ നിവസിക്കുന്ന (ആകെ 31 കോടി ജനസംഖ്യയുള്ള) പ്രദേശത്തു് ഇനിയും നടപ്പിലാക്കാതെയുണ്ടു്....2 കോടി ദേശീയന്യൂനപക്ഷം അധിവസിക്കുന്ന പ്രദേശത്തിൽ ഭൂപരിഷ്കാരം എപ്പോൾ നടപ്പിലാവുമെന്നു് തല്ക്കാലം തീർമാനിക്കാനും സാദ്ധ്യമല്ല."*

എന്താണു് കാർഷികരംഗത്തിലെ വിപ്ലവം ഇങ്ങനെ ദീർഘിപ്പിക്കുവാൻ? സോവിയററ്യൂനിയനിലെ ഒക്ടോബർ വിപ്ലവകാരികളുടെ മാർഗ്ഗത്തിൽ വെളിച്ചംവീശിയതു ജന്മികളുടെ മണിമേടകളും സൌധങ്ങളും വിഴുങ്ങിക്കൊണ്ടിരുന്ന അഗ്നിനാളങ്ങളായിരുന്നു. കാർഷികവിപ്ലവം സ്വല്പം ആഴ്ചകൾകൊണ്ടോ മാസംകൊണ്ടോ പര്യവസാനിക്കുകയും ചെയ്തിരുന്നു. ഭൂമി കർഷകക്ക് ഗവമ്മെണ്ടു് നൽകേണ്ടിയിരുന്നില്ല; അവർ എല്ലാം പിടിച്ചെടുത്തുകഴിഞ്ഞിരുന്നു. അതിന്നു് അധികൃതമായ അംഗീകാരം നൽകുക മാത്രമെ ഗവമ്മെണ്ടു് ചെയ്യേണ്ടിയിരുന്നുള്ളു. എന്നാൽ ചൈനയിൽ അങ്ങനെ സംഭവിക്കാഞ്ഞതു റഷ്യയിലെപ്പോലുള്ള അത്ര വലിയ ജന്മികൾ ചൈനയിലില്ലാഞ്ഞതുകൊണ്ടു തന്നെയാണു്.

---

* Ref: The Agrarian Reform Or Law Of The People's Republic Of China. (Foreign Language Press, Peking)—P. 72-73

വിപ്ലവത്തിന്നു മുമ്പു് റഷ്യയിൽ 30,000 ജന്മികൾ 19 കോടി ഏക്കർ ഭൂമി കൈവശം വെച്ചിരുന്നു; ശരാശരി ഒരാൾക്കു് 6,000 ഏക്കറുണ്ടായിരുന്നു. ചൈനയിൽ 24 ലക്ഷം ജന്മികൾക്കുകൂടി ആകെ കഷ്ടിച്ചു് 11 കോടി ഏക്കർ ഭൂമിയെ ഉണ്ടായിരുന്നുള്ളു. ഒരാൾക്കു് ശരാശരി 45 ഏക്കർ. ഇപ്രകാരം ഒരു റഷ്യൻജന്മിക്കു് ചൈനീസ് നാട്ടുവാഴിപ്രഭുവിൻെറ ഭൂമിയുടെ 130 മടങ്ങു് ഭൂമിയുണ്ടായിരുന്നു. ചൈനയിൽ ഇടത്തരം പ്രഭുക്കളായിരുന്നു അധികം. ഇവരുടെ ഭൂമി പിടിച്ചെടുക്കുന്നതുകൊണ്ടു ഭൂപ്രശ്നം പരിഹരിക്കുക സാദ്ധ്യവുമല്ലായിരുന്നു.*

1952 സെപ്തംബറിലെ ഒരു ലേഖനത്തിൽ കേന്ദ്രഗവൺമെണ്ടിൻെറ ഭരണകൌൺസിലിൻെറ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ലിയവോലൂയൻ പ്രസ്താവിക്കുന്നു: "കഴിഞ്ഞ മൂന്നുവർഷങ്ങളിൽ 30 കോടി ഗ്രാമീണജനത നിവസിക്കുന്ന പ്രദേശങ്ങളിൽ പരിഷ്കാരം നടപ്പിലാക്കി കഴിഞ്ഞിരിക്കും. 1949-നു് മുമ്പുതന്നെ ഭൂപരിഷ്കാരം പൂർത്തിയാക്കിയിരുന്ന വിമോചിതപ്രദേശങ്ങളിലെ ഗ്രാമീണജനതയേയും ചേർത്താൽ ഇതു രാജ്യത്തിലെ ആകെ ഗ്രാമീണജനതയുടെ 90 ശതമാനത്തിലധികമായി. വിമോചിതമല്ലാത്ത, സിങ്കിയാങ്ങ്, തിബററ്, തായിവാൻ എന്നീ ദേശീയ ന്യൂനപക്ഷപ്രദേശങ്ങളൊഴിച്ചാൽ 2 കോടി ഗ്രാമീണജനതയുള്ള പ്രദേശങ്ങളിലേ ഭൂപരിഷ്കാരം നടപ്പിൽ വരുത്താതെയുള്ളു. എന്നാൽ ഈ പ്രദേശങ്ങളിലും ഇക്കൊല്ലമോ വരുംകൊല്ലാവസാനത്തിന്നു മുമ്പോ അതു പൂർത്തിയാക്കും."† ഭൂപരിഷ്കാരത്തിൻെറ കരടുനിയമം രാഷ്ട്രീയ കാര്യാലോചനാസഭയുടെ ദേശീയക്കമ്മററി മുമ്പാകെ അവതരിപ്പിച്ചപ്പോൾ കേന്ദ്രഗവൺമെണ്ടിൻെറ വൈസ്ചെയർമേൻ ലീയുഷാവോ-ചീ പ്രസ്താവിച്ചതു്, "ചൈനയുടെ ചരിത്രത്തിലെ പര

* The Economist-17-3-1951 (P. 603)

† New China's Economic Achievements-1949-'52, (P. 165).

സഹസ്രം വർഷങ്ങളിലെ ഏറ്റവും മഹത്തായതും ഏറ്റവും പൂർണ്ണമായതുമായ പരിഷ്കാരമാണ്," എന്നത്രേ. ഭൂപരിഷ്കാരത്തിന്റെ സ്വഭാവമെന്തെന്ന് അതു സംബന്ധിച്ചുള്ള നിയമത്തിൽനിന്നു മനസ്സിലാക്കാം.*

ജന്മിവർഗ്ഗം നടത്തുന്ന നാട്ടുവാഴിത്ത ചൂഷണത്തിന്റെ ഭൂവുടമവ്യവസ്ഥയെ ഉന്മൂലനംചെയ്ത്, ഗ്രാമോല്പാദനം വികസിപ്പിച്ച്, നവീനചീനയുടെ വ്യവസായവൽക്കരണത്തിന്ന് വഴിതെളിയിക്കുമാറ് ഒരു കർഷകഭൂവുടമവ്യവസ്ഥ നടപ്പിലാക്കുന്നതായിരിക്കും. (Art: 1) "ജന്മികളുടെ ഭൂമി, ഉഴവുമൃഗങ്ങൾ, കൃഷിയായുധങ്ങൾ, മിച്ചധാന്യം, ഗ്രാമപ്രദേശത്തുള്ള അവരുടെ അനാവശ്യവസതികൾ എന്നിവ പിടിച്ചടക്കുന്നതായിരിക്കും; എന്നാൽ മറ്റു സ്വത്തുക്കൾ പിടിച്ചടക്കുകയില്ല." (Art: 2)

"പൌരാണികമായ ആരാധനാസ്ഥലങ്ങൾ, ക്ഷേത്രങ്ങൾ, സന്യാസിമാരങ്ങൾ, ക്രൈസ്തവപള്ളികൾ, പള്ളിക്കൂടങ്ങൾ മുതലായവയുടെ അധീനത്തിലുള്ള ഭൂമി പിടിച്ചെടുക്കുന്നതാണ്. എന്നാൽ ഭൂമിയിൽനിന്നുള്ള വരവുകൊണ്ടു കഴിഞ്ഞുകൂടുന്ന അനാഥമന്ദിരങ്ങൾ, സ്കൂളുകൾ, വൃദ്ധസദനങ്ങൾ, ആശുപത്രികൾ എന്നിവയുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ പ്രാദേശിക ജനകീയ ഗവമ്മെണ്ടുകൾ കണ്ടുപിടിക്കേണ്ടതാണ്.

"മുസ്ലീംപള്ളികളുടെ അധീനത്തിലുള്ള ഭൂമി അതാതു പ്രദേശത്തെ മുസ്ലീംനിവാസികളുടെ അനുമതിയോടുകൂടി കയ്യിൽത്തന്നെ വെച്ചുകൊണ്ടിരിക്കാം." (Art: 3)

"ജന്മികൾ നടത്തുന്ന വ്യവസായവ്യാപാരസംരംഭങ്ങളൊ, അവ നടത്തുന്നതിനുപയോഗപ്പെടുത്തുന്ന ഭൂമിയോ മറ്റു സ്വത്തുക്കളോ പിടിക്കുന്നതല്ല." (Art: 4)

---

* The Agrarian Reform Law of the People's Republic of China.

സ്വന്തമായോ കൂലിക്കാർമുഖേനയോ കൃഷിനടത്തുന്ന ധനിക കർഷകരുടെ ഭൂമി, ചില പ്രത്യേകപ്രദേശങ്ങളിലല്ലാതെ പിടിച്ചെടുക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടു്. പിടിച്ചെടുക്കപ്പെടുന്ന ഭൂമിയും മററുള്ള ഉല്പാദനോപകരണങ്ങളും പ്രാദേശിക കൃഷകസംഘങ്ങൾമുഖേന ദരിദ്രകൃഷകൎക്കു വിതരണം ചെയ്യേണ്ടതാണു്. സ്വന്തമായി പ്രവൃത്തിചെയ്തു ജീവിക്കാനാവുന്നവിധത്തിൽ ജന്മികൾക്കും ഇപ്രകാരം തുല്യതോതിലുള്ള ഒരോഹരി നൽകാവുന്നതാണു്. (Art: 10.) എന്നാൽ പഴയ ഗവമ്മേണ്ടുമായി സഹകരിച്ചവൎക്കും, രാജ്യദ്രോഹികൾക്കും, യുദ്ധകുററവാളികൾക്കും, ഗൌരവതരമായ കുററംചെയ്ത മററു വിപ്ലവകാരികൾക്കും, ഭൂപരിഷ്കാരത്തെ തുരങ്കംവയ്ക്കുവാൻ നിരന്തരയത്നം ചെയ്തവൎക്കും ഭൂമികൊടുക്കുന്നതല്ല. (Art. 13.)

വനങ്ങളും, കുന്നിൻപ്രദേശങ്ങളും, ഖനികളും, ഉപ്പുപടന്നകളും, നദികളും, തുറമുഖങ്ങളുമെല്ലാം ദേശസാൽക്കരിക്കുന്നതാണു്. എന്നാൽ സ്വകാൎയ്യമൂലധനമിറക്കി നടത്തപ്പെടുന്നവ അപ്രകാരം തന്നെ നിലനിത്തുന്നതാണു്;—പക്ഷെ ഗവമ്മേണ്ടു് നിയന്ത്രണത്തിൽ. (Art. 18.) ഗവമ്മേണ്ടുഭൂമി കൈവശമുള്ളർ അതു പാട്ടത്തിന്നുകൊടുക്കുകയോ, വിൽക്കുകയോ, കൃഷിചെയ്യാതിരിക്കുകയോ അരുതു്. (Art. 27.)

കൃഷിപരിഷ്കാരം പൂൎത്തിയായാൽ പുതിയഭൂവുടമകൾക്കു് ഭൂമിനടത്താനും, വില്ക്കാനും, വാങ്ങാനും, പാട്ടംകൊടുക്കാനുമുള്ള അവകാശം ഗവമ്മേണ്ടു് നൽകുന്നതായിരിക്കും. പരിഷ്കാരം നടപ്പിൽവരുത്തേണ്ടതു് പ്രാദേശികകൃഷകസംഘങ്ങളാണു്. വിരോധികളേയും, കുററവാളികളേയും, ദുഷ്പ്രഭുക്കളേയും വിചാരണചെയ്തു ശിക്ഷിക്കുവാൻ ന്യായാധിപതികൾ നാനാപ്രദേശങ്ങളിലും സഞ്ചരിച്ചുപോകുന്നതായിരിക്കും. ഭൂപരിഷ്കാരത്തെ എതിൎത്ത വളരെപ്പേരെ ബന്ധനസ്ഥരാക്കിയതായും വധശിക്ഷയ്ക്കു വിധേയരാക്കിയതായും ധാരാളംറിപ്പോൎട്ടുകളുണ്ടു്.* 1952-ലേയ്ക്കു് ഗവമ്മേണ്ടു്

* The Economist (30-6-'51) P. 1573.

11·7·കോടി ഏക്കർ ഭൂമി (ആകെ കൃഷിഭൂമിയുടെ പകുതി) പുനർവിതരണം ചെയ്യപ്പെട്ടുവെന്നാണ് റിപ്പോർട്ടുകൊണ്ടു കാണുന്നതു്. കൃഷകർക്ക് ഇതുകൊണ്ടു മുമ്പത്തെനിലയിൽ ജന്മിഭോഗമായിപ്പോകുമായിരുന്ന 5 കോടി ടൺ കാർഷികോല്പന്നങ്ങൾ സ്വന്തമാക്കുവാൻസാധിച്ചിട്ടുണ്ടു്. ഭൂമി വീതിച്ചുകൊടുത്തതു് കാർഷികപാരമ്പര്യമുള്ള കുടുംബങ്ങൾക്കു മാത്രമാണു്. "ആളെണ്ണി വീതം നിശ്ചയിക്കുന്നതിൽ ഭൂമിയുടെ ഫലവത്തതയും, വിളവുകൊണ്ടു ജീവിതത്തിന്റെ അത്യാവശ്യങ്ങൾ ക്ലേശംകൂടാതെ നിർവ്വഹിക്കുവാനുള്ള സാദ്ധ്യതയും നിയാമകങ്ങളാക്കിയിട്ടുണ്ടു്. നെൽകൃഷിക്കുള്ള ഭൂമിയാണെങ്കിൽ ആളെണ്ണി കഷ്ടിച്ചു് അരഏക്കർ കിട്ടും. ചിലേടത്തു് അതിൽ കവിയും. അഞ്ചോ, ആറോ അംഗങ്ങളുള്ള ഒരു കുടുംബത്തിനു് മൂന്നിൽച്ചില്വാനം ഏക്കർ കൊടുത്തിട്ടുള്ള പ്രദേശങ്ങളുണ്ടു്."* അവർ ഭൂമി സ്വന്തമാണെന്ന നിലയിൽ ഉത്സാഹപൂർവ്വം കൃഷിചെയ്തുതുടങ്ങി. ജന്മിഭോഗമൊന്നും കൊടുക്കേണ്ടതില്ലെന്നും അവർക്ക് ബോദ്ധ്യപ്പെട്ടിരുന്നു. മുമ്പ് പാട്ടവും നികുതിയുമടക്കം വിളയുടെ 70 % നൽകേണ്ടിവന്നവർ ഇപ്പോൾ 20 % ത്തിൽ കുറവായ ഒരു കൃഷികനികുതിമാത്രമെ അടയ്ക്കേണ്ടിവരുന്നുള്ളു. കൃഷകരുടെ കടബാദ്ധ്യതയെല്ലാം ഗവർമ്മേണ്ടു് റദ്ദുചെയ്കയുംചെയ്തു. പലിശനിരക്കു് വെട്ടിച്ചുരുക്കി. ഇതിന്റെയെല്ലാം ഫലമായി ആദ്യത്തെക്കൊല്ലംതന്നെ വിള 20 % കണ്ടു വർദ്ധിച്ചുവെന്നാണ് റിപ്പോർട്ടു്.

"സ്വന്തംഭൂമി കൃഷിചെയ്യുന്ന കർഷകർ ഇന്നു് ഉല്പാദനം വർദ്ധിപ്പിക്കാൻ വൻതോതിൽ ദേശാഭിമാനാധിഷ്ഠിതമായ മത്സരസമരം നടത്തിവരികയാണു്. അവർ സ്വന്തം ക്ഷേമത്തിന്നും രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിന്നുംവേണ്ടി പ്രയത്നിക്കുകയാണു്. കോടിക്കണക്കിൽ കർഷകർ അന്യോന്യസഹായസംഘങ്ങളിലും (Mutual Aid Teams) കാർഷികപരസ്പരസഹായസംഘ

* ജോസഫ് മുണ്ടശ്ശേരി: 'ചൈന മുന്നോട്ടു്' – പേജ് 104.

ങ്ങളിലും ചേന്നിരിക്കുന്നു. അവക്ക് കിട്ടിയ ചില ഉല്പാദനോപകരണങ്ങൾ വിററ് അവർ ധാരാളം ഉഴവുമൃഗങ്ങൾ, ജലസേചനയന്ത്രങ്ങൾ, പരിഷ്കരിച്ചു പണിയായുധങ്ങൾ എന്നിവ വാങ്ങി അവരുടെ കൃഷിപ്രവൃത്തി അഭിവൃദ്ധിപ്പെടുത്തിവരികയാണ്. കൃഷിസമ്പ്രദായം ക്രമേണ പരിഷ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്തിരിക്കുന്നു. 1951-ൽ രാജ്യത്തിലെ ധാന്യോല്പാദനം 1949-ലേതിലും 40 ശതമാനം അധികമാവുമെന്നാണു മതിപ്പ്. ഇതു് യുദ്ധത്തിന്നു മുമ്പത്തേ വാർഷികശരാശരിയിലും 9 ശതമാനം അധികമാണ്.

"1951-ൽ പരുത്തിയുടേയും വ്യവസായാവശ്യങ്ങൾക്കുള്ള മററു് അസംസ്കൃതപദാർത്ഥങ്ങളുടേയും ഉല്പാദനം ചൈനയുടെ ചരിത്രത്തിലുണ്ടായിട്ടുള്ള ഏററവും മികച്ച റിക്കാർഡിനേയും ഭേദിച്ചിരിക്കുന്നു. കാർഷികോല്പാദനം അഭിവൃദ്ധിപ്പെട്ടതോടുകൂടി കർഷകരുടെ ജീവിതസ്ഥിതിയും സ്വാഭാവികമായി ഭേദപ്പെട്ടിരിക്കുന്നു. പല പ്രദേശങ്ങളിലും ഇടത്തരം കർഷകരുടെ സംഖ്യ മുമ്പ് ഗ്രാമീണജനതയുടെ 20 ശതമാനം ആയിരുന്നതു് ഇപ്പോൾ 80 % ആയിരിക്കുന്നു. ദരിദ്രകർഷകരുടെയും തൊഴിലാളികളുടെയും സംഖ്യ 70 ശതമാനത്തിൽനിന്ന് 10-20 ശതമാനമായി കുറഞ്ഞിരിക്കുന്നു. വർഷാവർഷം കുറഞ്ഞുവരുന്നുമുണ്ട്."* 1953 സെപ്തംബറിൽ ഗവർമ്മേണ്ടിൻെറ സ്ഥിതിവിവരക്കണക്കുബ്യൂറോ പുറപ്പെടുവിച്ച കമ്മ്യൂണിക്കേയിൽ 1949 മുതല്ക്കുള്ള കാർഷികോൽപ്പാദനപുരോഗതി കാണിച്ചിട്ടുണ്ട്.

(1949-ലെ ഉൽപ്പാദനം=100)

| | 1950 | 1951 | 1952 |
|---|---|---|---|
| ഭക്ഷ്യവിളവുകൾ | 117 | 128 | 145 |
| പരുത്തി | 160 | 235 | 291 |

* Lias Lu-Fen: New China's Economic Achievements, 1949-'52 - P. 171-172.

1949-ന്നു മുമ്പത്തെ ഏററവും വലിയ വിളവിനേക്കാൾ 10 ശതമാനം അധികമാണു് 1952-ലെ ഭക്ഷ്യവിളവുകളുടെ ഉൽപ്പാദനമെന്നും, പരുത്തിയുടേതു് 25 ശതമാനം അധികമാണെന്നും ആണു് ഐക്യരാഷ്ട്രസംഘടനയുടെ ഏഷ്യാദൂരപൌരസ്ത്യസാമ്പത്തികക്കമ്മീഷൻ പ്രസ്താവിക്കുന്നതു്. കർഷകരെ അന്യോന്യസഹായ ടീമ (Mutual Aid Teams)കളിലും കാർഷികപരസ്പരസഹായസംഘങ്ങളിലുമായി സംഘടിപ്പിക്കുവാനുള്ള പരിശ്രമവും കൊണ്ടുപിടിച്ചുനടന്നു. 1952-ലേയ്ക്കു് 40 ശതമാനം കർഷകർ പലതരം അന്യോന്യസഹായ ടീമുകളിൽ ചേർന്നുകഴിഞ്ഞിരുന്നു. ആകെ 83 ലക്ഷം ടീമുകൾ ഏർപ്പെട്ടുത്തീട്ടുണ്ടു്. 4,000 കാർഷികസഹകരണസംഘങ്ങൾ രൂപവല്ക്കരിച്ചിരുന്നു. കൂടാതെ പല ഭാഗങ്ങളിലായി ഒരു ഡസനിലധികം കൂട്ടുകൃഷിയിടങ്ങളും (Collective Farms) ഏർപ്പെട്ടുത്തിയിരുന്നു. കൂട്ടുകൃഷിയിൽ കർഷകൎക്കു് പരിശീലനം നൽകാനായി രാജ്യത്തിൻെറ വിവിധഭാഗങ്ങളിലായി 52 വലിയ യന്ത്രീകൃതസൎക്കാർകൃഷിത്തോട്ടങ്ങൾ (State Farms) ഗവൎമ്മേണ്ടു് ഏർപ്പെട്ടുത്തീട്ടുണ്ടു്. ഇവ ഇപ്പോഴും പരീക്ഷണഘട്ടത്തിലാണു്. ആകെ 2,219 സ്റ്റേററ് കൃഷിത്തോട്ടങ്ങളാണു് ഏർപ്പെട്ടുത്തീട്ടുള്ളതു്.

ദരിദ്രരായ കർഷകൎക്കു് വിത്തു്, വളം, കന്നുകാലികൾ, പണിയായുധങ്ങൾ എന്നിവ വാങ്ങുവാൻ പണം കടംകൊടുത്തും ഉൽപ്പന്നങ്ങൾക്കു് ന്യായവില നിശ്ചയിച്ചും ഗവൎമ്മേണ്ടു് സഹായിച്ചിട്ടുണ്ടു്. ജലസേചനസൌകൎയ്യം വൎദ്ധിപ്പിക്കുന്നതിലും, വെള്ളപ്പൊക്കം തടയുന്നതിലും, നല്ലജാതി വിത്തു് വിതരണംചെയ്യുന്നതിലും, വിളവുകൾക്കു് ദോഹകരങ്ങളായുള്ള പ്രാണികളെ നശിപ്പിക്കുന്നതിലും ശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്. 7 ലക്ഷം ഏക്കർ സ്ഥലത്തു് കാടു വച്ചുപിടിപ്പിച്ചിട്ടുണ്ടു്.

കന്നുകാലിസംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചതുകാരണം 1952-ൽ മുൻകൊല്ലത്തെ അപേക്ഷിച്ചു് ഗോക്കളുടെ സം

ധ്യ 9 ശതമാനവും, പന്നികളുടെ എണ്ണം 15 ശതമാനവും വർദ്ധിച്ചിട്ടുണ്ടെന്നാണു റിപ്പോർട്ട്.

കാർഷികോൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. എന്നാൽ അതു് എത്രത്തോളം ഭൂപരിഷ്കാരംകൊണ്ടുണ്ടായി എന്നും, എത്രത്തോളം യുദ്ധത്തിന്നുശേഷമുൻസ്ഥിതി പുനഃസ്ഥാപിക്കപ്പെട്ടതുകൊണ്ടും കൃഷിസമ്പ്രദായം പരിഷ്കരിക്കപ്പെട്ടതുകൊണ്ടുമാണെന്നും തീർത്തുപറയുക വയ്യ.

എന്നാൽ കാർഷികരംഗത്തിലും ചില പരാജയങ്ങൾ പററിയിട്ടുണ്ടെന്നു് അധികൃതന്മാർതന്നെ സമ്മതിക്കുന്നുണ്ട്. "ചെറുകിടകൃഷിക്കാരുടെതായ ഒരു സമ്പദ്‌വ്യവസ്ഥയിലെ യഥാർത്ഥസ്ഥിതികൾ പൂർണ്ണമായി പരിഗണിക്കാതിരുന്നതാണു് കാർഷികസംരംഭത്തിൽ പററിയ വലിയ അബദ്ധം. കൃഷിയിൽ പരസ്പരസഹായത്തിന്നും സഹകരണത്തിന്നുമുള്ള പ്രസ്ഥാനത്തെ നയിക്കുന്നതിലും, പുതുതരം കൃഷിയായുധങ്ങളും, പരിഷ്കൃതകൃഷിസമ്പ്രദായങ്ങളും പ്രചരിപ്പിക്കുന്നതിലും, ജലസേചനം, ജലനിർഗ്ഗമനം എന്നിങ്ങനെയുള്ള കൃഷിസംബന്ധമായ ഏർപ്പാടുകളിലും ഇതു ധൃതഗതിക്കും, പ്രേരണയ്ക്കും പകരം, നിർബ്ബന്ധത്തിന്നും, യഥാർത്ഥസ്ഥിതികളുടെ അവഗണനയ്ക്കും കാരണമായി.....സ്റ്റേററുകൃഷിത്തോട്ടങ്ങളുടെ നടത്തിപ്പു് മോശമായിരുന്നു. പലതിലും വിളവുകുറവും, ഉൽപ്പാദനച്ചെലവു് അധികവും ആയിരുന്നതിനാൽ അവ വ്യർത്ഥഹേതുകമായിരുന്നു. അങ്ങനെ അവ കർഷകർക്കു് തൃപ്തികരമായ പരിശീലനം നൽകുന്നതിലും, അവയ്ക്കു് നല്ല മാതൃകയായിത്തീരുന്നതിലും പരാജയപ്പെട്ടു. സ്വകാര്യവനഭൂമികളുടെമേൽ കർശനമായ നിയന്ത്രണം നടപ്പിൽവരുത്തുകകാരണം പുതുതായി വനങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും കർഷകർ മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നതു തടയപ്പെട്ടു."*

---

* Communique on National Economic, Cultural and Educational Rehabilitation and Development in 1952.

മഞ്ചൂറിയയിലെ സ്ഥിതിയെപ്പററി 1950-ൽ 'ഇക്കോണമിസ്റ്റി'ൻെറ ഹോങ്ങ്കോങ്ങ്ലേഖകൻ ഇപ്രകാരമെഴുതുകയുണ്ടായി: "ഭൂമിയുടെ പുനർവിതരണം വലിയ ജന്മികളെ നീക്കംചെയ്തുവെങ്കിലും അതു് പഴയകുടിയാന്മാക്കു നൽകിയതു്, കൃഷിചെയ്യാൻ ആയുധമോ മൂലധനമോ ഇല്ലാതെ, ഭൂമി മാത്രമായിരുന്നു."[1] കഷകജനതയെ തരംതിരിക്കുന്നതിൽ പല അബദ്ധങ്ങളും വന്നിട്ടുണ്ടു് "ധനികകൃഷിക്കാരെ ജന്മിമാരായും, ഇടത്തരക്കാരെ ധനികരായും തരംതിരിക്കുകകാരണം അദ്ധ്വാനശീലരായ പല കൃഷിക്കാക്കും ഭൂമി നഷ്ടപ്പെടേണ്ടതായി വരികയും (തൽഫലമായി), ഉല്പാദനം കുറഞ്ഞുപോവുകയും ചെയ്തിട്ടുണ്ടു്.......ഈ നയത്തിൻെറ മറെറാരു ഫലം തങ്ങളെ ഉയന്നതരത്തിൽപ്പെടുത്തിയേക്കുമെന്നുള്ള ഭയത്താൽ ഇപ്പോൾ കർഷകർ ആളെ കൂലിക്കു് നിശ്ചയിച്ചോ പണം കടംകൊടുത്തോ തങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നില്ല എന്നതാണു്.[2]

"ഭൂമി പുനർവിതരണംചെയ്തതോടുകൂടി തുണ്ടുനിലങ്ങളിൽ കാര്യക്ഷമമായി കൃഷി നടത്തുക അസാദ്ധ്യമായിത്തീന്നിരിക്കുന്നു. കൂട്ടുകൃഷി നടത്തുന്ന കാര്യത്തിൽ നിർബ്ബന്ധം ചെലുത്തുക പ്രയാസമായിത്തീന്നിരിക്കുന്നു," എന്നാണു് ഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തികക്കമ്മീഷൻെറ റിപ്പോർട്ടു്.[3] സക്കാർ കൃഷിത്തോട്ടങ്ങൾ കുറച്ചു മാത്രമെ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളു. ഗവമ്മേണ്ടുഭരണം കൌൺസിൽഡയറക്ടരായ ലി ലീയു-ലിയെൻ പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്: "കൃഷി സംയുക്താടിസ്ഥാനത്തിൽ ഇരിക്കുന്നകാലത്തു് മാത്രമെ ചൈനയിലെ കർഷകരുടെ ദാരിദ്ര്യം അടിസ്ഥാനപരമായി പരിഹരിക്കപ്പെടുകയുള്ളു. ചൈ

---

[1] The Economist, 18-11-'50 – P. 819.

[2] Resolution in Chinese Villages: The Economist: 13-12-'52.

[3] Economic Bulletin of Asia and Far East.

നീസ്കർഷകന്നു് ദാരിദ്ര്യത്തിൽനിന്നും പിന്നോക്കനിലയിൽനിന്നും ശാശ്വതമായി മോചനംലഭിച്ചു് സോഷ്യലിസത്തിലേയ്ക്കുള്ള പന്ഥാവിൽ കൂടി ചരിക്കവാൻ സാധിക്കുകയുള്ളൂ."*

"കൃഷി" സംയുക്താധിഷ്ഠാനത്തിൽ ആക്കിയില്ലെങ്കിൽ ധനികരായ സ്വതന്ത്രകൃഷിക്കാർ ധാന്യം ഗവൎമ്മേണ്ടിനു് വിൽക്കാതെ മുതലാളികൾ ആവാൻ ശ്രമിക്കുമെന്നാണു് അധികൃതരുടെ പക്ഷം. പുനരുദ്ധാരണവും പരിഷ്ക്കരണവും പൂൎത്തിയായാലും ചൈനയുടെ കാർഷികപ്രശ്നം ഗൌരവതരമായിത്തന്നെ ഇരിക്കും. ഭൂദാഹം ശമിപ്പിക്കുവാൻ വേണ്ടത്ര വമ്പിച്ച എസ്റ്റേറ്റുകൾ അവിടെ ഇല്ല. തൽക്കാലം കർഷകർ ഗവൎമ്മേണ്ടിനോടു കൃതജ്ഞരായിരിക്കുന്നതു് ഭൂമി നൽകിയതിനേക്കാൾ പാട്ടവും പലിശയും ചുരുക്കിയതിന്നാണെന്നു തോന്നുന്നു. ഭൂപരിഷ്ക്കാരംകൊണ്ടു് കർഷകന്റെ പ്രശ്നത്തെ പരിഹരിക്കുവാൻ സാദ്ധ്യമല്ല. ചൈനയുടെ കൃഷിയുടെഭാവി ഭൂമി കൃഷിയോഗ്യമാക്കൽ, ഉല്പാദനസമ്പ്രദായം നവീകരിക്കൽ എന്നിവയുടേയും പ്രത്യേകിച്ചും വ്യവസായവികസനവുമായി ദൃഢമായി ബന്ധപ്പെട്ടിരിക്കയാണു്."†

വ്യാവസായികരംഗം:—10 കൊല്ലത്തിലധികം നിലനിന്നിരുന്ന യുദ്ധം ഹേതുവായി ഫാക്ടറികൾക്കും ഖനികൾക്കും വമ്പിച്ച നാശം തട്ടിയിരുന്നു. ഉല്പാദനം പാരമ്യത്തിലിരുന്നകാലത്തെ അപേക്ഷിച്ചു് 1949-ൽ കൽക്കരി ഉല്പാദനം 50 ശതമാനമായി ചുരുങ്ങിയിരുന്നു. ഇരുമ്പുരുക്കുവ്യവസായത്തിൽ ഉല്പാദനം 20 ശതമാനമായി ചുരുങ്ങിയിരുന്നു; വസ്ത്രവ്യവസായത്തിൽ 25 ശതമാനമായും—പൊതുവെ ഉല്പാദനം 50 ശതമാനമായും കുറഞ്ഞിരുന്നു.

"1950-ൽ ഗവൎമ്മേണ്ടു് നാണയവ്യവസ്ഥ സ്ഥിരമാക്കു

---

* Land Reform in China: The Economist: 10-6-'51 P. 1573.

† The Economist: 17-3-'51. P. 604.

വാനും, സാധനവിലയുടെ നിലവാരം ഉറപ്പിക്കുവാനും, സക്കാർ ധനകാര്യം ഏകീകരിക്കുവാനുമുള്ള നടപടികൾ അംഗീകരിച്ചു. ഇതിന്റെ ത്വരിതമായ വിജയത്തിൽനിന്നാണു രാജ്യവ്യാപകമായ നിലയിൽ സ്വകാര്യവ്യവസായങ്ങളിലും, പൊതുവ്യവസായങ്ങളിലുമുള്ള പുനരുദ്ധാരണവികസനപരിശ്രമങ്ങളുടെ ആരംഭം,"- എന്നാണ് കേന്ദ്രഗവമ്മേണ്ടിന്റെ ഭരണകൌൺസിലിന്റെ സാമ്പത്തിക ധനകാര്യക്കമ്മിററിയുടെ വൈസ് ചെയർമേൻ ലി ഫൂ-ചൻ പ്രസ്താവിക്കുന്നത്.* ബഡ്ജററ് സമീകരിക്കാനും നാണയക്കുഴപ്പം തീക്കാനും കഴിഞ്ഞതോടെ "സ്റ്റേററ്" ഉടമയിലുള്ള വ്യവസായങ്ങളിലും, ഖനനസംരംഭങ്ങളിലും ധാരാളം പണം മുതലിറക്കുവാൻ ഗവമ്മേണ്ടിന്നു സാധിച്ചു. നടത്തിപ്പുസമ്പ്രദായത്തിലുള്ള ദൂഷ്യങ്ങളകററുവാൻ കർശനമായ നടപടികളെടുത്തു. "ഫാക്ടറികളിലും ഖനികളിലും ഒളിച്ചുകൂടിയിരുന്ന മററു വിപ്ലവകാരികളെ ശുദ്ധീകരണംമൂലം പുറംതള്ളി; തൊഴിലാളികളെ ദ്രോഹിക്കുകയും അവർ വെറുക്കുകയും ചെയ്തിരുന്ന സ്വേച്ഛാപ്രഭുക്കളെ നിർമ്മാർജ്ജനം ചെയ്തു." † കൂലിനിരക്ക് പരിഷ്ക്കരിക്കുകയും ഉല്പാദനത്തിൽ ഒരു ഉത്തരവാദിത്വസമ്പ്രദായം അവതരിപ്പിക്കയും ചെയ്തു. ചില സാങ്കേതികമാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ഉല്പാദനപദ്ധതികൾ രൂപവൽക്കരിക്കുകയും ചെയ്തു. അനന്തരം ഒരു ഉല്പാദന വദ്ധന—വ്യയന്യൂനീകരണപ്രസ്ഥാനം—സമാരംഭിക്കുകയും ചെയ്തു. ഈ പരിഷ്ക്കാരങ്ങൾ കാരണം തൊഴിലാളികളുടെ ഉത്സാഹവും പ്രയത്നക്ഷമതയും വദ്ധിച്ചു. 1952-ന്റെ പൂർവ്വാദ്ധത്തിൽ വ്യവസായസ്ഥാപനങ്ങളിലെ 80 ശതമാനം ഉദ്യോഗസ്ഥന്മാരും തൊഴിലാളികളും ഈ പ്രസ്ഥാനത്തിൽ പങ്കെടുത്തിട്ടുണ്ട്. അവർ നടത്തിപ്പു നന്നാക്കുവാനുള്ള പല മാർഗ്ഗങ്ങളും അ

---

† Li Fu-Chun: New China's Economic Achievements-1949-'52. P. 176.

* Ibid-177.

ഭിപ്രായപ്പെട്ടുകയുണ്ടായി. ആദ്യം ഓരോ വ്യവസായസ്ഥാപനത്തിനുമുള്ള കോട്ട നിശ്ചയിച്ചതു് മുൻകാലത്തെ പരമമായ ഉല്പാദനത്തോതിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. എന്നാൽ ഉത്സാഹഭരിതരായ തൊഴിലാളികൾ ഈ സീമയേയും അതിലംഘിച്ചു് മുന്നോട്ടു പോയതായിട്ടാണു് റിപ്പോർട്ടു്. ഉദാഹരണമായി, 1949-നെ അപേക്ഷിച്ചു് 1952-ൽ വൈദ്യുതീകരണസ്ഥാപനങ്ങളിലെ ഉല്പാദനം 82 ശതമാനം വർദ്ധിച്ചു. കൽക്കരിഖനികളിലെ യഥാർത്ഥഉല്പാദനവും ഉല്പാദനസാദ്ധ്യതയും തമ്മിലുള്ള തോതു് 30 ശതമാനത്തിൽനിന്നു് 75 ശതമാനമായി ഉയൎന്നു. കൽക്കരിത്തൊഴിലാളികളുടെ നിത്യേനയുള്ള ആളോഹരി ഉല്പാദനം 0·33 ടൺ കൽക്കരി ആയിരുന്നതു് 0·62 ടൺ ആയി വർദ്ധിച്ചു.

1949-നെ അപേക്ഷിച്ചു് 1952-ൽ ഓരോ കതിരിൻേറയും ഉൽപ്പാദനത്തോതു് 15 ശതമാനവും ഓരോ മഗ്ഗത്തിൻേറതു് 26 ശതമാനവുംകണ്ടു് വർദ്ധിച്ചിട്ടുണ്ടു്; മുമ്പു് 250 കതിരുകൾ മാത്രം പ്രവർത്തിച്ചിരുന്ന ഒരു നേർമ്മനൂൽ പ്രവർത്തകനു് ഇപ്പോൾ 800 കതിരുകൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നുണ്ടു്; മുമ്പു് 4 സാധാരണ മഗ്ഗങ്ങൾ നടത്തിയിരുന്ന ഒരു തൊഴിലാളി ഇപ്പോൾ 24 മഗ്ഗങ്ങൾ നടത്തുന്നുണ്ടു്. സ്വമേധയാ പ്രവർത്തിക്കുന്ന മഗ്ഗങ്ങൾ മുമ്പൊരാൾ നടത്തിയിരുന്നതു് 10 ആണെങ്കിൽ ഇപ്പോൾ അതു് 32 ആയി. എല്ലാ വ്യവസായങ്ങളിലും പുതിയ ഡിസൈനുകളും ധാരാളമായി ഉല്പാദിപ്പിക്കാൻ തുടങ്ങീട്ടുണ്ടു്.*

ഇരുമ്പു റെയിൽ, ഖനനയന്ത്രം, മഗ്ഗങ്ങൾ മുതലായവ പുതുതായി നിർമ്മിക്കുന്ന സാധനങ്ങളിൽപ്പെട്ടും. സ്വകാര്യവ്യവസായങ്ങളുടെ സമുദ്ധരണത്തിനും വികസനത്തിനും ഗവർമ്മേണ്ടിൻേറ മാർഗ്ഗനിർദ്ദേശവും സഹായവും വളരെ പ്രയോജകീഭവിച്ചിട്ടുണ്ടു്. അവയ്ക്കു് അസംസ്കൃതപദാർത്ഥങ്ങൾ കൃത്യസമയത്തു ലഭിക്കുവാനും,

* New China's Economic Achievements- P. 179.

ഉല്പന്നങ്ങളുടെ വില യഥാസമയം നടത്തുവാനും സഹായിക്കുക കാരണം ഗവമ്മേണ്ടുപ്ലാനുകൾ അനുസരിച്ചു ഉല്പാദനം വദ്ധിപ്പിക്കുവാൻ സാദ്ധ്യമാവുന്നുണ്ടത്രെ. "പുതിയ വ്യവസായത്തിൻെറ പൊരുൾ മറെറാന്നുമല്ല. എല്ലാ വ്യവസായങ്ങളും ദേശീയാവശ്യമനുസരിച്ചുള്ള മുൻപിനടിസ്ഥാനത്തിൽ രൂപവൽക്കരിക്കുന്ന ഉല്പാദനപരിപാടിയിൽ ഒതുങ്ങിനിന്നു പ്രവത്തിക്കണം എന്നുതന്നെ."* ഗവമ്മേണ്ടിൻെറയും സ്വകാര്യവ്യവസായികളുടേയും കൂട്ടുടമയിലുള്ള സ്ഥാപനങ്ങളിൽ നികുതിയടവുകഴിഞ്ഞു ശേഷിക്കുന്ന ലാഭത്തിൽ 10 ശതമാനം കരുതൽധനമായി സൂക്ഷിക്കുകയും, 15 ശതമാനം ഫാക്ടറികളിലെ രക്ഷാമാർഗ്ഗങ്ങൾക്കും 15 ശതമാനം തൊഴിലാളികളുടെ ക്ഷേമപരിപാടികൾക്കും നീക്കിവെയ്ക്കുകയും വേണം. ബാക്കി ബോണസ്സും 8 ശതമാനത്തിൽ കവിയാത്ത വിവിധഫണ്ടും നൽകാൻ ഉപയോഗിക്കാം. ചൈനയുടെ വിമോചനത്തിന്നുമുമ്പുള്ള വ്യവസായോല്പാദനത്തിൻെറ സ്ഥിതിയും അതിന്നുശേഷം ആസൂത്രണംചെയ്ത ഉല്പാദനലക്ഷ്യവും താഴെ ചേക്കുന്നു:

(വിമോചനത്തിനുമുമ്പുള്ള ഏറാവും വലിയ ഉൽപ്പാദനം=100)

| ഉല്പാദക പദാത്ഥങ്ങൾ | 1949-ലെ ഉല്പാദനം | 1952-ലേക്കുള്ള ഉല്പാദന ലക്ഷ്യം |
|---|---|---|
| വിദ്യച്ഛക്തി | 72 | 115 |
| കല്ക്കരി | 45 | 90 |
| പെട്രോൾ | 38 | 136 |
| പച്ചഇരുമ്പ് | 11 | 104 |
| വാപ്പുരുക്ക് | 16 | 155 |
| ഉരുക്ക് | 18 | 167 |
| സിമൻറ് | 31 | 148 |

* മുണ്ടശ്ശേരി: ചൈന മുന്നോട്ട് - പേ. 128.

| ഉപഭോക്തൃപദാർത്ഥങ്ങൾ | 1949–ലെ ഉല്പാദനം | 1952ലേയ്ക്കുള്ള ഉൽപ്പാദനലക്ഷ്യം |
|---|---|---|
| പരുത്തിനൂൽ | 72 | 144 |
| പരുത്തിത്തുണി | 73 | 161 |
| കടലാസ്സ് | 90 | 234 |
| സിഗററ്റ് | 83 | 145 |
| തീപ്പെട്ടി | 85 | 111 |
| ധാന്യമാവ് | 78 | 106 |

ഇപ്രകാരം വിമോചനത്തിന്നു മുമ്പുള്ള ഏററവും നല്ലകാലത്തെ ഉൽപ്പാദനത്തേയും അതിശയിക്കുമാറാണ് പൊതുവെ ഉൽപ്പാദനം ആസൂത്രണംചെയ്യപ്പെട്ടതു്. "ഇതു സമ്പദ്‌വ്യവസ്ഥയിലുള്ള നവീന വ്യവസായങ്ങളുടെ തോതു വർദ്ധിപ്പിക്കുവാൻ സഹായിക്കുമെന്നു് പറയേണ്ടതില്ലല്ലൊ. നമ്മുടെ സ്റ്റേററുടമയിലുള്ള വ്യവസായങ്ങൾ മുന്തിയവയും സോഷ്യലിസ്റ്റ് മാതൃകയിലുള്ളവയുമാകയാൽ അവ വളരെവേഗത്തിൽ വികസിക്കുന്നു. എന്നാൽ സ്റ്റേററുടമയിലുള്ള വ്യവസായങ്ങളും കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ പ്രശംസനീയമായ പുരോഗതി പ്രാപിച്ചിട്ടുണ്ടു്." 1949–ൽ നവീനവ്യവസായങ്ങൾ ആകെയുള്ള ഉൽപ്പാദനരംഗത്തിൻെറ 17·4 ശതമാനം മാത്രം വന്നിരുന്നതു 1952–ൽ 72·89 ആയി വർദ്ധിച്ചുവെന്നു് വിദേശവ്യാപാര വികസനത്തിന്നുള്ള ചൈനാക്കമ്മിററിയിലെ അംഗമായ ചെൻ ഹാൻ സെങ്ങ് പ്രസ്താവിക്കുന്നു.*

1949-നെ അടിസ്ഥാനവർഷമാക്കിയെടുത്താൽ 1952–ലേയ്ക്കു് കനപ്പെട്ട വ്യവസായങ്ങളിൽ ഉൽപ്പാദനം എത്രകണ്ടു വർദ്ധിച്ചിട്ടുണ്ടെന്നാണു് താഴെ ചേർക്കുന്ന കണക്കുകൾ കാണിക്കുന്നതു്:

* Chen Han-Seng: The Path of China's Economy: Op. Cit.

(1949-ലെ ഉല്പാദനം = 100)

| ഉല്പന്നം | 1950 | 1951 | 1952 |
|---|---|---|---|
| പച്ചയിരുമ്പ് | 394 | 574 | 764 |
| ഉരുക്ക് | 383 | 566 | 846 |
| ഉരുക്ക്കട്ടി | 388 | 496 | 848 |
| വിദ്യുച്ഛക്തി | 106 | 134 | 164 |
| കൽക്കരി | 132 | 164 | 202 |
| ശുദ്ധിചെയ്യാത്ത എണ്ണ | 166 | 248 | 358 |
| സിമൻറ് | 213 | 376 | 433 |
| ലോഹം മുറിക്കുന്ന ആയുധങ്ങൾ | 200 | 362 | 650 |

ലഘുവ്യവസായങ്ങളിലെ, അതായതു് ഉപഭോക്തൃപദാർത്ഥങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളിലെ, ഉൽപ്പാദനത്തിലുണ്ടായ പുരോഗതി താഴെ കുറിക്കുന്നു:

| ഉല്പന്നം | 1950 | 1951 | 1952 |
|---|---|---|---|
| പരുത്തിനൂൽ | 134 | 149 | 201 |
| പരുത്തിത്തുണി | 154 | 197 | 287 |
| കടലാസ്സ് | 130 | 223 | 331 |
| ധാന്യമാവ് | 93 | 143 | 220 |
| പഞ്ചസാര | 121 | 151 | 199 |
| തീപ്പെട്ടി | 87 | 107 | 129 |
| സിഗററ്റ് | 116 | 116 | 151 |

എന്നാൽ ഉൽപ്പാദനം പ്രധാനമായും മഞ്ചൂറിയൻ പ്രദേശത്തെ ആശ്രയിച്ചിരുന്നു എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. "വ്യവസായത്തിൽ രാജ്യവ്യാപകമായ ലക്ഷ്യമാണു് നിശ്ചയിച്ചിട്ടു

ള്ളതെങ്കിലും പുനർനിർമ്മാണത്തിൽ പ്രധാന പങ്കുവഹിക്കുന്നതു് മ ഞ്ചൂറിയയാണു്. ഈദേശത്തു പൂർണ്ണോല്പാദനശക്തി വീണ്ടെടുക്കുന്ന തിനെആശ്രയിച്ചിരിക്കും ചൈനയിലെ എല്ലാ സാമ്പത്തിക പ ദ്ധതികളും എന്നാണു് 'ഇക്കോണമിസ്റ്റി'ൻെറ ഒരു പ്രത്യേക ലേ ഖകൻ എഴുതിയിരിക്കുന്നതു്.*

1952-ൽ ആകെ വ്യവസായോല്പാദനം 50 ശതമാനം ഗവർമ്മെണ്ടുടമയിലുള്ള വ്യവസായങ്ങളിൽ നിന്നായിരുന്നു. 5 ശതമാനം ഗവർമ്മെണ്ടും സ്വകാര്യവ്യക്തികളുംകൂടി നടത്തുന്ന വ്യവസായങ്ങളിൽ നിന്നും, 3 ശതമാനം സഹകരണസംഘങ്ങ ളിൽനിന്നും, ബാക്കി 42 ശതമാനം സ്വകാര്യവ്യവസായങ്ങളിൽ നിന്നും. ഉപഭോക്തൃപദാർത്ഥങ്ങളേക്കാൾ ഉൽപ്പാദകപദാർത്ഥങ്ങ ളുടെ സപ്ലൈ വർദ്ധിപ്പിക്കുന്നതിലാണു് അധികം ശ്രദ്ധപതിപ്പി ച്ചിരുന്നതു്. 1949-ൽ ഇവയുടെ ഉൽപ്പാദനം 67·5 % : 32·5 ശതമാനം എന്ന തോതിലായിരുന്നതു് 1952-ൽ 56·2 ശതമാ നം : 43·8 ശതമാനം എന്ന തോതിലായി. "സോഷ്യലിസ്റ്റ്" സംരംഭങ്ങളിലെ, അതായതു ഗവർമ്മെണ്ടുടമയിലുള്ളവയിലെ വി കസനത്തോതു സ്വകാര്യസംരംഭങ്ങളിലേതിനേക്കാൾ അധിക മായിരുന്നു, എന്നാൽ സ്വകാര്യസംരംഭങ്ങളിലെ ആകെയുള്ള ഉൽ പ്പാദനം വളരെ വർദ്ധിച്ചതായി കാണുന്നുണ്ടു്.† വ്യവസായ രംഗ ത്തിൽ ചില ദൂഷ്യങ്ങളുള്ളതും എടുത്തു കാണിക്കപ്പെട്ടിട്ടുണ്ടു്. ഗവർമ്മെണ്ടുടമയിലുള്ള വ്യവസായത്തിൻെറ വിവിധഭാഗങ്ങൾ പു നഃസംവിധാനത്തിലും വികസനത്തിലും പല ന്യൂനതകളും പ്രത്യ ക്ഷപ്പെട്ടുത്തീട്ടുണ്ടു്. പല സംരംഭങ്ങളിലും തൃപ്തികരമായ ഉൽപ്പാ ദനാസൂത്രണവ്യവസ്ഥകളും, നടത്തിപ്പു വ്യവസ്ഥകളും, ഉത്തരവാ ദിത്വവ്യവസ്ഥകളും ഏർപ്പെട്ടുത്തീട്ടുണ്ടായിരുന്നില്ല. (അതിനാൽ) അവയ്ക്കു് ഉൽപ്പാദനം പദ്ധതികളനുസരിച്ചു്, വ്യവസ്ഥിതമായ

---

* China's Economic Strength: The Economist 10-3-'51.

† People's China: Jan. 1, 1953. (P. 28)

നിലയിൽ, നടത്തുവാൻ സാധിച്ചില്ല. ചിലവയിൽ ഉൽപ്പാദനച്ചെലവു് വളരെ അധികമായിരുന്നു; വണ്ണത്തിൽ ശ്രദ്ധിച്ചു് ഗുണത്തിൽ ഉപേക്ഷ കാണിക്കുവാനുള്ള വാസനയും ഉണ്ടായിരുന്നു. കേടുള്ളതും രണ്ടാം കിടയിലുള്ളതുമായ ഉല്പന്നങ്ങളുടെ തോതു് അധികമായിരുന്നു. സമ്പദ്വിഷയകമായ നിർമ്മാണപ്രവൃത്തിയുടെയും ജനതയുടെയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങളനുസരിച്ചു് ഉൽപ്പാദനച്ചെലവു ചുരുങ്ങുകയോ ഉല്പന്നങ്ങളുടെ ഗുണം വർദ്ധിക്കുകയോ ചെയ്തില്ല. ചില ഇനങ്ങളുടെ കാര്യത്തിൽ ഉൽപ്പാദനവും വിതരണവും സന്തുലിതമാക്കുവാൻ ശ്രദ്ധിച്ചില്ല. അതിനാൽ ചിലവയ്ക്കു് ദൗർലഭ്യം നേരിട്ടു. മററു ചിലവ സൂക്ഷിപ്പുറയിൽ കെട്ടിക്കിടന്നു.... ചില സംരംഭങ്ങളിൽ രക്ഷാനടപടികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല."* തൊഴിലാളികളും, സാമഗ്രികളും കേടുതീർക്കുവാനുള്ള യന്ത്രഭാഗങ്ങളും, ഉപകരണങ്ങളും യഥാവസരം ലഭിയ്ക്കായ്കയാൽ പലരംഗങ്ങളിലും കാര്യക്ഷമത നശിക്കുകയും ദുർവ്യയം നേരിടുകയും ചെയ്തിട്ടുണ്ടത്രെ. †

## ഗതാഗതസൗകര്യവും വാഹനസൗകര്യവും

റെയിൽവേയുടെ ദൈർഘ്യം 1950-ൽ 21,715 കിലോമീററായിരുന്നതു 1952-ലേയ്ക്കു് 24,232 കിലോമീററായി വർദ്ധിച്ചു. സാമാനക്കടത്തു 1952-ൽ 1950-ലേതിനേക്കാൾ 32 ശതമാനവും 1951-നേക്കാൾ 19 ശതമാനവും അധികമായിരുന്നു. ഇതു പ്ലാൻചെയ്ത ക്വോട്ടായിലും 4 ശതമാനം അധികമായിരുന്നു. ഇതുപോലെതന്നെ 4 ശതമാനം അധികം കപ്പലിലെ സാമാനക്കടത്തിലും ഉണ്ടായി. 1952-ലെ ആകെ ടണ്ണേജു് 1951-നെ അപേക്ഷിച്ചു് 158 ശതമാനവും 1950-നെ അപേക്ഷിച്ചു് 689 ശതമാനവും അധികമായിരുന്നു. ഗവർമ്മേണ്ടുടമയിലുള്ള ലോറികൾ

---

* Communique......Op. Cit.

† U. N. Economic Commission for Asia and Far East: Economic Bulletin Of Asia & Far East.

വഴി സാമാനക്കടത്തു 1952-ൽ 1951-ലേതിന്റെ 240 ശതമാനവും 1950-ലേതിന്റെ 261 ശതമാനവും ആയി വൎദ്ധിച്ചു. വിമാനമാൎഗ്ഗംവഴിയുള്ള കടത്തു 1952-ൽ 1951-ലേതിനെ അപേക്ഷിച്ചു് 123 ശതമാനവും 1950-ലേതിനെ അപേക്ഷിച്ചു് 267 ശതമാനവും ആയി. പോസ്റ്റാഫീസുകളുടേയും ടെലിഫോൺ ആഫീസുകളുടെയും എണ്ണം 1952-ൽ 1951-ലേതിനെ അപേക്ഷിച്ചു് 114 ശതമാനവും 1950-ലേതിനെ അപേക്ഷിച്ചു് 132 ശതമാനവും ആയിവൎദ്ധിച്ചു.

വാഹനഗതാഗതകാൎയ്യങ്ങളിലും ചില ന്യൂനതകൾ നേരിട്ടിട്ടുള്ളതായും അധികൃത റിപ്പോൎട്ടിൽ പ്രസ്താവിക്കുന്നു:

“റെയിൽവേ വാഹനത്തിൽ ചില വിഭാഗങ്ങളിൽ സാമാനക്കടത്തിന്നുള്ള പ്ലാനും യഥാൎത്ഥ കടത്തും തമ്മിൽ പൊരുത്തക്കേടുണ്ടായിരുന്നു. കടൽ മാൎഗ്ഗമായുള്ള കടത്തു തുറമുഖത്തെ പ്രവൃത്തി, കപ്പൽസൗകൎയ്യത്തിന്നനുസരിച്ചു് നടന്നില്ല............ട്രാൻസ്പ്പോർട്ടുകാൎയ്യത്തിൽ ഹൈവേ നടത്തിപ്പു് സാരമായി ഭേദപ്പെട്ടിട്ടില്ല. തപാൽ-ദൂരശ്രവണ വകുപ്പിലെ വ്യാപാരകാൎയ്യത്തിൽ സമുചിതമല്ലാത്തമാൎഗ്ഗങ്ങൾ കൈക്കൊള്ളാനുള്ള ഒരു വാസനയുണ്ടായിരുന്നു.”

വ്യാപാരരംഗം:—1952-ൽ ആഭ്യന്തരമാൎക്കററിലെ വ്യാപാരത്തിൽ പകുതിയിലധികവും നടത്തിയതു ഗവൎമ്മെണ്ടുടമയിലുള്ള സ്ഥാപനങ്ങളും സഹകരണസംഘങ്ങളുമാണു്. സ്റ്റോറുസ്ഥാപനങ്ങളുടെ വ്യാപാരം ക്രമപ്രവൃദ്ധമായി വളൎന്നുവന്നിട്ടുണ്ടു്. 1952-ൽ അതു് 1951-ലേതിന്റെ 156 ശതമാനവും 1950-ലേതിന്റെ 383 ശതമാനവുമായിരുന്നു. സഹകരണവിക്രയ സംഘങ്ങളുടേയും ഉപഭോക്തൃസംഘങ്ങളുടെയും ചില്ലറവില്പന 1952-ൽ 1951-ലേതിന്റെ 255 ശതമാനവും 1950-ലേതിന്റെ 557 ശതമാനവുമായിരുന്നു. ഇതു പ്ലാനിട്ടതിലും 22 ശതമാനം അധികമായിരുന്നുവത്രെ. വിദേശവാണിജ്യം ഇരട്ടിച്ചിട്ടുണ്ടു്. എഴുപതിലേറെക്കൊല്ലമായി നടന്നുവന്ന വിദേശവ്യാപാരത്തിലുള്ള കമ്മി

നികത്തുവാൻ സാധിച്ചിരിക്കുന്നുവെന്നാണു ഔദ്യോഗിക റിപ്പോർട്ട്.

സോവിയററുയൂനിയനും മററു ജനകീയ (കമ്മ്യൂണിസ്ററു) രാഷ്ട്രങ്ങളുമായുള്ള വ്യാപാരത്തിൻെറ തോതു് 1950-ൽ 26ശതമാനമായിരുന്നതു് 1952-ലേയ്ക്കു് 72 ശതമാനമായി വദ്ധിപ്പിച്ചിട്ടുണ്ടു്.

എങ്കിലും ഗവമ്മേണ്ടുടമയിലുള്ള അഭ്യന്തരവ്യാപാരത്തിൽ, ഉൽപ്പാദനവികസനത്തിലും സപ്ലൈ സംബന്ധിച്ച ഉറപ്പുനൽകുന്ന കാര്യത്തിലുമുള്ള നയം മനസ്സിലാക്കായ്കയാലും, ഉൽപ്പാദനസ്ഥിതികളും സമുദായത്തിൻെറ ആവശ്യവും മനസ്സിലാക്കിയിരുന്നതുകൊണ്ടും കുഴപ്പങ്ങളുണ്ടായിട്ടുള്ളതായി ഗവമ്മേണ്ടറിയിപ്പിൽപറയുന്നു. ചില സാധനങ്ങളുടെ വിലനിയന്ത്രണം തൃപ്തികരമായിരുന്നില്ല. നടത്തിപ്പുകാര്യത്തിൽ ദുർവ്യയവുമുണ്ടായിരുന്നു.

തൊഴിലാളിവിഭാഗം:—സാമ്പത്തിക സമുദ്ധരണവും വികസനവും സംബന്ധിച്ച സംരംഭങ്ങൾ കൂടുതലായി തൊഴിൽത്തുറകൾ സൃഷ്ടിക്കുകയും ജനങ്ങളുടെ ജീവിതനില ഉയത്തുകയും ചെയ്തു. 1952-ൽ 1951-ലേതിനേക്കാൾ 22 ശതമാനം ജനങ്ങൾക്കു് കൂടുതലായി തൊഴിൽ ലഭിച്ചിരുന്നു. സ്റ്റേററുടമയിലുള്ള വ്യവസായങ്ങളിൽ കൂലി 1949-ലേതിനേക്കാൾ 60 ശതമാനം മുതൽ 120 ശതമാനം വരെ പല ഭാഗങ്ങളിലായി വദ്ധിച്ചിട്ടുണ്ടത്രെ. 1950 ജൂണിൽ തൊഴിലില്ലാത്തവരുടെ ആകെസംഖ്യ 16,60,000 ആയിരുന്നതു് 1951 ജൂലായിലേയ്ക്കു് 4,50,000 ആയിച്ചുരുങ്ങിയത്രെ.*

വ്യവസായവകുപ്പിൻെറ കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ ഉൽപ്പാദനത്തോതു താഴെ കാണിക്കുംപ്രകാരം വദ്ധിച്ചിരുന്നു. 1951-ലേതിനെ അപേക്ഷിച്ചു് 1952-ൽ ഇരുമ്പുരുക്കുവ്യവസായത്തിൽ ഉണ്ടായ വദ്ധന 37 ശതമാനവും, രാസ

* Ref: 'The Liberated Chinese Workers' - The Workers' Press (Peking), 1952.

വ്യവസായങ്ങളിൽ, 12 ശതമാനവും, കല്ക്കരിഖനിയിൽ 2% ശതമാനവും യന്ത്രനിർമ്മാണത്തിൽ 23 ശതമാനവും, വസ്ത്രവ്യവസായത്തിൽ 32 %വും, പെട്രോളെട്ടുക്കലിൽ 32 %വും ആയിരുന്നു. പ്രസ്തുത വകുപ്പിൻെറ കീഴിൽ കൂലി 1952-ൽ മുൻകൊല്ലത്തെ അപേക്ഷിച്ചു് 11 ശതമാനം വർദ്ധിച്ചിട്ടുണ്ടത്രെ. പ്രസ്തുത വർഷത്തിൽ 33 ലക്ഷത്തിലധികം പേൎക്കു് തൊഴിലാളി ഇൻഷ്വറൻസിൻെറ ഗുണം ലഭിച്ചിട്ടുണ്ടു്. ജനങ്ങളുടെ ആകെ ക്രയശക്തി 1950-നെ അപേക്ഷിച്ചു് 25 ശതമാനം വർദ്ധിച്ചിട്ടും, അതേഅവസരത്തിൽ സാമാനവില 10 ശതമാനത്തോളം കുറഞ്ഞിട്ടുമുണ്ടത്രെ. *

സാമൂഹ്യസേവനം:—ചൈനയിലെ ജനങ്ങളുടെ ആരോഗ്യം പൊതുവെ ഭേദപ്പെട്ടുവരികയാണു് എന്നു റിപ്പോർട്ടിൽ പറയുന്നു. ആശുപത്രികളിൽ 1952-ൽ 1950-നെ അപേക്ഷിച്ചു് കിടക്കകൾ 217 ശതമാനം വദ്ധിപ്പിച്ചിട്ടുണ്ടു്. പ്രസവശുശ്രൂഷാകേന്ദ്രങ്ങളും മാതൃശിശുസംരക്ഷണകേന്ദ്രങ്ങളും ഗണ്യമായി വദ്ധിപ്പിച്ചിട്ടുണ്ടു്. പകർച്ചവ്യാധി തടയാനുള്ള ഏർപ്പാടുകളും വിപുലീകരിച്ചിട്ടുണ്ടു്. 1952-ൽ എല്ലാ ഗവമ്മെണ്ടുദ്യോഗസ്ഥന്മാൎക്കും സൌജന്യവൈദ്യസഹായം നൽകാൻ ആരംഭിച്ചിട്ടുണ്ടു്. 1950-'51-ൽ വൈദ്യവിദ്യാൎത്ഥികളുടെ സംഖ്യ മുമ്പത്തെ 69 കൊല്ലത്തെ ആകെ സംഖ്യയേക്കാൾ 60 ശതമാനം അധികമായിരുന്നുവത്രെ.

1952-ൽ ഉന്നതവിദ്യാലയങ്ങളിൽ (സാങ്കേതികവിദ്യാലയങ്ങളടക്കം) ആകെ 2 ലക്ഷം വിദ്യാൎത്ഥികളുണ്ടായിരുന്നു. ഇതു് 1950-ലെ സംഖ്യയുടെ 142 ശതമാനംവരും. നട്ടത്തരം സ്കൂളുകളിൽ 32·8ലക്ഷം വിദ്യാൎത്ഥികളാണുണ്ടായിരുന്നതു്, അതായതു് 1950-ലേതിൻെറ ഇരട്ടി. (ഇതിൽ സുമാർ 3 ലക്ഷം സാങ്കേതികവിദ്യാലയങ്ങളിലായിരുന്നു.) ഇതു സുമാർ 1950-ലെ സംഖ്യയുടെ ഇരട്ടിയോളം വരും. 23 ലക്ഷം വയോജനങ്ങൾ കർഷകൎക്കും

---

* Chen Han-Seng- Op. Cit. - P. 7.

തൊഴിലാളികൾക്കുമുള്ള ഒഴിവുസമയവിദ്യാലയങ്ങളിൽ ചേൎന്നിരുന്നു. ഈ സംഖ്യ 1950-ലേതിന്റെ രണ്ടിരട്ടിയാണത്രെ. ആകെ 2,436 സാംസ്കാരിക കേന്ദ്രങ്ങളുള്ള 60,000 സാംസ്കാരിക സ്ഥാപനങ്ങളും 2,000 നാടകസമിതികളും 20,000 ക്ലബ്ബുകളും വായനശാലകളും ഉണ്ടത്രെ.

ഇപ്രകാരം 3 കൊല്ലത്തെ ഗംഭീരപ്രയത്നം ഹേതുവായി ചൈനയുടെ സമ്പദ്‌വ്യവസ്ഥയെ നിലയുറപ്പിക്കുവാൻ സാധിച്ചിരിക്കുന്നുവെന്നാണ് റിപ്പോർട്ടുകൾകൊണ്ടു കാണുന്നത്. പക്ഷെ ഏതാനും ന്യൂനതകൾ ഇനിയും പരിഹരിക്കേണ്ടതായിട്ടുണ്ട്. ഒരു പ്രമുഖ ചൈനീസ് പത്രപ്രവൎത്തകനായ ചൂചി-പിങ് ഇപ്രകാരം എഴുതുന്നു: "ഒരു വ്യാഴവട്ടക്കാലത്തെ ആകാശംമുട്ടുമാറുള്ള വിലയുടെ കുതിച്ചുചാട്ടത്തെ അവസാനിപ്പിച്ചിരിക്കുന്നു. രാജ്യവ്യാപകമായ കാർഷികപരിഷ്കാരം ചൈനയുടെ മുമ്പത്തെ ദാരിദ്ര്യത്തിന്റെയും പിന്നോക്കനിലയുടേയും പഴഞ്ചൻഅടിത്തറയെ തകൎത്തിരിക്കുന്നു. അതോടുകൂടി ഉൽപ്പാദനശക്തികൾ സ്വതന്ത്രമായിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ പുതുതായി ഒരു വമ്പിച്ചകമ്പോളം ആവിർഭവിച്ചിരിക്കുന്നു. കഴിഞ്ഞ യുദ്ധങ്ങൾ കൃഷിയിലും വ്യവസായത്തിലും വരുത്തിക്കൂട്ടിയ കെടുതികളെ ഗവൎമ്മേണ്ടിന്റെ നേതൃത്വത്തിൽ ജനങ്ങൾ പരിഹരിച്ചിരിക്കുന്നു. വമ്പിച്ച നദിനിയന്ത്രണപദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നു. അവ പ്രകൃതിയെത്തന്നെ മാററിക്കൊണ്ടിരിക്കയാണ്......സുമാർ 800 നാഴികനീളത്തിൽ പുതുതായി റെയിൽവേ പണിതിരിക്കുന്നു. പുതിയ ഫാക്ടറികൾ സ്ഥാപിക്കുകയും പുതിയ ഖനികൾ തുറക്കുകയും ചെയ്തിരിക്കുന്നു. തൊഴിലാളികളുടേയും കർഷകരുടേയും ജീവിതത്തോതു് അടിക്കടി ഉയൎന്നുകൊണ്ടുവരികയാണ്. വൎദ്ധിച്ച വരുമാനംകാരണം അവരുടെ ക്രയശക്തി അധികരിച്ചുവരുന്നുണ്ടെന്നുമാത്രമല്ല, അവരുടെ സാംസ്കാരികജീവിതംതന്നെ വൻതോതിൽ വികാസംപ്രാപിച്ചുവരികയാണ്."*

* Chu Chi-Ping: 'The Plan is Under Way'-China Reconstructs—March-April, 1953.

സാമ്പത്തികരംഗത്തിലെ ദൂഷ്യങ്ങളെ ഉന്മൂലനംചെയ്യാൻ 1951-ൽ ചില പ്രത്യേകനടപടികളെടുക്കുകയുണ്ടായി. ഇതിന്നായി, 'സാൻഫാൻ' എന്നും, 'വൂഫാൻ' എന്നും രണ്ടു പ്രസ്ഥാനം തന്നെ ആരംഭിച്ചു. ആദ്യത്തേതു് ഗവർമ്മേണ്ടുസ്ഥാപനങ്ങളിലും സ്റ്റേററ്‌വ്യവസായവ്യാപാരസംരംഭങ്ങളിലുമുള്ള തൊഴിലാളികളുടെ ഇടയിലുള്ള മൂന്നു ദൂഷ്യങ്ങളെ—അഴിമതി, ദുർവ്യയം, അധികാരമേധാവിത്വം—ദൂരീകരിക്കുവാനുള്ളതായിരുന്നു. വൂഫാൻ സ്വകാര്യവ്യവസായങ്ങളിലുള്ള അഞ്ചു ദൂഷ്യങ്ങളെ—ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർക്കു കൈക്കൂലിനല്കൽ, നികുതിതോല്പിക്കൽ, സർക്കാർസ്വത്തപഹരണം, ഗവർമ്മേണ്ടുകരാറുകളിൽ വഞ്ചന, സാട്ടാവ്യാപാരത്തിന്നുവേണ്ടി സർക്കാർസാമ്പത്തികരഹസ്യമോഷണം എന്നിവ--തുടച്ചുനീക്കുവാനുദ്ദേശിക്കപ്പെട്ടതായിരുന്നു. ഇതിന്റെ ഫലത്തെപ്പററി ഔദ്യോഗികറിപ്പോർട്ടിൽ പറയുന്നതിപ്രകാരമാണു്: "സാൻഫാൻ, വൂഫാൻ എന്നീ പ്രസ്ഥാനങ്ങൾമുഖേന ഇക്കൊല്ലം നാം നമ്മുടെ ജനകീയപരിഷ്കാരം അടിസ്ഥാനപരമായി പൂർത്തിയാക്കുകയും, ബിസിനസ്സു നടത്തിപ്പുമാർഗ്ഗങ്ങൾ നന്നാക്കിത്തീർക്കുന്നതിൽ കുറച്ചൊക്കെ മുന്നോട്ടുപോവുകയും ചെയ്തു. സാങ്കേതികജോലിക്കാരുടെ ആദർശസംഹിതയ്ക്കു് ഒരു പുതിയ രൂപം നൽകുവാനും സാധിച്ചു. ഇക്കാരണങ്ങളാൽ ജനകീയസമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കുകയും പരിഷ്കരിക്കുകയും ചെയ്യുക എന്ന കൃത്യം തൃപ്തികരമായി പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിലെ പൊതുവെയുള്ള സാമ്പത്തികസ്ഥിതിയും സർക്കാർധനകാര്യനിലയും അഭിവൃദ്ധിപന്ഥാവിലേയ്ക്കു് ഉന്മുഖമായിക്കഴിഞ്ഞിരിക്കുന്നു."*

എന്നാൽ സ്വകാര്യവ്യവസായികളുടെനേർക്കു് പല നിർബ്ബന്ധനടപടികളും ഉപയോഗിച്ചതായും റിപ്പോർട്ടുണ്ടു്. വ്യാപാരി

* Li Fu-Chun: New China's Economic Achievements- 1949-'52. (P. 182-183).

കളേയും വ്യവസായികളേയും മററുള്ളവരേയും വിജയഋണപത്രങ്ങൾ (Victory Bonds) വാങ്ങുവാൻ നിർബ്ബന്ധിച്ചിട്ടുണ്ട്. ഓരോ സ്ഥാപനവും ഇത്രയിത്ര വാങ്ങേണമെന്നു നിശ്ചയിച്ചിരുന്നു. ശിക്ഷാപരമായ നികുതികളും ചുമത്തിയിരുന്നു. ഇതിന്റെയെല്ലാം ഫലമായി വ്യാപാരത്തകർച്ചയും ദീപാളിത്വവും പരന്നു. അപ്പോൾ 'പ്രോത്സാഹനപരമായ കടം' നൽകി സ്വകാര്യവ്യവസായികളെ ഗവമ്മേണ്ടിന്റെ ആശ്രിതരാക്കി. "ഷാങ്ഹായിൽ പൂവ്വചൈനാജനകീയഗവമ്മേണ്ടിന്റെ മേഖലയിൽ കനത്തപിഴകളും, ഭൂതകാലത്തേയോ വത്തമാനകാലത്തേയോ, ദുഷ്ക്രിയകൾക്കുള്ള നഷ്ടപരിഹാരസാദ്ധ്യതയും, കൂലിവദ്ധനാചട്ടങ്ങളും, അതിർകവിഞ്ഞ നികുതിഭാരവും വിമോചനത്തിനുശേഷം വ്യവസായഉടമകളുടെമേൽ ചുമത്തുകയുണ്ടായി. വർഗ്ഗസമരത്തിന്റെ ഇത്തരം നടപടികൾമൂലം മുതലാളിത്തവർഗ്ഗത്തെ മുട്ടുകുത്തിച്ചു."

വിലയുടെ നിലവാരമുറപ്പിക്കുന്നതിലും ബഡ്ജററ് സമീകരിക്കുന്നതിലും വാഹനസൌകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിലും ഗവമ്മേണ്ടു് വിജയിച്ചിരിക്കുന്നുവെന്നു് ഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തികക്കമ്മീഷൻ സമ്മതിച്ചിരിക്കുന്നു. എന്നാൽ പൊതു ജീവിതത്തോതിനെപ്പററി 'ഇക്കോണമിസ്റ്റ്' എന്ന ലണ്ടൻപത്രം ഇപ്രകാരമെഴുതിയിരിക്കുന്നു: "സൈനികരംഗത്തിൽ, കഴിഞ്ഞ കൊല്ലം സോവിയററ്യൂനിയൻ ഉദാരമായി നല്കിയ ആയുധക്കോപ്പുകൾകാരണം ചൈനയെ ഒരു വൻശക്തിയായിട്ടുതന്നെ പരിഗണിക്കാം. എന്നാൽ ചൈന സാമ്പത്തികജീവിതത്തിലും പൌരജീവിതത്തിലും പരിഷ്കാരംപ്രാപിക്കാത്തഘട്ടത്തിൽത്തന്നെയാണുള്ളതു്. ഇതിൽനിന്നു വേഗത്തിലുള്ള വിമുക്തിക്കു് സാദ്ധ്യതയുമില്ല. പാശ്ചാത്യരാജ്യങ്ങളിൽനിന്നു ധാരാളമായി സാമ്പത്തികസഹായം ലഭിച്ചെങ്കിൽത്തന്നെ ചൈനയിലെ സാമാന്യജനതയുടെ ജീവിതത്തോതു് സാരമായി ഉയത്തുകയെന്നതു സുദീർഘവും ശ്രമകരവുമായ ഒരു കൃത്യമായിരിക്കും. അത്തരം സഹായമാർഗ്ഗങ്ങളി

ല്ലാത്തസ്ഥിതിക്ക്, ഇന്നത്തെ ഭരണകൂടത്തിന്ന്, ത്വരിതമായ പുരോഗതിയെക്കുറിച്ച് അതുളവാക്കീട്ടുള്ള പ്രതീക്ഷകളെ സഫലീകരിക്കുവാൻവേണ്ടി അധികമൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

**ഒന്നാമത്തെ പഞ്ചവത്സരപദ്ധതി**

1949-'52-ലെ സാമ്പത്തികനേട്ടങ്ങളെപ്പററിയുള്ള ഔദ്യോഗികറിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു, കഴിഞ്ഞ നേട്ടങ്ങളൊക്കെ പുനരുദ്ധാരണപരമായിട്ടുള്ളതാണെന്നും, യഥാർത്ഥനിർമ്മാണ പ്രവർത്തനങ്ങൾ ഇനിമേൽ ആരംഭിക്കേണ്ടതായിട്ടാണിരിക്കുന്നതു് എന്നും. "നമുക്കു് വൻതോതിലുള്ള വ്യവസായനിർമ്മാണം ഒരു പുതിയതരം പ്രവൃത്തിയാണു്. നമ്മെ അഭിമുഖീകരിക്കുന്ന വിഷമതകൾ നാനാവിധങ്ങളാണു്........ആസൂത്രണത്തിന്നുള്ള വൈദഗ്ദ്ധ്യം നമുക്കില്ല; പരിഷ്കരിച്ച സാങ്കേതികമാനദണ്ഡങ്ങളനുസരിച്ചു് വലിയ വ്യവസായഖനനസംരംഭങ്ങൾ ആസൂത്രണംചെയ്തിട്ടുള്ള പരിചയവും നമുക്കില്ല. ഇതു ചെയ്യാൻ സാധിക്കേണമെങ്കിൽ നാം അവധാനപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു.......

"സോവിയററ് വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി നാം ആസൂത്രണവിഭാഗങ്ങൾ ഏർപ്പെടുത്തുകയും അവയെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ നമ്മുടെ ആസൂത്രണപ്രാപ്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു."* ചെയർമേൻ മാവോ സേതുങ്ങ് 'ജനങ്ങളുടെ പ്രജാധിപത്യസർവ്വാധിപത്യം' എന്ന ലേഖനത്തിൽ കുറെ മുമ്പുതന്നെ ഇപ്രകാരം പറഞ്ഞിരുന്നു: "ചരടുപിടിക്കാനറിയുന്നവരിൽ നിന്നെല്ലാം—അവരാരായാലും ശരി—നാം സാമ്പത്തികമായ പ്രവൃത്തി ചെയ്യാൻ പഠിക്കണം........യു. എസ്. എസ്. ആർ.-ലെ (റഷ്യ) കമ്മ്യൂണിസ്റ്റ്പാർട്ടിയാണു് നമ്മുടെ ഏററവും ഉത്തമഗുരു; നാം അവിടെനിന്നു പഠിക്കുകയും വേണം."

---

* Li Fu-Chun: New China's Econ. Achievements, 1949-'52. (P. 183-184.)

ഔദ്യോഗികറിപ്പോർട്ടിൻെറ അന്ത്യഭാഗത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ചെയർമേൻ മാവോ സേ തുങ്ങിൻേറയും കേന്ദ്രജനകീയഗവമ്മേണ്ടിൻെറയും നേതൃത്വത്തിൽ ചൈനീസ്ജനത, സമഗ്രമായ ഒരു നിർമ്മാണപദ്ധതിയനുസരിച്ച്, സോവിയററ് യൂനിയൻ നേടിയ അനുഭവങ്ങളെ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ട്, രാജ്യത്തിൻെറ വ്യവസായവൽക്കരണത്തിന് അങ്ങേഅററം പ്രയത്നിക്കുകയും സോഷ്യലിസത്തിൻെറ ശോഭനമായ ഭാവിയെ ലാക്കാക്കി പരിശ്രമിക്കുകയും ചെയ്യും." ഇപ്രകാരം ഒന്നാമത്തെ പഞ്ചവത്സരപദ്ധതി പുറത്തുവന്നു.

1953 സെപ്തമ്പറിൽ ചൈനീസ്ജനതയുടെ രാഷ്ട്രീയകാര്യാലോചനാസമ്മേളനത്തിൻെറ സ്റ്റാൻറിങ്ങ്കമ്മിററിയുടെ ഒരു യോഗം ചേരുകയും ദേശീയസാമ്പത്തികവികസനപ്രശ്നം വിശദമായി ചർച്ചചെയ്യുകയും ചെയ്തു. അനന്തരം കേന്ദ്രജനകീയഗവമ്മേണ്ട് കൌൺസിൽ അതിൻെറ അടിസ്ഥാനതത്വങ്ങൾ രൂപവൽക്കരിക്കുകയും, പരിവത്തനഘട്ടത്തിലേയ്ക്കുള്ള സക്കാർനയം പ്രഖ്യാപിക്കുകയും ചെയ്തു. ചൈനാറിപ്പബ്ളിക്കിൻെറ നാലാം വാഷികാഘോഷാവസരത്തിൽ രാഷ്ട്രീയകാര്യാലോചനാസമ്മേളനത്തിൻെറ ദേശീയസമിതി ചൈനീസ്ജനതയ്ക്ക് നൽകിയ ആഹ്വാനത്തിൽനിന്നും ഗവമ്മേണ്ടിൻെറ സാമാന്യനയം മനസ്സിലാക്കാവുന്നതാണ്: "നാട്ടുകാരേ, ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനോദ്ദേശങ്ങൾ സാധിക്കുന്നതിന്ന് സംഘടിച്ച് പ്രയത്നിക്കുക; രാജ്യത്തിൻെറ പടിപടിയായുള്ള സോഷ്യലിസ്റ്റ് വ്യവസായവൽക്കരണത്തിന്നുവേണ്ടിയും, കൃഷിയുടേയും കരകൗശലംമുഖേനയുള്ള ഉല്പാദനത്തിൻെറയും സ്വകാര്യവ്യവസായത്തിൻെറയും വ്യാപാരത്തിൻെറയും സക്കാരാഭിമുഖ്യത്തിൽ ക്രമാനുഗതമായി ഒരു ദീർഘകാലംകൊണ്ടുള്ള സോഷ്യലിസ്റ്റ്പരിവത്തനത്തിന്നുവേണ്ടിയും കഠിനാദ്ധ്വാനം ചെയ്യുക; ഘനതരവ്യവസായങ്ങളുടെ വികസനത്തിൽ പ്രധാനമായും പരിശ്രമം കേന്ദ്രീകരിച്ച് ദേശീയവ്യവസായവൽക്കരണത്തിന്നും രാജ്യരക്ഷോപകരണങ്ങളു

ടെ നവീകരണത്തിന്നും അടിത്തറപാവുക; ഇതിന്നനുയോജ്യമായ വിധത്തിൽ നിർമ്മാണപ്രവർത്തകരെ പരിശീലിപ്പിക്കുകയും, ഗതാഗതസൌകര്യം, വാർത്താവിനിമയസൌകര്യം, ലഘുതരവ്യവസായം, കൃഷി, വ്യാപാരം എന്നിവയെ വികസിപ്പിക്കുകയും ചെയ്യുക; പടിപടിയായി കാർഷികസഹകരണസംഘങ്ങളെയും കൈവേലസംഘങ്ങളേയും വളർത്തിക്കൊണ്ടുവരിക; സ്വകാര്യവ്യവസായത്തേയും വ്യാപാരത്തേയും പരിഷ്കരിക്കുക; വ്യക്തിപരമായ അടിസ്ഥാനത്തിൽകൃഷിയും, കൈവേലയും സ്വകാര്യവ്യവസായവും വ്യാപാരവും നടത്തുന്നവരെ അവരുടെ യഥാർത്ഥമായ പങ്കു നിർവ്വഹിക്കുവാൻ സഹായിക്കുക; ദേശീയസമ്പദ്‌വ്യവസ്ഥയിലെ സോഷ്യലിസ്റ്റ്‌മേഖലയുടെ അനുക്രമമായ വർദ്ധന സാധിതപ്രായമാക്കുക, ഉല്പാദനവർദ്ധനയുടെഅടിസ്ഥാനത്തിന്മേൽ ജനങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ ജീവിതത്തോതിന്റെ ക്രമാനുഗതമായ ഉന്നമനം സാദ്ധ്യമാക്കുക." ബാക്കിയുള്ള രംഗങ്ങളിൽ സോഷ്യലിസം വ്യാപിക്കുന്നതിന്റെ പ്രാരംഭമെന്ന നിലയിൽ വ്യവസായരംഗത്തിൽ അതു് നടപ്പിൽവരുത്തുകയെന്നതാണു് ഇപ്പോഴത്തെ ഉദ്ദേശം. "സോഷ്യലിസ്റ്റ് വ്യവസായവൽക്കരണം മുഖേന മാത്രമേ കൃഷിയിലും, കരകൌശലത്തിലും, സ്വകാര്യവ്യവസായത്തിലും, വ്യാപാരത്തിലും സോഷ്യലിസ്റ്റ്‌പരിവർത്തനം വരുത്തുവാനുള്ള അടിത്തറയിട്ടുവാനും, അതിന്നാവശ്യമായ നേതൃത്വശക്തി സൃഷ്ടിക്കുവാനും സാധിക്കുകയുള്ളു എന്നു് ചൈനീസ് ജനതയ്ക്കു നല്ലപോലെ അറിയാം," എന്നാണു് ടെങ്ങ്-ടോ പറയുന്നതു്.*

ഇതുസംബന്ധിച്ചു് സർക്കാർനയം ടെങ്ങ്ടോതന്നെ വ്യക്തമാക്കുന്നു: "പരിവർത്തനഘട്ടത്തിൽ നാനാതരം സ്വകാര്യഉടമയിലുള്ള ഉല്പാദനസമ്പ്രദായങ്ങളും കൂട്ടുടമയിലോ, സ്റ്റേററുടമയിലോ ആക്കി മാററുകയും അവസാനം എല്ലാ സാമ്പത്തികമേഖലകളും

* Teng- To: China's General Line of Transition to Socialism- People's China- Jan: 1, 1954.

ഒരേ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേയ്ക്കു് പരിവൎത്തനം ചെയ്കയും ചെയ്യും........

"ഇതിന്നു് ഒന്നാമതായി, വൻതോതിലുള്ള ഒരു സോഷ്യലിസ്റ്റ് വ്യവസായം സൃഷ്ടിക്കുകയും, തദ്വാരാ സക്കാരുടമയുടെ മണ്ഡലം വിപുലീകരിക്കുകയും ചെയ്യണം; രണ്ടാമതായി കൃഷിപ്രവൃത്തിക്കാരുടെയും കരകൌശലക്കാരുടെയും ഉല്പാദനോപകരണങ്ങളുടെ സ്വകാൎയ്യഉടമ—പലതരം—അന്യോന്യം സഹായടീമുകൾമുഖേനയും, സഹകരണസംഘങ്ങൾമുഖേനയും ക്രമേണ സോഷ്യലിസ്റ്റ് കൂട്ടുടമയാക്കി മാററണം; മൂന്നാമതായി, സ്വകാര്യമുതലാളിത്തവ്യവസായത്തേയും വ്യാപാരത്തേയും ക്രമേണ സക്കാർ മുതലാളിത്തത്തിൻെറ മാൎഗ്ഗത്തിലാക്കുകയും അവസാനം സോഷ്യലിസത്തിൻെറ പന്ഥാവിലെത്തിക്കുകയും വേണം."

ഉദ്ദേശവും ലക്ഷ്യവും:—ഈ പദ്ധതി പ്രധാനമായും ചൈനയുടെ വ്യവസായവൽക്കരണത്തിന്നുള്ള ഒന്നാണു്. പദ്ധതി അവസാനരൂപത്തിൽ ഇനിയും പുറത്തുവന്നിട്ടില്ല. ആദ്യവർഷത്തെയ്ക്കുള്ള ചില പരിപാടികൾ മാത്രമെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു. ഇതനുസരിച്ചു് 1953-ലേയ്ക്കു് ചില പ്രധാന പദാൎത്ഥങ്ങളെ സംബന്ധിച്ചേടത്തോളമുള്ള ഉല്പാദനലക്ഷ്യം അടുത്ത പേജിൽ ചേൎത്തിരിക്കുംപ്രകാരമാണു്.

ഈ പദ്ധതിയിലും ഘനതരവ്യവസായങ്ങളുടെ അതായതു് ഉല്പാദനോപകരണങ്ങൾ നിൎമ്മിക്കുന്ന വ്യവസായങ്ങളുടെ, വികസനത്തിന്നാണു് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതെന്നു് ഈ കണക്കിൽനിന്നു വ്യക്തമാണല്ലൊ. ലഘുതരവ്യവസായത്തിൻെറ ആരോഗ്യകരമായ വികസനത്തിന്നുള്ള ഏക അടിസ്ഥാനവും ഘനതരവ്യവസായങ്ങളാണു്. സമുന്നതമായ നിലയിലുള്ളതും, സീമാതീതമായ ഉല്പാദനസാദ്ധ്യതയുള്ളതുമായ സഹകരണകൃഷിസമ്പ്രദായത്തിലേയ്ക്കുള്ള പുരോഗതി സാദ്ധ്യമാക്കാനുള്ള പലതരം കാർഷികയന്ത്രോപകരണങ്ങൾക്കുള്ള ഏകമാ

(1952-ലെ ഉല്പാദനം=100)

| ഉല്പാദകപദാർത്ഥങ്ങൾ | | ഉപഭോക്തൃപദാർത്ഥങ്ങൾ | |
|---|---|---|---|
| പച്ചിരുമ്പ് | 114 | കടലാസ്സ് | 106 |
| ഉരുക്ക് വാർപ്പുകൾ | 123 | | |
| ചെമ്പ് | 139 | പരുത്തിനൂൽ | 109 |
| ഈയം | 149 | | |
| തുത്തനാകം | 154 | പരുത്തിത്തുണി | 116 |
| യന്ത്രായുധങ്ങൾ | 134 | | |
| വ്യവസായ-ഖനനയന്ത്രം | 153 | ചായ | 116 |
| വിദ്യുച്ഛക്തി | 127 | പഞ്ചസാര | 123 |
| പെട്രോൾ | 142 | | |
| സിമൻറ് | 117 | പുകയില | 147 |

ശ്യവും ഇതുതന്നെയാണ്," എന്നു് ചൂ ചീ-പിങ് പ്രസ്താവിച്ചിരിക്കുന്നു.*

ഈ ഉല്പാദനലക്ഷ്യം സാധിക്കുന്നതിന്നുവേണ്ടി ഇരുമ്പുരുക്കു വ്യവസായം, ലോഹവ്യവസായം, രാസവ്യവസായം എന്നിവയിലായി 8 പുതിയയന്ത്രശാലകൾ ഏർപ്പെടുത്തുന്നതും നിലവിലുള്ള 13 എണ്ണം വിപുലീകരിക്കുന്നതുമായിരിക്കും. യന്ത്രോപകരണം, വൈദ്യുതോപകരണം, മോട്ടോർകാർ, കപ്പൽ എന്നിവയുടെ നിർമ്മാണാർത്ഥം 2 പുതിയയന്ത്രശാലകൾതുടങ്ങുന്നതും നിലവിലുള്ള 15എണ്ണം വിപുലീകരിക്കുന്നതുമായിരിക്കും. വടക്കുകിഴക്കൻ ചൈനയിൽ 14 പുതിയ കൽക്കരിഖനികൾ തുറക്കുന്നതായിരിക്കും. വിദ്യുച്ഛക്ത്യുല്പാദനകേന്ദ്രങ്ങളുടെ നിർമ്മാണം കൂടുതൽ വിപുലമായതോ

* Chu Chi-Ping: The Plan is Under Way-China Reconstructs - March-April 1953.

തിൽ നടത്തും. വ്യവസായങ്ങളാരംഭിക്കുവാനുള്ള ആദ്യത്തെ പടിയെന്ന നിലയിൽ കെട്ടിടനിർമ്മാണജോലിയാണു് ആദ്യം സമാരംഭിക്കുന്നതു്.

സ്വകാര്യമേഖലയിൽ ഉൽപ്പാദനം 9 ശതമാനവും സർക്കാർ മേഖലയിൽ 32 ശതമാനവും വർദ്ധിപ്പിക്കുവാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. "ചൈനയുടെ സോഷ്യലിസ്റ്റ് വ്യവസായവല്ക്കരണം സോവിയററ് യൂണിയനിലേതിലും ദ്രുതഗതിയിൽ നടത്തുവാനാണു് ആസൂത്രണം ചെയ്തിട്ടുള്ളതു്. ഇതിന്നു് പ്രധാന കാരണമെന്തെന്നാൽ സോവിയററ് യൂണിയൻ ഒററയ്ക്കുനിന്നാണു് പ്രവർത്തിച്ചതു്; ചൈനയ്ക്കാണെങ്കിൽ, സോവിയററ് യൂണിയൻെറ അനുഭവപാഠവും, സഹായവും പിന്തുണയുമുണ്ടു്. സോവിയററ് സഹായം നിഷ്കാമവും നാനാമുഖവും ദീർഘകാലാടിസ്ഥാനത്തിലുമാണു് നൽകപ്പെടുന്നതു്."*

വ്യാപാരത്തിൽ ആഭ്യന്തരരംഗത്തിൽ മുൻകൊല്ലത്തെയപേക്ഷിച്ചു് 30 ശതമാനവും, വൈദേശികരംഗത്തിൽ 32 ശതമാനവും വർദ്ധന വരുത്തുകയെന്നതാണു് ലക്ഷ്യം.

വിഭവങ്ങൾ:—പ്രകൃതിവിഭവങ്ങളുടെ കാര്യത്തിൽ ഒരു രാജ്യവ്യാപകമായ സർവ്വേ ഇപ്പോൾ നടത്തിവരികയാണു്. ഇതിൻെറ ഫലമായി പുതിയ കൽക്കരിഖനികളും ധാരാളം ലോഹനിക്ഷേപങ്ങളും കണ്ടെത്തീട്ടുണ്ടു്. പുതിയ പദ്ധതിയുടെ നടത്തിപ്പിന്നാവശ്യമായ സാങ്കേതികവിദഗ്ദ്ധരെ പരിശീലിപ്പിച്ചെടുക്കുവാനുള്ള ഒരു പരിപാടിയും തയ്യാറാക്കീട്ടുണ്ടു്. 1952-ൽ ഉന്നതവിദ്യാഭ്യാസം പുനഃസംഘടിപ്പിച്ചതിൻെറ ഫലമായി ഉയൎന്ന സാങ്കേതികവിദ്യാലയങ്ങളുടെ എണ്ണം 33-ൽ നിന്നു് 44-ആയി വർദ്ധിച്ചിട്ടുണ്ടു്. വിദ്യാർത്ഥികളുടെ എണ്ണം 40 ശതമാനം കണ്ടും. നടുത്തരത്തിലുള്ള സാങ്കേതികവിദ്യാഭ്യാസവും ഇപ്രകാരം വിപു

* Chen Han-Seng: The Path of China's Economy —China Reconstructs- Jan.-Feb., 1954.

ലീകരിച്ചിട്ടുണ്ടു്. 1953-ൽ ഉന്നത സാങ്കേതികവിദ്യാലയങ്ങളിൽ 2,20,000 വിദ്യാൎത്ഥികൾ—മുൻകൊല്ലത്തേക്കാൾ 10 ശതമാനം അധികം—ഉണ്ടായിരുന്നുവത്രെ. സാങ്കേതികവിദ്യാഭ്യാസത്തിൽ വിവിധവ്യവസായങ്ങളിലുമാവശ്യമായ വിദഗ്ദ്ധരുടെ പരിശീലനത്തിനാണു് പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. നൂതനസ്ഥാപനങ്ങൾക്കാവശ്യമായ കെട്ടിടനിൎമ്മാണകാര്യത്തിലും വേണ്ടുന്ന പരിശീലനത്തിന്നു് ഏൎപ്പാടു ചെയ്തിട്ടുണ്ടു്. സാങ്കേതികപരിശീലനം നൽകുന്നതിൽ സോവിയററ് വിദഗ്ദ്ധന്മാർ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ടു്.

ധനകാൎയ്യവശം:—വ്യവസായസ്ഥാപനങ്ങൾക്കുള്ള കെട്ടിടനിൎമ്മാണത്തിന്നാവശ്യമായ പണം റവന്യൂമുഖാന്തരവും ഗവൎമ്മെണ്ടു വ്യവസായങ്ങളിലെ ആദായംകൊണ്ടും ഉണ്ടാക്കുന്നതാണു്. അധികോല്പാദനവും ചെലവുചുരുക്കലും സംബന്ധിച്ചു് രാജ്യമാകെ നടത്തിയ പ്രചാരവേലകാരണം നാട്ടിലുള്ള മൂലധനം വൎദ്ധിച്ചിട്ടുണ്ടെന്നാണു് വിശ്വാസം. അങ്ങനെ വടക്കുകിഴക്കൻ ഭാഗത്തിൽ ഗവൎമ്മെണ്ടുടമയിലുള്ള വ്യവസായ സ്ഥാപനങ്ങൾ 115 കോടി ടൺ ധാന്യത്തിൻെറ വിലവരുന്നത്രധനം കൂടുതലായി സമ്പാദിച്ചിട്ടുണ്ടു്. 69 ലക്ഷം യെൻ (സുമാർ 10 കോടി പവൻ) വില വരുന്ന കൂടുതൽ ധനം കിഴക്കൻ ചീനയിലും ഉരുക്കൂട്ടീട്ടുണ്ടു്. വടക്കൻ ചീനയിലെ സമ്പാദ്യത്തിൻെറ ഉന്നം 60 ലക്ഷം യെൻ (സുമാർ $8\frac{3}{4}$ കോടി പവൻ) ആയിരുന്നു—അവിടെ ഈ ലക്ഷ്യത്തെ 25 ശതമാനം കണ്ടു് അതിലംഘിച്ചിരിക്കുന്നുവെന്നാണു് റിപ്പോൎട്ടു്.

## പ്രഥമവൎഷത്തിലെ പുരോഗതി

ഒന്നാംകൊല്ലത്തേയ്ക്കുള്ള ഉല്പാദനലക്ഷ്യങ്ങൾ പൂൎണ്ണമായി പ്രാപിക്കുവാൻ സാധിച്ചിരിക്കുന്നുവെന്നും, ചില രംഗങ്ങളിൽ അതിലും കവിഞ്ഞ അഭിവൃദ്ധി കൈവന്നിരിക്കുന്നുവെന്നുമാണു് ഔദ്യോഗികപ്രസ്താവനകളിൽ പറയുന്നതു്. 1953-ലേയ്ക്കുള്ള പൊ

തുലക്ഷ്യം 1952-നേക്കാളും ഉൽപ്പാദനം, കാർഷികരംഗത്തിലും വ്യാവസായികരംഗത്തിലും കൂടി ആയിരുന്നു. വ്യവസായത്തിൽ മാത്രമായുള്ള ലക്ഷ്യം 23 ശതമാനം ആയിരുന്നു. ഇതിൽ ഉൽപ്പാദനോപകരണ വ്യവസായങ്ങളിൽ 35 ശതമാനവും, ഉപഭോക്തൃപദാർത്ഥവ്യവസായങ്ങളിൽ 16 ശതമാനവും ഉല്പാദനവർദ്ധനയുണ്ടായതായിപ്പറയുന്നു.* ഉൾപ്രദേശങ്ങളിൽ നൂതനവ്യവസായങ്ങൾ സ്ഥാപിച്ചുവരികയാണ്. ആകെ 141 വ്യവസായസംരംഭങ്ങൾ പുതുതായി നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്തു വരികയാണെന്നും, ഇതിനു സോവിയറ്റ് യൂണിയൻ സാങ്കേതിക സാമ്പത്തികസഹായങ്ങൾ വാഗ്ദാനം ചെയ്തിരിക്കയാൽ ക്രമത്തിൽ ചൈനയ്ക്കു് അതിന്റെ കനത്ത വ്യവസായത്തെ സുശക്തമായി കെട്ടിപ്പടുക്കുവാൻ സാധിക്കുമെന്നും ചെയർമാൻ മാവോ 1953 സെപ്റ്റംബറിൽ മലങ്കോവിന്നയച്ച ഒരു സന്ദേശത്തിൽ പ്രസ്താവിക്കുകയുണ്ടായി.† കാർഷികരംഗത്തിൽ കാലാവസ്ഥ കാരണമുള്ള ചില നഷ്ടങ്ങൾ നേരിട്ടിട്ടും ആകെയുള്ള ഉല്പാദനം 1953-ന്റെ അന്ത്യപാദത്തിൽ "1952-ലെ ഉന്നതനിലയിൽത്തന്നെ" എത്തിയിരിക്കുന്നുവത്രെ. വമ്പിച്ച ജലസംഭരണ പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തിയിരിക്കുന്നു. ഗതാഗതകാര്യം നോക്കുകയാണെങ്കിൽ 9 പുതിയ റെയിൽവേലൈൻ ഇട്ടുവരുന്നുണ്ടായിരുന്നു. കൊല്ലാവസാനത്തിൽ 377 മൈൽ ലൈനിൽ വണ്ടിയോടുവാൻ തക്കവണ്ണം പണിപൂർത്തിയായിരുന്നു. പുതിയ ഹൈവേയും കപ്പലുകളും നിർമ്മിച്ചിട്ടുണ്ടു്. 1953-ലെ നേട്ടങ്ങളെ സംഗ്രഹിച്ചുകൊണ്ടു് ചൈനാസമാധാനക്കമ്മിററിയുടെ സെക്രട്ടറി-ജനറലായ ലിയുനിങ്-ഈ ഇപ്രകാരം പറയുന്നു: "നവീനചീനയിൽ—നമ്മുടെ പഞ്ചവത്സരപദ്ധതിയുടെ ഒന്നാമത്തെ വർഷം--1953 സാമ്പത്തി

---

* Chen Han-Seng: The Path of China's Economy: Op. Cit.

† Ref: People's China. Jan: 1, 1954 (P. 9)

കനിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചേടത്തോളം ഫലപ്രദമായ നേട്ടങ്ങൾ കണ്ടിട്ടുണ്ട്. മുമ്പ് വിദേശങ്ങളിൽനിന്നിറക്കുമതി ചെയ്യേണ്ടിയിരുന്ന ഉല്പന്നങ്ങൾ സോവിയററ് യൂണിയൻെറ സഹായത്തോടുകൂടി നിർമ്മിക്കുകയും പൂർത്തിയാക്കുകയും ചെയ്ത യന്ത്രശാലകൾവഴി ഉല്പാദിപ്പിക്കുവാൻ തുടങ്ങി—ഇപ്പോൾ ഒന്നിനുശേഷം മറെറാന്നായി, പുതിയ കൂററൻ യന്ത്രശാലകൾ ചക്രവാളത്തിനുമീതെ ഉയരുകയാണു്."* സ്റ്റാലിൻെറ ചരമശേഷം മാവോവിന് മോസ്കോവിൽനിന്നു് കൂടുതൽ സഹായങ്ങൾ ലഭിച്ചുവരുന്നുണ്ടു്; ഇതിൽ ഭൂരിഭാഗവും മഞ്ചൂറിയയിലെ വ്യവസായവികസനത്തിന്നു വേണ്ടിയാണു്. സാമ്പത്തികാസൂത്രകരേയും, സാങ്കേതികവിദഗ്ദ്ധരേയും, വിദഗ്ദ്ധത്തൊഴിലാളികളെയും, സോവിയററ് യൂണിയൻ അയച്ചുകൊടുക്കുന്നുണ്ടു്. ചൈനക്കാർ ധാരാളമായി റഷ്യയിൽപ്പോയി പരിശീലനം നേടുന്നുമുണ്ടു്.

ചെൻ ഹാൻ-സെങിൻെറ അഭിപ്രായത്തിൽ, "ആകപ്പാടെ പദ്ധതിയുടെ പ്രഥമവത്സരം ചൈനയിൽ ഗണനീയമായ മാററങ്ങളുടേയും മഹത്തായ നേട്ടങ്ങളുടേയും ഒരു വർഷമായിട്ടുണ്ടു്."† ചൈനീസ് ജനത പദ്ധതിയുടെ രണ്ടാംവർഷത്തിലേയ്ക്കു് പ്രവേശിക്കുന്നതു് "ഉയൎന്ന പ്രതീക്ഷകളോടും പൂർണ്ണവിശ്വാസത്തോടും" കൂടിയാണെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു.

## 'സോഷ്യലിസ'ത്തിലേയ്ക്കുള്ള പ്രയാണം

സോഷ്യലിസത്തിലേയ്ക്കുള്ള കാൽവെപ്പു് ജനകീയചൈന ആദ്യംതന്നെ തുടങ്ങിയിരുന്നു—മുതലാളി ഭൂഷ്പ്രഭുക്കളുടെ കൈവശമുണ്ടായിരുന്ന സ്ഥാപനങ്ങളെല്ലാം കണ്ടുകെട്ടി സർക്കാറുടമയിലാക്കി. പിന്നീടു് ക്രമേണ സർക്കാർമേഖലയുടെ സീമ വിപുലീക

* Liu Ning-I:— "Towards Greater Victories For Peace"—People's China, Jan: 1, 1954.

† Chen Han-Seng: Op. Cit. P. 5.

രിച്ചു കൊണ്ടുവന്നിട്ടുണ്ടു്. ഇതിൽ ആദ്യത്തെ മൂന്നുകൊല്ലം കൊണ്ടുണ്ടായ പുരോഗതി താഴെ ചേർത്തിരിക്കുന്ന കണക്കുകളിൽനിന്നു് മനസ്സിലാക്കാം:—

വ്യവസായോല്പാദനം:—

| മേഖല | 1949 | 1952 |
| --- | --- | --- |
| തനി സക്കാർമേഖല | 33·9 % | 50 % |
| സക്കാർ-മുതലാളിത്തമേഖല | 2·4 ,, | 5 ,, |
| സഹകരണമേഖല | 1·0 ,, | 3 ,, |
| സ്വകാര്യമേഖല | 62·7 ,, | 42 ,, |

സ്വകാര്യവ്യവസായികൾക്കു് 1949-ൽ ഉൽപ്പാദനത്തിന്റെ 62 ശതമാനത്തിന്റെ ഉത്തരവാദിത്വമുണ്ടായിരുന്നതു 1952-ലേയ്ക്കു 42 ശതമാനമായി ചുരുങ്ങുകയും അതേഅവസരത്തിൽ സ്റ്റേററിന്റേതു സുമാർ 40 ശതമാനത്തിൽനിന്നു 50 ശതമാനമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ടല്ലോ. നവീന വ്യവസായങ്ങളുടെ കാര്യം മാത്രം നോക്കുകയാണെങ്കിൽ സ്റ്റേററിന്റെ ഓഹരി 60 ശതമാനംവരും. അതു കനപ്പെട്ട വ്യവസായത്തെ മാത്രമെടുക്കുകയാണെങ്കിൽ 80 ശതമാനം വരും. ലഘുതരവ്യവസായങ്ങൾ 40 ശതമാനം സക്കാറുടമയിലാണു്. റെയിൽവേ മുഴുവനും, കടലോരവ്യാപാരം നടത്തുന്ന കപ്പലുകളിൽ 60 ശതമാനവും ഗവമ്മേണ്ടധീനത്തിലാണു്.

രാജ്യത്തിലെ കടംവായ്പയും പണനിക്ഷേപവും 90 ശതമാനം നിയന്ത്രിക്കുന്നതു സക്കാർ ബേങ്കാണു്. വ്യാപാരരംഗത്തിൽ 1952-ലെ ആഭ്യന്തര മൊത്തവ്യാപാരത്തിൽ 50 ശതമാനത്തിൽ അധികവും, ചില്ലറവ്യാപാരത്തിൽ 30 ശതമാനവും നടത്തിയതു സക്കാർസ്ഥാപനങ്ങളും സഹകരണസംഘങ്ങളുമാ

ണ്. കയററുമതിയും ഇറക്കമതിയും 90 ശതമാനവും സ്റ്റേററാണു നടത്തുന്നതു്. ഈ വസ്തുസ്ഥിതിയുടെ വെളിച്ചത്തിൽ ചെൻ ഹാൻ-സെങ് പറയുന്നു: "ചൈനയുടെ വ്യവസായവും വ്യാപാരവും സോഷ്യലിസത്തിലേയ്ക്കു് പ്രയാണം ചെയ്യുകയാണെന്നു് ഈ കണക്കുകൾ വ്യക്തമായി കാണിക്കുന്നു. സോഷ്യലിസ്റ്റ് വ്യവസായവല്ക്കരണത്തിന്നുള്ള പ്രഥമ പഞ്ചവത്സരപദ്ധതിക്കു് ഒരു നല്ല അടിസ്ഥാനമാണുള്ളതെന്നും അവ സൂചിപ്പിക്കുന്നു." എന്നാൽ സോഷ്യലിസത്തിലേയ്ക്കുള്ള വഴി സർക്കാർ മുതലാളിത്ത (സ്റ്റേററ് ക്യാപ്പിററലിസം) ത്തിൽകൂടിയാണെന്നു് അദ്ദേഹം വിശദമാക്കുന്നു. കാരണം ചൈനയിൽ ഏററവും അധികം വ്യാപിച്ചുകിടക്കുന്നതു് ചെറുകിട കൃഷിക്കാരുടെയും കരകൗശലവേലക്കാരുടെയും സംരംഭങ്ങളാണ്. അതിൽ ഉല്പാദനസാദ്ധ്യത വർദ്ധിപ്പിക്കുമാറ് ചെറുകിട സ്വകാര്യസംരംഭങ്ങളേയും സോഷ്യലിസത്തേയും തമ്മിൽ ഘടിപ്പിക്കുവാൻ സ്റ്റേററ് ക്യാപ്പിററലിസത്തെ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. "സർക്കാർ മുതലാളിത്തം എന്നു പറയുന്നതു് മുതലാളിത്തരീതിയിൽ പ്രവർത്തനം നടത്തുന്നതും, സർക്കാരും സ്വകാര്യമുതലാളികളും ഒരേ അവസരത്തിൽ പങ്കുവഹിക്കുന്നതുമായ സാമ്പത്തികരംഗമാണ്. ചൈനയിൽ മൂന്നുതരം സർക്കാർ മുതലാളിത്തമുള്ളതായി ചെൻ ഹാൻ-സെങ് ചൂണ്ടിക്കാണിക്കുന്നു: ഒന്നാമത്തേതു് വ്യവസായസ്ഥാപനങ്ങൾ സർക്കാരിൻെറയും സ്വകാര്യതാല്പര്യക്കാരുടേയും കൂട്ടുടമയിലുള്ളതും അവർ കൂട്ടായി നടത്തുന്നതുമാണ്. രണ്ടാമത്തേതു്, സർക്കാർ സ്ഥാപനങ്ങൾ സ്വകാര്യ പ്രവൃത്തിശാലകൾക്കു് ഓർഡറുകളും അസംസ്കൃതസാധനങ്ങളും നൽകി അവയെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നതാണ്. മൂന്നാമത്തേതു് സ്വകാര്യവ്യവസായശാലകൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളെ സർക്കാർ സ്ഥാപനങ്ങൾ മുൻകൂറായോ ഉൽപ്പാദനത്തിന്നു ശേഷമോ വാങ്ങുന്നതരത്തിലുള്ളതാണ്. സർക്കാർ മുതലാളിത്തവ്യവസ്ഥപ്രകാരമുള്ള ഇത്തരം സംയുക്തപ്രവർത്തനം ഉല്പാദനവിക്രയകാര്യങ്ങളിൽ സർക്കാർ പദ്ധതിയുടെ ഒരു ഭാഗമായിത്തീ

ന്നിരിക്കുന്നു. മുതലാളിത്തവ്യവസ്ഥയിൻകീഴിൽ ഉൽപ്പാദനവും സാമാനവിതരണവും വർദ്ധിപ്പിക്കാൻ സാദ്ധ്യമാണെന്നു് ചൈനീസ് നേതാക്കൾക്കറിയാം. എന്നാൽ അതിലുള്ള ന്യൂനതകൾ അതിലാഭേച്ഛയും തൽഫലമായ അനാശാസ്യ നടപടികളുമാണു്. ഈ ന്യൂനതകൾ പരിഹരിക്കുകയാണെങ്കിൽ പൊതുജനോപകാരപ്രദമായവിധത്തിൽ അതിനെക്കൊണ്ടു പ്രവർത്തിപ്പിക്കാമെന്നു് അവർക്കു് ബോദ്ധ്യമുണ്ടു്. ഇതിന്നാണു് 'ഫൂ ഫാൻ' (അഞ്ചിന്നെതിരായി) എന്ന പേരിലുള്ള ശുദ്ധികലശസംരംഭം തുടങ്ങിയതു്. ഇതിൻഫലമായി സ്വകാര്യസ്ഥാപനങ്ങളിലെ ഉൽപ്പാദനം ഒട്ടേറെ ത്വരിതപ്പെടുത്തുവാൻ സാധിച്ചു. എന്നാലിപ്പോൾ ധനകാര്യ സാമ്പത്തികകാര്യങ്ങളുടെ വൈസ് ചെയർമാൻ ലിവെയ്-ഹാൻ സ്വകാര്യവ്യവസായികളോടും വ്യാപാരികളോടും ൨-ാം ഘട്ടത്തിലേയ്ക്കു്— സർക്കാർമുതലാളിത്തത്തിലേയ്ക്കു്— കടക്കുവാൻ തയ്യാറായിക്കൊള്ളാൻ ആവശ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു.* അദ്ദേഹം പറഞ്ഞു: സുമാർ 40 ലക്ഷം തൊഴിലാളികളും പീടികജോലിക്കാരും സ്വകാര്യസ്ഥാപനങ്ങളിൽ ഉള്ളതുകൊണ്ടു് സ്വകാര്യമേഖല ദേശീയസമ്പദ്‌വ്യവസ്ഥയിലെ ഒരു പ്രധാന ഘടകമാണു്. അതിന്നു രാഷ്ട്രത്തിന്നാവശ്യമായ ഉൽപ്പന്നങ്ങൾ പ്രദാനം ചെയ്യാനും, വ്യാപാരം പോഷിപ്പിക്കുവാനും മൂലധനം ഉരുക്കൂട്ടിവെക്കാനും സാങ്കേതികവിദഗ്ദ്ധരേയും മാനേജർമാരേയും പരിശീലിപ്പിക്കുവാനും സാധിക്കും. എന്നാൽ അതിനെ പരിഷ്ക്കരിച്ചു് സർക്കാർമുതലാളിത്തത്തിലേയ്ക്കുയർത്തണം, പ്രവർത്തനം സ്റ്റേറ്റിന്റെ ആവശ്യത്തിന്നനുയോജ്യമായവിധം നടക്കണം. ലാഭം ന്യായമായ തോതിൽ വിതരണം ചെയ്യപ്പെടും. ഒരുഭാഗം നികുതിയായി പോകും മറ്റൊരുഭാഗം വ്യവസായവികസനത്തിന്നും തൊഴിലാളിക്ഷേമത്തിനും നീക്കിവെയ്ക്കും, ബാക്കി ഡിവിഡൻറായി നൽകും.

ഇത്തരം സർക്കാർമുതലാളിത്തം-സ്വകാര്യസർക്കാർ സംയുക്ത

---

* 'Nationalisation in China'-The Economist, 12-12-'53. P. 826.

സംരംഭങ്ങൾ—പൂർണ്ണദേശസാല്ക്കരണത്തിലേയ്ക്കുള്ള ഒരു വഴിയമ്പലമാണ്. (ഷാങ്ഹായിയിൽത്തന്നെ ഇത്തരത്തിലുള്ള വമ്പിച്ച പ്രവൃത്തിശാഖകൾ, ധാരാളമായിക്കാണാം. ഇരുമ്പുരുക്കുസാമാനങ്ങൾ, യന്ത്രങ്ങൾ, രാസപദാർത്ഥങ്ങൾ, ഖസ്ത്രം, വിദ്യുച്ഛക്തി, സിഗററ്, ഔഷധങ്ങൾ എന്നിവയുടെയെല്ലാം ഉൽപ്പാദനത്തിന്നു്) "ഫലത്തിൽ ഇവ സ്റ്റേററുടമയിലേതുപോലെതന്നെ സ്റ്റേററിന്നുവേണ്ടി കേന്ദ്രീകൃതപദ്ധതികളനുസരിച്ചു് പ്രവർത്തിക്കുന്നു. അതുകൊണ്ടു ഇവ ഒരുവിധം തൃപ്തികരമായി പ്രവർത്തിച്ചുപോന്നിട്ടുണ്ടു്. ഒരു പക്ഷെ ഉദ്യോഗസ്ഥമേധാവിത്വം കൊണ്ടു ദുഷിച്ചതും, ദേശീയനിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വമ്പിച്ച ലാഭമുണ്ടാക്കുവാനുള്ള ഗവർമ്മേണ്ടിൻെറ പ്രതീക്ഷകളെ തകർത്തതുമായ പൂർണ്ണ സർക്കാരുടമയിലുള്ള വ്യവസായങ്ങളേക്കാൾ"* സ്വകാര്യകർഷകരുടേയും കൈവേലക്കാരുടേയും സമ്പദ്‌വ്യവസ്ഥയെ സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചുവരികയാണു്. കാർഷികോല്പാദനം സഹകരണസംഘങ്ങൾമുഖേന നടത്തുന്നതിന്നുപുറമെ ഉല്പന്നവിക്രയത്തവശ്യസാധനവിതരണവും പ്രത്യേകസംഘങ്ങൾ മുഖേന നടത്തിവരുന്നുണ്ടു്. ഇതിന്നായി 14 കോടി ജനങ്ങൾ അംഗങ്ങളായുള്ള 34,000 സംഘങ്ങളുണ്ടു്. കരകൌശലവേലകളും സഹകരണസംഘങ്ങൾമുഖേന സംഘടിപ്പിക്കുകയും ക്രമേണ യന്ത്രീകരിക്കുകയും ചെയ്തുവരുന്നുണ്ടു്. ഇതിന്നായി 1952-ൻെറ അന്ത്യത്തിൽ 2,600 സംഘങ്ങളുണ്ടായിരുന്നു.

മേൽവിവരിച്ചപ്രകാരമുള്ളൊരു സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനത്തിന്മേലാണു് സോഷ്യലിസ്റ്റ്‌വ്യവസായവൽക്കരണാർത്ഥമുള്ള പ്രഥമപഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനമാരംഭിച്ചിരിക്കുന്നതു്. "ഇതുകൂടി പൂർത്തിയാവുമ്പോഴേയ്ക്കു് ചൈന സോഷ്യലിസത്തിലേയ്ക്കുള്ള പന്ഥാവിൽ ശരിയായെത്തിക്കഴിയും," എന്നാണു് ചെൻ ഹാൻ-സെങ്ങിൻെറ വിശ്വാസം.

---

* Nationalisation in China-Op. Cit. P. 827.

ഏതായാലും തല്ക്കാലം ദേശസാൽക്കരണത്തിന്റെ ഗതി മന്ദീഭവിപ്പിക്കുവാനാണ് അധികൃതന്മാർ തീരുമാനിച്ചിരിക്കുന്നതു്. ഇക്കാര്യത്തിൽ മന്ദമായൊരു സമീപനത്തിന്റെ ആവശ്യകതയെപ്പററി ഗവമ്മേണ്ടുപത്രമായ 'പെക്കിങ്ങ് പീപ്പിൾസ് ഡെയിലി' ഊന്നിപ്പറഞ്ഞിരിക്കുന്നു: "നമുക്കു് സോഷ്യലിസത്തിലേയ്ക്കു കടക്കുവാൻ വളരെ ദീർഘിച്ചകാലം വേണ്ടിവരുമെന്നു നമുക്കറിയാം. പടിപടിയായി മാസംതോറും വർഷംതോറും മുന്നോട്ടുപോയിക്കൊണ്ടുമാത്രമേ നമുക്കു് നമ്മുടെ ലക്ഷ്യം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ........സക്കാർ മുതലാളിത്തം അഭിവൃദ്ധിപ്പെടുത്തുന്നകാര്യത്തിൽ നമുക്കുണ്ടായിട്ടുള്ള നേട്ടങ്ങളെ ദൃഢീകരിക്കുകയാണു് നാം ആദ്യം ചെയ്യേണ്ടതു്."

മറുവശം:— റഷ്യയിൽ വിപ്ലവം കഴിഞ്ഞു് 10 വർഷത്തിന്നുശേഷമാണു് ആദ്യത്തെ പഞ്ചവത്സരപദ്ധതി ആരംഭിച്ചതെന്നും, മാവോ സേ തുങ്ങിന്റെ രാജ്യത്തിൽ മൂന്നുവർഷത്തിന്റെ ഇടമാത്രം വിട്ടുകൊണ്ടു് ഇതു നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതു് ധ്രുതഗതിയിലുള്ള ഒരു നടപടിയാണെന്നും 'ഇക്കോണമിസ്റ്റ്' എന്ന ലണ്ടൻവാരിക 1953 ജനുവരിയിൽ അഭിപ്രായപ്പെടുകയുണ്ടായി. "എത്രകണ്ടു് വമ്പിച്ചപദ്ധതിയാണിതെന്നു് അറിവായിട്ടില്ല....... യുദ്ധത്തിന്നു മുമ്പത്തെ ഉൽപ്പാദനത്തോതു കവിഞ്ഞിരിക്കുന്നുവെന്നാണു് അവകാശപ്പെടുന്നതു്. പക്ഷേ, അവ വളരെ താണതായിരുന്നു. സർവ്വേ നടത്തുക, ഭൂമി കൃഷിയോഗ്യമാക്കുക, വ്യാവസായിക പരിശീലനം നൽകുക, ഉപകരണങ്ങൾ ഉണ്ടാക്കുക, എന്നീ കാര്യങ്ങളിൽ വമ്പിച്ച പരിശ്രമം ആവശ്യമായിത്തീരും. സാങ്കേതികവിദഗ്ദ്ധന്മാരേയും ആസൂത്രകരേയും ചൈനയ്ക്കു പുറമേനിന്നു കൊണ്ടുവരേണ്ടിവരും...." എന്നും പ്രസ്തുത വാരിക പ്രസ്താവിക്കുകയുണ്ടായി.* സാമ്പത്തികമന്ത്രിമാരുടെ ഒരു യോഗത്തിൽ

---

* 'Mao Reaches for the Moon': The Economist, 3-1-'53 (P. 12.)

ധനകാര്യ-സാമ്പത്തികക്കമ്മററിയുടെ ചെയർമേൻ ഫോയി-പോ സർക്കാർസാമ്പത്തികസംഘടനകളുടെ പ്രവത്തനത്തെ ശക്തിയായി വിമർശിക്കുകയുണ്ടായി. വേണ്ടത്ര വിദഗ്ദ്ധന്മാരില്ലാത്ത സംഗതിയും, യാഥാർത്ഥ്യബോധത്തിൻെറയും പ്രായോഗികതാബോധത്തിൻെറയും അഭാവവും, ആപൽക്കരമായ വിധത്തിലുള്ള ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ വളർച്ചയും അദ്ദേഹം പ്രത്യേകം എടുത്തുകാട്ടി. അദ്ദേഹത്തെ തുടൎന്നുസംസാരിച്ച മററുമന്ത്രിമാരും ഈ ആക്ഷേപങ്ങളൊക്കെ ആവത്തിക്കുകയും കർശനമായ സ്വയം വിമർശനങ്ങൾ നടത്തുകയും ചെയ്തു. ഉദ്യോഗസ്ഥന്മാരുടെ ഹാജരില്ലായ്മ, തൊഴിലാളികളുടെ അച്ചടക്കമില്ലായ്മ, നടത്തിപ്പിലുള്ള ദൂഷ്യങ്ങൾ എന്നിവയെല്ലാം അവർ ചൂണ്ടിക്കാട്ടുകയുണ്ടായി. സർക്കാറുടമയിലുള്ള വ്യാപാരസംഘടനകളുടെ പ്രവത്തനത്തിൽ വളരെ തകരാറുകൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞകൊല്ലം (1953) വളരെ മാസങ്ങളോളം പല വലിയ കേന്ദ്രങ്ങളിലും സാധനങ്ങൾ—അത്യാവശ്യ സാധനങ്ങൾ കൂടിയും—യഥാർത്ഥമായി വേണ്ടുന്നതിൻെറ തുച്ഛമായൊരുഭാഗമെ കിട്ടീട്ടുള്ളു. "ജനങ്ങൾക്കു് പലപ്പോഴും പഞ്ചസാര, മണ്ണെണ്ണ, കടലാസ്, ഉടുപ്പുകൾ, സോപ്പ്, ടൗവ്വലുകൾ, പാചകയെണ്ണ എന്നീ അത്യാവശ്യസാധനങ്ങളില്ലാതെ കഴിക്കേണ്ടിവന്നിട്ടുണ്ടു്. ഇതു് അത്രയധികമൊന്നും യഥാർത്ഥദൗർലഭ്യംകൊണ്ടായിരുന്നില്ല; ഈ പുതിയ സ്റ്റേററ്സംഘടനകളിലേയ്ക്കു നിയമിച്ച തഴക്കമില്ലാത്ത ഉദ്യോഗസ്ഥന്മാരുടെ ഭയങ്കരമായ അപ്രാപ്തിമൂലമായിരുന്നു."*

ഉദ്യോഗസ്ഥന്മാരും ഈ നിസ്സാരസാധനങ്ങൾ വ്യാപാരം നടത്തുന്ന കാര്യത്തിൽ അനിഷ്ടം പ്രദർശിപ്പിച്ചുവന്നു. വില ജാസ്തിയുള്ള സാധനങ്ങൾ വിൽക്കുവാനാണു് അവരിഷ്ടപ്പെട്ടതു്.

---

* Nationalisation in China: The Economist, 12-12-'53 (P. 827.)

ഒരു വലിയ നഗരത്തിലെ വിതരണകേന്ദ്രത്തിലെ സാമാനപ്പട്ടിക യിൽ 1,400-ൽ അധികം സാധനങ്ങളുടെ പേരുണ്ടെങ്കിലും അവി ടത്തെ സ്റ്റേറുഷാപ്പുകളിൽ അവയിൽ പകുതികൂടി ഉണ്ടായിരുന്നി ല്ലെന്നു് 'ഇക്കോണമിസ്റ്റി'ൻെറ ഹോങ്ങ്കോങ്ങ് ലേഖകൻ എഴു തിയിരിക്കുന്നു. ഇതുകാരണം സഹകരണസംഘങ്ങളും സ്വകാര്യ സ്റ്റേറുകളും സ്റ്റേറുഷാപ്പുകളിൽനിന്നു വാങ്ങുന്ന കാര്യത്തിൽ കാൽ പിന്നോക്കംവെച്ചു; അവിടെ കൊള്ളലാഭക്കാർ കയറിക്കൂ ടി. ചിലേടങ്ങളിൽ വ്യവസായശാലകൾതന്നെ അവരുടെ ഉല്പ ന്നവിക്രയത്തിന്നു ചില്ലറക്കച്ചവടവിഭാഗം തുറക്കേണ്ടിവന്നു. ഇതു് വിലയുടെ കാര്യത്തിൽ വലിയ കുഴപ്പങ്ങളുളവാക്കി. ചിലേടങ്ങ ളിൽ വ്യാപാരസംഘടനകൾ ഉൽപ്പന്നങ്ങളെ സംസ്കരിച്ചു് വി ക്രയയോഗ്യമാക്കുന്നതിൽ ഉപേക്ഷ കാണിച്ചു. ഇതുനിമിത്തം സ്വകാര്യവ്യവസായികൾ ബുദ്ധിമുട്ടി.

ബ്യൂറോക്രാറ്റുകളുടെമേൽ ആരോപിക്കപ്പെട്ടിരുന്ന പഞ്ചാപരാ ധങ്ങൾക്കു പകരം 'ഉദ്യോഗസ്ഥന്മാരിലും സർക്കാർസംരംഭങ്ങളി ലും കാണുന്ന കണക്കിലധികമായ അഞ്ചു ദൂഷ്യങ്ങ'ളെയാണു് എ തിർക്കപ്പെടുന്നതു്. കണക്കിലധികം കൃത്യങ്ങൾ, കണക്കില ധികം സംഘടനകൾ, കണക്കിലധികം മീററിങ്ങുകൾ, കണക്കില ധികം രേഖകളും ഫോറവും, കണക്കിലധികം സംഘടനകൾ, ഒരേ നിലയിലുള്ള കണക്കിലധികം ഉദ്യോഗങ്ങൾ എന്നി വയെ."*

പെക്കിങ്ങിലെ യൂത്ത്ലീഗ് കോൺഗ്രസ്സിൽ സാമ്പത്തിക ധനകാര്യം വൈസ്ഡയറക്ടർ ലീഫൂ-ചൻ സമർപ്പിച്ച റിപ്പോർ ട്ടിൽ പ്രസ്താവിക്കുകയുണ്ടായി, "ആഭ്യന്തരരാഷ്ട്രീയസ്ഥിതികൂടി പഞ്ചവത്സരപദ്ധതിക്കു് തീരെ പാകമായിട്ടില്ല," എന്നു് "സർവ്വ വിധമായ അസൂത്രണത്തിൻെറയും നയത്തിൻെറയും പ്രാരംഭമായി

---

* China's Winter of Discontent: The Economist-31-10-'53. (P. 340.)

വേണ്ടുന്ന" തൊഴിലാളി, കൃഷകസംഘംതന്നെ ഇനിയും ഉദ്ധീകരിക്കപ്പെട്ടിട്ടില്ലെന്നു് അദ്ദേഹം ആവലാതിപ്പെട്ടു. വിപ്ലവത്തിന്നു് ഇനിയും കൃഷിക്കാരുടെ ഇടയിൽ നിലയുറപ്പു് കൈവന്നിട്ടില്ല. കഴിഞ്ഞകൊല്ലം വരൾച്ചകൊണ്ടും പിന്നീടു് വെള്ളപ്പൊക്കം കൊണ്ടും വളരെ നാശങ്ങളുമുണ്ടായി. പലേടങ്ങളിലും ക്ഷാമത്തിൻെറ ലക്ഷണങ്ങൾ തല പൊക്കി. ഇതിൻെറ നിവാരണാൎത്ഥം സൎക്കാർ സൂക്ഷിപ്പിൽനിന്നു് 10 ലക്ഷം ടൺ ധാന്യമെടുത്തു വിതരണംചെയ്യേണ്ടിവന്നു.

വിമർശനത്തിൻെറ വണ്ണത്തിൽനിന്നും വ്യാപ്തിയിൽനിന്നും യഥാൎത്ഥസംഭവങ്ങളെപ്പററിയുള്ള സ്ഥിതിവിവരങ്ങളുടേയും കണക്കുകളുടേയും ഉദ്ധാരണത്തിൽനിന്നും മനസ്സിലാവുന്നതു്, ഒരുക്കവും പരിശീലനവും പരിചയവുമില്ലാത്ത ഒരുകൂട്ടം ചെറുപ്പക്കാരായ ഉദ്യോഗസ്ഥന്മാർ രാജ്യത്തിലെ ഉല്പാദന വിതരണവ്യവസ്ഥയെ ആകമാനം കുഴപ്പത്തിലാക്കിയിരിക്കുന്നുവെന്നാണു്. ക്ലററൻ പഞ്ചവത്സരപദ്ധതി കത്രിച്ചുകത്രിച്ചു് ചുരുക്കിക്കൊണ്ടുവരേണ്ടിവന്നിട്ടുണ്ടു്.* പിൻ നിലയിലുള്ള ചൈനയിൽ വൻതോതിലുള്ള ഒരു പദ്ധതി നടപ്പിൽവരുത്തുകയെന്നതുപോലുള്ള വമ്പിച്ച പരീക്ഷണത്തിൽ നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങൾ സുവ്യക്തങ്ങളാണു്. കഴിഞ്ഞമാസം ആദ്യം (ജനുവരിയിൽ) ചേൎന്ന ഒരു സമ്മേളനത്തിൽ——സ്ഥിതിവിവരക്കണക്കുകാരുടെ——ഒരു ആസൂത്രിത സമ്പദ്‌വ്യവസ്ഥയ്ക്കാവശ്യമായ പ്രാഥമികഘടകങ്ങളുടെ അഭാവം എത്രത്തോളം ചൈനയിലുണ്ടെന്നു വിശദമാക്കപ്പെട്ടിരുന്നു. ഒരു സൎക്കാർ സ്ഥിതിവിവരബ്യൂറോ ഇപ്പോൾ ആരംഭിച്ചിട്ടേയുള്ളു. സ്ഥിതിവിവരക്കണക്കുകൾ പരിഷ്കരിച്ചു് ദേശീയാടിസ്ഥാനത്തിലാക്കുവാനുള്ള ഒരു പദ്ധതി തയ്യാറാക്കുകയായിരുന്നു സമ്മേളനത്തിൻെറ ഉദ്ദേശം. "ചൈനയിൽ സ്ഥിതിവിവരക്കണക്കുകൾ ശൈശവദശയിലാണെന്നും, അതിന്നു സുമാറായ ഒരടിത്തറ പണി

---

* Idid.

ടിട്ടുള്ള വടക്കുകിഴക്കൻ ഭാഗത്തു (മഞ്ചൂറിയയിൽ) മാത്രമാണെന്നും തുറന്നു സമ്മതിക്കപ്പെട്ടു. ചൈനയിലെ പ്ലാനിങ്ങിൻെറ യഥാൎത്ഥ വ്യാപ്തിയെ അതു ശരിയായി കാണിക്കുന്നു."* അങ്ങനെ ശരിയായൊരാസൂത്രണമനുസരിച്ചു് വ്യവസായവൽക്കരണകാര്യത്തിൽ പ്രവൎത്തിക്കാൻ തൽക്കാലം മഞ്ചൂറിയയിൽ മാത്രമേ സാദ്ധ്യമാവൂ എന്നു് 'ഇക്കോണമിസ്റ്റ്' ചൂണ്ടിക്കാണിക്കുന്നു. സോവിയററ് യൂണിയനിൽ സാമ്പത്തികാസൂത്രണത്തിൻെറ ആദ്യകാലത്തു ഡോൺബാസ് പ്രദേശം എങ്ങനെ പരമപ്രധാനമായി വൎത്തിച്ചുവോ അതുപോലെതന്നെ ചൈനീസ് പദ്ധതിയുടെ സൂത്രസ്ഥാനം മഞ്ചൂറിയയാണു്. പദ്ധതിയുടെ വിജയം ഈ പ്രദേശത്തെ ഉല്പാദനപരിശ്രമങ്ങളെ ആശ്രയിച്ചിരിക്കും.

"കോമിന്താങ്ങിൻെറ അലസവും നിഷ്ക്രിയാത്മകവുമായ കാലത്തു് ഒരു ഞെട്ടിപ്പുണ്ടാക്കുമായിരുന്നവിധത്തിൽ ഊൎജ്ജിതമായ തോതിൽ ഉത്തരപൂൎവ്വപ്രദേശത്തും, ഷെൻസി, ഷാൻസി സംസ്ഥാനങ്ങളിലും പ്രാദേശികനിൎമ്മാണപ്രവൃത്തികളും പല പ്രധാന നഗരങ്ങളിലും മുനിസിപ്പൽ നിൎമ്മാണ പ്രവൎത്തികളും നടന്നുവരുന്നുണ്ടെങ്കിലും, ഒരു ദേശീയപദ്ധതിക്കു് സദൃശമായി വല്ലതും ഇന്നുനിലവിലുണ്ടോ എന്ന കാൎയ്യം വളരെ സംശയഗ്രസ്തമാണു്,"എന്നത്രെ ഒരു ഹോങ്കോങ്ങ് ലേഖകൻ ഈയിടെ 'ഇക്കോണമിസ്റ്റി'ലേക്കു് എഴുതിയിരിക്കുന്നതു്.*

"എന്നാൽ റഷ്യക്കാരുടേതുപോലുള്ള ആകർഷകമായ ഒരാസൂത്രിത സമ്പദ്‌വ്യവസ്ഥയുടെ സാദ്ധ്യത എടുത്തുകാട്ടീട്ടു വേണമല്ലോ ജനങ്ങളുടെ ഉത്സാഹത്തെ ഉണൎത്തുവാൻ,"എന്നും, അതുകൊണ്ടാണു ദേശീയാടിസ്ഥാനത്തിൽതന്നെ ആസൂത്രണം ആരംഭിച്ചിരിക്കുന്നതെന്നും ഇക്കോണമിസ്റ്റ് എടുത്തുപറയുന്നു. ചൈന

---

* Chinese Winter of Discontent: The Economist: 31-10-'53. (P. 339)

ക്കാക്ക് അവരുടെ മുൻഗാമികളെപ്പോലെ പരീക്ഷണത്തിലും അബദ്ധങ്ങളിലും കൂടിക്കടന്നു മുന്നോട്ടു പോകേണ്ടതില്ലെന്നും, അവക്ക് സോവിയററിൻെറ അനുഭവപാഠത്തേയും സോവിയററു വിദഗ്ദ്ധരുടെ സേവനത്തേയും ഉപയോഗപ്പെടുത്താമെന്നുമുള്ള ഒരു മെച്ചമുണ്ടെന്നും, അതിനാൽ ചൈനീസുപദ്ധതികൾ സഫലീകരിക്കപ്പെടുക അസാദ്ധ്യമാണെന്നു് പറഞ്ഞുകൂടെന്നും ഇക്കോണമിസ്റ്റ് അഭിപ്രായപ്പെടുന്നു.

★

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M330 Acc. No. 35132

This book should be returned on or before the date last stamped below.

M330 35132

നാരായണൻ. സി.
സാമ്പത്തികശാസ്ത്രം.

K. S. S. PILLAI.

DEC 1961

580

KOTTAYAM PUBLIC LIBRARY

Call No. M൩൩൦ Acc. No. ൩൫൧൩൨

Author... നാരായണൻ സി

Title... സാമ്പത്തികശാസ്ത്രം

Indic Digital Archive Foundation
gpura.org